# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2018 ജൂൺ 21, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 172 നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 21, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

776/20

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...98

**II. അടിയന്തരപ്രമേയം**

പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

(അവതരണാനുമതി നിഷേധിച്ചു) ..424

**III ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

തോട്ടം മേഖലയിലെ പ്രതിസന്ധി

-മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ..442

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) സഹകരണ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

-ശ്രീ. കെ. സുരേഷ് കുറുപ്പ് ..446

(2) വിഷാദരോഗം നേരിടുന്നതിന് നടപടി

-ശ്രീ. കെ. എസ്. ശബരീനാഥൻ ..449

**V സബ്മിഷൻ**

(1) കണ്ണൂർ വിമാനത്താവളം

-ശ്രീ. കെ. സി. ജോസഫ് ..454

*പേജ്*

(2) പ്രതികളെ കണ്ടെത്തൽ

-ശ്രീ. പി. ഉണ്ണി ..456

(3) കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള മലിനീകരണം

-ശ്രീ. വി. പി. സജീന്ദ്രൻ

-ശ്രീ. അനൂപ് ജേക്കബ് ..457

(4) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്

-ശ്രീ. എ. എം. ആരിഫ് ..460

(5) പട്ടയ വിതരണം

-ശ്രീ. കെ. ഡി. പ്രസേനൻ ..463

(6) തീരദേശവാസികളെ മാറ്റി താമസിപ്പിക്കൽ

-ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..465

(7) മലയോര കർഷകർക്ക് പട്ടയം

-ശ്രീ. മുരളി പെരുനെല്ലി ..466

(8) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

-ശ്രീ. എം. സ്വരാജ്

-ശ്രീമതി വീണാ ജോർജ്ജ് ..468

(9) ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..472

(10) ബിനാനി സിങ്ക് ലിമിറ്റഡ്

-ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ..473

(11) കാട്ടാന ആക്രമണം

-ശ്രീ. ഷാഫി പറമ്പിൽ ..475

-ശ്രീ. കെ. വി. വിജയദാസ് ..477

## VI മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ..481

## VII റിപ്പോർട്ട് സമർപ്പണം ..487

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി IV-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി V-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
4. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി VII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
5. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി XIII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും
6. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ
7. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

## VIII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ ..489

(ii) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ ..533

## IX അറിയിപ്പ്

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന് ഭേദഗതി നൽകുന്നത് സംബന്ധിച്ച്

- ശ്രീ. വി. പി. സജീന്ദ്രൻ ..609

## നിയമനിർമ്മാണകാര്യം (തുടർച്ച)

(iii) 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ ..609

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 21, വ്യാഴം*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2018 ജൂൺ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ: ഓർഡർ, ഓർഡർ........ ചോദ്യം നമ്പർ (*301)

### സഹകരണ കോൺഗ്രസ്സിലെ ചർച്ചകൾ

1 (*301) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:

ശ്രീ. എം. ഉമ്മർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എട്ടാമത് സഹകരണ കോൺഗ്രസ്സിലെ ചർച്ചകൾ സംസ്ഥാനത്ത് സഹകരണ നയം രൂപീകരിക്കുന്നതിന് ഏതെല്ലാം തരത്തിൽ സഹായകരമായി എന്ന് വിശദമാക്കാമോ;

(ബി) കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി കാർഷികാനുബന്ധ വായ്പ ഉൾപ്പെടെയുള്ള വായ്പകളുടെ പങ്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി സഹകരണ പ്രസ്ഥാനം ആരംഭിക്കുക എന്ന വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കണ്ണൂരിൽ വച്ചുനടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്തു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എട്ടാമത് സഹകരണ കോൺഗ്രസ്സിലെ ചർച്ചയിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് മുന്നേറുന്നതിന് സഹായകരമായ ചുവടെപ്പറയുന്നതുൾപ്പെടെയുള്ള വിവിധ നയങ്ങൾ കരട് നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇന്നലെ ചേർന്ന മന്ത്രിസഭായോഗം സഹകരണ നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ അത് ഉത്തരവായി പുറത്തുവരേണ്ടതുണ്ട്.

1. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.

2. പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും യോജിച്ച് പ്രവർത്തിക്കുന്നതിനും വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം എന്നിവ നടത്തുന്നതിനും പ്രോത്സാഹനം നൽകുക.

3. മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽനിന്ന് കൂടുതൽ വിദേശ നാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.

4. തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.

5. സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

6. പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിക്കായി വിനിയോഗിക്കുക.

7. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

8. സാധാരണ ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ എല്ലാവിധ ആതുര ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആശുപത്രി സംഘങ്ങളെ വികസിപ്പിക്കുക.

9. കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

10. മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യ തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് മത്സ്യ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

11. പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക.

(ബി) വിശദമാക്കാം.

1. കാർഷിക വായ്പ ഇപ്പോഴത്തെ 10 ശതമാനം എന്നതിൽ നിന്ന് അടുത്ത 2 വർഷങ്ങൾക്കുള്ളിൽ കാർഷിക, കാർഷിക-അനുബന്ധ വായ്പ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവും ആക്കുക.

2. കേരള സംസ്ഥാന സഹകരണ ബാങ്കിനെയും (കെ.എസ്.സി.ബി.) 14 ജില്ലാ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാഘടനയെ പുനഃസംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി കൂടുതൽ ആദായകരവും ജനോപകാരപ്രദവുമാക്കുക.

3. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.) ദീർഘകാല സഹകരണ വായ്പാഘടനയെ (എൽ.റ്റി.സി.സി.എസ്.) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവയുടെ മൊത്തം വായ്പയുടെ 50 ശതമാനമെങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.

4. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.

5. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതിയിൽ 2016-17-ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

6. കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (സബ്സിഡി/ഓഹരി/ വായ്പ) നൽകുന്നു. കാർഷിക സംസ്കരണത്തിന് ബൈലായിൽ വ്യവസ്ഥയും പശ്ചാത്തല സൗകര്യവും സ്വന്തമായി സ്ഥലവുമുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

7. കർഷക സേവന കേന്ദ്രം നടത്തുന്നതിന് എൻ.സി.ഡി.സി. ധനസഹായ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു.

8. കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ സഹകരണ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ പി.ആർ.എസ്. ലോൺ വഴി ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും 2017-18 വർഷത്തെ നെല്ല് സംഭരണത്തിനുള്ള സംഭരണ വില ഒന്നാംവിളയ്ക്ക് 56,93,93,592 രൂപയും രണ്ടാം വിളയ്ക്ക് 11,26,17,452 രൂപയും നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിനുവേണ്ടി ജില്ലാ ബാങ്കിൽ 28488 കെ.സി.സി. അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

27-ാം തീയതി പ്രൊമോട്ടിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ആദ്യ യോഗം ചേരുന്നുണ്ട്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, സംസ്ഥാനത്തെ സഹകരണ മേഖലയുടെ ശക്തിയും ഓജസ്സുമെല്ലാം തെളിയിക്കുന്ന, അതിന്റെ സാമൂഹ്യ ജീവിതത്തിലെ സ്വാധീനം പ്രകടിപ്പിക്കുന്നതിന് 5 വർഷത്തിലൊരിക്കൽ നടക്കുന്ന ഒന്നാണ് സംസ്ഥാന സഹകരണ കോൺഗ്രസ്. കണ്ണൂരിൽ എട്ടാം സഹകരണ കോൺഗ്രസ് നടന്നപ്പോൾ അവിടെ പ്രധാനമായും കേരള ബാങ്കിനെ സംബന്ധിച്ചാണ് ചർച്ച ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി ഓരോ തീയതി പറഞ്ഞുവെങ്കിലും ഇതുവരെ നബാർഡിന്റെ ക്ലിയറൻസ് കിട്ടി കേരള ബാങ്ക് രൂപീകരിക്കാൻ സാധിച്ചിട്ടില്ല. കാരണം, ഇതിൽ ഒരുപാട് പ്രതിസന്ധികളുണ്ട്. ജില്ലാ ബാങ്കുകൾ മുഴുവൻ ലയിപ്പിച്ച് അതിന്റെ 803 ശാഖകളും 55 ലക്ഷം ഇടപാടുകാരും 101.5 ലക്ഷം കോടി രൂപയുടെ നിക്ഷേപവും സംബന്ധിച്ച് വളരെ വലിയ അവ്യക്തത നിലനിൽക്കുകയാണ്. നബാർഡിന്റെ ക്ലിയറൻസ് ലഭിച്ച് കേരള ബാങ്ക് രൂപീകരണം എപ്പോൾ സാധ്യമാകും? ജില്ലാ ബാങ്കുകൾ കൂട്ടിയോജിപ്പിച്ചാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. ജില്ലാ ബാങ്കിന്റെ 803 ശാഖകളിലുമായി ധാരാളം ജീവനക്കാരുണ്ട്. നിലവിൽ അതിന്റെ ഭരണസമിതിയിൽ നിരവധി പ്രശ്നങ്ങളുള്ളതുകൊണ്ട് ടി സമിതി പിരിച്ചുവിട്ടു. 6 മാസത്തിൽ കൂടുതൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം പാടില്ലെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ഭരണം തുടരുകയാണ്. ഇതിനൊക്കെ എന്ന് പരിഹാരമാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

<u>മി. സ്പീക്കർ:</u> ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങേയ്ക്ക് രണ്ട് ഉപചോദ്യം ചോദിക്കാവുന്നതാണ്. ആദ്യംതന്നെ രണ്ട് ചോദ്യവും ചോദിച്ചു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബാംഗ്ലൂർ ഐ.ഐ.എം. (Indian Institute of Management)-ലെ പ്രൊഫ. എം. എസ്. ശ്രീറാമിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും 28-4-2017-ന് പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് നബാർഡിൽനിന്നും റിട്ടയർ ചെയ്ത ചീഫ് ജനറൽ മാനേജർ ശ്രീ. വി. ആർ. രവീന്ദ്രനാഥിന്റെ നേതൃത്വത്തിൽ കേരള ബാങ്ക് രൂപീകരണ പ്രവർത്തനങ്ങൾക്കായുള്ള ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. പ്രസ്തുത ടാസ്ക് ഫോഴ്സ് വിശദമായ പദ്ധതി തയ്യാറാക്കി കേരള ബാങ്ക്

രൂപീകരണത്തിന് അംഗീകാരം ലഭിക്കുന്നതിനായി 2017 സെപ്റ്റംബർ 2-ന് സംസ്ഥാന ചീഫ് സെക്രട്ടറി മുഖാന്തരം റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ നബാർഡിന്റെ ഹെഡ്ഡ് ഓഫീസ് പരിശോധിച്ചശേഷം 2017 നവംബർ 9-ന് സർക്കാരിന് ഇടക്കാല മറുപടി നൽകുകയും ചെയ്തു. നബാർഡ് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ സമർപ്പിക്കുകയും അതിനുശേഷം 2018 ജനുവരി 18-ന് നബാർഡ് ഹെഡ്ഡ് ഓഫീസ് അവരുടെ ശിപാർശകൾ സഹിതം ഫയൽ റിസർവ് ബാങ്കിന് കൈമാറുകയും ചെയ്തിരുന്നു. റിസർവ് ബാങ്കിന്റെ പ്രാഥമിക പരിശോധനകൾക്കുശേഷം 2018 ഏപ്രിൽ 25-ന് അവരുടെ ഭാഗത്തുനിന്നും സംസ്ഥാന ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ, സംസ്ഥാന സഹകരണ ബാങ്ക് സഞ്ചിത നഷ്ടത്തിലായതിനാൽ കൂടുതൽ മൂലധനം ആവശ്യമുണ്ടെന്നും സംസ്ഥാന ബാങ്കിന്റെ ഭരണം മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് അറിയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ കത്ത് വിശദമായി പരിശോധിക്കുകയും സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ സഞ്ചിതനഷ്ടം നികത്തി ആവശ്യമായ മൂലധന പര്യാപ്തത കൊണ്ടുവരുന്നതിനും ഭരണം മികച്ച രീതിയിൽ നടത്തുന്നതിനുള്ള ഘടനാപരമായ മാറ്റം കൊണ്ടുവരാൻ സന്നദ്ധമാണെന്നും അറിയിച്ചുകൊണ്ട് 2018 ജൂൺ 8-ന് മറുപടി നൽകുകയുണ്ടായി. ഇതിന്മേലുള്ള തീരുമാനമാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ സ്പെഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള സി.എ. ഓഡിറ്റ് കമ്പനികളെ തെരഞ്ഞെടുത്തു കഴിഞ്ഞിട്ടുണ്ട്. ഐ.ടി. സംയോജനത്തിനുള്ള ആർ.എഫ്.പി. (Request for Proposal) യുടെ പ്രീ-ബിഡ് മീറ്റിംഗ് നടന്നു. അതിന്റെ തുടർ നടപടികൾ നടന്നുവരികയാണ്. കൂടാതെ വിദഗ്ദ്ധരുമായി വിവിധ ചർച്ചകൾ നടന്നുവരുന്നു. ഈ ഓണക്കാലത്തോടുകൂടി കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നു തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

അങ്ങയുടെ രണ്ടാമത്തെ ചോദ്യം സംബന്ധിച്ച് ഇന്നത്തെ ഘടനവച്ച് 14 ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടന്നാൽ 13 ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കുൾപ്പെടെ എൽ.ഡി.എഫ്.-ന് ലഭിക്കും. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ് തൽക്കാലം ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കേരള ബാങ്ക് രൂപീകരണമാണ് മുഖ്യമായും സംസ്ഥാനത്തുണ്ടാകേണ്ടത്. അതിനാവശ്യമായ സന്ദർഭം ഒരുക്കാനാണ് ആഗ്രഹിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിരവധി പ്രവർത്തകർ നേതൃത്വം വഹിച്ച് പ്രവർത്തിക്കേണ്ട ബാങ്കുകളുടെ ഭരണംതന്നെ വേണ്ടെന്ന്

വച്ചുകൊണ്ട് കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ നോക്കിക്കാണാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 10-10-2018 വരെയാണ് ജില്ലാ സഹകരണ ബാങ്കുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുള്ളത്. അതിനിടയിൽ കേരള ബാങ്കിന്റെ രൂപീകരണം സാധ്യമാകുമെന്നുതന്നെയാണ് കരുതുന്നത്. ഒരു ബ്രാഞ്ചിനെയും ഒഴിവാക്കാൻ പോകുന്നില്ലെന്നത് നേരത്തെതന്നെ ഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളതാണ്. ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടു മാത്രമേ കേരള ബാങ്ക് പ്രവൃത്തിപഥത്തിൽ വരികയുള്ളൂ.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ .......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ,....

മി. സ്പീക്കർ: അങ്ങ് ആദ്യം തന്നെ രണ്ട് ചോദ്യം ചോദിച്ചു.

ശ്രീ. പി. ടി. തോമസ്: സർ, ഇത് അവകാശ നിഷേധമാണ്.

മി. സ്പീക്കർ: അവകാശ നിഷേധമൊന്നുമല്ല, ഉപചോദ്യത്തിൽ ഒരു ചോദ്യമേ ചോദിക്കാൻ പാടുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിനുമുമ്പ് ചോദിച്ചവരെല്ലാം അങ്ങനെ ചോദിച്ചിട്ടുണ്ട്.

മി. സ്പീക്കർ: അത് ശരിയല്ല. ഇത് ആവർത്തിക്കാതിരിക്കാൻവേണ്ടി ഓർമ്മപ്പെടുത്തിയതാണ്, ഇതെല്ലാവർക്കും ബാധകമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ രണ്ടാമത്തെ ഉപചോദ്യം ചോദിച്ചോളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഡീ-മോണിറ്റൈസേഷനിലൂടെ 500-ൽപ്പരം ബാങ്കുകൾ സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിലനിൽപ്പ് ചോദ്യം ചെയ്യുന്ന വിധത്തിൽ തകർന്നുപോയെന്നും 40-ൽപ്പരം ബാങ്കുകൾ ലിക്വിഡേഷന്റെ വക്കിലാണെന്നും സഹകരണ കോൺഗ്രസ്സിന്റെ ചർച്ചകളിൽനിന്നും അറിയാൻ കഴിഞ്ഞു. ഈ ബാങ്കുകളുടെ സംരക്ഷണം അല്ലെങ്കിൽ നിലനിൽപ്പ് വളരെ പ്രധാനമാണ്. അതുകൊണ്ട് ഈ ബാങ്കുകളെ നിലനിർത്തുന്നതിന് സഹകരണ കോൺഗ്രസ്സിലോ ഡിപ്പാർട്ടുമെന്റ് തലത്തിലോ എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കണ്ണൂരിൽ നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സ് സഹകരണ മേഖലയുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് വളരെ വിശദമായിട്ടാണ് ചർച്ച ചെയ്തത്. ഇന്നലെ ഗവൺമെന്റ് അംഗീകരിച്ച

സഹകരണനയം രാഷ്ട്രീയ വ്യത്യാസമില്ലാതെ മൂവായിരത്തോളം വരുന്ന സഹകാരികൾ ചർച്ച ചെയ്തതാണ്. കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് നിരോധനം നമ്മുടെ സമൂഹത്തിൽ സൃഷ്ടിച്ച സാമ്പത്തിക ആഘാതങ്ങളെ ഫലപ്രദമായി തരണംചെയ്യാൻ സഹകരണ മേഖലയ്ക്ക് സാധിച്ചു. ആ സന്ദർഭത്തിൽ ഒന്നരലക്ഷം കോടി രൂപയായിരുന്ന നമ്മുടെ സഹകരണ നിക്ഷേപമെങ്കിൽ ഇന്ന് അത് ഒന്നേമുക്കാൽ ലക്ഷം കോടിരൂപയായി മാറിയിട്ടുണ്ട്. സഹകരണ കോൺഗ്രസ്സ് യഥാർത്ഥത്തിൽ സാമ്പത്തിക രംഗത്തെ പ്രശ്നങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിക്കുന്ന സാമ്പത്തിക നയങ്ങൾക്ക് ബദൽ എന്നുള്ള നിലയിൽ കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനും തകർച്ച അഭിമുഖീകരിക്കുന്ന സംഘങ്ങളെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏതെങ്കിലും സഹകരണ സംഘങ്ങൾ തകർന്ന് പോയെന്നോ പുതിയതായി സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നോ ഉള്ള കാര്യം ചർച്ചയ്ക്ക് വിധേയമായിട്ടില്ല.

ശ്രീ. എം. ഉമ്മർ: സർ, സഹകരണ ബാങ്കുകളുടെ ശക്തിയെന്ന് പറയുന്നത് സാധാരണക്കാരായ മെമ്പർമാരാണ്. ഇപ്പോൾ കാർഷിക വായ്പയടക്കം മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽ സ്വർണ്ണം പണയം വയ്ക്കുന്നതിന് 6 ശതമാനം പലിശ കൊടുത്താൽ മതി. അതേസമയം സഹകരണ ബാങ്കുകളിൽ സ്വർണ്ണ പണയത്തിന് 12 ശതമാനംവരെ പലിശയാണ് ഈടാക്കുന്നത്. അതുകൊണ്ട് കാർഷികാവശ്യങ്ങൾക്കോ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്നവരുടെ ചികിത്സയ്ക്ക് വേണ്ടിയോ സ്വർണ്ണം പണയം വയ്ക്കുമ്പോൾ മെമ്പർമാരെ സഹായിക്കുന്നതിനു വേണ്ടി പലിശ കുറച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, യഥാർത്ഥത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ചികിത്സാ സഹായനിധികൾ കഴിഞ്ഞാൽ ഏറ്റവും വലിയ സഹായധനം നൽകുന്നത് സഹകരണ മേഖലയാണ്. നമ്മുടെ റിസ്ക് ഫണ്ട് പദ്ധതി വഴി 2017-18 സാമ്പത്തിക വർഷം 9283 അംഗങ്ങൾക്ക് സഹായധനം നൽകിയിട്ടുണ്ട്. 69,54,82,267 രൂപ കഴിഞ്ഞ ഒരു വർഷം കൊണ്ട് റിസ്ക് ഫണ്ടിലൂടെ അംഗങ്ങൾക്ക് സഹായധനം നൽകിയിട്ടുണ്ട്. ആ നിലയിൽ നമ്മുടെ അംഗങ്ങൾക്ക് വലിയ സഹായം നൽകുന്ന മഹാപ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. യഥാർത്ഥത്തിൽ ഇടത്തട്ട് ഒഴിവാക്കി നബാർഡ് നൽകുന്ന കാർഷിക വായ്പ കേരള ബാങ്കിന് ലഭ്യമാകുന്നത് നേരിട്ട് കർഷകർക്ക് കൊടുക്കുന്നതിന് സഹായകരമായിരിക്കും. പലപ്പോഴും ജില്ലാ ബാങ്കിലൂടെ പ്രാഥമിക ബാങ്കിൽ എത്തിച്ചേരുമ്പോഴാണ് ഒന്നു-രണ്ട് ശതമാനം പലിശ വർദ്ധിക്കുന്നത്. അത് കുറയ്ക്കുന്നതിനും ജനങ്ങളെ സഹായിക്കുന്നതിനുമാണ് കേരള ബാങ്ക്. നബാർഡോ അല്ലെങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ലഭ്യമാകുന്ന പണമോ നേരിട്ട് പ്രാഥമിക ബാങ്കിൽ കൊടുക്കാൻ സാധിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചോദിച്ചത് വാണിജ്യബാങ്കുകളിൽ സ്വർണ്ണം പണയം വച്ച് കാർഷിക വായ്പയെടുക്കുന്നത് സംബന്ധിച്ചാണ്. അത് വാണിജ്യബാങ്കുകൾ സ്വീകരിക്കുന്ന ഒരു നിലപാടാണ്. ഇതൊന്നുമല്ലാതെ കാർഷിക വായ്പയാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. കാർഷികവായ്പയ്ക്ക് എല്ലാ സഹകരണ സംഘങ്ങളും കുറഞ്ഞ പലിശയാണ് ഈടാക്കുന്നത്. വാണിജ്യബാങ്കിൽ സ്വർണ്ണത്തിന് ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ പലിശയാണ് സഹകരണ സ്ഥാപനങ്ങൾ വായ്പ കൊടുക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ കാർഷിക വായ്പ നല്ല നിലയ്ക്ക് നടക്കുകയാണ്. എന്നാൽ ചില സഹകരണ സ്ഥാപനങ്ങൾ ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ചതുപോലെ, കൊടുക്കാതിരിക്കുന്നുണ്ടെങ്കിൽ അത് കൊടുക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. കാർഷിക വായ്പ സഹകരണ സംഘങ്ങളിലൂടെ കുറഞ്ഞ പലിശയ്ക്കുതന്നെ കൊടുക്കുന്ന നിലപാട് ഉണ്ട്. സ്വർണ്ണം പണയം വയ്ക്കുന്നത് മറ്റൊരു സംവിധാനമാണ്. അതിന് അതിന്റേതായ പലിശ ഈടാക്കുന്നതായാണ് നാം കണ്ടുവരുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണ കോൺഗ്രസ്സിലെ ചർച്ചയ്ക്കുശേഷം തയ്യാറാക്കിയ കരടുനയത്തിൽ ഒന്നാമതായി പറയുന്നത്, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധതരം സേവനങ്ങൾ നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക എന്നതാണ്. എന്നാൽ 10 കോടിയിലധികം ജില്ലാ ബാങ്കുകളിൽ ഷെയറുള്ള ധാരാളം പ്രാഥമിക ബാങ്കുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അപ്പോൾ ശ്രീറാം കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം പ്രാഥമിക ബാങ്കുകളുടെ ഷെയർ കേരള ബാങ്കിൽ നോൺ റീഫണ്ടബിൾ ആയി നിലനിർത്തണം എന്നതാണ്. 16 ജില്ലാബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ചേർന്ന് രൂപീകരിക്കാൻ പോകുന്ന കേരള ബാങ്കിന്റെ കൺസോളിഡേറ്റ് ബാലൻസ്ഷീറ്റിൽ 200 കോടി രൂപയോളം നഷ്ടമുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രാഥമിക ബാങ്കുകൾക്ക് അവരുടെ ഷെയർ റീഫണ്ട് ചെയ്യാൻ പറ്റില്ല. ലാഭകരമല്ലാത്ത കേരള ബാങ്കിൽ നിന്ന് ഇവർക്ക് ഡിവിഡന്റും ലഭിക്കില്ല. ഇത് പ്രാഥമിക ബാങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ കോൺഗ്രസ്സിലെ കരട് നിർദ്ദേശത്തിൽ ഒന്നാമതായി പറഞ്ഞിട്ടുള്ള പ്രാഥമിക ബാങ്കുകളെ ശക്തിപ്പെടുത്താൻവേണ്ടി ഈ നടപടി പ്രയോജനപ്പെടുത്തുമോ; ഇക്കാര്യത്തിൽ പ്രാഥമിക ബാങ്കുകളെ സംരക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇന്ന് സംസ്ഥാന സഹകരണ ബാങ്ക് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിച്ചുവരുന്ന കേരള ബാങ്കിന് നിശ്ചയമായും കൂടുതൽ സേവനം നൽകാൻ കഴിയും എന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സഹകരണ മേഖലയ്ക്ക് ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട്. എന്നാൽ ഈ മേഖലയുടെ അനന്തമായ സാധ്യതകൾ പൂർണ്ണ അർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് നിലവിലുള്ള സഹകരണ സംഘങ്ങളുടെ ശാക്തീകരണം, വൈവിധ്യവത്കരണം, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിലെ നട്ടെല്ലായ ഹ്രസ്വകാല കാർഷിക വായ്പാമേഖലയുടെ ആവശ്യം ഉൾക്കൊണ്ടുകൊണ്ട് ഘടനാപരമായ മാറ്റം, ഡിജിറ്റലൈസേഷൻ, പ്രൊഫഷണലിസം തുടങ്ങിയ പരിഷ്കരണ നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തെ സഹകരണ മേഖല പ്രധാനമായി നേരിടുന്നത് ആധുനികവത്കരണത്തിന്റെ പ്രശ്നം തന്നെയാണ്. നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന പുത്തൻ തലമുറ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും അവരുടെ ഇടപാടുകാർക്ക് കൊടുക്കുന്ന എല്ലാ ഉൽപ്പന്നങ്ങളും സഹകരണമേഖലയിലും നൽകാൻ സാധിക്കേണ്ടതായിട്ടുണ്ട്. ഇന്ന് സഹകരണ പ്രസ്ഥാനം ഒരു സഹകരണ സംഘം പ്രവർത്തിക്കുന്ന ചെറിയ ഒരു അതിർത്തിക്കുള്ളിലാണ്. അവർക്ക് നാട്ടും ജനങ്ങളും പുതിയ തലമുറയും ആവശ്യപ്പെടുന്ന എല്ലാ സേവനങ്ങളും നൽകുന്ന തരത്തിലേയ്ക്ക് ഉയരാൻ സാധിക്കുന്നില്ല. ഇതെല്ലാം കണ്ടുകൊണ്ടുതന്നെയാണ് കേരളത്തിലെ സഹകരണമേഖലയെ പുതിയ കാലത്തിനനുസരിച്ച് പുനഃക്രമീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ശാക്തീകരിക്കുകയും നൂതന സേവനങ്ങളും ഉൽപ്പന്നങ്ങളും നൽകുകയും ചെയ്യുന്നത്. നമ്മുടെ നാട്ടിലെ പുത്തൻതലമുറ ബാങ്കുകളും ദേശസാത്കൃത ബാങ്കുകളും നൽകുന്ന എല്ലാ സേവനങ്ങളും നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേരള ബാങ്കിന്റെ രൂപീകരണത്തെ ഗവൺമെന്റ് നോക്കിക്കാണുന്നത്. കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ പ്രവാസി മലയാളികളുടെ ഏകദേശം ഒന്നേമുക്കാൽ ലക്ഷം കോടി രൂപയുടെ വിദേശ നിക്ഷേപം കേരളത്തിൽ വരുന്നുണ്ട്. ആ നിക്ഷേപം നമ്മുടെ നാട്ടിൽ ദേശസാൽകൃത ബാങ്കുകളിലും പുത്തൻ തലമുറ ബാങ്കുകളിലുമാണ് പോകുന്നത്. സഹകരണ ബാങ്കുകൾക്ക് നയാപൈസയുടെ നിക്ഷേപം കിട്ടുന്നില്ല. ആ നിക്ഷേപം സ്വീകരിക്കാൻ കഴിയുന്ന തരത്തിലുള്ള ആധുനികത നമ്മുടെ പ്രാഥമിക ബാങ്കുകൾക്ക് നൽകേണ്ടത് അനിവാര്യമായി വന്നിരിക്കുകയാണ്. അതാണ് ഇന്ന് ഗവൺമെന്റ് കൈകാര്യം ചെയ്യുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, കരടുനയത്തിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇന്ന് കുടുംബശ്രീകൾക്ക് മൈക്രോഫിനാൻസ് കൊടുക്കുന്നത് മണപ്പുറം, മുത്തൂറ്റ്, ഇസാഫ് തുടങ്ങിയ പണമിടപാട് സ്ഥാപനങ്ങളാണ്. ഇവർ കൊടുക്കുന്നത് 24 മുതൽ 36 ശതമാനം വരെ പലിശ നിരക്കിലാണ്. ഈ മേഖലയിൽ ഇടപെട്ട് മൈക്രോഫിനാൻസ് കുടുംബശ്രീയിലൂടെ നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് ചോദിച്ചത്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ മൈക്രോ ഫിനാൻസ് സംവിധാനത്തിലൂടെ സാധാരണ ജനങ്ങളെ വൻതോതിൽ കൊള്ളയടിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പലിശ 36 ശതമാനമൊന്നുമല്ല, ചിലർ 72 ശതമാനം വരെ ഈടാക്കുന്നുണ്ട്. സഹകരണമേഖല ഈ രംഗത്തേയ്ക്ക് കടന്നുവരാൻ തുടങ്ങുകയാണ്. അതിന്റെ തുടക്കമെന്നുള്ള നിലയിൽ 'മറ്റത്തെ മുല്ല' എന്ന പേരിൽ പാലക്കാട് ജില്ലയിൽ ഈ മാസം 26-ാം തീയതി ഒരു പദ്ധതി ആരംഭിക്കുകയാണ്. PACS (Primary Agricultural Co-operative Societies) 9 ശതമാനത്തിന് കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ നൽകും. കുടുംബശ്രീ യൂണിറ്റുകൾ 12 ശതമാനത്തിന് അംഗങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ നമ്മുടെ നാട്ടിലെ കത്തിപ്പലിശക്കാരെയും 36 മുതൽ 72 ശതമാനം വരെ പലിശ ഈടാക്കി പാവപ്പെട്ട കുടുംബശ്രീ പ്രവർത്തകരെ കബളിപ്പിക്കുന്ന ഇത്തരം ധനകാര്യ സ്ഥാപനങ്ങളെയും നിലയ്ക്ക് നിർത്താൻ കഴിയുന്ന വിപുലമായ ഒരു ജനകീയ പദ്ധതിയിലേയ്ക്ക് പോകാൻ സാധിക്കും. 'മറ്റത്തെ മുല്ല' എന്ന ഈ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ കാലഘട്ടത്തിൽ കാലവർഷക്കെടുതി ഉൾപ്പെടെ വലിയ ദുരിതങ്ങൾ കർഷകർ നേരിടുകയാണ്. 86-ൽപ്പരം ആളുകൾ മരണപ്പെടുകയും വ്യാപകമായി കൃഷിനാശം സംഭവിക്കുകയും ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞത്. അതുകൊണ്ട് കാർഷിക കടങ്ങൾക്ക് ഒരു നിശ്ചിത കാലത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ? അതോടൊപ്പംതന്നെ വളരെ വർഷങ്ങളായി കുടിശ്ശികയുള്ള ബാങ്കുകളിലെ കടങ്ങൾ തവണകളായി അടച്ചുതീർക്കുന്നതിന് ഒരു മെക്കാനിസം ബന്ധപ്പെട്ട സഹകാരികളുമായി ആലോചിച്ച് കർഷകരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കർഷകരെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എല്ലായ്പ്പോഴും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ സ്വീകരിക്കുന്നുണ്ട്. യഥാർത്ഥ കർഷകർ വ്യക്തിഗത വായ്പയെടുക്കുകയും കടക്കെണിയിൽപ്പെട്ട് അടയ്ക്കാനാവാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ പ്രാഥമിക ബാങ്കുകൾ കടുത്ത നടപടികളിലേയ്ക്ക് നീങ്ങുമ്പോൾ ഗവൺമെന്റ് ഇടപെട്ട് അത്തരം നടപടികൾ നിർത്തിവയ്ക്കാറുണ്ട്. അതിനാൽ അത്തരത്തിലുള്ള സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞ കാര്യത്തിൽ, കാർഷിക കടാശ്വാസ കമ്മീഷൻ കടം പരിഗണിക്കുന്ന കാലാവധി വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും 2007 വരെ ഉണ്ടായിരുന്നത് 2011 വരെയും വയനാട് ജില്ലയിൽ 2014 വരെയുള്ള കാർഷിക കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്ന് ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തിരിക്കുന്ന മുഴുവൻ കർഷകർക്കും അതിന്റെ നേട്ടമുണ്ടാക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഒരു തീരുമാനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പാലക്കാട് ജില്ലയിലെ സഹകരണ പ്രസ്ഥാനങ്ങളുടെ ശക്തിസ്രോതസ്സെന്ന് പറയുന്നത് നെൽകർഷകരാണ്. അതുകൊണ്ട് സഹകരണ കോൺഗ്രസ്സിൽ മാത്രമല്ല, സഹകരണ മേഖലയുടെ എല്ലാ വേദികളിലും നെല്ല് സംഭരണത്തിന്റെ ഗുരുതരമായ പ്രതിസന്ധിയെക്കുറിച്ച് അവർ ഉന്നയിക്കാറുണ്ട്. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഒരു പൈലറ്റ് പ്രോഗ്രാം സഹകരണ മേഖലയിലൂടെയുള്ള നെല്ല് സംഭരണത്തെ സംബന്ധിച്ച് ഗവൺമെന്റ് പ്രഖ്യാപിച്ചു. കഴിഞ്ഞ സീസണിൽ അത് ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഒന്നാം വിളയുടെ വിളവെടുപ്പ് ഓണക്കാലത്ത് നടക്കാൻ പോകുന്ന ഈ പശ്ചാത്തലത്തിൽ സഹകരണ മേഖലയെ ഉപയോഗപ്പെടുത്തി നെല്ല് സംഭരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ പ്രാവശ്യം പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിനുവേണ്ടി ഒന്നാം വിളയ്ക്ക് 56,93,93,592 രൂപയും രണ്ടാം വിളയ്ക്ക് 11,26,17,452 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ പോരായ്മകൾകൂടി പരിഹരിക്കുന്നതിന് നെല്ല് സംഭരണത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി സർക്കാർ പരിശ്രമിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സഹകരണ സ്ഥാപനങ്ങളിലും ബാങ്കുകളിലും ധാരാളം ജോലി ഒഴിവുകളുണ്ടെന്നും ആ ഒഴിവുകൾ നിയമനത്തിന് സഹായകരമായ രീതിയിൽ റിപ്പോർട്ട് ചെയ്യാതെ ഒളിപ്പിച്ച് വച്ചിരിക്കുകയാണെന്നും ചില ദൃശ്യമാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചു. നിലവിൽ 4000 ഒഴിവുകൾ ഉള്ളതിൽ 1000 ഒഴിവുകൾ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. സഹകരണം പ്രധാന വിഷയമായെടുത്ത് ഡിപ്ലോമയും ബിരുദവുമൊക്കെ കരസ്ഥമാക്കിയ ധാരാളം ആളുകൾ തൊഴിൽരഹിതരായി പുറത്ത് നിൽക്കുമ്പോൾ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് വലിയ ബുദ്ധിമുട്ടാണ് അവർക്കുണ്ടാക്കുന്നത്. വസ്തുതകൾ ശരിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്ത് ആളുകളെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. നമ്മുടെ സംസ്ഥാനത്ത് സഹകരണ സർവ്വീസ് ബോർഡ് മുഖേന നിയമനം നടത്തേണ്ട ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള 4255 ഒഴിവുകളുണ്ട്. അതിൽ 1049 എണ്ണം മാത്രമേ പരീക്ഷാ ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ബാക്കി ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം

2 (*302) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-നെ അപേക്ഷിച്ച് 2016-17-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടു എന്ന സി.ആന്റ്.എ.ജി. റിപ്പോർട്ടിലെ അതീവ ഗൗരവമുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സുപ്രധാനമായ സാമ്പത്തിക പരിമാത്രകളായ ധനകമ്മി, റവന്യൂകമ്മി, മൊത്തംകടം എന്നിവ അനിയന്ത്രിതമായി ഉയർന്നു എന്നത് വസ്തുതയാണോ; എങ്കിൽ ഇത് ധനകാര്യ വകുപ്പിന്റെ വീഴ്ചയായി കണക്കാക്കാമോ;

(സി) മിതകാല സാമ്പത്തിക പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടുവെന്ന സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം സർക്കാരിന് തിരിച്ചടിയാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ. (എ) 2016-17-ൽ ഉയർന്നുനിന്ന മൂന്ന് സുപ്രധാന സാമ്പത്തിക പരിമാത്രുകൾ-റവന്യൂ, ധന, പ്രാഥമിക കമ്മികളുടെ അടിസ്ഥാനത്തിൽ 2015-16-ഉമായി താരതമ്യം ചെയ്യുമ്പോൾ 2016-2017-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടു എന്ന സി. ആന്റ്. എ.ജി. റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിന്റെ നോട്ട് പിൻവലിക്കൽ നടപടി കാരണം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ പ്രതിസന്ധി, കുറഞ്ഞുവരുന്ന സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിനെ കൂടുതൽ മോശാവസ്ഥയിലാക്കുവാൻ ഇടയാക്കി. ഇതുകാരണം ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നതുപോലെ നികുതി പിരിച്ചെടുക്കാൻ കഴിയാതിരുന്നതും തന്മൂലം നികുതി പിരിവിലുണ്ടായ കുറവും ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ ചെലവിൽ ഉണ്ടായ വർദ്ധനവ്, 10-ാം ശമ്പള പരിഷ്കരണം മൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എന്നിവമൂലം റവന്യൂചെലവ് വർദ്ധിക്കുവാൻ ഇടയാക്കിയതുമാണ് പ്രധാനമായും റവന്യൂകമ്മിയും ധനകമ്മിയും വർദ്ധിക്കുവാൻ കാരണമായത്. കൂടാതെ ക്ഷേമ പെൻഷൻ കുടിശ്ശിക, കരാറുകാർക്കുള്ള കുടിശ്ശിക, കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ അധിക ധനസഹായം എന്നീ ഇനത്തിലുള്ള ചെലവുകൾ കൊടുത്തു തീർക്കേണ്ടിവന്നതും റവന്യൂകമ്മിയും ധനകമ്മിയും വർദ്ധിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും അവർക്ക് അനുവദിച്ചിട്ടുള്ളതും എന്നാൽ ചെലവഴിക്കാത്തതുമായ പദ്ധതി വിഹിതം നഷ്ടപ്പെടാതിരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ അവസാന കാലയളവുകളിൽ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വകമാറ്റിയത് കടബാദ്ധ്യത (പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ഉൾപ്പെടെ) വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത/ജി.എസ്.ഡി.പി. അനുപാതം 2016-17-ൽ 30.22 ശതമാനമാണ്. എന്നാൽ ഇത് 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള കടബാധ്യത/ജി.എസ്.ഡി.പി. അനുപാത ലക്ഷ്യമായ 30.84 ശതമാനത്തിന് ഉള്ളിൽത്തന്നെ നിലനിർത്താൻ കഴിഞ്ഞിട്ടുള്ളതിനാൽ മൊത്തം കടബാധ്യത ക്രമാതീതമായി വർദ്ധിച്ചുവെന്ന് പറയാൻ കഴിയുകയില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ (*308)- ഉം ചോദ്യം നമ്പർ (*313)-ഉമായി ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അപേക്ഷ നൽകിയിരുന്നു. പക്ഷെ, ചോദ്യങ്ങൾ വ്യത്യസ്തമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ വരുമാന വളർച്ച 18 ശതമാനമായി ഒരു സ്റ്റെഡി ഗ്രോത്തുണ്ടായിരുന്നുവെങ്കിൽ അവസാനവർഷം അത് 12 ശതമാനത്തിലേയ്ക്ക് താഴുന്ന ഒരു കാഴ്ച നാം കണ്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവസാന വർഷമുണ്ടായിരുന്ന 12 ശതമാനമെന്ന ഡിപ് ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും അഴിമതിയും കൊണ്ട് സംഭവിച്ചതെന്നാണ് സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. സി.ആന്റ് എ.ജി.-യുടെ ഇപ്പോൾ പുറത്തുവന്നിരിക്കുന്ന റിപ്പോർട്ടുപ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യവർഷം 2016-17 കാലയളവിൽ അത് 9.55 ശതമാനത്തിലേയ്ക്ക് ഡിപ് ചെയ്തുവെന്നുള്ളതാണ്. അപ്പോൾ കെടുകാര്യസ്ഥതയും അഴിമതിയും കൊണ്ടുതന്നെയാണോ ഈ ഗവൺമെന്റിന്റെ കാലയളവിലും താഴോട്ട് വരാനുണ്ടായ പ്രധാനപ്പെട്ട കാരണം എന്ന നിലപാടിൽത്തന്നെ ഉറച്ച് നിൽക്കുകയാണോ?

ഡോ ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ചെറിയ തിരുത്ത് ആവശ്യമുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശരാശരി 18 ശതമാനം വളർച്ചയുണ്ടായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യത്തെ രണ്ട് വർഷം ആ വളർച്ച 20 ശതമാനമായി തുടർന്നു. അതിനുശേഷമുള്ള മൂന്ന് വർഷവും വളർച്ചാനിരക്ക് താഴോട്ടായിരുന്നു. ശരാശരിയെടുത്താൽ 10 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. ബഹുമാനപ്പെട്ട മെമ്പറിന്റെ വിമർശനം ഈ സർക്കാരിന്റെ ആദ്യവർഷം ഈ ഇടിവ് തിരുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. അത് തിരുത്താതിരിക്കാൻ വാറ്റ് വരുമാനം വർദ്ധിപ്പിക്കാൻ കഴിയാതെ പോയി; മൂന്നുനാല് വർഷത്തെ നികുതി അഡ്മിനിസ്ട്രേഷനിൽ വന്ന വലിയൊരു തകർച്ചയെ പരിഹരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല, അതാണ് പ്രധാനപ്പെട്ട കാരണം. അതോടൊപ്പംതന്നെ നോട്ട് നിരോധനത്തിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്നിട്ടുള്ള പ്രത്യാഘാതവും നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്.

ശ്രീ. ഹൈബി ഈഡൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രണ്ട് വർഷമായി നോട്ട് നിരോധനത്തെയും ജി.എസ്.ടി.-യെയും പഴിപറഞ്ഞു കൊണ്ടാണ് മുന്നോട്ടുപോകുന്നത്. അങ്ങനെ എത്ര നാൾ പോകാൻ കഴിയുമെന്നറിയില്ല. You are one of the biggest advocates of GST. ഈ രാജ്യത്ത് താങ്കളായിരുന്നു ജി.എസ്.ടി.-ക്കുവേണ്ടി ഏറ്റവും കൂടുതൽ വാദിച്ചതും അതിന്റെ വക്കാലത്തെടുത്തതും. ജി.എസ്.ടി. വരുമാനത്തിൽ നികുതി പിരിവിലുണ്ടായിരുന്ന കുറവാണ് സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വലിയ പ്രശ്നമായതെന്നാണ് താങ്കൾ പറഞ്ഞത്. ജി.എസ്.ടി. വരുമാനത്തിൽ

കുറവുണ്ടായതുകൊണ്ടാണ് ഇത് പരിഹരിക്കാൻ കഴിയാത്തത്. കേന്ദ്ര ഗവൺമെന്റ് ഈ ഗ്യാപ് നികത്താൻവേണ്ടി കോമ്പൻസേറ്റ് ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ കോമ്പൻസേറ്റ് ചെയ്യുമ്പോൾ, ജി.എസ്.ടി. സംബന്ധിച്ചുള്ള പിരിവിൽ കുറവുണ്ടായതുകൊണ്ടാണ് എന്ന് തെറ്റിദ്ധരിപ്പിക്കുന്നതരത്തിൽ എന്തിനാണ് സ്റ്റേറ്റ്മെന്റ് ഇറക്കുന്നത്; അതിന്റെ യഥാർത്ഥ കാരണം താങ്കൾ വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. വാറ്റ് നികുതിയിൽത്തന്നെ തുടർന്നിരുന്നുവെങ്കിൽ നമ്മുടെ നികുതി വരുമാനം ഇതിലും കുറയുമായിരുന്നു. കാരണം, വാറ്റിന്റെ സാധ്യതകളുടെ പരമാവധിയിലേയ്ക്ക് നമ്മൾ എത്തിയിട്ടുണ്ട്. അഡ്മിനിസ്ട്രേഷന്റെ പ്രശ്നം മാത്രമല്ല, എൻടി ടാക്സ് ഇല്ലാതായതിനാൽ മുമ്പത്തെപ്പോലെ ടാക്സ് വരുമാനം വർദ്ധിപ്പിക്കുന്നതിന് പരിമിതി ഏർപ്പെടുത്തുന്നുണ്ട്. ആ പശ്ചാത്തലത്തിലാണ് ജി.എസ്.ടി. പ്രസക്തമായിത്തീരുന്നത്. ഇപ്പോൾ ജി.എസ്.ടി.-യിലെ വരുമാനം 10 ശതമാനത്തിൽനിന്നും കോമ്പൻസേഷനും കൂടി ചേർക്കുമ്പോൾ 14 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പക്ഷേ കേരള സർക്കാരിന്റെ കഴിഞ്ഞ മൂന്ന് ബഡ്ജറ്റും ലക്ഷ്യമിട്ടിട്ടുള്ളത്, കഴിഞ്ഞ ഭരണകാലത്തെന്നപോലെ 20 ശതമാനം ആയിട്ടെങ്കിലും നികുതി വരുമാനം വർദ്ധിക്കുമെന്നുള്ള അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളൊക്കെ 14 ശതമാനം വച്ച് വളരുന്നുണ്ടല്ലോ എന്നുള്ളതിൽ വളരെ സന്തോഷമുണ്ട്. നമുക്ക് 14 ശതമാനം പോര. സംസ്ഥാനത്ത് ക്ഷേമച്ചെലവുകളൊക്കെ കൃത്യമായി നടത്തിപ്പോകണം എന്നുണ്ടെങ്കിൽ 20 ശതമാനമെങ്കിലും നികുതി വരുമാനം കൂടണം. അതാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, 2015-16-നെ അപേക്ഷിച്ച് 2016-17-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായെന്നും ധനക്കമ്മി, റവന്യൂകമ്മി, മൊത്തം കമ്മി തുടങ്ങിയ സൂചകങ്ങളിൽ അനിയന്ത്രിതമായ തരത്തിൽ തകർച്ച ഉണ്ടായെന്നും മീഡിയം ഫിസ്കൽ ടേം പോളിസിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടു എന്നുമുള്ള ഗുരുതരമായ നിരീക്ഷണങ്ങളാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പറഞ്ഞിരിക്കുന്നത്. അങ്ങ് തന്നിരിക്കുന്ന മറുപടിയിൽ, പബ്ലിക് അക്കൗണ്ടിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും വിവിധ വകുപ്പുകളിലേയും ചെലവഴിക്കാത്ത തുക മാറ്റിവച്ചതുകൊണ്ടാണ് കടം വർദ്ധിക്കാൻ കാരണമായതെന്നുള്ള വിചിത്രമായ കണ്ടെത്തലുകളാണ്. 2016 മേയ് മാസത്തിൽ അങ്ങ് അധികാരമേറ്റെടുത്തപ്പോൾ അതുവരെയുള്ള സാമ്പത്തിക ദുഃസ്ഥിതിയെ സംബന്ധിച്ചുള്ള ഒരു ധവളപത്രം

ഇറക്കിയിരുന്നു. 2016-17 കഴിയുമ്പോൾ, സംസ്ഥാനത്തിന്റെ സമീപകാല ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ ധനപ്രതിസന്ധി നിലവിലിരിക്കുമ്പോൾ അതിനെ സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം ഇങ്ങനെ ചോദിക്കരുത്. ധവളപത്രം എന്നതെല്ലാ വർഷവും ബഡ്ജറ്റ് പ്രസംഗത്തിനോടൊപ്പം നൽകുന്നൊരു രേഖയല്ല. അതൊരു നിർണ്ണായക ഘട്ടത്തിൽ, അഞ്ചാറ് വർഷത്തെ പ്രവണതകളെ വിലയിരുത്തി സമഗ്രമായി വയ്ക്കുന്നൊരു രേഖയാണ്. ബഹുമാനപ്പെട്ട അംഗം 2015-16 മാത്രമേ കാണുന്നുള്ളൂ, കുറച്ചുകൂടി പിറകിലേയ്ക്ക് പോയി നമ്മുടെ സാമ്പത്തിക പ്രവണതകളെ കാണണം. 2012-13 മുതൽ സംസ്ഥാനത്ത് വന്ന ഒരു fiscal destabilization ഉണ്ട്. അതിൽനിന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. പബ്ലിക് അക്കൗണ്ടിൽ പണം ചെലവായിയെന്ന് കണക്കാക്കി അവിടെ നിക്ഷേപിക്കുന്നവയെല്ലാം ബഡ്ജറ്റ് കണക്കിൽ വായ്പ ആയിട്ടാണ് വരിക. ബഡ്ജറ്റിന്റെ സമ്മറി എടുത്താൽ പബ്ലിക് അക്കൗണ്ടിൽനിന്നുള്ള വായ്പ കാണാം. ആ വായ്പാ തുക ഭയങ്കരമായി കൂടിയിരിക്കുകയാണ്. അതായത്, 2016-17-ൽ 10,000 കോടി രൂപയായി വർദ്ധിച്ചു. ബഡ്ജറ്റ് വച്ചപ്പോൾ പരമാവധി 5,000 കോടി രൂപയേ ഉണ്ടാകൂ എന്നാണ് കണക്കാക്കിയത്. എന്നാൽ ഈ പണത്തിന്റെ തിങ്ങൽ വന്നപ്പോൾ, ഡിപ്പാർട്ടുമെന്റ് തന്നെ അടുത്തവർഷം തരാം, അതുകൊണ്ട് eLAMS-ൽ വയ്ക്കാം അല്ലെങ്കിൽ TSB Account-ൽ നിക്ഷേപിച്ചാൽ മതി എന്നു പറഞ്ഞു. Ways and Means നിയന്ത്രണം വന്നതിന്റെ ഫലമായിട്ടാണ് ഈ കടബാധ്യത വർദ്ധിച്ചത്.

ശ്രീ. റോജി എം. ജോണിനുവേണ്ടി ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നമുക്ക് ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രകാരം ഇന്ന് കേരളത്തിൽ ബാക്കി നിൽക്കുന്ന കടം 1.89 ലക്ഷം കോടി രൂപയാണ്. ഇതിൽ 62,000 കോടി രൂപ 2024 മാർച്ച് മാസത്തിനുള്ളിൽ അടയ്ക്കണമെന്നാണ് പറയുന്നത്. ഇന്ന് ഓരോ മലയാളിയുടെയും കടം 53,000 രൂപയിൽ നിൽക്കുകയാണ്. അത് തമിഴ്നാടിലൊക്കെ ഏകദേശം 35,000 മുതൽ 38,000 രൂപ വരെയാണ്. കിഫ്ബിക്കുവേണ്ടി അങ്ങ് പറയുന്നത് 50,000 കോടി രൂപ. അങ്ങയുടെ രണ്ട് വർഷത്തെ കണക്കുകൾ പ്രകാരം, 2030 വരെയുള്ള ഒരു staggered ആയിട്ടുള്ള കണക്ക് നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ, നമ്മുടെ financial mismanagement-ൽ എന്ത് പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, Fiscal Responsibility Budget Act-ൽ പറയുന്നതുപോലെ നമ്മൾ ഓരോ വർഷവും കടമായി എടുക്കുന്നത് മൂന്ന് ശതമാനത്തിൽ നിയന്ത്രിച്ചുനിർത്താൻ കഴിയണം. അത് കർശനമായി പാലിക്കുമെന്ന് നിയമസഭയിൽ ഞാൻ പലവട്ടം വ്യക്തമാക്കിയതാണ്, അതുകൊണ്ട് പബ്ലിക് അക്കൗണ്ട് വഴിപോലും വായ്പ എടുത്ത് കാര്യങ്ങൾ ചെയ്യുന്ന ഏർപ്പാടില്ല. മൂന്ന് ശതമാനത്തിൽ ഈ വർഷം നിയന്ത്രിച്ചുനിർത്തും. അങ്ങനെ നിലനിർത്താൻ കഴിഞ്ഞാൽ സ്വാഭാവികമായും കടബാധ്യത ജി.എസ്.ഡി.പി.-യുടെ ശതമാനവുമായി കണക്കാക്കുമ്പോൾ കുറഞ്ഞുകുറഞ്ഞ് വരും. കാരണം, ജി.എസ്.ഡി.പി. വർദ്ധിക്കുന്നത് 6, 7 ശതമാനം വച്ചാണ്. അപ്പോൾ മൂന്ന് ശതമാനമായി നമ്മുടെ കടബാധ്യത നിർത്തിക്കഴിഞ്ഞാൽ, കടബാധ്യതയുടെ ഭാരം കുറഞ്ഞുകൊണ്ടിരിക്കും. അത് റോൾ ചെയ്യും, എല്ലാ രാജ്യത്തും അങ്ങനെയാണ്. അല്ലാതെ sinking fund ഉണ്ടാക്കി അതിൽ പണം നിക്ഷേപിച്ചുയെടുത്തുകൊടുക്കുക എന്നുള്ളതൊന്നും വേണ്ട, അതൊക്കെ മുൻകാലത്തെ ചിന്തയാണ്. കിഫ്ബിയുടെ കാര്യം പലവട്ടം നമ്മൾ പറഞ്ഞിട്ടുള്ളതാണ്. സംസ്ഥാന ബഡ്ജറ്റിൽ വായ്പയെടുക്കുന്നതിന്റെ ഏതാണ്ട് പകുതിയിലേറെ തുകയും ദൈനംദിന ചെലവിനാണ് എടുക്കുന്നത്. അത് വലിയൊരു പ്രശ്നമാണ്. എന്നാൽ കിഫ്ബിയിൽ വായ്പ എടുക്കുന്നതിൽ ഒരു പൈസപോലും റവന്യൂചെലവിനുവേണ്ടി വിനിയോഗിക്കില്ല. പൂർണ്ണമായും പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ചെലവഴിക്കുന്നത്. അതും 50,000 കോടി രൂപയിൽ നിർത്തും. ഓരോ വർഷവും മോട്ടോർ വെഹിക്കിൾ ടാക്സിന്റെ പകുതി നൽകുമെന്ന് നിയമസഭ നിയമം പാസ്സാക്കിയിട്ടുണ്ട്. അതിനാൽ 14 വർഷത്തിനുള്ളിൽ റെഡീം ചെയ്യാൻ കഴിയുന്ന വായ്പ മാത്രം എടുക്കുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല.

ശ്രീ. അനിൽ അക്കര: സർ, സി. ആന്റ് എ. ജി. റിപ്പോർട്ടിലെ പരാമർശവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശപ്പെട്ടു എന്ന ഇവിടെ പറയുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ വിഷയങ്ങൾ വരുമ്പോൾ വീഴ്ചപറ്റി എന്നുപറയുന്നതുപോലെ മന്ത്രി ഇവിടെ വീഴ്ചപറ്റി എന്ന് സമ്മതിക്കുകയും ആ വീഴ്ചയൊക്കെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ മുകളിൽ വച്ചുകെട്ടാനുമാണ് ശ്രമിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഏറ്റവും പ്രമാദമായ സമരം നടന്നത്, പെൻഷനുമായി ബന്ധപ്പെട്ടുള്ള എൻ.ജി.ഒ. യൂണിയന്റെ സമരമാണ്. (...ബഹളം...) സംസ്ഥാനത്ത്

പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമരങ്ങൾ നടന്നു. സാധാരണക്കാരന്റെ ക്ഷേമപെൻഷനുകൾ നിയന്ത്രിക്കാൻ കഴിയില്ല; അത് മറികടക്കാൻ വേണ്ടിയാണ് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയത്. പ്രസ്തുത വിഷയത്തിൽ ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട് എന്താണ്? (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഒരംഗം ചോദ്യം ചോദിക്കുമ്പോൾ ഭരണപക്ഷത്തുനിന്ന് പരിഹാസ രൂപത്തിൽ ശബ്ദമുണ്ടാക്കുകയാണ്. അത് ശരിയാണോ?

മി.സ്പീക്കർ: ആരായാലും ഇത്തരം അപശബ്ദങ്ങൾ ഉണ്ടാക്കുന്നത് ശരിയല്ല. പ്ലീസ്.......

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മൾ ചില നടപടികൾ സ്വീകരിച്ചു കഴിഞ്ഞാൽ അതിൽനിന്ന് പിന്മാറുന്നത് വലിയ പ്രശ്നമാണ്. അതുപോലെ ഒന്നാണ് പങ്കാളിത്ത പെൻഷന്റെ കാര്യവും. കാരണം, നമ്മൾ ഫിസ്കൽ കൺസോളിഡേഷനിലേയ്ക്ക് നീങ്ങുമെന്ന് ധനകമ്മീഷനോടും ബാക്കിയുള്ളവർക്കു മൊക്കെ ഉറപ്പ് നൽകുകയും അതിന്റെ അടിസ്ഥാനത്തിലാണ് വായ്പയുമെല്ലാം എടുക്കുന്നത്. ഇതാണ് ഫിസ്കൽ കൺസോളിഡേഷന്റെ ഒരു പ്രധാനപ്പെട്ട മാർഗ്ഗമായി ഇവരൊക്കെ അംഗീകരിച്ചിട്ടുള്ളത്. അപ്പോൾ എടുത്ത നടപടിയിൽനിന്ന് പിറകിലേയ്ക്ക് പോകുമ്പോൾ പ്രത്യാഘാതങ്ങൾ ഉണ്ടാകും. അതുകൊണ്ട് അക്കാര്യം പരിശോധിക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ചുള്ള നാനാവശങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഒരു ജഡ്ജിയുൾപ്പെടെ പങ്കാളിത്തമുള്ള ഒരു കമ്മിറ്റിയെ നിയമിക്കുമെന്ന് സഭയിൽ പറഞ്ഞിരുന്നു. ആ കമ്മിറ്റിയെ എത്രയും പെട്ടെന്ന് നിയോഗിക്കുകയും സമഗ്രമായി ഈ പ്രശ്നം പരിശോധിക്കുന്നതുമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നികുതി വരുമാനത്തിലെ കുറവ് നമ്മുടെ സാമ്പത്തിക വളർച്ചയെ ബാധിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് ബില്ലെഴുതാതെ കൊണ്ടുവരുന്ന ചരക്കുകൾക്ക് ജി.എസ്.ടി.യുടെ അടിസ്ഥാനത്തിൽ നികുതി ലഭ്യമാകുകയില്ല. ഇത് വലിയ വരുമാനനഷ്ടം ഉണ്ടാക്കുന്നുണ്ട്. പരിശോധിക്കുന്നതിന് പഴയതുപോലെ ചെക്ക് പോസ്റ്റുകളുമില്ല. ജി.എസ്.ടി. പ്രാവർത്തികമായശേഷം ഇത് പരിശോധിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ജി.എസ്.ടി. കൊണ്ട് നമുക്കുണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട നേട്ടം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന ചരക്കുകൾക്ക് അവിടെ ഒടുക്കിയ നികുതി നമുക്ക് ഇങ്ങോട്ട് കിട്ടുമെന്നുള്ളതാണ്. ഡെസ്റ്റിനേഷൻ സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. കൂടുതൽ ഗുണകരമാണ്. എന്നാൽ ഇത് നടക്കണമെന്നുണ്ടെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ചരക്കുകൾ ബില്ലെഴുതിവേണം കൊണ്ടുവരേണ്ടത്. എന്നാൽ ഇ-വേ ബിൽ വരുന്നതിലുള്ള താമസംമൂലം ബില്ലെഴുത്ത് വളരെ മോശമായിരുന്നു. അത് വന്നതിനുശേഷവും അപ്പപ്പോൾ ഇ-വേ ബില്ലിന്റെ വിശദാംശങ്ങൾ ഡൗൺലോഡ് ചെയ്ത് പരിശോധിക്കുന്നതിനുള്ള സാഹചര്യം പൂർണ്ണമായും ഉണ്ടായിട്ടില്ല. ആ പശ്ചാത്തലത്തിൽ സർക്കാർ താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്യുന്നത്.

1. കൂടുതൽ സ്ക്വാഡുകൾ രൂപീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

2. പരീക്ഷണാടിസ്ഥാനത്തിൽ surveillance camera വച്ച് നമ്പർ പ്ലേറ്റുകൾ capture ചെയ്യുന്നതിനുള്ള പരീക്ഷണത്തിന് ടെണ്ടർ വിളിച്ച് അനുമതി നൽകിയിട്ടുണ്ട്.

3. കേന്ദ്ര സർക്കാരിനെക്കൊണ്ട് ഇന്ത്യ ഒട്ടാകെ ആർ.എഫ്.ഡി. സിസ്റ്റം കൊണ്ടുവരുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സി. ആന്റ് എ.ജി. റിപ്പോർട്ടിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവഴിക്കാത്ത കണക്കുകളെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ജില്ലാ കളക്ടർമാർക്ക് വിവിധ പദ്ധതികളിൽ ചെലവഴിക്കാൻ നൽകിയ സംഖ്യയിൽ നിന്ന് ഏകദേശം 126 കോടി രൂപയും എം.പി.മാരുടെ ഫണ്ടിൽ നിന്ന് ഏകദേശം 12.34 കോടി രൂപയും എം.എൽ.എ. മാരുടെ ഫണ്ടിൽ നിന്ന് ഏകദേശം 290 കോടി രൂപയും ചെലവഴിക്കാതെ കെട്ടിക്കിടക്കുകയാണ്. ഗ്രാമപ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാതെ കിടക്കുന്ന ഈ സംഖ്യ ചെലവഴിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ? അല്ലെങ്കിൽ അത് വരുംവർഷങ്ങളിലേയ്ക്ക് ക്യാരിഓവർ ചെയ്തുകൊണ്ടുപോകാൻ കഴിയുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി ട്രഷറിയിൽ ഡെപ്പോസിറ്റായി സൂക്ഷിച്ചിരുന്ന പണം റെസ്യൂം ചെയ്തിട്ടുണ്ട്. നേരത്തെ ഇതാരും നോക്കിയിരുന്നില്ല. എന്നാൽ ഇപ്പോൾ വളരെ കർശനമാണ്. പബ്ലിക് അക്കൗണ്ടിൽ പണം വർദ്ധിച്ചിട്ടുണ്ടെങ്കിൽ അത് വായ്പയെടുത്തതായി പരിഗണിച്ച് വായ്പാവകാശം കുറയ്ക്കും. അങ്ങനെ റെസ്യൂം

ചെയ്യുന്നതുകൊണ്ട് ഈ പണം പോകുന്നില്ല. ഓരോന്നിനും വച്ചിട്ടുള്ള Lumpsum amount ചെലവാക്കി തീരുന്നമുറയ്ക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അങ്ങനെ നൂറുകണക്കിന് കോടി രൂപ ഡെപ്പോസിറ്റായി സൂക്ഷിക്കുന്നതിന് അനുവാദം നൽകുന്നില്ല. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് പോലുള്ള കാര്യങ്ങൾക്ക് പണം ചെലവാക്കുന്ന മുറയ്ക്ക് ബിൽ വന്നാൽ കണ്ടിജൻസി ഫണ്ടിൽനിന്നും നേരിട്ട് പണം നൽകുന്ന സമ്പ്രദായത്തിലേയ്ക്ക് ഇപ്പോൾ പോയിരിക്കുകയാണ്. പണം ചെലവാക്കുന്നതിന് അവിടെ പ്രായോഗികമായ ധാരാളം തടസ്സങ്ങളുണ്ട്. സ്പെഷ്യൽ സാംഗ്ഷൻ കൊടുത്ത് മൂന്ന് മാസമായി കിട്ടിയിട്ടില്ലെന്ന് കാണിച്ച് ബഹുമാനപ്പെട്ട സ്പീക്കർ മുഖാന്തരം ശ്രീ. പുരുഷൻ കടലുണ്ടി, ഒരു കുറിപ്പ് നൽകുകയുണ്ടായി. ഞാൻ അന്നു തന്നെ മുഴുവൻ രേഖകളും പരിശോധിച്ചു. പ്രസ്തുത അപേക്ഷ കിട്ടിക്കഴിഞ്ഞപ്പോൾ, ഭൂഗർഭ ശ്മശാനം ആയതുകൊണ്ട് അത് സി.ടി.ഇ. പരിശോധിച്ച് 4-ാം മാസത്തിൽത്തന്നെ സ്പെഷ്യൽ സാംങ്ഷൻ കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട കളക്ടറേറ്റിൽ എ.എസ്. നൽകി നടപ്പാക്കേണ്ട കാര്യമേയുള്ളൂ. എന്താണ് പ്രശ്നമെന്നുള്ളത് പരിശോധിക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾ വന്നുകഴിഞ്ഞാൽ സൂക്ഷ്മമായി പരിശോധിച്ച് തടസ്സങ്ങൾ തീർക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സർക്കാർ സ്വീകരിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, സി. ആന്റ് എ. ജി. റിപ്പോർട്ടുകൾ സത്യസന്ധവും ആധികാരികവും വിശ്വസനീയവുമാണെന്നാണ് ജനങ്ങൾ ധരിക്കുന്നത്. പലപ്പോഴും സി. ആന്റ് എ.ജി. റിപ്പോർട്ടുകളെ സംബന്ധിച്ച് വലിയ കോലാഹലങ്ങൾ ഉണ്ടായിട്ടുണ്ട്. വിഴിഞ്ഞത്തെ സംബന്ധിച്ച സി. ആന്റ് എ.ജി. റിപ്പോർട്ടിൽ തെറ്റിദ്ധാരണാജനകമായ ചില വിഷയങ്ങൾ കടന്നുവന്നിട്ടുണ്ട്. എഗ്രിമെന്റിൽ പറയാത്ത യൂസർ ഫീ ഈടാക്കുന്നുവെന്നും ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റിൽ ഇന്നുവരെ വാങ്ങാത്ത ഒരു ക്രെയിന് അതിനേക്കാൾ വില കൂട്ടിയാണ് ഇവിടെ വാങ്ങുന്നതെന്നുമാണ് റിപ്പോർട്ടിൽ വന്നിട്ടുള്ളത്. അവിടെ ക്രെയിൻ ഇല്ല. കാരണം, അതിൽ എക്സ്പെർട്ടായിരുന്ന വ്യക്തി ആ റിപ്പോർട്ട് വരുന്നതിനുമുൻപ് ഒരു വാരികയിലെഴുതിയ ലേഖനത്തിൽ വന്നിട്ടുള്ള തെറ്റായ കാര്യങ്ങൾ അതേപടി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ കാര്യങ്ങൾ സി. ആന്റ് എ.ജി. റിപ്പോർട്ടുകളുടെ ആധികാരികതയെ തന്നെ ചോദ്യം ചെയ്യപ്പെടുന്നു. ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, സി. ആന്റ് എ.ജി. റിപ്പോർട്ടുകളെ സംസ്ഥാന സർക്കാർ ഏറ്റവും ഗൗരവത്തിലാണ് പരിഗണിക്കുന്നത്. നമ്മുടെ ഓഡിറ്റ് സമ്പ്രദായത്തിലെ ഏറ്റവും പരമോന്നത വേദിയാണത്. അതുകൊണ്ട്

aspersions നടത്താൻ എനിക്ക് താൽപ്പര്യമില്ല. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ച് നൽകുന്ന വിശദീകരണം നോക്കി അതിൽ തീരുമാനമെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ കറക്ഷൻ നടത്തും. നിയമസഭയ്ക്കുതന്നെ ഇത് പരിശോധിക്കുന്നതിന് വളരെ വ്യവസ്ഥാപിതമായിട്ടുള്ള രീതികളുണ്ട്. ആ രീതികൾ അവലംബിക്കുന്നതായിരിക്കും നല്ലത്. സി. ആന്റ് എ. ജി. റിപ്പോർട്ടിനെക്കുറിച്ച് മറ്റൊരു തർക്കത്തിലേയ്ക്ക് കടക്കാൻ എനിക്കാഗ്രഹമില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിന്നൊക്കെ യഥാർത്ഥ ചെലവ് വഹിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന 3028 കോടി രൂപ പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി. അങ്ങയുടെ മാനസപുത്രിയായ കിഫ്ബിയിൽ നിന്നുവരെ ഫണ്ട് പിൻവലിച്ചു. നമ്മുടെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്നാണ് ഇത് കാണിക്കുന്നത്. ആ പണം ഇതുവരെ മുഴുവനും മടക്കിക്കൊടുത്തിട്ടില്ല. ഇപ്പോഴും പലതും കൊടുക്കാൻ ബാക്കിയുണ്ട്. അത് കാണിക്കുന്നത് we are in deep trouble എന്നാണ്. അതെന്തുതന്നെയായാലും അങ്ങയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ ഉൾപ്പെടെ പല കാരണങ്ങൾ അതിനുണ്ട്. ജി.എസ്.ടി. കൂടാതെ പെട്രോളിയം പ്രോഡക്ട്സും സിവിൽ സപ്ലൈസുമാണ് നമ്മുടെ പ്രധാന വരുമാന സ്രോതസ്സ്. ഈ ഇലക്ഷൻ ഇയറിൽ എല്ലാ ഭാഗത്തുനിന്നും പെട്രോളിയം പ്രോഡക്ട്സിന്റെ വില കുറയ്ക്കണമെന്ന് പറയുന്നതുകൊണ്ട് മിക്കവാറും അത് ജി.എസ്.ടി.യിൽ കൊണ്ടുവരുമെന്നാണ് പറയുന്നത്. അപ്പോൾ സ്വാഭാവികമായും നമ്മുടെ വരുമാനം കുറയും. ഇത് പരിഹരിക്കാൻ എന്തെല്ലാം പരിപാടികളാണ് അങ്ങ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരിക്കലും പ്രതിസന്ധി ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. എന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ ഒരു പ്രധാന തലക്കെട്ട് ധനപ്രതിസന്ധിയെക്കുറിച്ചാണ്. സി. ആന്റ് എ. ജി. പറയുന്നതിന് മുമ്പുതന്നെ ധനപ്രതിസന്ധിയുടെ പ്രശ്നങ്ങളെക്കുറിച്ചും തിരുത്തൽ വേണമെന്നുള്ള കാര്യത്തെക്കുറിച്ചും ഞാൻ പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ചെലവൊന്നും വെട്ടിക്കുറയ്ക്കാൻ തയ്യാറായിട്ടില്ല. അതിനുപകരം വരുമാനം വർദ്ധിപ്പിക്കുക, ജി.എസ്.ടി. കൂടുതൽ മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് നോക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള ഗുരുതരമായ വെല്ലുവിളികൾ വരുന്നുണ്ട്. പെട്രോളിയം നികുതിയിനത്തിൽ 6000 കോടി രൂപ ലഭിക്കുന്നുണ്ട്. ടി തുക ജി.എസ്.ടി.-യിൽ പോയാൽ വരുമാനം നാലിലൊന്നായി

ചുരുങ്ങും. ഇത് വലിയ ആഘാതമുണ്ടാക്കും എന്നുള്ളതുകൊണ്ട് അതെങ്ങനെ തടയാൻ സാധിക്കുമെന്നാണ് ആലോചിക്കുന്നത്. പെട്രോളിയം ജി.എസ്.ടി.-യിൽ കൊണ്ടുവരാൻ കഴിയുകയില്ലെന്ന് കേന്ദ്രമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലി പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി.-യിലേയ്ക്ക് കൊണ്ടുവന്നാൽ കേന്ദ്ര സർക്കാരിന് 2 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടാകും. അങ്ങനെ നഷ്ടമുണ്ടായാൽ അവരുടെ ഫിസ്കൽ ഡെഫിസിറ്റ് 4 ശതമാനത്തിനപ്പുറം പോകുകയും ഇവിടെയുള്ള വിദേശമൂലധനം മുഴുവൻ പുറത്തേയ്ക്ക് പോകുകയും ചെയ്യും. ഇത്രയും പ്രശ്നമുള്ളതു കൊണ്ടാണ് ഇത്രയൊക്കെ പ്രകോപനമുണ്ടായിട്ടും എല്ലാവരും നികുതി കൊടുക്കണമെന്ന് കേന്ദ്രമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലി ആവശ്യപ്പെടുന്നത്. പൂർണ്ണമായിട്ടല്ലെങ്കിലും കേരള സർക്കാർ ചെറിയ ഇളവ് ചെയ്തു. പക്ഷെ നമ്മൾ സ്വീകരിച്ച നിലപാട് ജി.എസ്.ടി.-യിൽ കൊണ്ടുവരികയാണെങ്കിൽ അതുകൊണ്ടുണ്ടായ നഷ്ടം നികത്തിത്തരണമെന്നതാണ്. ആ നിയമം ഉള്ളതു കൊണ്ടാണ് കേന്ദ്രം മാറി നിൽക്കുന്നത്. നമ്മൾ ആ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: *303-ാം നമ്പർ ചോദ്യത്തിന് എഴുതി തയ്യാറാക്കി സമർപ്പിച്ചതിൽ ഒരു കാര്യം വിട്ടുപോയതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്, അദ്ദേഹം അത് കൂട്ടിച്ചേർത്തുകൊണ്ടുള്ള ഉത്തരം സഭയിൽ വായിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിന് അനുവാദം നൽകുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുകൾ

3 (*303) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കേരളത്തിന്റെ ധനസ്ഥിതിയെപ്പറ്റി സി. ആന്റ് എ.ജി. കേരള നൽകിയ റിപ്പോർട്ട് അനുസരിച്ച് കേന്ദ്രാവിഷ്കൃത ഫണ്ട്, മറ്റ് വിവിധ ഗ്രാന്റുകൾ, വായ്പകൾ എന്നിവ ചെലവ് ചെയ്യുന്നതിൽ ഏറ്റവും കുറവ് വരുത്തിയ വകുപ്പുകൾ ഏതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ടുകൾ ചെലവ് ചെയ്യുന്നതിലാണ് കുറവുണ്ടായിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ ഫണ്ടുകൾ ചെലവാക്കുന്നതിൽ വീഴ്ചവരുത്തിയ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, (എ & ബി) ഗണ്യമായി പണം മിച്ചം വന്നിട്ടുള്ള പദ്ധതികളായി സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ടത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. 2247.70 കോടി രൂപ വകയിരുത്തിയതിൽ 227.77 കോടി രൂപ മാത്രമാണ് ചെലവ് ചെയ്തതെന്നും 2019.93 കോടി രൂപ മിച്ചം വന്നുവെന്നുമാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽനിന്നും വ്യത്യസ്തമായി 2016-17-ൽ അൺസ്കിൽഡ് വർക്കേഴ്സിനുള്ള വേതനം കേന്ദ്ര സർക്കാർ സംസ്ഥാന ബഡ്ജറ്റിലൂടെയല്ലാതെ നിർവ്വഹണ ഏജൻസിക്ക് നേരിട്ട് നൽകുകയുണ്ടായി. എന്നാൽ 2016-17-ലെ ബഡ്ജറ്റ് തയ്യാറാക്കിയതിനുശേഷമാണ് ഈ മാറ്റമുണ്ടായതെന്നതിനാലാണ് ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉയർന്നിരിക്കുന്നതും ചെലവ് കുറഞ്ഞുകാണുന്നതും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ ചെലവുമായി ഇതിന് ബന്ധമില്ല.

പ്രധാന മൂലധന പദ്ധതികളിലെ നിക്ഷേപമെന്ന പദ്ധതിയേതര ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പിന് 700 കോടി രൂപ വകയിരുത്തുന്നതിൽ പണമൊന്നും ചെലവഴിച്ചില്ലായെന്നതാണ് അടുത്ത പ്രധാന പരാമർശം. പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകകൾ കൊടുത്തു തീർക്കുന്നതിന് ഓരോ വർഷവും വകയിരുത്തുന്ന പദ്ധതി വിഹിതം അപര്യാപ്തമാണ്. ഈ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടിയാണ് പദ്ധതിയേതര വിഹിതമായി 5054-80-800-66 ശീർഷകത്തിൽ മൊത്തം തുകയായി 700 കോടി രൂപ വകയിരുത്തിയിരുന്നത്. പ്രസ്തുത വിഹിതം പദ്ധതിയിനത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് നൽകിയ അധിക തുക ക്രമീകരിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ്. പദ്ധതിയേതര ശീർഷകത്തിലെ വകയിരുത്തൽ സറണ്ടർ ചെയ്യുന്നുവെന്നത് തികച്ചും സാങ്കേതികം മാത്രമാണ്. ശ്രദ്ധേയമായ വസ്തുത 2016-17 സാമ്പത്തിക വർഷം പൊതുമരാമത്ത് ധനാഭ്യർത്ഥനയിലെ ബഡ്ജറ്റ് വിഹിതത്തേക്കാൾ മൂലധന ചെലവ് 819.70 കോടി രൂപ കൂടുതലാണ് എന്നതാണ്.

ജലവിഭവ വകുപ്പിലെ വകയിരുത്തലും ചെലവും തമ്മിലുള്ള വ്യത്യാസമാണ് മറ്റൊരു പ്രധാനപ്പെട്ട പരാമർശം. ശുദ്ധജല വിതരണവും ശുചീകരണവുമെന്ന 20-ാം നമ്പർ ധനാഭ്യർത്ഥനയിൽ 2016-17 സാമ്പത്തിക വർഷത്തെ ആകെ വകയിരുത്തൽ 1409.33 കോടി രൂപയാണ്. ഇതിൽ 1,195.99 കോടി രൂപ ചെലവു ചെയ്തതായാണ് എ.ജി.-യുടെ പൂർത്തീകരിച്ച കണക്കുകൾ കാണിക്കുന്നത്. അതായത്, 84.86 ശതമാനമാണ് ചെലവ്. എന്നാൽ സി. ആന്റ് എ.ജി.-യുടെ

റിപ്പോർട്ടിൽ പരാമർശിക്കുന്നത് പദ്ധതി മൂലധന ചെലവിനെക്കുറിച്ചാണ്. ഈ ധനാഭ്യർത്ഥനയിൽ മൂന്ന് കണക്ക് ശീർഷകങ്ങളാണുള്ളത്. ഇതിലെ ചില ശീർഷകങ്ങളിലെ പ്രത്യേക പദ്ധതികളിൽ ചെലവിനത്തിൽ കുറവ് വന്നിരിക്കുന്നു എന്നതാണ് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് ധനാഭ്യർത്ഥനയിലെ കണക്ക് ശീർഷകങ്ങളിലെ റീ-ക്ലാസ്സിഫിക്കേഷന്റെയും റീ-അപ്രോപ്രിയേഷനിൽ ധനകാര്യവകുപ്പ് അനുവദിക്കാതിരുന്നതിന്റെയും 113 കോടി രൂപ eLAMS വയ്ക്കേണ്ടതിന്റെയും ഫലമായി വന്നിട്ടുള്ളതാണ്. എന്നാൽ മൊത്തം ചെലവെടുത്തിട്ടുണ്ടെങ്കിൽ 85 ശതമാനം വരും. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാന ഇനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളിൽ സമയബന്ധിതമായി പുരോഗതി കൈവരിക്കാത്ത വകുപ്പുകൾക്ക് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ മോണിറ്ററിംഗ് സംവിധാനമായ പ്ലാൻ സ്പേസ് വഴി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക കോ-ഓർഡിനേഷൻ സെൽ യഥാസമയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്.

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ജൂൺ മാസത്തിൽത്തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ട പദ്ധതികളിൽ യഥാസമയം അവ ഹാജരാക്കുന്നതിനും നിർദ്ദേശം നൽകി വരുന്നുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണത്തിന് കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി (പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ) ഒരു റിവോൾവിംഗ് ഫണ്ട് മെക്കാനിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.എൻ.ആർ.ഇ.ജി.എസ്) മുതലായ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ധനസഹായം യഥാസമയം വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ധനവകുപ്പിൽനിന്നും മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കി ഒരു Revised Fund Manual Flow Method 21-2-2017-ലെ 24/2017/ധന. നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇതിൽ അവസാനമായി പറഞ്ഞത് എന്റെ ചോദ്യത്തിനുള്ള ഉത്തരമാണ്. അത് പരിഹരിച്ചുയെന്നതിൽ സന്തോഷമുണ്ട്. ശരിയായി പ്രോജക്ട് കൊടുക്കാത്തതുകൊണ്ടും കൃത്യമായി ഡി.പി.ആർ. തയ്യാറാക്കാത്തതുകൊണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികൾ നമുക്ക് ലഭ്യമാകാത്തതിനെക്കുറിച്ച് മുഖ്യമന്ത്രിക്കുതന്നെ രണ്ടുമൂന്നു പ്രാവശ്യം കത്തയയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുറേയേറെ നടപടികൾ വന്നിട്ടുമുണ്ട്. 2015-ൽ തുടങ്ങിയ പി.എം.കെ.എസ്.വൈ.-യുടെ കാലാവധി തീരാൻ ഇനി മൂന്ന് വർഷമേയുള്ളൂ, കൃത്യമായി ഡി.പി.ആർ. കൊടുക്കാൻ സാധിച്ചിട്ടില്ല. ഇറിഗേഷൻ വകുപ്പിൽത്തന്നെ 19,000 കോടി രൂപ കൊടുക്കണം. ഈ മൂന്ന് വർഷത്തേയ്ക്ക് എത്ര രൂപ കൊടുക്കണം? പാലക്കാട് ജില്ലയിൽ 4400 കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയത്. ഇപ്രാവശ്യം ആയിരത്തിൽ ചില്വാനം കോടി രൂപ ലഭിക്കണം. എന്നാൽ ആകെ ഡി.പി.ആർ. തയ്യാറാക്കിയത് 2.9 കോടി രൂപയ്ക്ക് മാത്രമാണ്. റിവർ ഡെവലപ്മെന്റിനുള്ള ഗ്രീൻ ക്ലൈമറ്റ് ഫണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. അതിന് പ്രോജക്ട് തയ്യാറാക്കി കൊടുത്തിട്ട് 7 മാസമായി. എന്നാൽ ഇതുവരെ സ്ക്രീനിംഗ് കമ്മിറ്റി കൂടുകയോ, പ്രൊപ്പോസൽ കൊടുക്കുകയോ ചെയ്തിട്ടില്ല. ഒറീസ 300 കോടി രൂപ വാങ്ങിക്കഴിഞ്ഞു. റിവർ ഡെവലപ്മെന്റിനായി 84,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് വകയിരുത്തി. തെലുങ്കാന, മഹാരാഷ്ട്ര, ഹിമാചൽ പ്രദേശ്, ബീഹാർ, വെസ്റ്റ് ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളൊക്കെ ഫണ്ട് വാങ്ങിച്ചു. കൂടാതെ ഇറിഗേഷനായി തമിഴ്നാട് 318 മില്ല്യൺ വേൾഡ് ബാങ്കിൽനിന്നും വാങ്ങിച്ചു. നമുക്ക് അതൊന്നും പ്രായോഗികമായി കൊടുക്കാൻ സാധിക്കുന്നില്ല. അത് നമ്മുടെ സ്റ്റേറ്റിനെ ബാധിക്കുന്ന കാര്യമാണ്. RAFTAAR-ന് (Remunerative Approaches For Agriculture and Allied sector Rejuvenation) എത്ര രൂപയാണ് ഇന്ത്യാ

ഗവൺമെന്റ് വച്ചിരിക്കുന്നത്? നമുക്കത് വാങ്ങിച്ചെടുക്കാൻ പോലും കഴിയുന്നില്ല. KUSUM (Kisan Urja Suraksha Utthaan Maha Abhiyan), SAMPADA (Scheme for Agro-Marine Processing and Development of Argo-Processing Clusters), NRDWP (National Rural Drinking Water Programme), കമ്മ്യൂണിറ്റി ഇറിഗേഷൻ, eNAM (National Agriculture Market) ഇതിനൊന്നും വേണ്ടത്ര പ്രോജക്ട് തയ്യാറാക്കി നമ്മൾ സമർപ്പിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങൾ ഇതിനൊക്കെയുള്ള തുക വാങ്ങിയെടുക്കുമ്പോൾ നമ്മൾ കൃത്യമായ പ്രോജക്ട് സമർപ്പിക്കാത്തതുകൊണ്ട് നമുക്ക് നഷ്ടപ്പെടുന്നു. ഇനിയെങ്കിലും പ്രോജക്ട് കൃത്യമായി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ നന്നായി കാര്യങ്ങൾ ചെയ്ത് കൂടുതൽ തുക നേടിയെടുത്തിട്ടുണ്ട്. അതുകൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ കാര്യമുണ്ട്. ഇതിന്റെ അടിസ്ഥാനപ്രശ്നം എന്തെന്നാൽ കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ നമുക്ക് തരാൻ തയ്യാറല്ല എന്നുള്ളതാണ്. ഇന്ദിരാ ആവാസ് യോജനയുടെ ഫണ്ട് ചെലവഴിച്ചില്ല എന്ന് സി. ആന്റ് എ.ജി. 2016-17-ലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാർച്ച് മാസത്തിലാണ് പണം ട്രാൻസ്ഫർ ചെയ്തത്. അതും പറഞ്ഞതിനേക്കാൾ വളരെ കുറഞ്ഞ തുകയാണ്. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ 120 കോടി രൂപ വകയിരുത്തിയതിൽ 21 കോടി രൂപയാണ് നൽകിയത്. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ വാട്ടർ ഷെഡ് കംപോണന്റിനുള്ള പണം അനുവദിച്ചില്ല. എണ്ണായിരത്തിൽപ്പരം കോടിരൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിവിധയിനങ്ങളിലായി വകയിരുത്തിയതിൽ യഥാർത്ഥത്തിൽ ലഭിച്ചത് മൂവായിരത്തി ചില്വാനം കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബാക്കി ചെലവായിട്ടുള്ളത് കമ്മിറ്റഡ് എക്സ്പെൻഡിച്ചർ എന്ന രീതിയിൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നുകൂടി പണം കൊടുത്തുകൊണ്ടാണ്. ഇതാണ് യാഥാർത്ഥ്യമെന്ന് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

രണ്ടാമത്, നമ്മുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളല്ല, പല കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും നിലവിലുള്ളത് എന്നത് നിരന്തരമായി നടത്തുന്ന വിമർശനമാണ്. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? അതിനാവശ്യമായ അത്രയും

വീതിയുള്ള റോഡ് കിട്ടാനുള്ള സാധ്യത നമുക്കില്ല. കേന്ദ്രത്തെ കുറ്റം പറയുന്നതല്ല, നമ്മൾക്കനുയോജ്യമായ രീതിയിലുള്ള മാനദണ്ഡങ്ങളല്ല അവർ ഉപയോഗിക്കുന്നത്. മൂന്നാമത്, നമ്മുടെ പിടിപ്പുകേടാണ്. സംസ്ഥാനം വേണ്ടത്ര ജാഗ്രതയോടെ പ്രോജക്ടുകൾ സമർപ്പിക്കുന്നില്ല, യൂട്ടിലൈസേഷൻ സമയത്തിന് നൽകുന്നില്ല. ഇക്കാര്യം നമ്മൾ തന്നെ പരിഹരിക്കേണ്ടതാണ്. അതിന് ദ്രുതഗതിയിൽ നടപടി സ്വീകരിക്കും. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരിശോധന, പ്രത്യേക പ്രോജക്ട് സെൽ തുടങ്ങിയ നടപടികൾ അവലംബിക്കുന്നതാണ്. ആദ്യം പറഞ്ഞ രണ്ട് പ്രശ്നങ്ങളുടെയും രാഷ്ട്രീയ ഗൗരവം നമ്മൾ മനസ്സിലാക്കിയേ തീരൂ.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, നമ്മുടെ ഇറിഗേഷൻ പ്രോജക്ടുകളെല്ലാം 2016 ജൂലൈ മാസം കൊടുക്കേണ്ടതായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അത് കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അവർ പറഞ്ഞതുപ്രകാരം ഇറിഗേഷൻ / കൃഷി ഡിപ്പാർട്ട്മെന്റുകൾ ചേർന്നുകൊണ്ട് ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനും സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനുമുൾപ്പെടെ ഏകദേശം 30,000 കോടി രൂപയുടെ പ്രോജക്ട് അപ്‌ലോഡ് ചെയ്തിരിക്കുകയാണ്. അദ്ദേഹം പറയുന്നത് പോലെയല്ല, അതിൽ പുതിയതായി വന്നിരിക്കുന്ന കണ്ടീഷൻ അനുസരിച്ച് സ്റ്റേറ്റ് വിഹിതമെന്ന് പറയുന്ന 50 ശതമാനം ഗുണഭോക്തൃവിഹിതമാണ്. ഏത് പ്രോജക്ടും ഗുണഭോക്തൃവിഹിതം വയ്ക്കുന്ന രീതിയിലാണ് കേന്ദ്ര ഗവൺമെന്റ് അതിൽ നിർദ്ദേശങ്ങൾ വച്ചിരിക്കുന്നത്. ഒരു കുളം നന്നാക്കണമെന്നുണ്ടെങ്കിൽ 15,000 രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. അതുപ്രകാരം ഇറിഗേഷൻ പ്ലാൻ വച്ചതിനുശേഷം ആദ്യമായി ഈ വർഷമാണ് അതുമായി ബന്ധപ്പെട്ട പ്രോജക്ട് അവർ പറയുന്ന കണ്ടീഷൻ അനുസരിച്ച് സമർപ്പിക്കാൻ ആരംഭിച്ചിരിക്കുന്നത്. RAFTAAR എന്നുപറയുന്നത് ഈ വർഷമാരംഭിച്ചിരിക്കുന്ന പദ്ധതിയാണ്. കഴിഞ്ഞ തവണ RKVY (Rashtriya Krishi Vikas Yojana) ആയിരുന്ന കാലത്തെ കണ്ടീഷൻ മാറ്റിയിരിക്കുന്നു. അതിൽ ഉല്പാദന മേഖലയിൽ ഒരു കാരണവശാലും പ്രോജക്ട് സമർപ്പിക്കാൻ പാടില്ല. അടിസ്ഥാന വികസനവുമായും വാല്യൂ അഡീഷനുമായി ബന്ധപ്പെട്ട കമ്മിറ്റിയെ നിശ്ചയിച്ചുകൊണ്ട് ഈ വർഷത്തെ RAFTAAR പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ടി പ്രത്യേക സെല്ലുണ്ടാക്കി അതെല്ലാം സമർപ്പിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒന്നും വച്ചില്ല എന്നുപറയുന്നത് അടിസ്ഥാനരഹിതമായ കാര്യങ്ങളാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് വകുപ്പിൽ തന്നെ പണം ചെലവഴിച്ചില്ല എന്ന സി.ആന്റ് എ.ജി.-യുടെ പരാമർശത്തെ സപ്പോർട്ട് ചെയ്ത് ശ്രീ. കെ. കൃഷ്ണൻകുട്ടി പറഞ്ഞ കാര്യത്തെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ വസ്തുത മനസ്സിലായി. പക്ഷെ പൈസ തികയാത്ത ഒരു വകുപ്പാണ് പൊതുമരാമത്ത് വകുപ്പെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്? ആ പൈസ ചെലവഴിക്കാൻ കഴിയില്ലെന്നും ഒരുകാലത്തും ചെലവഴിച്ചിട്ടില്ലെന്നുള്ളതും സി. ആന്റ് എ.ജി. മനസ്സിലാക്കണം. ഇതൊക്കെ മനസ്സിലാക്കേണ്ടത് എം.എൽ.എ.-മാരുടെ ഉത്തരവാദിത്വമാണ്; വെറുതെ തെറ്റിദ്ധരിപ്പിക്കരുതെന്നുകൂടി ഞാൻ പറയുകയാണ്. ഇത് വീഴ്ചയല്ല, ഒരു പൈസയും ഇല്ലെന്നുള്ളതാണ് കാര്യം. ആവശ്യമായ തുക വകുപ്പ് ചെലവഴിച്ചില്ല എന്നു പറയുന്നത് ശരിയല്ല; എന്താണ് കാരണമെന്ന് അന്വേഷിക്കണം.

മി. സ്പീക്കർ: ഇപ്പോൾ വ്യക്തത വന്നല്ലോ. അതിനുവേണ്ടിയാണ് ചർച്ച ചെയ്യുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, വാട്ടർ സപ്ലൈയുമായി ബന്ധപ്പെട്ട് പണം ചെലവഴിക്കാത്ത പ്രശ്നമില്ല, പ്രവൃത്തികൾ നടക്കുന്നുണ്ട്. ചെയ്ത പ്രവൃത്തികൾക്ക് പണം കൊടുക്കാൻ തികയുന്നില്ല എന്നുള്ളതാണ് നമ്മുടെ പ്രശ്നം. ഇതുമായി ബന്ധപ്പെട്ട് നിരവധി കേസ്സുകൾ ഹൈക്കോടതിയിലുണ്ട്. പണം കൊടുക്കാത്തതിന് contempt കേസ്സുകൾ വരെയുണ്ട്. പണം ചെലവഴിക്കാതിരിക്കുന്ന പ്രശ്നമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടത്തിയ ഇടപെടലുകൾ

4(*304) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന അലംഭാവം കൊണ്ട് ജി.എസ്.ടി നടപ്പിലാക്കി ഒരു വർഷം ആയിട്ടും ഫലപ്രദമായി പ്രാവർത്തികമാകാത്തതിനാൽ സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക മുരടിപ്പിനിടയാക്കാതിരിക്കാനായി ചെയ്തിട്ടുള്ള കാര്യങ്ങൾ

എന്തെല്ലാമാണ്; ഇതര നികുതികളും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കാനുള്ള സാധ്യതയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പ്രതിസന്ധിക്കിടയിലും പദ്ധതിച്ചെലവ് സർവകാല റെക്കോർഡിലെത്തിക്കുന്നതിന് നടത്തിയ സമർത്ഥമായ ഇടപെടലുകൾ എന്തെല്ലാമായിരുന്നു; പദ്ധതികൾക്ക് അനുവദിക്കുന്ന പണത്തിന്റെ വിനിയോഗത്തിലുള്ള കാര്യക്ഷമതയും അതുവഴി കൈവരിക്കുന്ന നേട്ടങ്ങളും വിലയിരുത്തുന്ന ഔട്ട്കം ബേസ്ഡ് ബഡ്ജറ്റിംഗ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വർഷത്തെ വാർഷിക പദ്ധതി ആസൂത്രണം ചെയ്യുന്നതിലും പ്രാവർത്തികമാക്കുന്നതിലും കാര്യക്ഷമത ഉറപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസന ക്ഷേമപ്രവർത്തനങ്ങളിൽ വെട്ടിക്കുറവു വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂറിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ കൂടാതെ സമ്പദ് വ്യവസ്ഥയെ ഉണർവിന്റെ പാതയിലേയ്ക്ക് എത്തിക്കുന്നതിന് താഴെപ്പറയുന്ന വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തി.

നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യപരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യവസായാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് 2018-19 -ലെ ബഡ്ജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

മൃഗപരിപാലനത്തിന് കാലിത്തീറ്റ സബ്സിഡിക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ബഡ്ജറ്റിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന 54,000 കോടിയുടെ നിക്ഷേപത്തിൽ ഗണ്യമായ വിഹിതം മാറ്റിവയ്ക്കുകയും ചെയ്തു.

2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി വരും. ഗ്രാമവികസനത്തിന് 226.04 കോടിയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടിയുടെയും വർദ്ധനവ് മുൻവർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിൽ മുൻവർഷങ്ങളിൽ പ്രകടമായിരുന്ന ഉദാസീനതയും അനഭിലഷണീയമായ പ്രവണതകളും ഒഴിവാക്കുന്നതിനായി കാലേക്കൂട്ടി കൃത്യമായ പ്രവർത്തന പദ്ധതി തയ്യാറാക്കിയാണ് 2017-18-ൽ സർക്കാർ പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ട പ്രധാന നടപടികൾ ചുവടെ ചേർത്തുകൊള്ളുന്നു.

1. സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് മുന്തിയ പരിഗണന അർഹിക്കുന്ന പദ്ധതികളെ ഉൾപ്പെടുത്തി ഗ്രീൻ ബുക്ക് തയ്യാറാക്കി. ഗ്രീൻ ബുക്കിൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിന് ലളിതമായ നടപടിക്രമങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്.

2. പദ്ധതികൾക്കുള്ള ഭരണാനുമതി, തദ്ദേശഭരണ സ്ഥാപനങ്ങളുടേതടക്കം സമയക്രമം നിശ്ചയിച്ച് ടി പരിധിക്കുള്ളിൽ ലഭ്യമാക്കുവാൻ ശ്രമിച്ചു. പദ്ധതി വിനിയോഗത്തിൽ ഓരോ കാലയളവിലും കൈവരിക്കേണ്ട ലക്ഷ്യങ്ങളും നിഷ്കർഷിച്ചിരുന്നു.

3. പദ്ധതി പ്രവർത്തനങ്ങളുടെ നിരീക്ഷണവും അവലോകനവും വിവിധ തലങ്ങളിൽ സമയാസമയങ്ങളിൽ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി. ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിൽ പദ്ധതി അവലോകനം പ്രധാന അജണ്ടയായി ഉൾപ്പെടുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു. സംസ്ഥാന തലത്തിൽ പദ്ധതി ചെലവുകളുടെ അവലോകനം മൂന്നുമാസത്തിലൊരിക്കലും പ്രത്യേക ശ്രദ്ധ അനിവാര്യമായ സന്ദർഭങ്ങളിൽ പ്രത്യേക പദ്ധതി അവലോകന യോഗങ്ങളും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും നിഷ്കർഷിച്ചിരുന്ന സമയക്രമവും പദ്ധതി വിനിയോഗത്തിൽ കൈവരിക്കേണ്ട നിശ്ചിത ലക്ഷ്യങ്ങളും കൈവരിക്കുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

4. പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും അതിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും പദ്ധതി പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യങ്ങളിലെത്തിക്കുവാൻ പര്യാപ്തമായ നടപടികൾ കൈക്കൊണ്ടിരുന്നു.

5. പ്രധാന പദ്ധതികളും പ്രോജക്ടുകളും മുഖ്യമന്ത്രിക്ക് നേരിട്ട് നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്രത്യേക വെബ് പോർട്ടൽ ആരംഭിച്ച് നടപടി സ്വീകരിച്ചു.

6. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോന്നും പ്രത്യേകമായി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതിപ്രവർത്തനങ്ങളിലെ തുകയുടെ വിനിയോഗവും പ്രവർത്തനങ്ങളിലെ കാര്യക്ഷമതയും വിലയിരുത്തുന്നതിന് ധനവകുപ്പിനു കീഴിൽ പെർഫോർമൻസ് ബഡ്ജറ്റ് സംവിധാനം നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് എല്ലാ വർഷവും ബഡ്ജറ്റിനോടൊപ്പം സമർപ്പിക്കാറുണ്ട്.

(സി) 2018-19 വർഷത്തിലെ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി മുൻ വർഷം കൈക്കൊണ്ട പ്രവർത്തനങ്ങൾക്കു പുറമേ താഴെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പദ്ധതി നിർവ്വഹണത്തിന് നിശ്ചിത സമയക്രമം ഏർപ്പെടുത്തി. ഇതിന്റെ ഭാഗമായി തുടർ സ്കീമുകൾക്ക് വകുപ്പുതല അദ്ധ്യക്ഷൻമാർ 30-4-2018 -നകവും ക്യാപിറ്റൽ ശീർഷകത്തിൽ ഉൾപ്പെടാത്ത സ്കീമുകൾക്ക് ഭരണ, സാങ്കേതികാനുമതി, വർക്കിംഗ് ഗ്രൂപ്പുകൾ കൂടി 31-5-2018-നകവും ക്യാപിറ്റൽ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകളുടെ കാര്യത്തിൽ വകുപ്പ് സെക്രട്ടറിമാർ അവരുടെ ആവശ്യങ്ങൾ 15-4-2018-നകവും പൊതുമരാമത്തു വകുപ്പിനെ അറിയിച്ച് രണ്ടാഴ്ച കൂടുമ്പോൾ തുടർ അവലോകനം നടത്തുന്നതിനും എല്ലാ പ്രോജക്ടുകളുടെയും ഭരണാനുമതി വർക്കിംഗ് ഗ്രൂപ്പുകൾ 30-6-2018-നകവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സ്കീമുകൾക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണ സമിതി 5-5-2018-നകവും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു.

2. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഒരു തുകയും ചെലവഴിക്കാത്ത സ്കീമുകളുടെ കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾക്ക് നിർദ്ദേശം നൽകി.

3. മുഖ്യമന്ത്രിയുടെ വെബ്പോർട്ടൽ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതിനും ടി പോർട്ടലിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ കൃത്യമായി നിരീക്ഷിക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പര്യാപ്തമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിനും പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും ആവശ്യമായ മുൻകരുതൽ എടുത്തിട്ടുണ്ട്.

## സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് പ്രോത്സാഹനം

5(*305) ശ്രീ. എം. സ്വരാജ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട സംരംഭകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്നായ സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി 5000 ഏക്കർ ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും ഉല്പാദനക്ഷമത വർദ്ധനവിലൂടെ അതിജീവനം സാധ്യമാക്കുന്നതിനും നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; ഇൻഡസ്ട്രി-യൂണിവേഴ്സിറ്റി പാക്കേജ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങളുടെ വാണിജ്യ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): (എ) കേരളം പോലെയുള്ള സ്ഥലദൗർലഭ്യം നേരിടുന്ന സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് സഹായഹസ്തം നീട്ടുന്നതിനായി വിവിധ ജില്ലകളിലായി 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 4686 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ഭരണാനുമതി കിൻഫ്രയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും, സാങ്കേതികമായ അറിവുകൾ പകർന്നുനൽകുന്നതിനുമായി ടെക്നോളജി ക്ലിനിക്കുകൾ ജില്ലാതലത്തിൽ നടത്തുണ്ട്. പ്രസ്തുത പരിപാടിയിൽ സാങ്കേതിക വിദഗ്ദ്ധരുടെ ക്ലാസ്സുകൾ കേൾക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും അവസരമുണ്ടാക്കുന്നു. എം.എസ്.എം.ഇ. മേഖലകളിലെ സംരംഭങ്ങൾക്കായി ടെക്നോളജി മാനേജ്മെന്റ്, ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ പരിശീലനങ്ങൾ മുതലായവയും ജില്ലാതലത്തിൽ നടത്താറുണ്ട്. കൂടാതെ ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു നിശ്ചിത പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് വേണ്ടി എം.എസ്.ഇ.-സി.ഡി.പി. പദ്ധതി പ്രകാരം പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങൾ വഴി ആവശ്യമായ സാങ്കേതിക സഹായങ്ങൾ സജ്ജമാക്കുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതിക വിദ്യയും മറ്റും പ്രദാനം ചെയ്യുന്നതിന് കലാലയങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും സജ്ജമാക്കുന്നതിനായി "സ്ട്രെങ്ത്തനിംഗ് ലിങ്കേജ് ബിറ്റ്വീൻ ഇൻഡസ്ട്രി/ എന്റർപ്രൈസസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്/യൂണിവേഴ്സിറ്റീസ്"എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ധനസഹായം നൽകുന്നതിന് 110 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തുകയും 16-5-2018 തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 39/18/ID ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളുടെ വാണിജ്യ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. <u>ദേശീയ അന്തർദ്ദേശീയ മേളകൾ</u>- ദേശീയ അന്തർദ്ദേശീയ തലത്തിൽ കേരളത്തിന്റെ വ്യാവസായിക അനുകൂല സാഹചര്യങ്ങള പ്രചരിപ്പിക്കുന്നതിനും വ്യവസായ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി, ദേശീയ അന്തർദ്ദേശീയ മേളകളിൽ സംരംഭകരെ പങ്കെടുപ്പിക്കാറുണ്ട്.

2. വ്യവസായ പ്രദർശനം- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ പൊതുസമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി ജില്ലാതലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ നടത്തുന്നുണ്ട്.

3. മലബാർ ക്രാഫ്റ്റ് മേള– തനത് വിഭവങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത മേഖലയിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്നതിലേക്കുമായി മലബാർ ക്രാഫ്റ്റ് മേള നടത്തുന്നു.

4. കേരള അഗ്രോ ഫുഡ് പ്രോ- തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതാമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 'കേരള അഗ്രോ ഫുഡ് പ്രോ' നടത്തുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അവർക്കാവശ്യമായ യന്ത്ര സാമഗ്രികൾ പരിചയപ്പെടുത്തുന്നതിനും പ്രസ്തുത ഫെസ്റ്റ്മൂലം സാധ്യമാകുന്നുണ്ട്.

5. SME-കൾക്കുള്ള വെബ് പോർട്ടൽ- ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ വിപണി സജ്ജമാക്കുന്നതിനായി കെ-ബിപ്. മുഖേന വെബ്ബ് പോർട്ടലുകൾ രൂപീകരിച്ചിട്ടുണ്ട്. www.keralasme.org, www.keralasme.com. എന്നീ വെബ് പോർട്ടലുകളെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിപണന വിഭാഗത്തിൽ ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായികൾ അഭിമുഖീകരിക്കുന്ന പ്രധാന വിഷയങ്ങളിൽ ഒന്നായ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങി സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വിതരണം നടത്തിവരുന്നു. ചെറുകിട ഇടത്തരം യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ സിഡ്കോ മുഖാന്തരം വിതരണം നടത്തുവാൻ വേണ്ടി യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നു.

## കെ.എസ്.ഐ.ഡി.സി.-വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ

6(*306) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ഉണ്ണി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.-വഴി നടപ്പിലാക്കിവരുന്ന വ്യവസായ പ്രോത്സാഹന പദ്ധതികളിൽ പ്രധാനപ്പെട്ടവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) വ്യവസായ മേഖലകളിൽ ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ചെറുകിട വ്യവസായങ്ങൾക്ക് സഹായ പലിശയ്ക്ക് വായ്പ അനുവദിക്കുകയെന്ന ഉദ്ദേശ്യത്തോടെ കെ.എഫ്.സി. യുടെ വായ്പാരീതി അഴിച്ചുപണിയാൻ വേണ്ട നിർദ്ദേശങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ഐ.ഡി.സി. ചേർത്തലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഭക്ഷ്യ സമുദ്രോല്പന്ന സംസ്കരണത്തിനായുള്ള മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുക, വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്നീ നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിങ് സംരംഭം നടപ്പിലാക്കാനായി 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും എന്ന നിയമം നിലവിൽ വന്നിട്ടുണ്ട്. അതിൻപ്രകാരം വിവിധ വകുപ്പുകളിലെ അപേക്ഷാഫോറങ്ങൾ പരിഷ്കരിച്ച് ഏകീകരിച്ചുകൊണ്ട് ഒരു കോമൺ അപേക്ഷാഫോറം രൂപകല്പന ചെയ്യുവാനും ഏകജാലക ഓൺലൈൻ സംവിധാനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കെ.എസ്. ഐ.ഡി.സി. നേതൃത്വം നൽകി വരുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാര യോഗ്യവുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായം ആയി നൽകി വരുന്നത്. ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ഇൻക്യുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു.

- സംസ്ഥാനത്ത് വ്യവസായ പ്രോത്സാഹനത്തിനായി കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുമായി വിവിധതരം ട്രേഡ് ഫെയറുകളിൽ കേരളത്തിനെ പ്രതിനിധീകരിച്ച് കെ.എസ്.ഐ.ഡി.സി. പങ്കെടുത്തുവരുന്നു. ഇവിടങ്ങളിൽ കേരളത്തിനുവേണ്ടി പവലിയനുകൾ ഒരുക്കുകയും ഈ പവലിയനുകളിൽ സംസ്ഥാനത്തുള്ള വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും, വിപണനം ചെയ്യുവാനുമുള്ള അവസരം ഒരുക്കുകയും ചെയ്തുവരുന്നു. ഇത്തരം ട്രേഡ് ഫെയറുകളിൽ കേരളത്തിന്റെ നിക്ഷേപസാധ്യതകളും വ്യവസായ അന്തരീക്ഷവും അവസരങ്ങളും പ്രദർശിപ്പിക്കുവാനും ഇതിലൂടെ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിന് വഴിയൊരുക്കുകയും ചെയ്യുന്നു.
- വനിതാ സംരംഭകരുടെ നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനോ വൈവിദ്ധീകരണത്തിനോ വേണ്ടി കെ.എസ്.ഐ.ഡി.സി. പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ 7.5 ശതമാനം പലിശ നിരക്കിൽ 25 ലക്ഷം രൂപ വരെ 6 വർഷ തിരിച്ചടവ് കാലാവധിയിലാണ് വായ്പ അനുവദിക്കുന്നത്.
- വ്യവസായ മേഖലയേയും ഗവേഷണവും വികസനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയും കോർത്തിണക്കി ജൈവശാസ്ത്ര മേഖലയിൽ ഭൗമശാസ്ത്രപരമായി ഒരു ശേഖരം സൃഷ്ടിക്കുവാൻ ഈ പദ്ധതിയിലൂടെ കഴിയും. ജൈവ ശാസ്ത്രം, ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നീ

മേഖലകളിൽ അതിവേഗം ഉണ്ടാവുന്ന പുരോഗതിയും വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ഈ പാർക്കിലൂടെ ധാരാളം നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

- സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ചേർത്തല, കോഴിക്കോടുള്ള കിനാലൂർ എന്നിവിടങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വിശ്രമകേന്ദ്രം, ക്രഷ്, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവ ഒരുക്കുവാൻ കെ.എസ്.ഐ.ഡി.സി. എൺപതു ലക്ഷം രൂപ മുതൽ മുടക്കിൽ ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.
- ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, ചേർത്തല എന്നീ പ്രദേശങ്ങളിൽ സാമ്പത്തികവും വ്യാവസായികവുമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്ത വ്യവസായ വളർച്ചാ കേന്ദ്രങ്ങളാണ് ആലപ്പുഴ ഐ.ജി.സി, കോഴിക്കോട് ഐ.ജി.സി., കണ്ണൂർ ഐ.ജി.സി., ചേർത്തല ഐ.ജി.സി.
- ലോകത്തിലെ ജൈവ വൈവിദ്ധ്യ മേഖലകളിൽ ഒന്നായ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സമ്പന്നതയെ കൂട്ടിയിണക്കി, കേരള സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖാന്തരം തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ വെയിലൂർ വില്ലേജിൽ ഒരു ജൈവശാസ്ത്ര പാർക്ക് വികസിപ്പിച്ചെടുക്കുകയാണ്. ഈ പാർക്കിൽ ബയോ ടെക്നോളജി, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത് കെയർ തുടങ്ങിയ മേഖലയിലെ വ്യാവസായിക വികസനമാണ് ലക്ഷ്യമിടുന്നത്.
- ശ്രീചിത്രയുമായി ചേർന്ന് ലൈഫ് സയൻസ് പാർക്കിൽ 9 ഏക്കർ സ്ഥലത്ത് ഒരു മെഡിക്കൽ ഡിവൈസസ് പാർക്ക് രൂപീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. കേരള സംസ്ഥാന ശാസ്ത്ര കൗൺസിൽ ടെക്നോളജി & എൻവയോൺമെന്റ് സ്റ്റേറ്റ് 25 ഏക്കറിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിലേയ്ക്കായി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

(ബി) കേരള സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ ഗ്രാമ ചെറുകിട വ്യവസായ മേഖലയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് പിന്തുണ നൽകുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. സംസ്ഥാനത്തെ മൊത്തം ചെറുകിട ഇടത്തരം സംരംഭകർക്ക് ഉന്നത നിലവാര

അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വിദ്യാമികവ്, വ്യാപാര വികസന സേവനങ്ങൾ എന്നിവയിലൂടെ തൊഴിലവസരങ്ങളും നിക്ഷേപങ്ങളും വർദ്ധിപ്പിക്കുവാൻ ഊന്നൽ നൽകിവരുന്നു. സ്ത്രീകൾ, യുവാക്കൾ, പട്ടികജാതി/പട്ടികവർഗ്ഗം, അംഗപരിമിതർ എന്നിവർ ഉൾപ്പെടുന്ന സാമൂഹിക വിഭാഗത്തെ ലക്ഷ്യമാക്കിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ക്ലസ്റ്ററുകളുടെ സമഗ്ര വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഡെവലപ്മെന്റ് കമ്മീഷണർ (എം.എസ്.എം.) യുടെ ഒരു പ്രധാന പദ്ധതിയായ എം.എസ്.എം.ഇ. ക്ലസ്റ്റർ വികസന പദ്ധതിയിൽ പശ്ചാത്തല വികസന പിന്തുണ ഉണ്ട്. കൂടാതെ അസംസ്കൃത വസ്തു ശേഖരണം, വായ്പകൾക്കുള്ള മൂല്യ്യൽ ക്രെഡിറ്റ് ഗ്യാരന്റി, കോമൺ ബ്രാന്റ് സൃഷ്ടിക്കൽ, വിപണനം, പൊതു സൗകര്യ സേവനകേന്ദ്രങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധനയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫർണിച്ചർ ക്ലസ്റ്റർ കോഴിക്കോട്, ഫർണിച്ചർ ക്ലസ്റ്റർ കണ്ണൂർ, വുഡ് ക്ലസ്റ്റർ ചടയമംഗലം, ഫർണിച്ചർ ക്ലസ്റ്റർ തൃശ്ശൂർ, പ്രിന്റിംഗ് ക്ലസ്റ്റർ കണ്ണൂർ എന്നിവയാണ് നിലവിലെ പ്രധാന പദ്ധതികൾ

(സി) ഉണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് സഹായകരമായ രീതിയിൽ പലിശനിരക്ക് 9.5 ശതമാനം എന്ന ബേസ് റേറ്റിലേയ്ക്ക് കുറച്ചിട്ടുണ്ട്. വ്യവസായ സംരംഭകരുടെ ക്രെഡിറ്റ് റേറ്റിംഗിന് അനുസരിച്ചാണ് പലിശ നിരക്ക് തീരുമാനിക്കുന്നത്. കൂടാതെ, നല്ല സംരംഭകരെ ആകർഷിക്കുന്നതിനായി ശക്തമായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി മികച്ച വായ്പാ പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി കേന്ദ്രീകൃത അപ്രൈസൽ സംവിധാനം നിലവിൽ വന്നു. സ്റ്റാർട്ട്-അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ചേർത്തലയിൽ സ്ഥാപിച്ചു വരുന്ന സമുദ്രോല്പന്ന ഭക്ഷ്യസംസ്കരണ മെഗാഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള റോഡ്, അഴുക്കുചാൽ, ശുദ്ധജല വിതരണ സംവിധാനം, ചുറ്റുമതിൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. മലിനജലം സംസ്കരിക്കുന്നതിനുള്ള ശാലയുടെ പ്രവർത്തി നടന്നുവരികയാണ്.

വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടം, പൊതു ആവശ്യത്തിനുള്ള കെട്ടിടം, സംഭരണ ശാല, ശീതീകരണ ശാല, മത്സ്യങ്ങളുടെ മാംസം വേർതിരിക്കുന്നതിനുള്ള ശാല എന്നിവയുടെ പ്രവർത്തികളും, മെഗാഫുഡ് പാർക്കിന്റെ ഗേറ്റും സെക്യൂരിറ്റി ക്യാബിൻ എന്നിവയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നിർമ്മാണ പ്രവൃത്തികളെല്ലാം 2018 ഡിസംബർ അവസാനത്തോടെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

7(*307) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ.ഡി. പ്രസേനൻ :
ശ്രീ. കെ.കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല ബാങ്കുകൾ സാമൂഹ്യ ഉത്തരവാദിത്വത്തിൽനിന്നും പിൻമാറുന്ന സാഹചര്യത്തിൽ ബ്ലേഡ് പലിശക്കാരും സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളും സാധാരണക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിച്ച് ശാക്തീകരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കേരളത്തിലെ സഹകരണ ബാങ്കിംഗ് രംഗത്തിന്റെ നവീകരണത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്തുക എന്ന സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാൻ സഹകരണ പ്രസ്ഥാനം നടത്തി വരുന്ന ഇടപെടലുകൾ വിശദമാക്കുമോ;

(ഡി) കൺസ്യൂമർഫെഡിൽ നിലനിന്നിരുന്ന അഴിമതി അവസാനിപ്പിച്ച് ജനോപകാരപ്രദമാക്കി മാറ്റിത്തീർക്കാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഇ) നിലവിൽ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ കൺസ്യൂമർഫെഡ് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതോടെ സാധാരണക്കാരന് ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നതാണ്. പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യുവാൻ കഴിയാത്ത പ്രവൃത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കുവാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തുവാനും മറ്റ് പൊതുമേഖലാ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും നൽകുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബ്ലേഡ് പലിശക്കാരെ നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പും കുടുംബശ്രീയുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിക്കുവാനും സർക്കാർ നടപടി കൈക്കൊണ്ടുവരുന്നു.

(ബി) സാധാരണക്കാർക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നൽകാൻ കഴിയുന്ന തരത്തിൽ സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സഹകരണ രംഗത്തെ ആധുനീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് നടപ്പിലാക്കിവരുന്നു. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസൃതമായി അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ റംസാൻ, ഓണം, ക്രിസ്തുമസ്, പുതുവത്സരം എന്നീ ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തി വരുന്നു. ഇതിനു പുറമേ സംസ്ഥാനത്ത് അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്നതിനെത്തുടർന്ന് 2017 മാർച്ച്-ഏപ്രിൽ കാലയളവിൽ പശ്ചിമബംഗാളിൽനിന്നും അരി ഇറക്കുമതി ചെയ്ത് 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസ്സൂരി എന്ന ഉല്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. ഉത്സവകാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 2017 ഓണം വിപണിക്കായി 34.62 കോടി രൂപയും ക്രിസ്തുമസ് പുതിവത്സര വിപണിയ്ക്കായി 35.04 കോടി രൂപയും സർക്കാർ സബ്സിഡി അനുവദിച്ചിരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 196 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും 59 മൊബൈൽ ത്രിവേണികളിലൂടെയും സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തിവരുന്ന നീതിസ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാളും കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തിവരുന്നുണ്ട്. റംസാൻ പ്രമാണിച്ച് 13 ജില്ലാ കേന്ദ്രങ്ങളിൽ 2018 ജൂൺ മാസം 9 മുതൽ 13 വരെ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ റംസാൻ വിപണി സംഘടിപ്പിച്ചിരുന്നു. കോഴിക്കോട് ജില്ലയിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം പ്രയോജനപ്പെടുത്തി റംസാൻ വിപണിയുടെ ആനുകൂല്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. 2018 ഓണത്തോടനുബന്ധിച്ച് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലൂടെ 10 ദിവസം നീണ്ടുനിൽക്കുന്ന 3500 ഓണം വിപണികൾ നടത്തുന്നതിന് പദ്ധതി തയ്യാറായിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ ഈ വിപണികളിലൂടെ വിൽപ്പന നടത്തുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിയായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട് സഹകരണ സ്ഥാപനങ്ങളിലൂടെ ഇത്തരത്തിൽ നടന്നുവരുന്ന വിപണി ഇടപെടൽ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

(ഡി) കൺസ്യൂമർ ഫെഡിലെ അഴിമതി അവസാനിപ്പിച്ച് ജനോപകാര പ്രദമാക്കിത്തീർക്കുന്നതിന്റെ ഭാഗമായി ഫെഡറേഷനിൽ 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ ഫെഡറേഷൻ പ്രവർത്തിച്ചുവരുന്നത്. സബ്സിഡി കുടിശ്ശിക ഇനത്തിൽ ബാക്കി നൽകുവാനുണ്ടായിരുന്ന 56.9932 കോടി രൂപ ഈ സർക്കാർ അധികാരമേറ്റശേഷം ഫെഡറേഷന് നൽകി. 2016 റംസാൻ വിപണിക്ക് 5 കോടി രൂപയും 2017 ഓണം വിപണിക്ക് 34.62 കോടി രൂപയും 2017 ക്രിസ്തുമസ് പുതുവത്സര വിപണിക്ക് 35.04 കോടി രൂപയും സർക്കാർ അനുവദിച്ചു നൽകിയിരുന്നു. ഫെഡറേഷനിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കി ഇതിലൂടെ നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുന്നതിന് സാധിച്ചു. മരുന്നു കമ്പനികളിൽനിന്നും നേരിട്ട് മരുന്നുകൾ വാങ്ങുന്നതിനും ഇതിലൂടെ നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട് ബുക്ക് ഉൾപ്പടെയുള്ള സ്റ്റേഷനറി സാധനങ്ങളും സ്റ്റുഡന്റ്സ് മാർക്കറ്റിലൂടെ വില്പന നടത്തിയിരുന്നു. ഫെഡറേഷന്റെ നേതൃത്വത്തിൽ 196 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, 59 മൊബൈൽ ത്രിവേണികൾ, 12 ഇ-ത്രിവേണി സ്റ്റോറുകൾ എന്നിവിടങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാളും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തിവരുന്നുണ്ട്. ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് ഫെഡറേഷൻ നേതൃത്വം പൽകിവരുന്നു. ഇത്തരത്തിൽ ജനോപകാരപ്രദമായ പദ്ധതികൾ ഫെഡറേഷന്റെ നേതൃത്വത്തിൽ നടത്തുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

(ഇ) പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും നീതിസ്റ്റോറുകളുടെ ഒരു ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആയതിലേയ്ക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡ് വാങ്ങി വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ 196 ത്രിവേണി സ്റ്റോറുകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും അത് വഴി വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ഉത്സവ കാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിലൂടെ വിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അരിവില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ 2017 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പശ്ചിമ ബംഗാളിൽനിന്നും അരി ഇറക്കുമതി ചെയ്ത് 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസ്സൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. ഈ ഇടപെടൽ ഫലപ്രദമാകുകയും സംസ്ഥാനത്ത് അരിവില കുറയ്ക്കുന്നതിന് സഹായകമാകുകയും ചെയ്തിട്ടുണ്ട്.

## റവന്യൂവരുമാന വളർച്ചാനിരക്ക് കുറഞ്ഞതായ സി.ആന്റ് എ.ജി. റിപ്പോർട്ട്

8(*308) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം സംസ്ഥാന റവന്യൂവരുമാനത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റവന്യൂവരുമാനത്തിന്റെ വളർച്ചാ നിരക്ക് കുറയുവാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നികുതി വരുമാനം കുറയുന്നത് പരിശോധിക്കാൻ സി. ആന്റ് എ.ജി. ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31-3-2017-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂവരുമാനം മുൻവർഷത്തെ (2015-16) അപേക്ഷിച്ച് 9.53 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ടി വളർച്ചാ നിരക്ക് മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) 2006-2011 കാലയളവിൽ ശരാശരി 17.20 ശതമാനം വളർച്ച കൈവരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2011-2016 ആയപ്പോഴേയ്ക്കും ശരാശരി വളർച്ച 12.40 ശതമാനത്തിലേയ്ക്ക് കുത്തനെ ഇടിയുകയാണുണ്ടായത്. 2006-2011 കാലയളവിൽ വാണിജ്യ നികുതി പിരിവിന്റെ വളർച്ചാ നിരക്ക് പല ഘട്ടങ്ങളിലും സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്കിനെക്കാൾ അധികരിച്ച നിലയിൽ ഉയർന്നിരുന്നു. എന്നാൽ 2011-2016 കാലയളവിലെ അവസാന മൂന്നു വർഷങ്ങളിൽ ഇത് സംസ്ഥാന സാമ്പത്തിക വളർച്ചയെക്കാൾ പിന്നിലേക്കു പോകുകയാണുണ്ടായത്. തത്ഫലമായി 2006-2011-ൽ 66.8 ശതമാനം ആയിരുന്ന റവന്യൂവരുമാനത്തിലെ

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വിഹിതമെന്നത് 2011-2016-ൽ 64 ശതമാനം ആയി ഇടിഞ്ഞു. അഴിമതിയുടെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും ഫലമായി സംജാതമായ മേൽ വീഴ്ചയിൽനിന്നും സംസ്ഥാനത്തെ മുക്തമാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. കൂടാതെ വികലമായ മദ്യനയം എക്സൈസ് നികുതിയിൽ നിന്നുള്ള വരുമാനത്തിന്റെ ഗണ്യമായ കുറവുവരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം (കേന്ദ്ര നികുതി വിഹിതം കഴിച്ച്) നിർദ്ദിഷ്ട സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 2013-14ൽ 37 ശതമാനവും 2014-15-ൽ 81 ശതമാനവും 2015-16-ൽ 19 ശതമാനവും വർദ്ധിച്ചപ്പോൾ 2016-17-ൽ 5 ശതമാനത്തിന്റെ കുറവു വന്നു. ഇതും റവന്യൂവരുമാനത്തിലെ വളർച്ചാ നിരക്കിനെ പിന്നോട്ടടിക്കുന്നതിന് ഹേതുവായിട്ടുണ്ട്. 2016 നവംബർ മാസത്തിൽ യാതൊരു അവധാനതയും ഇല്ലാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി രാജ്യത്താകമാനം ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ തനത് റവന്യൂവിഭവ ശേഷിക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാർ നികുതി ഭരണത്തിൽ കൈക്കൊണ്ടുവന്ന പുനരുജ്ജീവന പ്രക്രിയയുടെ ഫലം അതുകൊണ്ടു തന്നെ അപ്രസക്തമാക്കപ്പെട്ടു.

(സി) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച കുറഞ്ഞുവരുന്ന പ്രവണത പരിശോധിക്കുന്നതിനും ഇത് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിനോട് സി. ആന്റ് എ. ജി. ശിപാർശ ചെയ്തിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടുകൂടി നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് ഗണ്യമായ തോതിൽ പരിമിതപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പരിമിതികൾക്കുള്ളിൽനിന്നും പരമാവധി വിഭവ സമാഹരണത്തിനുള്ള ആത്മാർത്ഥവും പ്രായോഗികവുമായ നിതാന്ത പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

### സാമ്പത്തിക പ്രതിസന്ധി

9(*309) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി എപ്രകാരം നേരിടുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുവാൻ ഇടയായിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സർക്കാർ നിശ്ചയിച്ച പ്രകാരം 2017-18 അവസാനത്തിൽ എത്ര ശതമാനം പൂർത്തിയാക്കേണ്ടതായിരുന്നു; എത്ര ശതമാനമാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയ തലത്തിൽ പൊതുവായുമുട്ടുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂവരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവുവരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുക എന്നതാണ് സർക്കാരിന്റെ നയം.

ജി.എസ്.ടി.-യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്:

1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.

2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.

6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.

7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.

8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5 ശതമാനം വർദ്ധിപ്പിച്ചു.

9. റവന്യൂറിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.

ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് റെക്കോർഡ് നിലവാരത്തിലാണ്. സാമ്പത്തിക പരാധീനതയുടെ പേരിൽ വികസന പ്രവർത്തനങ്ങൾക്ക് മുടക്കം സംഭവിച്ചിട്ടില്ല.

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് 100 ശതമാനം പൂർത്തിയാക്കുവാനായിരുന്നു 2017-18-ൽ ലക്ഷ്യമിട്ടിരുന്നത്. ലഭ്യമായ വകുപ്പുതല കണക്കുകൾ പ്രകാരം 31-3-2018-ലെ ചെലവ് 85.44 ശതമാനമാണ്. 31-3-2018-ന് വൈകി ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ പിന്നീട് മാറി നൽകിയിട്ടുണ്ട്. ആയതും കൂടി കണക്കിലെടുക്കുമ്പോൾ ഇത് 90.02 ശതമാനം വരുമെന്നാണ് വകുപ്പുതല കണക്കുകൾ കാണിക്കുന്നത്.

## അതിസൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

10(*310) ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. പി. വി. അൻവർ:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂപ്രകൃതിയുടെ സവിശേഷതയും ഉയർന്ന ജനസാന്ദ്രത മൂലമുള്ള ഭൂമിയുടെ ലഭ്യതക്കുറവും കണക്കിലെടുത്ത്, അനുയോജ്യമായതും കൂടുതൽ തൊഴിൽശക്തി ആഗിരണം ചെയ്യാനുള്ള പ്രാപ്തിയും സ്ത്രീകൾക്ക് വിപുലമായ തോതിൽ അവസരങ്ങൾ തുറന്നിടുന്നതുമായ അതിസൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പരിഗണന നൽകുമോ;

(ബി) ഇത്തരം സംരംഭങ്ങളുടെ വ്യാപനത്തിനായി കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യത പ്രചരിപ്പിക്കാനായി പദ്ധതിയുണ്ടോ; ഉല്പന്നങ്ങളുടെ വിപണനത്തിനായി കേന്ദ്രീകൃത സംവിധാനം ഒരുക്കാൻ സാധിക്കുമോ;

(സി) ഗ്രാമ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭക സഹായം നൽകാനും യന്ത്രോപകരണങ്ങൾ പരിചയപ്പെടുത്താനും മിതമായ പലിശക്ക് മൂലധനം ലഭ്യമാക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അതി സൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പരിഗണന നൽകുന്നുണ്ട്. അതിനായി 'നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി' എന്ന പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഉല്പാദക-ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ, വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക.

സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6 ശതമാനം മുതൽ 8 ശതമാനം വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ ലഭിക്കുന്നു. കൂടാതെ നാനോ ഹൗസ് ഹോൾഡ് യൂണിറ്റുകൾ, പി.എം.ഇ.ജി.പി. യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് പൊതുസൗകര്യ കേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത ക്ലസ്റ്റർ വികസന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 25 ലക്ഷം രൂപ വനിതാ യൂണിറ്റുകൾക്കായി പ്രത്യേകം മാറ്റിവെച്ചിരിക്കുന്നു.

(ബി) കേരളത്തിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ കാർഷിക സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേകം വ്യവസായ-വാണിജ്യ മേളകൾ 'കേരള അഗ്രോ ഫുഡ് പ്രൊ' എന്ന പേരിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേള സംഘടിപ്പിക്കുക വഴി ഈ രംഗത്തെ ആധുനിക പ്രവണതകൾ പരിചയപ്പെടുത്തുകയും എം.എസ്.എം.ഇ./നാനോ സംരംഭങ്ങൾ ഉൾപ്പെടെ കാർഷികാധിഷ്ഠിത ഭക്ഷ്യ വ്യവസായ യൂണിറ്റുകളെയും, ടെക്നിക്കൽ സ്ഥാപനങ്ങളെയും, മെഷിനറി സപ്ലയർമാരെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച ടെക്നോളജി ക്ലിനിക്, ഇഡിപി തുടങ്ങിയ പരിപാടികളിൽ ഭക്ഷ്യ സംസ്കരണ വ്യവസായ രംഗത്തെ സാദ്ധ്യതകളെ കുറിച്ചുള്ള അവബോധവും നടത്തിവരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴിയുള്ള ആനുകൂല്യം കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്. സംരംഭകത്വ സഹായ പദ്ധതിയിൽ കാർഷികാധിഷ്ഠിത ഉല്പാദന യൂണിറ്റുകൾക്ക് 10 ശതമാനം അധികം സബ്സിഡി മറ്റു മേഖലയിലുള്ള യൂണിറ്റുകൾക്ക് നൽകുന്നതിനേക്കാൾ നൽകുന്നുണ്ട്. ഇത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി വ്യവസായ ക്ലസ്റ്റർ അധിഷ്ഠിത വികസന പദ്ധതികളിലൂടെ കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിന് സാധിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത ക്ലസ്റ്റർ വികസന പദ്ധതിയും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയും നടപ്പിലാക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.

കർഷകരെയും, പുതിയ സംരംഭകരെയും കാർഷിക സംരംഭങ്ങളിൽ പങ്കാളികളാക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരുന്നു. അതിനായി 2016, 2017 വർഷങ്ങളിൽ 'വൈഗ 2016', 'വൈഗ 2017' എന്നീ പേരുകളിൽ കാർഷിക വ്യാവസായിക പ്രദർശനവും തുടർന്ന് പരിശീലനങ്ങളും കൃഷി വകുപ്പ് മുഖേന നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് Small Farmers Agri Business Consortium വഴി ധനസഹായവും കൃഷി വകുപ്പ് നൽകി വരുന്നു.

(സി) ഗ്രാമ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭക സഹായം നൽകാനും യന്ത്രോപകരണങ്ങൾ പരിചയപ്പെടുത്താനും മിതമായ പലിശക്ക് മൂലധനം ലഭ്യമാക്കാനും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി- നാനോ കുടുംബ സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിൽ 6 ശതമാനം മുതൽ 8 ശതമാനം വരെ ഇളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) നൽകുന്ന പദ്ധതി.

2. സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് മൂലധന പിന്തുണ വഴി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരവും നിക്ഷേപവും വിറ്റുവരവും സാധ്യമാക്കു ന്നതിനായി സംരംഭക സഹായ പദ്ധതിക്കായി 2018-19 ബഡ്ജറ്റിൽ 6000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. മുന്നൂറ് ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്‌മെന്റ് പ്രോഗ്രാം.

4. തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതിക്കായി മുന്നൂറു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായ പദ്ധതിക്ക് (ആഷ പദ്ധതി) 35 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്‌മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്‌മെന്റ് ഡെവലപ്‌മെന്റ്

പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

## സംസ്ഥാനത്തിന്റെ കടബാധ്യത

11(*311) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വായ്പയെടുക്കുന്നതിന്റെ 68% നിലവിലുള്ള കടം തിരിച്ചടയ്ക്കാൻ ഉപയോഗിക്കുന്നുവെന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ കടവും ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം ആരോഗ്യകരമായ ഒന്നാണോ; വിശദമാക്കുമോ;

(സി) വർദ്ധിച്ചു വരുന്ന കടബാധ്യത നേരിടുന്നതിന് ഏതൊക്കെ തരത്തിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

(ഡി) പൊതുകടം സാമ്പത്തിക സ്ഥിതിയെ ബാധിക്കാത്ത തരത്തിൽ എപ്രകാരം മുന്നോട്ട് പോകുമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 2011-2016 കാലയളവിൽ പൊതുകടം 100 ശതമാനമാണ് വർദ്ധിച്ചത്. ടി കടം ഉൾപ്പെടെ പരിപാലിക്കുന്നതിന് 2016-17-ൽ ലഭിച്ച വായ്പയുടെ 68 ശതമാനത്തോളം വിനിയോഗിച്ചതായി 31-3-2017-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള റിപ്പോർട്ടിൽ പരാമർശമുണ്ട്.

(ബി) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത/ജി.എസ്ഡി.പി. അനുപാതലക്ഷ്യം 2016-17-ൽ 30.84 ശതമാനത്തിനുള്ളിൽ തന്നെ നിലനിർത്തേണ്ടതുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കട ബാധ്യത ജി.എസ്.ഡി.പി. അനുപാതം 2016-17-ൽ 30.22 ശതമാനമായി നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(സി&ഡി) സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. അപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയ പരിധിക്കുള്ളിൽ നിന്നുമാണ് സംസ്ഥാനവും ഓരോ വർഷവും കടമെടുത്ത് പോരുന്നത്. കടത്തിന്റെ പരിപാലനമടക്കമുള്ള ചെലവുകൾ വഹിക്കുന്ന പാകത്തിൽ വരവിനെ ക്രമാനുഗതമായ വർദ്ധനവിലൂടെ പ്രാപ്തമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.
2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.
3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.
4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.
5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.
6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.
7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.
8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5 ശതമാനം വർദ്ധിപ്പിച്ചു.

9. റവന്യൂറിക്കവറി നടപടികൾ ത്വരിതപ്പെടുത്തും

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.

ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യച്ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാനുള്ള നടപടികൾ

12(*312) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ഇ. പി. ജയരാജൻ:
പ്രൊഫ. കെ.യു. അരുണൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പദ്ധതി ചെലവിലും പദ്ധതിയേതര ചെലവിലും ഇരുപത് ശതമാനത്തിലധികം വർദ്ധനവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ പ്രധാന നികുതി സ്രോതസ്സായ ജി.എസ്.ടി. പ്രതീക്ഷിത തോതിൽ വളരാത്തത് റവന്യൂവിടവിലുള്ള അന്തരം വർദ്ധിപ്പിക്കുന്നതിനാൽ വികസന ക്ഷേമപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; നികുതി ചോർച്ച ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) നികുതി വർദ്ധനവിൽ മാന്ദ്യതയുള്ള സാഹചര്യത്തിൽ, കടമെടുപ്പ് പരിധിയും റവന്യൂകമ്മിയും കുറയ്ക്കണമെന്ന കേന്ദ്ര നിർദ്ദേശം ധനപ്രതിസന്ധിക്ക് വഴിവെക്കാതിരിക്കാൻ എന്ത് മാർഗ്ഗമാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനാപരമായ മാറ്റങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പദ്ധതി പദ്ധതിയേതര ചെലവുകളുടെ റവന്യൂവരുമാനത്തിലുള്ള അന്തരം ക്രമാനുഗതമായി കൂടി വരുന്നുവെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ആശങ്കയുളവാക്കുന്ന ഒന്നാണ്. എന്നാൽ വികസന ക്ഷേമ ചെലവുകളിലൊരു കുറവും വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്തിന്റെ തനത്

റവന്യൂവരുമാനം വർദ്ധിപ്പിച്ചുകൊണ്ട് ഈ സ്ഥിതി വിശേഷം മറികടക്കുകയെന്നതാണ് കരണീയം. എന്നാൽ ചരക്കു സേവന നികുതി നടപ്പിലാക്കിയതോടുകൂടി നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം പരിമിതപ്പെട്ടു. ടി പരിമിതമായ സാഹചര്യത്തിലും ചരക്ക് സേവന നികുതി ഇതരപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതി ചോർച്ച ഒഴിവാക്കിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ച് ധനദൃഢീകരണം സാദ്ധ്യമാക്കിയുമുള്ള സാമ്പത്തിക മാനേജ്മെന്റിലൂടെ മേൽ ബുദ്ധിമുട്ട് പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി നികുതിചോർച്ച പരിഹരിക്കുന്നതിനായി പ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

<u>രജിസ്ട്രേഷൻ വകുപ്പ്</u>

1. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർവാല്യൂവേഷൻ കേസ്സുകൾ, ഫ്ലാറ്റുകളുടെ അണ്ടർ വാല്യൂവേഷൻ കുടിശ്ശിക എന്നിവ തീർപ്പാക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി

2. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂനഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

<u>എക്സൈസ് വകുപ്പ്</u>

1. അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനസ്റ്റി സ്കീം) നടപ്പിലാക്കി.

<u>വാണിജ്യ നികുതി വകുപ്പ്</u>

1. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി

2010-11 വരെയുള്ള വർഷങ്ങളിൽ ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. അതിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകി.

3. നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ശാസ്ത്രീയ പരിശോധനകൾക്ക് സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

4. ജി.എസ്.ടി. നടപ്പിലാക്കിയതോടെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഈ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി. സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിനും ചില ഉപാധികളോടെ ഈ-വേ ബിൽ നടപ്പിലാക്കി.

5. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത് ഇത്തരം ചരക്കു കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജന്റ്സ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

6. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി ഉയർന്ന വിറ്റുവരവുള്ള വ്യാപാര മേഖലയിൽ നികുതി നിർണ്ണയം നടത്തുന്ന നടപടികൾ കാര്യക്ഷമമായി നടന്നു വരുന്നു.

7. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

8. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

9. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കിവരുന്നു.

10. റവന്യൂറിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) സർക്കാരിന്റെ റവന്യൂവരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചും ധനദൃഢീകരണം കൈവരിക്കുക എന്നതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു.

1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം വിപുലീകരിക്കും

2. കേരള മൂല്യ വർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ തീരുമാനിച്ചു.

4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് അടയ്ക്കേണ്ടുന്ന നികുതി വെട്ടിച്ച് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നികുതി ഒടുക്കുന്നതിനായി ആംനസ്റ്റി സ്കീം 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.

6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.

7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്ന തിന് നടപടികൾ ആലോചനയിലാണ്.

8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5 ശതമാനം വർദ്ധിപ്പിച്ചു.

9. റവന്യൂറിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.

ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യച്ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽനിന്നും ഇരുപത്തിയെട്ട് എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപതെണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും മാറ്റുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അറുപത് ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്.

## നികുതി വരുമാനത്തിലെ കുറവ്

13(*313) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നികുതി വരുമാനത്തിലെ കുറവ് സംസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും വികസന പദ്ധതികളേയും ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

(എ) മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2011-12 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ വിലയിരുത്തുമ്പോൾ കഴിഞ്ഞ ഒരു ദശാബ്ദ കാലയളവിൽ ഏറ്റവും കുറഞ്ഞ നികുതി വരുമാന വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത് 2013-14 സാമ്പത്തിക വർഷത്തിലാണ്.

| വർഷം | തനത് നികുതി വരുമാനം | വർദ്ധനവ് |
|---|---|---|
| 2011-12 | 25718.60 | 3996.91 |
| 2012-13 | 30076.61 | 4358.01 |
| 2013-14 | 31995.02 | 1918.41 |
| 2014-15 | 35232.50 | 3237.48 |
| 2015-16 | 38995.15 | 3762.65 |
| 2016-17 | 42176.38 | 3181.23 |
| 2017-18 (എ.ജി.യുടെ താൽക്കാലിക കണക്കുകൾ പ്രകാരം) | 46459.64 | 4283.26 |

സമ്പദ്‌വ്യവസ്ഥയിൽ പൊതുവിൽ നിലനിന്നിരുന്ന മാന്ദ്യം, നോട്ട് അസാധുവാക്കൽ നടപടി, വേണ്ടത്ര ആസൂത്രണമില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കൽ എന്നിവയെ തുടർന്നുണ്ടായ പ്രതിസന്ധികൾക്കിടയിലും 2017-18 സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധേയമാണ്.

(ബി) തനത് നികുതി വരുമാനലഭ്യതയിൽ പ്രതീക്ഷിച്ച തോതിലുള്ള വളർച്ചാ നിരക്ക് കൈവരിക്കാനായില്ലെങ്കിലും കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കോട്ടം തട്ടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും വികസന പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(സി) 2016-17 വർഷത്തെ സി. & എ.ജി. റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് പലതരത്തിലുള്ള നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. നിരീക്ഷണങ്ങളിൽ സുപ്രധാനമായ ഒന്ന് സംസ്ഥാന വരുമാനത്തിലെ വളർച്ചാനിരക്കിലുള്ള കുറവ് സംബന്ധിച്ചാണ്. ഈ സന്ദർഭത്തിൽ സുപ്രധാനമായി പരാമർശിക്കാവുന്ന കാര്യം മൊത്തം സംസ്ഥാന വരുമാനത്തിൽ കുറവുണ്ടാകുന്നതിനുള്ള കാരണങ്ങളിലൊന്ന് 2015-16-ൽ 4640 കോടി രൂപ ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള റവന്യൂകമ്മി ഗ്രാന്റായി ലഭ്യമായപ്പോൾ

2016-17-ലും 2017-18-ലും പ്രസ്തുത ഗ്രാന്റ് യഥാക്രമം 3350 കോടി രൂപയും 1529 കോടി രൂപയുമായി കുറഞ്ഞു. 2018-19 മുതൽ ഈ ധനസഹായം സംസ്ഥാനത്തിന് ലഭ്യമല്ലായെന്നുള്ള കാര്യവും ശ്രദ്ധേയമാണ്. സംസ്ഥാന വരുമാനത്തിന്റെ മുഖ്യസ്രോതസ് വില്പന നികുതിയും മൂല്യവർദ്ധിത നികുതിയുമായിരുന്നു. എന്നാൽ ചരക്ക് സേവന നികുതി സംവിധാനം നിലവിൽ വന്നതോടുകൂടി നികുതി സമാഹരണത്തിൻമേൽ ഇടപെടാനു ഗവേഷണ ള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയും ക്രിയാത്മകമായ പല നിർദ്ദേശങ്ങളും നിലപാടുകളും ചരക്ക് സേവന നികുതി സമിതിയിൽ നിരവധി തവണ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമാകുന്നതോടുകൂടി അന്തർസംസ്ഥാന വ്യാപാരത്തിൻമേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി, നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതി കുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂറിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമായ റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കുന്നതിനുള്ള നടപടികളും സംസ്ഥാനത്ത് ചരക്ക് സേവന വകുപ്പ് മുഖേന പ്രാവർത്തികമാക്കി വരുന്നു.

## ഊർജ്ജ കേരള മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും

14(*314) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നിന്ന് വിഭിന്നമായി എല്ലാ വീട്ടിലും തടസ്സമില്ലാതെ വൈദ്യുതി നൽകുകയെന്ന നേട്ടം കൈവരിക്കാൻ വൈദ്യുതി വകുപ്പിനെ പ്രാപ്തമാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഗുണനിലവാരമുള്ള വൈദ്യുതി എല്ലായ്പ്പോഴും എന്ന ലക്ഷ്യം നിറവേറ്റാനായി രൂപീകരിക്കുന്ന ഊർജ്ജ കേരള മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ;

(സി) ഊർജ്ജനഷ്ടം കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന പുനഃസംഘടിത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (R-APDRP)യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 24-6-2016-ന് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തീകരിച്ച് 29-5-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തോളം ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും ഇവയിൽ റവന്യൂവകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനം വകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതും ആയ ഏതാനും ഗുണഭോക്താക്കൾ ഒഴികെ 1,50,238 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് ആവശ്യമായ തുകയുടെ 50 ശതമാനം (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി. ചെലവാക്കിയും ബാക്കിയുള്ള തുക LSGD, SC/ST ക്ഷേമവകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MPLAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സാമ്പത്തിക സഹായം എന്നിവയിൽ നിന്നുമാണ് കണ്ടെത്തിയത്.

ലോകോത്തര നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കി കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവർത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഊർജ്ജസംരക്ഷണം വഴി വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ വൈദ്യുത മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അടുത്ത മൂന്നു വർഷത്തിനുള്ളിൽ നടപ്പാക്കാനായി പ്രധാനപ്പെട്ട 5 പദ്ധതികളെ കോർത്തിണക്കിയാണ് 'ഊർജ്ജ കേരള മിഷൻ' രൂപപ്പെടുത്തിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റ് എന്നീ സ്ഥാപനങ്ങളാണ് 'മിഷനിൽ' ഉൾപ്പെട്ട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഊർജ്ജ കേരള മിഷന്റെ ഔദ്യോഗിക പ്രഖ്യാപനം 14-ാം തീയതി നടക്കുകയുണ്ടായി. താഴെപ്പറയുന്ന പദ്ധതികളാണ് ' ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സൗര പദ്ധതി - മൂന്നു വർഷത്തിനുള്ളിൽ സൗരോർജ്ജത്തിൽ നിന്ന് 1000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുക. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട്.

2. ദ്യുതി 2021 – തടസ്സരഹിതമായി വൈദ്യുതി നൽകുക, വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുക, സുരക്ഷിതമായ വൈദ്യുത ശൃംഖല ഉറപ്പുവരുത്തുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഇതിലേയ്ക്കായി ചെറുതും വലുതുമായ 90,882 എണ്ണം പ്രവൃത്തികൾ കണ്ടെത്തി കഴിഞ്ഞിട്ടുണ്ട്. ലൈനുകളിലെ തകരാറുകൾ ഉടനടി കണ്ടെത്താൻ സഹായിക്കുന്ന ആധുനികമായ 16258 ഫാൾട്ട് ഡിറ്റക്ടേഴ്സ്, തകരാറുള്ള

ഭാഗങ്ങൾ ഒഴിവാക്കി ബാക്കി ഭാഗം വേഗത്തിൽ പുനഃസ്ഥാപിക്കാനായി 26518 സ്വിച്ചിംഗ് സംവിധാനങ്ങൾ, 6956 കവചിത ചാലകങ്ങൾ, പ്രധാന പട്ടണങ്ങളിൽ കമ്പ്യൂട്ടർ അധിഷ്ഠിത നിയന്ത്രണ സംവിധാനങ്ങളോടുകൂടിയ SCADA, 1,69,189 കി.മി. പഴകിയ കണ്ടക്ടറുകൾ പുതുക്കുക തുടങ്ങിയവ അടങ്ങുന്നതാണ് പദ്ധതി. സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 4,84,389 എർത്തിംഗ് സംവിധാനവും പദ്ധതിയുടെ ഭാഗമാണ്.

3. ഫിലമെന്റ് രഹിത കേരളം - ഫിലമെന്റ് ബൾബുകൾക്കും ഫ്ളൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി. ബൾബുകളും ( 7 ½ കോടി എണ്ണം) ട്യൂബുകളും (3 ½ കോടി എണ്ണം) മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുക.

4. ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി - പ്രസരണ ശൃംഖല മെച്ചപ്പെടുത്തുതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന 10000 കോടിയുടെ പദ്ധതിയാണ് ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി അധികമായി ഭൂമി ഏറ്റെടുക്കാതെ നിലവിലുള്ള പ്രസരണ ഇടനാഴി ഉപയോഗപ്പെടുത്തി ലൈനുകളുടെ വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

5. ഇ. സേഫ് പദ്ധതി - വൈദ്യുതി അപകടരഹിത കേരളമാണ് ലക്ഷ്യം. സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ സാങ്കേതിക കാര്യങ്ങൾ നിശ്ചയിക്കുക, പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വെണ്ടർ എംപാനൽമെന്റിന് കെ.എസ്.ഇ.ബി. -യെ സഹായിക്കുക, പദ്ധതികളെ സബ്സിഡി സ്കീമുകളുമായി ബന്ധപ്പെടുത്തുക എന്നിവ അനെർട്ട് ചെയ്യുന്നതാണ്. സർക്കാർ/തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് സഹായം നല്കുന്നതിനും പദ്ധതികളെ 'സൗര'യുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന് സഹായകരമാകുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ, ഇവയുടെ സംഘാടനം, പരിശീലന പരിപാടികൾ ഇവയുടെ മേൽനോട്ടം കൂടാതെ ഈ രംഗത്ത് പുതിയ സാങ്കേതിക വിദ്യകളെ കണ്ടെത്തുക പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുക എന്നിവയും അനെർട്ട് നിർവ്വഹിക്കുന്നതാണ്.

ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന കേരളത്തിലെ ഗാർഹിക മേഖലയിലെ എല്ലാ സാധാരണ ബൾബുകൾ, സി.എഫ്.എൽ., ഫ്ലൂറസെന്റ് വിളക്കുകൾ എന്നിവ മാറ്റി ഊർജ്ജ കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ. എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ നൽകുന്നതിനും അതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന കാര്യക്ഷമത കുറഞ്ഞ വൈദ്യുത തെരുവുവിളക്കുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഫീസുകളെ ബന്ധിപ്പിച്ച് വിവര സാങ്കേതിക വിദ്യാ ശൃംഖല സ്ഥാപിക്കുക, വിവരശേഖരണം സുരക്ഷിതമായും കേന്ദ്രീകൃതമായും സൂക്ഷിക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, 43 നഗരങ്ങളിലെ എനർജി ഓഡിറ്റിംഗും ജി.ഐ.എസ്. അടിസ്ഥാനത്തിൽ വിതരണശൃംഖല തയ്യാറാക്കുക എന്നിവ നടപ്പിലാക്കി. കൂടാതെ കേന്ദ്രീകൃത കാൾ സെന്റർ മുഖേന ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള 43 നഗരങ്ങളിലെ വിവര സാങ്കേതിക വിദ്യ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്ഥാപനമായ പി.ജി.സി.ഐ.എൽ. കേരളത്തിലെ പദ്ധതി പ്രവർത്തനത്തിന്റെ പരിശോധന വിജയകരമായി പൂർത്തീകരിച്ചു. ഇതുമൂലം കേരളത്തിന് ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ തുകയായ ഏകദേശം 175 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ പി.എഫ്.സി. വഴി ഗ്രാന്റായി കിട്ടുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഗ്രാന്റ് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള ശ്രമം വൈദ്യുതി ബോർഡ് നടത്തി വരികയാണ്. ഇതിനുപുറമെ പാർട്ട്-എ-യുടെ ഭാഗമായുള്ള സ്കാഡ ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള 83.15 കോടി രൂപയുടെ പദ്ധതിയും പൂർത്തികരിച്ചു വരികയാണ്.

ആർ.എ.പി.ഡി.ആർ.പി. പാർട്ട്-ബി പദ്ധതി പ്രകാരം കേരളത്തിലെ 43 ടൗണുകളിൽ നടന്നുവരുന്ന എല്ലാ പദ്ധതി പ്രവർത്തികളും പൂർത്തീകരിച്ചു. പൂർത്തീകരണ റിപ്പോർട്ടുകൾ (Closure Proposal) പദ്ധതിയുടെ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ചു.

## നിശ്ചല നിക്ഷേപങ്ങൾ മൂലധനമാക്കിമാറ്റുന്നതിന് പ്രവാസി ചിട്ടി

15 (*315) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ബി. സത്യൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചല നിക്ഷേപങ്ങൾ കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനായുള്ള മൂലധനമാക്കിമാറ്റുന്നതിന് ലക്ഷ്യമിടുന്ന പ്രവാസി ചിട്ടിയുടെ പ്രത്യേകതകൾ അറിയിക്കാമോ;

(ബി) ഓൺലൈനായി നടത്താനുദ്ദേശിക്കുന്ന ചിട്ടിയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ; ചിട്ടി ആകർഷകമാക്കാൻ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) ചിട്ടിപ്പണം ഏത് മാർഗ്ഗത്തിലാണ് വികസന നിക്ഷേപമാക്കി മാറ്റുന്നതെന്നും കുറിയിൽ ചേരുന്നവർക്ക് ആവശ്യാനുസരണം പണം തിരികെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകാതിരിക്കാൻ ഉറപ്പുവരുത്തിയിട്ടുള്ള ക്രമീകരണവും വിശദമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.- യെ ശാക്തീകരിക്കാൻ ഉള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) നിരവധി പ്രത്യേകതകൾ കോർത്തിണക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി. ഒന്നാമതായി പ്രവാസി മലയാളികൾക്ക് പ്രവാസ രാജ്യത്ത് വസിച്ചുകൊണ്ടു തന്നെ കേരളത്തിന്റെ തനതു സമ്പാദ്യമാർഗ്ഗമായ ചിട്ടിയിൽ ചേരാൻ ചരിത്രത്തിലാദ്യമായി ഈ പദ്ധതി അവസരമൊരുക്കുന്നു. രണ്ടാമതായി, പ്രവാസിയുടെ സമ്പാദ്യം അവർക്ക് യാതൊരു അധികബാധ്യതയുമില്ലാതെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് ഉപയോഗിക്കാൻ കഴിയുന്നു. അങ്ങനെ പ്രവാസിക്ക് നേട്ടം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് സംസ്ഥാനവികസനം നടപ്പിലാക്കാൻ കഴിയുന്ന സവിശേഷ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി. കെ.എസ്.എഫ്.ഇ.- യും കിഫ്ബിയും തമ്മിൽ കൈകോർക്കുന്നതു വഴിയാണ് ഇത് സാധ്യമാക്കുന്നത്.

(ബി) ഈ ചിട്ടിയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്താനുള്ള എല്ലാ മുൻകരുതലും സോഫ്റ്റ്‌വെയർ സംവിധാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ 7 ദിവസവും ദിവസത്തിൽ 24 മണിക്കൂറും എന്ന കണക്കിൽ, തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ ഉപഭോക്താവിന്റെ ഏത് ആവശ്യവും അടിയന്തര സ്വഭാവത്തിൽ കൈകാര്യം ചെയ്യുന്നു. ചിട്ടി ആകർഷകമാക്കാൻ നിരവധി പദ്ധതികളും ആനുകൂല്യങ്ങളും ഇതോടുകൂടി വിളക്കി ചേർത്തിട്ടുണ്ട്. ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, ആവശ്യമുള്ളവർക്ക് പെൻഷൻ സംവിധാനം എന്നിവയാണ് ഈ ചിട്ടിയോട് കൂട്ടിയിണക്കിയിട്ടുള്ള പ്രധാന ആനുകൂല്യങ്ങൾ. ഇതു പ്രകാരം ഇടപാടുകാരൻ ദൗർഭാഗ്യവശാൽ മരിക്കുകയോ തൊഴിൽ എടുക്കാൻ സാധിക്കാൻ കഴിയാത്ത വിധം അപകടത്തിൽ പെടുകയോ ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതായിരിക്കും. വിദേശത്തു വച്ച് ഇടപാടുകാരൻ ദൗർഭാഗ്യവശാൽ മരിക്കുകയാണെങ്കിൽ ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള വിമാനചെലവ് (അനുയാത്ര ചെയ്യുന്ന വ്യക്തിയുടെ ഉൾപ്പെടെ) കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്. ഇങ്ങനെ പ്രവാസി മലയാളികളുടെ ഉത്കണ്ഠകളേയും ആശങ്കകളേയും പരിഹരിക്കുന്ന രീതിയിലാണ് ഈ ചിട്ടി രൂപകല്പന ചെയ്തിട്ടുള്ളത്.

(സി) ഈ ചിട്ടിയിൽ അടയ്ക്കുന്ന പണം കിഫ്ബിയിൽ എത്തത്തക്കവിധം ഒരു ക്രമീകരണം കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും തമ്മിൽ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ ചിട്ടിപ്പണം കൊടുക്കേണ്ട ആവശ്യത്തിനും മറ്റും പുട്ട് ഓപ്ഷൻ വഴി കെ.എസ്.എഫ്.ഇ.-ക്ക് പിൻവലിക്കുകയും ചെയ്യാം. അതുകൊണ്ട് എപ്പോഴും ഫ്രീ ഫ്ലോട്ടായി ഒരു തുക കിഫ്ബിയിൽ ഉണ്ടാകും. ചിട്ടി വർദ്ധിക്കുന്നതിനനുസരിച്ച് ഈ ഫ്രീ ഫ്ലോട്ട് തുക വർദ്ധിച്ചു വരികയും ചെയ്യും. ഈ തുകയാണ് വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കുക.

(ഡി) കെ.എസ്.എഫ്.ഇ.-ക്ക് ഇപ്പോൾ 17 ലക്ഷത്തോളം വരുന്ന ചിട്ടി ഉപഭോക്താക്കൾ ഉൾപ്പെടെ 33 ലക്ഷത്തോളം ഉപഭോക്താക്കൾ ആണ്. 2020 ആകുമ്പോഴേയ്ക്കും ഇടപാടുകാരുടെ എണ്ണം 50 ലക്ഷം ആക്കാനാണുദ്ദേശം. അതു പോലെ ഇപ്പോഴത്തെ വിറ്റുവരവായ 35000 കോടി രൂപ എന്നത് ഒരു ലക്ഷം കോടി രൂപയാക്കി വർദ്ധിപ്പിക്കാനാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ 3 സോണൽ ഓഫീസുകളും 15 റീജിയണൽ ഓഫീസുകളുമടക്കം സമ്പൂർണ്ണമായ ഒരു നവീകരണം കെ.എസ്.എഫ്.ഇ.-യിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതൊക്കെ വഴി കെ.എസ്.എഫ്.ഇ.-യുടെ വൻ തോതിലുള്ള ശാക്തീകരണം സാധ്യമാകും.

## നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം

16(*316) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം മൂലമുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്ന് മണൽ ഇറക്കുമതി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുതിയ മണൽ നയം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സിമന്റ്, കമ്പി, പെയിന്റ് തുടങ്ങിയവയുടെ വില കമ്പനികൾ ഏകപക്ഷീയമായി ഉയർത്തുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) 2-12-2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ആറ്റുമണലിന്റെ ക്ഷാമംമൂലം കേരളത്തിലെ നിർമ്മാണ മേഖലയിൽ ഒരുപരിധിവരെ നിർമ്മാണത്തിനായി കരിങ്കല്ല് പൊടിച്ച് നിർമ്മിക്കുന്ന എം.സാന്റ് ആണ് ഉപയോഗിച്ചുപോന്നിരുന്നത്. എന്നാൽ പാറമണൽ നിർമ്മിക്കുന്ന ക്രഷറുകളിൽ കരിങ്കല്ലിന്റെ ലഭ്യത കുറയുകയും തന്മൂലം എം.സാന്റിന്റെ നിർമ്മാണം കുറയുകയും ചെയ്തു. കൂടാതെ, നദികളിൽനിന്നും മണൽ വാരുന്നതിനായും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നദികളിൽനിന്നും മണൽ വാരുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം

അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്തെ ഓട്/ഇഷ്ടിക നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. 5 ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ(പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാഗ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

8. അന്യ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

10. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

11. 9-3-2018-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

12. 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽനിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് ഉടൻ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മണലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് മണൽ അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും കൊണ്ടുവരുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ നിലവിൽ തടസ്സമില്ല. അന്യസംസ്ഥാനത്തുനിന്നും /വിദേശത്തുനിന്നും മണൽ സുമഗമമായി ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 20-2-2018 തീയതിയിലെ 57/എ 3/ 2018/വ്യവ. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായ പാറമടകൾ തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞാൽ എം.സാന്റിനായുള്ള ക്ഷാമം ഒരുപരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

(സി) പുതിയ മണൽ നയം കൊണ്ടുവരുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടില്ല. മൂന്ന് വർഷം കൂടുമ്പോൾ സംസ്ഥാനത്തെ നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് സാൻഡ് ഓഡിറ്റ് നടത്താറുണ്ട്. മണലിന്റെ ലഭ്യത അനുസരിച്ച് പാരിസ്ഥിതികാനുമതി കരസ്ഥമാക്കുന്ന മുറയ്ക്കാണ് മണൽ വാരുന്നതിന് അനുമതി നൽകി വരുന്നത്. കരമണൽ ഖനനം ചെയ്യുന്നതിനും പാരിസ്ഥിതികാനുമതി നിർബന്ധമാണ്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ് കരമണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകിവരുന്നത്.

(ഡി) കമ്പി, പെയിന്റ് തുടങ്ങിയവയുടെ വില കമ്പനികൾ ഏകപക്ഷീയമായി ഉയർത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് 13-9-2017 തീയതിയിൽ ബഹു. മുഖ്യമന്ത്രിയും 29-7-2016, 10-5-2017 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയും സിമന്റ് ഉത്പാദകരുടേയും സിമന്റ് ഡീലർമാരുടേയും യോഗം വിളിച്ച് സിമന്റ് വില വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ്, സിമന്റിന്റെ വില കഴിഞ്ഞ വർഷത്തേക്കാൾ കുറച്ചിട്ടുണ്ട്. വെള്ള സിമന്റ് ഉൽപാദിപ്പിച്ചിരുന്ന പെതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സും ഒരു വർഷമായി വിലവർദ്ധിപ്പിച്ചിട്ടില്ല.

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

17(*317) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായുള്ള പുതിയ പദ്ധതികൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിവിധ പരിശീലന പരിപാടികൾ, ശിൽപ്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത്;

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവന മാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിച്ചു വരുന്നു. (2,40,000 രൂപ ഓഹരി -3,60,000 രൂപ സബ്സിഡി)

2. ടി സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചു വരുന്നു.

3. സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷംരൂപ (ഓഹരിയിനത്തിൽ) അനുവദിച്ചു വരുന്നു.

4. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി രണ്ട് ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചു വരുന്നു.

5. സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയായി ഒരു സംഘത്തിന് പ്രതിമാസം 5,000 രൂപ നിരക്കിൽ ആദ്യത്തെ രണ്ട് വർഷവും പ്രതിമാസം 3,000 രൂപ നിരക്കിൽ അടുത്ത രണ്ടു വർഷവും പ്രതിമാസം 1,000 രൂപ നിരക്കിൽ അഞ്ച് വർഷവും മാനേജീരിയൽ സബ്സിഡിയും അനുവദിച്ചു വരുന്നു.

6. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനും പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000 രൂപ, സബ്സിഡി 3,50,000 രൂപ) അനുവദിച്ചു വരുന്നുണ്ട്.

7. സംഘാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിച്ചു വരുന്നുണ്ട്.

ഇതിനുപുറമെ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ സർക്കാരിന്റെ അനുമതിയോടു കൂടിയുള്ള ധനസഹായവും അനുവദിച്ചുവരുന്നുണ്ട്.

കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുരോഗതിക്ക് വേണ്ടി രൂപീകരിക്കപ്പെട്ട പുതിയ പദ്ധതിയാണ് 'പുനർജ്ജനി'. ടി പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) പുതിയ പദ്ധതികൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(സി) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപ( ഓഹരി 1,50,000 രൂപ, സബ്സിഡി 3,50,000 രൂപ) അനുവദിച്ചു വരുന്നു.

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**സൂക്ഷമ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയുടെ വികസനം**

18(*318) ശ്രീ. എൽദോ എബ്രഹാം:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാവസായിക വളർച്ച കൈവരിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) സൂക്ഷ്മ,ചെറുകിട യൂണിറ്റുകൾക്ക് സംരംഭക സഹായ പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) എം.എസ്.എം.ഇ. മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്റ്റാർട്ടപ്പ് സബ്സിഡി എന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാവസായിക വളർച്ച കൈവരിക്കുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുക

എന്ന ലക്ഷ്യത്തോടെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ചെറുകിട വ്യവസായ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നു:-

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്.
- സർവ്വകലാശാലകളും ഗവേഷണസ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- സംസ്ഥാന ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷമ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.
- സംരംഭകത്വ സഹായ പദ്ധതികൾ.
- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
- തൃശ്ശൂർ ജില്ലയിലെ പൂവൻതുരുത്ത്, എറണാകുളം ജില്ലയിലെ എടയാർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രത്യേക പ്രോജക്ടുകൾ.
- യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.
- എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻക്യുബേഷൻ സെന്ററുകൾ.
- ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ ഒരു പ്രദേശത്ത് നിർമ്മിക്കുന്നതിന് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.
- കരകൗശല മേഖലയിൽ സൂക്ഷമ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആഷ പദ്ധതി.

ഇവ കൂടാതെ കേരളത്തിൽ ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ചെറുകിട-സൂക്ഷ്മ-ഇടത്തരം സംരംഭകരുടെ ഉൽപ്പന്ന-വിപണന മേളകൾ, മെഷീനറി പ്രദർശനം തുടങ്ങിയവയും നടത്തിവരുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കും.

(ബി) വ്യവസായ വികസന ഏരിയയിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വികസന ഏരിയ/പ്ലോട്ടുകളിലെ ആഭ്യന്തര റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ ആന്തരിക റോഡുകൾ, വൈദ്യുതി, ജലം തുടങ്ങിയവയ്ക്കായി 100 ശതമാനം സർക്കാർ വിഹിതം നൽകുന്നു. കൂടാതെ ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിനായി 70:30 എന്ന അനുപാതത്തിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, പൊതു കോൺഫറൻസ് ഹാൾ തുടങ്ങിയവയുടെ വികസനത്തിനായി 50:50 അനുപാതത്തിൽ സർക്കാർ വിഹിതവും ഉപഭോക്തൃ വിഹിതവും വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്ന രീതിയും നിലവിലുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മറ്റൊരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 30 ശതമാനം വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് മൂന്ന് ഘട്ടങ്ങളിലായാണ് നൽകുന്നത്.

സ്റ്റാർട്ടപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട് എന്നിവയാണ് മൂന്ന് ഘട്ടങ്ങൾ.

(ഡി) ഉണ്ട്.

സ്റ്റാർട്ടപ്പ് സബ്സിഡി ഫോർ ക്രിയേഷൻ ഓഫ് എംപ്ലോയ്മെന്റ് ഓപ്പർച്ച്യൂണിറ്റീസ് എന്ന പദ്ധതിയിൻ കീഴിൽ "സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിങ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ" എന്ന പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. 1-4-2017-ന് ശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി തൊഴിലുടമ അടയ്ക്കുന്ന ഇ.എസ്.ഐ, ഇ.പി.എഫ് വിഹിതത്തിന്റെ 75 ശതമാനം തുക 3 വർഷത്തേക്ക് റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിൽ 1-4-2017-ന് ശേഷം ഏറ്റവും കുറഞ്ഞത് 5 പേർക്കെങ്കിലും തൊഴിൽ നൽകുന്നതും ഉത്പാദന സേവന മേഖലയിലുള്ളതുമായ എല്ലാ മൈക്രോ, സ്മാൾ, മീഡിയം സംരംഭങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. ഇതിനായി നടപ്പു സാമ്പത്തിക വർഷം 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കരകൗശല മേഖലയുടെ വികസനം**

19(*319) <u>ശ്രീ. എം. മുകേഷ് :</u>
<u>ശ്രീ. കെ. ദാസൻ :</u>
<u>ശ്രീ. കെ. ജെ. മാക്സി :</u>
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവിരുത് മാത്രം കൈമുതലാക്കി നിർമ്മിക്കുന്ന കരകൗശല ഉല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ഏർപ്പെടുത്തിയത് ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കിയത് പരിഗണിച്ച് പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) കരകൗശല വികസന കോർപ്പറേഷൻ ഈ മേഖലയിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഉല്പന്നങ്ങളുടെ വിപണനത്തിനും ന്യായ വില ഉറപ്പാക്കുന്നതിനും നൽകി വരുന്ന സഹായം എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കരകൗശല ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി കണ്ടെത്തുന്നതിനും തദ്ദേശീയ മാർക്കറ്റിൽ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും മലബാർ ക്രാഫ്റ്റ്സ് മേള എത്രമാത്രം പ്രയോജനപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം മേളകൾ സംഘടിപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ഇരുപത് ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ബാധകമല്ലാത്തതിനാൽ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന ചെറിയ യൂണിറ്റുകളെ ജി.എസ്.ടി. ബാധിക്കുന്നില്ല. എന്നാൽ ഈ മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി എന്നിവ ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ ധനസഹായം അനുവദിച്ചുവരുന്നു. ജി.എസ്.ടി. ഏർപ്പെടുത്തിയതിന് പ്രത്യേക സഹായം നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) കരകൗശല മേഖലയുടെ ഉന്നമനത്തിനായി കരകൗശല വികസന കോർപ്പറേഷൻ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല തൊഴിലാളികളിൽനിന്നും ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങി വിപണനം ചെയ്യുന്നതിനായി കോർപ്പറേഷനുകീഴിൽ കേരളത്തിൽ വിവിധ സ്ഥലങ്ങളിലും ഡൽഹി, മുബൈ, ചെന്നൈ, കോയമ്പത്തൂർ, ഊട്ടി, ഗോവ, ബാംഗ്ലൂർ എന്നിവിടങ്ങളിലുമായി 19 ഷോറൂമുകൾ നടത്തിവരുന്നു. കരകൗശല തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ കോർപ്പറേഷൻ വിതരണം ചെയ്യുന്നു. പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനുമായി 20 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തി വരുന്നു. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവെയർനെസ് പ്രോഗ്രാമുകൾ കോർപ്പറേഷൻ സംഘടിപ്പിച്ചു വരുന്നു.

വിവിധ കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികൾ കേന്ദ്രീകരിക്കുന്ന വ്യത്യസ്ഥ മേഖലകളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും പ്രസ്തുത മേഖലകളിൽ പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ

ജില്ലയിലെ കുഞ്ഞിമംഗലത്ത് ബെൽമെറ്റൽ ക്ലസ്റ്ററും തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ മരാധിഷ്ഠിത കരകൗശല ഉല്പന്നങ്ങളുടെ ക്ലസ്റ്ററും കൊല്ലം ജില്ലയിലെ കടവൂരിൽ സ്ക്രോപിക്ച്ചർ ക്ലസ്റ്ററും മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ കളിമൺ ക്രാഫ്റ്റ് ക്ലസ്റ്ററും വയനാട് വാഴനാര് ഉല്പന്നങ്ങളുടെ ക്ലസ്റ്ററും സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു.

(സി) കേരളത്തിലെ പരമ്പരാഗത കരകൗശല-കൈത്തറി തൊഴിലാളികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനും വിദേശ-ഇതര സംസ്ഥാന കരകൗശല കൈത്തറി വിദഗ്ധരുമായി സമ്പർക്കം പുലർത്തി തങ്ങളുടെ ഉൽപ്പന്നങ്ങൾ ദേശീയ അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കാൻ സംസ്ഥാനത്തെ കരകൗശല വിദഗ്ധരെ പ്രാപ്തരാക്കുവാനും മലബാർ ക്രാഫ്റ്റ്സ് മേള ഉപയോഗപ്രദമായി. മേളയിലെ മുഖ്യ ആകർഷണീയത വിദേശ രാജ്യമായ ശ്രീലങ്കയുടെ സാന്നിദ്ധ്യമായിരുന്നു. മേളയിൽ പങ്കെടുത്ത് പ്രസ്തുത രാജ്യത്തിലെ കരകൗശല കലാകാരൻമാർ പരമ്പരാഗത രീതിയിലുള്ള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. മേളയുടെ ഭാഗമായി പരമ്പരാഗത രീതിയിൽ നിർമ്മിച്ച കുടിലുകളിൽ 18 സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശലകലാകാരന്മാർ അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചു.

സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കരകൗശല-കൈത്തറി വിദഗ്ധർ മേളയിൽ പങ്കെടുത്തു. പത്തനംതിട്ട ജില്ലയിൽ നിന്നുള്ള ആറന്മുള കണ്ണാടി, ശിൽപ്പങ്ങൾ എന്നിവയും തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള കളിമണ്ണ്, മുള, തടി ഉൽപ്പന്നങ്ങൾ എന്നിവയും കൊല്ലം ജില്ലയിൽ നിന്നുള്ള ഉല്പന്നങ്ങളും ആലപ്പുഴ ജില്ലയിൽ നിന്നുള്ള തടി, വാഴനാര്, ചിരട്ട ഉൽപ്പന്നങ്ങൾ എന്നിവയും കോട്ടയം ജില്ലയിൽ നിന്നുള്ള ആഭരണങ്ങളും എറണാകുളം ജില്ലയിൽ നിന്നുള്ള മുള ഉൽപ്പന്നങ്ങളും തൃശ്ശൂർ ജില്ലയിൽ നിന്നുള്ള കരകൗശല വസ്തുക്കളും പാലക്കാട് ജില്ലയിൽ നിന്നുള്ള വൈക്കോൽ, അലങ്കാര വസ്തുക്കളും മലപ്പുറം ജില്ലയിൽ നിന്നുള്ള മ്യൂറൽ പെയിന്റിംഗ്, കട്ട് ഗ്ലാസ്സ് മ്യൂറൽസ്, ചിരട്ടയും മുളയും കൊണ്ടുള്ള ഉൽപ്പന്നങ്ങളും കോഴിക്കോട് ജില്ലയിൽ നിന്നുള്ള ടെറാക്കോട്ട ഉൽപ്പന്നങ്ങളും വയനാട് ജില്ലയിൽ നിന്നുള്ള മുള, കളിമൺ ശിൽപ്പങ്ങളും കണ്ണൂർ ജില്ലയിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങളും കാസർഗോഡ് ജില്ലയിൽ നിന്നുള്ള ചൂരൽ ഉൽപ്പന്നങ്ങളും മേളയുടെ പ്രധാന ആകർഷകങ്ങളായിരുന്നു. ഏകദേശം പന്ത്രണ്ടര ലക്ഷത്തോളം ആളുകൾ മേള സന്ദർശിച്ചതായും നാലേകാൽ കോടിയോളം രൂപയുടെ വിൽപ്പന നടന്നതായും കണക്കാക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം മേളകൾ അതാത് സർക്കാരുകൾക്ക് സംഘടിപ്പിക്കാൻ സാധിക്കുന്നതാണ്.

## നിർമ്മാണ സാമഗ്രികളുടെ ഇറക്കുമതി

20(*320) ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എൻ. എ .ഖാദർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ, മെറ്റൽ എന്നീ സാമഗ്രികളുടെ അഭാവം പരിഹരിക്കുന്നതിനായി ഇവ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ഇറക്കുമതി ചെയ്ത നിർമ്മാണ സാമഗ്രികൾ ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നത്; വിശദാംശം വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): (എ & ബി) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ, മെറ്റൽ എന്നീ സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിന് കേരള സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. നിലവിൽ ഏതു വ്യക്തിക്കും ചെറുകിട ധാതുക്കൾ ഇറക്കുമതി ചെയ്ത് വില്പന നടത്താവുന്നതാണ്. ആയതിന് പ്രത്യേക ഏജൻസികളെയൊന്നും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന ചെറുകിട ധാതുക്കൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലും കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ 20-2-2018 തീയതിയിലെ 57/എ 3/2018/വ്യവ. നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 6-3-2018 തീയതിയിലെ 57/എ 3/2018/വ്യവ. നമ്പരായ സർക്കുലർ പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കരിങ്കല്ലും അതിന്റെ ഉല്പന്നങ്ങളും കേരളത്തിലേയ്ക്ക് കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

## നികുതി വരുമാനത്തിലുള്ള ഇടിവ്

21(*321) ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിലുള്ള വളർച്ച 2017-18-ൽ പ്രതീക്ഷിച്ച ഇരുപത്തഞ്ച് ശതമാനത്തിൽനിന്നും പത്ത് ശതമാനമായി കുത്തനെ കുറഞ്ഞ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) വ്യാപാരികൾക്ക് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിന് അനുവദിച്ചിരുന്ന സമയപരിധി അവസാനിച്ചോ; എങ്കിൽ അതിനനുസൃതമായി നികുതി പിരിവിൽ വർദ്ധന രേഖപ്പെടുത്തുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജി.എസ്.ഡി.പി.യുടെ വളർച്ചാ നിരക്ക് 2014-15-ലെ 13.11 ശതമാനത്തിൽനിന്നും 2016-17 ൽ 11.37 ശതമാനമായി കുറഞ്ഞത് ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഉണ്ടായിട്ടുള്ള ഇടിവിനെയാണ് സൂചിപ്പിക്കുന്നതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ റവന്യൂവരുമാന വളർച്ചാനിരക്ക് 2015-16-നെ അപേക്ഷിച്ച് 2016-17-ൽ എത്രയായിരുന്നു; വളർച്ചാ നിരക്ക് കുത്തനെ കുറഞ്ഞത് സംസ്ഥാനത്തിന്റെ വികസനത്തെ എപ്രകാരമാണ് ബാധിച്ചതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) 2016 നവംബർ മുതൽ നോട്ട് നിരോധനം വന്നതും 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയതും സംസ്ഥാനത്തെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ അത്തരത്തിലുള്ള വർദ്ധനവ് ഉണ്ടായില്ല.

1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു.

കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർസംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ് വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) വ്യാപാരികൾക്ക് 2017-18-ലെ ജി.എസ്.ടി. ആന്വൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് അനുവദിച്ചിരുന്ന സമയപരിധി 2018 ഡിസംബർ വരെ നീട്ടിയിട്ടുണ്ട്.

(സി) മൊത്തത്തിലുണ്ടായ മാന്ദ്യത്തിന്റെ പ്രതിഫലനം സംസ്ഥാന സമ്പദ് ഘടനയിലും ഉണ്ടായതിന്റെ ഫലമായാണ് ഇത് വിലയിരുത്തപ്പെടാത്തത്.

(ഡി) സംസ്ഥാനത്തിന്റെ റവന്യൂവരുമാന വളർച്ചാ നിരക്ക് 2015-16-നെ അപേക്ഷിച്ച് 2016-17-ൽ 9 ശതമാനമായിരുന്നു.

## റവന്യൂവരവിന്റെ വളർച്ച നിരക്ക്

22(*322) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ സംസ്ഥാനത്തെ റവന്യൂവരവിന്റെ വളർച്ചാനിരക്ക് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഏറ്റവും കുറഞ്ഞതാണെന്ന സി ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സി ആന്റ് എ.ജി. റിപ്പോർട്ടിലെ പ്രസ്തുത കണ്ടെത്തൽ സംസ്ഥാന സർക്കാരിന്റെ വീഴ്ചയെ സൂചിപ്പിക്കുന്നതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) റവന്യൂവരവിന്റെ മുഖ്യസ്രോതസായ തനതുനികുതി ക്രമാതീതമായി കുറഞ്ഞത് സംസ്ഥാന സർക്കാരിന്റെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31-3-2017-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂവരുമാനം മുൻവർഷത്തെ (2015-16) അപേക്ഷിച്ച് 9.53 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ടി വളർച്ചാ നിരക്ക് മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. റവന്യൂവരുമാനത്തിലെ വളർച്ചയിൽ വന്ന കുറവു സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

(ബി &സി) 2006-2011 കാലയളവിൽ ശരാശരി 17.20 ശതമാനം വളർച്ച കൈവരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2011-2016 ആയപ്പോഴേക്കും ശരാശരി വളർച്ച 12.40 ശതമാനത്തിലേയ്ക്ക് കുത്തനെ ഇടിയുകയാണുണ്ടായത്. 2006-2011 കാലയളവിൽ വാണിജ്യനികുതി പിരിവിന്റെ വളർച്ചാ നിരക്ക് പല ഘട്ടങ്ങളിലും സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്കിനേക്കാൾ അധികരിച്ച നിലയിൽ ഉയർന്നിരുന്നു. എന്നാൽ 2011-2016 കാലയളവിലെ അവസാന മൂന്നു വർഷങ്ങളിൽ ഇത് സംസ്ഥാന സാമ്പത്തിക വളർച്ചയെക്കാൾ പിന്നിലേക്ക് പോകുകയാണുണ്ടായത്. തത്ഫലമായി 2006-2011-ൽ 66.8 ശതമാനം ആയിരുന്ന റവന്യൂവരുമാനത്തിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വിഹിതമെന്നത് 2011-2016-ൽ 64 ശതമാനമായി ഇടിഞ്ഞു. അഴിമതിയുടേയും നികുതി ഭരണത്തിലെ കെട്ടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും ഫലമായി സംജാതമായ മേൽ വീഴ്ചയിൽനിന്നും സംസ്ഥാനത്തെ മുക്തമാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ കൈകൊണ്ടു വരുന്നത്. വികലമായ മദ്യ നയം എക്സൈസ് നികുതിയിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം (കേന്ദ്ര നികുതി വിഹിതം കഴിച്ച്) നിർദ്ദിഷ്ട സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 2013-14-ൽ 37 ശതമാനവും 2014-15-ൽ 81 ശതമാനവും 2015-16-ൽ 19 ശതമാനവും വർദ്ധിച്ചപ്പോൾ 2016-17- ൽ 5 ശതമാനത്തിന്റെ കുറവ് വന്നു. ഇതും റവന്യൂവരുമാനത്തിലെ വളർച്ചാ നിരക്കിനെ പിന്നോട്ടടിക്കുന്നതിന് ഹേതുവായിട്ടുണ്ട്.

2016 നവംബർ മാസത്തിൽ യാതൊരു അവധാനതയും ഇല്ലാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി രാജ്യത്താകമാനം ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ തനത് റവന്യൂവിഭവ ശേഷിക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാർ നികുതി ഭരണത്തിൽ കൈക്കൊണ്ടുവന്ന പുനരുജ്ജീവനപ്രക്രിയയുടെ ഫലം അതുകൊണ്ട് തന്നെ അപ്രസക്തമാക്കപ്പെട്ടു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച കുറഞ്ഞുവരുന്ന പ്രവണത പരിശോധിക്കുന്നതിനും ഇത് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിനോട് സി. ആന്റ് എ.ജി. ശിപാർശ ചെയ്തിട്ടുണ്ട്. ചരക്ക് സേവനനികുതി നടപ്പിലാക്കിയതോടുകൂടി നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് ഗണ്യമായ തോതിൽ പരിമിതപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പരിമിധിക്കുള്ളിൽനിന്നും പരമാവധി വിഭവ സമാഹരണത്തിനുള്ള ആത്മാർഥവും പ്രായോഗികവുമായ നിതാന്ത പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്:

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂറിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

## മൈനിംഗ് നയം

23(*323) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ്, ക്വാറിയിംഗ് എന്നീ മേഖലകളുടെ നിയന്ത്രണത്തിനായി സംസ്ഥാനത്തിന് ഒരു മൈനിംഗ് നയം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് തയ്യാറാക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രകൃതിയിലുള്ള ഭൗതിക വസ്തുക്കളായ മിനറലുകളും പാറകളും സംബന്ധിച്ച സംസ്ഥാനത്തിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പരിസ്ഥിതിക്ക് വലിയതോതിലുള്ള കോട്ടമുണ്ടാക്കുന്ന ഖനന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രവർത്തിക്കുന്ന ഖനികളിൽനിന്നും ക്വാറികളിൽനിന്നും കുഴിച്ചെടുക്കുന്ന വസ്തുക്കളുടെ അളവ് സംബന്ധിച്ച എസ്റ്റിമേറ്റ് എങ്ങനെയാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ മേഖലയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം കുറവാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വരുമാനം/റോയൽറ്റി നഷ്ടം നികത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) കേന്ദ്രസർക്കാരിന്റെ 1957-ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടും അതിനു കീഴിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകളും പ്രകാരമാണ് ധാതുക്കളുടെ ഖനനത്തിന് അനുമതി നൽകുന്നതും നിയന്ത്രണം ഏർപ്പെടുത്തുന്നതും. സംസ്ഥാനത്തെ ഖനനപ്രവർത്തികൾ നിയന്ത്രിക്കുന്നതിന് മേൽ പറഞ്ഞ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ രൂപീകരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ റദ്ദു ചെയ്ത് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളും 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളും സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ സംസ്ഥാനത്തെ ഖനന പ്രവൃത്തികൾ നിയന്ത്രിക്കുന്നത്. കൂടാതെ ധാതുക്കൾ പ്രകൃതി വിഭവങ്ങളായതിനാൽ ആയത് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് ഒരു ഖനന നയം സർക്കാരിന്റെ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ ധാതുനിക്ഷേപം സംബന്ധിച്ച സാധ്യതകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. വൻകിട ധാതുക്കളായ ധാതുമണൽ, ഗ്രാഫൈറ്റ്, ബോക് സൈറ്റ്, ഇരുമ്പയിര്, ലൈംസ്റ്റോൺ, ലൈംഷെൽ എന്നിവ കേരളത്തിൽ കാണപ്പെടുന്നുണ്ട്. ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിലെ തീരപ്രദേശത്ത് കാണപ്പെടുന്ന ധാതുമണൽ കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. തുടങ്ങിയ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ഉപയോഗപ്പെടുത്തുന്നുണ്ട്.

കൂടാതെ ധാതുമണലിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

ചെറുകിട ധാതുക്കളായ കരിങ്കല്ല്, വെട്ടുകല്ല്, സാധാരണ മണൽ, സാധാരണ കളിമണ്ണ്, ലാറ്ററൈറ്റ് (വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നത്), സാധാരണ മണ്ണ്, സിലിക്ക സാന്റ്, ക്വാർട്സ്, ചൈനാക്ലേ, ഗ്രാനൈറ്റ് (ഡയമൻഷൻ സ്റ്റോൺ) എന്നിവയാണ് കേരളത്തിൽ പ്രധാനമായും കാണപ്പെടുന്നത്. ഇതിൽ കരിങ്കല്ല് മാത്രമാണ് കൂടുതലായി ഉള്ളത്. ആയത് ഖനനം ചെയ്യുന്നതിനുപോലും ജനനിബിഡമായ കേരളത്തിൽ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് പ്രയാസമാണ്.

(സി) 2-12-2016 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 1986 ലെ എൻവയോൺമെന്റൽ (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരം ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതിക അനുമതി അനിവാര്യമാണ്. ഇപ്രകാരം നൽകുന്ന പാരിസ്ഥിതിക അനുമതിയുടെ അടിസ്ഥാനത്തിലാണ് ഖനന പ്രവർത്തനങ്ങൾ അനുവദിക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം മൈനിംഗ് പ്ലാൻ തുടങ്ങിയവ ഖനനാനുമതി നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) ക്വാറികളിൽനിന്നും പാറ ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ നിർബന്ധമാണ്. മൈനിംഗ് പ്ലാൻ പ്രകാരം ഖനനം ചെയ്യുമ്പോൾ തട്ടുകൾ (Benches) രൂപീകരിക്കേണ്ടതുണ്ട്. ഓരോ ബെഞ്ചും കട്ട് ചെയ്യുമ്പോൾ ലഭിക്കുന്ന പാറയുടെ അളവാണ് നീളവും വീതിയും ആഴവും അടിസ്ഥാനമാക്കി ശാസ്ത്രീയമായി ക്യൂബിക് മീറ്ററിൽ കണക്കാക്കുന്നത്. ശാസ്ത്രീയമാർഗ്ഗങ്ങൾ ഉപയോഗിച്ച് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നത് യോഗ്യതയുള്ള റെക്കഗ്നൈസ്ഡ് ക്വാളിഫൈഡ് പെർസൺ (RQP) ആണ്.

(ഇ) ക്വാറിമേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം കുറവാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധാതുഖനനത്തിന് ഈടാക്കിവരുന്ന റോയൽറ്റി അവസാനമായി പരിഷ്കരിച്ചത് 05.01.2015-ൽ ആണ്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം 3 വർഷത്തിലൊരിക്കൽ മാത്രമേ റോയൽറ്റി വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. റോയൽറ്റി വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉടലെടുത്താൽ ആയതിലേയ്ക്ക് മേൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതാണ്.

## കയർ വ്യവസായ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

24(*324) ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. ബി. സത്യൻ :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയ്ക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായത്തിന്റെ സുസ്ഥിരമായ വികസനം ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന കയർ വികാസ് യോജനയുടെ വിശദാംശം നൽകുമോ;

(സി) ഈ മേഖലയിൽ ഗ്രാമപ്രദേശങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മഹിളാ കയർ യോജന നടപ്പാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി പ്രകാരം ചകിരി ഉല്പാദന മേഖലയിലും മറ്റ് അനുബന്ധ മേഖലകളിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഇ) കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം, നൂതന സാങ്കേതിക വിദ്യാ വികസനം എന്നിവയ്ക്കായി നടപ്പാക്കിയിട്ടുള്ള കയർ ഉദ്യമി യോജനയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) സംസ്ഥാനവും കേന്ദ്രവും തുല്യമായി ഫണ്ട് നൽകി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) ആണ് സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതി.

(ബി) രാജ്യത്തിനകത്തും പുറത്തും കയർ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കയർ വികാസ് യോജന. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ: (1) ഡൊമസ്റ്റിക് മാർക്കറ്റ് പ്രൊമോഷൻ, (2) എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ; എന്നിവയാണ്. കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ കയർബോർഡ് ടി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വിപണി വികസനത്തിനായി ഷോറൂമുകളും ഡിപ്പോകളും സ്ഥാപിച്ചിട്ടുണ്ട്. കയർബോർഡ് ടി ഷോറൂമുകളും ഡിപ്പോകളുംവഴി രാജ്യത്തുടനീളം ആഭ്യന്തര പ്രദർശനങ്ങൾ നടത്തുന്നു. വിദേശരാജ്യങ്ങളിലെ പ്രദർശനങ്ങളിൽ കയറ്റുമതിക്കാരെ പങ്കെടുപ്പിക്കുക, സെമിനാറുകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുക, മൈക്രോ-സ്മാൾ-മീഡിയം എന്റർപ്രൈസുകൾക്കും കയറ്റുമതിക്കാർക്കും സാമ്പത്തിക സഹായം നൽകുക,

കയർ വ്യവസായ അവാർഡുകൾ നൽകുക തുടങ്ങിയവയാണ് എക്സ്പോർട്ട് മാർക്കറ്റ് പ്രൊമോഷൻ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ സംരംഭകർക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട് എന്ന് കയർബോർഡ് അറിയിച്ചിട്ടുണ്ട്.

(സി & ഡി) ഗ്രാമീണ മേഖലയിലുള്ള വനിതകൾക്ക് ചകിരി ഉൽപ്പാദന മേഖലയിലും അനുബന്ധ മേഖലകളിലും സ്വയംതൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിനായി മഹിളാ കയർ യോജന കയർബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സ്വയംതൊഴിലിനുള്ള ഒരു പദ്ധതിയാണ് മഹിള കയർ യോജന. ട്രെയിനിംഗ് പൂർത്തിയാക്കിയ സ്ത്രീകൾക്ക് സ്വയം പ്രവർത്തിക്കാവുന്ന മോട്ടോറൈസ്ഡ് റാട്ടുകൾ/പരമ്പരാഗത മോട്ടോറൈസ്ഡ് റാട്ടുകൾ, മറ്റ് കയർ ഉൽപ്പാദന ഉപകരണങ്ങൾ എന്നിവ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 2 മാസം നീളുന്ന പരിശീലന പരിപാടിക്ക് 1,000 രൂപ പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിവരുന്ന ഉപകരണങ്ങളുടെ വിലയുടെ 75 ശതമാനം പരമാവധി 7,500 രൂപ സാമ്പത്തിക സഹായം നൽകുന്നു. കേരളം ഉൾപ്പെടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർബോർഡ് ടി പദ്ധതി നടപ്പാക്കിവരുന്നതായി കയർബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) കേരളം ഉൾപ്പടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർബോർഡ് കയർ ഉദ്യമി യോജന നടപ്പാക്കിവരുന്നു. ഇത് മുൻപ് റിമോട്ട് സ്കീം (REMOT- Rejuvenation, Modernization and Technology Upgradation Scheme) എന്നാണ് അറിയപ്പെട്ടിരുന്നത്. 2015-16 വർഷത്തിലാണ് കയർ ഉദ്യമി യോജന എന്ന പേരിൽ ഭേദഗതി ചെയ്ത് അവതരിപ്പിച്ചത്. കയർ ഉദ്യമി യോജന പ്രകാരം പരമാവധി അർഹമായ തുക 10 ലക്ഷം രൂപയും, പ്രവർത്തനമൂലധനവുമാണ്. അത് ആകെ പദ്ധതി അടങ്കൽ തുകയുടെ 25 ശതമാനത്തിൽ കൂടാനും പാടില്ല. ധനസഹായ ക്രമം നിശ്ചയിച്ചിരിക്കുന്നത്, ആകെ പദ്ധതി അടങ്കൽ തുകയുടെ 40 ശതമാനം സർക്കാർ ഗ്രാന്റ്/ സബ്സിഡിയായും 55 ശതമാനം ബാങ്ക് ക്രെഡിറ്റായും, 5 ശതമാനം ഉണഭോക്തൃ വിഹിതമായും ലഭിക്കത്തക്ക രീതിയിലാണ്. 18 വയസിന് മുകളിൽ പ്രായമുള്ള ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതി പ്രകാരം കയർ ഫൈബർ/യാൺ/ഉൽപ്പന്ന യൂണിറ്റ് തുടങ്ങാവുന്നതാണ്. വ്യക്തികൾ, കമ്പനികൾ, സ്വയം സഹായ സംഘങ്ങൾ, സർക്കാർ ഇതര സംഘടനകൾ, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ ഉൽപ്പാദന സഹകരണ സംഘങ്ങൾ, കുട്ടുത്തരവാദിത്ത സംഘങ്ങൾ, എൻ.ജി.ഒ. എന്നിവയ്ക്കെല്ലാം ഈ പദ്ധതിയിൻകീഴിൽ സാമ്പത്തിക സഹായം ലഭ്യമാണ്. 2007-08 കാലഘട്ടത്തിൽ റിമോട്ട് പദ്ധതി ആരംഭിച്ചത് മുതൽ, 4127 യൂണിറ്റുകൾക്കായി ആകെ 3707.90 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേരള സംസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

## അഡ്വഞ്ചർ ടൂറിസം പ്രോൽസാഹനം

25(*325) ശ്രീ. കെ.ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരത്തിന്റെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) കേരളത്തിന്റെ ഭൂപ്രകൃതി പരമാവധി പ്രയോജനപ്പെടുത്തി സാഹസിക വിനോദസഞ്ചാര മേഖല വികസിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സൊസൈറ്റി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. ഈ അനന്ത സാദ്ധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാര മേഖലയായി ഉയർത്തുക എന്നതാണ് വിനോദസഞ്ചാര വകുപ്പിന്റെ ഉദ്ദേശലക്ഷ്യം. കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പുത്തൻ കാൽച്ചുവടായ സാഹസിക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനു സാദ്ധ്യതയുള്ള മേഖലകളിൽ പഠനം നടത്തി പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. സാഹസിക വിനോദസഞ്ചാര മേഖലയിൽ യുവാക്കളുടെ ആഭിമുഖ്യം വർദ്ധിച്ച സാഹചര്യത്തിൽ ഇവരുടെ അഭിരുചി മനസ്സിലാക്കി യുവതലമുറയെ കൂടുതൽ ആകർഷിക്കുന്ന തരത്തിലുള്ള സാഹസിക വിനോദ സഞ്ചാര പദ്ധതികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) എന്ന സ്ഥാപനം മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

സാഹസിക ടൂറിസത്തെക്കുറിച്ച് സഞ്ചാരികളിലേയ്ക്ക് മതിയായ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, ആശ്രാമം, വയനാട് ജില്ലയിലെ കർലാട്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ സോഫ്റ്റ് അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിച്ചു. ഇതിനുപുറമെ താഴെപ്പറയുന്ന കേന്ദ്രങ്ങളിലും സാഹസിക വിനോദ സഞ്ചാരം നടത്തിവരുന്നു.

- പാരാഗ്ലൈഡിംഗ്, സിപ് ലൈൻ - വാഗമൺ
- കയാക്കിംഗ് - എറണാകുളം, കണ്ണൂർ, ചാലിയാർപ്പുഴ – കോഴിക്കോട്
- ട്രെക്കിംഗ് - വയനാട്, തേക്കടി, അഗസ്ത്യാർകൂടം
- പാരാമോട്ടോർ ഗ്ലൈഡിംഗ് - ആലപ്പുഴ, കണ്ണൂർ
- സ്കൂബാ ഡൈവിംഗ് - കോവളം, എറണാകുളം
- സിപ് ലൈൻ - വയനാട്, ഇടുക്കി
- വൈറ്റ് വാട്ടർ റാഫ്റ്റിംഗ് - കോഴിക്കോട്, കണ്ണൂർ
- അഡ്വഞ്ചർ പാർക്ക് - ജഡായു എർത്ത് സെന്റർ
- റിവർ റാഫ്റ്റിംഗ് - അതിരപ്പിള്ളി (തൃശ്ശൂർ)
- പെർമനന്റ് പാരാഗ്ലൈഡിംഗ് സെന്റർ - മൂന്നാർ
- വില്ലേജ് സൈക്ലിംഗ് - നെയ്യാർ ഡാം

" അഡ്വഞ്ചർ ആക്റ്റിവിറ്റീസ് ഇൻ കായംകുളം ലേക്ക് പാർക്ക്" എന്ന പദ്ധതിക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ഡി.റ്റി.പി.സി. (through M/s. WAPCOS) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കേരളത്തിൽ അഡ്വഞ്ചർ ആക്റ്റിവിറ്റീസ് നടത്തുന്നതിന് ഒരു ലൈസൻസിംങ് അതോറിറ്റിയോ മാനദണ്ഡമോ നിലവിലില്ലാത്തതിനാൽ ടൂറിസം വകുപ്പിന്റെ കീഴിൽ അഡ്വഞ്ചർ ടൂറിസം ഗൈഡ് ലൈസൻസ് തയ്യാറാക്കുന്നതിനുവേണ്ടി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായ മേഖലകൾ കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ അനന്ത സാദ്ധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ അന്തർദ്ദേശീയ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സംഘടന മികവുകൊണ്ട് വൻ വിജയമായിരുന്ന ഇന്റർ നാഷണൽ മൗണ്ടൻ ബൈക്ക് ചലഞ്ച് MTB കേരള 2014, 2015, 2016 എന്നിവ യൂണിയൻ ഇന്റർനാഷണൽ, സൈക്ലിംഗ് ഫെഡറേഷൻ ഓഫ് ഇൻഡ്യ എന്നിവരുടെ സാങ്കേതിക സഹകരണത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട് കൂടിയ അഞ്ചു കിലോമീറ്റർ ദൈർഘ്യമുള്ള സർക്യൂട്ട് ട്രാക്ക് ആണ് MTB കേരള-യ്ക്ക് വേണ്ടി തയ്യാറാക്കിയത്. MTB Kerala 2018- അഞ്ചാമത് എഡിഷൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പാരാഗ്ലൈഡിംഗ് ആഗ്രഹിക്കുന്നവർക്കായി പ്രത്യേക പരിശീലനം നൽകുവാൻ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ വാഗമണ്ണിൽ ഒരു പാരാഗ്ലൈഡിംഗ് സെന്റർ ആരംഭിക്കുവാനും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ലക്ഷ്യമിടുന്നു. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് പി.പി.പി. മോഡലിൽ സ്ഥാപിതമായി വരുന്ന ജഡായുപാറ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

## പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ

26(*326) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വായ്പയും ശമ്പളവും നൽകുക വഴി ഉണ്ടാകുന്ന റവന്യൂകമ്മി ചുരുക്കി കൊണ്ടുവരാൻ പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രത്യേക നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന ധനവിഹിതം വർദ്ധിപ്പിക്കുവാൻ പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ധനകാര്യ കമ്മീഷൻ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ഔദ്യോഗികമായി ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വർദ്ധിച്ച് വരുന്ന സെസ്സിന്റേയും സർചാർജ്ജുകളുടേയും ഫലമായി സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ (തനി) ഉണ്ടായ കുറവ് പരിഹരിക്കുന്നതിന് വേണ്ടിയും, ജി.എസ്.റ്റി.-യുടെ ഫലമായി കേന്ദ്രവും സംസ്ഥാനവും തുല്യനിരക്കിൽ നികുതി പങ്കിടുന്നതുമൂലം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതിയിൽ ഉണ്ടായ കുറവ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതത്തിൽ ഉണ്ടായ കുറവ് എന്നിവ പരിഹരിക്കുന്നതിനും, കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള റവന്യൂവരവ് ചെലവുകളിലെ വർദ്ധിച്ച് വരുന്ന അന്തരം ഇല്ലാതാക്കുന്നതിനും, നികുതി വിഭജനത്തിന് മുമ്പും അതിന് ശേഷവും കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള വിഭവലഭ്യതയിലുള്ള അന്തരം പരിഹരിക്കുന്നതിനും ആയാണ് പ്രസ്തുത വർദ്ധനവ് ആവശ്യപ്പെട്ടിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് 2019 ഒക്ടോബറിൽ മാത്രമേ സമർപ്പിക്കുകയുള്ളൂ. പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ലഭിക്കുകയുള്ളൂ.

## ഖര മാലിന്യത്തിൽനിന്നുള്ള വൈദ്യുതി ഉത്പാദനം

27(*327) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് വ്യവസായ വകുപ്പുമായി യോജിച്ച് ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉണ്ടാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(സി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം.എം. മണി): (എ) ഉണ്ട്.

(ബി) പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലാണ് പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്:

| ക്രമ നമ്പർ | സ്ഥലം | ജില്ല |
|---|---|---|
| 1 | പെരിങ്ങമ്മല | തിരുവനന്തപുരം |
| 2 | കരീപ്പുഴ | കൊല്ലം |
| 3 | ലാലൂർ | തൃശ്ശൂർ |
| 4 | കഞ്ചിക്കോട് | പാലക്കാട് |
| 5 | പാണക്കാട് | മലപ്പുറം |
| 6 | ചെലോറ | കണ്ണൂർ |

ഇതുകൂടാതെ കൊച്ചി ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള പദ്ധതി ഡിസൈൻ, ബിൽഡ്, ഫൈനാൻസ്, ഓപ്പറേറ്റ്, ട്രാൻസ്ഫർ (DBFOT) അടിസ്ഥാനത്തിൽ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ (PPP) നിർമ്മിക്കാൻ ധാരണയായിട്ടുണ്ട്.

(സി) മാലിന്യ സംസ്കരണമേഖലയിൽ നടപ്പിലാക്കാൻ കഴിയുന്ന നിക്ഷേപപദ്ധതികളിന്മേൽ തീരുമാനങ്ങളെടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 23.09.2017-ലെ 3122/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ കൺവീനറായും ഒരു സംസ്ഥാനതല ഉപദേശക സമിതി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഏഴ് സ്ഥലങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യാധുനിക സാങ്കേതിക വിദ്യകളോടുകൂടിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മലിന്യ സംസ്കരണത്തിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയ്ക്കനുസൃതമായായിരിക്കും പ്രസ്തുത പ്ലാന്റുകൾ പ്രവർത്തിക്കുന്നത്. കേന്ദ്രീകൃതമായ രീതിയിൽ മാലിന്യശേഖരണം മുതൽ സംസ്കരണം വരെയുള്ള മുഴുവൻ പ്രവർത്തികളും പ്രസ്തുത പ്ലാന്റുകളിലൂടെ നടപ്പിലാക്കുന്നതായിരിക്കും.

പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ ഏജൻസികളെ ആഗോള ടെൻഡറിലൂടെയായിരിക്കും തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ഏജൻസികൾക്ക് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സർക്കാർ ഭൂമി ദീർഘ കാലപാട്ടത്തിന് നൽകി പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും

മാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഇതിലേയ്ക്കായി സ്വകാര്യ ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ ഉടൻ പ്രസിദ്ധപ്പെടുത്തുന്നതാണ്.

വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതി ഉണ്ടാക്കാനുള്ള പദ്ധതികളിൽനിന്നും ലഭിക്കുന്ന വൈദ്യുതി പൂർണ്ണമായും റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ ഇലക്ട്രിസിറ്റി ബോർഡ് വാങ്ങുന്നതാണ്. കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പദ്ധതിയിൽനിന്നും വൈദ്യുതി വാങ്ങുന്നതിനായി ഇലക്ട്രിസിറ്റി ബോർഡ് പവർ പർച്ചേസ് എഗ്രിമെന്റ് (PPA) വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ജൈവമാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനോട് അനുബന്ധിച്ച് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ജി.ജെ. എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും 17-2-2016-ൽ ഒരു കൺസെഷൻ എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. ഈ എഗ്രിമെന്റ് പ്രകാരം കൊച്ചി ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള പദ്ധതി ഡിസൈൻ, ബിൽഡ്, ഫൈനാൻസ്, ഓപ്പറേറ്റ്, ട്രാൻസ്ഫർ (DBFOT) അടിസ്ഥാനത്തിൽ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ (PPP) നിർമ്മിക്കാൻ ധാരണയായിട്ടുണ്ട്. ഇപ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ പെറ്റീഷൻ നമ്പർ O.P.10/2017 സമർപ്പിച്ച് ഈ പദ്ധതിയിൽനിന്നും ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും യൂണിറ്റിന് 6 രൂപ 17 പൈസ എന്ന നിരക്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങണമെന്ന് 6-3-2018-ൽ ഉത്തരവാക്കിയിട്ടുണ്ട്.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ കൺസോർഷ്യം

28 (*328) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉത്സവകാലങ്ങളിലെ വിലക്കയറ്റത്തിൽനിന്നും ആശ്വാസമേകാനായി സഹകരണ വകുപ്പ് നടത്തിവരുന്ന ഓണച്ചന്തകളും ക്രിസ്തുമസ് പുതുവത്സര ചന്തകളും കൂടുതൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പൊതുവിപണിയിൽ അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. ഇതുവഴി 2017 മാർച്ച്-ഏപ്രിൽ കാലയളവിൽ പശ്ചിമ ബംഗാളിൽനിന്നും അരി ഇറക്കുമതി ചെയ്ത് സംസ്ഥാനത്ത് 680 " അരിക്കടകൾ" ആരംഭിച്ച് "സുവർണ്ണ മസ്സൂരി" എന്ന ഉല്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപാ നിരക്കിൽ വില്പന നടത്തിയിരുന്നു. ഈ ഇടപെടൽ പൊതു വിപണിയിലെ വില്പന വില പിടിച്ചു നിർത്തുന്നതിന് സഹായകമായിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം റംസാൻ ചന്തകൾ നടത്തിയിരുന്നു. 2018 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 10 ദിവസം വരെ നീണ്ടുനിൽക്കുന്ന 3500 ഓണ വിപണികൾ നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ക്രിസ്തുമസ് പുതുവത്സര കാലയളവിലും മുൻകാലങ്ങളിലേതു പോലെ വിപണി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന**

29(*329) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. കെ. ശശി:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജമേഖലയിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം എത്ര തുക കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഉണ്ട്. ഗ്രാമീണ ഭവന വൈദ്യുതീകരണം, ഗ്രാമീണ വൈദ്യുതി ശൃംഖലയുടെ ശാക്തീകരണം, വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുക, സൻസദ് ആദർശ് ഗ്രാമജ്യോതി യോജനയിൽ പാർലമെന്റംഗങ്ങൾ തെരഞ്ഞെടുത്ത വില്ലേജുകളിലെ വിവിധ പ്രവൃത്തികൾ എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ബി.പി.എൽ. സർവ്വീസ് കണക്ഷൻ - 98527 എണ്ണം
2. വിതരണ ട്രാൻസ്ഫോർമർ - പുതിയത് 525 എണ്ണം
3. വിതരണ ട്രാൻസ്ഫോർമർ - ശേഷി കൂട്ടൽ - 56 എണ്ണം
4. മീറ്റർ സ്ഥാപിക്കൽ- 45180 എണ്ണം
5. മീറ്റർ മാറ്റിവയ്ക്കൽ- സിംഗിൾഫേസ് - 1650076 എണ്ണം
6. മീറ്റർ മാറ്റിവയ്ക്കൽ - ത്രീഫേസ് - 83688 എണ്ണം
7. വിതരണ ട്രാൻസ്ഫോർമർ മീറ്ററിംഗ് - 23655 എണ്ണം
8. ഫീഡർ മീറ്ററിംഗ്- 103 എണ്ണം
9. 11 കെ.വി. ലൈൻ -1013.55 കി.മീ.
10. 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾ - 268.39 കി.മീ.
11. 11 കെ.വി. ലൈൻ നവീകരണം 383.46 കി.മീ
12. 33/66 കെ.വി. ലൈൻ - 17 കി. മീ.
13. എൽ.റ്റി. ലൈൻ - സിംഗിൾഫേസ്- 2955.37 കി. മീ.
14. എൽ.റ്റി. ലൈൻ- ത്രീഫേസ് 305.14 കി.മീ.

15. എൽ.റ്റി. ലൈൻ ഏരിയൽ ബഞ്ച്ഡ് കേബിൾ - 107.6 കി.മീ.

16. എൽ.റ്റി. ലൈൻ ഏരിയൽ കേബിൾ ആക്കുന്നത് - 97.56 കി. മീ.

17. സിംഗിൾഫേസ് ലൈൻ റീ-കണ്ടക്ടറിംഗ് - 65.11 കി.മീ.

18. ത്രീഫേസ് ലൈൻ റീ-കണ്ടക്ടറിംഗ് - 465.48 കി.മീ.

19. പുതിയ 33 കെ. വി. സബ്സ്റ്റേഷൻ - 2 എണ്ണം

20. 33 കെ. വി. സബ്സ്റ്റേഷൻ ശേഷി കൂട്ടൽ - 6 എണ്ണം

(സി) ഉണ്ട്. ഗ്രാമീണ മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനങ്ങൾക്ക്, ലൈൻ വലിക്കൽ ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള വ്യവസ്ഥയുണ്ട്. വിശദാംശം അനുബന്ധമായി* നൽകുന്നു.

(ഡി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം കേന്ദ്രവിഹിതമായി തുകയൊന്നും ലഭിച്ചിട്ടില്ല.

**ഖാദി മേഖലയുടെ പുനരുദ്ധാരണ പദ്ധതികൾ**

30(*330) <u>ശ്രീ. പി. ഉണ്ണി</u>:
<u>ശ്രീ. ജോർജ് എം. തോമസ്</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പുതിയ ഖാദി ഉല്പാദന കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ രംഗത്ത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനും ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): (എ) സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ ഏറ്റുകുടുക്ക സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണത്തിനും ഖാദി സഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും ധനസഹായത്തിനും ഖാദി നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയ്ക്കും വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെടുത്തലിനും ഖാദി ഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഖാദി ഗ്രാമവ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റെയും ഭാഗമായി ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം മുതൽ 40 ശതമാനം വരെ സബ്സിഡി അനുവദിച്ച് നൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം മുതൽ 35 ശതമാനം വരെ സബ്സിഡി അനുവദിച്ചുനൽകുന്നു.

(ബി) വെഞ്ഞാറമൂട്, അരുവിക്കര, ചെറിയകൊണ്ണി, ഒറ്റശേഖരമംഗലം, കരുവാറ്റ, അമയന്നൂർ, ഉടമ്പന്നൂർ, കരിമ്പാടം, തിരുവാണിയൂർ, ശ്രീകൃഷ്ണപുരം, പട്ടഞ്ചേരി, മാമാങ്കര, മരഞ്ചാടി, വലിയപൊയിൽ, പിണറായി, കൂക്കാനം, പങ്ങാരപ്പള്ളി, നെല്ലുന്നി, ചെറുവത്തൂർ എന്നീ സ്ഥലങ്ങളിലാണ് പുതിയ ഖാദി ഉല്പാദനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്.

(സി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ,സ്റ്റൂൾ, ടോയ്‌ലെറ്റ്) ഏർപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ സഹായത്തോടെ

തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ലാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതിക്ക് 2016-17-ൽ 8 ലക്ഷവും 2017-18-ൽ 10 ലക്ഷം രൂപയും അനുവദിക്കുകയും തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19-ൽ 15 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ഡി) ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ്, ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. ഖാദി തൊഴിലാളികളുടെ ഉന്നമനത്തിനുമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, ഖാദി മേഖലയിൽ പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും അത് പ്രകാരം അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചെങ്ങന്നൂർ പ്രത്യേക വികസന പദ്ധതി

1(3695) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തിലെ പ്രത്യേക വികസന പദ്ധതി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-17 വർഷത്തിൽ പ്രത്യേക വികസന പദ്ധതി പ്രകാരം പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വീകരിക്കുന്നതാണ്.

### സി.ആന്റ് എ.ജി. റിപ്പോർട്ടുകളിന്മേലുള്ള പരിഹാര നടപടികൾ

2(3696) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആന്റ് എ.ജി. റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ച് കഴിഞ്ഞാൽ രണ്ട് മാസത്തിനുള്ളിൽ പരിഹാര നടപടികൾ എടുത്ത് അത് സംബന്ധിച്ച റിപ്പോർട്ടുകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം പല വകുപ്പുകളും പാലിക്കുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി റിപ്പോർട്ടുകൾ സമയബന്ധിതമായി നൽകാത്തതുമൂലം സി. ആന്റ് എ.ജി.-യുടെ കണ്ടെത്തലുകൾ പരിശോധിക്കുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കാലതാമസം ഉണ്ടാകുകയും അതിനാൽ തന്നെ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുള്ളതും ഗൗരവമായി പരിഗണിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എങ്കിൽ റിപ്പോർട്ടുകൾ സമർപ്പിച്ച് കഴിഞ്ഞ് രണ്ട് മാസത്തിനകം തന്നെ പരിഹാര നടപടി സ്വീകരിച്ച് റിപ്പോർട്ട് പി.എ.സി. ക്ക് സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ; ഇപ്രകാരം നടപടി സ്വീകരിക്കാത്ത വകുപ്പ് മേധാവികളുടെ പേരിൽ അച്ചടക്ക നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) സി. ആന്റ് എ.ജി. റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ 2 മാസത്തിനുള്ളിൽ പരിഹാര നടപടികൾ എടുത്ത് അത് സംബന്ധിച്ച് റിപ്പോർട്ടുകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം പല വകുപ്പുകളും പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത നടപടി റിപ്പോർട്ടുകൾ സമയബന്ധിതമായി നൽകാത്തതുമൂലം സി.ആന്റ് എ.ജി.-യുടെ കണ്ടെത്തലുകൾ പരിശോധിക്കുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കാലതാമസം ഉണ്ടാകുകയും അതിനാൽ തന്നെ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും 3-4-1997-ലെ നമ്പർ 27/1997/ധന. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി ധനകാര്യ വകുപ്പിൽനിന്നും കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ആയതിൻപ്രകാരം സി.ആന്റ് എ.ജി. റിപ്പോർട്ടുകൾക്കുള്ള നടപടി റിപ്പോർട്ടുകൾ, സി.ആന്റ് എ.ജി. റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ 2 മാസത്തിനകം നിയമസഭയിൽ എത്തിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ ആഡിറ്റ് പരാമർശങ്ങൾക്കുമേൽ വകുപ്പുകൾ സ്വീകരിച്ച നടപടി പുരോഗതി വിലയിരുത്തുന്നതിനായി അപ്പെക്സ് കമ്മിറ്റി മീറ്റിംഗ്, ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് യഥാക്രമം നടത്തിവരുന്നുണ്ട്.

(സി) റിപ്പോർട്ടുകൾ സമർപ്പിച്ച് കഴിഞ്ഞ് രണ്ട് മാസത്തിനകം തന്നെ പരിഹാര നടപടി സ്വീകരിച്ച് റിപ്പോർട്ട് പി.എസ്.സി.-ക്ക് സമർപ്പിക്കേണ്ടതാണെന്ന് 3-4-1997-ലെ നമ്പർ 27/1997/ധന. സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടപടി സ്വീകരിക്കുന്നില്ലായെങ്കിൽ വകുപ്പ് മേധാവികളുടെ പേരിൽ ഉചിതമായ വകുപ്പുതല നടപടി കൈക്കൊള്ളാവുന്നതാണ്.

## ഭരണ-സാങ്കേതിക അനുമതികൾക്കുള്ള സാമ്പത്തിക പരിധി

3(3697) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്, ജല വിഭവം, ഹാർബർ എഞ്ചിനീയറിംഗ്, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളിലെ ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകുന്നതിന് നിലവിലുള്ള സാമ്പത്തിക പരിധി വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽ വകുപ്പുകളിലെ സമാന തസ്തികയിലുള്ളവർക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള സാമ്പത്തിക പരിധി വ്യത്യസ്തമായി നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏകീകരിക്കുന്നതിനും പരിധി ഉയർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായാൽ പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിന് വലിയതോതിൽ കാലതാമസം നേരിടുന്നത് മൂലം വികസന പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കുന്നതിന് കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സാങ്കേതികാനുമതി നൽകുന്നതിന് സമയ പരിധി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ധന വകുപ്പിന്റെ 22-3-2000-ലെ സ.ഉ.(കൈ) നം.667/2000/ധന, 10-12-2003-ലെ സ.ഉ.(കൈ) നമ്പർ 656/2003/ധന, 7-8-2017-ലെ സ.ഉ.(കൈ) നമ്പർ 102/2017/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് പൊതുമരാമത്ത്, ജലവിഭവം, മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ delegations നിശ്ചയിച്ചിരിക്കുന്നത് സ.ഉ.(കൈ) നമ്പർ 102/2017/ ധന ഉത്തരവിലെ അനുബന്ധം 1 -ലെ ഇനം 14 a

പ്രകാരം 2 കോടി രൂപവരെയുള്ള പദ്ധതികൾക്ക് അനുമതി നൽകാൻ ചീഫ് എഞ്ചിനീയർക്ക് (പി.ഡബ്ല്യു.ഡി. ആന്റ് ജലസേചനം) അധികാരമുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പും ടി ഉത്തരവുകൾ പ്രകാരം വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾക്കുള്ള നിലവിലെ പൊതു സാമ്പത്തികാധികാര പരിധിയും അനുബന്ധമായി ചേർക്കുന്നു*

(ബി) സമാന തസ്തികയിലുള്ളവർക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള സാമ്പത്തിക പരിധി മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുതലവന്മാരാണ് നിശ്ചയിക്കുന്നത്. എഞ്ചിനീയറിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ delegations ഉയർത്തുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 16-1-2016 തീയതിയിലെ സ.ഉ. (പി) നമ്പർ 6/2016/ധന ഉത്തരവ് പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായാൽ പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കുന്നതിനും ഈ ഉത്തരവിലൂടെ സാധ്യമാകുന്നുണ്ട്.

(ഡി) സാങ്കേതികാനുമതി നൽകുന്നതിന് Technical Sanction Committee-ക്ക് ഉണ്ടായിരുന്ന അധികാരം എടുത്തുമാറ്റി ആയതിനുള്ള പരമാധികാരം ചീഫ് എഞ്ചിനീയർമാർക്ക് നൽകിയത് വിവിധ വകുപ്പുകളിലെ ചീഫ് എഞ്ചിനീയർമാരുടെ ശിപാർശ പ്രകാരമാണ്. ടി സാഹചര്യത്തിൽ സാങ്കേതികാനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച ചീഫ് എഞ്ചിനീയർ തലത്തിൽ ശിപാർശ ലഭ്യമായാൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ നിയമപരമായ പ്രവർത്തനങ്ങൾ

4(3698) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം സംസ്ഥാന നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെയും പ്രത്യേകിച്ച് അതിർത്തി ചെക് പോസ്റ്റ് ഉദ്യോഗസ്ഥരുടെയും നിയമപരമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അതിർത്തി പ്രദേശങ്ങൾ വഴി സംസ്ഥാനത്തിനകത്തും പുറത്തും ഉല്പന്നക്കടത്ത് നടക്കുന്നത് തടയുവാനും പിഴ ഈടാക്കാനും ഇവർക്ക് എന്ത് നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഇതുവഴി ഇക്കാലയളവിൽ ലഭിച്ച നികുതി/ഫൈൻ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നിലവിൽ വന്നശേഷം ചില വ്യാപാരികൾ വില കൂട്ടി വില്ക്കുന്നതും ഉല്പന്നങ്ങളുടെ വില പ്രദർശിപ്പിക്കാത്തതുംവഴി അമിത ലാഭം ഈടാക്കുകയും നികുതി സർക്കാരിന് നൽകാതിരിക്കുന്നതും നികുതി വകുപ്പ് പരിശോധിച്ചുവോ; എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അതിർത്തി ചെക്ക് പോസ്റ്റുകളിൽനിന്നും പിൻവലിച്ച ഉദ്യോഗസ്ഥരെ നിലവിലെ ഇന്റലിജൻസ് സ്ക്വാഡ് ശക്തിപ്പെടുത്തുന്നതിനും മൂല്യവർദ്ധിത നികുതി നിയമപ്രകാരം തീർപ്പാക്കുവാനുണ്ടായിരുന്ന ഫയലുകളുടെ തീർപ്പാക്കലിനുമായി ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം, സംസ്ഥാന നികുതി വകുപ്പ് ഉദ്യോഗസ്ഥരുടെ നിയമപരമായ പ്രവർത്തനങ്ങൾ 6-7-2017-ലെ ജി.എസ്.ടി. കമ്മീഷണർ, കേരളയുടെ സി2/24614/സി.ടി. നമ്പർ നടപടിക്രമത്തിലൂടെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇ-വേ ബിൽ കർശനമാക്കുന്നതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ നികുതി/ഫൈൻ ഇനത്തിൽ 18.40 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) സാധനങ്ങളുടെ വില നിയന്ത്രണവും വില പ്രദർശിപ്പിക്കലും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി. നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് ചരക്കുകളുടെയും വില നിലവാരത്തിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജി.എസ്.ടി.-ക്ക് മുമ്പും ജി.എസ്.ടി. വന്നതിനുശേഷം ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടേയും വിൽപ്പനക്കാരുടേയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ബില്ലുൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്.

22-ാമത് ജി.എസ്.ടി. കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതി നിരക്കിൽ 15-11-2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റി പ്രോഫിറ്റീയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിയാണ്.

## ബഡ്ജറ്റ് രേഖകളുടെ കൃത്യതയില്ലായ്മയെക്കുറിച്ച് സി.ആന്റ് എ.ജി. റിപ്പോർട്ട്

5(3699) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി.സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഡ്ജറ്റ് രേഖകളുടെ കൃത്യതയില്ലായ്മയെക്കുറിച്ച് സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) മുൻ കാലങ്ങളെ അപേക്ഷിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിലുള്ള അന്തരം കൂടിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ച പുതിയ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കാത്തതിനെ സി.ആന്റ്.എ.ജി. . റിപ്പോർട്ടിൽ വിമർശിക്കുന്നില്ലേ;

(ഡി) ബഡ്ജറ്റിന് പുറമെ മറ്റൊരു കിഫ്ബി ബഡ്ജറ്റ് അവതരിപ്പിക്കുന്ന സ്ഥിതിവിശേഷത്തോടുള്ള സി. ആന്റ് എ.ജി.-യുടെ വിമർശനമായല്ലേ ഇതിനെ കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന വരവ് ചെലവുകളുടെ എസ്റ്റിമേറ്റും അവയുടെ യഥാർത്ഥ കണക്കും തമ്മിലുള്ള താരതമ്യവും അവലോകനവും സി.ആന്റ് എ. ജി. റിപ്പോർട്ടിൽ സാധാരണ പരമർശിക്കാറുണ്ട്. ഈ അവലോകനത്തിന്റെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുക പതിവാണ്.

(സി) 2016-17 സാമ്പത്തിക വർഷം കിഫ്ബി മുഖേന 111 പദ്ധതികൾക്ക് 12,006.75 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 43 പദ്ധതികളുടെ നിർവ്വഹണം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 16 പ്രവൃത്തികൾ ആരംഭിക്കുന്നതിന് വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷം 16 പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി 2016-17 സാമ്പത്തിക വർഷം അംഗീകാരം നൽകിയതും, നിർവ്വഹണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ 36 പദ്ധതികളും ഉണ്ട്.

(ഡി) അല്ല.

**സംസ്ഥാന ജി.എസ്.ടി. വകുപ്പ് ജീവനക്കാർ**

6(3700) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി.വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ട്; ഗസറ്റഡ് ജീവനക്കാർ എത്ര, നോൺ ഗസറ്റഡ് ജീവനക്കാർ എത്ര, ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാനത്ത് നിലവിൽ ഇപ്പോൾ എത്ര ചെക്ക് പോസ്റ്റുകൾ ഉണ്ട്; അവ ഏതൊക്കെ എന്ന് വിശദമാക്കാമോ;

(സി) ജി.എസ്.ടി. വകുപ്പിൽ നിലവിൽ ജീവനക്കാർ അധികം ഉണ്ടോ; എങ്കിൽ അവരെ പുനർവിന്യസിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ആകെ 4664 ജീവനക്കാരുണ്ട്. 757 ഗസറ്റഡ് ഉദ്യോഗസ്ഥരും 3907 നോൺ ഗസറ്റഡ് ജീവനക്കാരുമുണ്ട്.

വകുപ്പ്, ജി.എസ്.ടി. നികുതി സമ്പ്രദായത്തിലേയ്ക്ക് മാറുകയും പ്രസ്തുത നികുതി സമ്പ്രദായത്തിൽ ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായ സാധുതയില്ലാത്തതിനാൽ അവ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ചെക്ക് പോസ്റ്റിൽ ജോലി നോക്കിയിരുന്നവരെ വിവിധ ജില്ലകളിലേയ്ക്ക് വകുപ്പുതല പുനർവിന്യാസം നടത്തിയിട്ടുള്ളതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരികയാണ്.

(ബി) സംസ്ഥാനത്ത് ചരക്ക് സേവന നികുതി വകുപ്പിനുകീഴിൽ ചെക്ക്പോസ്റ്റുകൾ നിലവിലില്ല.

(സി) ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി വകുപ്പിനുകീഴിൽ ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായ സാധുതയില്ലാതാവുകയും, അവ നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ ചെക്ക് പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ വകുപ്പിനുകീഴിൽ വിവിധ ജില്ലകളിലുള്ള ഓഫീസുകളിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച മതിലകം റവന്യൂടവർ

7(3701) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതും 2016-2017 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുമായ മതിലകം റവന്യൂടവറിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) റവന്യൂടവറിന്റെ നിർമ്മാണം ദ്രുതഗതിയിൽ ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. മതിലകം റവന്യൂടവർ ഉൾപ്പെടെ 25 പദ്ധതികൾ പ്രത്യേക നിക്ഷേപപദ്ധതി പ്രകാരം നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചുകൊണ്ടും അവയ്ക്കായി ഭൂമി കണ്ടെത്തുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടും സ.ഉ.(സാധാ)/ 56/2016/ഭവനം തീയതി 16-11-2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ

പദ്ധതികൾ എല്ലാം റവന്യൂവകുപ്പുമായി ബന്ധപ്പെട്ടുള്ളതായതിനാൽ പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതും നിർവ്വഹണ ഏജൻസിയായ എസ്.പി.വി.-യെ നിയമിക്കേണ്ടതും റവന്യൂവകുപ്പാണ്. ആയതിനാൽ ഭവന നിർമ്മാണ വകുപ്പ് ഈ പദ്ധതികളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ റദ്ദ് ചെയ്ത് പകരം റവന്യൂവകുപ്പ് ഭരണാനുമതി നൽകുന്നതിനായി ഭവന നിർമ്മാണ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ മതിലകം റവന്യൂടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി റവന്യൂവകുപ്പ് പുറപ്പെടുവിച്ചിട്ടില്ല.

## ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി

8(3702) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ 2017-18 വർഷത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017-18 വർഷത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്തത് ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവൃത്തികളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സ്ഥലപരിശോധന പൂർത്തിയാക്കിയപ്പോഴേയ്ക്കും ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## സ്പാർക്കിലെ ജീവനക്കാരുടെ നിയമനം

9(3703) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന് കീഴിലെ സ്പാർക്കിൽ താല്ക്കാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലേയും ജീവനക്കാരുടെ ഹാജർനില സ്പാർക്കുമായി ബന്ധിപ്പിക്കാൻ സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ സ്പാർക്കിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സ്പാർക്കിലെ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്പാർക്കിലെ ജീവനക്കാരുടെ നിയമനം പി.എസ്.സി മുഖേനയുള്ള മത്സരപരീക്ഷകളുടെ അടിസ്ഥാനത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിന്റെ കീഴിലെ സ്പാർക്ക് പി.എം.യു.-വിൽ താൽക്കാലിക അടിസ്ഥാനത്തിൽ 41 ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല.

(സി) ഉദ്ദേശിക്കുന്നില്ല.

(ഡി) നിലവിൽ വിഷയം പരിശോധനയിലില്ല.

**ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ**

10(*T 3704) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ഭവന നിർമ്മാണ വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സീനിയോറിറ്റിയുടെ വിശദാംശങ്ങൾ വകുപ്പ് തരം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 12-11-2009 തീയതിയിലെ സ.ഉ.(പി) നമ്പർ 505/2009/ധന പ്രകാരമാണ് സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ പദ്ധതി പുനരാവിഷ്കരിച്ചത്.

- 5 വർഷം മുഴുവൻ സർവ്വീസ് പൂർത്തിയായതും 50 മാസം സർവ്വീസ് അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാരാണ് ഭവന വായ്പയ്ക്ക്

* T – മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അർഹരായുള്ളത്. ഭാഗിക സേവനമോ/എയ്ഡഡ് വിദ്യാലയ സേവനമോ പരിഗണിക്കുന്നതല്ല. സ്വന്തമായോ ഭാര്യ/ഭർത്താവിന്റെയോ പേരിൽ വീടുള്ളവർ വായ്പയ്ക്ക് അർഹരല്ല.

- അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി പരമാവധി 20 ലക്ഷം രൂപയാണ് (സംയുക്ത അപേക്ഷയിലും) വായ്പയായി അനുവദനീയമാകുന്നത്.

- 8 ശതമാനം വാർഷിക സാധാരണ പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്. എന്നാൽ വസ്തു സർക്കാരിലേയ്ക്ക് പണയപ്പെടുത്തുമ്പോൾ (വായ്പാ മുതലിന്റെ 2 ശതമാനവും) പണയ വസ്തുവിട്ടുവിക്കുമ്പോഴും വായ്പാ മുതലിന്റെയും പലിശയുടെയും 2 ശതമാനവും ഫീസായി ഒടുക്കേണ്ടതാണ്.

- ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ഉള്ള ഭവന വായ്പ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിലേയ്ക്ക് ഏറ്റെടുക്കുന്നത് അനുവദനീയമല്ല.

- വിരമിക്കാൻ കുറഞ്ഞ സേവനമുള്ളവരാണ് സംസ്ഥാനതല ഭവന നിർമ്മാണ വായ്പാ പട്ടികയിൽ ആദ്യമുണ്ടാവുക.

- അസ്സൽ ആധാരം, ടൈറ്റിൽ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, വസ്തു സംബന്ധമായ ബാധ്യതാ സർട്ടിഫിക്കറ്റ്, പ്ലാൻ ആന്റ് എസ്റ്റിമേറ്റ്, കെട്ടിട അനുമതി എന്നിവയെല്ലാം അപക്ഷേയ്ക്കൊപ്പം ഹാജരാക്കേണ്ടതാണ്. ഉദ്യോഗസ്ഥർക്ക് സർക്കാരിൽനിന്നുള്ള വായ്പയ്ക്ക് പുറമേ അധിക ധനം ആവശ്യമായി വരികയാണെങ്കിൽ സെക്കന്റ് മോർട്ട്ഗേജായി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കാവുന്നതാണ്. 11-2-2008-ലെ സ.ഉ.(അച്ചടി) നമ്പർ 76/2008/ധന ആയത് സർക്കാരിൽ നിന്നുള്ള ഭവന വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന വായ്പയും കൂടി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിയിൽ കവിയാതെ പരമാവധി 40 ലക്ഷം വരെ വായ്പയായി എടുക്കാവുന്നതാണ്. (30-9-2016-ലെ സ.ഉ. (അച്ചടി) നമ്പർ 143/2016/ ധന.)

(ബി) ഭവന നിർമ്മാണ വായ്പാ സീനിയോറിറ്റിയുടെ വിശദാംശം വകുപ്പ് തരംതിരിച്ച് പട്ടിക ജനറേറ്റ് ചെയ്യുവാൻ സാധ്യമല്ല. നിലവിൽ ജീവനക്കാരുടെ സർവ്വീസ് അനുസരിച്ചുള്ള സീനിയോറിറ്റി ആയിട്ടാണ് ഭവന നിർമ്മാണ വായ്പാ ലിസ്റ്റ് ക്രമപ്പെടുത്തിയിട്ടുള്ളത്.

## ധനസ്ഥിതി സംബന്ധിച്ച് സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ട്

11(3705) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് സി.ആന്റ്.എ.ജി. യുടെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തൊക്കെ കാരണങ്ങളാലാണ് സർക്കാരിന്റെ സാമ്പത്തികസ്ഥിതി മുൻവർഷത്തേക്കാൾ മോശമായതെന്ന് സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ വിലയിരുത്തിയിരിക്കുന്നത്;

(സി) സംസ്ഥാനത്തിന്റെ തനതുവരുമാനം കുറയുന്നത് ആശങ്കാജനകമായ തോതിലാണോ; വിശദമാക്കുമോ;

(ഡി) കേന്ദ്രപദ്ധതികളുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ഇ) ശമ്പളം-പെൻഷൻ ചെലവുകൾ സംസ്ഥാനത്തിന്റെ വരുമാനത്തേക്കാൾ അധികരിക്കുന്നത് ആശങ്ക ഉണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2016-17-ൽ ഉയർന്നു നിന്ന മൂന്ന് സുപ്രധാന സാമ്പത്തിക പരിമാത്രകൾ-റവന്യൂ, ധന, പ്രാഥമിക കമ്മറ്റികളുടെ അടിസ്ഥാനത്തിൽ 2015-16-ഉമായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശപ്പെട്ടു എന്ന് സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(ബി) റവന്യൂവരവിന്റെ വളർച്ചാ നിരക്കിലുണ്ടായ കുറവ്, പ്രത്യേകിച്ച് തനത് നികുതി വരവിലുണ്ടായ കുറവ് സാമ്പത്തിക സ്ഥിതി മോശമാകുന്നതിന് ഒരു കാരണമായി സി.ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സംസ്ഥാന പദ്ധതികൾക്കുള്ള ധനസഹായത്തിലും കേന്ദ്ര പദ്ധതികൾക്കുള്ള ധനസഹായത്തിലും ഉണ്ടായ ഗണ്യമായ കുറവ് മറ്റൊരു കാരണമാണെന്ന് സി. ആന്റ് എ.ജി. പരാമർശിച്ചിട്ടുണ്ട്. കൂടാതെ റവന്യൂചെലവിലുണ്ടായ വർദ്ധനവ്,

പ്രത്യേകിച്ച് ശമ്പളം, പെൻഷൻ, പലിശ നൽകൽ എന്നീ ഇനങ്ങളിലുണ്ടായ ചെലവ് സാമ്പത്തിക സ്ഥിതിയെ ബാധിച്ച വിഷയങ്ങളിലൊന്നായി സി. ആന്റ് എ.ജി. ചൂണ്ടിക്കാട്ടിയിരിക്കുന്നു. എങ്കിലും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മൊത്തം ചെലവിൽ റവന്യൂചെലവിന്റെ ശതമാനം കുറഞ്ഞു വരുന്ന പ്രവണത സർക്കാരിന്റെ മുൻഗണന മൂലധന ചെലവിലേയ്ക്ക് മാറ്റുന്നതിനെ സൂചിപ്പിക്കുന്നതായി സി. ആന്റ് എ.ജി. നിരീക്ഷിച്ചിട്ടുണ്ട്.

(സി) 2013-14 മുതൽ 2016-17 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും വരൾച്ചാ നിരക്കും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | തനത് നികുതി വരുമാനം | വളർച്ചാ നിരക്ക് |
|---|---|---|
| 2013-14 | 31995.02 | 6.38 |
| 2014-15 | 35232.50 | 10.12 |
| 2015-16 | 38995.15 | 10.68 |
| 2016-17 | 42176.38 | 8.16 |

2017-18-ലെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽനിന്നും ഇരുപത്തിയെട്ട് എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപതെണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്. പുതിയ സംവിധാനം അനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും മാറ്റുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാർ വകയിരുത്തുന്നുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാധ്യത ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അറുപത് ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ചത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്.

(ഇ) 2016-17 സാമ്പത്തിക വർഷത്തെ ശമ്പളം, പെൻഷൻ ചെലവുകൾ എന്നിവ സംസ്ഥാനത്തിന്റെ ആകെ റവന്യൂവരുമാനത്തിന്റെ 57.30 ശതമാനം മാത്രമാണ്.

## ജി.എസ്.ടി. നെറ്റ്‌വർക്ക്

12(3706) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ വാഹനങ്ങൾ ഉപയോഗിച്ച് നടത്തുന്ന ചരക്ക് ഇടപാടുകൾ, ഒന്നിലേറെ ഉല്പന്നങ്ങൾ ഒരുമിച്ച് വില്ക്കുന്ന മിക്സഡ് സപ്ലൈ അഥവാ കോംബോ സപ്ലൈ, ജീവനക്കാരെ കൊണ്ടുവരുന്നതിനും മറ്റുമായി ഉപയോഗിക്കുന്ന വാഹനങ്ങൾ, ലോഡിംഗ് അൺലോഡിംഗ് ചാർജുകൾ, അഡ്വാൻസ് പേയ്മെന്റ് നടത്തുന്ന സാഹചര്യങ്ങൾ തുടങ്ങിയവയ്ക്ക് ജി.എസ്.ടി.ബാധകമാണോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) രാജ്യത്ത് പൂർണ്ണമായി ജി.എസ്.ടി.നെറ്റ് വർക്ക് നടപ്പാക്കിയിട്ടുണ്ടോ; ഇപ്പോൾ എത്ര ശതമാനം പൂർത്തിയായി; സംസ്ഥാനത്തിന്റെ അവസ്ഥ എന്താണ് എന്നും കേന്ദ്രസർക്കാർ ജി.എസ്.ടി.നടപ്പാക്കാനായി 17-ൽ കൂടുതൽ വിജ്ഞാപനങ്ങളിറക്കിയെങ്കിലും നികുതിദായകർക്കും ഉപഭോക്താക്കൾക്കും വ്യക്തത വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഗുഡ്സ് ട്രാൻസ്പോർട്ടിംഗ് ഏജൻസികൾക്കും മിക്സഡ് സപ്ലൈയ്ക്കും കോംബോസിറ്റ് സപ്ലൈയ്ക്കും ലോഡിംഗ് അൺലോഡിംഗ് ചാർജ്ജുകൾക്കും അഡ്വാൻസ് പേയ്മെന്റുകൾക്കും ജി.എസ്.ടി. ബാധകമാണ്. ജീവനക്കാരെ കൊണ്ടുവരുന്നതിനായി സ്വന്തം വാഹനമുപയോഗിക്കുന്നതിന് ജി.എസ്.ടി. ബാധകമല്ല.

(ബി) രാജ്യത്ത് പൂർണ്ണമായി ജി.എസ്.ടി. നെറ്റ്‌വർക്ക് നടപ്പാക്കിയിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറുകൾ പൂർത്തിയായിട്ടില്ല. കേരള സംസ്ഥാനം ജി.എസ്.ടി.-യുടെ ബാക്ക് എൻഡ് മൊഡ്യൂളാണ് ചെയ്യുന്നത്. ഇത് പൂർത്തിയായിവരുന്നു. ജി.എസ്.ടി. നെറ്റ്‌വർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമായതിനുശേഷം മാത്രമേ സംസ്ഥാനത്ത് ബാക്ക് എൻഡ് പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ജി.എസ്.ടി.-യെ സംബന്ധിച്ച് നികുതിദായകർക്കും ഉപഭാക്താക്കൾക്കും വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനം സ്വീകരിക്കുന്നുണ്ട്.

## നികുതി വരുമാനത്തിലുണ്ടായ ഇടിവ്

13(3707) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിലെ നികുതി പിരിവിലെ കാര്യക്ഷമതയെ വിമർശിച്ചുകൊണ്ട് അധികാരത്തിലേറിയ ഈ സർക്കാരിന്റെ ആദ്യവർഷം (2016-17) നികുതി വളർച്ച ഗണ്യമായി കുറഞ്ഞുവെന്നത് വസ്തുതാപരമാണോ;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ 10.68 ശതമാനത്തിൽ വളർന്ന തനതു വരുമാനം 2016-17 സാമ്പത്തിക വർഷത്തിൽ 8.16 ശതമാനമായി കുറഞ്ഞത് ധനവകുപ്പിന്റെ പരാജയത്തെ സൂചിപ്പിക്കുന്നതായി വിലയിരുത്തുന്നുണ്ടോ;

(സി) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തെ വില്പന വ്യാപാര നികുതി വളർച്ചാ നിരക്ക് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 34038.36 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. ഇത് മുൻ സാമ്പത്തിക വർഷത്തിലെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2886.29 കോടി രൂപ കൂടുതലാണ്.

(ബി) 2006-2011 കാലത്ത് ശരാശരി 17.20 ശതമാനം തനത് നികുതി വരുമാന വളർച്ച കൈവരിച്ച സ്ഥാനത്ത് 2011-2016-ൽ ആയത് 12.4 ശതമാനത്തിലേയ്ക്ക് കുത്തനെ ഇടിഞ്ഞു. 2006-2011-ൽ റവന്യൂവരുമാനത്തിന്റെ 66.8 ശതമാനം സംസ്ഥാന തനത് നികുതി വരുമാനമായിരുന്നു. ഇത് 2011-2016-ൽ 64 ശതമാനമായി ഇടിഞ്ഞു. തനത് നികുതി വരുമാനത്തിലുണ്ടായ ഈ തകർച്ചയുടെ പ്രവണത തിരിച്ചുപിടിക്കുന്നതിനുള്ള പരിശ്രമം ഇനിയും ലക്ഷ്യം നേടേണ്ടിയിരിക്കുന്നു. ഇത് നേടാനാകുമെന്നാണ് കരുതുന്നത്.

(സി) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തെ വില്പന വ്യാപാര നികുതി വളർച്ചാ നിരക്ക് കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറഞ്ഞതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ 20 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം 6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എണ്ണക്കമ്പനികളിൽനിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 13 ശതമാനം വളർച്ചയാണ് ഉണ്ടായിരിക്കുന്നത്.

അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. 7 ശതമാനം വളർച്ച മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 5 ശതമാനം വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ വരുമാനം 2015-16 സാമ്പത്തിക വർഷം 21 ശതമാനം വളർച്ച രേഖപ്പെടുത്തിയ സ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം 6 ശതമാനം വളർച്ച മാത്രമാണ് ഉണ്ടായിരിക്കുന്നത്. സിമെന്റ്, ടൈൽസ്, ടിംബർ എന്നിവയിലും വരുമാനത്തിൽ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നോട്ട് നിരോധനംമൂലം ജനങ്ങളുടെ ക്രയവിക്രയ ശേഷിയിൽ ഉണ്ടായ കുറവും നികുതി വരുമാനം കുറഞ്ഞതിനുള്ള ഒരു കാരണമാണ്.

**വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

14(3708) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) യാതൊരു നിയന്ത്രണവുമില്ലാതെ ആർഭാടത്തിനും ഉദ്ഘാടന ചടങ്ങുകൾക്കും വൻ തുക പല വകുപ്പുകളും ചെലവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീമിന്റെ കാലാവധി നീട്ടിയതിലൂടെ അധികവരുമാനം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീം ലക്ഷ്യമിട്ട തുക സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിരുന്നു. അതനുസരിച്ച് 2017-18 സാമ്പത്തിക വർഷം 13 ശതമാനം വർദ്ധനവ് (ജി.എസ്.ടി.-യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) കൈവരിക്കുവാൻ കഴിഞ്ഞു.

(ബി) ഉണ്ട്. പരിശോധിക്കുന്നതാണ്.

(സി) കേരള മൂല്യ വർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീമിന്റെ കാലാവധി നീട്ടിയതിലൂടെ അധികവരുമാനം ലഭിച്ചിട്ടുണ്ട്. അപേക്ഷ നൽകുവാനും, നികുതി അടയ്ക്കുന്നതിനുമുള്ള കാലാവധി കഴിയാത്തതിനാൽ പൂർണ്ണമായ വിശദാംശം ഇതുകഴിഞ്ഞേ ലഭ്യമാകു.

(ഡി) അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചതിനുശേഷം ഏകദേശം 17.5 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. നാളിതുവരെ പുതുച്ചേരി വാഹനങ്ങളിൽനിന്നും 35.18 കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ഇത്തരം വാഹന ഉടമകളിൽനിന്നും ആംനെസ്റ്റി സ്കീമിന്റെ കാലാവധി കഴിഞ്ഞ ശേഷവും നികുതി ലഭിച്ചുവരുന്നുണ്ട്. ചില വാഹന ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് വാങ്ങിയതിനാൽ ആംനെസ്റ്റി സ്കീം വഴി പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യുവാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധനവ്

15(3709) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാർ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചതിലൂടെ സർക്കാരിന്റെ വരുമാന വർദ്ധനവ് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ 17-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ 44/2018/ധന പ്രകാരം 1-4-2018 മുതൽ പ്രാബല്യം നൽകി അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായ ശേഷമേ നിരക്ക് വർദ്ധനവ് മൂലമുള്ള വരുമാന വർദ്ധനവ് കണക്കാക്കാനാവുകയുള്ളൂ.

## മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക്

16(3710) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് (ജി.എസ്.ഡി.പി.) മുൻ വർഷങ്ങളെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ കുറഞ്ഞതായി സി. ആന്റ് എ.ജി. റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നുണ്ടോ;

(ബി) സമ്പദ് വ്യവസ്ഥയുടെ പ്രധാന സൂചികയായ വളർച്ചാ നിരക്ക് കുറയുന്നത് ആശങ്കാജനകമായ കാര്യമല്ലേ; ഇത് സർക്കാരിന്റെ നയങ്ങളിലുള്ള വീഴ്ചയായി വിലയിരുത്താമോ;

(സി) ജനങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന ജി.എസ്.ഡി.പി. കുറഞ്ഞത് സർക്കാരിന്റെ പരാജയമാണോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ജി.എസ്.ഡി.പി. കുറഞ്ഞതായാണ് സി ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായി സമ്പദ് വ്യവസ്ഥയിലുണ്ടായ തകർച്ചയാണ് വളർച്ചാ നിരക്ക് കുറഞ്ഞതിന് പ്രധാന കാരണം. നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥാ സ്ഥിതി കൂടുതൽ മോശമാവാൻ കാരണമായി. എന്നിരുന്നാലും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള കരുതൽ നടപടിയുടെ ഫലമായി ജി.എസ്.ഡി.പി. വളർച്ചാ നിരക്ക് അവസാന മൂന്ന് വർഷത്തെ ദേശീയ വളർച്ചാ നിരക്കിനേക്കാൾ കൂടുതൽ കൈവരിച്ചിട്ടുണ്ട്.

**നികുതി ഭരണത്തിലെ ആനാവശ്യ ഇടപെടലും അഴിമതിയും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി**

17(3711) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാണോ; അല്ലെങ്കിൽ സാമ്പത്തിക സ്ഥിതിയിൽ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഇനി എത്ര കാലം കൂടി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്;

(ബി) പ്രതിവർഷം 18 ശതമാനം വരെ വളർച്ച കാണിച്ച നികുതി വരുമാനം കഴിഞ്ഞ രണ്ട് വർഷമായി 10 ശതമാനത്തിലേക്ക് താഴ്ന്നത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ;

(സി) നികുതി ഭരണത്തിലെ അനാവശ്യ ഇടപെടലും അഴിമതിയും ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമൂലമുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഡി) നിലവിലെ റവന്യൂകമ്മി എത്രയാണ്; 2015-16 ൽ 1.4 ശതമാനം ആയിരുന്ന റവന്യൂകമ്മി കുത്തനെ ഉയർന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ കുറച്ച് വർഷങ്ങളായി പദ്ധതി, പദ്ധതി ഇതര ചെലവുകളുടെയും സംസ്ഥാനത്തിന്റെ റവന്യൂവരുമാനത്തിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിക്കുന്നുവെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം

ആശങ്കയുളവാക്കുന്നു. ടി അനഭിലഷണീയ പ്രവണതയ്ക്ക് വിരാമമിടുവാൻ വികസന ക്ഷേമപ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ധനവിനിയോഗത്തിൽ മിതത്വവും കർശന അച്ചടക്കവും പാലിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ചരക്ക് സേവന നികുതിയുടെ നികുതി ഭരണം സുഗമമാകുകയും ഒപ്പം സർക്കാർ കൈക്കൊണ്ടുവരുന്ന ക്രിയാത്മകമായ വിഭവ സമാഹരണ നടപടികളുടെ ഫലങ്ങൾ പ്രകടമാകുകയും ചെയ്യുന്നതോടുകൂടി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമായ അവസ്ഥയിലേയ്ക്ക് തിരികെ വരും.

(ബി) 2006-2011 കാലയളവിൽ ശരാശരി 17.20 ശതമാനം വളർച്ച കൈവരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2011-2016 ആയപ്പോഴേയ്ക്കും ശരാശരി വളർച്ച 12.40 ശതമാനത്തിലേയ്ക്ക് കുത്തനെ ഇടിയുകയാണുണ്ടായത്. 2006-2011 കാലയളവിൽ വാണിജ്യ നികുതി പിരിവിന്റെ വളർച്ചാ നിരക്ക് പല ഘട്ടങ്ങളിലും സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്കിനേക്കാൾ അധികരിച്ച നിലയിൽ ഉയർന്നിരുന്നു. എന്നാൽ 2011-2016 കാലയളവിലെ അവസാന മൂന്ന് വർഷങ്ങളിൽ ഇത് സംസ്ഥാന സാമ്പത്തിക വളർച്ചയെക്കാൾ പിന്നിലേയ്ക്ക് പോകുകയാണുണ്ടായത്. തത്ഫലമായി 2006-2011-ൽ 66.8 ശതമാനം ആയിരുന്ന റവന്യൂവരുമാനത്തിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വിഹിതമെന്നത് 2011-2016-ൽ 64 ശതമാനമായി ഇടിഞ്ഞു. അഴിമതിയുടെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും ഫലമായി സംജാതമായ മേൽ വീഴ്ചയിൽനിന്നും സംസ്ഥാനത്തെ മുക്തമാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ കൈക്കൊണ്ടുവന്നത്. കൂടാതെ വികലമായ മദ്യ നയം എക്സൈസ് നികുതിയിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നുള്ള ധനസഹായം (കേന്ദ്ര നികുതി വിഹിതം കിഴിച്ച്) നിർദ്ദിഷ്ട സി ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 2013-14-ൽ 37 ശതമാനവും 2014-15-ൽ 81 ശതമാനവും 2015-16-ൽ 19 ശതമാനവും വർദ്ധിച്ചപ്പോൾ 2016-17-ൽ 5 ശതമാനത്തിന്റെ കുറവ് വന്നു. ഇതും റവന്യൂവരുമാനത്തിലെ വളർച്ചാ നിരക്കിനെ പിന്നോട്ടടിക്കുന്നതിന് ഹേതുവായിട്ടുണ്ട്.

2016 നവംബർ മാസത്തിൽ യാതൊരു അവധാനതയും ഇല്ലാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി രാജ്യത്താകമാനം ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ തനത് റവന്യൂവിഭവ ശേഷിക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാർ നികുതി ഭരണത്തിൽ

കൈക്കൊണ്ടുവന്ന പുനരുജ്ജീവന പ്രക്രിയയുടെ ഫലം അതുകൊണ്ട് തന്നെ അപ്രസക്തമാക്കപ്പെട്ടു.

(സി) നികുതി ഭരണത്തിലെ അനാവശ്യ ഇടപെടലും അഴിമതിയും ഒഴിവാക്കുവാൻ ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലമുണ്ടായ മാറ്റങ്ങൾ ദൃശ്യമായി വരുന്നതേയുള്ളൂ.

(ഡി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31-3-2017 സാമ്പത്തിക വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് പ്രകാരം റവന്യൂകമ്മി/ജി.എസ്.ഡി.പി. അനുപാതം 2015-16-ൽ 1.6 ശതമാനവും 2016-17-ൽ 2.4 ശതമാനവുമാണ്. മുൻ സർക്കാർ വിവിധ ഇനങ്ങളിൽ കുടിശ്ശിക വരുത്തിയ 11295.67 കോടിയുടെ ബാധ്യതകളും സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ-ശമ്പള പരിഷ്കരണ കുടിശ്ശികയും നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയിൽ ഏൽപ്പിച്ച ആഘാതവും റവന്യൂകമ്മിയിലെ ഉയർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

**ജീവനക്കാരുടെ ഇൻഷ്വറൻസ് പോളിസി**

18(3712) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്. എൽ. ഐ., ജി. ഐ. എസ്. എന്നിവ പൂർണമായും ഡിജിറ്റൈസ് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജീവനക്കാർക്ക് എസ്. എൽ. ഐ., ജി. ഐ. എസ്. പോളിസി പ്രീമിയം തുകകൾ അടച്ചതിന്റെ വിശദാംശങ്ങൾ ലഭിക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ;

(സി) ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്കും പ്രസ്തുത സേവനമാണോ ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പോളിസി/അക്കൗണ്ട് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. 10 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ. പോളിസി ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) എസ്.എൽ.ഐ., ജി.ഐ.എസ്. പോളിസി/അക്കൗണ്ടുകളിൽ പ്രീമിയം അടവ് വിവരങ്ങൾ ഡി.ഡി.ഒ.-മാരിൽനിന്നും ഓൺലൈനായി സ്വീകരിച്ചത് പരിശോധിച്ച് വരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയായാലുടൻ തന്നെ ടി പദ്ധതികളിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർക്ക് പ്രീമിയം അടവ് വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

(സി) ഗ്രാമപഞ്ചായത്തുകളുൾപ്പെടെ സ്പാർക്ക് മുഖേനയല്ലാതെ ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികളിലെ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ ധനക്കമ്മിയും റവന്യൂകമ്മിയും**

19(3713) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി തൃപ്തികരമല്ലെന്ന് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായോ;

(ബി) സംസ്ഥാനത്തിന്റെ കഴിഞ്ഞവർഷത്തെ ധനക്കമ്മി, റവന്യൂകമ്മി എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിൽ താഴെ എന്നുള്ള അംഗീകൃത നിരക്കിൽ കൂടുതലാണോ; എങ്കിൽ എത്ര;

(ഡി) എങ്കിൽ ഇത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി, കടമെടുപ്പ് ശേഷി, പലിശ കുറഞ്ഞ വായ്പകൾ കിട്ടാനുള്ള സാധ്യത തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുമോ;

(ഇ) എങ്കിൽ ധനക്കമ്മിയും റവന്യൂകമ്മിയും കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി - ഡി) 2017-18-ലെ ആക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ 2017-18 സാമ്പത്തിക വർഷത്തെ ധനക്കമ്മി, റവന്യൂകമ്മി എന്നിവ എത്രയാണെന്ന് വ്യക്തമാകുകയുള്ളൂ.

(ഇ) ധനക്കമ്മിയും റവന്യൂകമ്മിയും കുറയ്ക്കുന്നതിന് ചെലവ് കുറയ്ക്കുകയും സാമ്പത്തിക അച്ചടക്കം പാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി അനുവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂചെലവുകൾ നിയന്ത്രിക്കും. ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടുവരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുപകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലിഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.

റവന്യൂകമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂകമ്മി 2.51 ശതമാനമായിരുന്നു. 2017-18-ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂകമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

### കിഫ്ബി ബോർഡ് അംഗീകാരം നൽകിയ പദ്ധതികൾ

20(3714) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ബോർഡ് ഈ വർഷം എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്; വിശദാംശം നൽകുമോ; എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന റോഡുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെങ്കിലും പദ്ധതി കിഫ്ബി വഴി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട എസ്.പി.വി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) കിഫ്ബി പദ്ധതികളുടെ ഗുണനിലവാരവും സാങ്കേതിക മികവും എപ്രകാരമാണ് പരിശോധിക്കുന്നത്; അതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി ഈ വർഷം (2018) 112 പദ്ധതികൾക്കായി 4419.96 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) നാളിതുവരെ കിഫ്ബി 5811 കോടി രൂപയുടെ 129 റോഡ് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡ് പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി നൽകുകയും, ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കൾ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റ് വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്ന നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നുണ്ട്. തുടർന്നുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-കളുടെ ചുമതലയാണ്.

(ഡി) കിഫ്ബി പദ്ധതികളുടെ ഗുണനിലവാരവും സാങ്കേതിക മികവും പരിശോധിക്കുവാനായി സാങ്കേതിക പരിശോധനാ വിഭാഗം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്:

1. സാങ്കേതിക പരിശോധനാ വിഭാഗത്തിലെ ഉദ്യോഗസ്ഥർ പദ്ധതി പ്രദേശങ്ങളിൽപ്പോയി നേരിട്ട് പരിശോധനകൾ നടത്തുന്നുണ്ട്. ഓരോ വിഭാഗത്തിലേയും പദ്ധതികളുടെ പരിശോധനയ്ക്കായി വെവ്വേറെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. നിലവിൽ വിവിധ വകുപ്പുകളിൽ ലഭ്യമായിട്ടുള്ള സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് ഇവർ പരിശോധനകൾ നടത്തിവരുന്നു.

2. പദ്ധതി പ്രദേശങ്ങളിൽ പോയി പരിശോധനകൾ നടത്തുന്നതിനായി കിഫ്ബിയുടെ ഉപകരണങ്ങളുമായി ഓട്ടോലാബ് സജ്ജമായിവരുന്നു. ഇതിനായി ഡ്രോൺ പോലുള്ള ആദ്യ ഘട്ട ഉപകരണങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ് സജ്ജീകരിക്കുന്നുണ്ട്.

4. പദ്ധതികളുടെ തത്സമയ പുരോഗതി വിലയിരുത്തലുകൾക്കായി ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റുഡിയോ കിഫ്ബി ഓഫീസിൽ സജ്ജീകരിക്കുന്നതാണ്.

5. പദ്ധതികളുടെ പുരോഗതി കിഫ്ബിയെ അറിയിക്കുന്നതിനായി തുടങ്ങിയിട്ടുള്ള കെ-ടിംസ് എന്ന വെബ്സൈറ്റ് പ്രവർത്തനമാരംഭിച്ചു.

**സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് കിഫ്ബി തുക**

21(3715) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ സ്വരൂപിക്കുന്ന ഏതെങ്കിലും തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് കിഫ്ബി നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ നിയമത്തിൽ ഏതെല്ലാം വകുപ്പിലാണ് ഇത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബിയുടെ അക്കൗണ്ടിലുണ്ടായിരുന്ന തുക 14-12-2017-ലെ ജി.ഒ(പി) നമ്പർ 156/2017/ധന. ഉത്തരവ് പ്രകാരം സഞ്ചിത നിധിയിലേയ്ക്ക് തിരിച്ച് പിടിച്ചത് കിഫ്ബി നിയമത്തിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമാണോ; അല്ലെങ്കിൽ ഈ വ്യവസ്ഥകൾ ലംഘിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തിരിച്ചുപിടിച്ച തുക തിരികെ കിഫ്ബിക്ക് നൽകിയത് ഏത് സാഹചര്യത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത തുക സഞ്ചിത നിധിയിലേയ്ക്ക് മുതൽക്കൂട്ടുന്നതിനോ മുതൽക്കൂട്ടുന്നത് തടയുന്നതിനോ നിലവിലെ കിഫ്ബി നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ടി നിയമത്തിലെ 14-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ നയപരമായ തീരുമാനങ്ങളും പ്രത്യേകമായതോ പൊതുവായതോ ആയ നിർദ്ദേശങ്ങളും പാലിക്കാൻ കിഫ്ബി ബാധ്യസ്ഥമാണ്. ഇപ്രകാരം, വിവിധ വകുപ്പുകളും സർക്കാർ

അംഗീകൃത പൊതുമേഖലാ സ്ഥാപനങ്ങളും കേരള സർക്കാരിനുകീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങളും 2016-17 സാമ്പത്തിക വർഷം സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടുകളിൽ ഭീമമായ തുക സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയത് 14-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 156/2017/ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് വകയിരുത്താനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക സഞ്ചിതനിധിയിലേയ്ക്ക് മുതൽക്കൂട്ടുകയുണ്ടായി. സർക്കാരിന്റെ അധികാരപരിധിയിൽപ്പെടുന്ന ഈ നടപടി ക്രമവിരുദ്ധമായി കണക്കാക്കാവുന്നതല്ല.

(സി) പ്രസ്തുത തുക കിഫ്ബിയുടെ ദൈനംദിനവും ഭരണപരവുമായ നടത്തിപ്പിന് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിയ ഉടൻ തന്നെ 14-12-2017-ലെ ഉത്തരവിൻ പ്രകാരം സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചുപിടിച്ചു. കിഫ്ബിയുടെ ട്രഷറി നിക്ഷേപം മുഴുവനും സർക്കാർ പുനഃസ്ഥാപിക്കുകയുണ്ടായി.

## മോട്ടോർ വാഹന നികുതിയിൽനിന്നും കിഫ്ബിക്ക് നൽകിയ തുക

22(3716) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സമാഹരിച്ച മോട്ടോർ വാഹന നികുതിയിൽ നാളിതുവരെ എത്ര രൂപ കിഫ്ബിക്ക് നൽകി;

(ബി) കിഫ്ബി ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; ഇതിന് എത്ര രൂപ പലിശ കിഫ്ബിക്ക് ലഭിക്കും; പലിശ എത്ര ശതമാനം; പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) കിഫ്ബിയിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും അംഗങ്ങളുടെയും ശമ്പളയിനത്തിൽ നാളിത് വരെ എത്ര രൂപ നൽകി;

(ഡി) കിഫ്ബിയിലെ ബോർഡംഗങ്ങൾക്ക് വേണ്ടി നാളിതുവരെ കിഫ്ബി എത്ര വാഹനങ്ങൾ വാങ്ങിയെന്നും എത്ര രൂപ ചെലവായിയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന നികുതി ഇനത്തിൽ 902.88 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന നികുതി ഇനത്തിലും പെട്രോൾ, ഡീസൽ സെസ്സിനത്തിലും ലഭിക്കുന്ന തുക ഒരുമിച്ചാണ് കിഫ്ബി നിധിയിൽ

വകകൊള്ളിച്ചിട്ടുള്ളത്. നിധിയിൽ ലഭ്യമായ തുക കിഫ്ബി ആക്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സെബി അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയിട്ടുള്ള ഉയർന്ന റേറ്റിംഗ്, ഉയർന്ന പലിശ നിരക്ക് എന്നിവ കണക്കിലെടുത്ത് ദേശസാൽകൃത ബാങ്കുകളിലും സ്വകാര്യ ബാങ്കുകളിലും സ്ഥിര നിക്ഷേപമായും സേവിംഗ്സ് നിക്ഷേപമായും സൂക്ഷിച്ചിട്ടുണ്ട്. സ്ഥിര നിക്ഷേപങ്ങളിൽനിന്നും പലിശയിനത്തിൽ നാളിതുവരെ 78.73 കോടി രൂപ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള സ്ഥിര നിക്ഷേപങ്ങളിൽനിന്നും 29.96 കോടി രൂപ പലിശയിനത്തിൽ പ്രതീക്ഷിക്കുന്നു. നാളിതുവരെ ലഭിച്ച പലിശയുടെ വിവരം അനുബന്ധമായും* പ്രതീക്ഷിത പലിശ വരുമാനത്തിന്റെ വിവരം അനുബന്ധമായും ചേർക്കുന്നു.*

(സി) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബിയിലെ ജീവനക്കാർക്ക് ശമ്പളയിനത്തിൽ 2.09 കോടി രൂപയും അംഗങ്ങൾക്ക് സിറ്റിംഗ് ഫീ ഇനത്തിൽ 10 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കിഫ്ബിയിലെ ബോർഡംഗങ്ങൾക്ക് വേണ്ടി നാളിതുവരെ വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

23(3717) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനുമതി ലഭിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ച പദ്ധതികളിൽ എത്ര പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനം ആരംഭിച്ചയെത്ര പദ്ധതികൾ പൂർത്തിയാക്കിയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ 185 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി നൽകിയ പദ്ധതികൾ പൂർത്തിയാക്കുന്നതിന് 7794.10 കോടി രൂപ ആവശ്യമുണ്ട്.

(സി) നാളിതുവരെ 111 പദ്ധതികൾ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) നിർമ്മാണപ്രവർത്തനം ആരംഭിച്ച പദ്ധതികളിൽ ഒരു പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. (തലശ്ശേരി താലൂക്കിലെ ജല വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള കോട്ടയം സെൻസസ് ടൗൺ ജല വിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്).

**മലപ്പുറം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

24(3718) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി വഴി മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും അനുവദിച്ച തുകയെത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) ഓരോന്നിന്റെയും ഇപ്പോഴത്തെ പുരോഗതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി വഴി മലപ്പുറം മണ്ഡലത്തിൽനിന്നും 4 പദ്ധതികൾക്ക് 47.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതും അംഗീകാരം നൽകിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സാമ്പത്തികാനുമതി നൽകിയ കിഫ്ബി പ്രവൃത്തികൾ**

25(3719) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി എത്ര പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി (എഫ്.എസ്) നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും വേർതിരിച്ച് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ കിഫ്ബി സാമ്പത്തികാനുമതി (എഫ്.എസ്.) നൽകിയ 30 പ്രവൃത്തികളുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു*.

## ആസ്തിവികസന ഫണ്ടിന്റേയും പ്രത്യേക വികസന നിധിയുടേയും വിനിയോഗം

26(3720) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗപ്പെടുത്തി ചെയ്യാവുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; ആയതിന് ആധാരമായ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പ്രത്യേകാനുമതി തേടിയശേഷം ആസ്തിവികസന ഫണ്ടു മുഖേന ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റും ആധാരമായ ഉത്തരവുകളുടെ പകർപ്പും നൽകാമോ;

(സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികളും കഴിഞ്ഞ അഞ്ചു വർഷം മുതൽ നാളിതുവരെ പ്രത്യേകാനുമതി തേടി ചെയ്ത പ്രവൃത്തികളും ഏതൊക്കെ; അവയുടെ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ?

ഉത്തരം

(എ) 4-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 86/2017/ധന (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)* പ്രകാരം എം.എൽ.എ.-മാരുടെ ആസ്തിവികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അനുബന്ധം 1-ൽ അനുവദനീയമായ പ്രവൃത്തികളുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* അഞ്ച് വർഷം മുതൽ നാളിതുവരെ പ്രത്യേകാനുമതി തേടി ചെയ്ത പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിൽ സ്കൂൾ ബസ് വാങ്ങാൻ കാലതാമസം

27(3721) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങി നൽകുന്നതിന് ഭരണാനുമതി ലഭിച്ചതിന് ശേഷം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഫണ്ടിൽനിന്ന് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി ഇതുമായി ബന്ധപ്പെട്ട നടപടിക്രമം ലഘൂകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നീണ്ട കാലതാമസം മൂലം വാഹനങ്ങൾക്ക് വില വ്യത്യാസം വരുകയും തൻമൂലം സ്കൂളുകൾക്ക് അവരുദ്ദേശിച്ച വാഹനം ലഭിക്കാതിരിക്കുകയും ചെയ്യുന്നതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ-സി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനായി തുക വകയിരുത്തിയിരിക്കുന്നത് പൊതു വിദ്യാഭ്യാസ വകുപ്പിനായി ആസ്തി വികസന പദ്ധതിയിൽകീഴിൽ അനുവദിച്ചിട്ടുള്ള ശീർഷകത്തിലാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറാണ് പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിനായി ഒരു പ്രത്യേക ശീർഷകം 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ തുറന്നിട്ടുണ്ട്. പുതിയ ശീർഷകത്തിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ടുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആസ്തി വികസന സ്കീമിലെ പദ്ധതികൾ

28(3722) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി എം.എൽ.എ- മാർ സമർപ്പിക്കുന്ന പ്രോജക്ടുകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ സ്കൂളുകൾക്ക് വാഹനം അനുവദിക്കുന്നതിനായി

സമർപ്പിക്കുന്ന അപേക്ഷകളിൽ അനുമതിക്കും ലെറ്റർ ഓഫ് ക്രഡിറ്റ് ഇഷ്യൂ ചെയ്യുന്നതടക്കമുള്ള നടപടികളും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ് വഴി ചെയ്യേണ്ടിവരുന്നതുമൂലമുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇത്തരം പർച്ചേയ്സ് അടക്കമുള്ള പദ്ധതികൾക്ക് തുക അനുവദിക്കുന്നതിന് എ.ഡി.സി (ജനറൽ) യെയോ, ബന്ധപ്പെട്ട വകുപ്പുകളെയോ അനുവദിക്കുന്നതിനും ഇതിനായി അക്കൗണ്ട് ഹെഡ് അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി എം.എൽ.എ.-മാർ സമർപ്പിക്കുന്ന പ്രോജക്ടുകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ 4-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 86/2017/ധന. യുടെ അനുബന്ധം 3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.* ആയതനുസരിച്ച് പ്രവൃത്തികൾക്ക് കാലതാമസം കൂടാതെ അനുമതി നൽകിവരുന്നുണ്ട്.

(ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസുകൾ വാങ്ങുന്നതിനായി തുക വകയിരുത്തിയിരിക്കുന്നത് പൊതു വിദ്യാഭ്യാസ വകുപ്പിനായി ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിച്ചിട്ടുള്ള ശീർഷകത്തിലാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറാണ് പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിനായി ഒരു പ്രത്യേക ശീർഷകം 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ തുറന്നിട്ടുണ്ട്. പുതിയ ശീർഷകത്തിൽ നിന്ന് കാലതാമസം കൂടാതെ ഫണ്ടുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എറിയാട് കേരളവർമ്മ ഹയർസെക്കൻഡറി സ്കൂളിന് ലാബ് കെട്ടിടം

29(3723) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറിയാട് കേരളവർമ്മ സർക്കാർ ഹയർസെക്കൻഡറി സ്കൂളിന് ആധുനിക ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് 2016-17-ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഫണ്ട് വകയിരുത്തി കയ്പമംഗലം എം.എൽ.എ., ഇ.ടി.ടൈസൺ മാസ്റ്റർ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകിയതെന്നാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എം.എൽ.എ.- യുടെ കത്ത് ലഭിച്ചാൽ ഭരണാനുമതി നൽകുന്നതിന് എത്ര സമയമാണ് എടുക്കുന്നത്;

(സി) ഭരണാനുമതി നൽകുന്നതിന് ഏതെല്ലാം രേഖകളാണ് പരിശോധിക്കപ്പെടുന്നത്; നിർദ്ദിഷ്ട പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുവാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കിയത് ഏതെല്ലാം ഉദ്യോഗസ്ഥരാണ്; എങ്കിൽ ഇവർക്കെതിരെ നടപടിയെടുക്കേണ്ടത് ഏത് ഉദ്യോഗസ്ഥനാണ്?

ഉത്തരം

(എ) എറിയാട് കേരളവർമ്മ സർക്കാർ ഹയർസെക്കൻഡറി സ്കൂളിന് ആധുനിക ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് 2016-17-ലെ ആസ്തി വികസന ഫണ്ടിൽനിന്ന് ഫണ്ട് വകയിരുത്തി കയ്പമംഗലം എം.എൽ.എ., ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ 27-10-2016-ലാണ് ആസ്തി വികസന നോഡൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളത്.

(ബി) ധനകാര്യ വകുപ്പ് പദ്ധതിക്ക് ധനാനുമതി നൽകിയിട്ടുണ്ട്. ഭരണ വകുപ്പിൽ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ച് ഇപ്പോൾ ഉത്തരവിന്റെ കരട് അംഗീകാരത്തിനായി നൽകിയിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് ഭരണ വകുപ്പിന്റെ ശിപാർശയോടെ ധനകാര്യ വകുപ്പിൽ സമർപ്പിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം ധനാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഭരണ വകുപ്പ് പദ്ധതിക്ക് ഭരണാനുമതി നൽകുന്നത്.

(സി) നിലവിലെ ഡി.എസ്.ആർ. പ്രകാരം പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ പദ്ധതിയുടെ വിശദമായ റിപ്പോർട്ട്, നമ്പർ 68/15/ധന. സർക്കുലർ പ്രകാരം പൂരിപ്പിച്ച ചെക്ക് ലിസ്റ്റ്, പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖകൾ, ടി പ്രവൃത്തി മറ്റ് ഏതെങ്കിലും ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുകയോ നിർവ്വഹണം നടത്തുവാൻ പരിഗണിക്കുകയോ ചെയ്തിട്ടുണ്ടോയെന്നുള്ള റിപ്പോർട്ട് തുടങ്ങിയവയാണ് ഭരണാനുമതി നൽകുവാൻ പരിശോധിക്കപ്പെടുന്ന രേഖകൾ.

നിർദ്ദിഷ്ട പദ്ധതിയുടെ ഡി.പി.ആർ., 17-5-2017-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിരുന്നു. ഇത് ഭരണ വകുപ്പ് ശിപാർശയോടെ 3-6-2017-ന് ധനകാര്യ വകുപ്പിൽ ലഭ്യമാക്കി. തുടർന്ന് ധനകാര്യ വകുപ്പിൽനിന്നും എസ്റ്റിമേറ്റ് വിശദ പരിശോധനയ്ക്കായി CTE-ക്ക് നൽകുകയും CTE നൽകിയ

റിമാർക്ക്സ് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 19-8-2017-ൽ ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് 2-2-2018-ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ഭരണ വകുപ്പിന് ലഭ്യമാക്കി. ഭരണ വകുപ്പ് വീണ്ടും ശിപാർശയോടെ 16-3-2018-ൽ ഫയൽ ധനകാര്യ വകുപ്പിൽ നൽകുകയും ധനകാര്യ വകുപ്പ് CTE-യുടെ തുടർ പരിശോധനയ്ക്കും അപ്രൂവലിനുംശേഷം 18-5-2018-ൽ പദ്ധതിക്ക് ധനാനുമതി നൽകി. ഭരണ വകുപ്പിൽ ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ച് ഇപ്പോൾ ഉത്തരവിന്റെ കരട് അംഗീകാരത്തിനായി നൽകിയിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. ഒരു കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന പദ്ധതിക്ക് CTE-യുടെ നിർദ്ദേശപ്രകാരം DPR-ലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി എടുത്ത കാലയളവ് അല്ലാതെ അകാരണമായ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് വേണ്ടിയാണ് കാലതാമസം നേരിട്ടിട്ടുള്ളത്. ആയതിനായി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടിട്ടില്ല.

## തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

30(3724) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലം എം.എൽ.എ.-യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളിൽ ഇനി ഏതൊക്കെ പദ്ധതികൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏതാണെന്നും ഇതുവരെയും നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ഹരിപ്പാട് മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി

31(3725) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതെല്ലാം വർക്കുകൾ ഇതിനകം ടെൻഡർ ചെയ്തിട്ടുണ്ട്; ഇതിൽ ഏതെല്ലാം പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

**സ്പെഷ്യൽ സ്കൂളുകൾക്കുള്ള വാഹനം വാങ്ങൽ**

32(3726) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽനിന്നും മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുവാൻ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ;

(ബി) ഇപ്രകാരം ഏതെങ്കിലും സ്കൂളുകൾക്ക് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വാഹനം വാങ്ങുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഈ ഘടകം കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ - സി) നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തത്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതിയുണ്ട്. എന്നാൽ എയ്ഡഡ് വിഭാഗത്തിൽപ്പെട്ടതോ സ്വകാര്യ മാനേജ്മെന്റുകൾ/സൊസൈറ്റികൾക്ക് കീഴിലുള്ളതോ ആയ സ്പെഷ്യൽ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതിയില്ല. ആയതിലേയ്ക്കായി പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെങ്ങന്നൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

33(3727) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2016-17 വർഷത്തിൽ ആസ്തി വികസന ഫണ്ട് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തി വികസന ഫണ്ടുപയോഗിച്ച് അരോളി ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

34(3728) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 ആസ്തി വികസന ഫണ്ടുപയോഗിച്ച് അഴീക്കോട് നേഴ്സിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നൽകിയ ശിപാർശയ്ക്ക് പകരമായി അരോളി സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന് 28-2-2018-ന് 01/KM/2018 നമ്പറായി ധനകാര്യ (നോഡൽ) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ നാളിതുവരെ യാതൊരു വിധ മറുപടിയും ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ കത്തിന്മേൽ സെക്രട്ടേറിയറ്റിൽ ആരംഭിച്ചിട്ടുള്ള ഫയലിന്റെ നമ്പറും മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ?

ഉത്തരം

(എ) 01/KM/2018 നമ്പരായി 28-2-2018 തീയതിയിൽ 2014-15 ആസ്തി വികസന ഫണ്ട് സംബന്ധമായ കത്ത് ഈ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല. 2014-2015 ആസ്തി വികസന ഫണ്ടുപയോഗിച്ച് അഴിക്കോട് നേഴ്സിംഗ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നൽകിയ ശിപാർശയ്ക്ക് പകരമായി പാപ്പിനിശ്ശേരി ഇ.എം.എസ്. മെമ്മോറിയൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ 5-4-2017-ലെ സമാനമായ ശിപാർശയ്ക്ക് ധനകാര്യ വകുപ്പ് 23-7-2017-ൽ നൽകിയ മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) ചോദ്യം 'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ടി കത്ത് ലഭിച്ചിട്ടില്ലാത്തതിനാൽ ഫയൽ നമ്പറില്ല. മറുപടിയും നൽകിയിട്ടില്ല.

## കോതമംഗലം മണ്ഡലത്തിലെ എം.എൽ.എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

35(3729) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) പ്രകാരം 2016-17, 2017-18 വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിൽ നിന്ന് ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ശിപാർശ ചെയ്തിട്ടുള്ള എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുയെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെന്നും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ;

(ഡി) ഇനിയും ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഇ) ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾക്ക് എത്രയുംവേഗം ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചീക്കോട് മിനി സ്റ്റേഡിയം നവീകരണം

36(3730) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ. മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചീക്കോട് മിനിസ്റ്റേഡിയം നവീകരണത്തിന് തുക വകയിരുത്തിയിട്ടും ഇതുവരെയായി മേൽ പ്രവൃത്തി നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ പ്രവൃത്തി തടസ്സപ്പെട്ട് കിടക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) ചീക്കോട് മിനി സ്റ്റേഡിയം പ്രവൃത്തി മേൽ ഫണ്ടുപയോഗിച്ച് പൂർത്തിയാക്കുന്നതിന് ഇനി സ്വീകരിക്കേണ്ട നടപടിക്രമം വിശദമാക്കാമോ;

(ഡി) അനന്തമായി ഇത്തരം പ്രവൃത്തികൾ നീണ്ടുപോകുന്നത് ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ടി പ്രവൃത്തി പി.ഡബ്ല്യു.ഡി. മുഖേന നടപ്പിലാക്കുന്നതിനാണ് എം.എൽ.എ. നിർദ്ദേശിച്ചിരുന്നത്. ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കളിസ്ഥലമായതിനാൽ ഭരണ സമിതിയുടെ എൻ.ഒ.സി. ആവശ്യമാണ്. ആയത് ലഭ്യമായാലുടൻ പ്രവൃത്തി തുടങ്ങുന്നതിന് പി.ഡബ്ല്യു.ഡി.-ക്ക് നിർദ്ദേശം നൽകുന്നതാണ്.

(ഡി) എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി, നിർവ്വഹണം എന്നിവയിൽ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കാലാനുസൃതമായി സർക്കാർ ഉത്തരവുകളിലൂടെ നൽകിയിട്ടുണ്ട്.

## ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി

37(3731) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുവാനുള്ള പ്രൊപ്പോസലുകൾ

ഭരണാനുമതി ലഭിക്കാതെ ജില്ലാ കളക്ടറേറ്റുകളിൽ മുടങ്ങിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ച് എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് പ്രധാനമായും അക്രഡിറ്റഡ് ഏജൻസികളാണ്. എന്നാൽ പ്രവൃത്തി നടപ്പാക്കുന്ന അക്രഡിറ്റഡ് ഏജൻസികൾ വ്യത്യസ്ത നിരക്കുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ ഒരു പൊതുവായ മാനദണ്ഡം കൊണ്ടുവരാനാണ് ധനകാര്യ വകുപ്പ് ശ്രമിച്ചത്. ആയതനുസരിച്ച് ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾക്കുള്ള സ്പെസിഫിക്കേഷനും പുതുക്കിയ നിരക്കുകളും തയ്യാറാക്കാൻ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചീഫ് എഞ്ചിനീയർ ആയത് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ നിരക്കുകൾ/സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കുന്ന ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി

38(3732) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുന്നതിന് അനുമതിയുണ്ടായിരുന്നത് 2017-18 വർഷം മുതൽ അവസാനിപ്പിക്കാൻ തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2012-13 സാമ്പത്തിക വർഷത്തിലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് 11-6-2012-ലെ സ.ഉ.(അച്ചടി) നമ്പർ 332/2012/ധന. പ്രകാരമാണ്. നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി മൂലധന സ്വഭാവമുള്ള ആസ്തികളുടെ നിർമ്മിതിക്കായാണ് പദ്ധതി രൂപീകരിച്ചത്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സർക്കാർ ഉടമസ്ഥതിയലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലില്ലാത്ത ലൈബ്രറികൾക്ക് കെട്ടിടം പണിയാൻ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ മാനദണ്ഡങ്ങൾ പ്രകാരം അനുമതിയില്ല. 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കി വരികയാണ്. ആയതിനോട് അനുബന്ധിച്ച് പദ്ധതിക്കായി പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ പുതുക്കിയ ഒരു ഉത്തരവ് (4-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 86/2017/ധന.) പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലും സർക്കാരിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലായിരിക്കണം ആസ്തികൾ സൃഷ്ടിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടേയോ സൊസൈറ്റികളുടേയോ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി ആസ്തി വികസന ഫണ്ട് അനുവദിക്കുന്നത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ആയതുകൊണ്ട് തന്നെ ആസ്തി വികസന പദ്ധതിയിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, സർക്കാരിന്റേയോ ഉടമസ്ഥതയിലല്ലാത്ത ലൈബ്രറികൾക്കായി കെട്ടിടം പണിയുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണനയിലില്ല.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

39(3733) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് ; വെളിപ്പെടുത്തുമോ;

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികളിൽ ഓരോന്നിനുമുള്ള കേന്ദ്ര വിഹിതം എത്രയെന്നും എത്ര ലഭിച്ചുയെന്നും എത്ര ചിലവഴിച്ചുയെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ) കേന്ദ്ര വിഹിതം എത്ര, എത്ര ലഭിച്ചു, എത്ര ചെലവഴിച്ചുയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

2017-18-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകിയ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച് പി.എഫ്.എം.എസ്. വെബ്പോർട്ടലിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധമായും* ചെലവഴിച്ചത് സംബന്ധിച്ച് പ്ലാൻ സ്പേസിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധമായും ചേർക്കുന്നു*. (2017-18-ലെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.)

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ വകുപ്പുകൾ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകാറുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ മോണിറ്ററിംഗ് സംവിധാനമായ പ്ലാൻ സ്പേസ് വഴി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികളുടെ ഏകോപനത്തിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക കോ-ഓർഡിനേഷൻ സെൽ യഥാസമയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ജൂൺ മാസത്തിൽ തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ട പദ്ധതികളിൽ യഥാമസയം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനും നിർദ്ദേശം നൽകി വരുന്നുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി (പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ) ഒരു റിവോൾവിംഗ് ഫണ്ട് മെക്കാനിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് റിലീസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ധനവകുപ്പിൽനിന്നും മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കി ക്കൊണ്ട് ഒരു revised fund flow method 21-2-2017 തീയതിയിലെ 24/2017/ധന നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

**ഫിനാൻസ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്**

40(3734) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാമത് യൂണിയൻ ഫിനാൻസ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടിൽ കാര്യമായ കുറവ് ഉണ്ടാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ 2011-ലെ സെൻസസ് അവലംബിച്ചത് പോലെ പതിനഞ്ചാം ധനകാര്യ കമ്മീഷനും 2011-ലെ സെൻസസ് അവലംബിച്ചാൽ സംസ്ഥാനത്തെ സേവന മേഖലകളിൽ കാര്യമായ കുറവ് വരുമെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാര്യമായി ബാധിക്കുന്ന ഈ കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ധനകാര്യ/മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന തിരുവനന്തപുരം, അമരാവതി സമ്മേളനങ്ങളിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് ഐറ്റം 8-ൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവ വിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടേംസ് ഓഫ് റഫറൻസ് ഐറ്റം 8 നീക്കം ചെയ്യണമെന്നും ജനസംഖ്യയ്ക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള വിവേചനാധികാരം കമ്മീഷന് ലഭ്യമാക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യയ്ക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 60 ശതമാനം ബേസിക് ഗ്രാന്റായും 10 ശതമാനം പെർഫോർമൻസ് ഗ്രാന്റായും ബാക്കി 30 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കിയും നൽകേണ്ടതാണ് എന്നും 10 ശതമാനം പെർഫോർമൻസ് ഗ്രാന്റ് ഓഡിറ്റിംഗ് അക്കൗണ്ടിലെ ഇ-ഗവേണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ് എന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

## സർക്കാർ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം

41(3735) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കോളേജുകളും പ്രൊപ്പോസൽ ലഭിച്ച തസ്തികകളും വെളിപ്പെടുത്തുമോ;

(ബി) പുതുതായി അനുവദിച്ച കോളേജുകളിൽ പഠനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവിറങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേളേജുകളിൽ എത്ര തസ്തികകൾ വീതം സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ധനകാര്യ വകുപ്പിൽ പരിഗണനയിലുള്ള മലപ്പുറം സർക്കാർ വനിത കോളേജിൽ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) 2015-16 വർഷം പഠനം ആരംഭിച്ചിട്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം പ്രയാസപ്പെടുന്ന സാഹചര്യത്തിൽ എത്രയും വേഗം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ കോളേജുകളിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ അനുമതിക്കായി ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുസംബന്ധമായ വിവരം ധനകാര്യ വകുപ്പിൽ ലഭ്യമല്ല. ബന്ധപ്പെട്ട ഭരണ വകുപ്പിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) മലപ്പുറം സർക്കാർ വനിതാ കോളേജിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഭരണ വകുപ്പ് ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിഗണിക്കാമെന്ന മറുപടി സഹിതം ഫയൽ ഭരണ വകുപ്പിന് മടക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഭരണ വകുപ്പ് ശിപാർശ ലഭിക്കുന്നമുറയ്ക്ക് ധനകാര്യ വകുപ്പിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ശമ്പള സ്കെയിൽ

42(3736) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെസ്റ്റ് യോഗ്യത നേടിയ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് സമയ ബന്ധിത ഹയർ ഗ്രേഡിന് സർക്കാർ സ്കൂൾ ക്ലാർക്കുമാരുടേതിന് സമാനമായ ശമ്പള സ്കെയിൽ നൽകിയിരുന്നോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ കാരണം എന്താണ്;

(സി) ഇത് പുനഃസ്ഥാപിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) എയ്ഡഡ് സ്കൂളിലെ ടെസ്റ്റ് യോഗ്യത നേടിയ ക്ലാർക്കുമാർക്ക് സർക്കാർ സ്കൂളിലെ ക്ലാർക്കുമാരുടേതിനുസമാനമായ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കണമെങ്കിൽ മേൽ സ്ഥാപനത്തിനു കീഴിൽ ക്ലാർക്ക് തസ്തികയ്ക്ക് തുടർ പ്രൊമോഷൻ തസ്തികകളായ യു.ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾ ഉണ്ടായിരിക്കണം. അല്ലാത്ത പക്ഷം അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലുകളിൽ മാത്രമേ 1-ഉം 2-ഉം സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചു നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യമെന്ന നിലയിൽ മൂന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിൽ അനുവദിച്ചുവരുന്നു.

(ബി) സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരായാലും ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരായാലും സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിലിൽ അനുവദിക്കണമെങ്കിൽ ആ സ്ഥാപനത്തിൽ പ്രൊമോഷൻ തസ്തിക നിലവിലുണ്ടായിരിക്കണം. പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ പ്രൊമോഷൻ തസ്തികയുടെ സ്കെയിലിലും പ്രൊമോഷൻ തസ്തിക നിലവിലില്ലെങ്കിൽ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിലുമാണ് ഗ്രേഡ് അനുവദിക്കേണ്ടത്.

(സി) പ്രസക്തമല്ല.

## മലപ്പുറം മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

43(3737) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഓരോന്നിനും അനുവദിച്ച തുകയും ഇപ്പോഴത്തെ പുരോഗതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകൾ, ജില്ലാ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന പദ്ധതികളാണ് നബാർഡിലേയ്ക്ക് ശിപാർശ ചെയ്യുന്നത്. പദ്ധതികൾ ശിപാർശ

ചെയ്യുന്നതും, അംഗീകരിക്കുന്നതും, നടപ്പാക്കുന്നതും മണ്ഡലാടിസ്ഥാനത്തിൽ അല്ല, ജില്ലാ അടിസ്ഥാനത്തിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ അനുവദിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടി പ്രവൃത്തികൾക്ക് അനുവദിച്ച തുകയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾ ഭരണ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

44(3738) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ എത്രയാണ്;

(ബി) പ്രസ്തുത പലിശ സർക്കാരിന് ലാഭകരമാണോ; 2018-19 സാമ്പത്തിക വർഷത്തിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിർത്തലാക്കിയിട്ടുണ്ടോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ഇനത്തിൽ എത്ര കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്നു; അതിൽ എത്രകോടി രൂപ ചെലവഴിച്ചു ; ശേഷിച്ച തുക എത്രയാണ് ; പ്രസ്തുത തുക എന്തുകൊണ്ടാണ് വിനിയോഗിക്കാതിരുന്നത്;

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായി തയാറാക്കിയ മുൻഗണന പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിരുന്നു; അതിൽ എത്രപേർക്ക് തുക അനുവദിച്ചു; ഇനി എത്രപേർക്ക് തുക അനുവദിക്കാനുണ്ട്;

(ഇ) മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ബഹുഭൂരിപക്ഷം ജീവനക്കാരും പണം ലഭിക്കാതെ ഒരു വർഷക്കാലമായി ബുദ്ധിമുട്ട് അനുഭവിക്കുന്നതും ഇവരുടെ വസ്തുസംബന്ധമായ ആധാരം ഉൾപ്പെടെ പതിനൊന്നോളം അസൽ പ്രമാണം സർക്കാർ/ വകുപ്പ് മേധാവികളുടെ കൈവശമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയുടെ പലിശ 8 ശതമാനമാണ്.

(ബി) സർക്കാരിനെ സേവിക്കുന്ന ജീവനക്കാർക്കുള്ള ആശ്വാസമെന്ന നിലയ്ക്കാണ് ഒരു ക്ഷേമ പദ്ധതി എന്ന രീതിയിൽ ഭവന നിർമ്മാണ വായ്പാ പദ്ധതി നടപ്പാക്കിയത്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ളതു പോലെ ലാഭേച്ഛയോടെ അല്ലാതെയും അൽപ്പം കുറഞ്ഞ നിരക്കിലാണ് (നിലവിൽ 8 ശതമാനം) സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയ്ക്ക് പലിശ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഭവന വായ്പയെടുക്കുന്ന ജീവനക്കാർ ടി പലിശയ്ക്ക് പുറമേ 2 ശതമാനം ഫീസ് (വായ്പാ തുകയുടെ മേൽ) വസ്തു സർക്കാരിലേയ്ക്ക് പണയപ്പെടുത്തുമ്പോഴും പണയ വസ്തു വിടുവിക്കുമ്പോഴും വായ്പാ മുതലിന്റെയും പലിശയുടെയും മേൽ വീണ്ടും 2 ശതമാനം മോർട്ട്ഗേജ് ഫീസ് നൽകുന്നുണ്ട്. പൊതു മാർക്കറ്റിലെ നിരക്ക് (flexible rate) സാമ്പത്തിക സ്ഥിതിഗതികൾ അനുസരിച്ച് ചിലപ്പോൾ സർക്കാർ ഭവന വായ്പയുടെ പലിശ നിരക്കിനേക്കാളും കുറഞ്ഞു വരാം. അപ്പോഴും സർക്കാർ ഭവന വായ്പയുടെ പലിശയിൽ മാറ്റമുണ്ടാകുന്നില്ല. ഭവന നിർമ്മാണ വായ്പാ പദ്ധതി നിർത്തലാക്കിയിട്ടില്ല.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ വായ്പയ്ക്ക് ആകെ 231 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അതിൽ 2017-18 വർഷം ആകെ 49,94,55,000 രൂപ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലേയ്ക്ക് അലോട്ട്മെന്റായി നൽകി കഴിഞ്ഞു. 2017-18-ലെ അർഹതാ ലിസ്റ്റിൽനിന്നും മുൻഗണനാ പ്രകാരം ഘട്ടംഘട്ടമായി വായ്പ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 50 കോടി രൂപ ഉടൻ അനുവദിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പ മുൻഗണനാപ്പട്ടികയിൽ ആകെ 2889 പേർ ഉൾപ്പെട്ടിരുന്നു. അതിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുവാനായി തുക അലോട്ട് ചെയ്തിരുന്നു. വായ്പ വേണ്ടെന്ന് അറിയിച്ചവരെ മാറ്റി നിർത്തിയാൽ ടി പട്ടികയിൽ 2500 പേരാണ് അവശേഷിക്കുന്നത്.

(ഇ) ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷകർ വസ്തുവിന്റെ പ്രമാണം ഉൾപ്പെടെയുള്ള രേഖകൾ സമർപ്പിക്കേണ്ടതുണ്ട്. ആയത് അതാത് വകുപ്പ് തലവന്റെ സംരക്ഷണത്തിലാണ്. 2017-18-ലെ ലിസ്റ്റിൽപ്പെട്ടവർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി എച്ച്.ബി.എ. നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## പാചകത്തൊഴിലാളികളുടെ അവധിക്കാല വേതനം

45(3739) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വേനലവധികാലത്ത് കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പാചകതൊഴിലാളികൾക്ക് നൽകിയ അവധിക്കാല വേതനം (ഏപ്രിൽ, മേയ് മാസങ്ങളിൽ) ഈവർഷം ഇതുവരെ നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വേതനം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനത്തിന്റെ കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിൽ വരുത്തിയ കാര്യങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്കൂൾ പാചകത്തൊഴിലാളികൾ സ്കൂൾ വേനലവധിക്കാലത്ത് അനുഭവിക്കുന്ന സാമ്പത്തിക പ്രയാസം കണക്കിലെടുത്ത് സർക്കാർ/എയ്ഡഡ് സ്കൂൾ പാചകത്തൊഴിലാളികൾക്ക് 2,000 രൂപ വീതം സമാശ്വാസം നൽകാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിൽനിന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പിൽ പരിശോധനയിലാണ്.

## ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാൻ നടപടി

46(3740) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും 2019 ജൂലായ് 1 മുതൽ പ്രാബല്യത്തിൽ വരേണ്ട 11 -ാം ശമ്പള പരിഷ്കരണത്തിനായി ശിപാർശകൾ സമർപ്പിക്കാൻ ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകാൻ എത്ര ഗഡു ക്ഷാമ ബത്തകൾ കുടിശ്ശികയായിട്ടുണ്ട്;

(സി) കുടിശ്ശികയായ ക്ഷാമബത്തകൾ നൽകാൻ തീരുമാനമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉചിതമായ സമയത്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) കേന്ദ്ര സർക്കാർ 1-1-2018 പ്രാബല്യത്തിൽ അനുവദിച്ച 2 ശതമാനം ക്ഷാമബത്തയ്ക്ക് ആനുപാതികമായ ഒരു ഗഡു ക്ഷാമബത്ത മാത്രമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇനി അനുവദിച്ച് നൽകാനുള്ളത്.

(സി) കുടിശ്ശിക ക്ഷാമബത്ത അനുവദിച്ചുനൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഗ്രാന്റ്- ഇൻ- എയ്ഡ് സ്ഥാപനങ്ങളിലെ ഗ്രാറ്റുവിറ്റി പരിധി

47(3741) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിരമിക്കുമ്പോൾ നൽകുന്ന ഗ്രാറ്റുവിറ്റിയുടെ പരിധി സംബന്ധിച്ച നിബന്ധനയും പരിധിയും വ്യക്തമാക്കാമോ;

(ബി) പരിധി നിശ്ചയിക്കാത്ത ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലായെങ്കിൽ പരിശോധന നടത്താൻ തയ്യാറാകുമോ;

(സി) പരിധിയില്ലാതെ ഗ്രാറ്റുവിറ്റി നൽകുന്നത് കേന്ദ്രസർക്കാരിന്റെ ചട്ടങ്ങൾക്ക് വിരുദ്ധമാണോയെന്ന് പരിശോധിക്കുമോ;

(ഡി) ചട്ടങ്ങൾക്ക് വിരുദ്ധമെങ്കിൽ ഖജനാവിന് നഷ്ടം വരുത്തുന്ന ഈ പ്രവണത ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; സർക്കാർ ഗ്രാന്റ് നൽകുന്ന എല്ലാ സ്ഥാപനങ്ങളും ഇ.പി.എഫ്. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നിയമനിർമാണം നടത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഗ്രാന്റ്- ഇൻ- എയ്ഡ് സ്ഥാപനങ്ങളുടെ പ്രോവിഡന്റ് ഫണ്ട് പരിധി

48(3742) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ ഇ.പി.എഫ് വിഹിതമായി അടയ്ക്കുന്ന തുക നിശ്ചയിക്കുന്നത് ഏതു മാനദണ്ഡമനുസരിച്ചാണ്; പരിധി നിശ്ചയിച്ചിട്ടുണ്ടോ; കുറഞ്ഞതെത്ര ശതമാനമാണ് നിക്ഷേപിക്കാവുന്നതെന്ന് വിശദമാക്കാമോ;

(സി) ജീവനക്കാരുടെ പി.എഫ്. നിക്ഷേപത്തിന് ആനുപാതികമായി സർക്കാർ നിക്ഷേപം നടത്തുന്നുണ്ടോ; എങ്കിൽ അതിന്റെ തോത് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ ഏതെങ്കിലും ജീവനക്കാർ പരിധിയില്ലാതെ ഇ.പി.എഫ്. വിഹിതം അടയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് ധനകാര്യവകുപ്പിന്റെ അനുമതിയുണ്ടോ; അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പരിധിയില്ലാതെ അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതം അടയ്ക്കേണ്ടിവരുന്നത് ഖജനാവിന് നഷ്ടമുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഇ)വിവരം ശേഖരിച്ചുവരുന്നു.

## ക്ഷാമബത്ത കുടിശ്ശിക

49(3743) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത ഈ സർക്കാർ വന്നശേഷം എത്ര തവണ കുടിശ്ശിക ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കുടിശ്ശിക നൽകുവാൻ എത്ര തുക ആവശ്യമാണ്; കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാർക്കും പെൻഷൻകാർക്കും കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നൽകുന്ന രീതിയിലും തോതിലുമാണോ ഇപ്പോൾ ക്ഷാമബത്ത നൽകുന്നത്; അല്ലെങ്കിൽ ഏത് രീതിയിലാണ് ക്ഷാമബത്ത നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2018 പ്രാബല്യത്തിലുള്ള കേന്ദ്ര സർക്കാർ അനുവദിച്ച 2 ശതമാനം ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശികയായുള്ളത്.

(ബി) 1-1-2018 പ്രാബല്യത്തിൽ ക്ഷാമബത്ത കുടിശ്ശികയുടെ സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. പ്രസ്തുത ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേന്ദ്ര സർക്കാർ ക്ഷാമബത്ത പ്രഖ്യാപിക്കുമ്പോൾ ലേബർ ബ്യൂറോ പുറപ്പെടുവിക്കുന്ന വില സൂചികയുടെ അടിസ്ഥാനത്തിലും കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ index factor-ന്റെ അടിസ്ഥാനത്തിലുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും/പെൻഷൻകാർക്കും ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കുന്നത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

50(3744) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാർ സർവ്വീസിൽ എന്നുമുതൽ ജോലിയിൽ പ്രവേശിച്ചവരാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സർക്കാരിന്റെ 7-1-2013-ലെ സ.ഉ.(പി) നമ്പർ 20/2013/ധന. ഉത്തരവ് പ്രകാരം 1-4-2013 മുതൽ സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിരിക്കുന്നത്.

## സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

51(3745) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ ജീവനക്കാർക്ക് എത്ര തവണ ഡി. എ. അനുവദിച്ചുയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള ഡി. എ. കുടിശ്ശിക എത്രയെന്നും ഡി. എ. കുടിശ്ശിക നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം G.O.(P) No.6/2017/Fin dated 19-1-2017, G.O.(P) No. 55/17/Fin. Dated 26-4-2017, G.O.(P) No. 84/2018/Fin. Dated 7-6-2018 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം മൂന്ന് തവണ സർക്കാർ ജീവനക്കാർക്ക് ഡി.എ. അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ 1-1-2018 പ്രാബല്യത്തിലുള്ള അനുവദിച്ചു നൽകിയ 2 ശതമാനം ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇനി അനുവദിച്ചു നൽകാനുള്ളത്. ആയത് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ധനകാര്യ വകുപ്പ് വിവിധ വകുപ്പുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ

52(3746) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് പരിശോധന നടത്തിയതിൽ എത്ര ഓഫീസുകളിലെ ക്രമക്കേടുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പുകൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് ധനകാര്യ പരിശോധനാ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സർക്കാർ വാഹനങ്ങളുടെ പരിശോധന സംബന്ധിച്ച് ധനകാര്യ വകുപ്പ് ഏറ്റവും പുതിയതായി പുറപ്പെടുവിച്ച ഉത്തരവ് ഏതാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് വിവിധ വകുപ്പുകൾക്ക് കീഴിലുള്ള 201 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ടി ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ നടന്നുവന്നിരുന്ന വിവിധ തരത്തിലുള്ള ക്രമക്കേടുകൾ/അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും, പരിഹാര നടപടികൾ ശിപ്രാശ ചെയ്തുകൊണ്ടും ഉള്ള പരിശോധനാ റിപ്പോർട്ടുകൾ അതാത് ഭരണ വകുപ്പുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ നടപടി സ്വീകരിച്ചതായി ഭരണവകുപ്പിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുള്ള കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) സർക്കാർ വാഹനങ്ങളുടെ പരിശോധന സംബന്ധിച്ച് ധനകാര്യ വകുപ്പ് ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ചിട്ടുള്ളത് 24-2-2003-ലെ ജി.ഒ.(എം.എസ്.) നമ്പർ113/2003/ധന. നമ്പർ ഉത്തരവാണ്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

53(3747) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിൽ അപേക്ഷ നൽകിയവരിൽനിന്നും യോഗ്യരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ബാങ്കുകളിൽ ഇപ്പോഴും അവ്യക്തത തുടരുന്ന സാഹചര്യത്തിൽ യോഗ്യരായ വിദ്യാർത്ഥികളുടെ ലിസ്റ്റും ഓരോ വർഷവും സർക്കാരും വിദ്യാർത്ഥിയും അടക്കേണ്ട തുകയും അടക്കം അതാത് ബാങ്കുകൾക്ക് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) elrs.kerala.gov.in പോർട്ടൽ വഴി ലഭിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ എസ്.എൽ.ബി.സി. വഴി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത അപേക്ഷകരുടെ ലിസ്റ്റ് ബാങ്കുകൾക്ക് ലഭ്യമാക്കുന്നുണ്ട്. ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളുടെയും പരിശോധന പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി പ്രകാരം യോഗ്യത നേടിയ മുഴുവൻ അപേക്ഷകരുടെയും വിവരങ്ങൾ പോർട്ടലിൽ ലഭ്യമാകുന്നതാണ്.

(സി) പദ്ധതി പ്രകാരം യോഗ്യരാകുന്ന അപേക്ഷകരുടെ ഓൺലൈൻ അപേക്ഷകൾ പോർട്ടലിൽ സ്വീകരിക്കപ്പെടുന്ന സമയം തന്നെ അപേക്ഷകർ ഒടുക്കേണ്ട വിഹിതം സംബന്ധിച്ച വിവരം ബാങ്കുകൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം elrs.kerala.gov.in ഓൺലൈൻ പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത അപേക്ഷകർക്ക് സർക്കാർ ധനസഹായം അനുവദിക്കപ്പെടുന്ന മുറയ്ക്ക് യോഗ്യരായ അപേക്ഷകരുടെ പേര്, സർക്കാർ വിഹിതം എന്നിവ അടങ്ങുന്ന ലിസ്റ്റും അപേക്ഷകർക്ക് പദ്ധതി വഴി ലഭിക്കുന്ന ധനസഹായത്തിന്റെ വിശദ വിവരങ്ങളും ബാങ്കുകൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ബാങ്കുകളെ യഥാസമയം അറിയിക്കുന്നുമുണ്ട്. ഇതുസംബന്ധിച്ച് ബാങ്കുകളിൽ അവ്യക്തതയുണ്ടാകേണ്ട സാഹചര്യമില്ല.

## എജ്യൂക്കേഷൻ ലോൺ റീപേമെന്റ് സിസ്റ്റം

54(3748) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എജ്യൂക്കേഷൻ ലോൺ റീപേമെന്റ് സിസ്റ്റം പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ അർഹമായതെത്ര പരിഗണിച്ചുവെന്നും വ്യക്തമാക്കുമോ; അർഹരായ അപേക്ഷകർക്ക് സർക്കാർ സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in. പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായതുമായ 6190 അപേക്ഷകളിലെ

സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. ബാങ്കുകൾ അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകൾ എസ്.എൽ.ബി.സി. മുഖേന സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത് അയയ്ക്കേണ്ടതായിട്ടുണ്ട്. ഈ പ്രക്രിയയ്ക്ക് കുറച്ച് കാലതാമസം നേരിടുന്നുണ്ട്. സർക്കാരിൽ ലഭിക്കുന്ന യോഗ്യമായ അപേക്ഷകൾക്ക് സമയബന്ധിതമായി സർക്കാർ സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതടക്കമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തലത്തിൽ അവലോകനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**ബാങ്ക് അധികൃതർ ഗുണഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായ പരാതി**

55(3749) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിൽ വിവിധ ബാങ്കധികൃതർ ഗുണഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ ബ്രാഞ്ചിൽനിന്നും വായ്പ എടുത്തിട്ടുള്ള ഇരമല്ലൂർ ചിറപ്പുറത്ത് വീട്ടിൽ അശ്വതി.സി.യു എന്നയാളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ ഭാഗത്തുനിന്നും പോരായ്മകൾ ഉള്ളതായി വിവരം ലഭിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.സി.-യുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും നേരിട്ടുള്ള ഇടപെടലിലൂടെയും പരിഹരിച്ചു വരുന്നുണ്ട്.

(ബി&സി) കോതമംഗലം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബ്രാഞ്ചിൽനിന്നും വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിക്കുകീഴിൽ അപേക്ഷ നൽകിയിട്ടുള്ള അശ്വിനി. സി.യു. എന്നയാളുടെ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് പരിശോധിക്കാനും ടിയാളുടെ അപേക്ഷ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കാനും ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നേമം മണ്ഡലത്തിലെ ഭരണാനുമതിയുള്ള പദ്ധതികൾ**

56(3750) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയുള്ള പദ്ധതികളിൽപ്പെട്ട പ്രവൃത്തികൾ തുടങ്ങാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

നേമം മണ്ഡലത്തിൽ 2017-18 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെയും കെട്ടിട വിഭാഗത്തിന്റെയും കീഴിൽ ഭരണാനുമതി ലഭ്യമായ പ്രവൃത്തികളും അവയുടെ തൽസ്ഥിതിയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുവെന്നും ഉടനെതന്നെ സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ദർഘാസ് നടത്തി ആരംഭിക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

57(3751) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെയും കെട്ടിട

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഭാഗത്തിന്റെയും കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ തൽസ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) അറിയിച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഔട്ട്കം ബഡ്ജറ്റിംഗ് സമ്പ്രദായം

58(3752) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഔട്ട്കം ബഡ്ജറ്റിംഗ് സമ്പ്രദായത്തിലേക്ക് മാറുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഓരോ പദ്ധതിയിലും പണം ചെലവഴിച്ചതിന്റെ ഭാഗമായി ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെന്നും അവയുടെ പ്രത്യാഘാതങ്ങൾ എന്തെന്നും തുടർച്ചയായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനം ഔട്ട്കം ബഡ്ജറ്റിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറിയിട്ടില്ല. എന്നാൽ 2008-2011 കാലഘട്ടത്തിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 140-ാം റിപ്പോർട്ടിലെ ശിപാർശപ്രകാരം 18.01.2014-ലെ സ.ഉ. (സാധാ) നമ്പർ 465/2014/ധന അനുസരിച്ച് ധനകാര്യ വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെ ഓരോ പദ്ധതിയിലും പണം ചെലവഴിച്ചതിന്റെ ഭാഗമായി ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെന്നും അവയുടെ പ്രത്യാഘാതങ്ങൾ എന്തെന്നും പരിശോധിക്കാനായി പെർഫോമൻസ് ബഡ്ജറ്റ് ആരംഭിച്ചിട്ടുണ്ട്.

(ബി) 2008-2011 കാലഘട്ടത്തിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 140-ാം റിപ്പോർട്ടിലെ ശിപാർശ പ്രകാരം 18.01.2014-ലെ സ.ഉ. (സാധാ) നം. 465/2014/ധന. അനുസരിച്ച് ധനകാര്യ വകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലെ ഓരോ പദ്ധതിയിലും പണം ചെലവഴിച്ചതിന്റെ ഭാഗമായി ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെന്നും അവയുടെ പ്രത്യാഘാതങ്ങൾ എന്തെന്നും പരിശോധിക്കാനായി പെർഫോമൻസ് ബഡ്ജറ്റ് ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇപ്പോൾ മൂന്ന് വകുപ്പുകളുടെ (അനുബന്ധം-1)* മുൻ വർഷങ്ങളിലെ പദ്ധതികളുടെ ധനവിനിയോഗവും അതുപ്രകാരമുള്ള ഭൗതിക നേട്ടവും പരിശോധിക്കുകയും കൂടാതെ നടപ്പു സാമ്പത്തികവർഷത്തെ 9 വകുപ്പുകളുടെ (അനുബന്ധം-2)* തെരഞ്ഞെടുക്കപ്പെട്ട 5 പദ്ധതികളുടെ ധനവിനിയോഗ പ്രകാരമുള്ള ഭൗതിക നേട്ടങ്ങൾ പരിശോധിക്കുകയും (CEMS) ചെയ്യുന്നുണ്ട്. അത് പ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ബഡ്ജറ്റ് രേഖകളോടൊപ്പം നിയമസഭയിൽ സമർപ്പിക്കുന്നുണ്ട്.

**ക്ഷേമ പെൻഷനുകൾ വാങ്ങുന്ന അനർഹർ**

59(3753) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരിൽ അനർഹരായവരെ കണ്ടെത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) അനർഹർ ക്ഷേമപെൻഷൻ വാങ്ങുന്നതുമൂലം ഖജനാവിന് എന്ത് നഷ്ടം വരുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 60 വയസ്സിന് മുകളിലുള്ളവർ എത്രയാണെന്നും നിലവിൽ ക്ഷേമപെൻഷൻ വാങ്ങുന്നവർ എത്രയാണെന്നും അറിയിക്കുമോ;

(ഡി) പുതുതായി ക്ഷേമപെൻഷന് അപേക്ഷ നൽകിയവരിൽ എത്രപേരുടെ അപേക്ഷ തീരുമാനമാകാതെ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരായ പുതിയ അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച ഒരു സർവ്വേ നടത്താൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷനെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ച്ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വേ നടന്നുവരുന്നു. പ്രസ്തുത സർവ്വേ റിപ്പോർട്ട് ലഭിച്ച ശേഷമേ ഇത്തരത്തിൽ അനർഹർ എത്രപേർ ഉണ്ടെന്നും അതുമൂലം സർക്കാർ ഖജനാവിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്നും കണക്കാക്കാനാകുകയുള്ളൂ.

(സി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 60 വയസ്സിന് മുകളിലുള്ളവർ 42.28 ലക്ഷം ആണ്. നിലവിൽ 4217097 പേർക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 873504 പുതിയ പെൻഷനർമാരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പെൻഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ ഒഴിവാക്കാനും പുതുതായി സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

60(3754) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്; അതിനായി പ്രതിമാസം എത്ര തുകയാണ് സർക്കാർ ചെലവഴിക്കുന്നത്; ഓരോ വിഭാഗത്തിലും പെൻഷനായി എത്ര തുക വീതമാണ് നല്കിവരുന്നത്;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടോ; എങ്കിൽ അവരെ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അവരിൽനിന്നും അനർഹമായി വാങ്ങിയ പെൻഷൻ തുക തിരിച്ചു പിടിച്ചിട്ടുണ്ടോ. വിശദമാക്കുമോ;

(സി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ എത്രമാസത്തെ കുടിശ്ശികയുണ്ട്; ആയതെപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഒന്നിൽ കൂടുതൽ പെൻഷൻ കൈപ്പറ്റുന്നവരെ ഒഴിവാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര പേരെ ഇപ്രകാരം ഒഴിവാക്കിയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ 873504 പേരെ പുതുതായി ഉൾപ്പെടുത്തുകയുണ്ടായി. നിലവിൽ 4217097 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നു. അതിലേക്ക് പ്രതിമാസം 483.30 കോടി രൂപ ചെലവഴിക്കുന്നുണ്ട്. ഓരോ വിഭാഗത്തിലും നൽകുന്ന പെൻഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പെൻഷൻ ഇനം | | പെൻഷൻ തുക (രൂപ) |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് മുകളിൽ | 1500 |
| | 75 വയസ്സിനുള്ളിൽ | 1100 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിനുമുകളിലും | 1300 |
| | 80 ശതമാനത്തിന് താഴെ | 1100 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 1100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1100 |
| കർഷക തൊഴിലാളി പെൻഷൻ | | 1100 |

(ബി) സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അതാത് പ്രാദേശിക സർക്കാരുകളിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം നൽകിയിട്ടുള്ള സത്യപ്രസ്താവനകളിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെന്ന് കണ്ടെത്തിയവരുടെ പെൻഷൻ തടഞ്ഞിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന പരിധിക്കപ്പുറത്തുള്ളവർ ഉൾപ്പെട്ടിട്ടുണ്ടെന്നും പുനർവിവാഹം ചെയ്തവർ വിധവാ പെൻഷൻ തുടർന്നും കൈപ്പറ്റുന്നതായും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും ബന്ധുക്കൾ പെൻഷൻ വാങ്ങുന്നു എന്നും വിവരങ്ങൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് അത്തരക്കാരെ ഒഴിവാക്കുന്നതിലേയ്ക്ക് 22-1-2018 തീയതിയിലെ എസ്.എഫ്.സി.-ബി2/53/2017/ധന നമ്പർ സർക്കുലർ പ്രകാരം

നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരെ ഒഴിവാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തരം ഒരു സർവ്വേയും നടന്നുവരുന്നു. അനർഹമായി പെൻഷൻ വാങ്ങി എന്നു വ്യക്തമായി കണ്ടെത്തിയിട്ടുള്ള കേസ്സുകളിൽ പെൻഷൻ ഇനത്തിൽ നൽകിയ തുക തിരിച്ച് പിടിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2018 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2018 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ നൽകാൻ അവശേഷിക്കുന്നു. ഓണം, ക്രിസ്തുമസ്, വിഷു എന്നീ ഉത്സവകാലയളവിലാണ് ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നത്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഗണ്യമായ വർദ്ധനവ് നൽകിയ സാഹചര്യത്തിൽ ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്നും എന്നാൽ 6-2-2017 തീയതിക്ക് മുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്നും പുതുതായി രണ്ടാമതൊരു പെൻഷൻ ലഭിക്കാൻ അർഹതയില്ലെന്നും 6-2-2017 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 67/2017/ധന പ്രകാരം ഉത്തരവായിരുന്നു. ഒരേ തരത്തിലുള്ള രണ്ട് പെൻഷൻ വാങ്ങി വന്നിരുന്ന 13272 വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ട്.

## എ.റ്റി.എം. കൗണ്ടറുകളിലെ പണക്ഷാമം

61(3755) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.റ്റി.എം. കൗണ്ടറുകളിൽ പണക്ഷാമം ഉണ്ടാകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവർത്തനരഹിതമായ എ.റ്റി.എം.കളെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് അറിവ് നൽകാത്ത ബാങ്കുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം എത്ര നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിക്ഷേപകർക്ക് കൃത്യവും തൃപ്തികരവുമായ എ.റ്റി.എം സേവനം നൽകാത്ത ബാങ്കുകൾക്കെതിരെ നടപടി കൈക്കൊള്ളാൻ ധനവകുപ്പിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എ.റ്റി.എം. കൗണ്ടറുകളിൽ സമീപകാലത്തുണ്ടായിരുന്ന പണക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് എസ്.എൽ.ബി.സി. (State Level Banker's Committee) അറിയിച്ചിട്ടുണ്ട്.

(ബി&സി) കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെടുന്ന വിഷയമല്ല. ബാങ്കുകൾ നൽകുന്ന എ.റ്റി.എം. സേവനങ്ങൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് റിസർവ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

### ലീഗൽ മെട്രോളജി റൂൾസിൽ ഉൾപ്പെടുത്താത്ത ജീവനക്കാർ

62(3756) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി റൂൾസിൽ ഉൾപ്പെടുത്താത്ത ജീവനക്കാരെ ലീഗൽ മെട്രോളജി ഇൻസ്പെക്ടറായി പ്രൊമോഷൻ നൽകിയതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പ്രൊമോഷൻ നൽകിയവർക്ക് റാഞ്ചിയിൽ ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവിട്ടത് സംബന്ധിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലീഗൽ മെട്രോളജി വകുപ്പിൽ നടക്കുന്ന ഇത്തരത്തിലുള്ള വീഴ്ചകൾ അന്വേഷിക്കുവാൻ ധനകാര്യ പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച ഫയലുകളൊന്നുംതന്നെ ഭരണ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഈ വകുപ്പിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിഗണിക്കാവുന്നതാണ്.

## റബ്ബർ പാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് ചിരട്ടയ്ക്ക് നികുതി

63(3757) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർപാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് ചിരട്ടയ്ക്ക് കേരളത്തിൽ നികുതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം ഉണ്ടായ മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക് ചിരട്ടയ്ക്ക് 18% ജി.എസ്.ടി. ചുമത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സ്വാഭാവിക ചിരട്ടകൾക്കു വിലകൂടുകയും ആവശ്യത്തിനു കിട്ടാതാവുകയും ചെയ്യപ്പോൾ പ്ലാസ്റ്റിക് ചിരട്ടകൾ ഉപയോഗിക്കാൻ തുടങ്ങിയ റബ്ബർ കർഷകർക്ക് ഈ തീരുമാനം തിരിച്ചടിയാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ജി.എസ്.ടി. നിബന്ധനകളിൽ പ്ലാസ്റ്റിക് കപ്പുകളുടെ നികുതി സൂചിപ്പിച്ചിരുന്നില്ലെന്നതും കാർഷികോപകരണങ്ങളായ തൂമ്പ,മൺവെട്ടി, കട്ടപ്പാര, കൈക്കോട്ട്, കരണ്ടി തുടങ്ങിയ വിവിധ സാധനങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) റബ്ബർപാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് ചിരട്ടകൾ ഇതിൽ ഉൾപ്പെടാത്തത് എന്തുകൊണ്ടാണെന്നും ഇനി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ജി.എസ്.ടി.-യിൽ പ്ലാസ്റ്റിക് ചിരട്ട 18 ശതമാനം നികുതിയുള്ളവയിൽ ഉൾപ്പെടുന്നു.

(ബി) ജി.എസ്.ടി.-യിൽ HSN കോഡിന്റെ അടിസ്ഥാനത്തിലാണ് നികുതി നിരക്കുകൾ തീരുമാനിച്ചിട്ടുള്ളത്. ഒരു HSN കോഡിലും ഉൾപ്പെടാത്ത സാധനങ്ങൾ റവന്യൂന്യൂട്രൽ നിരക്കായ 18 ശതമാനത്തിൽ ഉൾപ്പെടും. ജി.എസ്.ടി.-യിൽ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ നികുതിനിരക്ക് ഒരു സംസ്ഥാനത്തിനുമാത്രമായി തീരുമാനിക്കാൻ സാധിക്കുകയില്ല.

(സി) പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് പൊതുവെ 18 ശതമാനം നികുതിയാണ് ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനു മാത്രമായി ഏതെങ്കിലും സാധനങ്ങൾക്കോ സേവനങ്ങൾക്കോ നികുതിനിരക്ക് നിശ്ചയിക്കുവാനോ നികുതിയിളവുകളോ നികുതിയൊഴിവുകളോ നൽകുവാനോ സാധിക്കുകയില്ല. പ്ലാസ്റ്റിക് ചിരട്ടകൾ ഉപയോഗിക്കാൻ തുടങ്ങിയ റബ്ബർ കർഷകർക്ക് ഈ തീരുമാനം തിരിച്ചടിയാണെന്ന കാര്യം സംബന്ധിച്ച് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ&എഫ്) ജി.എസ്.ടി.-യിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതിനിരക്കുകളും തീരുമാനങ്ങളും എടുക്കുന്നത് കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനും എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളുമായുള്ള ജി.എസ്.ടി. കൗൺസിലാണ്. സംസ്ഥാനത്തിനുമാത്രമായി പ്രത്യേകം തീരുമാനങ്ങളെടുക്കാൻ സാധിക്കുകയില്ല. തൂമ്പ, മൺവെട്ടി, കട്ടപ്പാര, കൈക്കോട്ട്, കരണ്ടി തുടങ്ങിയ വിവിധ സാധനങ്ങൾ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവയായതുകൊണ്ടാണ് ഇവയെ ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കിയിരിക്കുന്നത്. എന്നാൽ പ്ലാസ്റ്റിക് കപ്പുകൾ/ചിരട്ടകൾ ആ ഗണത്തിൽപ്പെടുന്നവയല്ല. ഇവ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## ലോട്ടറി വകുപ്പിൽ ജീവനക്കാര്യം ജില്ലാ ഓഫീസുകളിലേയ്ക്ക് മാറ്റിയ നടപടി

64(3758) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പിൽ താലൂക്ക് തലത്തിലുള്ള ഏതെല്ലാം ലോട്ടറി

സബ്ഓഫീസുകളിൽ കൈകാര്യം ചെയ്തിരുന്ന ജീവനക്കാര്യം (എസ്റ്റാബ്ലിഷ്മെന്റ്) ജില്ലാ ഓഫീസുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എസ്റ്റാബ്ലിഷ്മെന്റ് ജില്ലാ ഓഫീസുകളിലേയ്ക്ക് മാറ്റിയത് മൂലം സ്പാർക്ക് വഴിയുള്ള സേവനങ്ങൾക്ക് ജീവനക്കാർക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആരുടെയെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവിടുത്തെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക സ്പാർക്ക് മുഖേന പി.എഫ്.-ൽ നിക്ഷേപിക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) ഇക്കാലയളവിൽ പെൻഷൻ പറ്റിയവർക്ക് ശമ്പളപരിഷ്കരണ കുടിശ്ശിക പി.എഫ് വഴി ലഭിക്കാത്ത സാഹചര്യത്തിൽ ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുനലൂർ, കട്ടപ്പന, താമരശ്ശേരി എന്നീ സബ് ഓഫീസുകളിൽ കൈകാര്യം ചെയ്തിരുന്ന ജീവനക്കാര്യം (എസ്റ്റാബ്ലിഷ്മെന്റ്) ജില്ലാ ഓഫീസുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രേഖാമൂലം പരാതികൾ ലഭിച്ചിട്ടില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് വേണ്ടി IT മിഷന്റെയും സ്പാർക്കിന്റെയും സഹായം തേടിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ നടപടി**

65(3759) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന് കുറ്റമറ്റതും, കർശനവുമായ രജിസ്ട്രേഷൻ സമ്പ്രദായം സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ബാങ്ക് പലിശക്ക് മുകളിൽ പരമാവധി മൂന്ന് ശതമാനം അധികം മാത്രമെ സ്വകാര്യ പണമിടപാടുകാർ സ്വീകരിക്കാവൂ എന്നും അപ്രകാരം പലിശ നിരക്ക് നിജപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(സി) കൊള്ളപലിശക്കാർക്കെതിരെ ഓരോ ജില്ലയിലും ഒരു ജൂഡീഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു പരാതി പരിഹാര ഫോറം ഉണ്ടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച വരുന്നു. കേരള മണിലെൻഡേഴ്സ് ആക്ട് 1958-ൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള മണിലെൻഡർമാർ ടി നിയമത്തിലെ വകുപ്പ് 3(1) പ്രകാരം ലൈസൻസ് എടുക്കേണ്ടതാണ്. വകുപ്പ് 3 (2) പ്രകാരം ഒന്നിലധികം ഷോപ്പുകൾ അഥവാ പ്ലേസ് ഓഫ് ബിസിനസ് ഉണ്ടെങ്കിൽ, അവ ഓരോന്നിനും പ്രത്യേകം ലൈസൻസ് എടുക്കേണ്ടതാണ്. മണിലെൻഡർമാർ വകുപ്പ് 4 (2 എ) പ്രകാരം അവർ ഒരു വർഷം കടം കൊടുക്കുന്ന പണത്തിന്റെ അടിസ്ഥാനത്തിൽ 10,000 രൂപ മുതൽ 3 ലക്ഷം രൂപ വരെ ജാമ്യത്തുകയും ഒടുക്കേണ്ടതാണ്. കേരള മണിലെൻഡേഴ്സ് ആക്ടിന്റെ 4 (5), 4(6) എന്നീ വകുപ്പുകൾ പ്രകാരം ടി നിയമത്തിൻ കീഴിൽ നൽകുന്ന ലൈസൻസിന്റെ കാലാവധി, ആയത് നൽകുന്ന വർഷത്തെ അവസാനത്തെ ദിവസം അവസാനിക്കുന്നതും വർഷാവർഷം പുതുക്കേണ്ടതുമാണ്. അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തി കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ, ലൈസൻസിനായുള്ള അപേക്ഷ ലഭിക്കുമ്പോൾതന്നെ അതിനെക്കുറിച്ചുള്ള വിവരം അതാത് പ്രദേശത്തെ പോലീസ് അധികാരികളെ കൂടി അറിയിച്ചാൽ, മണിലെൻഡർമാരുടെ പ്രവർത്തനം തുടക്കം മുതൽ പോലീസ് വകുപ്പിനും നിരീക്ഷിക്കാൻ കഴിയുമെന്നതിനാൽ അങ്ങനെയൊരു നിർദ്ദേശം ചരക്കുസേവന നികുതി വകുപ്പിലെ എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

(ബി) കേരള മണിലെൻഡേഴ്സ് ആക്ട്, 1958-ന്റെ വകുപ്പ് 7(1) പ്രകാരം ഒരു മണിലെൻഡറും ഒരു ലോണിനും കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽനിന്നും രണ്ട് ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. കേരള മണിലെൻഡേഴ്സ് ആക്ട് വകുപ്പ് 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ പലിശ ഈടാക്കിയതായി ലൈസൻസിംഗ് അതോറിറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും ആ മണിലെൻഡർക്ക് മേൽ പിഴ ചുമത്തുകയും ചെയ്യാവുന്നതാണ്. കൂടാതെ, ഏതാനും വർഷങ്ങൾക്കു മുമ്പ് സംസ്ഥാന സർക്കാർ 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി നടപ്പാക്കിയതിലൂടെ മണിലെൻഡർമാരുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കുകയും മണിലെൻഡിംഗ് നിയമം ലംഘിച്ച സ്വകാര്യ പണമിടപാടുകാരുടെ രജിസ്ട്രേഷൻ റദ്ദാക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടുള്ളതുമാണ്. ഈയടുത്ത കാലത്ത്, ചില മണിലെൻഡർമാർ ടി നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചരക്കുസേവന നികുതി വകുപ്പിലെ എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ അത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പങ്കാളിത്ത പെൻഷൻ പദ്ധതി

66(3760) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാത്രം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കേണ്ടതില്ല എന്ന് കേരള സർക്കാർ തീരുമാനിച്ചതെന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മാത്രമായി നിഷേധിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും സർവ്വീസ് സംഘടനകളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ വിവിധ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റിലെ സർവ്വീസ് സംഘടനകൾ നല്കിയ നിവേദനങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ തീർപ്പാക്കാനാകാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ നീക്കത്തിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് ഫയൽ മൂവ്മെന്റ് ഹിസ്റ്ററി ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കണമെന്നും പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കണമെന്നുമാവശ്യപ്പെട്ട് വിവിധ സർവ്വീസ് സംഘടനകൾ സർക്കാരിൽ നിവേദനം നൽകിയിട്ടുണ്ട്.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ വിവിധ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റിലെ വിവിധ സർവ്വീസ് സംഘടനകൾ നൽകിയ നിവേദനങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. പ്രസ്തുത ഫയലുകളുടെ ഫയൽ മൂവ്മെന്റ് ഹിസ്റ്ററി അനുബന്ധമായി ചേർക്കുന്നു. *

## സ്റ്റാമ്പ് വെണ്ടർമാർ

67(3761) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ സേവനം ജനങ്ങൾക്ക് ഇപ്പോൾ ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കാസർഗോഡ് താലൂക്കിൽ സ്റ്റാമ്പ് വെണ്ടർക്കായി പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ഉണ്ടെന്നും അനുകൂല തീരുമാനം എപ്പോൾ ഉണ്ടാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് താലൂക്കിൽ 5 (അഞ്ച്) സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്. ഇവരുടെ സേവനം ജനങ്ങൾക്ക് ലഭ്യമാണ്.

(ബി) കാസർഗോഡ് താലൂക്കിൽ സ്റ്റാമ്പുവെണ്ടർമാർക്കായി 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയതിനാൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താൽക്കാലിക ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെട്രോൾ, ഡീസൽ വിലയിലെ അധിക വരുമാന നികുതി

68(3762) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ ഒന്ന് മുതൽ സംസ്ഥാനത്തിന് പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപനയിലൂടെ ലഭിക്കുന്ന അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഏപ്രിൽ ഒന്ന് മുതൽ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചതിലൂടെ അധിക വിൽപ്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം എത്രയാണ്;

(ഡി) ഈ അധിക വിൽപ്പന നികുതി വരുമാനം പൂർണ്ണമായും ഉപേക്ഷിക്കാതെ ഒരു നിശ്ചിത ശതമാനം മാത്രം കുറയ്ക്കാനുണ്ടായ സാഹചര്യം എന്താണ്; മുൻ യു. ഡി. എഫ്. സർക്കാർ ഇപ്രകാരം ലഭിച്ച അധിക വരുമാനം പൂർണ്ണമായും വേണ്ടെന്ന് വച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂൺ ഒന്ന് മുതൽ സംസ്ഥാനത്തിന് പെട്രോൾ, ഡീസൽ എന്നിവയുടെ വില്പനയിലൂടെ ലഭിക്കുന്ന അധിക വരുമാന നികുതിയുടെ ഒരു ഭാഗം ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2017 മേയ് മാസം പകുതി മുതൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി ഗണ്യമായി വർദ്ധിച്ചത്, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. ഈ വില വർദ്ധനവ് കുറയ്ക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടി കുറവ് വരുത്തണമെന്ന് സംസ്ഥാനം പലതവണ ആവശ്യപ്പെട്ടിട്ടും കേന്ദ്രം അനുകൂലമായി പരിഗണിക്കാത്ത സാഹചര്യത്തിൽ സാധാരണക്കാരനെ സഹായിക്കുന്നതിന് വേണ്ടി 1-6-2018 മുതൽ വിലയിൽ ഒരു രൂപായെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (SRO. No.345/18 തീയതി 31-5-2018).

(ബി) ഇതിലൂടെ സംസ്ഥാന സർക്കാരിന് പ്രതിവർഷം 488 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഏപ്രിൽ ഒന്ന് മുതൽ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചതിലൂടെ അധിക വില്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| പെട്രോളിന് (എ.എസ്.ടി) | |
|---|---|
| 1-4-2018 മുതൽ 31-5-2018 വരെ | 12.68 കോടി രൂപ |
| **ഡീസലിന് (എ.എസ്.ടി)** | |
| 1-4-2018 മുതൽ 31-5-2018 വരെ | 18.82 കോടി രൂപ |

(ഡി) പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി മാറിക്കൊണ്ടിരുന്ന സാഹചര്യത്തിൽ റവന്യൂന്യൂട്രൽ റേറ്റ് തിട്ടപ്പെടുത്തി നികുതി നിരക്ക് വ്യതിയാനം വരുത്തുന്ന സമ്പ്രദായം പ്രായോഗികമല്ല. എന്നാലും ലിറ്റർ ഒന്നിന് പെട്രോളിനും ഡീസലിനും ജൂൺ 1 മുതൽ ഒരു രൂപ വില കുറയുന്ന രീതിയിൽ നികുതി നിരക്ക് കുറച്ചുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി പ്രതിവർഷം പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി വരുമാനത്തിൽ 488 കോടി രൂപയുടെ നഷ്ടമുണ്ടാകും. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് പ്രതീക്ഷിച്ച വരുമാനം കിട്ടാത്ത സാഹചര്യത്തിൽ ഇതിൽ കൂടുതൽ ഇളവ് നൽകുന്നത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ വളരെ പ്രതികൂലമായി ബാധിക്കും.

മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പെട്രോളിന്റെ അടിസ്ഥാനവിലയിൽ 18 തവണയും ഡീസലിന് 21 തവണയും എണ്ണക്കമ്പനികൾ വർദ്ധനവ് വരുത്തിയപ്പോൾ പെട്രോളിന് 4 തവണയും ഡീസലിന് 2 തവണയും മാത്രമാണ് നികുതി കുറച്ചത്. എന്നാൽ 13 തവണ നിരക്കിൽ വർദ്ധന വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി 2011 മേയ് മാസത്തിൽ യു.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ 26.64 ശതമാനമായിരുന്ന പെട്രോളിന്റെ നികുതി നിരക്ക് അധികാരം ഒഴിയുന്ന വേളയിൽ 31.8 ശതമാനമായി വർദ്ധിച്ചു.

## സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പ് വരുത്തുന്ന സമഗ്ര വികസനം

69(3763) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പ് വരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവ കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഉല്പാദനപരമായ മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയവയ്ക്ക് ആവശ്യമായ തുക വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷം ഈ മേഖലകളിൽ എന്തൊക്കെ ഇടപെടലുകൾ നടത്തുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(സി) ആഗോള സമ്പത്ത് ഘടനയിൽ ഉണ്ടാകുന്ന വില വ്യതിയാനങ്ങൾ നാണ്യവിളകളെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ നാണ്യവിള കർഷകരെ സഹായിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ ആവിഷ്കരിക്കുവാൻ സാധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ & ബി) സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് സർക്കാർ വ്യാപൃതമായിരിക്കുന്നത്. ഇതിന് അനുയോജ്യമായ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 29,150 കോടി രൂപയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം മുതലായ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും മുൻഗണന നൽകുന്ന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാപദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ റെക്കോർഡ് തുകയാണ് കാർഷിക മേഖലയ്ക്ക് വകയിരുത്തിയിരുന്നത്. തരിശ് കിടന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വിളകളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക കൃഷിസങ്കേതങ്ങൾ പരിശീലിപ്പിക്കുന്നതിനും വിലത്തകർച്ച നേരിട്ട വിളകൾക്ക് വിലസ്ഥിരതാ പദ്ധതി ആരംഭിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കി. മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ ഉപജീവനം നടത്തുന്ന കർഷകരുടെയും തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന ബഹുതലസ്പർശിയായ നിരവധി പദ്ധതികൾക്ക് തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കേരളത്തിലെ കാർഷിക അടിത്തറയാകുന്ന പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉല്പാദനക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യവിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ നെല്ല്, പച്ചക്കറി, പയർ/കിഴങ്ങ്വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുമുണ്ടായിരുന്നു. കൂടാതെ റബ്ബറിന്റെ വിലത്തകർച്ചയിൽനിന്നും കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കി. അതിലുപരിയായി വിവിധ വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്.

## ഇ-വേ ബിൽ സമ്പ്രദായം

70(3764) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേ ബിൽ നടപ്പിലാക്കിയതിന് ശേഷം നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയ ശേഷവും നികുതി വെട്ടിപ്പ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കി. 31-5-2018 വരെയുള്ള കണക്കുപ്രകാരം നികുതി വരുമാനത്തിൽ 56.69 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2018 ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ജി.എസ്.ടി. കോമ്പൻസേഷൻ ഇതുവരെയും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| 2017-18 സാമ്പത്തിക വർഷം 31-5-2017 വരെ ലഭിച്ചത് | 2018-19 സാമ്പത്തിക വർഷം 31-5-2018 വരെ ലഭിച്ചത് | വർദ്ധനവ് (തുകയിൽ) |
|---|---|---|
| 4809.51 | 4866.20 | 56.69 |

(ബി) അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 15 മുതലുമാണ് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ ഓൺലൈനായി പരിശോധിക്കുന്നതിനാവശ്യമായ സാങ്കേതിക സംവിധാനങ്ങളും ഇന്റലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് അവിടെ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

**ഇ-വേ ബിൽ സമ്പ്രദായം**

71(3765) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിനകത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പാക്കുന്നതിന് സർക്കാർ എന്തൊക്കെ നിബന്ധനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2018 ഏപ്രിൽ 1 മുതൽ അന്തർസംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹനനമ്പർ ഇല്ലാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്രവിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള

ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50,000 രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000 രൂപയ്ക്ക് മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്.

ഇതുകൂടാതെ സംസ്ഥാന സർക്കാർ വിജ്ഞാപനം നം. 03/2018 പ്രകാരം വാൻ സെയിലും സംസ്ഥാനത്തിനകത്ത് കർഷകരിൽനിന്നും നേരിട്ടുള്ള റബ്ബർ സ്ക്രാപ്പ്, റബ്ബർ ഷീറ്റ്, റബ്ബർ പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വാങ്ങലും 25 കിലോമീറ്ററിനുള്ളിൽ സ്വന്തം ആവശ്യങ്ങൾക്കായിട്ടുള്ള സാധനങ്ങളുടെ വാങ്ങലും ഇ-വേ ബില്ലിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജി.എസ്.ടി. പരിധിയിൽ വരാത്ത ഉല്പന്നങ്ങൾ**

72(3766) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ ഉല്പന്നങ്ങളെയും ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) ജി.എസ്.ടി.-യുടെ പരിധിയിൽ വരാത്ത ഉല്പന്നങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ ഉല്പന്നങ്ങളെയും ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളായ പെട്രോളിയം (ക്രൂഡ്), മോട്ടോർ സ്പിരിറ്റ് (പെട്രോൾ), ഡീസൽ, നാച്വറൽ ഗ്യാസ്, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ എന്നിവ ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നില്ല. ഇതിൽ നാച്വറൽ ഗ്യാസ് 'വാറ്റ്' നിയമത്തിലും മറ്റുള്ളവ കേരള പൊതുവില്പന നികുതി നിയമത്തിലും നിലനിർത്തിയിട്ടുണ്ട്.

## ജി.എസ്.ടി.-യിൽ ഉൾപ്പെടാത്ത ഉൽപ്പന്നങ്ങൾ

73(3767) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യിൽ ഉൾപ്പെടാത്ത ഏതൊക്കെ ഉൽപ്പന്നങ്ങൾക്കാണ് സംസ്ഥാന സർക്കാരിന് സ്വന്തം നിലയ്ക്ക് നികുതി ചുമത്തുന്നതിനുള്ള അവകാശമുള്ളത്;

(ബി) നിലവിൽ പെട്രോൾ ഉൽപ്പന്നങ്ങൾക്കും മദ്യ ഉൽപ്പന്നങ്ങൾക്കും സംസ്ഥാനം ചുമത്തി വരുന്ന നികുതി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ജി.എസ്.ടി.-യിൽ ഉൾപ്പെടാത്ത മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളായ ക്രൂഡ് ഓയിൽ, മോട്ടോർ സ്പിരിറ്റ് (പെട്രോൾ), ഡീസൽ, നാച്വറൽ ഗ്യാസ്, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ എന്നീ ഉൽപ്പന്നങ്ങൾക്കാണ് സംസ്ഥാന സർക്കാരിന് സ്വന്തം നിലയ്ക്ക് നികുതി ചുമത്തുന്നതിനുള്ള അവകാശം ഉള്ളത്.

(ബി) പെട്രോൾ ഉൽപ്പന്നങ്ങൾ

| ഇനം | നികുതി നിരക്ക് | അഡീഷണൽ സെയിൽസ് ടാക്സ് | സെസ് ഓൺ ടാക്സ് |
|---|---|---|---|
| പെട്രോൾ | 30.08% | 1 രൂപ/ലിറ്റർ | 1% |
| ഡീസൽ | 22.76% | 1 രൂപ /ലിറ്റർ | 1% |
| എ.റ്റി.എഫ്. | 25% | 15% (ഓൺ ടാക്സ്) | 1%ഓൺ (ടാക്സ്+അഡീഷണൽ ടാക്സ്) |

വിദേശമദ്യം

| | ഇനം | നികുതി നിരക്ക് |
|---|---|---|
| (1) | (2) | (3) |
| 1 | കസ്റ്റംസ് ഡ്യൂട്ടിക്ക് വിധേയമായി ഇറക്കുമതി ചെയ്യുന്ന ബോട്ടിൽഡ് വൈൻ | 25 % |
| 2 | മേൽ സൂചികയിൽ ഉൾപ്പെടാത്ത വൈൻ | 70% |
| 3 | കസ്റ്റംസ് ഡ്യൂട്ടിക്ക് വിധേയമായി ഇറക്കുമതി ചെയ്യുന്ന വൈൻ ഒഴികെയുള്ള ബോട്ടിൽഡ് വിദേശമദ്യം | 78% |

| (1) | (2) | (3) |
| --- | --- | --- |
| 4 | മേൽസൂചികയിൽ ഉൾപ്പെടാത്ത ബിയർ | 100% |
| 5 | മുകളിൽ പറഞ്ഞിരിക്കുന്ന ഒരു ഗണത്തിലുംപെടാത്ത വിദേശ മദ്യങ്ങൾ<br>• ഒരു കെയ്സിന് പർച്ചേസ് വാല്യൂ 400 രൂപയോ അതിന് മുകളിലോ വരുന്നവ<br>• ഒരു കെയ്സിന് പർച്ചേസ് വാല്യൂ 400 രൂപയിൽ താഴെ മാത്രം വരുന്നവ. | 210%<br>200% |

**ആന്റിപ്രോഫിറ്റിയറിംഗ് കമ്മിറ്റി**

74(3768) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നശേഷം നികുതി നിരക്കിലെ കുറവിനനുസരിച്ച് സാധനങ്ങളുടെ വിലകുറയ്ക്കാൻ തയ്യാറാകാത്ത കമ്പനികൾക്കും വ്യാപാരികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിന് ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) സർക്കാർ നടപടി ആരംഭിച്ച ശേഷം ഇത്തരത്തിലുള്ള പരാതികളിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ ജി.എസ്.ടി. നടപ്പിലാക്കിയതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ ശക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി S.R.O. No.581/2017 തീയതി 25-9-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി. നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് വകുപ്പ് പരിശോധിച്ചിട്ടുണ്ട്.

ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റു ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി.-ക്ക് മുമ്പും ജി.എസ്.ടി. വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റി ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ ഉൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റിപ്രോഫിറ്റിറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്.

22-ാമത് ജി.എസ്.ടി. കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതിനിരക്കിൽ 15-11-2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റിപ്രോഫിറ്റിയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാന ചരക്കു സേവന നികുതിവകുപ്പ് 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ആന്റിപ്രോഫിറ്റിയറിംഗ് നിയമപ്രകാരം പൊതുജനങ്ങളിൽനിന്നും ഇതുവരെയും വ്യക്തമായ തെളിവുകളോടുകൂടിയ പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും ജി.എസ്.ടി. നടപ്പാക്കിയതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ടോയെന്ന വിവരം വകുപ്പ് പരിശോധിക്കുന്നുണ്ട്. വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റിയാണ്.

**അന്തർ സംസ്ഥാന ജി.എസ്.ടി. വിഹിതം**

75(3769) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർ സംസ്ഥാന ജി.എസ്.ടി. ഇനത്തിൽ കേന്ദ്രം കേരളത്തിന് നൽകാനുള്ള വിഹിതം എത്രയെന്ന് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ വിഹിതമായി കേന്ദ്രത്തിൽനിന്നും എല്ലാ മാസാന്ത്യത്തിലും ഇതുവരെ ലഭിച്ച തുക താഴെ പറയുന്നു.

| മാസം | തുക |
|---|---|
| ആഗസ്റ്റ് | 451.74 കോടി |
| സെപ്തംബർ | 763.46 കോടി |
| ഒക്ടോബർ | 822.64 കോടി |
| നവംബർ | 801.36 കോടി |
| ഡിസംബർ | 795.95 കോടി |
| ജനവരി | 826.00 കോടി |
| ഫെബ്രുവരി | 808.82 കോടി |
| മാർച്ച് | 794.11 കോടി |
| ഏപ്രിൽ | 802.07 കോടി |
| മേയ് | 785.97 കോടി |

**വ്യാപാരമേഖലയെ നിയന്ത്രിക്കാനായി സ്വീകരിച്ച നടപടികൾ**

76(3770) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയ സാഹചര്യത്തിൽ വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കാനും വ്യാപാരികൾ ന്യായവിലയ്ക്ക് വിപണം നടത്തുന്നുവെന്നും ഉറപ്പുവരുത്താനും വിപണന ഉല്പന്നങ്ങളുടെ വിലവിവരം കടകളിൽ പ്രദർശിപ്പിക്കുവാനും അമിത വിലക്കയറ്റം സൃഷ്ടിക്കുന്ന വ്യാപാരമേഖലയെ നിയന്ത്രിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായ മേഖല, കൈത്തൊഴിൽ ഉല്പന്നമേഖല, കാർഷിക മേഖലയിലെ ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴവർഗ്ഗശേഖരണം, ചെടികളുടെ വില്പന, മത്സ്യകൃഷിയും മത്സ്യക്കുഞ്ഞുങ്ങളും വിപണനം, ആർട്ടിസാൻസ്/ഹാന്റിക്രാഫ്റ്റ്സ് ഉല്പന്നങ്ങൾ എന്നിവയെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ചെറുകിട കാർഷിക ആർട്ടിസാൻസ് മേഖലയെ സംരക്ഷിക്കാൻ ജി.എസ്.ടി.-യിൽനിന്ന് ഇവയെ ഒഴിവാക്കാനോ കുറഞ്ഞ നികുതി നിരക്ക് ഏർപ്പെടുത്താനോ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമമനുസരിച്ച്, 20 ലക്ഷത്തിനുമുകളിൽ ടേണോവർ ഉള്ളവർ മാത്രം രജിസ്ട്രേഷൻ എടുത്താൽ മതിയാകും. റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയറുകൾ പൂർത്തിയായി വരുന്നതേയുള്ളൂ. നിലവിൽ റിട്ടേണിന്റെ സംക്ഷിപ്തരൂപമായ ജി.എസ്.ടി.ആർ. 3 ബി ആണ് നികുതിയടയ്ക്കുന്നതിനായി ഫയൽ ചെയ്യുന്നത്. നികുതിബാധ്യതയുള്ള വ്യാപാരികളെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യിക്കുന്നതിനും നിരവധി ബോധവത്ക്കരണ പരിപാടികൾ മാസ് മീഡിയ വഴിയും അല്ലാതെയും ചരക്ക് സേവന നികുതിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. സാധനങ്ങളുടെ വില നിയന്ത്രണവും വില പ്രദർശിപ്പിക്കലും സംസ്ഥാന ചരക്കുസേവന നികുതിവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി. നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആനുകൂല്യം കൈമാറാത്ത വ്യാപാരികളുടെ വിവരങ്ങൾ, വകുപ്പ് കേന്ദ്ര ആന്റിപ്രോഫിറ്റിറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റിപ്രോഫിറ്റിറിംഗ് അതോറിറ്റിയാണ്.

(ബി) ചെറുകിട വ്യവസായ മേഖല, കൈത്തൊഴിൽ ഉല്പന്നമേഖല, ആർട്ടിസാൻസ്/ഹാന്റിക്രാഫ്റ്റ്സ് ഉല്പന്നങ്ങൾ എന്നിവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലയിലെ ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴവർഗ്ഗശേഖരണം, ചെടികളുടെ വില്പന, മത്സ്യകൃഷിയും മത്സ്യക്കുഞ്ഞുങ്ങളും വിപണനം എന്നിവ ജി.എസ്.ടി.-യിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 20 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ളവർ മാത്രമേ രജിസ്ട്രേഷൻ പരിധിയിൽ വരുന്നുള്ളൂ. ചെറുകിട ആർട്ടിസാൻസ് മേഖലയെ സംരക്ഷിക്കുന്നതിനായി വാറ്റിൽനിന്നും വ്യത്യസ്തമായി ഒരുകോടി രൂപ വരെ ടേണോവറുള്ള ചെറുകിട നിർമ്മാതാക്കൾക്കും ജി.എസ്.ടി.-യിൽ കോമ്പോസിഷൻ സ്കീം സ്വീകരിക്കാവുന്നതാണ്.

## നികുതി വകുപ്പിലെ ഡ്രൈവർ തസ്തിക

77(3771) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നികുതി വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് വാഹനങ്ങൾ ഉണ്ടെന്നും എത്ര ലൈറ്റ് വെഹിക്കിൾ ഡ്രൈവർ തസ്തിക ഉണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ വകുപ്പിന്റെ കീഴിൽ എത്ര സ്ഥിരം ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും താൽക്കാലിക ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തതെന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഡി) ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന സർക്കാർ ഉത്തരവ് G.O. (MS) No/42/88/P&ARD നിലവിലുള്ള സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് 246 വാഹനങ്ങൾ സ്വന്തമായി ഉണ്ട്. വകുപ്പിൽ 131 ലൈറ്റ് വെഹിക്കിൾ ഡ്രൈവർ സ്ഥിരം തസ്തിക ഉണ്ട്.

(ബി) വകുപ്പിൽ 119 സ്ഥിരം ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും 127 താൽക്കാലിക ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും ജോലി ചെയ്തുവരുന്നു.

(സി&ഡി) വകുപ്പിൽ 145 ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നിരുന്നുവെങ്കിലും അധിക വാർഷിക സാമ്പത്തികബാദ്ധ്യത കണക്കിലെടുത്ത് നിലവിലെ സ്ഥിതി തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് റിപ്പോർട്ട്

78(3772) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും സാങ്കേതിക നവീകരണത്തെക്കുറിച്ചും പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ ആകർഷകമാക്കിയതിന്റെ ഫലമായി ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ടിക്കറ്റുകളിലെ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 23-11-2016-ലെ G.O.(RT) 910/2016/TD നമ്പർ ഉത്തരവനുസരിച്ച് രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഭാഗ്യക്കുറി ടിക്കറ്റുകളിൽ സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടുത്തി ഡിസൈൻ ചെയ്യുന്നതിനായി C-DIT-മായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലാബ് ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സ്ഥാപിച്ചു. കൂടാതെ 6 സുരക്ഷാ സംവിധാനങ്ങൾ ടിക്കറ്റുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി സുരക്ഷാ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

1) Guilloche pattern

2) Relief pattern

3) Opaque text pattern

4) Void pandograph pattern

5) Invert microline

6) Micro letters pattern.

(ബി) 15-5-2017-ലെ സ.ഉ. (ആർ.ടി.)389/17/നി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50 രൂപ മുഖവിലയുണ്ടായിരുന്ന പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില കൂടി 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിക്കുകയും അറ്റാദായത്തിൽനിന്നും 5% കുറവ് വരുത്തി പ്രസ്തുത തുകകൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തിയും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു. എന്നാൽ 1-7-2017 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% ജി.എസ്.ടി. ഏർപ്പെടുത്തിയതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി. ഇതിന്റെ 12% ജി.എസ്.ടി. കൂടി ചേർത്ത് പരമാവധി വില്പനവില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും 50%-ന് മുകളിൽ സമ്മാനത്തുക നല്കിയും 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ വീണ്ടും പരിഷ്കരിച്ചിരുന്നു. ഇതിനെ തുടർന്ന് ലോട്ടറി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവുണ്ടായി. 2016-17 സാമ്പത്തിക വർഷത്തിലെ റവന്യൂകളക്ഷൻ 7394.90 കോടി രൂപയായിരുന്നു. എന്നാൽ 2017-18-ൽ അത് 9034.25 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ പരമാവധി വില്പനവില 30 രൂപയിൽനിന്ന് 40 രൂപയാക്കി (മുഖവില 35.72+12% GST) വർദ്ധിപ്പിച്ചുകൊണ്ടും മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ പരമാവധി വില്പന വില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും ഡിസ്കൗണ്ടിൽ വ്യത്യാസം വരുത്താതെയും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയും 2018 മേയ് മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസത്തെ റവന്യൂകളക്ഷനെ അപേക്ഷിച്ച് മേയ് മാസത്തിൽ 65.41 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

## കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് നടപടി

79(3773) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി നടപ്പിലാക്കിയ പുതിയ സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ചികിത്സാ പദ്ധതിക്കായി എത്ര കോടി രൂപ ചെലവഴിച്ചു;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വൃക്ക സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) കാരുണ്യ പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. കാരുണ്യ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി. നവീകരണം അന്തിമഘട്ടത്തിലാണ്.
2. താൽക്കാലിക അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും ഭാഗ്യക്കുറി വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.
3. വൃക്ക രോഗികൾക്കുള്ള ചികിത്സാ ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.
4. കാരുണ്യ പദ്ധതിക്കുള്ള ബഡ്ജറ്റ് വിഹിതം കഴിഞ്ഞ സാമ്പത്തിക വർഷം 261.32 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം 397.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. സർക്കാർ ആശുപത്രികളിലെ ചികിത്സാ പാക്കേജുകൾ ഏകീകരിക്കുന്നതിനും സ്വകാര്യ ആശുപത്രികളിലെ പാക്കേജ് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായി KBFATS എന്ന സോഫ്റ്റ്‌വെയർ കെൽട്രോൺ നേരത്തെതന്നെ രൂപീകരിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ടി സോഫ്റ്റ്‌വെയർ നവീകരണം അന്തിമഘട്ടത്തിലാണ്. സർക്കാർ ആശുപത്രികൾക്ക് നൽകുന്ന ഫണ്ടിന്റെ വിനിയോഗ വിവരം ആശുപത്രികളിൽതന്നെ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അടിയന്തിര സാഹചര്യത്തിലെ ചികിത്സാ ചെലവ് അനുവദിക്കുന്നതിനുള്ള റീ-ഇംബേഴ്സ്‌മെന്റ് അപേക്ഷകൾ, ഹീമോഫീലിയ ധനസഹായ അപേക്ഷകൾ, അവയവദാതാവിനുള്ള ചികിത്സാ ധനസഹായ അപേക്ഷകൾ എന്നിവ പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-5-2018 വരെ കാരുണ്യ ചികിത്സാ പദ്ധതിക്കായി 657.22 കോടി രൂപ ചെലവഴിച്ചു.

(ഡി) ഉണ്ട്. വൃക്കരോഗികളുടെ ചികിത്സാ ധനസഹായം രണ്ട് ലക്ഷം രൂപയായിരുന്നത് 14-3-2017-ലെ G.O(RT)No. 197/17/TD സർക്കാർ ഉത്തരവു പ്രകാരം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

(ഇ) അർഹതയുള്ള എല്ലാവർക്കും ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്.

**കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനങ്ങൾ**

80(3774) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സാധാരണക്കാരുടെ അത്താണിയായിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ പദ്ധതിയിൽ എത്ര തുക അനുവദിച്ചു;

(സി) സ്വകാര്യ ആശുപത്രികൾക്ക് ഈ പദ്ധതിയിൻകീഴിൽ കുടിശ്ശികയുണ്ടോ; കാരുണ്യ ലോട്ടറിയിൽനിന്നും കോടിക്കണക്കിന് രൂപ ലാഭം ലഭിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികൾക്കുള്ള കുടിശ്ശിക നൽകുന്നതിൽ കാലവിളംബം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടാണ് നടക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 849.03 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിച്ച ക്ലെയിമുകളിൽ 18-6-2018 വരെ 5.83 കോടി രൂപ നൽകാനുണ്ട്. ശരാശരി 3 കോടി രൂപയുടെ ക്ലെയിമുകളാണ് പ്രതിമാസം സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിച്ചുവരുന്നത്. പ്രസ്തുത ക്ലെയിമുകൾ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ച് ട്രഷറിയിൽ ചെക്ക് നൽകുന്നതിനുവേണ്ട സ്വാഭാവിക കാലയളവിൽ ആശുപത്രികളുടെ ചികിത്സാ തുക നൽകുന്നുണ്ട്. നിലവിലുള്ള 5.83 കോടി രൂപയുടെ ക്ലെയിമുകൾ തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രികൾക്ക് തുക വിതരണം ചെയ്തുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ആശുപത്രിക്ക് നൽകാനുള്ള തുക**

81(3775) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ ആശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം

രോഗങ്ങൾക്ക് കാരുണ്യ പദ്ധതി പ്രകാരം ഈ ആശുപത്രികളിൽ നിന്ന് ചികിത്സ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അതുവഴി സർക്കാർ ഈ ആശുപത്രിക്ക് നൽകാനുള്ള തുക എത്രയാണെന്നും മുഴുവൻ തുകയും നൽകി കഴിഞ്ഞോ എന്നും വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എത്ര തുക ബാക്കിയുണ്ടെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ സർക്കാർ ആശുപത്രികളും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്നു. കാസർഗോഡ് ജില്ലയിലെ മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ എന്നീ സ്വകാര്യ ആശുപത്രികളും കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും വൃക്ക രോഗികൾക്കുള്ള ചികിത്സാ ധനസഹായത്തിന്റെ അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരം ചികിത്സാ സഹായം നൽകിയിട്ടുണ്ട്. മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ എന്നീ സ്വകാര്യ ആശുപത്രികളിൽ വൃക്കരോഗ ചികിത്സയ്ക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിലേക്കും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്കും തുകയൊന്നും കുടിശ്ശിക ഇല്ല. കാസർഗോഡ് ജില്ലയിലെ അക്രെഡിറ്റഡ് സ്വകാര്യ ആശുപത്രികൾക്ക് നിലവിൽ നൽകുവാനുള്ള തുക താഴെ പറയുന്നു. മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ (18-6-2018 വരെ) 6,92,250 രൂപ. കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ (18-6-2018 വരെ) 8,65,150 രൂപ.

(ഡി) മാലിക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റലിന് 6,92,250 രൂപയും കെയർവെൽ ഹോസ്പിറ്റൽ & റിസർച്ച് സെന്ററിന് 8,65,150 രൂപയും നൽകുവാനുണ്ട്.

മേൽപ്പറഞ്ഞ തുകയ്ക്കുള്ള ക്ലെയിമുകൾ 2018 മേയ് മാസത്തിലാണ് ലഭിച്ചിട്ടുള്ളത്. ടി ക്ലെയിമുകൾ തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടത്തിലാണ്. നടപടിക്രമം പൂർത്തിയായാലുടൻതന്നെ തുക വിതരണം നടത്തുന്നതാണ്.

## ലോട്ടറി

82(3776) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇതരസംസ്ഥാന ലോട്ടറികൾ പ്രവർത്തിക്കുന്നുണ്ടോ; ഇവയെ നിയന്ത്രിക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ലോട്ടറി വ്യാപാരത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; കണക്കുകൾ സഹിതം വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് ഇപ്പോൾ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നില്ല. നിയമാനുസൃതമല്ലാത്ത ലോട്ടറി നടത്തിപ്പ് നിയന്ത്രിക്കുന്നതിലേയ്ക്കായി സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് വേണ്ടി 2005-ലെ കേരള പേപ്പർ ലോട്ടറീസ് റഗുലേഷൻ റൂൾസിൽ 2018-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 28-4-2018 -ലെ ജി.ഒ. (പി) നമ്പർ 66/2018/റ്റി.ഡി. നമ്പർ ടാക്സസ് (എച്ച്) വകുപ്പിന്റെ മേൽ ഭേദഗതി ഉത്തരവ് പ്രകാരം ലോട്ടറി നടത്തിപ്പ് നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി അതോറിറ്റി, എൻഫോഴ്സ്മെന്റ് ഏജൻസി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ലോട്ടറി വ്യാപാരത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ടുമുൻപത്തെ സാമ്പത്തിക വർഷത്തിൽ (2015-16) വില്ക്കപ്പെട്ട ആകെ ടിക്കറ്റുകളുടെ എണ്ണം 1783117104 ആയിരുന്നത് 2016-17 സാമ്പത്തിക വർഷത്തിൽ 2051973971 ആയും 2017-18 സാമ്പത്തിക വർഷത്തിൽ 3131685373 ആയും വർദ്ധിക്കുകയുണ്ടായി. പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ ലോട്ടറിയിൽ നിന്നുള്ള ലാഭം ചുവടെ ചേർക്കുന്നു:

| Financial year | Profit (crore) |
|---|---|
| 2015-16 | 1461.16 |
| 2016-17 | 1691.05 |
| 2017-18 | 1695.05 (+GST 841.69 crore) |

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

83(3777) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സമാഹരിക്കുന്ന തുക എന്ത് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. പ്രവാസികൾക്ക് നാട്ടിൽ ഒരു സുരക്ഷിത ജീവിതം പ്രദാനം ചെയ്യുന്ന തരത്തിൽ സാമ്പത്തിക സുരക്ഷിതത്വം ഉണ്ടാക്കാനായി കെ.എസ്.എഫ്.ഇ. ചിട്ടികളുടെ സേവനം അവർക്ക് ലഭ്യമാക്കുക. ഓൺലൈൻ ആയി ഈ ചിട്ടികൾ ലഭ്യമാക്കുന്നതുവഴി പ്രവാസരാജ്യത്ത് വസിച്ചുകൊണ്ടുതന്നെ ചിട്ടിയിൽ ചേരാനും മാസത്തവണകൾ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും അവർക്ക് കഴിയും.

2. കിഫ്ബിയും കെ.എസ്.എഫ്.ഇ.-യും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ സംവിധാനത്തിലൂടെ പ്രവാസികളുടെ സമ്പാദ്യം സുരക്ഷിതമാക്കുന്നതിനൊപ്പം അത് സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാനും ഉപയുക്തമാക്കുക.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാകുന്ന ഫ്രീ ഫ്ലോട്ട് തുക കേരള സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്ക്, പ്രത്യേകിച്ചും അടിസ്ഥാന വികസനാവശ്യങ്ങൾക്ക് ഉപയുക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്. മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന പദ്ധതികൾക്ക് ഇതിൽനിന്നും പണം കണ്ടെത്താനാകും.

(സി) പ്രസ്തുത പദ്ധതിയുടെ സോഫ്റ്റ്‌വെയർ പ്രകാശനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-6-2018-ന് നിർവ്വഹിക്കുകയുണ്ടായി. അധികം താമസിയാതെ തന്നെ പൂർണ്ണമായ അർത്ഥത്തിൽ ഈ പദ്ധതി ആരംഭിക്കുന്നതാണ്.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

84(3778) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി തുടങ്ങാൻ കെ.എസ്.എഫ്.ഇ. പ്രവാസികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ. പുറപ്പെടുവിച്ചിട്ടുള്ള വരിയോലയുടെയും മറ്റ് പ്രഖ്യാപനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രവാസി ചിട്ടി തുടങ്ങുമ്പോൾ കെ.എസ്.എഫ്.ഇ. രജിസ്ട്രാറുടെ പേരിൽ അടയ്ക്കേണ്ട സെക്യൂരിറ്റി തുക പ്രവാസികളിൽ നിന്ന് ശേഖരിച്ച ശേഷമാണോ സെക്യൂരിറ്റി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചിട്ടി തുക ഡെപ്പോസിറ്റായി സ്വീകരിക്കുവാൻ കെ.എസ്.എഫ്. ഇ.ക്ക് ആർ.ബി.ഐ. അനുമതി നൽകിയിട്ടുണ്ടോ;

(ഡി) കെ.എസ്.എഫ്.ഇ.-യിൽ നിന്നുള്ള ചിട്ടി തുക കിഫ്ബിയിലേക്ക് നൽകുവാൻ ആർ.ബി.ഐ. അനുമതി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) പ്രവാസി ചിട്ടിയിൽ പ്രവാസരാജ്യത്തിരുന്നുകൊണ്ടുതന്നെ പ്രവാസികൾക്ക് ഓൺലൈൻ വഴി ചേരാൻ കഴിയും. മാത്രമല്ല മാസത്തവണ അടയ്ക്കാനും ലേലത്തിൽ പങ്കുകൊള്ളാനും ഓൺലൈൻ വഴി കഴിയുന്നതാണ്. അതുകൂടാതെ ഈ ചിട്ടിയുടെ ഉപഭോക്താക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, അപകട ഇൻഷ്വറൻസ് പരിരക്ഷ, ആവശ്യമെങ്കിൽ പെൻഷൻ പദ്ധതിയിൽ ചേരാനുള്ള അവസരം എന്നിവയൊക്കെ ഈ ചിട്ടി വഴി ലഭ്യമാകുന്നു. സാധാരണ ചിട്ടികളിൽ ലഭ്യമായ സവിശേഷതകൾക്കു പുറമേയാണ് ഈ ആനുകൂല്യങ്ങൾ എന്നത് ശ്രദ്ധേയമാണ്. വരിയോലയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സെക്യൂരിറ്റി തുക കെട്ടിവച്ചതിനുശേഷം മാത്രമേ ചിട്ടി രജിസ്റ്റർ ചെയ്യാനുള്ള അനുവാദം ലഭിക്കുകയുള്ളൂ എന്ന വ്യവസ്ഥ സി.എഫ്.എ. 1982-ൽ നിക്ഷിപ്തമായതിനാൽ പ്രവാസികളിൽനിന്ന് ശേഖരിക്കുന്നതിനുമുൻപു തന്നെ കെ.എസ്.എഫ്.ഇ. സെക്യൂരിറ്റി തുക കിഫ്ബിയിൽ നിക്ഷേപിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മിസലേനിയസ് നോൺ ബാങ്കിങ് കമ്പനികൾക്കുള്ള മാർഗ്ഗരേഖയനുസരിച്ചാണ് പൊതുവേ കെ.എസ്.എഫ്.ഇ. പ്രവർത്തിക്കുന്നത്.

(ഡി) ചിട്ടിയുടെ റെഗുലേറ്ററായ കേരള ഗവൺമെന്റ് G.O.(Ms) No. 6/2018/Taxes dt. 24-1-2018 എന്ന നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

85(3779) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ. ചെയർമാൻ ഉൾപ്പെടെയുള്ള സംഘം ഗൾഫ് രാജ്യങ്ങളിൽ പര്യടനം നടത്തിയിരുന്നോ; ഏതൊക്കെ രാജ്യങ്ങളിലാണ് പര്യടനം നടത്തിയത്;

(ബി) പ്രസ്തുത സംഘത്തിൽ ആരൊക്കെയാണ് ഉണ്ടായിരുന്നത് ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സംഘത്തിന്റെ യാത്രക്കും ഗൾഫിലെ താമസത്തിനും മറ്റുമായി എത്ര ലക്ഷം രൂപ ചെലവഴിച്ചു;

(ഡി) പ്രവാസി ചിട്ടിയുടെ പരസ്യം ഗൾഫ് രാജ്യങ്ങളിലെ എഫ്. എം. റേഡിയോയിൽ നൽകിയിരുന്നോ; എങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചു;

(ഇ) ഈ ചിട്ടിയിലൂടെ എത്ര കോടി കിഫ്ബിയിലേക്ക് സമാഹരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കിഫ്ബിയുടെയും കെ.എസ്.എഫ്.ഇ.-യുടെയും സി-ഡിറ്റിന്റെയും നോർക്കയുടെയും പ്രതിനിധികൾ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. ദുബായ്, അബുദാബി തുടങ്ങിയ രാജ്യങ്ങളിലാണ് സംഘം പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം സന്ദർശിച്ചത്.

(ബി) വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയ സംഘത്തിന്റെ പട്ടിക

ചുവടെ ചേർക്കുന്നു:

1. അഡ്വ. പീലിപ്പോസ് തോമസ്, ചെയർമാൻ, കെ.എസ്.എഫ്.ഇ.
2. ശ്രീ. എ. പുരുഷോത്തമൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ.
3. അഡ്വ. വി. കെ. പ്രസാദ്, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ.
4. അഡ്വ. റജി സക്കറിയ, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ.
5. ഡോ. പി. വി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ, സി.-ഡിറ്റ്.
6. ശ്രീ. ജോർജ്ജ് തോമസ്.കെ, അഡീഷണൽ സെക്രട്ടറി, കിഫ്ബി.
7. ശ്രീ. ബി. ഗോപാലകൃഷ്ണൻ നായർ, ജനറൽ മാനേജർ, നോർക്ക.
8. ശ്രീ. സുബ്രഹ്മണ്യൻ, ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ.
9. ശ്രീ. സനിൽ, എസ്.കെ, ഡെപ്യൂട്ടി ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ.
10. ശ്രീ. ദീപു ജേക്കബ് തോമസ് , അസിസ്റ്റന്റ് ജനറൽ
11. ശ്രീ. ഹേമന്ദ്. ആർ. എസ്., അസിസ്റ്റന്റ്, കിഫ്ബി.
12. ശ്രീ. ശ്യാം കെ. ബി. കെ.എസ്.ഐ.ഇ. കൺസൾട്ടന്റ്, കിഫ്ബി.
13. ശ്രീ. രതീഷ് വർഗ്ഗീസ്, സോഫ്റ്റ്‌വെയർ ഡെവലപ്പർ, സി-ഡിറ്റ്.

(സി) വിദേശ യാത്രാ ഇനത്തിൽ (പരിപാടി നടത്തിപ്പ്, അംഗങ്ങളുടെ യാത്ര, ഭക്ഷണം, താമസം) എന്നിവ ഉൾപ്പെടെ 59,71,987 രൂപ (അൻപത്തി ഒൻപതു ലക്ഷത്തി എഴുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ് രൂപ മാത്രം) കിഫ്ബിയിൽനിന്നും ചെലവായിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യിൽനിന്നും വിദേശ യാത്ര നടത്തിയവർക്ക് ഡി.എ. നൽകിയ വകയിൽ 84,502 രൂപയും ചെലവായിട്ടുണ്ട്.

(ഡി) പ്രവാസി ചിട്ടിയുടെ പരസ്യം ഗൾഫ് രാജ്യങ്ങളിലെ എഫ്.എം. റേഡിയോയിൽ നൽകിയിരുന്നു. എഫ്.എം. റേഡിയോ വഴിയുള്ള പരസ്യങ്ങൾക്കായി 40,90,249 (നാല്പതു ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി നാല്പത്തിയൊൻപതു രൂപ മാത്രം) കിഫ്ബിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഈ ചിട്ടിയിലൂടെ 10,000 കോടിയോളം രൂപ കിഫ്ബിയിലേയ്ക്ക് സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കാട്ടാക്കടയിൽ കെ.എസ്.എഫ്.ഇ. ഈവനിംഗ് ശാഖ**

86(3780) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പുതിയ ഈവനിംഗ് ശാഖകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) കാട്ടാക്കടയിൽ ഒരു ഈവനിംഗ് ശാഖ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. പുതിയ ഈവനിംഗ് ശാഖകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) കാട്ടാക്കടയിൽ ഒരു ഈവനിംഗ് ബ്രാഞ്ച് തുടങ്ങുന്നത് സംബന്ധിച്ച് സാധ്യതാ പരിശോധന ഇതുവരെ നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് തിരുവനന്തപുരം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരെ പഠനത്തിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി നിയോഗിക്കുന്നതാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**എസ്.എൽ.ഐ. പോളിസി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന നടപടി**

87(3781) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർ വത്കരണ നടപടികളുടെ ഭാഗമായി എസ്.എൽ.ഐ. പോളിസികളുടെ വിവരങ്ങൾ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ മുഖേന സോഫ്റ്റ്‌വെയറിലേക്ക് അപ്ഡേറ്റ് ചെയ്യുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) എത്ര പോളിസികളുടെ വിവരങ്ങൾ ഇങ്ങനെ ലഭ്യമായി എന്ന് അറിയിക്കുമോ;

(സി) ഇനി എത്ര പോളിസികളുടെ വിവരങ്ങളാണ് ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇതിലേക്കായി സമയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇൻഷ്വറൻസ് വകുപ്പ് കമ്പ്യൂട്ടർവത്കരണ നടപടികളുടെ ഭാഗമായി ഡി.ഡി.ഒ.-മാർ മുഖേന എസ്.എൽ.ഐ. പോളിസി വിവരങ്ങൾ സോഫ്റ്റ്‌വെയറിലേയ്ക്ക് അപ്‌ഡേറ്റ് ചെയ്യുന്നതിനുള്ള സമയപരിധി 30-4-2018-ന് അവസാനിച്ചിരുന്നു.

(ബി) 433000 പോളിസികളുടെ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) മൂന്ന് ലക്ഷത്തോളം പോളിസികളുടെ വിവരം കൂടി ലഭ്യമാകാനുണ്ട്. പുതുതായി അനുവദിക്കാനുള്ളതും ഡി.ഡി.ഒ.-മാർക്ക് ഓൺലൈനായി സമർപ്പിക്കാൻ സാധിക്കാത്തതുമായ രണ്ട് ലക്ഷത്തോളം പോളിസികളുമുണ്ട്.

(ഡി) ടി പ്രവർത്തനങ്ങൾക്ക് വീണ്ടും സമയം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന എസ്.എൽ.ഐ. ക്ലെയിമുകൾ**

88(3782) <u>ശ്രീ. റ്റി. വി. രാജേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാലാവധി പൂർത്തിയാക്കിയ നിരവധി അപേക്ഷകൾ ജില്ല ഇൻഷ്വറൻസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും 2018 മേയ് 31 വരെ എത്ര എസ്.എൽ.ഐ. ക്ലെയിമുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ ലഭിച്ച ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും 31-5-2018 വരെയുള്ള എസ്.എൽ.ഐ. ക്ലെയിമുകൾ തീർപ്പാക്കാത്തത് ചുവടെ ചേർക്കുന്നു:

| ജില്ലാ ഇൻഷ്വറൻസ് ആഫീസ് | ക്ലെയിമുകൾ |
|---|---|
| തിരുവനന്തപുരം | 1204 |
| കൊല്ലം | 1008 |
| പത്തനംതിട്ട | 70 |
| ആലപ്പുഴ | 559 |
| കോട്ടയം | 174 |
| എറണാകുളം | 2601 |
| തൃശ്ശൂർ | 1588 |
| പാലക്കാട് | 316 |
| മലപ്പുറം | 899 |
| കോഴിക്കോട് | 3778 |
| വയനാട് | 54 |
| കണ്ണൂർ | 804 |
| കാസർഗോഡ് | 210 |

(സി) ഓരോ ജില്ലയിലെയും ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി വകുപ്പ് ആസ്ഥാന കാര്യാലയത്തിൽനിന്നും ജില്ലകളിൽനിന്നുമായി ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തൃശ്ശൂർ ജില്ലാ ഇൻഷ്വറൻസ് ആഫീസിൽ കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ 11-6-2018-ന് ആരംഭിക്കുകയും ആയത് 20-6-2018-നുള്ളിൽ തീർപ്പാക്കുന്നതുമാണ്. ആറ് മാസത്തിനുള്ളിൽ മുഴുവൻ ജില്ലകളിലെയും കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം

89(3783) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുദ്ര പത്രത്തിന് ക്ഷാമം നേരിടുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നില്ല.

(ബി) ഉണ്ട്. കേരള സ്റ്റാമ്പ് വെണ്ടേഴ്സ് യൂണിയനും കേരള സ്റ്റേറ്റ് വെണ്ടേഴ്സ് അസോസിയേഷനും വ്യക്തികളും ഇതുസംബന്ധിച്ച് പരാതികൾ ഉന്നയിച്ചിട്ടുണ്ട്. മുദ്രപ്പത്രക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽനിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കൂടാതെ 50, 100 രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി/സ്റ്റാമ്പ് ഡിപ്പോകളിൽ പുനർമൂല്യനിർണ്ണയം ചെയ്ത 50 രൂപയുടെയും 100 രൂപയുടെയും നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ സബ്ട്രഷറികൾക്കും വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽനിന്നും എത്തിച്ച മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങൾക്കും റവന്യൂസ്റ്റാമ്പുകൾക്കും ട്രഷറികളിൽ അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

## കയർപിരി സംഘങ്ങളുടെ വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം

90(3784) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കയർ പിരി സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സമൂലമായ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ദുർബലമായ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുവാൻ കഴിയാത്തവയെ നിർത്തൽ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത സംഘങ്ങളുടെ വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഇപ്രകാരം എഴുതിത്തള്ളിയത്;

(ഡി) കയർമേഖലയിൽ മിനിമം കൂലിയും വിലയും ഉറപ്പാക്കി സംഭരണം നടത്തുവാൻ പർച്ചേഴ്സ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലമുണ്ടായ നേട്ടം എന്താണ്;

(ഇ) കയർ കയറ്റുമതിക്കാർക്കും ആഭ്യന്തര വില്പനക്കാർക്കും കയർ ഉല്പന്നങ്ങൾ വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളിയായ ചകിരിയുടെ അഭാവം പരിഹരിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പാക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിന് രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കയർപിരി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തന മൂലധനം ലഭ്യമാക്കുന്ന കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, സംഘം ജീവനക്കാർക്ക് ശമ്പളത്തിന്റെ ഒരു വിഹിതം സർക്കാർ നൽകുന്ന മാനേജീരിയൽ സബ്സിഡി സ്കീം എന്നിവ നടപ്പിലാക്കുന്നു. മുൻകാലങ്ങളിൽ അനുവദിച്ചതും വിനിയോഗിക്കാതെ

കിടക്കുന്നതുമായ ഫണ്ട് പ്രവർത്തന മൂലധനമായും സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക തീർക്കുന്നതിനുമായി വിനിയോഗിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കയർ വ്യവസായ മേഖലയെ ആധുനികവത്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കിവരുന്നു. കയർ സംഭരണം, കയർ വിപണനം എന്നിവയിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ദുർബലമായ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും കൂട്ടിച്ചേർക്കാവുന്നവയെ ചേർത്തും പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. കയർ ഉല്പന്നങ്ങൾ ന്യായമായ വില നൽകി സംഭരണം നടത്തുന്നതിന് സഹായകമാകുന്ന പി.പി.എസ്.എസ്. പദ്ധതി നടപ്പാക്കുന്നു. ടി പദ്ധതി നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കയർ സംഭരണത്തിൽ 25.33 ശതമാനത്തിന്റെയും വിപണനത്തിൽ 60.25 ശതമാനത്തിന്റെയും വർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉല്പന്ന സംഭരണത്തിലും ഗണ്യമായ വർദ്ധനവ് കൈവരിച്ചിട്ടുണ്ട്.

(ഇ) കയർ സഹകരണ സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന കയറും ചെറുകിട ഉൽപ്പാദക സംഘങ്ങളും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങളും യഥാക്രമം കയർഫെഡും കയർ കോർപ്പറേഷനും ന്യായവില നൽകി സംഭരിക്കുന്നു. ഇവ ആഭ്യന്തര വിൽപ്പനക്കാർക്കും കയറ്റുമതിക്കാർക്കും വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തി നൽകുന്നതിനായി പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം നടപ്പാക്കി വരുന്നു.

## കയർ പ്രോജക്ടിന് കീഴിൽ പ്രവർത്തിക്കുന്ന പരമ്പരാഗത സഹകരണ സംഘങ്ങൾ

91(3785) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ പ്രോജക്ടിന് കീഴിൽ പ്രവർത്തിക്കുന്ന പരമ്പരാഗത സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് ലഭിച്ച് കൊണ്ടിരുന്ന ഐ.എസ്.എസ്. (interest subvention scheme) ആനുകൂല്യങ്ങൾ നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എപ്പോൾ നിർത്തലാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം സംഘങ്ങൾ തകർച്ചയിലാവുകയും 100 രൂപ പോലും ദിവസവേതനം തൊഴിലാളിക്ക് ലഭ്യമാകാതെ വന്നതുമായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയർ മേഖലയിൽ കയർ പ്രോജക്ടിന് കീഴിൽ പ്രവർത്തിക്കുന്ന പരമ്പരാഗത സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഉള്ള ആനുകൂല്യങ്ങൾ നിലവിൽ വിതരണം ചെയ്തുവരുന്നുണ്ട്. 2017-18-ൽ 15,07,33,457 രൂപ ഐ.എസ്.എസ്. പദ്ധതിയിലൂടെ സംഘങ്ങളിലെ 28923 തൊഴിലാളികൾക്കും സ്വകാര്യമേഖലയിൽ 424 തൊഴിലാളികൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉത്തരം (എ)- യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കയർ ഉല്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ഫണ്ട്**

92(3786) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങളുടെ പ്രചരണത്തിനും കയർ മേഖലയിലെ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കയർ, ചകിരിനാര്, കയർ ഉല്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ഫണ്ട് നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) കയർ ഭൂവസ്ത്ര വികസനത്തിനായും കയർ ഭൂവസ്ത്രത്തെ ഒരു സ്റ്റാൻഡേർഡ് നിർമ്മാണ ഉല്പന്നമായും മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കയർ ഉല്പന്നങ്ങളുടെ പ്രചരണത്തിനും കയർ മേഖലയിലെ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ

നടപ്പിലാക്കിവരുന്നു:

1. കയറും കയറുല്പന്നങ്ങളുടെയും വില്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
2. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കേരള സംസ്ഥാന കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ/ഉല്പന്നങ്ങൾ എന്നിവയ്ക്ക് ന്യായവില നൽകി സംഭരണം നടത്തുന്നതിന് ഈ പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നുണ്ട്.
4. 2017-ലെ ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ഓളം സ്റ്റാളുകളിലൂടെ കയർ ഉല്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി നടപ്പിലാക്കി.
5. ഉൽസവകാലങ്ങളിൽ താൽക്കാലിക വിൽപ്പനശാലകൾ വഴിയുള്ള വിൽപ്പന നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.
6. കയർ ഉല്പന്നങ്ങളുടെ വിപണി ദേശവ്യാപകമായി വികസിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഒരു കയർ ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തിന് പുറത്ത് കയർഫെഡിനും കേരള സംസ്ഥാന കയർ കോർപ്പറേഷനും ഡിപ്പോകളും വിപണന കേന്ദ്രങ്ങളും ഉണ്ട്. ഇവയ്ക്ക് പുറമേയാണ് നവീന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള ഇത്തരമൊരു കമ്പനി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) കയർ, ചകിരിനാര്, കയർ ഉല്പന്നങ്ങൾ എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് ക്രയവിലസ്ഥിരതാ പദ്ധതി നടപ്പിലാക്കുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനായി 45 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നിവയ്ക്ക് ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) നദി, ജലം, തീരപ്രദേശം എന്നിവയുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ തദ്ദേശഭരണ വകുപ്പിന്റെ സഹായത്തോടെ MGNREGS പദ്ധതികളിൽ കൃഷി, മണ്ണ് ജല സംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ജിയോടെക്സ്റ്റൈൽസ് ഉപയോഗപ്പെടുത്തി വരുന്നു. കയർപിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ആഭ്യന്തര വിനിയോഗത്തിന് ഈ നടപടി വഴി സാധിക്കുന്നതാണ്. ഇതിനായി വിപുലമായ പഠന പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു കഴിഞ്ഞു. കയർ കേരള 2017-ൽ 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്രം വിപണനം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1. മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതിയുടെ ഭാഗമായി, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കയർ ഭൂവസ്ത്ര നിർമ്മാണത്തിനുള്ള "ന്യൂമാറ്റിക് ജിയോ ടെക്സ്റ്റൈൽ ലൂം" എന്ന മെഷീൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

2. നദീതടങ്ങൾ, കുളങ്ങൾ, തോടുകൾ, ജലപാതകൾ എന്നിവയുടെ ചരിവ് തലങ്ങളിലാണ് കയർ ഭൂവസ്ത്രങ്ങൾ വിരിക്കുന്നത്. തീരപ്രദേശങ്ങളിൽ കയർ സീ ബാഗുകൾ തീര സംരക്ഷണത്തിനായി ഉപയോഗിക്കുന്നു.

3. റോഡുകൾ, ചരിഞ്ഞ കൃഷിയിടങ്ങൾ, വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശങ്ങൾ, മണ്ണൊലിപ്പുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലും ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വിവിധ മണ്ണ്/ജല സംരക്ഷണ പ്രവൃത്തികളിലൂടെയാണ് കയർ ഭൂവസ്ത്ര വിതാന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ കയർ ഭൂ വസ്ത്രം വിതരണം ചെയ്യുന്നത് കയർപൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്.

5. തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ ഉത്തരവായിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ 2017-18 സാമ്പത്തിക വർഷം 11.26 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ നേരിട്ട് കയറ്റുമതി ചെയ്തിട്ടുണ്ട്.

## ചകിരി ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

93(3787) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ലഭ്യമാകുന്ന തൊണ്ടിന്റെ എത്ര ശതമാനം ശേഖരിക്കുന്നതിനും സംസ്കരിച്ച് ചകിരിയാക്കുന്നതിനും സാധിക്കുന്നുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊണ്ട് സംഭരണത്തിലും സംസ്കരണത്തിലും നടത്തിയ ഇടപെടൽമൂലം മുൻകാലങ്ങളെക്കാൾ എത്ര മാത്രം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി പൂർണ്ണമായും കയറും കയറുല്പന്നങ്ങളുമാക്കി മാറ്റുന്നതിന് സാധിക്കുന്നുണ്ടോ ;

(ഡി) കയർ വ്യവസായ മേഖലയുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നായ ചകിരിയുടെയും കയറിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും അതിന്റെ നിലവിലെ അവസ്ഥയെന്താണെന്നും വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത മേഖലയിലേയ്ക്ക് വരുന്ന നവസംരംഭകരെ ആകർഷിക്കുന്നതിനും സഹായിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ലഭ്യമാകുന്ന തൊണ്ടിന്റെ 5% മാത്രമേ ചകിരിയാക്കാൻ കഴിയുന്നുള്ളു എന്ന് പഠനങ്ങളിൽനിന്നും മനസ്സിലാക്കുന്നു. ഈ അവസ്ഥ മാറ്റി ചകിരി ഉൽപ്പാദനത്തിൽ വലിയൊരളവിൽ സ്വയംപര്യാപ്തത നേടുകയാണ് സർക്കാരിന്റെ ലക്ഷ്യം.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ടുകൾ വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്.യൂണിറ്റുകളും ചെറുകിട ഡി.എഫ്. മില്ലുകളും സംസ്ഥാനത്ത് സ്ഥാപിച്ചുകൊണ്ട് ചകിരിയാക്കി മാറ്റുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. അടുത്ത മൂന്നുവർഷത്തിനുള്ളിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരിമേഖലയിൽ ഗണ്യമായ അളവിൽ സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) കയറും കയർ ഉൽപ്പന്നങ്ങളുമാക്കി മാറ്റുന്നതിന് കഴിയുന്നുണ്ട്.

(ഡി) നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് തൊണ്ട് ശേഖരണം നടത്തി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 1 ഡി.എഫ്. മെഷീൻ സ്ഥാപിക്കുകയും തദ്ദേശീയമായി ശേഖരിച്ച തൊണ്ടുൾപ്പെടെ ചകിരിയാക്കി മാറ്റുകയും ചെയ്യുന്നു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. വൈക്കം പ്രോജക്ട് പരിധിയിൽ 8000 തൊണ്ട് ദിനംപ്രതി ചകിരിയാക്കാൻ കഴിയുന്ന 7 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ പ്രോജക്ടിന്റെ കീഴിൽ 10 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചതിൽ 3 എണ്ണം പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് പ്രോജക്ടിൽ 6 ഡി.എഫ്. മില്ലുകളും സ്ഥാപിച്ചുകഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000-ഓളം ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർപിരി മേഖല പൂർണ്ണമായി യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഇ) നവസംരംഭകരെ ആകർഷിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി സ്വകാര്യ സംരംഭകർക്ക് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രവർത്തനമൂലധനം ഒഴികെയുള്ള പ്രോജക്ട് കോസ്റ്റിന്റെ 50% തുകയും (പരമാവധി 25 ലക്ഷം രൂപ) കയർപിത്ത് പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി 15 ലക്ഷം രൂപ ഗ്രാന്റായും അനുവദിക്കുന്നതിന് ജി.ഒ.(എം.എസ്.) നമ്പർ 44/2018/ഐഡി. തീയതി 11-6-2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

## കയർ മേഖലയിലെ പ്രതിസന്ധി

94(3788) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തൊണ്ടിന്റെ ലഭ്യതക്കുറവുമൂലം കയർ നിർമ്മാണമേഖല പ്രതിസന്ധിയിലാണെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ ലഭ്യമായ പച്ചതൊണ്ട് കൂടിയ വിലയ്ക്ക് ശേഖരിച്ച് തമിഴ് നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) മൂല്യവർദ്ധിത കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും അവയുടെ വിപണനവും ഉൾപ്പടെ ഈ മേഖലയിലെ തൊഴിലാളികൾക്ക് വരുമാന വർദ്ധനവുണ്ടാകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ സുപ്രധാന പങ്ക് ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ചുകൊണ്ട് മാത്രമേ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയൂ. കയർ സഹകരണ സംഘങ്ങൾ സ്വകാര്യ സംരംഭകർ, നാളികേര ഉൽപ്പാദക സംഘങ്ങൾ എന്നിവർ മുഖാന്തരം ചകിരി മില്ലുകൾ സ്ഥാപിച്ച് ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടിക്ക് തുടക്കംകുറിച്ചുകഴിഞ്ഞു. ഈ സാമ്പത്തിക വർഷം ഈ ദിശയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയും. ചകിരി ഉൽപ്പാദനം ലാഭകരമായ ഒരു ബിസിനസ്സായി മാറുന്നതോടെ നമ്മുടെ നാട്ടിലുണ്ടാകുന്ന തൊണ്ട് നല്ല പങ്ക് ഇവിടെ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. NCDC സഹായത്തോടെ നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതിയിലെ ഒരു സുപ്രധാന ഘടകം ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണമാണ്.

## കയർ തൊഴിലാളികളുടെ കൂലി പരിഷ്കരണം

95(3789) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കയർ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കാൻ നടപടി സ്വീകരിയ്ക്കാമോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) യന്ത്രവത്കരണം വഴി ഉല്പാദനം വർദ്ധിക്കുമ്പോൾ ഉയർന്ന കൂലി നടപ്പാക്കുന്നതിന് തയ്യാറാകുമോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) കയർ തൊഴിലാളികൾക്ക് 300 രൂപ മിനിമം കൂലി ഉറപ്പാക്കുന്നതിനാണ് വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി സർക്കാർ കൂലിയുടെ ഒരു ഭാഗം നൽകുന്നത്. 190 രൂപ കയർ സഹകരണ സംഘം/രജിസ്റ്റേർഡ് സ്വകാര്യ ഉൽപ്പാദകൻ എന്നിവർ നൽകുമ്പോൾ 110 രൂപ സർക്കാർ നൽകും. പരമ്പരാഗത പിരിമേഖലയിൽ ഈ വിധ സംരക്ഷണം ഉറപ്പാക്കുകയും പുതുതായി ഫാക്ടറി അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഉൽപ്പാദനക്ഷമത ഗണ്യമായി ഉയർത്തി വർദ്ധിച്ച വേതനം ലഭ്യമാക്കുക എന്നതുമാണ് സർക്കാർ നയം.

(ബി) യന്ത്രവത്ക്കരണം വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുമ്പോൾ അതിന് ആനുപാതികമായി വരുമാനം വർദ്ധിക്കുന്ന സ്ഥിതി സംജാതമാകുന്നു.

**ചകിരിക്ഷാമം പരിഹരിക്കുന്നതിന് നടപടി**

96(3790) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചകിരിക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(ബി) കയർഫെഡ് വഴി സംസ്ഥാനത്തിനുള്ളിലെ സംഘങ്ങളിൽനിന്നും കയർ സംഭരിക്കുമോ;

(സി) ചകിരി വാങ്ങലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളുടെ നടപടികൾ സുതാര്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും

ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു.

(ബി) കയർഫെഡ് വഴിയാണ് കയർ സംഘങ്ങളിൽനിന്നും കയർ സംഭരിക്കുന്നത്.

(സി) കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡ് മുഖേന കേരളത്തിനകത്തുനിന്നും പുറത്തുനിന്നും ചകിരി വാങ്ങുന്നതിനും ആയതിന്റെ വില നിശ്ചയിക്കുന്നതിനും വേണ്ടി 16-1-2018 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 72/2018/വ്യവ. പ്രകാരം കയർഫെഡ് പ്രസിഡന്റ് ചെയർമാനായും കയർഫെഡ് മാനേജിംഗ് ഡയറക്ടർ കൺവീനറായും ആകെ 11 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കയർഫെഡ് സംസ്ഥാനങ്ങളിൽ നിന്നോ ചകിരിമില്ലുകളിൽ നിന്നോ ചകിരി ഔട്ട്റൈറ്റ് പർച്ചേസ് നടത്തുമ്പോൾ ആയതിന്റെ വില നിശ്ചയിച്ചുനൽകുന്നത് ഫൈബർ പ്രൊക്യൂയർമെന്റ് കമ്മിറ്റിയാണ്. തന്മൂലം ചകിരി വാങ്ങലുമായി ബന്ധപ്പെട്ട കയർ സഹകരണ സംഘങ്ങളുടെ നടപടികൾ സുതാര്യമായിട്ടുണ്ട്.

**വ്യവസായ ശാലകളിലെ മലിനീകരണ തോത്**

97(3791) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. കെ. രാജൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ശാലകളിൽ നിന്നുള്ള മലിനീകരണത്തിന്റെ കാഠിന്യവും തോതും അനുസരിച്ച് വ്യവസായ സ്ഥാപനങ്ങളെ തരംതിരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വ്യവസായങ്ങൾ ഏതേത് വിഭാഗത്തിലാണ് വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ 72 വ്യവസായ ശാലകൾ കൂടി മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വ്യവസായ ശാലകൾ തുടങ്ങുന്നതിന് മുൻപ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് എന്തെല്ലാം അനുമതികളാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കുമോ;

(ഇ) ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജല, വായു മലിനീകരണ സാധ്യത, ഹസാർഡ്സ് വേസ്റ്റ് കൈകാര്യം ചെയ്യൽ എന്നിവയുടെ അടിസ്ഥാനത്തിൽ മലിനീകരണത്തിന്റെ തോത് കണക്കിലെടുത്താണ് വ്യവസായ സ്ഥാപനങ്ങളെ തരംതിരിച്ചിട്ടുള്ളത്.

(ബി&സി) മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വ്യവസായങ്ങൾ/മറ്റ് എസ്റ്റാബ്ലിഷ്മെന്റുകൾ എന്നിവയെ റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ഏറ്റവും മലിനീകരണ സാധ്യത കൂടുതലായുള്ളവ റെഡ്, ഇടത്തരം മലിനീകരണ സാധ്യതയുള്ളവ ഓറഞ്ച്, മലിനീകരണ സാധ്യത കുറഞ്ഞവ ഗ്രീൻ, മലിനീകരണ സാധ്യത വളരെ കുറഞ്ഞവ വൈറ്റ് എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മേൽപ്പറഞ്ഞ റെഡ് (60 തരം സ്ഥാപനങ്ങൾ), ഓറഞ്ച് (83 തരം സ്ഥാപനങ്ങൾ), ഗ്രീൻ (63 തരം സ്ഥാപനങ്ങൾ), വൈറ്റ് (36 തരം സ്ഥാപനങ്ങൾ) ക്യാറ്റഗറികളിൽ തരം തിരിച്ച വ്യവസായ/മറ്റ് സ്ഥാപനങ്ങളുടെ പട്ടിക കൂടാതെ 17-3-2017 തീയതികളിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 72 തരം സ്ഥാപനങ്ങളെയും 5-10-2017 തീയതിയിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 2 തരം സ്ഥാപനങ്ങളെയും 27-3-2018 തീയതിയിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 6 തരം സ്ഥാപനങ്ങളെയും 2-5-2018 തീയതിയിലെ PCB/T4/115/97 നമ്പർ സർക്കുലർ പ്രകാരം 9 തരം സ്ഥാപനങ്ങളെയുംകൂടി മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ട്.

(ഡി) വ്യവസായ ശാലകൾ തുടങ്ങുന്നതിനുമുൻപ് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും ജല, വായു, പരിസ്ഥിതി നിയമങ്ങൾ പ്രകാരം ബാധകമായുള്ള സ്ഥാപനാനുമതി കരസ്ഥമാക്കണം. ബോർഡിൽനിന്ന് ലഭിക്കേണ്ട വിവിധ നിയമങ്ങൾ, ചട്ടങ്ങൾ പ്രകാരമുള്ള അനുമതികൾ എന്നിവ സ്ഥാപനങ്ങളുടെ സൗകര്യാർത്ഥം ഏകീകരിച്ച് ഏകീകൃത അനുമതിയാണ് നൽകിവരുന്നത്.

(ഇ) വ്യവസായങ്ങൾ/മറ്റ് മലിനീകരണ സാധ്യതയുള്ള സ്ഥാപനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് പൊതുവായ ദൂരപരിധി മാനദണ്ഡങ്ങൾ

9-8-2004 തീയതിയിലെ സർക്കുലർ പ്രകാരം ബോർഡിൽനിന്നും നിഷ്കർച്ചിച്ചുവരുന്നു. ഇതുകൂടാതെ ചില പ്രത്യേകതരം വ്യവസായങ്ങൾക്ക് (സ്റ്റോൺ ക്രഷർ, പിഗ് ഫാം, ലാറ്ററൈറ്റ് ക്വാറി, പ്ലൈവുഡ് സാമിൽ ഹോട്ട് മിക്സ് പ്ലാന്റ് മുതലായവ) പ്രത്യേക ദൂര പരിധി നിഷ്കർഷിക്കാറുണ്ട്. സ്ഥാപനാനുമതി നൽകുമ്പോൾ ദൂരപരിധി മാനദണ്ഡം പാലിക്കാറുണ്ടോ എന്ന് പരിശോധിക്കുന്നു. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുണ്ടാകാവുന്ന ജല, വായു, മണ്ണ് മലിനീകരണ സാധ്യതകൾ കണക്കിലെടുത്ത് ആവശ്യമായ മലിനീകരണ നിയന്ത്രണ ഉപാധികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് പരിശോധിച്ച് ആവശ്യമെങ്കിൽ അധിക സംവിധാനം നിഷ്കർഷിക്കാറുണ്ട്. അപേക്ഷയോടൊപ്പം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഫീസും സമർപ്പിക്കേണ്ടതാണ്. നിലവിൽ ബോർഡ് ഓൺലൈനായി അനുമതി പരിഗണിച്ചുവരുന്നു.

**കെൽട്രോൺ ജീവനക്കാരുടെ വേജ് റിവിഷൻ**

98(3792) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ ജീവനക്കാരുടെ വേജ് റിവിഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച G.O.(എം.എസ്) നമ്പർ 105/17/ID തീയതി 28-10-2017 പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് കുടിശിക നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിനെതിരെ എന്തെങ്കിലും കേസ് നിലിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയത്തിൽ അതിന് വിരുദ്ധമായി എന്തെങ്കിലും നിർദ്ദേശങ്ങൾ ജി.എം.(എച്ച്. ആർ.) ഇ-മെയിൽ സന്ദേശം മുഖേന നിൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) കെൽട്രോൺ ജീവനക്കാരുടെ വേജ് റിവിഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെ W.P(C) 38497/17-ാം നമ്പരായി കേസ് ഫയൽ ചെയ്ത ജീവനക്കാർ ഒഴികെ ബാക്കി എല്ലാ ജീവനക്കാർക്കും ശമ്പള പരിഷ്കരണം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കുടിശ്ശിക നൽകിയിട്ടില്ല.

(സി) ഇല്ല.

## പ്രവാസികൾക്കായി വ്യവസായ സംരംഭങ്ങൾ

99(3793) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും മടങ്ങിയെത്തുന്ന തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രത്യേക പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ലെങ്കിൽ ലോക കേരള സഭയിലെ ഏതെങ്കിലും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുവാൻ എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) വിദേശത്തുനിന്നും മടങ്ങിയെത്തുന്ന തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പിൽ നിലവിലില്ല. വകുപ്പ് നടത്തുന്ന വിവിധ സംരംഭകത്വ സഹായ പദ്ധതികൾ വഴി നൽകുന്ന ആനുകൂല്യങ്ങൾ വിദേശത്തുനിന്നും മടങ്ങിയെത്തുന്ന തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്കും ലഭ്യമാണ്.

(ബി) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ നാട്ടിൽ തിരികെയെത്തുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ ഫലപ്രദമാകണമെന്ന് നിർദ്ദേശം ഉയർന്നുവന്നിരുന്നു. പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനും നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണത്തിലേയ്ക്കുമായി 23-4-2018-ലെ ജി.ഒ. (ആർ.ടി) നമ്പർ 290/2018/നോർക്ക നമ്പർ ഉത്തരവ് പ്രകാരം ഡോ. ആസാദ് മൂപ്പൻ ചെയർമാനായി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട നിക്ഷേപം സമാഹരിച്ച് പ്രവാസികൾ മടങ്ങിയെത്തുമ്പോൾ അവർക്ക് തൊഴിൽസാദ്ധ്യത ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് കുടുംബശ്രീ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നീ വിജയിച്ച മാതൃകകൾ പിന്തുടർന്ന് സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചകൾ പുരോഗമിക്കുന്നുണ്ട്.

## കെയർ കേരളം കമ്പനി ഏറ്റെടുക്കാൻ നടപടി

100(3794) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചുവരുന്ന 'കെയർ കേരളം' കമ്പനി സാമ്പത്തിക പ്രതിസന്ധിമൂലം മുന്നോട്ടുപോകാൻ കഴിയാത്തവിധം ബുദ്ധിമുട്ടിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനി തുടർന്നും പ്രവർത്തിക്കുന്നതിനും പൊതുമേഖലയിൽ ഉൾപ്പെടുത്തി സർക്കാർ ഏറ്റെടുക്കുന്നതിനുമടക്കമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ആരോഗ്യ മേഖലയിൽ ഉൾപ്പെടുന്ന പ്രധാന സ്ഥാപനങ്ങളിൽ ഒന്നായ പ്രസ്തുത കമ്പനിയെ ഏറ്റെടുക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രസ്തുത സംരംഭത്തിന്റെ പ്രവർത്തനം എങ്ങനെ മുന്നോട്ട് കൊണ്ടുപോകും എന്നതു സംബന്ധിച്ച് ചർച്ചകൾ നടത്തിവരുന്നു.

## വ്യാവസായിക വികസനം വഴി തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

101(3795) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക വികസനം സാധ്യമാക്കാനും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കാനും എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പൊതു-സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) പൊതു-സ്വകാര്യ നിക്ഷേപങ്ങളിലൂടെയുള്ള വ്യാവസായിക വികസനം വഴി സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിലൂടെ സർക്കാർ കണക്കാക്കുന്ന തൊഴിൽ സാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാവസായിക വളർച്ച കൈവരിക്കുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്.

വ്യവസായ വികസനം സാധ്യമാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്.
- സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്‌മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.
- സ്ത്രീകൾ, എസ്.സി./എസ്.ടി., അംഗപരിമിതർ എന്നീ വിഭാഗത്തിൽപ്പെട്ട വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ.&ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആഷ പദ്ധതി.
- സംരംഭകത്വ വികസന ക്ലബ്ബുകളുടെ രൂപീകരണം.
- ഇവ കൂടാതെ കേരളത്തിൽ ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്,

സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ചെറുകിട-സൂക്ഷ്മ-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നവിപണന മേളകൾ, മെഷിനറി പ്രദർശനം തുടങ്ങിയവയും നടത്തിവരുന്നു.

- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.

(ബി-ഡി) വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി പൊതു-സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് സർക്കാർ അവലംബിക്കുന്നത്. പൊതുമേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതും സംരംഭങ്ങൾ ആരംഭിക്കുന്നതും സർക്കാർതലത്തിലെ നയ രൂപീകരണത്തിന്റെ ഭാഗമായിട്ടാണ്. പ്രത്യേകിച്ചും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. അടിസ്ഥാന പശ്ചാത്തല വികസനത്തിനായി പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻകെൽ പോലുള്ള സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

## സ്റ്റാർട്ടപ് സംരംഭങ്ങളുടെ വളർച്ച

102(3796) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്;

(ബി) സ്കൂൾ ശാസ്ത്രമേളകളിലും മറ്റും ശ്രദ്ധ നേടുന്ന പുതിയ പ്രവർത്തന മാതൃകകളും ആശയങ്ങളും പ്രായോഗികതലത്തിൽ എത്തിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ് സംരംഭങ്ങൾ തുടങ്ങുന്നതിനായി മുന്നോട്ട് വരുന്നവർക്ക് വ്യവസായ വാണിജ്യ വകുപ്പ് താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നു.

- സംരംഭകന്റെ പ്രായോഗിക പരിജ്ഞാനവും അനുഭവസമ്പത്തും അഭിരുചിയും കണക്കിലെടുത്ത് എന്ത് പ്രോജക്ട് തുടങ്ങിയാലാണ് അദ്ദേഹത്തിന് വിജയിക്കുവാൻ കഴിയുക എന്ന കാര്യത്തിൽ ഉപദേശം നൽകുന്നു.
- പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ശിപാർശ ചെയ്യുന്നു.
- ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സംരംഭകന് വേണ്ടി hand holding service നൽകുന്നു.
- വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുന്നു.
- ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടർ, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് എന്നിവ മുഖാന്തരം സഹായം നൽകുന്നു.
- ബിസിനസ് ഇൻക്യൂബേഷൻ സെന്റർ വഴി സംരംഭകന് സമഗ്രമായ അറിവും മറ്റ് സഹായങ്ങളും പ്രദാനം ചെയ്യുന്നു.
- സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും സ്ഥലം നൽകുന്നു.
- ജില്ലാതല മിനി വ്യവസായ സഹകരണ സംഘങ്ങൾ മുഖേന മിനി വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡ്ഡുകൾ പണിതുനൽകുന്നു.
- വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്കായി ഷെഡ്ഡുകൾ പണിതു നൽകുന്നു.
- സംരംഭക സഹായ പദ്ധതി പ്രകാരമുള്ള സബ്സിഡി ആനുകൂല്യങ്ങൾ അർഹരായ സംരംഭകർക്ക് നൽകുന്നു.
- കേരളത്തിന്റെ പ്രത്യേകതകൾ, ലോക സാഹചര്യങ്ങളും ഇന്ത്യൻ സാഹചര്യങ്ങളും പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ അവസ്ഥ, പുതിയ സാങ്കേതികവിദ്യ, മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സംരംഭകന് അറിവ് പകർന്നു നൽകുന്നതിനും സെമിനാറുകൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകത്വ വികസന പരിപാടികൾ തുടങ്ങിയവ നടത്തുന്നു.

മികച്ച കേരള സ്റ്റാർട്ടപ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി വിവിധ ഘടകങ്ങളടങ്ങിയ യുവസംരംഭകത്വ വികസനപദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തികവർഷം ഈ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവസംരംഭകത്വ വികസന പദ്ധതിക്കായി 70 കോടി രൂപയും ടെക്നോളജി ഇന്നവേഷൻ സോണിന്റെ ഭാഗമായി ഇൻക്യുബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ വികസന നിധിക്കായി 10 കോടി രൂപയും നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന സ്റ്റാർട്ടപ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി കെ.എസ്.ഐ.ഡി.സി. മുഖേന എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ മൂന്നോളം ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നൂതനമായ ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രാഥമിക മൂലധന സഹായമായി പദ്ധതി നടത്തിപ്പിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപവരെയോ നൽകിവരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 11-ഓളം കലാലയങ്ങളിൽ ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സഹായം സ്വീകരിച്ചിരിക്കുന്ന സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റു ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

(ബി) സ്കൂൾ ശാസ്ത്ര മേളകളിലും മറ്റും ശ്രദ്ധ നേടുന്ന പുതിയ പ്രവർത്തന മാതൃകകളോ ആശയങ്ങളോ ഉള്ള സംരംഭകർ വ്യവസായ വകുപ്പിനെ സമീപിക്കുകയാണെങ്കിൽ അവർക്കാവശ്യമായ സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വ്യവസായ വകുപ്പ് ചെയ്തുകൊടുക്കുന്നു.

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം**

103(3797) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളെ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ശ്രമിക്കുമ്പോൾ അതിൽ ഇടപെടുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫാക്ടറി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായോ; എത്ര കോടി രൂപയുടെ ബാധ്യതയാണ് സർക്കാരിന് ഇതിലൂടെ ഉണ്ടാകുന്നത്;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് 2007 മുതൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്കരണത്തിലെ കുടിശ്ശിക കേന്ദ്രസർക്കാർ നൽകുന്നതിന് തയ്യാറായിട്ടുള്ളതായി അറിവുണ്ടോ; കുടിശ്ശിക നൽകുന്നില്ലെങ്കിൽ പ്രസ്തുത ബാധ്യതകൂടി സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടോയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടുപോകുന്നതിനും ഇടയാകും.

ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംബന്ധിച്ച നടപടികളിൽനിന്ന് പിന്മാറുന്നതിനായി നിരവധി കത്തുകളിലൂടെ അഭ്യർത്ഥിച്ചതുകൂടാതെ എച്ച്.എൻ.എൽ. പോലെയുള്ള സ്ഥാപനങ്ങൾ വിറ്റഴിക്കരുതെന്നാവശ്യപ്പെട്ട് കേരള നിയമസഭ ഐക്യപ്രമേയം പാസ്സാക്കിയിട്ടുണ്ട്. കൂടാതെ സർവ്വകക്ഷിയോഗം വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാരിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതിയിൽനിന്ന് ഇവ ഏറ്റെടുക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിച്ചുവരുന്നു. അതിന്റെ ഭാഗമായി പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളും സർക്കാർ ആവിഷ്കരിച്ചുവരുന്നു. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽനിന്നും വിഭജിച്ചുകൊണ്ട് ഖനവ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽതന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകണമെന്ന് കേരള നിയമസഭ 2017 മാർച്ച് 13-ാം തീയതി ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ HNL-നെ വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായി Expression of interest (EoL) ക്ഷണിച്ചിരിക്കുകയും പ്രസ്തുത പൊതുലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 14-6-2018-ൽ ഈ സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാനം തയ്യാറാണ് എന്ന് കാണിച്ച് കേന്ദ്ര ഖനവ്യവസായ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

(സി&ഡി) ഈ യൂണിറ്റിന് 53.02 കോടി ആസ്തിയോടുകൂടി 1-6-2018 മുതൽ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ജീവനക്കാരുടെ വേതനം, കുടിശ്ശിക തുടങ്ങിയവ സംബന്ധിച്ച് തൊഴിലാളികളും ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും തമ്മിൽ കോടതിയിൽ നിലനിൽക്കുന്നതും ഇതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകുന്നതുമായ എല്ലാ വ്യവഹാരങ്ങളിലേയും വിധികളുടെ അടിസ്ഥാനത്തിൽ ഈ കാര്യം അവർക്കിടയിൽ തന്നെ പരിഹരിക്കപ്പെടുമെന്നാണ് ധാരണ ആയിട്ടുള്ളത്.

## ചവറയിൽ വ്യവസായ കോംപ്ലക്സ്

104(3798) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ ധാതുമണൽ ഉപയോഗപ്പെടുത്തി ടൈറ്റാനിയം മെറ്റൽ വരെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 11-1-2017 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം റിയാബ് ചെയർമാൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി നിയോഗിച്ച ക്രിസിൽ എന്ന സ്ഥാപനം നടത്തിയ മാർക്കറ്റ് പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ടൈറ്റാനിയം മിൽ പ്രോഡക്ട്സ്, സിർക്കോണിയം കാർബണേറ്റ്, പേർളിസെന്റ് പിഗ്മെന്റ് (Pearlescent pigment) എന്നിവ കരിമണലിൽനിന്നും ഉത്പാദിപ്പിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. കൂടാതെ, പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരുടെ നിയമനത്തിൽ സംവരണം

105(3799) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരുടെ നിയമനം സംവരണതത്വം പാലിച്ചാണോ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) സംവരണതത്വം പാലിച്ചിട്ടില്ല എങ്കിൽ ഇനിയുള്ള നിയമനങ്ങളിലെങ്കിലും സംവരണതത്വം പാലിച്ചു കൊണ്ട് നിയമനം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കമ്പനികളിൽ മാനേജിംഗ് ഡയറക്ടറുടെ ഒരു തസ്തിക മാത്രമുള്ളതിനാൽ സുപ്രീംകോടതിയുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സംവരണം ബാധകമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് സ.ഉ (കൈ) നമ്പർ 100/2006/വ്യവ. തീയതി 7-10-2006 (പോയിന്റ് നമ്പർ 5) അനുസരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്ക്**

106(3800) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് നഷ്ടത്തിലായിരുന്ന ഓരോ പൊതുമേഖല സ്ഥാപനങ്ങളുടെയും നഷ്ടം എത്രയായിരുന്നു; വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിൽ ആയ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും കൈവരിച്ച ലാഭമെത്ര; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് നഷ്ടത്തിലായിരുന്ന വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. +

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017-18 സാമ്പത്തികവർഷം വ്യവസായ വകുപ്പിന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് മറ്റ് വകുപ്പുകളുടെ സഹകരണം

107(3801) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ വികസനത്തിനും വളർച്ചയ്ക്കും ആവശ്യമായ രീതിയിൽ മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കിക്കൊണ്ട് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര പൊതുമേഖല സ്ഥാപനങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞു;

(സി) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽനിന്ന് മീറ്ററുകൾ വാങ്ങുന്നതിന് കെ.എസ്.ഇ.ബി. -യുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; സ്മാർട്ട് മീറ്റർ ഉണ്ടാക്കുന്നതിനുള്ള ഓർഡർ പ്രസ്തുത മീറ്റർ കമ്പനിക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള ട്രാക്കോ, കെൽ, ടെൽക്ക്, യു.ഇ.ഐ.എൽ., കെൽട്രോൺ, കെ.എസ്.ഡി.പി., സിഡ്കോ, എഫ്.ഐ.റ്റി. സെയിൽ എസ്.സി.എൽ., കെൽപാം മുതലായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളും സേവനങ്ങളും മറ്റ് വകുപ്പുകളിലും വിനിയോഗിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽനിന്ന് മീറ്ററുകൾ വാങ്ങുന്നതിന് കെ.എസ്.ഇ.ബി. -യുമായി ധാരണ ഉണ്ടാക്കിയിട്ടില്ല. സ്മാർട്ട് മീറ്റർ ഉണ്ടാക്കുന്നതിനുള്ള ഓർഡറുകൾ മീറ്റർ കമ്പനിക്ക് ലഭിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ

108(3802) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവയ്ക്കായി എത്ര രൂപയുടെ സാമ്പത്തിക സഹായം പലിശ സബ്സിഡി ഉൾപ്പെടെ സർക്കാർ നൽകിയിട്ടുണ്ടെന്നും സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ, പൊതുമേഖലയിൽ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് എന്നീ രണ്ട് സ്ഥാപനങ്ങളും സ്വകാര്യ മേഖലയിൽ ഏതാണ്ട് നാലായിരത്തോളം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 667 ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ സംരംഭങ്ങൾക്കും നൽകിയ സാമ്പത്തിക സഹായം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

## ഓട്ടോകാസ്റ്റിലെ പെൻഷൻ ആനുകൂല്യം

109(3803) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനമായ ഓട്ടോകാസ്റ്റിൽനിന്നും പെൻഷൻ പറ്റിയ തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്രപേർക്കാണ് പെൻഷൻ ആനുകൂല്യം കൊടുക്കേണ്ടത്; അതിന് വേണ്ടി എത്ര കോടി രൂപ വേണ്ടിവരും;

(സി) പെൻഷൻ ആനുകൂല്യം തൊഴിലാളികൾക്ക് നൽകാത്തതിന്റെ കാരണമെന്താണ്;

(ഡി) പെൻഷൻ ആനുകൂല്യം അടിയന്തരമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കമ്പനിയിൽനിന്നും 2017 മുതൽ വിരമിച്ച ജീവനക്കാർക്ക് (23 പേർ) ഗ്രാറ്റുവിറ്റി തുകയായി ഏകദേശം 1.17 കോടി രൂപയും 1997 മുതൽ നാളിതുവരെ പലപ്പോഴായി വിരമിച്ച ജീവനക്കാരുടെ (171 പേർ) ആർജ്ജിതാവധി തുക, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക, ഗ്രാറ്റുവിറ്റി അരിയർ തുക, എൽ.റ്റി.എ/ പേ- റിവിഷൻ അരിയർ തുക, ഡി.എ. അരിയർ എന്നിവ ഉൾപ്പെടെ ഏകദേശം 2.33 കോടി രൂപയും പെൻഷൻ ആനുകൂല്യമായി നൽകുവാനുണ്ട്.

(സി) ഓട്ടോകാസ്റ്റ് ഒരു പീഡിതവ്യവസായ സ്ഥാപനമായതിനാൽ ഉൽപ്പാദന ലക്ഷ്യം കൈവരിക്കുവാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വളരെ ബുദ്ധിമുട്ടിയാണ് നൽകിവരുന്നത്. നിലവിലുള്ള ഈ സാമ്പത്തിക പരാധീനതമൂലമാണ് സർവ്വീസിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിന് കമ്പനിക്ക് സാധിക്കാതെ വരുന്നത്.

(ഡി) കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്.

**പരമ്പരാഗത വ്യവസായമേഖലയുടെ ഉന്നമനം**

110(3804) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനവും ജി.എസ്.ടി.യും പരമ്പരാഗത വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സാമ്പത്തിക മാന്ദ്യംമൂലം പ്രതിസന്ധിയിലായ ഈ മേഖലയുടെ ഉന്നമനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നോട്ടുനിരോധനവും ജി.എസ്.ടി.-യും സാമ്പത്തിക മേഖലകളിൽ സൃഷ്ടിച്ച ആഘാതം പരമ്പരാഗത മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ വിലയിലും കൈത്തറി ഉൽപ്പന്നങ്ങളുടെ വിലയിലും ഉണ്ടായ വ്യതിയാനം ഈ മേഖലയുടെ പ്രവർത്തനങ്ങളിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പാക്കിയ ശേഷം ഹാൻവീവിന്റേയും ഹാന്റെക്സിന്റേയും വിൽപ്പന കുറഞ്ഞതായും കാണുന്നു. കരകൗശല ഉൽപ്പന്നങ്ങളുടെ മേൽ ജി.എസ്.ടി ഏർപ്പെടുത്തിയത് ഈ മേഖലയിൽ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. നേരത്തെ 5% മാത്രം നികുതി നിരക്കായിരുന്ന വിവിധ കരകൗശല ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. പ്രകാരം 28% വരെ നികുതി നൽകേണ്ടിവരുന്നു. ഇരുപത് ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ബാധകമല്ലാത്തതിനാൽ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന ചെറിയ യൂണിറ്റുകളെ ജി.എസ്.ടി. ബാധിക്കുന്നില്ല. എന്നാൽ ഈ മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങളായ കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി എന്നിവ ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന കരകൗശല തൊഴിലാളികളെ ഇത് പരോക്ഷമായി ബാധിക്കുന്നുണ്ട്. ഇത് വിൽപ്പനയേയും ലാഭക്ഷമതയേയും സാരമായി ബാധിച്ചിട്ടുണ്ട്. നോട്ടുനിരോധനവും ജി.എസ്.ടി.-യും പരമ്പരാഗത കശുവണ്ടി മേഖലയേയും സാരമായി ബാധിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ വില വർദ്ധനവും ഇറക്കുമതി ചുങ്കവും ഈ മേഖലയെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും ഈ മേഖലയുടെ ഉന്നമനത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4000 നെയ്ത്തുതൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയിലൂടെ ഇവർക്ക് ഒരു സ്ഥിര വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്.

കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും അപെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി, കരകൗശര ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ദ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി, കരകൗശര മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു. മുള കൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പനമ്പ്നെയ്ത്ത് തൊഴിലാളികൾക്ക് നൽകുന്ന പനമ്പിന്റെ വില വർദ്ധിപ്പിക്കുകയും പനമ്പ് നെയ്ത്തുതൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹ്യ യന്ത്രവൽകൃത പനമ്പ്നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത , ഉല്പാദന ഇൻസെന്റീവ് മുതലായവ ഏർപ്പെടുത്തൽ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമേയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ക്രീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർ മേഖലയിൽ കയർ ഭ്രവസ്തു വികസന പരിപാടി, കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, മാനേജീരിയൽ സബ്സിഡി, എൻ.സി.ഡി.സി പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം, കയറും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉല്പാദനവും പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി, കയർ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

## സ്റ്റാർട്ട്- അപ്പുകൾക്കായുള്ള സംവിധാനങ്ങൾ

111(3805) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട്-അപ്പുകൾക്കായുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുമോ ;

(ബി) സ്റ്റാർട്ട് -അപ്പുകൾക്കായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്റ്റാർട്ട്-അപ്പുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ഇതിൽ എത്രയെണ്ണം സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നുണ്ട്;

(ഡി) ഇവയെ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) സാങ്കേതിക സ്റ്റാർട്ട്-അപ് സംബന്ധിച്ച വിഷയങ്ങൾ കേരള സ്റ്റാർട്ട്-അപ് മിഷൻ കൈകാര്യം ചെയ്തുവരുന്നു. പ്രസ്തുത സ്റ്റാർട്ട്-അപ്പുൾക്കായുള്ള സംവിധാനങ്ങൾ തുടർച്ചയായി വിപുലീകരിച്ചുവരികയാണ്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട്-അപ്പുകൾക്കായുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) മികച്ച കേരള സ്റ്റാർട്ട്-അപ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി വിവിധ ഘടകങ്ങളടങ്ങിയ യുവസംരംഭകത്വ വികസനപദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവസംരംഭകത്വ വികസന പദ്ധതിക്കായി 70 കോടി രൂപയും ടെക്നോളജി ഇന്നവേഷൻ സോണിന്റെ ഭാഗമായി ഇൻക്യൂബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ വികസന നിധിക്കായി 10 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന സ്റ്റാർട്ട്-അപ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി കെ.എസ്.ഐ.ഡി.സി. മുഖേന എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ മൂന്നോളം ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നൂതനമായ ആശയങ്ങളുമായി വരുന്ന യുവസംരംഭങ്ങൾക്ക് പ്രാഥമിക മൂലധന സഹായമായി പദ്ധതി നടത്തിപ്പിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപ വരെയോ നൽകിവരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 11-ഓളം കലാലയങ്ങളിൽ ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. എൻ.ഐ.ടി. കാലിക്കറ്റ് & റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിലും കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കെ.എസ്.ഐ.ഡി.സി.-യുടെ സഹായം സ്വീകരിച്ചിരിക്കുന്ന സ്റ്റാർട്ട്-അപ് സംരംഭങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റു ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റാർട്ട്-അപ് മിഷന്റെ സൈറ്റിൽ 279 സ്റ്റാർട്ട്-അപ്പുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. വഴി 54-ഓളം യുവസംരംഭങ്ങൾക്ക് പ്രാഥമിക മൂലധനസഹായവും 35-ഓളം സംരംഭങ്ങൾക്ക് ഇൻക്യൂബേഷൻ സൗകര്യവും നൽകിയിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങളിൽ 15-ഓളം സംരംഭങ്ങൾ സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) കേരള സ്റ്റാർട്ട്-അപ് മിഷനിലൂടെ ഇൻക്യുബേഷൻ ലഭിക്കുന്നതും മറ്റുതരത്തിൽ സഹായത്തിനായി കേരള സ്റ്റാർട്ട്-അപ് മിഷനെ സമീപിക്കുന്നതുമായ എല്ലാ സ്റ്റാർട്ട്- അപ്പുകളേയും കേരള സ്റ്റാർട്ട്-അപ് മിഷൻ മോണിറ്റർ ചെയ്തുവരുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ സ്റ്റാർട്ട്-അപ് സംരംഭങ്ങളെ മോണിറ്റർ ചെയ്യുകയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിനുശേഷം വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്തുവരുന്നു.

## റബ്ബർ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് സിയാൽ മോഡൽ കമ്പനി

112(3806) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങൾ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി റബ്ബർ വ്യവസായം പരിപോഷിപ്പിക്കുന്നതിനും കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറ്റു ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു അവലോകന യോഗം 2018 ജൂൺ 7-ാം തീയതി വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റബ്ബർ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ആദ്യപടിയായി ജൂലൈ മാസത്തോടെ ഒരു സിയാൽ മോഡൽ കമ്പനി രൂപീകരിക്കുവാൻ ധാരണയായി. സിയാൽ മോഡൽ കമ്പനിയുടെ രൂപീകരണത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ടിനും ഉൽപ്പന്ന ശ്രേണിയുടെ പഠനത്തിനും മറ്റ് അനുബന്ധ പഠനങ്ങൾക്കും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതും പരിഗണനയിലാണ്. ആയതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലത്ത് വ്യവസായങ്ങൾ

113(3807) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലം ഉപയോഗപ്പെടുത്തി അവർക്ക് കൂടി പങ്കാളിത്തമുള്ള പി.പി.പി. മോഡൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ വ്യവസായ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഏക്കർ സ്ഥലമുണ്ടെന്നാണ് വ്യവസായ വകുപ്പിന് അറിവുള്ളത് ;

(സി) പ്രസ്തുത സ്ഥലത്ത് ഏതൊക്കെ തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലം ഉപയോഗപ്പെടുത്തി അവർക്കുകൂടി പങ്കാളിത്തമുള്ള പി.പി.പി. മോഡൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 200 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. വ്യവസായാവശ്യത്തിന് ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന 106.31 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന ഭൂമിയിൽ അവരുടെ പങ്കാളിത്തത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആഭ്യന്തര റോഡുകളുടെ നിർമ്മാണം, പൊതുസൗകര്യ കേന്ദ്രങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ പ്രസ്തുത ഭൂമിയിൽ ഏർപ്പെടുത്തി അർഹരായ സംരംഭകർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**എം.എസ്.എം.ഇ. മേഖലയിലെ സംരംഭകരുടെ സംരക്ഷണം**

114(3808) <u>ശ്രീ. എ. പ്രദീപ്കുമാർ :</u>
<u>ശ്രീ. എം. രാജഗോപാലൻ :</u>
<u>ശ്രീ. എ. എം. ആരിഫ് :</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ചയിലായിരുന്ന കേരളത്തിലെ വ്യവസായ മേഖലയിൽ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) എം. എസ്. എം. ഇ. മേഖലയുടെ സമഗ്ര വികസനത്തിന് ഈ സർക്കാർ പ്രാവർത്തികമാക്കിയ വ്യവസായ ജാലകം പദ്ധതി എത്ര പ്രയോജനമാകുന്നുവെന്ന് അറിയിക്കാമോ;

(സി) എം.എസ്.എം.ഇ. മേഖലയിലെ സംരംഭകരുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി, പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ -ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് പുനരുജ്ജീവന- പുനരധിവാസ പദ്ധതി എന്നിവയെക്കുറിച്ച് വിശദമാക്കാമോ;

(ഡി) നിക്ഷേപ സൗഹൃദ നടപടികളുടെ ഫലമായി ആകർഷിക്കാൻ കഴിഞ്ഞ നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചാപ്രോത്സാഹനത്തിനായി താഴെ പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു:

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.
- ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്.
- സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- എം.എസ്.എം.ഇ. കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
- സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.
- എം.എസ്.എം.ഇ.- കളുടെ പുനരുദ്ധാരണ പദ്ധതി.
- സംരംഭകത്വ സഹായ പദ്ധതി.
- പശ്ചാത്തല വികസന പദ്ധതികൾ.
- സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്)
- ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ.
- ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.
- സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.
- അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി,

ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നേരിട്ട് പങ്ക് വഹിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സമഗ്ര വികസനം സാധ്യമാക്കി പുതുപദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഈ സംരംഭങ്ങളുടെ വിവര ശേഖരണം അനിവാര്യമാണ്. ഇതിനായി ആവിഷ്കരിച്ച പദ്ധതിയാണ് വ്യവസായ ജാലകം പദ്ധതി. 2017-ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ഓരോ സംരംഭത്തിന്റെയും 100-ൽപരം വിവരങ്ങൾ ജിയോ ടാഗിംഗ് മുഖേനയും ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള സന്ദർശനം മുഖേനയും ശേഖരിച്ച് വരുംവർഷങ്ങളിൽ പദ്ധതി ആസൂത്രണത്തിന് സഹായകരമാകുംവിധത്തിൽ കേരളത്തിലെ വ്യവസായങ്ങളെ സംബന്ധിച്ച ഒരു വിവര നിധി രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ ചെറുകിട സംരംഭങ്ങളുടെ ഉൽപ്പന്ന വിപണന വിപണി കണ്ടെത്തൽ തുടങ്ങിയവയ്ക്കായി പൊതുജനങ്ങൾക്ക് ഒരു മൊബൈൽ ആപ്ലിക്കേഷനും ഇതിന്റെ ഭാഗമായി തയ്യാറാക്കിവരുന്നു.

(സി) ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആവിഷ്കരിക്കുകയും 8-5-2018-ലെ G.O.(Rt)No. 526/18/ID പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സംസ്ഥാന വിഹിതവും ഗുണഭോക്താവിന്റെ വിഹിതവും 100 രൂപ വീതമാണ് നടപ്പുസാമ്പത്തികവർഷത്തിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ദി കേരള സ്ട്രസ്ഡ് എം.എസ്.എം.ഇ. 'റിവൈവൽ ആന്റ് റിഹാബിലിറ്റേഷൻ പദ്ധതിക്ക് G.O. (Ms)No. 38/2018/ID dated 15.05.2018 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ നിർദ്ദിഷ്ട

മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രശ്നങ്ങൾ നേരിടുന്ന എം.എസ്.എം.ഇ. കളെ കണ്ടെത്തുകയും ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനായും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കൺവീനറായും ലീഡ് ബാങ്ക് മാനേജർ ജില്ലാ പ്രസിഡന്റ് KSSIA, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB, ഡെപ്യൂട്ടി കമ്മീഷണർ, GST, റെപ്രസെന്റേറ്റീവ് MSME DI എന്നിവർ അംഗങ്ങളായി (ക്വാറം 5) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന എം.എസ്.എം.ഇ. വികസന കമ്മിറ്റിയാണ് വ്യവസായ മിത്ര.

മേൽ പറഞ്ഞിട്ടുള്ള കമ്മിറ്റിയിൽ വച്ചാണ് ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സഹായം എന്താണെന്ന് കണ്ടെത്തുകയും അത് അനുവദിക്കുകയും ചെയ്യുന്നത്. ധനകാര്യ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ ഈ പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നു. താഴെ പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതിമൂലം നൽകുന്നത്.

1. നിലവിലുള്ള വായ്പ അക്കൗണ്ട് പുനഃക്രമീകരണം ചെയ്യുക.
2. പുനരുദ്ധരിക്കാനാകുന്ന യൂണിറ്റുകൾ പുനാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.
3. നിയമപരമായി അടയ്ക്കേണ്ടതായ ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.
4. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ പരാമവധി 10,000 രൂപ.

(ഡി) നിക്ഷേപ സൗഹൃദ നടപടികളുടെ ഫലമായി 2016-17 സാമ്പത്തികവർഷത്തിൽ 1395.7 കോടി രൂപയുടെയും 2017-18 സാമ്പത്തിക വർഷത്തിൽ 1249.61 കോടി രൂപയുടെയും നിക്ഷേപം സംസ്ഥാനത്ത് നടന്നിട്ടുണ്ട്.

## അഗ്രോ ഇൻഡസ്ട്രീസ് പാർക്ക്

115(3809) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ എക്സ്സർവ്വീസ് മെൻ കോളനി സംഘം വക സ്ഥലത്ത് ഒരു അഗ്രോ ഇൻഡസ്ട്രീസ് പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) നടപടി സ്വീകരിച്ചുവരുന്നു. അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ എക്സ്സർവ്വീസ് മെൻ കോളനി സംഘം വക സ്ഥലത്ത് ഒരു അഗ്രോ ഇൻഡസ്ട്രീസ് പാർക്ക് ആരംഭിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ഇതിന്റെ ഭാഗമായി ടി സ്ഥലം അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിനായി ലാന്റ് സെലക്ഷൻ കമ്മിറ്റി ജൂൺ മാസം 22-ന് പ്രസ്തുത സൈറ്റ് സന്ദർശിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക്**

116(3810) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) സ്ഥലം നൽകിയവർക്ക് സ്ഥലത്തിന്റെ വില ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇവർക്ക് തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് തുക അനുവദിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നാല് കാറ്റഗറികളിൽപ്പെട്ട വസ്തുക്കളുടെ സ്ഥലവില 11-4-2017-ലെ G.O(Rt) No.1757/2017/RD ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി-ഡി) 15.25 ഏക്കർ ഭൂമി, ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിന് വേണ്ടി നൽകിയ 15 ഭൂവുടമകൾക്ക് 50 ശതമാനം ഭൂമിവില ഇനത്തിൽ 8,34,16,624 രൂപ നൽകിയിട്ടുണ്ട്.

സ്ഥലം അർത്ഥനാധികാരിയുടെ പേരിലേയ്ക്ക് ആധാരം ചെയ്ത് നൽകുമ്പോൾ ബാക്കി തുക നൽകുന്നതാണ്.

ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനം ഉണ്ടാവുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് ഭൂവുടമകൾക്ക് ഭൂമിയുടെ വില നൽകുവാൻ സാധിക്കുന്നതാണ്.

## സഹകരണ സ്പിന്നിംഗ് മില്ലിലെ ജീവനക്കാർ

117(3811) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരെ സഹകരണ നിയമത്തിലെ വകുപ്പ് 80-ൽ ഉൾപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സഹകരണ നിയമത്തിലെ വകുപ്പ് 80-ൽ ഉൾപ്പെടുത്തുവാനും നിയമപ്രകാരമുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഹകരണ സ്പിന്നിംഗ് മില്ലിലെ ജീവനക്കാർക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. ഈ വിഷയം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

## കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണം

118(3812) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ സർക്കാർ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾകൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശേഷിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽനിന്നും പിരിഞ്ഞ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 336.75 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തേയ്ക്കായി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഉപയോഗക്ഷമത 95 ശതമാനം ഉയരുന്നതാണ്. കൂടാതെ 26.22 ലക്ഷം കിലോഗ്രാം ഉല്പാദനവും 62.37 കോടി രൂപയുടെ ആകെ വില്പനയും 216.95 ലക്ഷം രൂപയുടെ അറ്റാദായവും പ്രതീക്ഷിക്കുന്നു.

(സി) നവീകരണ പ്രവർത്തനങ്ങളുടെ അവസാനഘട്ടത്തിനായുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽനിന്നും പിരിഞ്ഞ 117 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയായി 252.56 ലക്ഷം രൂപ നൽകുവാനുണ്ട്.

(ഇ) മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഗെയിൽ പൈപ്പ് ലൈൻ നിർമ്മാണ പദ്ധതി

119(T* 3813) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈൻ നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; ഇനി എത്ര കി.മി. പൈപ്പ് ലൈൻ പണി പൂർത്തിയാക്കുവാനുണ്ട്;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ പദ്ധതിക്കായി സ്ഥലമെടുപ്പ് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പ്രശ്നമുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ; വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഗെയിൽ വിരുദ്ധ സമരസമിതി ഈ പദ്ധതിയെ എതിർത്തിരുന്നോ;

(ഡി) പ്രസ്തുത കാലത്ത് രണ്ടായിരം കോടി രൂപ മുടക്കി പ്രകൃതി വാതക ശൃഖല സ്ഥാപിക്കുവാൻ കെ.എസ്. ഐ.ഡി.സി. യും ഗെയിൽ ഗ്യാസ് ലിമിറ്റഡും തമ്മിൽ കരാർ ഒപ്പ് വച്ചിരുന്നോ;

(ഇ) കരാർ പ്രകാരം ഏതൊക്കെ പൈപ്പ് ലൈനുകളുടെ കരാർ ആണ് ഉണ്ടാക്കിയതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 444 കിലോമീറ്ററാണ്. ഇതിൽ 409 കിലോമീറ്റർ കേരളത്തിലും ബാക്കിയുള്ള 35 കിലോമീറ്റർ കർണ്ണാടകയിലെ ദക്ഷിണ കന്നഡ ജില്ലയിലുമാണ്. 444 കിലോമീറ്ററിലും 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഉപയോഗാവകാശം ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. മൊത്തം 444 കിലോമീറ്റർ 7 സെക്ഷനുകളായി തിരിച്ചിരിക്കുന്നു. എല്ലാ സെക്ഷനുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

കേരളത്തിലൊട്ടുക്കും ഇതുവരെയായി 353 കിലോമീറ്റർ (79%) പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായിക്കഴിഞ്ഞു.

(ബി) നിലവിൽ പ്രശ്നങ്ങൾ ഒന്നുമില്ല.

(സി) എതിർത്തിരുന്നു.

(ഡി & ഇ) ഗെയിൽ ഗ്യാസ് ലിമിറ്റഡും കെ.എസ്.ഐ.ഡി.സി. യും 25 കോടി രൂപ മുതൽമുടക്കി സി.ജി.ഡി. നെറ്റ്വർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപവൽക്കരിച്ചിട്ടുണ്ടായിരുന്നു. ഈ കമ്പനി എറണാകുളം ജില്ലയിൽ പി.എൻ.ജി.ആർ.ബി. ക്ഷണിച്ച ടെണ്ടറിൽ പങ്കെടുത്തിരുന്നു. എന്നാൽ കരാർ മറ്റൊരു കമ്പനിക്കാണ് കിട്ടിയത്. നിലവിൽ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് പൈപ്പ് ലൈൻ വിന്യസിക്കാനുള്ള ഒരു കാരറിലും ഏർപ്പെട്ടിട്ടില്ല.

## വ്യവസായ വകുപ്പിലെ ഡ്രൈവർ നിയമനം

120(3814) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് സ്വന്തമായി എത്ര വാഹനം (എൽ.ഡി.വി.)ഉണ്ട് ; എത്ര ഡ്രൈവർ (എൽ.ഡി.വി.)തസ്തിക ഉണ്ട്;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ എത്ര സ്ഥിരം എൽ.ഡി.വി. ഡ്രൈവർമാർ ജോലി ചെയ്യുന്നു; എത്ര താൽകാലിക എൽ.ഡി.വി. ഡ്രൈവർമാർ ജോലി ചെയ്യുന്നു ;

(സി) ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന സർക്കാർ ഉത്തരവ് (G.O. (MS) No/42/88/P&ARD) പ്രകാരം, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി നിലവിലുള്ള പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് ജോലി നൽകാൻ തയ്യാറാകുമോ;

(ഡി) ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തതെന്തുകൊണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ വകുപ്പിന് 50 വാഹനങ്ങൾ (LDV) അനുവദിച്ചിട്ടുണ്ട്. നിലവിൽ 40 വാഹനങ്ങൾ മാത്രമേ ഉപയോഗത്തിലുള്ളൂ. 50 ഡ്രൈവർമാരുടെ (LDV) തസ്തിക നിലവിലുണ്ട്.

(ബി) വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 42 സ്ഥിരം എൽ.ഡി.വി. ഡ്രൈവർമാർ ജോലി ചെയ്യുന്നു. താൽക്കാലിക എൽ.ഡി.വി. ഡ്രൈവർമാർ ജോലി ചെയ്യുന്നില്ല.

(സി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഓരോ വകുപ്പിന്റെയും ആവശ്യകത പരിശോധിച്ചും അതോടൊപ്പം വിശദമായ പഠനങ്ങൾ നടത്തിയതിനുശേഷവുമാണ് നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

## കേരള സിഡ്കോ

121(3815) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയിൽനിന്നും 2016 മേയ് 31 വരെ ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളുമാണ് സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് വേണ്ടി അഡ്വാൻസ് ഇനത്തിൽ തുക കൈപ്പറ്റിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) 2016 മേയ് 31 വരെ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഈ ഇനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിശദവിവരം ഓരോ സ്ഥാപനത്തിനും വ്യക്തികൾക്കും തുക അനുവദിച്ചുകൊണ്ട് സിഡ്കോ ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ തുക അനുവദിക്കുകയും എന്നാൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ രീതിയിൽ തുക അനുവദിച്ചത് മൂലമുണ്ടായ സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സിഡ്കോയിൽനിന്നും 2016 മേയ് 31 വരെ അസംസ്കൃത പദാർത്ഥങ്ങളും സേവനങ്ങൾക്കുമായി അഡ്വാൻസ് തുക കൈപ്പറ്റിയിട്ടുള്ള പൊതുമേഖല സ്ഥാപനങ്ങൾ താഴെപ്പറയുന്നു:

1. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്
2. ഹിന്ദുസ്ഥാൻ കൊളാസ് പ്രൈവറ്റ് ലിമിറ്റഡ്
3. ചെന്നൈ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്
4. മാംഗ്ലൂർ റിഫൈനറി ആന്റ് പെട്രോളിയം ലിമിറ്റഡ്
5. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്
6. വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ്
7. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്

അഡ്വാൻസ് ഇനത്തിൽ തുക കൈപ്പറ്റിയിട്ടുള്ള മറ്റ് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിവരം താഴെച്ചേർക്കുന്നു.

1. മെ. പി.ആർ.ആർ.ബ്രിക്സ് (ശ്രീ. പ്രദീപ് കുമാർ) മാവേലിക്കര, ആലപ്പുഴ
2. മെ. സുകൃതികിരൺ സോഫ്റ്റ്‌വെയർ ടെക്നോളജീസ് (ശ്രീ. രഞ്ജിത് രവീന്ദ്രൻ) വഴയില, തിരുവനന്തപുരം
3. മെ. ലിങ്ക് ലാൻഡ് ട്രേഡേഴ്സ് (ശ്രീ. കെ. എ. മോഹൻദസ്), വൈറ്റില, കൊച്ചി

4. മെ. ഹെബ്രോൺ അക്വ ഫുഡ് (ശ്രീ. വർഗ്ഗീസ്) അങ്കമാലി, എറണാകുളം
5. മെ. സബർമതി ഫുഡ് പ്രൊഡക്ട്സ് (ശ്രീ. ജോർജ് കെ. ജോർജ്), കൊച്ചി
6. മെ. ഇൻഡിഗോ ലൈഫ് സ്റ്റൈൽ (ശ്രീ. റിയാസ് മുഹമ്മദ്), തൃശ്ശൂർ
7. മെ. എസ്.എം.സ്റ്റക്ചേഴ്സ് (ശ്രീ. മോഹൻ എബ്രഹാം), തിരുവനന്തപുരം
8. മെ.എൽ.ജോൺ യുണൈറ്റഡ് കമ്പനി ഫോർ ജനറൽ ട്രേഡിംഗ് ആന്റ് കോൺട്രാക്ടിംഗ്, കുവൈറ്റ്.

(ബി) 2016 മേയ് 31 വരെ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഈ ഇനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു*. പ്രസ്തുത തുക അനുവദിക്കുന്നത് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ അല്ലെങ്കിൽ പ്രസ്തുത ഡിവിഷൻ ഹെഡ്സ് ഫയലിൽ നൽകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ പ്രത്യേക ഉത്തരവുകൾ ഇറക്കാറില്ല.

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർക്കെതിരെ പോലീസിൽ പരാതിയും നൽകിയിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം പുരോഗമിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പെയ്ഡ് ലീവ് മാനദണ്ഡം**

122(3816) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര പൊതുമേഖല സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ വർക്കർ വിഭാഗം ജീവനക്കാർക്കാണ് പെയ്ഡ് ലീവ് അനുവദിക്കുന്നത്; ഇതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള സിഡ്കോയിൽ 2015-ൽ സർക്കാർ നിയമിച്ച വർക്കർ തസ്തികയിലെ ജീവനക്കാർക്ക് അർഹമായ പെയ്ഡ് ലീവ് അനുവദിക്കേണ്ട എന്ന് ഏതെങ്കിലും കോടതി വിധിയോ സർക്കാർ ഉത്തരവോ എ.ജി.യുടെ നിർദ്ദേശമോ വിജിലൻസിന്റെ നിർദ്ദേശമോ നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കേരള സിഡ്കോയിൽ 2015-നുമുൻപ് നിയമിച്ച വർക്കർ തസ്തികയിലെ ജീവനക്കാർക്ക് പെയ്ഡ് ലീവ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുമ്പോൾ 2015-ൽ സർക്കാർ നിയമിച്ച വർക്കർമാർക്ക് അർഹമായ ആനുകൂല്യങ്ങൾ അന്യായമായി തടഞ്ഞുവയ്ക്കുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. അവയുടെ വ്യവസായ മേഖല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) സിഡ്കോയിൽ 2015-ൽ നിയമിതരായ അൺസ്കിൽഡ് വർക്കേഴ്സിന്റെ നിയമനം ക്രമീകരിക്കുന്ന വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ ഈ വിഷയത്തിൽ എ.ജി.യുടെ പരാമർശം ഉണ്ടായിട്ടുള്ളതും വിജിലൻസ് പരിശോധന നടത്തുന്നതുമാണ്. അതിനാൽ മേൽപ്പറഞ്ഞ ജീവനക്കാരുടെ നിയമനം ക്രമീകരിച്ചിട്ടില്ല. ഈ നിയമനങ്ങൾ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലിലെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ തുടർനടപടികൾ സാധ്യമാവുകയുള്ളൂ.

**സിഡ്കോ ജീവനക്കാരുടെ പെയ്ഡ് ലീവ്**

123(3817) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളിലാണ് വർക്കർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തസ്തികയിലെ ജീവനക്കാർക്ക് പെയ്ഡ് ലീവ് അനുവദിക്കുന്നത്; അതിന്റെ മാനദണ്ഡമെന്താണ്;

(ബി) കേരള സിഡ്കോയിൽ 2015-ൽ നിയമിച്ച വർക്കർ തസ്തികയിലെ ജീവനക്കാർക്ക് അർഹമായ പെയ്ഡ് ലീവ് അനുവദിക്കുവാൻ പാടില്ലായെന്ന് ഏതെങ്കിലും കോടതി വിധിയോ എ.ജി.-യുടെ നിർദ്ദേശമോ സർക്കാർ ഉത്തരവോ നിലവിലുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ കേരള സിഡ്കോയിലെ വർക്കർ തസ്തികയിലുള്ളവർക്ക് അർഹമായ പെയ്ഡ് ലീവ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) സിഡ്കോയിൽ 2015-ൽ നിയമിതരായ അൺസ്കിൽഡ് വർക്കേഴ്സിന്റെ നിയമനം ക്രമീകരിക്കുന്ന വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ ഈ വിഷയത്തിൽ എ. ജി.-യുടെ പരാമർശം ഉണ്ടായിട്ടുള്ളതും വിജിലൻസ് പരിശോധന നടത്തിയതുമാണ്. അതിനാൽ മേൽപ്പറഞ്ഞ ജീവനക്കാരുടെ നിയമനം ക്രമീകരിച്ചിട്ടില്ല. അൺസ്കിൽഡ് വർക്കേഴ്സിന്റെ നിയമനം ക്രമീകരിച്ചാൽ മാത്രമേ പെയ്ഡ് ലീവ് അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

**അരൂർ മണ്ഡലത്തിലെ വ്യവസായ വികസനം**

124(3818) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18 കാലയളവിലായി സംരംഭകത്വ സഹായ പദ്ധതി പ്രകാരം 13 വ്യവസായ യൂണിറ്റുകൾക്കായി 1,27,88,029 രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. അരൂർ നിയോജകമണ്ഡലത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്ന

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 74,000 രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇക്കാലയളവിൽ 3375 ലക്ഷം രൂപ മുടക്കി 316 പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും 1210 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 10 യൂണിറ്റുകൾ ആരംഭിക്കുകയും 12,11,570 രൂപ ടി യൂണിറ്റുകൾക്ക് സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്.

## കോഴിക്കോട് കോം-ട്രസ്റ്റിന്റെ കെട്ടിടവും സ്ഥലവും

125(3819) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോം-ട്രസ്റ്റിന്റെ കെട്ടിടവും സ്ഥലവും ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോം-ട്രസ്റ്റിന്റെ കെട്ടിടവും സ്ഥലവും ഏറ്റെടുത്തതിന് ശേഷം ഇവിടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) കോം-ട്രസ്റ്റിന്റെ കെട്ടിടവും സ്ഥലവും ഏറ്റെടുത്തുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ ബില്ലിന് 2018 ഫെബ്രുവരി 1-ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് 19-2-2018-ലെ 18503/Leg.C3/2013/Law എന്ന നമ്പരിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നിലവിലുണ്ടായിരുന്ന നെയ്ത്ത് ഫാക്ടറി പുനഃസംഘടിപ്പിക്കുക, ഉല്പാദനകേന്ദ്രം, വ്യവസായ മ്യൂസിയം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുക എന്നീ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

## ഒറ്റപ്പാലം ഡിഫൻസ് പാർക്ക്

126(3820) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തീകരിക്കുവാൻ കഴിയും;

(ബി) ഡിഫൻസ് പാർക്കിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഡിഫൻസ് പാർക്കിന്റെ നിർമ്മാണത്തിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എത്ര തുകയാണ് കേന്ദ്ര വിഹിതമായി ലഭിക്കുക; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2018 ഡിസംബറോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഡിഫൻസ് പാർക്കിനായി കോമൺ ഫെസിലിറ്റി ബിൽഡിംഗ്, വെയർ ഹൗസ് & കോമൺ യൂട്ടിലിറ്റി ബിൽഡിംഗ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, റോഡുകൾ, ചുറ്റുമതിൽ എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) ഡിഫൻസ് പാർക്കിന്റെ നിർമ്മാണത്തിനായി 130.94 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 50 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുക. ഇതിൽ 15 കോടി രൂപ ലഭിച്ചുകഴിഞ്ഞു.

**കുണ്ടറയിലെ സിറാമിക് ലിമിറ്റഡ് കമ്പനി**

127(3821) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിലെ സിറാമിക് ലിമിറ്റഡ് കമ്പനിയുടെ പ്ലാന്റ് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പെയിന്റ് നിർമ്മാതാക്കൾക്ക് ആവശ്യമുള്ള നിലവാരം കൂടിയ ക്ലേ പ്രസ്തുത ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തന ഇന്ധനം പ്രകൃതി വാതകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രകൃതി വാതകം ഉപയോഗിക്കുന്നതുമൂലം ഇന്ധനചെലവിൽ എന്ത് വ്യത്യാസം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്;

(ഡി) പ്ലാന്റിന് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് മൈനിംഗ് നടത്തുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കുണ്ടറയിലെ സിറാമിക് ലിമിറ്റഡ് കമ്പനിയുടെ പ്ലാന്റ് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത പദ്ധതിക്ക് 4-5-2018-ലെ സ.ഉ.(സാധാ) 503/2018/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രകൃതി വാതകം ഉപയോഗിക്കുന്നതുമൂലം ഇന്ധനച്ചെലവിൽ ഏകദേശം 50 മുതൽ 60 ശതമാനം വരെ കുറവ് പ്രതീക്ഷിക്കുന്നു.

(ഡി) പ്ലാന്റിന് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് മൈനിംഗ് നടത്തുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ പഠനത്തിൽ കളിമൺ നിക്ഷേപം ഉണ്ടെന്ന് കണ്ടെത്തിയ 4.32 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള പദ്ധതി നടന്നുവരുന്നു.

**പത്തനംതിട്ടയിലെ ക്വാറികൾ**

128(3822) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വലുതും ചെറുതുമായ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) സർക്കാർ പാറപുറമ്പോക്ക് എവിടെയെല്ലാം ഖനനത്തിനായി ലീസിന് കൊടുത്തിട്ടുണ്ട്; അതിന്റെ വിസ്തൃതി എത്രയാണ്;

(സി) സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പാറ എത്ര വിസ്തൃതിയിൽ ഖനനം നടത്തുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ലീസിനത്തിലും പിഴയിനത്തിലും പത്തനംതിട്ടയിലെ ക്വാറികളിൽനിന്നും കുടിശ്ശിക ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക എത്രയാണ്; ഏതെല്ലാം ക്വാറികളാണ് നൽകാനുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലയിൽ വലുതും ചെറുതുമായ 74 ക്വാറികളാണ് പ്രവർത്തിക്കുന്നത്. അവയുടെ പട്ടിക അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ പുറമ്പോക്കിൽ നിലവിലുള്ള ഖനനാനുമതികളുടെ വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. * ഇവയുടെ ആകെ വിസ്തൃതി 23.4091 ഹെക്ടർ ആണ്.

(സി) സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഖനനം നടത്തുന്ന പാറയുടെ ആകെ വിസ്തൃതി 103.8227 ഹെക്ടർ ആണ്.

(ഡി) പിഴ ഇനത്തിൽ 7,29,18,019 രൂപയാണ് കുടിശ്ശികയായുള്ളത്. ചുവടെ ചേർത്തിരിക്കുന്ന ക്വാറികൾക്കാണ് കുടിശ്ശികയുള്ളത്.

1. കെ. സദാനന്ദൻ, അമ്പാടിയിൽ, ന്യൂ ബംഗ്ലാവ്, പന്നിവിഴ, അടൂർ.
2. ഡൽറ്റ അഗ്രിഗേറ്റഡ് & സാന്റ് (പ്രൈവറ്റ്) ലിമിറ്റഡ്, ചിറ്റാർ.
3. പ്ലാക്കാട് ഗ്രാനൈറ്റ് (പ്രൈവറ്റ്) ലിമിറ്റഡ്, പയ്യനാമൺ പി.ഒ.
4. മല്ലേലിൽ ഇൻഡസ്ട്രീസ് (പ്രൈവറ്റ്) ലിമിറ്റഡ്, അട്ടച്ചക്കൽ പി.ഒ., കോന്നി.
5. അമിറ്റി റോക്ക് പ്രോഡക്ട്സ് (പ്രൈവറ്റ്) ലിമിറ്റഡ്, ചുങ്കപ്പാറ.

**മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം**

129(3823) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. എൽദോ എബ്രഹാം :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ പ്രദേശത്തെ സബ് സോയിലിൽ ഉള്ള മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തമാക്കുമോ;

(ബി) മലബാർ പ്രദേശത്തെ സബ് സോയിലിൽ ഉള്ള മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം വിശദമാക്കുമോ;

(സി) കേരളം മുഴുവനുള്ള സബ് സോയിലിലെ മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആയതിന് നിയമനിർമ്മാണം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ പ്രദേശത്തെ സബ് സോയിലിൽ ഉള്ള മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനാണ്.

(ബി) മലബാർ പ്രദേശത്തെ സബ് സോയിലിൽ ഉള്ള മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷവും കേരള സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടില്ല. ഇക്കാര്യം ത്രേസ്യാമ്മ ജേക്കബ് Vs ജില്ലാ ആഫീസർ, മൈനിംഗ് ആന്റ് ജിയോളജി, പാലക്കാട് എന്ന കേസ്സിന്റെ വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു.

(സി&ഡി) സംസ്ഥാനത്തെ മുഴുവൻ പ്രദേശത്തെയും സബ് സോയിലിലെ മെറ്റൽസ്, മിനറൽസ് എന്നിവയുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനായി നിയമ നിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള ബില്ലിന്റെ കരട് തയ്യാറാക്കി കഴിഞ്ഞു.

**കൈത്തറി ആന്റ് ടെക്സ്റ്റൈൽ വകുപ്പ് പദ്ധതികൾ**

130(3824) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ആന്റ് ടെക്സ്റ്റൈൽ വകുപ്പ് നവീകരിക്കുന്നതിനും സംസ്ഥാനത്ത് കൈത്തറി തുണിത്തരങ്ങളുടെ ഉല്പാദനവും വിപണനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ് 2017-18 വർഷത്തിൽ എത്ര പ്രാവശ്യം ഹാന്റ്ലൂം എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി;വിശദാംശം ലഭ്യമാക്കാമോ;

(സി) കൈത്തറി & ടെക്സ്റ്റൈൽ വകുപ്പിൽ റിവൈവൽ, റീസ്ട്രക്ചറിംഗ് & റീഫോം പാക്കേജ് എന്ന പദ്ധതിക്കായി 2017-18 വർഷത്തിൽ എത്ര തുകയാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിനെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന്

പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. കൂടാതെ 'യുവവീവ്' എന്ന പദ്ധതി പ്രകാരം കൈത്തറിനെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിൽ ആയി പുതിയ 500 പേരെ നെയ്ത്ത് മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനായി "വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹാന്റക്സ്/ ഹാൻവീവ് എന്നിവിടങ്ങളിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിച്ച് ഡിസൈനർമാരുടെ സേവനം ലഭ്യമാക്കി കൈത്തറി മേഖലയ്ക്ക് ആവശ്യമായ മൂല്യവർദ്ധനവിന് ലക്ഷ്യമിടുന്നു.

(ബി) കൈത്തറി ഉണിത്തരങ്ങളുടെ വിപണനത്തിനായി 2017 വിഷു, ഓണം, ക്രിസ്തുമസ് കാലത്ത് സംസ്ഥാന വ്യാപകമായി കൈത്തറി എക്സിബിഷനുകൾ സംഘടിപ്പിച്ചു. കൂടാതെ 2017 നവംബർ മാസം ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്തിട്ടുണ്ട്. 2017-18 കാലയളവിൽ പാലക്കാട് നടന്ന മലബാർ ക്രാഫ്റ്റ് മേള, വടകരയിർ സംഘടിപ്പിച്ച ഇരിങ്ങൽ ഫെസ്റ്റ് എന്നിവയിലും നടന്ന എക്സിബിഷനുകളിൽ പങ്കെടുത്തു.

(സി) 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

**കൈത്തറി മേഖലയിലെ ഇടപെടലുകൾ**

131(3825) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി.കെ. ശശി:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖ സ്ഥാനമുണ്ടായിരുന്ന കൈത്തറി വ്യവസായം ഈ സർക്കാർ

അധികാരത്തിലെത്തുമ്പോൾ തകർച്ചയിലായിരുന്നത് പുനരുദ്ധരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനും സഹകരണ സംഘങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ശാക്തീകരണത്തിനായും നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്;

(സി) ഏഴാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകാനുള്ള പരിപാടി കൈത്തറി മേഖലയിൽ ഉണ്ടാക്കിയ തൊഴിൽ ദിനങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ആവശ്യത്തിന് വേണ്ട തുണിമുഴുവനും നെയ്ത് നൽകാൻ സാധ്യമായോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, റിബേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

ഈ പദ്ധതികൾക്ക് പുറമേ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുവാൻ വേണ്ടി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോടി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി കൂടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ഏകദേശം 4.40 ലക്ഷം കുട്ടികൾക്ക് രണ്ട് ജോടി കൈത്തറി യൂണിഫോം തുണി വിതരണം ചെയ്തു. 2018, മേയ് മാസത്തോടെ 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കൈത്തറി യൂണിഫോം തുണി എത്തിക്കുവാൻ സാധിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനുപുറമേ കൈത്തറി മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും അവരുടെ വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു.

(ബി) കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും സർഗ്ഗവാസനകളും സങ്കേതിക കഴിവുകളും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി വീവേഴ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും ഉയർന്ന വേതനവും ഉറപ്പാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. അവയിൽ പ്രധാനമായതാണ് കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൂടാതെ ഉല്പാദന പ്രചോദന പദ്ധതിയിലൂടെ സജീവമായി നെയ്ത്ത് ജോലിയിലുള്ള തൊഴിലാളികൾക്ക് കൂടുതൽ സാമ്പത്തിക സഹായം ഉറപ്പാക്കി. നെയ്ത്ത് സഹകരണ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി അവാർഡുകൾ നൽകിയത് വഴി ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇടപെടൽ നടത്തി. പുതിയ പദ്ധതികളായ യുവവീവ്, വീട്ടിലൊരു തറി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. 2018-19 അദ്ധ്യയന വർഷത്തേയ്ക്ക് സംസ്ഥാനത്തെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകിയതുമായി ബന്ധപ്പെട്ട് കൈത്തറി മേഖലയിൽനിന്നും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് ശരാശരി 250-ൽ ഏറെ തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്.

ഡി.പി.ഐ.-യിൽനിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം സംസ്ഥാനത്തെ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും 2 ജോടി വീതം കൈത്തറി യൂണിഫോം 2018 സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പായി വിതരണം ചെയ്തിട്ടുണ്ട്.

## കൈത്തറി മേഖലയുടെയും പട്ടുനൂൽ വ്യവസായത്തിന്റെയും പുരോഗതി

132(3826) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൈത്തറി മേഖലയുടെയും പട്ടുനൂൽ വ്യവസായത്തിന്റെയും പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പട്ടുനൂൽ സംസ്കരണ കേന്ദ്രങ്ങൾ കൂടുതലായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിൽ പ്രധാനമായത് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയാണ്. ഇത് വഴി നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും ഉയർന്ന വേതനവും സാധ്യമാക്കി. കൂടാതെ കൈത്തറി ഉല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും വിപണനത്തിനും പ്രോത്സാഹനം നൽകിവരുന്നു. കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകിവരുന്നു. പട്ടുനൂൽ വ്യവസായത്തിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(ബി) പട്ടുനൂൽ സംസ്കരണകേന്ദ്രങ്ങൾ കൂടുതലായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) വ്യവസായ വകുപ്പിൽനിന്നും നടപടി സ്വീകരിച്ചിട്ടില്ല.

**കൈത്തറി മേഖലയിൽ ആർ.ആർ.ആർ. പാക്കേജ്**

133(3827) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.പി.എ. സർക്കാർ കൈത്തറി മേഖലയിൽ നടപ്പിലാക്കിയ ആർ.ആർ.ആർ. പാക്കേജ് (Revival, Reform and Restructuring Package for Hand loom Sector) പ്രകാരം കേരളത്തിൽ എഴുപത്തിരണ്ടോളം കൈത്തറി സഹകരണ സംഘങ്ങൾക്ക് ഇനിയും പാക്കേജിന്റെ പ്രയോജനം ലഭിക്കാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാൻ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ആർ.ആർ.ആർ. പാക്കേജിന്റെ നിബന്ധനകൾ പ്രകാരം സഹകരണ വകുപ്പ് നടത്തിയ സ്പെഷ്യൽ ആഡിറ്റിൽ ഈ പാക്കേജിന്റെ ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള പല സംഘങ്ങൾക്കും ഇനിയും പാക്കേജ് ലഭ്യമായിട്ടില്ല എന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ അത്തരം സംഘങ്ങൾക്ക് പാക്കേജ് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ;

(സി) ആർ.ആർ.ആർ. പാക്കേജ് കേരളത്തിലെ മുഴുവൻ കൈത്തറി സംഘങ്ങളിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അത് സാദ്ധ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭിച്ച മറുപടി വിശദമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി നെയ്ത്ത് സംഘങ്ങളിൽ ആർ.ആർ.ആർ. പാക്കേജ് നടപ്പിലാക്കിയതിനുശേഷം കൈത്തറി സംഘങ്ങളിൽ ബാക്കി നിൽക്കുന്ന വായ്പ തുക എഴുതി തള്ളുന്നതിനായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ വായ്പാ തുക എഴുതി തള്ളുന്നതിന് തീരുമാനിച്ച് പ്രൊപ്പോസൽ സഹകരണ രജിസ്ട്രാർക്ക് നൽകിയതായി റിസർവ് ബാങ്കിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

ബാങ്കിൽ ബാധ്യതയായി നിൽക്കുന്ന തുക എഴുതിത്തള്ളുന്നതിന് അഡ്മിനിസ്ട്രേറ്റർ നടപടി കൈക്കൊള്ളുകയും ആയത് സഹകരണ രജിസ്ട്രാറുടെ അനുവാദത്തിനായി സമർപ്പിച്ചിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതി നിലവിലില്ല.

## സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ഭരണസമിതി തെരഞ്ഞെടുപ്പ്

134(3828) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കണ്ണൂർ, മലപ്പുറം കുറ്റിപ്പുറം മാൽക്കോടെക്സ്, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രസ്തുത മില്ലുകളിൽ സർക്കാർ നോമിനേറ്റഡ് ഭരണസമിതി വർഷങ്ങളായി തുടരുന്നതിന് നിയമസാധുതയുണ്ടോ; ഇതുസംബന്ധിച്ച് ഓർഡിനൻസ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) സഹകരണനിയമത്തിൽ ഏതു വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതി അനന്തമായി തുടരാൻ അനുമതി നൽകിയത്;നോമിനേറ്റഡ് ഭരണസമിതിയുടെ കാലാവധി എത്രയാണ്;

(ഡി) സഹകരണനിയമ പ്രകാരം ഇത്തരം സംഘങ്ങളിൽ സർക്കാരിന് പരമാവധി മൂന്ന് അംഗങ്ങളെ മാത്രമേ നോമിനേറ്റ് ചെയ്യുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ മറികടന്ന് കൂടുതൽ പേരെ നോമിനേറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിയമമനുസരിച്ച് ഇത്തരം സംഘങ്ങളിൽ മിനിമം 7 അംഗങ്ങൾ ഉണ്ടാവണമെന്ന വ്യവസ്ഥ പാലിക്കാൻ, ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യം പുനഃസ്ഥാപിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളെ കേരള സഹകരണ നിയമത്തിലെ സെക്ഷൻ 101 പ്രകാരമുള്ള സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സെക്ഷൻ 29, 30, 33 പ്രകാരമുള്ള നിബന്ധനകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെട്ട ഭരണസമിതിയാണ് മേൽ മില്ലുകളിൽ ഇപ്പോൾ നിലവിലുള്ളത്.

കുറ്റിപ്പുറം മാൽക്കോടെക്സിൽ 2016 ആഗസ്റ്റ് മാസം 24-ന് നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതലയേറ്റ് 6 മാസം പൂർത്തിയായെങ്കിലും 2016 മേയ് മാസത്തിൽ പൊതുതെരഞ്ഞെടുപ്പ് നടന്നതിനാൽ സാങ്കേതിക പ്രയാസങ്ങൾമൂലം മാൽക്കോടെക്സിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണസമിതിയിലേയ്ക്ക് ഇലക്ഷൻ നടത്തുവാൻ സാധിച്ചിരുന്നില്ല.

ടി സ്ഥാപനവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണങ്ങൾ നടക്കുന്നതിനാലും തുടർന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രയാസങ്ങൾ നേരിട്ടതിനാലും നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി സർക്കാർ വീണ്ടും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന സഹകരണ നിയമത്തിലെ സെക്ഷൻ 101-ന്റെ അടിസ്ഥാനത്തിലാണ് പുതിയ ഭരണസമിതി അധികാരത്തിൽ വരുന്നതുവരെ നോമിനേറ്റഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) മൂന്നിൽ കൂടുതൽ അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും മുൻകാല പ്രവർത്തനങ്ങളിലെ അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് സംസ്ഥാന സഹകരണ നിയമത്തിലെ സെക്ഷൻ 101-ന് വിധേയമായി കൂടുതൽ അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(ഇ) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാൻ അനുയോജ്യമായ സാഹചര്യം ഉണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് പ്രക്രിയ നടത്താവുന്നതാണ്.

**കോട്ടയം ടെക്സ്റ്റൈൽസിലെ സീനിയോറിറ്റി പ്രശ്നം**

135(3829) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിൽ കാലങ്ങളായി ജോലി ചെയ്യുന്ന ട്രയിനി ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ അവർക്ക് നൽകേണ്ട സീനിയോറിറ്റി നഷ്ടപ്പെടുകയും എന്നാൽ കാഷ്വൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ജോയിനിംഗ് ഡേറ്റ് കണക്കാക്കി നൽകുകയും ചെയ്ത പ്രശ്നം പരിഹരിക്കുന്നതിന് മാനേജ്മെന്റും സർക്കാരും സ്വീകരിച്ചിരിക്കുന്ന നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ഇതിൽ മാനേജ്മെന്റ് നിലപാട് വ്യക്തമാക്കാമോ; കോടതി നിർദ്ദേശങ്ങൾ മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) സീനിയോറിറ്റി വിഷയം വ്യവസായ തർക്ക കോടതിയുടെ മുന്നിൽ എത്തിയപ്പോൾ ഉണ്ടായ പരിഹാര നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച് പരിഹാരം ഉണ്ടാക്കുന്നതിനായി എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ടെക്സ്റ്റയിൽ കോർപ്പറേഷനോ കോട്ടയം ടെക്സ്റ്റയിൽസിനോ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) കോട്ടയം ടെക്സ്റ്റൈൽസിൽ സ്ഥിരം തൊഴിലാളികൾക്ക് പുറമേ കാഷ്വൽ തൊഴിലാളികളെ നിയോഗിക്കുന്ന പതിവ് 2007 കാലത്ത് ഉണ്ടായിരുന്നു. ഇവരെ സംബന്ധിക്കുന്ന വിഷയങ്ങൾ (വേതനം, ജോലിക്ക് നിയോഗിക്കൽ, സീനിയോറിറ്റി, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച്) മിൽ തലത്തിൽ മാനേജ്മെന്റും അംഗീകൃത ട്രേഡ് യൂണിയനുകളും കൂടി 17-2-2007-ൽ ഉഭയകക്ഷി ചർച്ചകൾ പ്രകാരം ഒത്തുതീർപ്പിലെത്തി തർക്കങ്ങൾ പരിഹരിച്ചിട്ടുള്ളതാണ്.

(ബി-ഡി) 2007 കാലഘട്ടത്തിൽ അംഗീകൃത യൂണിയൻ അല്ലാതിരുന്ന കോട്ടയം ടെക്സ്റ്റൈൽസ് കാഷ്വൽ വർക്കേഴ്സ് യൂണിയൻ അന്ന് ജോലി ചെയ്തിരുന്ന കാഷ്വൽ തൊഴിലാളികൾക്ക് വേണ്ടി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് (സ്ഥിരപ്പെടുത്തൽ, മൂന്ന് ഷിഫ്റ്റുകളിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ) ജില്ലാ ലേബർ ഓഫീസർ മുമ്പാകെ തർക്കം ഉന്നയിക്കുകയുണ്ടായി. പ്രസ്തുത തർക്കം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ WP(C) No.30635/2006 നമ്പറായി ഒരു റിട്ട് ഹർജ്ജി ഫയൽ ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് 26-2-2007-ൽ ഉണ്ടായ വിധിയിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറോട് 6 മാസത്തിനുള്ളിൽ ചർച്ച ചെയ്ത് പരിഹാരം കാണുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സർക്കാരിന് കോടതി വ്യവഹാരമോ മറ്റ് തർക്കങ്ങളോ നിലവിലില്ല.

## ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

136(3830) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രഭുറാം മിൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് മിൽസ് എന്നിവ പുനരുദ്ധരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം അടഞ്ഞുകിടന്ന എത്ര തുണി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള ആധുനികവൽക്കരണത്തിന് മൂലധനമായി 494.81 കോടി രൂപ ആവശ്യമായ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 3 ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിന് 45 കോടി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി ഈ സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ പ്രഭുറാം മില്ലിന്റെ നവീകരണത്തിനായി 7 കോടി രൂപയും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ നവീകരണത്തിനായി 25 കോടി രൂപയും കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കായി 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാരിന്റെ അടിയന്തരമായ ഇടപെടലിനെത്തുടർന്ന് സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ

വാങ്ങുന്നതിലേയ്ക്കായി സെൻട്രലൈസ്ഡ് പർച്ചേസ് കമ്മിറ്റി മുഖാന്തരം 6-2-2017-ൽ 7.10 കോടി രൂപ അനുവദിക്കുകയും ആയതിന്റെ ഫലമായി അടഞ്ഞു കിടന്നിരുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ എന്നിവ തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേന്റെ കീഴിലുള്ള മില്ലുകൾക്കുമായി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി 11 കോടി രൂപ റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ഇതിനുപുറമേ കെ.എസ്.ഐ.ഡി.സി. മുഖാന്തരം സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകൾക്കുമായി 10 കോടി രൂപ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി നൽകിയിട്ടുണ്ട്.

## പള്ളിച്ചൽ ഇടയ്ക്കോട് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം

137(3831) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോട് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കയ്യേറ്റം ഒഴിപ്പിച്ച് ബോർഡിന്റെ അധീനതയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് നിലവിൽ കയ്യേറ്റം ഇല്ലാത്ത ഭൂമിയിൽ കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആൻഡ് ഡെക്കറേഷൻസ് എന്ന പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ കയ്യേറ്റം റവന്യൂവകുപ്പുമായി ബന്ധപ്പെട്ട് ഖാദി ബോർഡിന്റെ അധീനതയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

## ഖാദിവ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

138(3832) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദിവ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും അടച്ചു പൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ മേഖലയിലേക്ക് കടന്നുവരുന്ന പുതിയ വ്യവസായ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് വ്യവസായ വകുപ്പ് നൽകിവരുന്നത്;

(സി) പുതിയ യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്താനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഖാദി വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും അടച്ചുപൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്ലെറ്റ്) ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ലാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതിക്ക് 2016-17-ൽ 8 ലക്ഷവും 2017-18-ൽ 10 ലക്ഷം രൂപയും അനുവദിക്കുകയും തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19-ൽ 15 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ മേഖലയിലേയ്ക്ക് കടന്നുവരുന്ന വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റെയും ഭാഗമായി ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ച് നൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ച് നൽകുന്നു.

(സി) ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കൈത്തറി മേഖലയുടെ വികസനം**

139(3833) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) കൈത്തറി തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്;

(സി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിനെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. കൂടാതെ കൈത്തറിനെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി "യുവവീവ്" എന്ന പദ്ധതി പ്രകാരം പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിലായി പുതിയ 500 പേരെ നെയ്ത്ത് മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനായി "വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൈത്തറി തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്
2. നെയ്ത്തുകാരുടെ അവകാശികൾക്ക് മരണാനന്തര ആനുകൂല്യം
3. സ്വാഭാവികമായോ, അപകടംമൂലമോ മരണം സംഭവിക്കുന്ന നെയ്ത്തുകാർക്കും മുഴുവനായോ ഭാഗീകമായോ അംഗഭംഗം സംഭവിച്ചവർക്കും മഹാത്മാഗാന്ധി ബുങ്കർ ഭീമാ യോജന എന്ന പദ്ധതി പ്രകാരം പരിരക്ഷ നൽകിവരുന്നു. കൂടാതെ എം.ജി.ബി.ബി.വൈ. പദ്ധതിയിൽ അംഗങ്ങളായ നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകിവരുന്നു.
4. നെയ്ത്തുകാർക്ക് നൽകുന്ന കൂലിയുടെ എട്ട് ശതമനം തുക അംശദാന സമ്പാദ്യ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ കയ്യിൽനിന്നും ഫണ്ടിലേയ്ക്ക് ഈടാക്കുകയും അത്രതന്നെ തുക സർക്കാർ വിഹിതമായി ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതിയാണിത്.

(സി) ഉത്സവകാലങ്ങളിൽ എക്സിബിഷനുകൾ സംഘടിപ്പിച്ചും റിബേറ്റ് അനുവദിച്ചും കൈത്തറി ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിച്ചുവരുന്നു.

കൈത്തറി ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് ഹാന്റക്സിലും ഹാൻവീവിലും ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി മുഖാന്തരം നിയുക്തരായ ഡിസൈനർമാരുടെ സഹായത്തോടെ പ്രസ്തുത ഡിസൈൻ സെന്ററുകൾ വഴി പ്രാഥമിക നെയ്ത്ത് സംഘങ്ങൾക്കും നെയ്ത്തുകാർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

(ഡി) കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പക്കാനുപാതികമായി പ്രവർത്തന മൂലധനത്തിന്റെയും സ്ഥിര നിക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ മാർജിൻ മണിഗ്രാന്റ് സഹായം നൽകിവരുന്നു.

## കായിക മേഖലയുടെ പുരോഗതിക്കായി പദ്ധതികൾ

140(3834) <u>ശ്രീ. എം. ഉമ്മർ :</u>
<u>ശ്രീ. അബ്ദുൽ ഹമീദ് പി. :</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ :</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കായിക നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശിൽപശാലകളിൽ എന്തെല്ലാം ആശയങ്ങളാണ് പൊതുവെ അംഗീകരിക്കപ്പെട്ടത്; വിശദമാക്കാമോ;

(സി) പുതിയ കായിക നയ രൂപീകരണത്തിനായി ഈ ശിൽപശാലകൾ എത്ര മാത്രം സഹായകരമായി എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കായിക മേഖലയുടെ പുനരുജ്ജീവനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

1. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ ദീർഘകാല പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി."

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ

കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

3. ഫുട്ബോൾ പരിശീലന പദ്ധതി

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്ത് ഫുട്ബോൾ കളിനിലവാരം ഉയർത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം

4. എലൈറ്റ് സ്കീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം പദ്ധതിയും പ്രഖ്യാപിച്ചിരുന്നു. 2016-17, 2017-18 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന ടി പദ്ധതിയിൻ കീഴിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിൽ 6 ജില്ലാ സ്റ്റേഡിയങ്ങളുടെയും 41 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 29 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾക്കും 17 പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നതിൽ 3 ജില്ലാ സ്റ്റേഡിയങ്ങളുടെയും 11 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുഡ്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപയും അനവദിച്ചിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-ലെ ദേശീയ വോളിബോൾ ചാമ്പ്യൻമാരായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡും കേരള ടീമിലെ ലിബറോ ആയ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലിയും നൽകിയിട്ടുണ്ട്.

(ബി&സി) കേരളത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒളിമ്പ്യന്മാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവരെ പങ്കെടുപ്പിച്ച് ശില്പശാല സംഘടിപ്പിച്ചിരുന്നു. സ്പോർട്സ് കൗൺസിലിന്റെ ജനറൽ കൗൺസിൽ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചതിനുശേഷം കായിക നയത്തിന് അന്തിമ രൂപം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനമാണ് കായികനയ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

## ഖേലോ ഇന്ത്യ സ്കീം

141(3835) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീം പ്രകാരം സംസ്ഥാനത്ത് കായിക രംഗത്തെ വികസനത്തിനായി ധനസഹായം ലഭ്യമായിട്ടുണ്ടോ;

(ബി) ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി ചാലക്കുടി സേക്രട്ട് ഹേർട്ട് കോളേജിന്റെ അപേക്ഷയിൽ സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ മേൽനടപടികൾ സ്വീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീം പ്രകാരം കായിക വികസനത്തിനായി ധനസഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി ചാലക്കുടി സേക്രട്ട് ഹേർട്ട് കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അപേക്ഷ കോളേജ് പ്രിൻസിപ്പലിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## കായിക വികസന പദ്ധതികൾ

142(3836) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദ്ദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുവാൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പൊതുജനാരോഗ്യ സംരക്ഷണത്തിനായി കായികരംഗത്തെ ഉപയോഗിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) കേരള കായിക ക്ഷമതാ മിഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അന്തർദ്ദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്തുവാൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി, 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി ചുവടെ പറയുന്ന സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും നിർമ്മിക്കുകയും/നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
2. പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം
3. അഗ്രികൾച്ചർ കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി
4. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം
5. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം
6. എൽ.എൻ.സി.പി.ഇ. കാര്യവട്ടം, സൈക്കിൾ വെലോഡ്രോം
7. യൂണിവേഴ്സിറ്റി സ്റ്റേഡിയം, പാളയം
8. സ്ക്വാഷ് കോർട്ട്, പാളയം
9. ടെന്നീസ് കോർട്ട്, കുമാരപുരം
10. ഗ്രീൻഫീൽഡ് സ്റ്റേഡിയം
11. ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം
12. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം

13. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി
14. ലോൺ ബോൾ കോർട്ട്, ആർ.എസ്.സി. കൊച്ചി
15. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ
16. തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
17. വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
18. ട്രാപ്പ് ആന്റ് സ്കേറ്റ്, പോലീസ് അക്കാഡമി, തൃശ്ശൂർ
19. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്
20. വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
21. കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട്
22. മുണ്ടയാട് സ്പോർട്സ് കോംപ്ലക്സ്, കണ്ണൂർ
23. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്

കൂടാതെ, കേരളത്തിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ പരിശീലന ഗ്രൗണ്ടായിരുന്ന പനമ്പള്ളി നഗർ സ്പോർട്സ് കോംപ്ലക്സും ടി മത്സര വേദിയായ കല്ലൂർ സ്പോർട്സ് കോംപ്ലക്സും അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമാക്കി നവീകരിച്ചിട്ടുണ്ട്.

അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിന് അനുയോജ്യമായ തൃശ്ശൂർ സ്വിമ്മിംഗ് പൂളിലും പുനരുദ്ധാരണ പ്രവൃത്തികൾ ധൃതഗതിയിൽ നടന്നുവരുന്നു.

(ബി & സി) ഉണ്ട്. കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമത മിഷൻ".

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.

- നഴ്സറി മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ
- 8-ാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലം
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെ

ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചുകഴിഞ്ഞു.

വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(ഡി) ഉണ്ട്. പി.എസ്.സി. നിയമനങ്ങളിൽ കായിക താരങ്ങൾക്ക് 1% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## സ്പോർട്സ് കൗൺസിലിന് കീഴിലെ കായിക അസോസിയേഷനുകൾ

143(3837) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോട്സ് കൗൺസിലിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കായിക അസോസിയേഷനുകൾ നിലവിൽ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അസോസിയേഷനുകൾക്ക് കഴിഞ്ഞ 2 വർഷം എത്ര തുകവീതം ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത അസോസിയേഷനുകൾ എല്ലാം തന്നെ വാർഷിക കണക്കുകൾ സ്പോട്സ് കൗൺസിലിന് സമർപ്പിക്കാറുണ്ടോ; എങ്കിൽ സമർപ്പിക്കാത്ത അസോസിയേഷനുകൾക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്പോർട്സ് ആക്ടിനും അതിൻകീഴിലുള്ള ചട്ടങ്ങൾക്കും വിധേയമായി 41 സംസ്ഥാന അസോസിയേഷനുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ലാ സ്പോർട്സ് അസോസിയേഷനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 34 |
| കൊല്ലം | 41 |
| പത്തനംതിട്ട | 35 |
| ആലപ്പുഴ | 33 |
| കോട്ടയം | 25 |
| ഇടുക്കി | 33 |
| എറണാകുളം | 39 |
| തൃശ്ശൂർ | 32 |
| പാലക്കാട് | 36 |
| മലപ്പുറം | 41 |
| കോഴിക്കോട് | 37 |
| കണ്ണൂർ | 33 |
| വയനാട് | 39 |
| കാസർഗോഡ് | 17 |

(ബി) പ്രസ്തുത അസോസിയേഷനുകൾക്ക് 2016-17 സാമ്പത്തിക വർഷം 3,52,51,631 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 2,84,49,903 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അംഗീകാരമുള്ള എല്ലാ സംസ്ഥാന അസോസിയേഷനുകളും ആന്വൽ റിപ്പോർട്ടും ആഡിറ്റഡ് സ്റ്റേറ്റ്മെന്റും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം 2016-17 സാമ്പത്തിക വർഷത്തിലെ ആന്വൽ റിപ്പോർട്ട് കൗൺസിലിൽ സമർപ്പിക്കാത്ത സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭ്യമായശേഷം ആയത് പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ

144(3838) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്പോർട്സ് കൗൺസിലിൽ എത്ര നിയമനങ്ങൾ ഏതൊക്കെ തസ്തികകളിലാണ് നടത്തിയതെന്ന് വ്യക്താമാക്കുമോ;

(ബി) സ്പോർട്സ് കൗൺസിലിൽ നടത്തിയ നിയമനങ്ങളിൽ കായിക താരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) സ്പോർട്സ് കൗൺസിലിൽ നടത്തുന്ന താത്ക്കാലിക നിയമനങ്ങളിൽ സ്പോർട്സ് താരങ്ങൾക്ക് പരിഗണന നൽകാറുണ്ടോ.; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താൽക്കാലിക നിമയനം

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്യൂരിറ്റി | 7 |
| 2 | പ്യൂൺ | 1 |
| 3 | സ്വീപ്പർ | 7 |
| 4 | ഹെൽപ്പർ | 1 |
| 5 | കെയർ ടേക്കർ | 2 |
| 6 | അസിസ്റ്റന്റ് കെയർ ടേക്കർ | 1 |
| 7 | പ്ലാന്റ് ഓപ്പറേറ്റർ | 1 |
| 8 | പമ്പ് ഓപ്പറേറ്റർ | 1 |
| 9 | മാർക്കർ | 2 |
| 10 | ക്ലീനർ | 1 |
| 11 | ഓഫീസ് അസിസ്റ്റന്റ് | 1 |
| 12 | എൽ.ഡി.സി. | 1 |
| 13 | ഡേറ്റാ എൻട്രി | 1 |
| 14 | വാർഡൻ | 12 |
| 15 | ട്രെയിനർ | 30 |
| 16 | ഡ്രൈവർ | 2 |

കൂടാതെ, ഓപ്പറേഷൻ ഒളിമ്പ്യയുടെ ഭാഗമായി പദ്ധതി നടത്തിപ്പിനായി 1 പ്രോജക്ട് അസിസ്റ്റന്റ്, 4 വെന്യൂ അസിസ്റ്റന്റ് എന്നിവർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. സ്പോർട്സ് കൗൺസിലിൽ നടത്തുന്ന താൽക്കാലിക നിയമനങ്ങളിൽ കായിക താരങ്ങൾക്ക് പരിഗണന നൽകാറുണ്ട്.

## ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ്

145(3839) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുള്ള ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് കോൺട്രാക്ടറെ വിത്തൗട്ട് റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറുന്നതിന് വേണ്ട നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനുവേണ്ടി സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ഡി) സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുദ്ദേശിക്കുന്ന സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയിലെ പ്രതിനിധികളുമായി ചേർന്ന് സന്ദർശിച്ചിരുന്നു. പദ്ധതി പ്രദേശത്ത് പൊതുമരാമത്ത് വകുപ്പ് നടത്തി വന്നിരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതായി 21-4-2018-ലെ സ.ഉ.(ആർ.റ്റി) നമ്പർ 724/2018/ പി.ഡബ്ല്യു.ഡി പ്രകാരം ഉത്തരവായതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാനുള്ള നിർദ്ദേശം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടേയും സാങ്കേതിക സമിതിയുടേയും അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറ്റത്തിനായി ധാരണാപത്രം ഒപ്പിടുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

## നേമം മണ്ഡലത്തിലെ പുതിയ സ്റ്റേഡിയം

146(3840) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ എസ്റ്റേറ്റ് വാർഡിൽ സത്യൻ നഗർ പ്രദേശത്ത് ആധുനിക സംവിധാനത്തോട് കൂടിയുള്ള ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ സത്യൻനഗർ പ്രദേശത്ത് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയതിനാൽ ഖേലോ ഇന്ത്യ ഓപ്പറേഷണൽ ഗൈഡൻസ് മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ വിശദമായ പ്രൊപ്പോസൽ കായിക യുവജനകാര്യ ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയം

147(3841) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളിൽ സ്റ്റേഡിയം ഇല്ല എന്നത് വ്യക്തമാക്കാമോ;

(സി) സ്റ്റേഡിയം ഇല്ലാത്ത പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കാൻ സർക്കാരിന് എന്തെങ്കിലും പദ്ധതി ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എല്ലാ പഞ്ചായത്തിലും കളിക്കളം എന്ന പദ്ധതിയിലൂടെ കിഫ്ബിയിൽ ഉൾപ്പെടുത്തി 41 സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

148(3842) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ, കാട്ടാക്കട, പള്ളിച്ചൽ എന്നിവിടങ്ങളിലെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധോദ്ദേശ്യ വിനോദങ്ങൾക്കായുള്ള കളിസ്ഥലങ്ങൾ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ& ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ആയിരുന്നു. എന്നാൽ മതിയായ ഫണ്ട് പ്രസ്തുത പദ്ധതിയിലേയ്ക്ക് വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. കാട്ടാക്കട മണ്ഡലത്തിലെ അമ്പലത്തിൻകാലയിൽ മൾട്ടിപർപ്പസ് സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

## തിരുവമ്പാടി സ്റ്റേഡിയം

149(3843) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന തിരുവമ്പാടി സ്റ്റേഡിയത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രവൃത്തിയുടെ ഭരണാനുമതി എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) തിരുവമ്പാടി സ്റ്റേഡിയത്തിനുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റേഡിയങ്ങൾ

150(3844) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ അനുമതി ലഭിച്ച എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റേഡിയങ്ങളുടെ ആകെ എണ്ണമെത്ര; വിശദവിവരം നൽകുമോ; ഇതിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കിഫ്ബിയുടെ അംഗീകാരം ലഭിച്ച 21 പദ്ധതികളിൽ താഴെപ്പറയുന്ന 6 സ്റ്റേഡിയങ്ങൾക്ക് എസ്.പി.വി.-യായ കിറ്റ്കോ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

1. ഇ.എം.എസ്. സ്റ്റേഡിയം, നീലേശ്വരം
2. ജിനചന്ദ്ര സ്റ്റേഡിയം, വയനാട്
3. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. പാലക്കാട്
4. ഇടപ്പാൾ ഗവൺമെന്റ് എച്ച്.എസ്.എസ്. മലപ്പുറം
5. വി.ആർ.കൃഷ്ണയ്യർ സ്റ്റേഡിയം, തലശ്ശേരി
6. കൊട്ടമൺ പഞ്ചായത്ത് സ്റ്റേഡിയം.

കരാർ നൽകിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. താഴെപ്പറയുന്ന 4 പദ്ധതിളുടെ ടെണ്ടറുകൾ പൂർത്തിയായി സാങ്കേതിക പരിശോധന കിറ്റ്കോ നടത്തിവരുന്നു:

1. തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
2. മാനവേദൻ ജി.എച്ച്.എസ്.എസ്. മിനി സ്റ്റേഡിയം, നിലമ്പൂർ
3. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, ആലപ്പുഴ
4. അടൂർ മുനിസിപ്പൽ സ്റ്റേഡിയം.

ബാക്കിയുള്ള പദ്ധതികൾ കിഫ്ബിയുടേയും സാങ്കേതിക സമിതിയുടേയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടറിംഗ് ഉൾപ്പെടെയുള്ള നിർമ്മാണഘട്ട പ്രവർത്തികളിലേയ്ക്ക് കടക്കുന്നതാണ്.

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയങ്ങളും നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

കൂടാതെ 2016-17-ലെ മറുപടി പ്രസംഗത്തിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 മിനിസ്റ്റേഡിയങ്ങളുടെ നിർമ്മാണവും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 47 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**ഇൻഡോർ സ്റ്റേഡിയം**

151(3845) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ വിഭാവനം ചെയ്തെല്ലാ ജില്ലകളിലും ഒരു ഇൻഡോർ സ്റ്റേഡിയം എന്ന പ്രഖ്യാപനപ്രകാരം എത്ര ജില്ലകളിൽ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നത് ജില്ല, നിയോജകമണ്ഡലം എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) മറ്റ് ജില്ലകളിൽ ഇവയുടെ നിർമ്മാണം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ ഒരു ജില്ലാ സ്റ്റേഡിയത്തിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) 14 ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടിക്രമത്തിലെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു:

| ജില്ലാ സ്റ്റേഡിയം | സ്ഥിതി വിവരം |
|---|---|
| (1) | (2) |
| തിരുവനന്തപുരം (ഇടവ, വർക്കല നിയോജക മണ്ഡലം). | ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടെണ്ടറുകളുടെ സാങ്കേതിക പരിശോധന എസ്.പി.വി.-യായ കിറ്റ്കോ നടത്തി വരുന്നു |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) |
| --- | --- |
| തൃശ്ശൂർ (ലാലൂർ, തൃശ്ശൂർ നിയോജക മണ്ഡലം) | കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| കണ്ണൂർ (മുണ്ടയാട്, കണ്ണൂർ നിയോജക മണ്ഡലം) | ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| ആലപ്പുഴ (ചെങ്ങന്നൂർ നിയോജക മണ്ഡലം), കോട്ടയം | സ്റ്റേഡിയം നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| പത്തനംതിട്ട, ഇടുക്കി, കൊല്ലം, എറണാകുളം, പാലക്കാട് | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |
| മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് | ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

## സ്പോർട്സ് യൂണിവേഴ്സിറ്റി സെന്റർ

152(3846) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) നിലവിലുള്ള കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി പുനഃക്രമീകരിക്കുന്നതിനും കായിക പഠന നിലവാരം ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) തിരുവനന്തപുരത്തോ മറ്റ് ജില്ലകളിലോ കേന്ദ്ര കായിക സർവ്വകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നിലവിലുള്ള പാഠ്യപദ്ധതി ഫലപ്രാപ്തിയെ സംബന്ധിച്ച ഗവേഷണ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയിലെ നിലവിലുള്ള പോരായ്മകൾ കണ്ടെത്തി അവ പരിഹരിച്ച് നൂതനമായ ഒരു പാഠ്യപദ്ധതി രൂപീകരിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

## ഗ്രന്ഥശാലകളോടനുബന്ധിച്ചുള്ള സ്പോർട്സ് ക്ലബ്ബുകൾക്ക് ആനുകൂല്യങ്ങൾ

153(3847) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സ്പോർട്സ് ക്ലബ്ബുകൾക്ക് നൽകുന്നതുപോലെ സംസ്ഥാന ലൈബ്രറി കൗൺസിൽ അഫിലിയേഷനുള്ള ഗ്രന്ഥശാലകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്കും പ്രവർത്തന സഹായങ്ങളും ഉപകരണങ്ങളും നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്പോർട്സ് വകുപ്പിന്, ഗ്രന്ഥശാലകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ വ്യവസ്ഥകളുണ്ടോ;

(സി) ഗ്രന്ഥശാലകളോട് അനുബന്ധിച്ച് പുതിയ സ്പോർട്സ് ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് ആനുകൂല്യങ്ങൾ കിട്ടുന്നതിനും സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് കായിക വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. ധനസഹായം അനുവദിക്കുന്നത് ക്ലബ്ബുകളുടെ അഫിലിയേഷന്റെ അടിസ്ഥാനത്തിലല്ല. കായിക അസോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, നെഹ്റു യുവ കേന്ദ്ര എന്നിവയിലേതിലെങ്കിലും അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകൾക്ക് മുൻഗണന നൽകുന്നുണ്ട്. കായിക വികസനവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബുകൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്.

(സി) ക്ലബ്ബുകളും സന്നദ്ധ സംഘടനകളും ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ തലേവർഷം വരെ പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. കൂടാതെ കായിക ഇനങ്ങളുമായി ബന്ധപ്പെട്ട ഒരു പരിപാടിയെങ്കിലും തലേവർഷം നടത്തിയിരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. വ്യക്തമായ എസ്റ്റിമേറ്റുകൾ സഹിതമാണ് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.

**ഗ്രീൻ യൂത്തെന്ന പേരിൽ സന്നദ്ധ പ്രവർത്തകർ**

154(3848) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്കമ്മീഷൻ ഗ്രീൻ യൂത്തെന്ന പേരിൽ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കുന്നുണ്ടോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് യുവജനങ്ങളെ തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സന്നദ്ധ പ്രവർത്തകർക്ക് എന്തൊക്കെ പരിശീലനമാണ് നൽകുന്നത്;ഇവർക്ക് അനുവദിക്കുന്ന ഓണറേറിയത്തിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവ തടയുന്നതിനും റോഡ് സുരക്ഷ സംബന്ധിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായും പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിനെക്കുറിച്ച് ബോധവൽകരണം നടത്തുന്നതിനായും യുവജനങ്ങളെ തെരഞ്ഞെടുക്കുന്നുണ്ട്.

(സി) 'ഗ്രീൻ യൂത്ത്' സന്നദ്ധ പ്രവർത്തകർക്ക് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പരിശീലനമാണ് നൽകുന്നത്. പ്രതിമാസം 5,000 രൂപയാണ് സന്നദ്ധ പ്രവർത്തകർക്ക് അനുവദിക്കുന്ന ഓണറേറിയം.

## പാലക്കാട് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ

155(3849) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ യുവജനക്ഷേമ ബോർഡ് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് മണ്ഡലാടിസ്ഥാനത്തിൽ ചെലവായ തുക സഹിതം വ്യക്തമാക്കാമോ?

ഉത്തരം

കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ വനിതാ ശില്പശാല, പി.എസ്.സി. പരിശീലന പദ്ധതി, യുവജനദിനാഘോഷം, യുവക്ലബ് രൂപീകരണങ്ങൾ, യോഗ ക്യാമ്പ്, ആർട് ഡി ടൂർ, യൂത്ത് ബ്രിഗേഡ് (പ്രകൃതി സംരക്ഷണ സേന) എന്നീ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2017-ലെ സംസ്ഥാന കേരളോത്സവം പാലക്കാട് ജില്ലയിൽ വച്ചാണ് സംഘടിപ്പിച്ചത്. ഈ സർക്കാർ വന്നതിനുശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പാലക്കാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം മണ്ഡലാടിസ്ഥാനത്തിലുള്ളത് അനുബന്ധമായി ചേർക്കുന്നു.*

## യുവജനക്ഷേമം

156(3850) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജന ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) യുവജനങ്ങളുടെ തൊഴിൽ സാധ്യതയ്ക്കും ക്ഷേമത്തിനുമായി ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, യുവജനകമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധ മേഖലകളിലേയ്ക്ക് തിരിച്ചുവിടുന്ന പ്രവർത്തനങ്ങളുമാണ് കൈക്കൊണ്ടുവരുന്നത്.

കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായരകരാമകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രധാനമായും കേരളോത്സവം, നാടകോത്സവം, ദേശീയ നാടൻകലാമേള, ചിത്രകലാക്യാമ്പ്, ഇന്റർ നാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വനിതാ കാർട്ടൂൺ ക്യാമ്പ്, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ആർട്ട് ഡി ടൂർ മുതലായവ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കണ പരിപാടികൾ, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, പി.എസ്.സി. പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, ജോബ്ഫെസ്റ്റ് എന്നിവയും സംഘടിപ്പിക്കുന്നു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

യുവജനങ്ങൾക്കുവേണ്ടി യൂത്ത് അവാർഡ് സാഹസിക ഫോട്ടോഗ്രാഫി അവാർഡ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലുമുള്ള ബോധവത്ക്കരണ പരിപാടികൾ

2. അദാലത്ത്/ഹിയറിംഗ്

3. ദേശീയ സെമിനാർ/ജില്ലാതല സെമിനാറുകൾ/സിമ്പോസിയം, ശില്പശാല

4. യൂത്ത് ഐക്കൺ പദ്ധതി

5. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യപരിപാലനം

6. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ

7. സാംസ്കാരിക വിനിമയ പദ്ധതി

8. ഫെസിലിറ്റേഷൻ പ്രോഗ്രാം

എ) മഹിളാ മന്ദിര നിവാസികളായ സ്ത്രീകൾക്കുള്ള പരിശീലനം

ബി) ഗ്രീൻ യൂത്ത് പദ്ധതി

സി) വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

9. ദേശീയ യുവജനദിനം

(ബി) യുവജനങ്ങളുടെ തൊഴിൽ സാധ്യതയ്ക്കും ക്ഷേമത്തിനുമായി 2018-19 സാമ്പത്തിക വർഷം പി.എസ്.സി. പരിശീലനം, സംരംഭകത്വ വികസന സെമിനാർ, തൊഴിൽ പരിശീലനം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഒരു ജോബ് ഫെസ്റ്റും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**യുവജനക്ഷേമ ബോർഡ് പ്രവർത്തനങ്ങൾ**

157(3851) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ വർഷത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) യുവജനക്ഷേമത്തിനായി തയ്യാറാക്കപ്പെട്ട പ്രധാന പദ്ധതികളിൽ അംഗീകാരം ലഭിച്ചതും ഭരണാനുമതി നൽകപ്പെട്ടതുമായവ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അനുവദിച്ച ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ വർഷം സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്താനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ?

## ഉത്തരം

(എ) കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപംനൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രധാനമായും കേരളോത്സവം, ദേശീയ നാടൻകലാമേള, സംരംഭകത്വ വികസന ശില്പശാല, യുവ സാഹിത്യ ക്യാമ്പ്, പി.എസ്.സി. പരീക്ഷാ പരിശീലനം, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ജോബ്ഫെസ്റ്റ് എന്നിവയും ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.

യുവജനങ്ങൾക്കുവേണ്ടി യൂത്ത് അവാർഡ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡിന് കേരളോത്സവം, വജ്രയുവത്വം, യുവശക്തി, ആസ്ഥാനമന്ദിര നിർമ്മാണ പ്രവർത്തനങ്ങൾ, മറ്റ് ക്ഷേമ വികസന പരിപാടികൾ, യുവാക്ലബ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. 16,48,35,000 രൂപയ്ക്ക് ഭരണാനുമതി നൽകിയ ടി പദ്ധതികളുടെ നടത്തിപ്പിനായി 1260 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രധാനമായും

കേരളോത്സവം, നാടകോത്സവം ദേശീയ നാടൻകലാമേള, ചിത്രകലാക്യാമ്പ്, ഇന്റർ നാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വനിതാ കാർട്ടൂൺ ക്യാമ്പ്, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ആർട്ട് ഡി ടു മുതലായവ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, പി.എസ്.സി. പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, ജോബ് ഫെസ്റ്റ് എന്നിവയും സംഘടിപ്പിക്കുന്നു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികളും നടപ്പിലാക്കുന്നുണ്ട്.

യുവജനങ്ങൾക്കുവേണ്ടി യൂത്ത് അവാർഡ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നു.

## സ്പോർട്സ്-യുവജനകാര്യവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

158(3852) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സ്പോർട്സ്-യുവജനകാര്യവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയിൽ കായിക യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കിഫ്ബി

2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിൽ ഒരു മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും എറണാകുളം, എളംകുന്നപ്പുഴയിൽ ഒരു പഞ്ചായത്ത്

സ്റ്റേഡിയവും കോതമംഗലത്ത് ചേലാട് സ്റ്റേഡിയവും നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ ജില്ലാ സ്റ്റേഡിയം എറണാകുളം മേക്കരയിൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2. <u>പ്ലേ ഫോർ ഹെൽത്ത്</u>

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച പ്ലേ ഫോർ ഹെൽത്ത് പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ കുണ്ടൂർ ഗവ.ജെ.ബി.എസ്.-ൽ നടപ്പിലാക്കുന്നതാണ്.

3. <u>ഗ്രാസ്സ് റൂട്ട് ട്രെയിനിംഗ് പ്രോഗ്രാം ഫോർ ഫുട്ബോൾ</u>

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനായി ആവിഷ്കരിച്ച ഫുട്ബോൾ പരിശീലന പദ്ധതി എറണാകുളം ജില്ലയിലെ എളംകുന്നപ്പുഴ ഗവ.എച്ച്.എസ്.എസ്.-ൽ നടപ്പിലാക്കുന്നതാണ്.

4. എറണാകുളം, എളമക്കര കോർപ്പറേഷൻ സ്റ്റേഡിയത്തിൽ മഡ് ഫുട്ബോൾ കോർട്ട്, വാക്ക് വേ എന്നിവ നിർമ്മിക്കുന്നതിന് 59 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. സ്കൂളുകൾക്കും മറ്റ് ഫോർ ലൈൻ സിന്തറ്റിക് ട്രാക്കുകളും മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം കോതമംഗലത്ത് പാലാരിമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം പരിഗണനയിലുണ്ട്.

**ഊർജ്ജസേവന കേന്ദ്രം**

159(3853) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. സംസ്ഥാനത്ത് 140 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ അനെർട്ട് തീരുമാനിച്ചിട്ടുണ്ട്.

## മഴക്കാലത്തെ വൈദ്യുതി തടസ്സം

160(3854) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റും മഴയും ഉണ്ടായതിനെത്തുടർന്ന് മേയ്, ജൂൺ മാസങ്ങളിൽ ഒന്നിൽ കൂടുതൽ മണിക്കൂർ വൈദ്യുതി തടസ്സമുണ്ടായ പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാറ്റിലും മഴയിലും വൈദ്യുതി തൂണുകൾ കടപുഴകി വീണും മരം വീണും കമ്പികൾ പൊട്ടിയുമാണ് വൈദ്യുതി തടസ്സമുണ്ടാകുന്നതെന്നതിനാൽ കാലങ്ങളായി അനുഭവപ്പെടുന്ന ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമായി എന്ത് നടപടികളാണ് മുന്നിൽ കാണുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) അണ്ടർ ഗ്രൗണ്ട് കേബ്ളിംഗ് ഉള്ള പ്രദേശങ്ങളിലും മഴക്കാലത്ത് വൈദ്യുതി തടസ്സമുണ്ടാകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് നഗരത്തിൽ എവിടെയെല്ലാമാണ് അണ്ടർ ഗ്രൗണ്ട് കേബ്ളിംഗ് ഉള്ളതെന്നും അവിടങ്ങളിൽ ഇത്തവണ വൈദ്യുതി തടസ്സം ഉണ്ടായിരുന്നോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) മേയ്, ജൂൺ മാസങ്ങളിൽ ഒന്നിൽ കൂടുതൽ മണിക്കൂർ വൈദ്യുതി തടസ്സമുണ്ടായതായി ശ്രദ്ധയിൽപ്പെട്ട പ്രദേശങ്ങളുടെ സെക്ഷൻ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓവർ ഹെഡ് ലൈനുകൾക്ക് പകരം ഭൂഗർഭ കേബിളുകൾ, മറ്റ് കവചിത ചാലകങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വ്യാപകമായ വൈദ്യുതി തടസ്സത്തിന് ഒരു പരിധിവരെയെങ്കിലും ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. എന്നാൽ വിതരണ ശൃംഖലയിലുടനീളം ഇത്തരം സംവിധാനങ്ങൾ സ്ഥാപിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാൽ പ്രായോഗികമല്ല. കൂടാതെ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുമ്പോഴും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളപ്പോഴും വിവിധ സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഘട്ടംഘട്ടമായി അവശ്യ മേഖലകളിൽ മാത്രമാണ് ഇപ്പോൾ അവ സ്ഥാപിച്ചുവരുന്നത്. RAPDRP-പദ്ധതി നടപ്പിലാക്കി വരുന്ന എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലെ പ്രദേശങ്ങളിലും മറ്റ് 40 ടൗണുകളിലും ഭാഗീകമായി അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനം നിലവിൽ നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2021-ഓടുകൂടി സുരക്ഷിതവും കാര്യക്ഷമവും തടസ്സരഹിതവുമായ വൈദ്യുതി കേരളത്തിലുടനീളം ലഭ്യമാക്കുന്നതിന് എച്ച്.റ്റി.ശൃഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, എ.ബി.സി., ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, ഫോർട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ, സെക്ഷനൈസറുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് തകരാറുകൾ കണ്ടെത്തി ധ്രുതഗതിയിൽ വൈദ്യുതി പുനഃസ്ഥാപിക്കുക, വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയു ചെയ്തിട്ടുണ്ട്. വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് 935 കിലോമീറ്റർ HT ABC, 2380 കിലോമീറ്റർ LT ABC എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 11 കെ.വി.-യിൽ ആണ് അണ്ടർഗ്രൗണ്ട് കേബിളുകൾ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ളത്. 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിളുകൾ വഴി ട്രാൻസ്ഫോർമറുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്ന സ്ഥലങ്ങളിൽ പോലും ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള എൽ.റ്റി. ഓവർ ഹെഡ് ലൈനുകളിൽ സംഭവിക്കുന്ന തകരാറുമൂലം ഈ പ്രദേശങ്ങളിൽ വൈദ്യുതി തടസ്സം ഉണ്ടാകാറുണ്ട്. കൂടാതെ പ്രസരണ ശൃംഖലയിലെ തകരാറുമൂലവും വൈദ്യുതി തടസ്സം ഉണ്ടാകാറുണ്ട്.

(ഡി) കാസർഗോഡ് നഗരത്തിൽ കറന്തക്കാട് മുതൽ പുതിയ ബസ് സ്റ്റാന്റ് വരെയും പുതിയ ബസ് സ്റ്റാന്റ് മുതൽ ഫോർട്ട് റോഡ് വഴി കോൺവെന്റ് (റെയിൽവേ സ്റ്റേഷനുസമീപം) വരെയും, പുലിക്കുന്ന് മുതൽ സിറാമിക്സ് വഴി തെരുവത്ത് വരെയും, കറന്തക്കാട് മുതൽ കെ.സി.സി. ബാങ്ക് വരെയുമാണ് അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിച്ചിട്ടുള്ളത്. അണ്ടർഗ്രൗണ്ട് കേബിളിന്റെ തകരാറുമൂലം പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി തടസ്സപ്പെട്ടിട്ടില്ല. എന്നാൽ അവിടേയ്ക്ക് വൈദ്യുതി എത്തിക്കുന്ന ഓവർഹെഡ് ലൈനുകളുടെ തകരാറുമൂലം വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്.

## സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റ്

161(3855) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) BO(CMD) No.1387/2018(CSC/Safety/2018-19) തിരുവനന്തപുരം, തീയതി 30-5-2018 എന്ന ബോർഡ് ഉത്തരവ് പ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ലെ റെഗുലേഷൻ 6 ആന്റ് 7 അനുസരിച്ചുള്ള യോഗ്യതാ മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്ത 153 അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്കും 353 സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്കും സി.ഇ.എ. അംഗീകൃത ട്രെയിനിംഗ് സെന്ററുകളിൽ പ്രസ്തുത റെഗുലേഷനിൽ പറഞ്ഞിരിക്കുന്ന സിലബസ് പ്രകാരമുള്ള ട്രെയിനിംഗുകൾ നൽകി അതുവഴി അവർക്ക് പ്രസ്തുത റെഗുലേഷൻ അനുശാസിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് നൽകുവാൻ സർക്കാരിനോട് അനുവാദം ചോദിച്ചിട്ടുണ്ടോ; സർക്കാർ ഇതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് പ്രസ്തുത റെഗുലേഷൻ അനുസരിച്ചുള്ള യോഗ്യതയ്ക്ക് തുല്യമാണെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ അനുമതി കിട്ടിയിട്ടുണ്ടോ;

(സി) പ്രസ്തുത റെഗുലേഷൻ അനുശാസിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ടോ;

(ഡി) പ്രസ്തുത ബോർഡ് ഉത്തരവ്, റെഗുലേഷൻ അനുസരിച്ചുള്ള യോഗ്യത ഇല്ലാത്ത 153 അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്കും 353 സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്കും മാത്രമായിട്ട് പരിമിതപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബോർഡ് ഉത്തരവിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുമോ;

(ഇ) ഇപ്രകാരം അടിസ്ഥാന ഡിഗ്രിയോ, ഡിപ്ലോമയോ ഇല്ലാതെ യോഗ്യതാ സർട്ടിഫിക്കറ്റ് നേടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരെയും സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരെയും ഉയർന്ന തസ്തികകളിലേക്കുള്ള പ്രൊമോഷന് പരിഗണിക്കുമോ; പ്രസ്തുത റെഗുലേഷൻ അനുശാസിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ ഇല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്കും സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്കും പ്രസ്തുത യോഗ്യതാ സർട്ടിഫിക്കറ്റ് നേടുന്നതുവരെ ഫീൽഡിലെ ജോലികൾ ചെയ്യുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) അത്തരത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻ 2010, വകുപ്പ് 116 പ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങളിൽ സംസ്ഥാന സർക്കാരിന് ഇളവ് വരുത്തുവാനുള്ള അധികാരം ഉണ്ട്.

(ഡി) നിലവിൽ 153 അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും 357 സബ് എഞ്ചിനീയർമാർക്കുമാണ് സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേഷൻ അനുശാസിക്കുന്ന യോഗ്യത ഇല്ല എന്ന് കണ്ടെത്തിയിരിക്കുന്നത്. ഇത് തന്നെയാണ് 30-5-2018-ലെ ബോർഡ് ഉത്തരവിലും സൂചിപ്പിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ എണ്ണത്തിൽ കൂടുതൽ ജീവനക്കാർക്ക് പ്രസ്തുത യോഗ്യത ഇല്ലെന്ന് ഭാവിയിൽ കണ്ടെത്തിയാൽ അവർക്ക് കൂടി തൊഴിലധിഷ്ഠിത ട്രെയിനിംഗ് നൽകുന്നതിനായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) വൈദ്യുതി ബോർഡിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് സർക്കാർ/ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകാരത്തോടെ അടിസ്ഥാന യോഗ്യത നിശ്ചയിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം ആയതിനാലും അവർക്ക് നിലവിൽ പ്രൊമോഷന് മാനദണ്ഡങ്ങൾ ഉള്ളതിനാലും അവരുടെ പ്രൊമോഷനുകൾ തടഞ്ഞുവയ്ക്കാൻ വൈദ്യുതി ബോർഡിന് നിർവ്വാഹമില്ല. എന്നാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ചില വ്യവസ്ഥകൾ ഇതിന് വിഘാതമായി നിൽക്കുന്നു എന്നത് ഒരു വസ്തുതയാണ്. ആയതിനാൽ ഇതിന്റെ നിയമവശങ്ങൾ പരിശോധിച്ച് മാത്രമേ ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ വൈദ്യുതി ബോർഡ് സ്വീകരിക്കുകയുള്ളൂ.

**സംസ്ഥാനത്തിന്റെ വികസനത്തിൽ കെ.എസ്.ഇ.ബി. -യുടെ പങ്ക്**

162(3856) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ വൈദ്യുതി ബോർഡിന്റെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുന്നതിന് എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാനത്തിന്റെ അടുത്ത 10 വർഷത്തേയ്ക്ക് പ്രതീക്ഷിക്കാവുന്ന വൈദ്യുത ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് നേരിടുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ഡി) നിർമ്മാണം പുരോഗമിക്കുന്ന സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ വിവരങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹ്യ വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. സാമ്പത്തിക വളർച്ചയും മനുഷ്യവികസനവും ത്വരിതപ്പെടുത്തുന്നതിന് കാര്യക്ഷമവും ആശ്രയിക്കത്തക്കതുമായ ഊർജ്ജം മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നത് അത്യാവശ്യ ഘടകമാണ്. സംസ്ഥാനത്ത് ആവശ്യമായ ഊർജ്ജം മിതമായ നിരക്കിൽ ഗുണനിലവാരത്തോടെ ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നു. കേരളത്തിലെ ഊർജ്ജ വികസന പ്രവർത്തനങ്ങൾ ഭൂരിഭാഗവും മറ്റ് ഏജൻസികളുടെ സഹായത്തോടെ വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായ കെ.എസ്.ഇ.ബി. എൽ. സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നിവ നിർവ്വഹിക്കുന്നു. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഊർജ്ജ മേഖലയിൽ ഉല്പാദന പ്രസരണ വിതരണ മേഖലയിൽ 3000 കോടിയിലധികം മുതൽമുടക്കുള്ള പദ്ധതികളാണ് കെ.എസ്.ഇ.ബി. എൽ. നടത്തിവരുന്നത്.

(ബി) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിന് ആഭ്യന്തര ഉല്പാദന നിലയങ്ങളിൽനിന്നും ലഭ്യമാകുന്ന വൈദ്യുതിക്ക് പുറമേ കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി, സംസ്ഥാനത്തിന് പുറത്തുനിന്നും ദീർഘകാലകരാറുകൾ മുഖേന ലഭ്യമാക്കുന്ന വൈദ്യുതി, പവർ എക്സ്ചേഞ്ചുകൾ മുഖേന ലഭ്യമാക്കുന്ന വൈദ്യുതി എന്നിവയെ ആശ്രയിക്കുന്നു. സംസ്ഥാനത്തിനകത്തെ സ്വകാര്യ സംരംഭകരുടെ ഉല്പാദന നിലയങ്ങളിൽനിന്നും കെ.എസ്.ഇ.ബി. കരാറുകൾ മുഖേന വൈദ്യുതി വാങ്ങി വിതരണം നടത്തിവരുന്നു.

സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദന നിലയങ്ങൾ വഴി ഏകദേശം 30 ശതമാനത്തോളം മാത്രമേ പരമാവധി വൈദ്യുതോല്പാദനം സാധ്യമാകുന്നുള്ളൂ. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും നിലവിൽ നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. നവീകരിക്കാവുന്ന സ്രോതസ്സുകൾ വഴിയുള്ള ഉല്പാദനം പരമാവധി പ്രോത്സാഹിപ്പിക്കുന്നുണ്ട്. അടുത്ത മൂന്ന് വർഷംകൊണ്ട് 1000 മെഗാവാട്ട് സൗരവൈദ്യുതി, (500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ ഉൾപ്പെടെ) ലക്ഷ്യമിട്ടിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുന്നതിന് വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ വിവിധ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 19-ാമത് ഇലക്ട്രിക് പവർ സർവ്വെ റിപ്പോർട്ടിൽ അടുത്ത 10 വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ ഉപഭോഗം, വൈദ്യുത ആവശ്യകത എന്നിവ എന്തായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലെ വൈദ്യുത ആവശ്യകത 26770 ദശലക്ഷം യൂണിറ്റും 2026-27-ലെ വൈദ്യുത ആവശ്യകത 38756 ദശലക്ഷം യൂണിറ്റും ആയിരിക്കുമെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം നേരിടുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. പരിഗണനയിലുള്ള ജലവൈദ്യുത പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. നവീകരിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ വഴിയുള്ള ഉല്പാദനവും വർദ്ധിപ്പിക്കുന്നതാണ്. കേന്ദ്രപൂളിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ടുന്ന വൈദ്യുതി ഉറപ്പ് വരുത്തുന്നതുമാണ്.

(ഡി) കെ.എസ്.ഇ.ബി.എൽ.-ന് കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | കക്കയം | 3 | 10.39 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 3 | പെരിങ്ങൽക്കുത്ത് | 24 | 45.02 |
| 4 | പള്ളിവാസൽ | 60 | 153.9 |
| 5 | തോട്ടിയാർ | 40 | 99 |
| 6 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 |
| 7 | ചിന്നാർ | 24 | 76.45 |
| 8 | അപ്പർ കല്ലാർ | 2 | 5.14 |
| 9 | ചാത്തൻകോട്ടുനട-II | 6 | 14.76 |
| 10 | പഴശ്ശിസാഗർ | 7.5 | 25.16 |
| ആകെ | | 190.5 | 598.32 |

'ബൂട്ട്' (Build, Own, Operate and Transfer) അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് മത്സരദർഘാസിലൂടെ സർക്കാർ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

1. 8 MW ആനക്കാംപൊയിൽ (കോഴിക്കോട് ജില്ല) ഡിസംബർ 2018-നകം കമ്മീഷൻ ചെയ്യാവുന്ന വിധത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. 4.5 MW-ന്റെ അരിപ്പാറ പദ്ധതി (കോഴിക്കോട് ജില്ല) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മേയ് 2019-ഓടുകൂടി കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വിചാരിക്കുന്നു.

3. 'വോർട്ടക്സ്' സാങ്കേതിക വിദ്യയിൽ ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പിലാക്കുന്ന ഉയരവ്യത്യാസം അധികമില്ലാത്ത സ്ഥലങ്ങളിൽ

(കൃത്രിമമായി ചുഴി സൃഷ്ടിച്ച് ടർബയിൻ ഓടിക്കുന്ന രീതി) 20 KW-ന്റെ ഡെമോൺസ്ട്രേഷൻ പദ്ധതി തിരുവനന്തപുരം നഗരസഭാതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കിള്ളിയാറിൽ നടന്നുവരുന്നു. ഇതിൽ 10 KW-ന്റെ ഒരു ടർബയിനിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും പണികൾ പൂർത്തിയായി LT ഗ്രിഡിലേയ്ക്ക് സിംക്രണൈസ് ചെയ്യുന്നതിനായുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കെ.എസ്.ഇ.ബി. എന്നിവരുടെ പരിശോധനാ നടപടികൾ നടന്നുവരുന്നു.

**കെ.എസ്.ഇ.ബി. ജീവനക്കാരുടെ പുനർവിന്യാസം**

163(3857) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) കെ.എസ്.ഇ.ബി. -യിൽ പെൻഷൻ നൽകുന്നതിനായി മാസ്റ്റർ ട്രസ്റ്റിന്റെ രൂപീകരണം പൂർത്തിയാക്കണമെന്നും പ്രസ്തുത ട്രസ്റ്റിലേക്കുള്ള പലിശ വരുമാനം മാസം തോറും ക്രെഡിറ്റ് ചെയ്യണമെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് സമർപ്പിച്ച പഠന റിപ്പോർട്ടിൽ എന്തൊക്കെ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി. ഏർപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചത്;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുടെ എണ്ണവും ജോലി ഭാരവും അവലോകനം ചെയ്ത് പുനർവിന്യാസം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; 2017-18 സാമ്പത്തിക വർഷം എത്ര കുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിഞ്ഞു?

<u>ഉത്തരം</u>

(എ) 31-3-2018-ലെ താൽക്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. -ക്ക് 7526.49 കോടി രൂപയുടെ കടബാധ്യതയുണ്ട്.

ബോർഡിന്റെ റവന്യൂവരുമാനവും ചെലവും തമ്മിൽ നിലനിൽക്കുന്ന വിടവ് സാമ്പത്തിക പ്രയാസത്തിന് കാരണമായിട്ടുണ്ട്. എന്നാൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. മാസ്റ്റർ ട്രസ്റ്റ് വഴിയുള്ള പെൻഷൻ വിതരണം 1-1-2016 മുതൽ ആരംഭിക്കുകയുണ്ടായി. എന്നാൽ ട്രസ്റ്റിന് ഇൻകംടാക്സിന്റെ അംഗീകാരം കിട്ടാൻ വൈകിയതു നിമിത്തം കെ.എസ്.ഇ.ബി. ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിന് നൽകേണ്ട തുകയ്ക്കുള്ള ബോണ്ടുകളായ 10 ശതമാനം നിരക്കിലുള്ള 8144 കോടി രൂപയുടെ 20 വർഷക്കാലയളവുള്ള ബോണ്ടുകളും 9 ശതമാനം നിരക്കിലുള്ള 3751 കോടി രൂപയുടെ 10 വർഷക്കാലയളവുള്ള ബോണ്ടുകളും 1-4-2017-ൽ ആണ് പുറപ്പെടുവിച്ചത്. ബോണ്ടിന്റെ മുതലും പലിശയും ട്രസ്റ്റിൽ നിക്ഷേപിച്ച് തുടങ്ങിയിട്ടില്ല. എന്നാൽ പ്രതിമാസം പെൻഷൻ നൽകുന്നതിനാവശ്യമായ തുക ബോർഡിന്റെ അക്കൗണ്ടിൽനിന്നും മാസ്റ്റർ ട്രസ്റ്റിന് നൽകിവരുന്നു. കൂടാതെ 2017-18-ൽ ബോർഡ് ട്രസ്റ്റിന് നൽകേണ്ട വാർഷിക വിഹിതത്തിൽ പെൻഷൻ നൽകിയ തുക തട്ടിക്കിഴിച്ചിട്ടുള്ള ബാക്കി തുകയായ 518.74 കോടി രൂപ പലിശയുൾപ്പെടെ ട്രസ്റ്റിന് നൽകാനുള്ള നടപടിയെടുത്തുവരുന്നു.

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് സമർപ്പിച്ച പഠന റിപ്പോർട്ടിലെ പരിഷ്കാരങ്ങൾ പ്രധാനമായും ഇവയൊക്കെയാണ്.

- പ്രഖ്യാപിത പവർകട്ടുകൾക്ക് നിർദ്ദിഷ്ട സമയം (ഗാർഹിക ഉപഭോക്താക്കൾക്കും, വാണിജ്യ ഉപഭോക്താക്കൾക്കും വെവ്വേറെ സമയം) ഏർപ്പെടുത്തുക. പെയ്മെന്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കാവുന്ന വിവിധ അധിക സേവനങ്ങൾ ഏർപ്പെടുത്തുക, വാണിജ്യ സ്ഥാപനങ്ങൾക്ക് പകൽ സമയം പവർ ഉറപ്പ് വരുത്തുക.

- ഓഫീസ് കമ്മ്യൂണിക്കേഷൻ കമ്പ്യൂട്ടർ മുഖേന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. മീറ്റിംഗുകൾ വീഡിയോ കോൺഫറൻസ് മുഖാന്തരം നടത്തുക.

- ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകളെ ഡിവിഷൻ ഓഫീസുകളോടൊപ്പം കൂട്ടിച്ചേർക്കുക. ഡിവിഷൻ/സർക്കിൾ ഓഫീസ് തലങ്ങളിൽ ഘടനാപരമായി ചില മാറ്റങ്ങൾ വരുത്തുക.

- വ്യവസായതലത്തിൽ നിലനിൽക്കുന്ന വേതനത്തിന്റെയും ജീവനക്കാരുടെ മികവിന്റെയും അടിസ്ഥാനത്തിൽ ശമ്പളം, വേതനം ഇവ ക്രമീകരിക്കുന്നതിനുള്ള സംവിധാനം വേണമെങ്കിൽ പുറമെ നിന്നുള്ള ഏജൻസിയുടെ സഹായത്തോടെ നിർണ്ണയിക്കുക. വാർഷിക ഇൻക്രിമെന്റും ഉദ്യോഗ കയറ്റങ്ങളും സാമ്പത്തിക വർഷത്തെയോ കലണ്ടർ വർഷത്തെയോ അടിസ്ഥാനപ്പെടുത്തി നൽകുക.
- വിതരണ മേഖലയിൽ ബ്രേക്ക്-ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങളിൽ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുക.
- മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലുള്ള 876 ഒഴിവുകൾ നികത്തരുത്.
- ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ 2-ൽനിന്നും 1 ആയി ചുരുക്കുക.
- ബില്ലിംഗിന് പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ.) സംവിധാനം ഉപയോഗിക്കുന്നതിലൂടെയും വിവരസാങ്കേതികവിദ്യ ഉപയോഗി ക്കുന്നതിലൂടെയും നിലവിലുള്ള 2950 സീനിയർ അസിസ്റ്റന്റുമാരുടെ എണ്ണം 1/3 ആയി ചുരുക്കാൻ കഴിയും. പി.ഡി.എ. സംവിധാനം സാർവ്വത്രികമാക്കുക, തൊഴിൽപരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവശേഷി വിഭാഗത്തിലേയ്ക്ക് പുനർവിന്യസിക്കുക, ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് ആന്റ് ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക, ആശ്രിത നിയമനം വഴിയുള്ള ഓഫീസ് അറ്റൻഡന്റ്, ഫെയർകോപ്പി അസിസ്റ്റന്റ് ആന്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം ഉടൻ നിർത്തലാക്കുക.
- ഡ്രൈവർ, ഡ്ലപ്പുകാർ എന്നീ തസ്തികകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുക, ടി തസ്തികകളിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

- ആശ്രിത നിയമനത്തിനായി ഉദ്യോഗാർത്ഥികൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയ്ക്ക് ആവശ്യമായ യോഗ്യതാ പരിശീലനം നേടുവാനായി നിർദ്ദിഷ്ട കാലയളവിലേയ്ക്ക് വേതനത്തോടു കൂടിയ അവധി നൽകുക, ഉയർന്ന തുകയ്ക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി ആശ്രിത നിയമന വ്യവസ്ഥ പിൽക്കാലത്ത് നിർത്തലാക്കാവുന്നതാണ്.

- കായിക രംഗത്ത് സജീവകാലം പൂർത്തിയാക്കി കഴിഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാത്രം സ്പോർട്സ് ക്വാട്ടയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുക.

- സിവിൽ എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്താനായി ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുക.

- ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)-ന്റെ ഓഫീസ്, ബോർഡ് സെക്രട്ടറിയുടെ ഓഫീസ് ആന്റ് ചീഫ് പേഴ്സണൽ ഓഫീസറുടെ ഓഫീസ് എന്നിവയുടെ പ്രവർത്തനം സംയോജിപ്പിക്കുക.

- ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഉപഭോക്താവിന് അനുസൃതമായി ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തുക.

(ഡി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ 3-2-2018-ൽ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ്കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിവിധ സംഘടനകളുമായി ബോർഡുതലത്തിൽ ചർച്ച ചെയ്ത്, ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് കൃത്യമായി കുടിശ്ശിക നോട്ടീസുകൾ നൽകി ഇത് സംബന്ധിച്ചുള്ള അറിവ് നൽകുകയും തുടർന്നും വീഴ്ചവരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച് ഡിസ്മാന്റിൽ ചെയ്ത് റവന്യൂറിക്കവറി നടപടികളിൽ കൂടിയും പിരിച്ചെടുക്കുവാൻ ശ്രമം നടത്തുന്നുണ്ട്. ഇത് കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളിൽ കൂടിയും കുടിശ്ശിക നിവാരത്തിനുള്ള ശ്രമം നടത്തിവരുന്നു.

2017-18 സാമ്പത്തിക വർഷം 118,82,49,774 രൂപ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. -യിലെ പൊതു സ്ഥലംമാറ്റം

164(3858) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യിൽ പൊതു സ്ഥലംമാറ്റത്തിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) 2018 -ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ഉത്തരവിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നുള്ള ആരോപണത്തെത്തുടർന്ന് ഉത്തരവ് മരവിപ്പിക്കുകയുണ്ടായോ;

(സി) മഴക്കാലം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ മാനദണ്ഡങ്ങൾ പാലിക്കാതെ നടത്തുന്ന സ്ഥലംമാറ്റങ്ങൾ ബോർഡിന്റെ മഴക്കാല പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് പൊതു സ്ഥലമാറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ എല്ലാ സ്ഥലം മാറ്റങ്ങളും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായാണ് നടത്തുന്നത്. ടി മാനദണ്ഡ പ്രകാരം 2018-ലെ പൊതുസ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിലനിൽക്കുന്ന പ്രകൃതി ക്ഷോഭവും, കടുത്ത മഴയും കാരണം സ്ഥലം മാറ്റിയ ജീവനക്കാരെ വിടുതൽ ചെയ്യുന്നത് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ഡി) മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇപ്പോൾ പൊതുസ്ഥലംമാറ്റം നടത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. -ക്ക് വൈദ്യുതി കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ള തുക

165(3859) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -ക്ക് വൈദ്യുതി കുടിശ്ശിക ഇനത്തിൽ 2016-17, 2017-18 എന്നീ വർഷങ്ങളിൽ പിരിഞ്ഞുകിട്ടുവാനുണ്ടായിരുന്ന തുകയുടെ കണക്ക് വർഷംതിരിച്ച് വിശദീകരിക്കുമോ;

(ബി) ഇങ്ങനെ കുടിശ്ശിക വരുത്തിയിട്ടുള്ള തുകയിൽനിന്നും നാളിതുവരെ പിരിച്ചെടുത്ത തുകയുടെ വിശദാംശം നൽകുമോ;

(സി) സ്ഥിരമായി കുടിശ്ശിക വരുത്തുന്ന വൻകിട ഉപഭോക്താക്കൾക്കെതിരെ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് കുടിശ്ശിക ഇനത്തിൽ 2016-17 സാമ്പത്തിക വർഷം 2425.33 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 2414.89 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) ഇത്തരത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള തുകയിൽനിന്നും നാളിതുവരെ (2017-18) എച്ച്.റ്റി. വിഭാഗത്തിൽനിന്നും 1,18,82,49,774 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

(സി) വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന സ്ഥിരമായി കുടിശ്ശിക വരുത്തുന്ന വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക തുകകൾ ആയതിന്മേൽ ബഹുമാനപ്പെട്ട കോടതികളുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ശേഷമുള്ള തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച്, കുടിശ്ശിക നോട്ടീസ് നൽകി, ഡിസ്മാന്റിൽ ചെയ്ത് റവന്യൂറിക്കവറി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ മുഖേനയും വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## വൈദ്യുതി ബോർഡിന്റെ വരുമാനം

166(3860) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരുമാനം എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(ബി) ജലവൈദ്യുതി പദ്ധതികളിൽ മഴക്കാലത്ത് അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിൽപ്പന നടത്താറുണ്ടോ ;

(സി) ഈ ഇനത്തിൽ പ്രതിദിനം എത്ര രൂപയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്; 2018 മേയ് 31 വരെയുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ബോർഡിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം എത്ര തുകയാണ് ; വിശദമാക്കാമോ;

(ഇ) അധിക ഉൽപ്പാദന വൈദ്യുതി വിൽക്കുന്നത് വഴി ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിൽ കുറവ് വരുത്തി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ വരുമാനം 11619.60 കോടി രൂപയാണ്.

(ബി) സംസ്ഥാനത്ത് ഇത്തവണ കാലവർഷം നല്ല തോതിൽ ലഭിക്കുന്നതിനാലും, ദീർഘകാല കരാറുകൾ മുഖേനയും കേന്ദ്രപൂളിൽനിന്നും താരതമ്യേന വിലകുറഞ്ഞ വൈദ്യുതി ദിവസം മുഴുവൻ ലഭിക്കുന്നതിനാലും വൈദ്യുതി ഉപഭോഗം കുറയുന്ന ചില സമയങ്ങളിൽ മിച്ചമായി വരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചിലൂടെ വിൽക്കുന്നുണ്ട്. ഇത് കൂടാതെ മിച്ചമായി വരുന്ന വൈദ്യുതി മുൻകൂട്ടി കണക്കാക്കി 2018 ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ 100 മെഗാവാട്ട് വൈദ്യുതി (ജൂൺ മാസത്തിൽ 50 മെഗാവാട്ട്), ബീഹാർ സംസ്ഥാനത്തിനു വിൽപ്പന നടത്താനുള്ള കരാറിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 'Deep' പോർട്ടൽ വഴി ഏർപ്പെട്ടിട്ടുണ്ട്.

(സി) ഈ ഇനത്തിൽ മേയ് മാസത്തിൽ ശരാശരി പ്രതിദിനം 66.66 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രതിദിനം ശരാശരി 1 (ഒന്ന്) ദശലക്ഷം യൂണിറ്റ് വിറ്റിട്ടുണ്ട്. 1-4-2018 മുതൽ 31-5-2018 വരെ 21.66 കോടി രൂപയുടെ 37.59 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് വിറ്റിട്ടുള്ളത്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ ബോർഡിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം 1494.63 കോടി രൂപയാണ്.

(ഇ) വൈദ്യുതി താരിഫ് നിർണ്ണയം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. മൊത്തം വരവും ചെലവും നിർണ്ണയിച്ചശേഷം റവന്യൂഗ്യാപ്പ് നികത്തുന്നതിലേയ്ക്കാവശ്യമായ നിരക്ക നിർണ്ണയ ഉത്തരവാണ് കമ്മീഷൻ പുറപ്പെടുവിക്കുന്നത്. അധിക വൈദ്യുതി വിറ്റവകയിൽ ലഭിക്കുന്ന വരുമാനവും മൊത്ത വരുമാനത്തിൽ ഉൾപ്പെടുന്നതിനാൽ ഇതിന്റെ ആനുകൂല്യം എല്ലാ ഉപഭോക്താക്കൾക്കും ലഭിക്കുന്നതാണ്.

**ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കാത്ത കെ.എസ്.ഇ.ബി. ജീവനക്കാർ**

167(3861) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുപ്പത്തിമൂവായിരത്തോളം ജീവനക്കാരിൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണോ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ, ശമ്പളവും ആനുകൂല്യങ്ങളും നൽകാൻ സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലാത്ത 5825 ജീവനക്കാരിൽ എത്ര പേർ ടെക്നിക്കൽ സ്റ്റാഫും എത്ര പേർ നോൺ ടെക്നിക്കൽ-മിനിസ്റ്റീരിയൽ-എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫുമാണ് എന്ന് തരംതിരിച്ച് നൽകുമോ; ഈ ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളുടെ പേരും തസ്തികകളിൽ ഓരോന്നിലും എത്ര വീതം ജീവനക്കാർ ജോലി ചെയ്യുന്നു എന്നും തരംതിരിച്ച് നൽകുമോ;

(സി) സാമ്പത്തിക നഷ്ടത്തിന്റെ പേരിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന തസ്തികകളായ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) 2017-2018 സാമ്പത്തിക വർഷത്തെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക നഷ്ടം എത്ര ആണെന്ന് വെളിപ്പെടുത്തുമോ; വൈദ്യുത ചാർജ് അടയ്ക്കേണ്ട ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2009-10-ലെ യഥാർത്ഥ വർഷാവസാന വരവുചെലവു കണക്കുകൾ (ട്രൂയിംഗ് അപ്) ശരിപ്പെടുത്തുന്ന സമയത്ത് 2008-09-ൽ കെ.എസ്.ഇ.ബി.-യിൽ ഉണ്ടായിരുന്ന 27175 ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മാത്രമാണ് റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചു തന്നത്. ഈ ഇനത്തിലുള്ള യഥാർത്ഥ ചെലവും അനുവദിക്കപ്പെട്ട ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. 27175 ൽ കൂടുതലുള്ള ജീവനക്കാരുടെ ശമ്പളവും അലവൻസുകളും കമ്മീഷൻ തുടർന്നുള്ള വർഷങ്ങളിലും അനുവദിച്ചു തന്നിട്ടുമില്ല.

(ബി) വൈദ്യുതി ബോർഡിൽ 33000 (കൃത്യമായി 33041) ജീവനക്കാർ ഉണ്ടായിരുന്നത് 2014-15 സാമ്പത്തിക വർഷം അവസാനമാണ്. എന്നാൽ ആ വർഷത്തെ യഥാർത്ഥ വരവു ചെലവുകൾ സംബന്ധിച്ച ട്രൂയിംഗ് അപ് ഉത്തരവ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ അതിന് തലേവർഷം 2013-14 ൽ ഉണ്ടായിരുന്ന 31983 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങളിൽ 27175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങളാണ് ആ വർഷത്തെ 'ട്രൂയിംഗ് അപ് ഉത്തരവിൽ കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ബാക്കി വരുന്ന 4808 ജീവനക്കാരിൽ 4767 സാങ്കേതിക വിഭാഗം ജീവനക്കാരുടെയും 41 സാങ്കേതിക-ഇതര-മിനിസ്റ്റീരിയൽ-എസ്റ്റാബ്ലിഷ്മെന്റ് സ്റ്റാഫുകളുടെയും ശമ്പളാനുകൂല്യങ്ങളാണ് കമ്മീഷൻ അനുവദിക്കാതിരുന്നത്. ഈ ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളുടെ പേര്, തസ്തികകളിൽ ഓരോന്നിലും എത്രവീതം ജീവനക്കാർ എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) നിലവിലെ സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണവും യോഗ്യതകളും സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ബോർഡിന് കൂടുതൽ സമയം ആവശ്യമാണ്. ബോർഡിന്റെ പുനഃസംഘടനയും ജീവനക്കാരുടെ പുനർവിന്യാസവും പൂർത്തിയാവുന്നതുവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമന ശിപാർശകൾ താൽക്കാലികമായി നീട്ടിവയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിരിക്കുകയാണെങ്കിലും നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തുടങ്ങിയ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അതിനോടനുബന്ധിച്ചുള്ള നിയമനങ്ങൾ ഇപ്പോഴും നടത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക നഷ്ടം 1494.63 കോടി രൂപയാണ്.

വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ട ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി നിരക്ക് കുടിശ്ശിക

168(3862) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് എത്ര രൂപ വീതമാണ് പിരിഞ്ഞു കിട്ടാനുള്ളത്; ഇത് പിരിച്ചെടുക്കുന്നതിന് ബോർഡ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക സംബന്ധിച്ച് എത്ര തുക കോടതി വ്യവഹാരങ്ങളിൽപ്പെട്ട് മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി നിരക്ക് കുടിശ്ശിക ഇനത്തിൽ വൈദ്യുതി ബോർഡിന് 31-3-2018 വരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക 2414.89 കോടി രൂപയാണ്.

(ബി) വിവിധ വിഭാഗങ്ങളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 90.20 കോടി രൂപ |
| 2 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1358.02 കോടി രൂപ |
| 3 | മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ | 19.18 കോടി രൂപ |
| 4 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 2.61 കോടി രൂപ |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.56 കോടി രൂപ |
| 6 | കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 23.74 കോടി രൂപ |
| 7 | ഗാർഹിക ഉപഭോക്താക്കൾ | 246.69 കോടി രൂപ |
| 8 | സ്വകാര്യ സ്ഥാപനങ്ങൾ | 594.79 കോടി രൂപ |
| 9 | ലൈസൻസികൾ | 15.78 കോടി രൂപ |
| 10 | മറ്റ് സ്ഥാപനങ്ങൾ | 62.32 കോടി രൂപ |
| | ആകെ | 2414.89 കോടി രൂപ |

കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും വൈദ്യുതി കണക്ഷൻ, സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) 31-3-2018 വരെയുള്ള കുടിശ്ശികയിൽ 412.30 കോടി രൂപ വിവിധ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടുള്ളതാണ്.

## കെ.എസ്.ഇ.ബി. അണ്ടർഗ്രൗണ്ട് കേബിൾ

169(3863) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ 11 കെ.വി. ഹൈ ടെൻഷൻ ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിൾ (യു.ജി.സി.)ആക്കുന്നത് ഏതെല്ലാം ഭാഗങ്ങളിലാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ഭാഗങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ (യു.ജി.സി.) ആക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ APDRP, R-APDRP എന്നിവയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളിലും കാസർഗോഡ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോട്ടയം, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലും അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പുതിയതായി ആവിഷ്കരിച്ച IPDS പദ്ധതി പ്രകാരം ഇടുക്കി ഒഴികെ മറ്റെല്ലാ ജില്ലകളിലും UG Cable സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ബി) വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെടെ ചില പ്രദേശങ്ങളിൽ മെച്ചപ്പെട്ട വൈദ്യുതി വിതരണം സാധ്യമാക്കുന്നതിന് 10 കിലോമീറ്ററോളം അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 2018-21 കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

170(3864) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരൂർ മണ്ഡലത്തിൽ 29.14 കിലോമീറ്റർ എച്ച്.റ്റി. ലൈനും 68.1 കിലോമീറ്റർ എൽ.റ്റി. ലൈനും നിർമ്മിക്കുകയും 21.31 കിലോമീറ്റർ എച്ച്.റ്റി. ലൈൻ, 457.37 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ റീ കണ്ടക്ടറിംഗ് നടത്തുകയും 27.99 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും 34 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 5831 പുതിയ സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 836 സർവ്വീസ് കണക്ഷനുകളും 7.12 കിലോമീറ്റർ എൽ.റ്റി. ലൈനും സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി ചെയ്ത പ്രവർത്തികളാണ്.

കൂടാതെ അരൂർ മണ്ഡലത്തിലെ എരമല്ലൂരിൽ 110 കെ.വി. സബ്സ്റ്റേഷനും അനുബന്ധ 0.25 കിലോമീറ്റർ അരൂർ-തൈക്കാട്ടുശ്ശേരി ലൈൻ-ഇൻ ലൈൻ-ഔട്ടിന്റെയും നിർമ്മാണ പ്രവൃത്തികൾക്കായി 1130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്റർ അരൂർ മണ്ഡലത്തിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ടിന്റെ 6000 എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ ബൾബിന് 50 രൂപ നിരക്കിൽ വിതരണം ചെയ്തു.
- പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പൊതുകെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി.
- പെരുമ്പളം ഗ്രാമപഞ്ചായത്തിൽ 325 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി തുടങ്ങി.
- പഞ്ചായത്ത് പരിധിക്കുള്ളിലെ 2 സർക്കാർ സ്കൂളുകൾ 2kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സൗജന്യമായി സ്ഥാപിക്കുന്നതാണ്.

140 അസംബ്ലി നിയോജക മണ്ഡലത്തിലും ഒരു അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുവാൻ അനെർട്ട് തീരുമാനിച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

171(3865) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച വൈദ്യുത പദ്ധതികൾ ഏതൊക്കെ; വിശദീകരിക്കുമോ;

(ബി) നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളും അനുവദിക്കുകയും 188.4 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ DDUGJY പദ്ധതി പ്രകാരമുള്ള 165.3 ലക്ഷം രൂപയുടെ പ്രവൃത്തികളും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ വിതരണ മേഖലയിൽ DDUGJY പദ്ധതി പ്രകാരമുള്ള 8.9 ലക്ഷം രൂപയുടെ പ്രവൃത്തികളും 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 291.54 ലക്ഷം രൂപയുടെ പ്രവൃത്തികളും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിൽ പ്രസരണ മേഖലയിൽ കല്ലറ (മീതൂർ) കേന്ദ്രമാക്കി ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലംമ്പാറ ഗ്രാമപഞ്ചായത്തിനെ മാതൃകാ ഊർജ്ജ കാര്യക്ഷമത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി

- പഞ്ചായത്ത് പരിധിക്കുള്ളിലെ സ്കൂളുകളിലെ സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.
- ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ (9 വാട്ട് ബൾബുകൾ 50 രൂപ നിരക്കിൽ) എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതാണ്.

- പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പൊതുകെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുക. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്.
- ഗ്രാമപഞ്ചായത്തിലേയ്ക്ക് 18W ന്റെയും 35W ന്റെയും 100 വീതം തെരുവ് വിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.
- പഞ്ചായത്ത് പരിധിക്കുള്ളിലെ 2 സർക്കാർ സ്കൂളുകൾ 2kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സൗജന്യമായി സ്ഥാപിക്കുന്നതാണ്.

140 അസംബ്ലി നിയോജകമണ്ഡലങ്ങളിലും ഒരു അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുവാൻ അനെർട്ട് തീരുമാനിച്ചിട്ടുണ്ട്.

## ജ്യോതിസ് പദ്ധതി

172(3866) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ ജ്യോതിസ് പദ്ധതിയെക്കുറിച്ച് വിശദവിവരം നൽകാമോ; ഈ പദ്ധതിക്കുവേണ്ടി പരസ്യം ചെയ്ത പത്രത്തിന്റെ പകർപ്പും ചെലവായ തുകയുടെ ബില്ലിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ജ്യോതിസ് പദ്ധതിയെ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ അംഗീകരിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട കറസ്പോണ്ടൻസ് ഫയലിന്റെയും നോട്ട്ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷകൾ നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത കിലോ വാട്ടും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ സോളാർ യൂണിറ്റ് നിരക്ക് എത്രയാണ്; ഈ നിരക്ക് കേന്ദ്ര സർക്കാരാണോ സംസ്ഥാന സർക്കാരാണോ നിശ്ചയിച്ചത്; നിരക്ക് നിശ്ചയിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (RESCO) മോഡലിൽ, മേൽക്കൂരകളിൽ സോളാർ വൈദ്യുത നിലയം സ്ഥാപിച്ച് ഉപഭോക്താവിന് നിശ്ചിത നിരക്കിൽ വൈദ്യുതി നൽകുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി അനെർട്ട് നൽകിയ നാമകരണമാണ് ജ്യോതിസ്. പരസ്യം നൽകിയ പത്രത്തിന്റെ പകർപ്പും ബില്ലിന്റെ പകർപ്പും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജ്യോതിസ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടപടി ക്രമങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ജ്യോതിസ് പദ്ധതിയുമായി ബന്ധപ്പെട്ട കറസ്പോണ്ടൻസ് ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ പദ്ധതി സോളാർ എനർജി കോർപ്പറേഷൻ ലിസ്റ്റ് ചെയ്ത കമ്പനികളാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത കിലോവാട്ട് ലഭ്യമല്ല.

(ഇ) പ്രസ്തുത പദ്ധതിയുടെ സോളാർ യൂണിറ്റ് നിരക്ക് 3 രൂപ 97 പൈസയാണ്. ഈ പദ്ധതിക്കായി കേന്ദ്ര നവ നവീകരണീയ മന്ത്രായലത്തിനു കീഴിലുള്ള കമ്പനിയായ സോളാർ എനർജി കോർപ്പറേഷൻ ആണ് ടെണ്ടർ വഴി റേറ്റ് നിജപ്പെടുത്തിയത്. നിരക്ക് നിശ്ചയിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

**തിരുവമ്പാടി മണ്ഡലത്തിലെ ജലവൈദ്യുത പദ്ധതികൾ**

173(3867) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ നിലവിലുള്ളതും വിഭാവനം ചെയ്യുന്നതുമായ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയുന്ന വർഷം വ്യക്തമാക്കുമോ?

ഉത്തരം

(എ& ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഭരണാനുമതി നൽകിയ ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| ഓലിക്കൽ SHP | 5 MW |
| പൂവാരംതോട് SHP | 3 MW |
| ചെമ്പുക്കടവ്-III SHP | 7.5 MW |
| മാരിപ്പുഴ SHP | 6.0 MW |
| ആകെ | 21.5 MW |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പദ്ധതികളുടെ പ്രീ കൺസ്ട്രക്ഷൻ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. മുകളിൽ പറഞ്ഞ 4 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പുറമെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

(i) അപ്പർമാരിപ്പുഴ

(ii) ഉറുമി സ്റ്റേറ്റ് --മൂന്നാംഘട്ടം

(iii) വട്ടച്ചിറ

(iv) ചെമ്പുക്കടവ്- നാലാംഘട്ടം

ഈ പദ്ധതികളുടെ സർവ്വേ/ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു.

പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ഓലിക്കൽ, പൂവാരംതോട് പദ്ധതികൾ 2021-22-ൽ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. മറ്റ് പദ്ധതികൾ 2023-ൽ കമ്മീഷൻ ചെയ്യുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

തിരുവമ്പാടി മണ്ഡലത്തിൽ നിലവിൽ IPP വിഭാഗത്തിൽ മത്സര ദർഘാസിലൂടെ 30 കൊല്ലത്തേയ്ക്ക് സ്വകാര്യ മേഖലയിൽ 'BOOT' (Built, Own, Operate and Transfer) അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ മുഖേന അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | പാതംകയം 8 MW | 2017 ജനുവരിയിൽ ഉദ്ഘാടനം ചെയ്തു. |
| 2 | അരിപ്പാറ 4.5 MW | പദ്ധതി 2019 മേയ് മാസത്തോടെ കമ്മീഷൻ ചെയ്യാവുന്ന തരത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 3 | ആനക്കാംപൊയിൽ 8 MW | ഡിസംബർ 2018 ഓടെ പൂർത്തീകരിക്കുവാനായി പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 4 | മുത്തപ്പൻപുഴ 1.5 MW | വനഭൂമി ഉപയോഗപ്പെടുത്താതെ പദ്ധതി പ്രാവർത്തികമാക്കുന്നതിനായുള്ള രൂപരേഖ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. രൂപരേഖ അംഗീകരിച്ച |

| | | |
|---|---|---|
| | | ശേഷം കുറഞ്ഞത് രണ്ടുകൊല്ലം പദ്ധതി നിർമ്മാണത്തിനായി വേണ്ടിവരും. 2020-ാമാണ്ട് അവസാനത്തോടുകൂടി പദ്ധതി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 5 | കളിരാമുട്ടി 3 MW | പുതുതായി IPP വിഭാഗത്തിൽ സ്വകാര്യ മേഖലയിൽ അനുവദിച്ച പദ്ധതികളാണിവ. സർക്കാരുമായിട്ടുള്ള ഉടമ്പടികൾ വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| 6 | കിളിക്കല്ല് 3 MW | |

## ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

174(3868) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യുടെ പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിക്കായി കിഫ്ബിയിൽനിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) 2020-ന് ശേഷം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ സ്ഥലമെടുപ്പ്, ടെൻഡർ നടപടികൾ, ഇൻവെസ്റ്റിഗേഷൻ എന്നിവ ഏത് ഘട്ടങ്ങളിലാണ്;

(ഡി) ഊർജ്ജസംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിനുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

14 പാക്കേജുകളിലായി വിന്യസിച്ചിരിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടേയും പന്ത്രണ്ട് 220 കെ.വി.

സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും പുതിയ 400, 220 കെ.വി. സബ്സ്റ്റേഷനുകളും, 400/220/110 കെ.വി. ലൈനുകളുടെ നിർമ്മാണവും ശേഷി ഉയർത്തലും ആയിട്ടുള്ള വർക്കുകൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുപുറമെ വാഹകശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് പ്രസരണ നഷ്ടം കുറയ്ക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ പ്രസരണ നഷ്ടം 107 മെഗാവാട്ട് കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി 521.73 മില്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനൊഴികെയുള്ള പാക്കേജുകൾക്ക് (6375 കോടി രൂപയുടെ) സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കിഫ്ബിയുടെ Special Investment Package-ൽ ഉൾപ്പെടുത്തുകയും 5200 കോടി രൂപയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി ലഭിക്കുകയും ചെയ്തു. അതുപ്രകാരം ഫേസ്-1ൽ ഉൾപ്പെടുന്ന 3000 കോടിയുടെ വർക്കുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിലേയ്ക്ക് ഫണ്ടിംഗിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അതിൽ രണ്ട് പാക്കേജുകൾക്ക് ഫണ്ടിംഗിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. (കൊച്ചി ലൈൻ പാക്കേജ്- 379 കോടി രൂപ, സബ്സ്റ്റേഷൻ പാക്കേജ്- 138 കോടി രൂപ) ധനകാര്യ വകുപ്പിന്റെ 9-5-2017-ലെ GO(P) No. 61/2017/Fin പ്രകാരം കിഫ്ബി ഫണ്ടിംഗിനുള്ള പ്രോജക്ടുകൾക്ക് Centage Charge അവകാശപ്പെടാവുന്നതാണ്. അതിന്റെ ഭാഗമായി 2,43,66,174 രൂപ കിഫ്ബിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന 2020-ന് ശേഷം പൂർത്തീയാക്കുവാൻ ലക്ഷ്യമിടുന്ന ജലവൈദ്യുത പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(i) നിർമ്മാണം ആരംഭിച്ച പദ്ധതികൾ

| പദ്ധതി | സ്ഥാപിതശേഷി (MW) | നിർമ്മാണം ആരംഭിച്ച വർഷം | പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്ന വർഷം |
|---|---|---|---|
| 1. ചിന്നാർ | 24 | 2018 | 2022 |
| 2. പെരുവണ്ണാമൂഴി | 6 | 2018 | 2021 |
| ആകെ | 30 | | |

നിർമ്മാണം പുരോഗമിക്കുന്ന ബാക്കി പദ്ധതികൾ 2019-20 വർഷങ്ങളിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ii) പുതുതായി ആരംഭിക്കുന്ന പദ്ധതികൾ

അടുത്ത രണ്ട് വർഷത്തിനകം 119 മെഗാവാട്ടിന്റെ 12 പുതിയ പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം 2021-2023 കാലയളവിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതികളുടെ വിശദാംശം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

മത്സര ദർഘാസിലൂടെ നിർമ്മാണത്തിന് Build, Own, Operate & Transfer (BOOT) അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് അനുവദിച്ചിരിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ 2020-നുശേഷം പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്. ഇത്തരം പദ്ധതികളുടെ വിശദമായ രൂപരേഖ സർക്കാർ അംഗീകരിച്ചു കഴിഞ്ഞാൽ ഇതിനായുള്ള പണം മുടക്കൽ, സ്ഥലമെടുപ്പ്, ടെണ്ടർ നടപടികൾ മുതലായവ സ്വകാര്യ സംരംഭകരാണ് നേരിട്ടു നടത്തുന്നത്. സർക്കാരിന്റെ സാങ്കേതിക കമ്മിറ്റി ഈ പദ്ധതികൾ മോണിറ്റർ ചെയ്യുന്നു.

1. ലോവർവട്ടപ്പാറ- 3 MW
2. കുറുംപെട്ടി- 2 MW
3. കീഴാർകുത്ത്- 20 MW (വനം വകുപ്പിന്റെ അനുമതി കിട്ടിയാൽ)
4. മുത്തപ്പൻപ്പുഴ- 3 MW
5. ഇഞ്ചവാരകുത്ത്- 3MW/21 MW (21 MW ആയി DPR സമർപ്പിച്ച പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല. 3 MW ആയി സ്വകാര്യ മേഖലയിൽ ഈ പദ്ധതി ചെയ്യുകയാണെങ്കിൽ ബാക്കിയുള്ള കപ്പാസിറ്റി ഉപയോഗിക്കുവാൻ കെ.എസ്.ഇ.ബി. -ക്ക് കഴിയുമോ എന്ന തർക്ക വിഷയം തീർപ്പാക്കാനുണ്ട്.)
6. മാടത്തരുവി 1 MW (വനംവകുപ്പിന്റെ അനുമതി ലഭ്യമായാൽ)
7. ആനക്കൽ 2 MW (വനം വകുപ്പിന്റെ അനുമതി ലഭ്യമായാൽ)
8. അടയ്ക്കാത്തോട് 2.5 MW (കണ്ണൂർ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. കക്കടാംപൊയിൽ 21 MW (കോഴിക്കോട്) (മഴക്കാലത്തെ അധിക ജലം തിരിച്ചുവിടുവാൻ ചാലിയാർ പഞ്ചായത്ത് അനുമതി നൽകിയാൽ)
10. പോരുലോഹെഡ് 16 MW (വനം വകുപ്പിന്റെ അനുമതി ലഭ്യമായാൽ)
11. കോഴിയിളക്കത്ത് 1 MW (ഇടുക്കി) (വനം വകുപ്പിന്റെ അനുമതി ലഭ്യമായാൽ)
12. ലോവർ മർമല 1 MW (കോട്ടയം)
13. പനംകടുന്ത 0.5 MW (പത്തനംതിട്ട)

ഇതുകൂടാതെ 20 പദ്ധതികൾ പുതിയതായി സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.* ഇവ സർക്കാരുമായുള്ള ഉടമ്പടികൾ വയ്ക്കുന്നതിനായുള്ള ഘട്ടത്തിലാണ്.

(ഡി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.35 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ഈരാറ്റുപേട്ടയിൽ ജലധാര കുടിവെള്ള പദ്ധതിയിൽപ്പെട്ട കടുവാമൂഴിയിലെ ഊർജ്ജ ക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്ത് നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇപ്പോൾ കാര്യവട്ടം യൂണിവേഴ്സിറ്റിയുടേയും ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെയും എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു. മറ്റ് സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടത്തുന്നതാണ്.

4. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി-വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

5. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളണ്ടിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

ഊർജ്ജ സംരക്ഷണത്തിനായി വിവിധതരം ഊർജ്ജ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വരുന്നു.

- വൻകിട, ഇടത്തരം, ചെറുകിട വ്യവസായ ശാലകളിലെയും എഞ്ചിനീയർമാർക്ക് ഊർജ്ജ കാര്യക്ഷമത ഉയർത്തുന്നതിനും ഊർജ്ജ സംരക്ഷണത്തിനുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.
- സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ലഭിക്കുന്ന സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് ഇന്ത്യയിലെ ഏറ്റവും മികച്ച ഊർജ്ജ സംരക്ഷണത്തിനുള്ള അവാർഡ് കരസ്ഥമാക്കിയ സ്ഥാപനങ്ങൾ സന്ദർശിക്കുവാനും, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും അവസരം നൽകുന്നുണ്ട്.

- സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡിന് അപേക്ഷിക്കുന്ന എഞ്ചിനീയർമാർക്ക് കേരളത്തിലെ ഏറ്റവും മികച്ച ഊർജ്ജ സംരക്ഷണത്തിനുള്ള അവാർഡ് കരസ്ഥമാക്കിയ സ്ഥാപനങ്ങൾ സന്ദർശിക്കുവാനും, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും അവസരം നൽകുന്നുണ്ട്.

- കൂടാതെ വ്യവസായ സ്ഥാപനങ്ങളിലെ ഊർജ്ജ മാനേജർമാർ, ഊർജ്ജ ഓഡിറ്റർമാർ, നിയുക്ത ഉപഭോക്താക്കളിലെ എഞ്ചിനീയർമാർ എന്നിവർക്ക് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ നിർദ്ദേശാനുസരണം ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

- വൻകിട കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ എഞ്ചിനീയർമാർക്ക് വിവിധ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

- ഊർജ്ജ സംരക്ഷണ നിയമ നടത്തിപ്പിന്റെ ഭാഗമായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിന് അനുസൃതമായി കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് തയ്യാറാക്കിയിട്ടുണ്ട്. കോഡ് മനസ്സിലാക്കുവാനായി സംസ്ഥാനത്തെ PWD, LSGD എന്നിവയിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും ആർക്കിടെക്റ്റുമാർക്കും വേണ്ടി 30 ൽ അധികം പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത്</u>- ഈ പദ്ധതി നടത്തുന്ന പരിപാടികൾ

- പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ ഊർജ്ജ കാര്യക്ഷമതാ ബോധവൽക്കരണ ക്ലാസ്സുകൾ.

  ബോധവൽക്കരണം നടത്തുകവഴി വീടുകളിൽ 10 മുതൽ 20 ശതമാനം വരെ വൈദ്യുതി ലാഭിക്കാം എന്ന് തെളിഞ്ഞിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾക്ക് ആവശ്യമായ ലഘുലേഖകൾ ഇ.എം.സി.യിൽനിന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

- സ്മാർട്ട് എനർജി പ്രോഗ്രാം- സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തികമാക്കുന്നുണ്ട്.

4800 സ്കൂളുകളിലും ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 200-ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്. ഈ പരിപാടിയുടെ ഭാഗമായി 570 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ലൈറ്റുകൾ, സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ നൽകിയിട്ടുണ്ട്. ഇതുകൂടാതെ അനെർട്ടുമായി സഹകരിച്ച് 19 സ്കൂളുകളിൽ 2 കിലോ വാട്ട് സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്.

- എനർജി ക്ലിനിക്ക്- ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് നടത്തിവരുന്നു. ഇ.എം.സി.-യിൽനിന്നും പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ 750 വോളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. ഈ വോളണ്ടിയർമാർ മുഖേന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 2017-18-ൽ 2500 ഊർജ്ജ ക്ലിനിക്ക് പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

- ഊർജ്ജ കിരൺ- പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവരുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു. 2017-ൽ കേരളത്തിലുടനീളം 340 പരിപാടികൾ എൻ.ജി.ഒ.-കൾ മുഖേനയും 2278 പരിപാടികൾ ലൈബ്രറികൾ വഴിയും നടത്തുകയുണ്ടായി.

## കെ.എസ്.ഇ.ബി. സ്വകാര്യ മേഖലയിൽനിന്നും വാങ്ങുന്ന വൈദ്യുതി

175(3869) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്വകാര്യ മേഖലയിൽനിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിവർഷം വാങ്ങിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ യൂണിറ്റ് പർച്ചേസിങ് തുക എത്രയെന്നും ഈ സ്ഥാപനങ്ങളുമായി സർക്കാർ ഉടമ്പടി നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി. സ്വകാര്യ സംരംഭകരിൽനിന്നും 1152.25 MW വൈദ്യുതി (1065 മെഗാവാട്ട്- കേരളത്തിന് പുറമേനിന്നും 87.25 മെഗാവാട്ട് കേരളത്തിനകത്തുനിന്നും) വാങ്ങുന്നുണ്ട്.

(ബി) സ്വകാര്യ സംരംഭകരിൽനിന്നും കെ.എസ്.ഇ.ബി. ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഊർജ്ജ സംരക്ഷണം

176(3870) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനുള്ള വിവിധ ആശയങ്ങൾ കൂടുതലായി ജനങ്ങളിൽ എത്തിക്കുന്നതിനും പ്രയോഗിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എല്ലാ ഭവനങ്ങളിലും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ (ബയോ-മാസ്, ചെലവ് കുറഞ്ഞ സോളാർ ലാമ്പ് എന്നിവ)സജ്ജമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഊർജ്ജ സംരക്ഷണത്തിനുള്ള വിവിധ ആശയങ്ങൾ കൂടുതലായി ജനങ്ങളിൽ എത്തിക്കുന്നതിനും പ്രയോഗിക്കുന്നതിനും കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ കൊടുക്കുന്നു.

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.35 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ഈരാറ്റുപേട്ടയിൽ ജലധാര കുടിവെള്ള പദ്ധതിയിൽപ്പെട്ട കടുവാമൂഴിയിലെ ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തുനൽകുന്നു.

3. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ബോർഡിൽ ലഭിച്ചിട്ടുണ്ട്.

4. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജസംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളണ്ടിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

ഊർജ്ജസംരക്ഷണം കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനും പ്രയോഗിക്കുന്നതിനും എനർജി മാനേജ്മെന്റ് സെന്റർ മുഖേന വിവിധ പരിപാടികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

<u>മാതൃക ഊർജ്ജകാര്യക്ഷമത പഞ്ചായത്ത്</u>:

ഊർജ്ജസംരക്ഷണ മാതൃകാ ഗ്രാമപഞ്ചായത്തായി കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഊർജ്ജ സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 16500 എൽ.ഇ.ഡി. ബൾബുകൾ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് സൗജന്യമായി എൽ.ഇ.ഡി. ട്യൂബ് ലൈറ്റ്, ഊർജ്ജകാര്യക്ഷമത കൂടിയ ഫൈവ് സ്റ്റാർ ഫാനും എൽ.ഇ.ഡി. തെരുവ് വിളക്കും നൽകുന്നതിനുവേണ്ടിയുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. 225 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മറ്റ് 9 പഞ്ചായത്തുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇന്ത്യയിലെ തന്നെ ആദ്യത്തെ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്തായി പീലിക്കോടിനെ പ്രഖ്യാപിച്ചിട്ടുണ്ട്.

<u>സ്മാർട്ട് എനർജി പ്രോഗ്രാം:</u>- സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജസംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തികമാക്കുന്നുണ്ട്. 4800 സ്കൂളുകളിലും ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 200 ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്.

എനർജി ക്ലിനിക്ക്- ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് നടത്തി വരുന്നു. ഇ.എം.സി.യിൽനിന്നും പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ 750 വോളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. ഈ വോളണ്ടിയർമാർ മുഖേന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 2017-18 ൽ 2500 ഊർജ്ജ ക്ലിനിക്ക് പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

ഊർജ്ജ കിരൺ: പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു. 2017 ൽ കേരളത്തിൽ ഉടനീളം 340 പരിപാടികൾ എൻ.ജി.ഒ.-കൾ മുഖേനയും 2278 പരിപാടികൾ ലൈബ്രറികൾ വഴിയും നടത്തുകയുണ്ടായി.

പത്ര ദൃശ്യ മാധ്യമങ്ങൾ; പത്രങ്ങളിലും മാസികകളിലും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ അടങ്ങിയ പരസ്യങ്ങൾക്കു പുറമേ വായനക്കാർക്കായി ഊർജ്ജ സംരക്ഷണ മത്സരപരിപാടികളും നടത്താറുണ്ട്. ദൃശ്യ മാധ്യമങ്ങളിൽ ഊർജ്ജ സംരക്ഷണം വിഷയമായുള്ള ഹ്രസ്വ ചലചിത്രങ്ങൾ, ഡോക്യുമെന്ററികൾ, പരസ്യങ്ങൾ എന്നിവ നൽകുന്നുണ്ട്.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വഴി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സബ്സിഡി മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (ഐറ്റം നമ്പർ 6.9- സ.ഉ.(കൈ) നമ്പർ 22/2018/ത.സ്വ.വ. തീയതി 14-2-2018). ഇതിൻപ്രകാരം ബയോഗ്യാസ് പ്ലാന്റുകൾക്ക് പൊതുവിഭാഗത്തിന് 50 ശതമാനവും SC, ST, BPL, ഫിഷർമെൻ വിഭാഗങ്ങൾക്ക് 75 ശതമാനവും സബ്സിഡി നൽകാവുന്നതാണ്. സൂര്യറാന്തൽ നൽകുന്നതിന് പൊതുവിഭാഗത്തിന് 50 ശതമാനവും SC, ST, BPL, ഫിഷർമെൻ വിഭാഗങ്ങൾക്ക് 90 ശതമാനവും ST വിഭാഗത്തിന് 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഇവയുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് വിതരണം ചെയ്യുന്ന/സ്ഥാപിക്കുന്ന സ്ഥാപനങ്ങളെ അനെർട്ട് പട്ടികപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതിയുടെ ദുർവ്യയം

177(3871) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ദുർവ്യയം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതിയുടെ ദുർവ്യയം കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി. ആവഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്ത് വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.35 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി അടിമാലി ഡിവിഷന്റെ കീഴിൽ രാജാക്കാട്, അടിമാലി എന്നീ സെക്ഷനുകളുടെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകൾ നവീകരിക്കുകയും ഇതുകൂടാതെ ഒല്ലൂർ സെക്ഷന്റെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകളുടെയും നവീകരണവും നടത്തി വരുന്നു.

3. സബ്സ്റ്റേഷൻ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ.വി. സബ്സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

4. പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് (എച്ച്.വി.ഡി.എസ്.) പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തി. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഡിവിഷനിൽ സുൽത്താൻപേട്ട് സെക്ഷന്റെ പരിധിയിലുള്ള വർക്കുകളുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

5. ഈരാറ്റുപേട്ടയിൽ ജലധാര കുടിവെള്ള പദ്ധതിയിൽപ്പെട്ട കടുവാമൂഴിയിലെ ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്നു.

6. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇപ്പോൾ കാര്യവട്ടം യൂണിവേഴ്സിറ്റിയുടെയും ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെയും എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

7. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ബോർഡിൽ ലഭിച്ചിട്ടുണ്ട്.

8. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജസംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളണ്ടിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു.

വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിന് വൈദ്യുതി പാഴാകുന്ന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ഇതിന് വിശദമായ ഊർജ്ജ ഓഡിറ്റിംഗ് ആവശ്യമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT/EHT) ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രദ്ധീകരിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകളിലും സർക്കാർ കെട്ടിടങ്ങളിലും പൊതുമേഖലാ വ്യവസായങ്ങളിലും ഊർജ്ജ ദുർവ്യയം കുറയ്ക്കുന്നതിന് പ്രാഥമിക ഊർജ്ജ ഓഡിറ്റ് സ്കീം നിലവിലുണ്ട്. ഇതിനായി ചെറിയ തോതിൽ സാമ്പത്തിക സഹായവും നൽകുന്നുണ്ട്. ഇതുകൂടാതെ ഈ മേഖലകളിൽ വ്യാപകമായ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികളും ശിൽപ്പശാലകളും നടത്തി വരുന്നു.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ഇ.എം.സി. വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വീട്ടമ്മമാർക്കായി നടത്തുന്ന പദ്ധതിയാണ് 'എനർജി ക്ലിനിക്ക്'. എല്ലാ ജില്ലകളിലുമുള്ള എനർജി ക്ലിനിക്ക് വോളണ്ടിയർമാർ മുഖാന്തരം ഊർജ്ജ സർവ്വേകളും ക്ലാസ്സുകളും വിജയകരമായി നടത്തി വരുന്നു. ലഘുലേഖ വിതരണം, നാടകങ്ങൾ സംഘടിപ്പിക്കുക എന്നിങ്ങനെ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ബോധവൽക്കരണം നടത്തുന്നു. സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കായി ഊർജ്ജസംരക്ഷണബോധമുള്ള തലമുറ ലക്ഷ്യം വച്ചുകൊണ്ട് നടത്തുന്ന പരിപാടിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. വിദ്യാഭ്യാസ മേഖലയിൽ നടത്തി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീടുകളിലെയും വൈദ്യുതി ലാഭത്തിന് സാധിക്കുന്നുണ്ട്. സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജസംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തികമാക്കുന്നുണ്ട്. 4219 സ്കൂളുകളിലും ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 20-ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്. കൂടാതെ പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവരുമായി ചേർന്ന് ഊർജ്ജകിരൺ പരിപാടി നടത്തിവരുന്നു. പത്ര-ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി നൽകിവരുന്നു.

(ബി) ചീഫ് എഞ്ചിനീയർ (റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ്)ന്റെ ഓഫീസിലാണ് കെ.എസ്.ഇ.ബി. യുടെ പദ്ധതികൾ തയ്യാറാക്കുന്നത്.

ഊർജ്ജസംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല ഏജൻസിയായി എനർജി മാനേജ്മെന്റ് സെന്ററിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**സൗരവൈദ്യുതി ഉൽപ്പാദനം**

178(3872) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗരവൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജകേരള മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അഞ്ച് പ്രധാന പദ്ധതികൾ ചേർന്നുള്ളതാണ് 'ഊർജ്ജ കേരള മിഷൻ'

'സൗര', 'ഫിലമെന്റ് രഹിത കേരളം', 'ദ്യുതി 2021', 'ട്രാൻസ്ഗ്രിഡ് 2.0', 'ഇ-സേഫ്' എന്നിവയാണ് അഞ്ച് പദ്ധതികൾ. സൗര എന്ന പദ്ധതി അനെർട്ടും കെ.എസ്.ഇ.ബി.-യും സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് അധികോൽപ്പാദനത്തിനുള്ള പദ്ധതിയാണ് സൗര. സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ സാങ്കേതിക കാര്യങ്ങൾ നിശ്ചയിക്കുക, പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വെണ്ടർ എംപാനൽമെന്റിന് കെ.എസ്.ഇ.ബി. -യെ സഹായിക്കുക, പദ്ധതികളെ സബ്സിഡി സ്കീമുകളുമായി ബന്ധപ്പെടുത്തുക എന്നിവ അനെർട്ട് ചെയ്യുന്നതാണ്. സർക്കാർ/തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് സഹായം നൽകുന്നതിനും പദ്ധതികളെ 'സൗര'യുമായി ബന്ധപ്പെടുത്തുന്നതിനുമുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിന് സഹായകരമാകുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ, ഇവയുടെ സംഘാടനം, പരിശീലന പരിപാടികൾ, ഇവയുടെ മേൽനോട്ടം എന്നിവ അനെർട്ട് നിർവ്വഹിക്കുന്നതാണ്. കൂടാതെ ഈ രംഗത്ത് പുതിയ സാങ്കേതികവിദ്യകൾ കണ്ടെത്തുക, പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുക എന്നിവയും അനെർട്ടിന്റെ ചുമതലയാണ്.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 'കേരള ഊർജ്ജ മിഷൻ' പദ്ധതിയിൽപ്പെടുത്തി 2021-ഓടുകൂടി 1050 മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി. ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരപദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |
| കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റിസർവ്വോയറുകൾ, കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി | 150 മെഗാവാട്ട് |
| സോളാർ പാർക്കുകൾ വഴി | 100 മെഗാവാട്ട് |
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| വെസ്റ്റ് കല്ലട, എൻ.റ്റി.പി.സി.യുടെ കൈവശമുള്ള ഭൂമി, തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| ആകെ | 1050 മെഗാവാട്ട് |

സംസ്ഥാനത്ത് വലിയ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാനുള്ള സ്ഥല പരിമിതി നിലനിൽക്കുന്ന സാഹചര്യത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്ക് വലിയ സാധ്യത ഉണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട് വൈദ്യുതോൽപ്പാദനം ലക്ഷ്യമിടുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറത്തും വസ്തുവിലും | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 100 മെഗാവാട്ട് |
| ഗാർഹികേതര, സർക്കാരിതര കെട്ടിടങ്ങളുടെ പുരപ്പുറത്തും വസ്തുവിലും | 250 മെഗാവാട്ട് |
| ആകെ | 500 മെഗാവാട്ട് |

**സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാൻ തയ്യാറാകുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

179(3873) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളുടെയും വീടുകളുടെയും മേൽക്കൂര വാടകയ്ക്കെടുത്ത് സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിൽ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളവരിൽനിന്നും, ഗ്രിഡിലേക്ക് വൈദ്യുതി സ്വീകരിക്കുന്നതിന് വൈദ്യുതി ബോർഡിന് താൽപ്പര്യക്കുറവുണ്ടെന്നും, ബോർഡ് ഇത്തരക്കാരെ നിരുത്സാഹപ്പെടുത്തുകയുമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ പ്ലാന്റ് സ്ഥാപിക്കാൻ തയ്യാറാകുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും, പദ്ധതി സുതാര്യമായി നടത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാദ്ധ്യമാകുന്ന എല്ലാ സ്വകാര്യ വ്യക്തികളുടെയും കെട്ടിടങ്ങളുടെ മേൽക്കൂര പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരിനുള്ളത്.

## പാരമ്പര്യേതര ഊർജ്ജോത്പാദനം

180(3874) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാരമ്പര്യേതര ഊർജ്ജോത്പാദനം എത്രയായിരുന്നുവെന്നും രണ്ട് വർഷത്തിനുശേഷം കൈവരിച്ച പുരോഗതിയെന്തെല്ലാമാണെന്നും വിവരിക്കുമോ;

(ബി) സർക്കാർ കെട്ടിടങ്ങളെ സൗരോർജ്ജ നിലയങ്ങളാക്കുക വഴി വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) സൗരോർജ്ജ ഉത്പാദന സാദ്ധ്യമായ സർക്കാർ സ്കൂൾ - കോളേജ് കെട്ടിടങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചന നടത്തുമോ?

### ഉത്തരം

(എ) അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അനെർട്ടിലെ പാരമ്പര്യേതര ഊർജ്ജ ഉത്പാദനം 55 മെഗാവാട്ട് ആയിരുന്നു. രണ്ട് വർഷത്തിനുശേഷം 28 മെഗാവാട്ട് അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. എൽ.

2015 ആഗസ്റ്റ് മുതലാണ് കെ.എസ്.ഇ.ബി. സൗരോർജ്ജ പദ്ധതികൾ മുഖേന വൈദ്യുതി ഉൽപ്പാദിപ്പിച്ചു തുടങ്ങിയത്. ആഗസ്റ്റ് 2015 മുതൽ മേയ് 2016 വരെ 1.30796 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

ഈ സർക്കാർ അധികാരത്തിലേറിയശേഷം കെ.എസ്.ഇ.ബി. എൽ. പുതുതായി നിർമ്മിച്ച സൗരോർജ്ജ പദ്ധതികളിൽനിന്നും മാർച്ച് 2018 വരെയുള്ള കാലയളവിൽ 12.959892 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതിയുടെ പേര് | ഉൽപ്പാദനം ദശലക്ഷം യൂണിറ്റിൽ |
|---|---|---|
| 1 | കൊല്ലങ്കോട്- 1 MW | 2.227951 |
| 2 | ഇടയാർ- 1.25 MW | 2.742159 |
| 3 | പടിഞ്ഞാറത്തറ- 0.40 MW | 0.868661 |
| 4 | ബാരാപ്പോൾ കനാൽ ബാങ്ക്- 1 MW | 1.519367 |
| 5 | ബാരാപ്പോൾ കനാൽ ടോപ്പ്- 3 MW | 3.167016 |
| 6 | തലക്കുളത്തൂർ- 0.650 MW | 0.880628 |
| 7 | വൈദ്യുതി ഭവനം- 30 MW | 0.038729 |
| 8 | മഞ്ചേശ്വരം- 0.5 MW | 0.646781 |
| 9 | മൂവാറ്റുപുഴ- 1.25 MW | 0.394030 |
| 10 | പോത്തൻകോട്- 2 MW | 0.474570 |
| | ആകെ | 12.959892 |

എനർജി മാനേജ്മെന്റ് സെന്റർ

ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയിലൂടെ നടപ്പാക്കിയ പദ്ധതികളിൽനിന്ന് 78.16 മെഗാവാട്ട് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നു.

ഈ സർക്കാരിന്റെ രണ്ടു വർഷത്തിനിടയിൽ 12.531 MW വൈദ്യുതി കൂടി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ സ്വകാര്യ മേഖലയുടെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സർക്കാർ മുതൽ മുടക്കില്ലാതെ സൗരോർജ്ജ വൈദ്യുതി പ്ലാന്റ് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി. യുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിക്കായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ വൈദ്യുതപ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ തുടക്കമെന്ന നിലയിൽ അനെർട്ട് ഈ വർഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന അനുയോജ്യമായ സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ

പ്രഖ്യാപിച്ചിട്ടുള്ള ഊർജ്ജ കേരള മിഷനിലെ 'സൗര' എന്ന പദ്ധതിയുടെ കീഴിൽ സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

വലിയ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാനുള്ള സ്ഥലപരിമിതി നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതികൾക്ക് വലിയ സാധ്യതയുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട് വൈദ്യുതോൽപ്പാദനം ലക്ഷ്യമിടുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ഗാർഹിക, കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറത്തും വസ്തുവിലും | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 100 മെഗാവാട്ട് |
| ഗാർഹികേതര,സർക്കാരിതര കെട്ടിടങ്ങളുടെ പുരപ്പുറത്തും വസ്തുവിലും | 250 മെഗാവാട്ട് |

(സി) സ്മാർട്ട് എനർജി പ്രോഗ്രാം 2017-ന്റെ ഭാഗമായി അനെർട്ടും ഇ.എം.സി.-യും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നും ഓരോ സ്കൂളുകൾ വീതം തെരഞ്ഞെടുത്തുകൊണ്ട് 2 KW ന്റെ സൗരോർജ്ജ പാനൽ ഓഫ് ഗ്രിഡ് കണക്ഷൻ നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി താൽപര്യം കാണിച്ച 19 സ്കൂളുകളിൽ സംരംഭം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു സ്കൂളുകളിലും കൂടി പരിപാടി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സൗരോർജ്ജ ഉൽപ്പാദനം സാധ്യമായ സർക്കാർ സ്കൂൾ/ കോളേജ് കെട്ടിടങ്ങളെ ഇതിനായി പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി

181(3875) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ സഹകരണത്തോടെ ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ആധുനിക സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;എവിടെയെല്ലാം ഇതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട് ; വിശദമാക്കാമോ;

(സി) വൈദ്യുതി ഉത്പാദനത്തോടൊപ്പം സംസ്കരിച്ച മാലിന്യം ഉപയോഗിച്ച് ഉപോത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ;എങ്കിൽ എന്തെല്ലാമാണ് ;

(ഡി) പദ്ധതി കൂടുതൽ നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഖരമാലിന്യങ്ങൾ സംസ്കരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സ്ഥാപിക്കുന്ന സംസ്കരണ പ്ലാന്റുകളിൽ നിന്നുമുള്ള വൈദ്യുതി പൂർണ്ണമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്.

കൊച്ചി ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പദ്ധതിയിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനായി ഇലക്ട്രിസിറ്റി ബോർഡുമായി പി.പി.എ. വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ആണ്. സംസ്ഥാന നോഡൽ ഏജൻസിയായ അനെർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതികളിൽനിന്നും ഊർജ്ജ ഉൽപ്പാദനത്തിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുകയും ഇവയ്ക്കു കേന്ദ്ര നവ നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽനിന്നും അനുവദനീയമായ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സ്ട്രീറ്റ് ലൈറ്റുകൾ

182(3876) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ കേടാവുന്നതുമൂലം സംസ്ഥാനത്തിന്റെ വിവിധ

സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ 24 മണിക്കൂറും പ്രവർത്തിച്ച് വൈദ്യുതി നഷ്ടം ഇരട്ടിയോളമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേടായ ടൈമറുകളുടെ തകരാർ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(സി) വാറണ്ടി പിരീഡിന് ശേഷം ടൈമറുകൾ കേടായാൽ അവ മാറ്റി സ്ഥാപിക്കുവാനും, രാത്രി കാലങ്ങളിൽ മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ടൈമർ കേടുവന്നതുമൂലം ചില സന്ദർഭങ്ങളിൽ കൂടുതൽ സമയം സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കിടക്കാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പർച്ചേസ് ചെയ്യുന്ന ടൈമറുകൾ അഞ്ച് വർഷം വാറണ്ടിയുള്ളവയാണ്.

ടൈമറുകൾ വാറണ്ടി കാലയളവിനുള്ളിൽ കേടായാൽ അവ വിതരണം ചെയ്യുന്ന കമ്പനികളുമായി യഥാസമയം ബന്ധപ്പെട്ട് കേടുവന്ന ടൈമറുകളുടെ തകരാറുകൾ പരിഹരിക്കാനും വാറണ്ടി കാലയളവിനുശേഷം കേടായാൽ അത് റിപ്പയർ ചെയ്ത് ഉപയോഗിക്കുകയോ പുതിയ ടൈമർ വാങ്ങി സ്ഥാപിക്കുകയോ ചെയ്യുവാനും അതുവഴി കൃത്യസമയങ്ങളിൽ മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നതെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ പുനഃക്രമീകരണം**

183(3877) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപതിനായിരത്തിൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്ന നയം പരിഗണനയിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഉപഭോക്താക്കൾ കൂടുതൽ ഉള്ള സെക്ഷനുകളിൽനിന്ന് ഉപഭോക്താക്കൾ കുറവുള്ള സെക്ഷനുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്.

**പുതിയ കെ.എസ്.ഇ.ബി. യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച്**

184(3878) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിലെ പൂജപ്പുര കെ.എസ്.ഇ.ബി. ഡിവിഷനിൽനിന്നും 15000 -ത്തോളം ഉപഭോക്താക്കളെ ഉൾപ്പെടുത്തി പുതിയ ഒരു കെ.എസ്.ഇ.ബി. യൂണിറ്റ് പാപ്പനംകോട് തുടങ്ങുന്നതിന് തീരുമാനമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തീരുമാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

നേമം അസംബ്ലി മണ്ഡലത്തിൽ പാപ്പനംകോട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 24-2-2016-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉത്തരവ് നൽകിയിട്ടുണ്ട്. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ്

ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടകരഹിത കെട്ടിടമോ സ്ഥലമോ ഇതുവരെ ലഭ്യമായിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പാപ്പിനിശ്ശേരി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## പിലാത്തറയിൽ വൈദ്യുതി സെക്ഷൻ ഓഫീസ്

185(3879) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ നിലവിലുണ്ട്; ഓരോ സെക്ഷൻ ഓഫീസിലും എത്ര ഉപഭോക്താക്കളുണ്ട്;

(ബി) കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ 60 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെക്ഷനുകളുടെ പേര്, ഉപഭോക്താക്കളുടെ എണ്ണം ഇവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### പുഴക്കാട്ടിരി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

186(3880) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ച പുഴക്കാട്ടിരി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഡയറക്ടർ (ജി.സി. & എച്ച്.ആർ. എം.) സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 25 ജീവനക്കാർ അവിടെ ജോലി ചെയ്യുന്നുണ്ട്.

(ബി) നിലവിൽ സീനിയർ സൂപ്രണ്ട്-1, സബ് എഞ്ചിനീയർ-3, ഓവർസീയർ-2, ലൈൻമാൻ-13, മസ്ദൂർ-6 എന്നിവരെ നിയമിച്ചിട്ടുണ്ട്. കുറവുള്ള തസ്തികകളിൽ ജീവനക്കാരെ പൊതുസ്ഥലം മാറ്റത്തിലൂടെ നിയമിക്കുന്നതാണ്.

### ഇരിമ്പിളിയത്ത് വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ്

187(3881) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം കേന്ദ്രമാക്കി വൈദ്യുതി ബോർഡിൻെറ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിവിധ ഓഫീസുകളിലെ ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇരിമ്പിളിയം കേന്ദ്രമാക്കി വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) ഇത് സംബന്ധിച്ച് വിവിധ ഓഫീസുകളിലെ ഫയലുകളുടെ പകർപ്പ് അനുബന്ധം 1 , 2 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്.

## കെ.എസ്.ഇ.ബി. -യുടെ കീഴിലെ സബ് സ്റ്റേഷനുകൾ

188(3882) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ തിരുവനന്തപുരം, കണ്ണൂർ ട്രാൻസ്മിഷൻ സർക്കിളുകളുടെ കീഴിൽ നിലവിൽ കമ്മീഷൻ ചെയ്തതും വൈദ്യുതി വിതരണം ചെയ്യുന്നതുമായ സബ് സ്റ്റേഷനുകൾ തരം തിരിച്ച് പേരുവിവരങ്ങൾ സഹിതം വ്യക്തമാക്കുമോ; ഇവ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ച തീയതിയും വിശദമാക്കുമോ;

(ബി) ഏതെല്ലാം 400 കെ. വി., 220 കെ. വി., 110 കെ. വി., 66 കെ. വി. സബ് സ്റ്റേഷനുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിർവ്വഹിക്കുന്ന ഷിഫ്റ്റ് ഓപ്പറേറ്റർ എന്ന ജോലി വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ ഉപയോഗിച്ച് നിർവ്വഹിക്കുന്നതെന്ന് ട്രാൻസ്മിഷൻ സർക്കിൾ തലത്തിൽ തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ സബ് സ്റ്റേഷനിലെയും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിർവ്വഹിക്കുന്ന ഷിഫ്റ്റ് ഓപ്പറേറ്റർ എന്ന ജോലി വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ കരാർ എടുത്ത കരാറുകാരൻ, കരാറുകാരുടെ പേര്, കരാറടിസ്ഥാനത്തിൽ എത്ര ഡ്യൂട്ടികളാണ് ചെയ്തത്, എത്ര തുകയാണ് കരാർ തുക ഇനത്തിൽ ചെലവാക്കിയത് തുടങ്ങിയവയുടെ 2017 ജനുവരി മുതൽ നാളിതുവരെയുള്ള കണക്കുകളും വിവരങ്ങളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## വർക്ക് കോൺട്രാക്റ്റിന് പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

189(3883) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 220 കെ.വി.വോൾട്ടതയിൽ ഉള്ള കാട്ടാക്കട, അമ്പലത്തറ, കുണ്ടറ, ഇടമൺ, ഇടപ്പോൺ സബ് സ്റ്റേഷനുകൾ ,110 കെ.വി.വോൾട്ടതയിൽ ഉള്ള ജി.ഐ.എസ്. കൊല്ലം, മുട്ടം, മറയടി, നോർത്ത് പറവൂർ, ചെർപ്പുളശ്ശേരി, പത്തിരിപ്പാല, കൊല്ലംങ്കോട്, ജി.ഐ.എസ്. ഗാന്ധി റോഡ്, കിനാലൂർ സബ് സ്റ്റേഷനുകൾ, 66 കെ.വി. വോൾട്ടതയിൽ ഉള്ള ബാലരാമപുരം, ഓടക്കാലി, പാലക്കാട് മെഡിക്കൽ കോളേജ്, പുതിയറ, സൈബർ പാർക്ക്, മുളവുകാട് സബ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ഷിഫ്റ്റ്, മെയിൻറനൻസ്, സ്റ്റേഷൻ ചാർജ് എന്നീ വിഭാഗങ്ങളിൽ നിലവിൽ ജോലി ചെയ്യുന്ന പെർമനെന്റ് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ എണ്ണം ഓരോ സബ് സ്റ്റേഷനുകൾ തരംതിരിച്ച് നൽകുമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)നിർവ്വഹിക്കുന്ന ഷിഫ്റ്റ് ഓപ്പറേറ്റർ എന്ന ജോലി വർക്ക് കോൺട്രാക്റ്റ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ അനുവദിക്കപ്പെട്ടിട്ടുള്ള എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ ജോലികളാണ് ഇത്തരത്തിൽ ബി.ടെക് ബിരുദധാരികളെ കൊണ്ട് ചെയ്യിപ്പിച്ച് വരുന്നതെന്ന് ഓരോ സബ് സ്റ്റേഷനുകൾ തരംതിരിച്ച് നൽകുമോ;

(സി) വർക്ക് കോൺട്രാക്റ്റിന് പകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ വ്യക്തികളെ നിയമിക്കുന്നില്ല. മറിച്ച് പ്രവൃത്തികളാണ് കരാർ അടിസ്ഥാനത്തിൽ നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇടക്കൊച്ചിയിലെ രൂക്ഷമായ വൈദ്യുതി പ്രശ്നം

190(3884) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ ഇടക്കൊച്ചി പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വൈദ്യുതി പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇടക്കൊച്ചിയിൽ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടക്കൊച്ചിയിലെ ചില പ്രദേശങ്ങളിൽ വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇടക്കൊച്ചി ഭാഗത്ത് മുപ്പത് ശതമാനം 11 കെ.വി. വൈദ്യുതി വിതരണം ഇപ്പോഴും ഓവർ ഹെഡ് ലൈനുകളിൽ കൂടിയാണ് നടക്കുന്നത്. വൈദ്യുതി വിതരണത്തിലുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതിനായി ചുവടെ പറയുന്ന പ്രവൃത്തികൾ 2018-2021 കാലയളവിൽ നടപ്പിലാക്കേണ്ട വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. 11 കെ.വി. വിതരണം പൂർണ്ണമായും കേബിളുകൾ വഴിയാക്കുക.
2. കഠാരിബാഗ് 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും പുതിയ ഒരു 11 കെ. വി. ലൈൻ പാമ്പായിമൂല വരെ വലിക്കുക.
3. അക്വിനസ് കോളേജ് പരിസരം, കമ്പനിപ്പറമ്പ്, കുട്ടികൃഷ്ണ വൈദ്യർ റോഡ്, ജ്ഞാനോദയം ക്ഷേത്ര പരിസരം എന്നിവിടങ്ങളിലെ 11 കെ.വി. ലൈനുകൾ പരസ്പരം ബന്ധിപ്പിച്ച് റിങ് മെയിൻ സിസ്റ്റം വഴിയാക്കുക.
4. ട്രാൻസ്ഫോർമറുകൾ ലോഡ് സെന്ററുകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുക.

(സി) ഇടക്കൊച്ചിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ഇടക്കൊച്ചിയിൽ ഒരു സബ്സ്റ്റേഷന്റെ ആവശ്യകത സാങ്കേതിക പഠനങ്ങൾ ശിപാർശ ചെയ്യുന്നില്ല.

## കേളകത്ത് അനുവദിച്ച 66 കെ. വി. സബ് സ്റ്റേഷൻ

191(3885) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേളകത്ത് അനുവദിച്ചിട്ടുള്ള 66 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; സബ് സ്റ്റേഷന്റെ പ്രവൃത്തിയെന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

കേളകത്ത് 33 കെ. വി. സബ് സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ പ്രവൃത്തി പകുതി പൂർത്തിയായി. നെടുംപൊയിൽ സബ് സ്റ്റേഷനിൽനിന്നും കേളകം സബ് സ്റ്റേഷനിലേയ്ക്കുള്ള ഭൂഗർഭ കേബിളിന്റെ (10.15 കി.മീ.) വർക്ക് അവാർഡ് ചെയ്തു. സബ് സ്റ്റേഷന്റെ പ്രവൃത്തി 2018 ഡിസംബർ 31-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെ.എസ്.ഇ.ബി. -യിലെ ജീവനക്കാര്യം

192(3886) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനരീതികൾ, യോഗ്യതകൾ, പ്രൊമോഷന് വേണ്ട മാനദണ്ഡങ്ങൾ എന്നിവ തയ്യാറാക്കുന്നത് കെ.എസ്.ഇ.ബി. ലിമിറ്റഡും അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ സംഘടനകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള ദീർഘകാല ഉടമ്പടി പ്രകാരമാണോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡും അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ സംഘടനകളും തമ്മിൽ ഏറ്റവും അവസാനമായി ദീർഘകാല ഉടമ്പടിയിൽ ഏർപ്പെട്ട തീയതിയും പ്രസ്തുത ഉടമ്പടി നിലവിൽ വന്ന തീയതിയും പ്രസ്തുത ഉടമ്പടിയുടെ കാലാവധിയും വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡും അംഗീകൃത ട്രേഡ് യൂണിയനുകളും ഓഫീസർമാരുടെ സംഘടനകളും തമ്മിൽ ഏറ്റവും അവസാനമായി ഏർപ്പെട്ട ദീർഘകാല ഉടമ്പടിയുടെ കാലാവധി അവസാനിക്കുന്ന തീയതി നൽകുമോ;അതിനുശേഷം പുതിയ ഉടമ്പടി എന്നത്തേക്ക് നിലവിൽ വരുമെന്നും അതിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എൻട്രി കേഡർ തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ ഇപ്പോൾ നിലനിൽക്കുന്ന ദീർഘകാല ഉടമ്പടി നിലവിൽ വന്ന തീയതിയും പ്രസ്തുത ഉടമ്പടി അവസാനിക്കുന്ന തീയതിയും നൽകുമോ;

(ഇ) ഇപ്പോൾ നിലനിൽക്കുന്ന ദീർഘകാല ഉടമ്പടി അവസാനിച്ച ശേഷം കൊണ്ടു വരാൻ പോകുന്ന പുതിയ ഉടമ്പടിയിൽ സി.ഇ.എ സേഫ്റ്റി റെഗുലേഷൻ (2010) ലെ റെഗുലേഷൻ 6 & 7 അനുസരിച്ച് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ചില തസ്തികകൾ സംബന്ധിച്ച നിയമന രീതികൾ, യോഗ്യതകൾ, പ്രൊമോഷന് വേണ്ട മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളും പരാമർശങ്ങളും ദീർഘകാല കരാറിൽ ഉൾച്ചേർത്തിട്ടുണ്ടെങ്കിലും ഭൂരിഭാഗം തസ്തികകളേയും സംബന്ധിച്ച പ്രസ്തുത വിവരങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് എടുത്ത തീരുമാനപ്രകാരം കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ബോർഡ് ഉത്തരവുകളിലാണ് ഉൾച്ചേർത്തിട്ടുള്ളത്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് അംഗീകൃത തൊഴിലാളി സംഘടനകളുമായി അവസാന ദീർഘകാല കരാർ ഒപ്പുവച്ച തീയതി 17-2-2016 ആണ്. ദീർഘകാല കരാറിന് മുൻകാല പ്രാബല്യമുള്ളതിനാൽ 1-8-2013 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും പ്രാബല്യത്തീയതി മുതൽ 5 വർഷം കാലാവധി ഉണ്ടായിരിക്കുന്നതുമാണ്. ഓഫീസർ ശമ്പള പരിഷ്കരണ ഉത്തരവിന് 1-7-2013 മുതൽ പ്രാബല്യവും 5 വർഷം കാലാവധി ഉണ്ടായിരിക്കുന്നതുമാണ്.

(സി) ജീവനക്കാരുടെ ദീർഘകാല കരാർ പ്രാബല്യം അവസാനിക്കുന്ന തീയതി ദീർഘകാല കരാറിലെ വ്യവസ്ഥകൾ പ്രകാരം 31-7-2018-ലും ഓഫീസർമാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ കാലാവധി അവസാനിക്കുന്നത് 30-6-2018-ലും ആണ്. കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ബോർഡ് മുമ്പാകെ സമർപ്പിക്കപ്പെടുന്ന മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളിന്മേൽ ഉഭയകക്ഷി ചർച്ചകളിലൂടെ തീരുമാനത്തിലെത്തിയതിനുശേഷം ഉടമ്പടി ഒപ്പുവയ്ക്കുന്ന നടപടിക്രമങ്ങളാണ് പാലിച്ചുവരുന്നത്. അടുത്ത ദീർഘകാല കരാറിന് പരിഗണിക്കുന്നതിലേക്കായുള്ള ആവശ്യങ്ങൾ സംബന്ധിച്ച മെമ്മോറാണ്ടങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ചർച്ചകൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ പുതിയ ഉടമ്പടി എന്നു നിലവിൽ വരുമെന്നും ആയതിലൂടെ എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും ഇപ്പോൾ വെളിപ്പെടുത്തുവാനാവുന്നില്ല.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എൻട്രി കേഡറായ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഓഫീസർ വിഭാഗത്തിലെ തസ്തിക ആകയാൽ ആയതുസംബന്ധിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും 2016-ലെ ഓഫീസർ ശമ്പള പരിഷ്കരണ ഉത്തരവിൽ ഉൾച്ചേർത്തിട്ടുള്ളതും ആയതിന് 5 വർഷം കാലാവധിയോടുകൂടി 1-7-2013 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

(ഇ) വരാൻ പോകുന്ന പുതിയ ദീർഘകാല ഉടമ്പടി പൂർണ്ണമായും കെ.എസ്.ഇ.ബി. ലിമിറ്റഡ് മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഡിമാന്റ് നോട്ടീസിലെ ആവശ്യങ്ങളെ മുൻനിർത്തിയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ താൽപ്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ടും നടക്കാൻ പോകുന്ന ഉഭയകക്ഷി ചർച്ചകളുടെ അടിസ്ഥാനത്തിലുമാണ് തീരുമാനിക്കപ്പെടുന്നത്. പുതിയ ഉടമ്പടിക്ക് പരിഗണിക്കുന്നതിലേയ്ക്കായി ഡിമാന്റ് സംബന്ധിച്ച മെമ്മോറാണ്ടം ലഭ്യമായിട്ടില്ലാത്തതിനാലും ചർച്ചകൾ ഉൾപ്പെടെയുള്ളവയുടെ പ്രാരംഭ നടപടികൾക്ക് തുടക്കം കുറിച്ചിട്ടില്ലാത്തതിനാലും മറ്റു വിശദാംശങ്ങളൊന്നും തന്നെ ഇപ്പോൾ ലഭ്യമല്ല.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

193(3887) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.റ്റി.ഐ. പ്രൊമോഷൻ ക്വോട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ എത്രപേർക്കാണ് ഐ.റ്റി.ഐ. വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരിൽ എത്ര പേർ റെഗുലർ ഐ.റ്റി.ഐ., എത്ര പേർ പ്രൈവറ്റ് ഐ.റ്റി.ഐ. യോഗ്യത ഉള്ളവർ ആണെന്ന് തരംതിരിച്ച് നൽകുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% ഐ.റ്റി.ഐ. പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ ഉള്ള ഒഴിവുകൾ എത്രയാണെന്നും അവയിൽ എത്രയെണ്ണമാണ്, ഐ.റ്റി.ഐ. വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളവർ സർവ്വീസിൽനിന്നും റിട്ടയർ ആയതുമൂലമോ സർവ്വീസിൽ ഇരിക്കെ മരണപ്പെട്ടത് മൂലമോ ഉണ്ടായവ എന്നുമുള്ള വിവരം തരംതിരിച്ച് നൽകുമോ;

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ലെ റെഗുലേഷൻ 6&7 ൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡമായ ഡിഗ്രിയോ ഡിപ്ലോമയോ ഇല്ലാത്തെത്ര പേരാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇരുന്നുകൊണ്ട് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ വിഭാഗങ്ങളിലെ ഓപ്പറേഷൻ ജോലികൾ ചെയ്യുന്നതെന്നും മെയിന്റനൻസ് ജോലികൾ സൂപ്പർവൈസ് ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ; പ്രസ്തുത കണക്കുകൾ ഏത് തീയതി പ്രകാരം ഉള്ളതാണെന്നും വെളിപ്പെടുത്തുമോ;?

ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ (20 ശതമാനം ക്വാട്ട) ജോലി ചെയ്യുന്നവരിൽ 223 പേർ ഐ.ടി.ഐ. വിദ്യാഭ്യാസ യോഗ്യത മാത്രം ഉള്ളവരാണ്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ന്റെ ഗ്രഡേഷൻ ലിസ്റ്റിൽ നാളിതുവരെ വിദ്യാഭ്യാസ യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ റെഗുലർ ഐ.ടി.ഐ. എന്നോ പ്രൈവറ്റ് ഐ.ടി.ഐ. എന്നോ രേഖപ്പെടുത്താറില്ല. ആയതിനാൽ പ്രസ്തുത വിവരങ്ങൾ തരം തിരിച്ച് ലഭ്യമല്ല.

(സി) 30-4-2018-ലെ കണക്കുകൾ പ്രകാരം ഐ.ടി.ഐ. ക്വാട്ടയിൽ 185 ഒഴിവുകളാണ് ഉള്ളത്. പ്രസ്തുത ഒഴിവുകൾ വിരമിക്കൽമൂലം ഉണ്ടായതാണ്.

(ഡി) 30-4-2018-ലെ കണക്കുകൾ പ്രകാരം ഐ.ടി.ഐ. ക്വാട്ടയിൽ സ്ഥാനക്കയറ്റം ലഭിച്ച 274 അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ വിഭാഗങ്ങളിൽ അതാത് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നീ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നത്.

## കെ.എസ്.ഇ.ബി. -യിൽ നിയമനം നിർത്തിവച്ച നടപടി

194(3888) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യിൽ നിലവിൽ ജീവനക്കാരുടെ എണ്ണം ആവശ്യത്തിലധികമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കരാർ, ദിവസ വേതന അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക അടിസ്ഥാനത്തിലും ജോലി ചെയ്യുന്നവർ എത്രപേർ കെ.എസ്.ഇ.ബി. -യിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-യിലെ തസ്തികകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് വിലക്കിക്കൊണ്ട് പി.എസ്.സി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; അത്തരമൊരു കത്ത് അയക്കാനുണ്ടായ സാഹചര്യം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിരം നിയമനം പി.എസ്.സി.വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ദിവസ വേതന അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിലും ആരും തന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രവൃത്തികൾ കരാർ നൽകാറുണ്ട്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ യാതൊരു തസ്തികയിലേയ്ക്കുള്ള നിയമന നടപടികളും നിർത്തിവയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 33,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുമ്പോൾ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം. കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പുനഃസംഘടനയ്ക്കുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുവാനായി ബോർഡ് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുകയാണ്.

ഇവയ്ക്കു പുറമെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടെക്നീഷ്യൻമാർ എന്നിവർക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) (Measures Relating to Safety & Electric Supply) Regulation, 2010 പ്രകാരം നിശ്ചിത യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യോഗ്യതകൾ ഉള്ളവരെ മാത്രമേ പ്രസ്തുത മേഖലകളിൽ നിയമിക്കാൻ പാടുള്ളൂ. ആയതിനാൽ സി.ഇ.എ. റെഗുലേഷൻ പ്രകാരം ജീവനക്കാരുടെ യോഗ്യതകൾ, പരിശീലന പരിപാടികൾ എന്നിവ പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ, ആവശ്യമായ ജീവനക്കാരുടെ എണ്ണവും യോഗ്യതകളും സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ബോർഡിന് കൂടുതൽ സമയം ആവശ്യമാണ്. ബോർഡിന്റെ പുനഃസംഘടനയും ജീവനക്കാരുടെ പുനർവിന്യാസവും പൂർത്തിയാകുന്നതുവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളുടെ ശിപാർശകൾ താൽക്കാലികമായി നീട്ടിവയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിരിക്കുകയാണെങ്കിലും നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തുടങ്ങിയ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും അതിനോടനുബന്ധിച്ചുള്ള നിയമനങ്ങൾ ഇപ്പോഴും നടത്തിവരികയും ചെയ്യുന്നുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സ്വീകരിക്കും.

### കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ പ്രായം

195(3889) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും പെൻഷൻ പ്രായം 56-ൽ നിന്ന് 58 ആക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ഡയറക്ടർ വരെ ഇലക്ട്രിക്കൽ വിഭാഗത്തിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്ന് തരം തിരിച്ച് നൽകുമോ; ഈ തസ്തികകളിൽ 2018 മുതൽ 2021 വരെ ഓരോ മാസവും എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകുന്നു എന്ന് തരംതിരിച്ച വിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ വിരമിക്കൽ പ്രായം സംബന്ധിച്ച് തൽസ്ഥിതി തുടരണമെന്ന് നിർദ്ദേശിച്ചുകൊണ്ട് നമ്പർ 15528 ബി.പി.ഇ.-3/13/പ്ലാനിംഗ്, തിരുവനന്തപുരം തീയതി 22-8-2014 പ്രകാരം സർക്കാർ കുറിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവാണ് ജീവനക്കാരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പ്രാബല്യത്തിലുള്ളത്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട WP(C) No. 20100 of 2014 എന്ന പെറ്റീഷൻ പെൻഷൻ പ്രായം സംബന്ധിച്ച് എംപ്ലോയറുടെ തീരുമാനത്തിൽ ഇടപെടുന്നില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് ഡിസ്മിസ്സ് ചെയ്തിരുന്നു.

(സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ അംഗീകൃതെണ്ണം 679 ആണ്. പ്രസ്തുത തസ്തികയിലെ 2018 മുതൽ 2021 വരെയുള്ള ഓരോ മാസത്തിലെയും വിരമിക്കൽ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു: (എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ഡയറക്ടർ വരെയുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്)

**2018**

| | | |
|---|---|---|
| 1 | ജനുവരി | 1 |
| 2 | ഫെബ്രുവരി | 2 |
| 3 | മാർച്ച് | 2 |
| 4 | ഏപ്രിൽ | 1 |
| 5 | മേയ് | 8 |
| 6 | ജൂൺ | 1 |
| 7 | ജൂലൈ | 7 |
| 8 | ആഗസ്റ്റ് | ഇല്ല |
| 9 | സെപ്റ്റംബർ | ഇല്ല |
| 10 | ഒക്ടോബർ | ഇല്ല. |
| 11 | നവംബർ | 2 |
| 12 | ഡിസംബർ | ഇല്ല. |

**2019**

| | | |
|---|---|---|
| 1 | ജനുവരി | ഇല്ല |
| 2 | ഫെബ്രുവരി | 1 |
| 3 | മാർച്ച് | ഇല്ല |
| 4 | ഏപ്രിൽ | 1 |
| 5 | മേയ് | 7 |
| 6 | ജൂൺ | 1 |
| 7 | ജൂലൈ | 4 |
| 8 | ആഗസ്റ്റ് | ഇല്ല |
| 9 | സെപ്റ്റംബർ | ഇല്ല |
| 10 | ഒക്ടോബർ | 1 |
| 11 | നവംബർ | 1 |
| 12 | ഡിസംബർ | ഇല്ല |

**2020**

| | | |
|---|---|---|
| 1 | ജനുവരി | 1 |
| 2 | ഫെബ്രുവരി | 2 |
| 3 | മാർച്ച് | 2 |
| 4 | ഏപ്രിൽ | 4 |
| 5 | മേയ് | 20 |
| 6 | ജൂൺ | ഇല്ല |
| 7 | ജൂലായ് | ഇല്ല |
| 8 | ആഗസ്റ്റ് | ഇല്ല |
| 9 | സെപ്റ്റംബർ | 1 |
| 10 | ഒക്ടോബർ | 2 |
| 11 | നവംബർ | 1 |
| 12 | ഡിസംബർ | ഇല്ല |

**2021**

| | | |
|---|---|---|
| 1 | ജനുവരി | ഇല്ല |
| 2 | ഫെബ്രുവരി | 2 |
| 3 | മാർച്ച് | 6 |
| 4 | ഏപ്രിൽ | 3 |
| 5 | മേയ് | 9 |
| 6 | ജൂൺ | 1 |
| 7 | ജൂലായ് | ഇല്ല |
| 8 | ആഗസ്റ്റ് | ഇല്ല |
| 9 | സെപ്റ്റംബർ | ഇല്ല |
| 10 | ഒക്ടോബർ | ഇല്ല |
| 11 | നവംബർ | 1 |
| 12 | ഡിസംബർ | 1 |

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ (ഇലക്ട്രിക്കൽ) ഇൻഡക്ഷൻ ട്രെയിനിംഗ്**

196(3890) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2017 മാർച്ച് മാസത്തിനു ശേഷം പി.എസ്.സി. വഴി പുതുതായി നിയമനം നൽകുന്ന അസിസ്റ്റന്റ് എഞ്ചിനീയർ മാർക്ക്(ഇലക്ട്രിക്കൽ), സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷനിൽ (2010) നിഷ്കർഷിച്ചിട്ടുള്ള സിലബസ് പ്രകാരമുള്ള ഇൻഡക്ഷൻ ട്രെയിനിംഗാണോ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ട്രെയിനിംഗിന്റെ വിശദാംശങ്ങളും കാലാവധിയും വ്യക്തമാക്കുമോ;

(സി) ഒരേ സമയം എത്ര പേർക്കാണ് ഈ ട്രെയിനിംഗ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അതെ. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ (2010) നിഷ്കർഷിച്ചിട്ടുള്ള സിലബസ് പ്രകാരം, സി.ഇ.എ. കാറ്റഗറി 1 അംഗീകാരമുള്ള പവർ എഞ്ചിനീയേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ (PETARC) എന്ന സ്ഥാപനത്തിൽ വച്ചാണ് പ്രസ്തുത പരിശീലനം നടത്തുന്നത്.

(ബി) പൊതുവായി 55 ദിവസത്തെ ക്ലാസ് റൂം ട്രെയിനിംഗ് കൂടാതെ ജനറേഷൻ വിഭാഗത്തിൽ 80 ദിവസത്തെ, ട്രാൻസ്മിഷൻ വിഭാഗത്തിൽ 27 ദിവസത്തെ, ഡിസ്ട്രിബ്യൂഷൻ, മറ്റ് വിഭാഗങ്ങൾ എന്നിവയ്ക്ക് 12 ദിവസത്തെയും ഇൻപ്ലാന്റ് ട്രെയിനിംഗ് എന്നിങ്ങനെയാണ് ട്രെയിനിംഗ് കാലാവധി.

(സി) പെറ്റാർക്കിൽ (PETARC) ഒരേ സമയം 70 പേർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സൗകര്യമാണ് ഉള്ളത്.

**മീൻമുട്ടി ഹൈഡൽ ടൂറിസം**

197(3891) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് മീൻമുട്ടി ഹൈഡൽ ടൂറിസം വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

വാമനപുരം നിയോജക മണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിലെ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുവേണ്ടി 2018-19 ലെ ബഡ്ജറ്റിൽ 66 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ടൂറിസം സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് വിനോദസഞ്ചാരികൾക്കായി 4 പെഡൽ ബോട്ടുകൾ ഇവിടെ എത്തിച്ചിട്ടുണ്ട്. ബോട്ടുജെട്ടി, ടിക്കറ്റ് കൗണ്ടർ, ടോയ്‌ലെറ്റ് ബ്ലോക്ക്, ലാന്റ്സ്കേപ്പിംഗ്, മനോഹരമായ പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, കളിസ്ഥലം. കഫ്റ്റീരിയ, വിശ്രമ കേന്ദ്രം, സൈക്കിളിംഗ്, വെള്ളച്ചാട്ടം തുടങ്ങിയവ സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് മാസത്തോടുകൂടി സെന്റർ പൂർണ്ണമായും സന്ദർശകർക്കായി തുറന്നുകൊടുക്കാവുന്നതാണ്.

## സർചാർജ്ജ് നടപടിയുടെ ഭാഗമായി റവന്യൂ റിക്കവറി

198(3892) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമം വകുപ്പ് 86 അനുസരിച്ച് സഹകരണ സംഘം ഭാരവാഹികളിൽ സർചാർജ്ജ് നടപടിയുടെ ഭാഗമായി എത്ര പേർക്ക് എതിരെ റവന്യൂ റിക്കവറി ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചുയെന്നും അവരുടെ പേരുവിവരവും വ്യക്തമാക്കാമോ;

(ബി) 2016 മുതൽ 2018 ഏപ്രിൽ മാസം വരെ മേൽപ്പറഞ്ഞ പ്രകാരം എത്ര പേർക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുയെന്ന് വ്യക്തമാക്കാമോ;

(സി) ജോയിന്റ് രജിസ്ട്രാർക്ക് സർക്കാർ അനുമതി ഇല്ലാതെ സർചാർജ്ജ് നടപടിയുടെ ഭാഗമായി റവന്യൂ റിക്കവറി നടത്തുന്നതിന് കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഓഡിറ്റ് പൂർത്തീകരിച്ചതിനുശേഷം ഏതെങ്കിലും ക്രമക്കേടുകൾ കണ്ടെത്തി റീ-ഓഡിറ്റ് നടത്തിയിട്ടുണ്ടോ;എങ്കിൽ പൂർത്തീകരിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര സ്ഥലങ്ങളിൽ എത്ര ഓഡിറ്റ് റിപ്പോർട്ട് റദ്ദ് ചെയ്തിട്ടുണ്ട്;

(ഇ) അതിൽ തിരുവനന്തപുരം ജില്ലയിൽ അത്തരം ഓഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സഹകരണ നിയമം വകുപ്പ് 68 അനുസരിച്ച് സഹകരണ സംഘം ഭാരവാഹികൾ സർചാർജ്ജ് നടപടികളുടെ ഭാഗമായി 31 പേർക്കെതിരെ റവന്യൂ റിക്കവറി ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. കാഞ്ഞിരപ്പള്ളി ഹൗസിംഗ് സംഘം. കെ. 372, കോട്ടയം.

1. ശ്രീമതി ആലീസ് ബേബി
2. ശ്രീ. ബാബു പുതക്കുഴി

3. ശ്രീ. പി. ഡി. ആന്റണി
4. ശ്രീ. എൻ. സി. ചാക്കോ
5. ശ്രീ. ജോസഫ് തോമസ്
6. ശ്രീ. പി. എം. തോമസ്
7. ശ്രീ. റ്റി. എം. ജോസഫ്
8. ശ്രീമതി ത്രേസ്യമ്മ ജോസഫ്
9. ശ്രീ. ലൂക്കോസ് ജോസഫ്
10. ശ്രീ. ചാക്കോ സി. തോമസ്
11. ശ്രീ. കെ. ജെ. ജോർജ്ജ്
12. ശ്രീ. പി. സി. സെബാസ്റ്റ്യൻ

II. കോലഞ്ചേരി റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1072, എറണാകുളം

1. ശ്രീ. കെ. കെ. ചന്ദ്രൻ
2. ശ്രീ. പി. വി. ദാസൻ
3. ശ്രീ. എം. എൻ. ചന്ദ്രൻ
4. ശ്രീ. എ. വി. ജോയ്
5. ശ്രീ. മുണ്ടയ്ക്കൽ രാധാകൃഷ്ണൻ
6. ശ്രീ. വി. എൻ. സുരേഷ്

III. വടക്കേക്കാട് സർവ്വീസ് സഹകരണ ബാങ്ക് എഫ്. 562, തൃശ്ശൂർ

1. ശ്രീ. ഫസലുൽ അലി
2. ശ്രീ. എ. എം. മൊയ്തുണ്ണി
3. ശ്രീ. എം. എ. ആദിത്യൻ
4. ശ്രീ. ടി. കെ. സിസിലി
5. ശ്രീ. എ. ഇ. അബൂബക്കർ
6. ശ്രീ. വി. ബാലകൃഷ്ണ മേനോൻ
7. ശ്രീ. മാരാത്ത് മുഹമ്മദ്

8. ശ്രീ. എൻ. എൻ. ഹസ്സൻ

9. ശ്രീ. ലൂക്കോസ്

10. ശ്രീ. എം. എസ്. ശ്രീധരൻ

11. ശ്രീ. വിജയൻ

12. ശ്രീമതി പ്രീതി ഉണ്ണികൃഷ്ണൻ

IV കുരാച്ചുണ്ട് അർബൻ സഹകരണ സംഘം, കോഴിക്കോട്

ശ്രീ. ഫ്രാൻസിസ് ദേവസ്യ

(ബി) മേൽ പറഞ്ഞപ്രകാരം സർചാർജ്ജ് നടപടി സ്വീകരിച്ചിരുന്ന 31 പേരിൽ ആരും തന്നെ 2016 മുതൽ 2018 ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ ഉൾപ്പെടുന്നവരല്ല.

(സി) ജോയിന്റ് രജിസ്ട്രാർക്ക് സർക്കാർ അനുമതി ഇല്ലാതെ റവന്യൂഡിപ്പാർട്ടുമെന്റ് മുഖേന റവന്യൂറിക്കവറി നടത്താവുന്നതാണ്.

(ഡി) ഓഡിറ്റ് പൂർത്തീകരിച്ചതിനുശേഷം ക്രമക്കേടുകൾ കണ്ടെത്തി റീ-ഓഡിറ്റ് നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ആർ. 923 തൃശ്ശൂർ ജില്ലാ പാഡി മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് പുതിയ ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ടി സംഘത്തിന്റെ 2007-08 വർഷം മുതൽ 2010-11 വർഷം വരെയുള്ള (നാല് വർഷത്തെ) ആഡിറ്റ് റിപ്പോർട്ട് റദ്ദ് ചെയ്തിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലയിൽ ആഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത സഹകരണ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

## നവ കേരളീയം പദ്ധതി

199(3893) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ വായ്പ കുടിശ്ശികകൾ തിരിച്ചു പിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) നവ കേരളീയം പദ്ധതിയിലൂടെ എത്ര രൂപയുടെ വായ്പാ കുടിശ്ശിക തിരിച്ചു പിടിച്ചുയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പുനരവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളുടെ വായ്പ കുടിശ്ശികകൾ തിരിച്ചു പിടിക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണം 2018' പദ്ധതി നടപ്പിലാക്കി. ടി പദ്ധതി പ്രകാരം വിവിധ ഇളവുകളോടെ സഹകാരികൾക്ക് കുടിശ്ശിക വായ്പ തീർപ്പാക്കാൻ അവസരം ലഭിച്ചിരുന്നു. ടി പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആയിരുന്നു.

(ബി) നവകേരളീയം പദ്ധതിയിലൂടെ 6,05,531 ലക്ഷം രൂപയുടെ വായ്പയാണ് തിരിച്ചു പിടിച്ചിട്ടുള്ളത്.

(സി) 2018 മാർച്ച് 31-ന് അവസാനിച്ച പ്രസ്തുത പദ്ധതി ഈ വർഷം വീണ്ടും നടത്തുന്നതിനെകുറിച്ച് ആലോചിച്ചിട്ടില്ല.

**സഹകരണ മേഖലയിൽ പുതിയ സംരംഭം**

200(3894) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ ഏതെങ്കിലും പുതിയ സംരഭം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ദ്രുതഗതിയിൽ നടപടി സ്വീകരിച്ചു വരുന്നു.

2. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി.

3. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിക്കു പിന്തുണ നൽകി ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ 5-ാം തീയതി നടപ്പിലാക്കുകയും അതിന്റെ ഭാഗമായി ഈ വർഷവും

ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കാലയളവിൽ കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളും/ സ്ഥാപനങ്ങളും മുഖേന 5 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4. സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് "സുവർണ മസൂരി" അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തുവാനും സാധിച്ചു.

5. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനും സഹായം നൽകി.

6. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തുന്നതിന് ധനസഹായം അനുവദിച്ചു.

7. സംസ്ഥാനത്തെ പാവപ്പെട്ട ജന വിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നു.

8. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകും വിധം മിനി അഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ് സെന്ററുകൾ എന്നിവ തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു.

9. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3.00 കോടി രൂപ നൽകിയിട്ടുണ്ട്.

10. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ-ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., RTGS,

NEFT തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ANERT മായി ചേർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

12. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമെന്റിന്റെ വിപണനം വിപുലമാക്കുകയും ചെയ്തു.

13. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെ ഭാഗമായും ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു.

14. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റും, കമ്മ്യൂണിറ്റി കിച്ചൺ എന്നിവ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്.

15. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ അന്താരാഷ്ട്ര പുസ്തകോത്സവം (കൃതി ഫെസ്റ്റ്) സംഘടിപ്പിക്കുകയുണ്ടായി. സാഹിത്യ വിജ്ഞാനോത്സവവും സംഘടിപ്പിച്ചു.

16. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ-ഓഫീസ് ആക്കുകയും സഹകരണ ഓഡിറ്റ്, സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുകയും ചെയ്തു.

17. കെ.എസ്.ആർ.റ്റി.സി. പെൻഷൻ സഹകരണ സംഘങ്ങൾ വഴി വിതരണം നടത്തി.

18. ബയോമെട്രിക് അറ്റന്റൻസ് സംവിധാനം നടപ്പിലാക്കി.

19. സഹകരണ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

20. വകുപ്പിലെ മുഴുവൻ ഗസറ്റഡ് ഓഫിസർമാർക്കും സി.യു.ജി. സംവിധാനമുള്ള മൊബൈൽ കണക്ഷനുകൾ ലഭ്യമാക്കി.

21. സഹകരണ വകുപ്പന്റേതായ ഒരു ട്രെയിനിംഗ് സെന്റർ ആസ്ഥാന മന്ദിരത്തിൽ ആരംഭിച്ചു.

22. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത വനിതാ സഹകരണ സംഘങ്ങൾക്കായി വനിതാ സംരംഭകത്വ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.

**സഹകരണ വകുപ്പിൽ പ്രൊഫഷണലിസം**

201(3895) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സഹകരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കാലത്തിനനുസൃതമായി സഹകരണ വകുപ്പിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സഹകരണ സംഘങ്ങളിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കേരള ബാങ്ക് രൂപീകരണത്തോടെ സംസ്ഥാന സഹകരണ ബാങ്കുകളെ/ജില്ലാ സഹകരണ ബാങ്കുകളെ ന്യൂ ജനറേഷൻ ബാങ്കുകളുടെ പ്രൊഫഷണൽ നിലവാരത്തിലേക്കാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സഹകരണ മേഖലയ്ക്ക് ഒരു സമഗ്ര നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും കരട് നയം സർക്കാർ അംഗീകരിച്ച് പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഉണ്ട്. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ-ഓഫീസ് ആക്കുകയും സഹകരണ ഓഡിറ്റ് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുകയും ചെയ്തു. വകുപ്പിന് കീഴിൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുകയും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും എല്ലാ ഉദ്യോഗസ്ഥർക്കും വേണ്ട പരിശീലന പരിപാടികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. വകുപ്പിലെ എല്ലാ ഗസറ്റഡ് ഓഫീസർമാർക്കും സി.യു.ജി. സംവിധാനമുള്ള മൊബൈൽ കണക്ഷനുകൾ ലഭ്യമാക്കി.

(സി) ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ പ്രദേശങ്ങളിൽ ശീതകാല പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്ക് വഴി പദ്ധതി നടപ്പിലാക്കുന്നതിന് ബാക്ക് എൻഡ് സബ്സിഡിയായി 2017-18 ൽ 2 കോടി രൂപ അനുവദിച്ചു നൽകി. സെന്റ് ഒന്നിന് 500 രൂപയാണ് സബ്സിഡി പദ്ധതി ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ ജൈവകൃഷി രീതി അവലംബിക്കേണ്ടതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതം സഹകരണം 2018-19 വർഷത്തിൽ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള കേരള ബാങ്കിന്റെ രൂപീകരണത്തോടെ ഇവയെ പ്രൊഫഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ സാധിക്കുമെന്ന് കരുതുന്നു.

മറ്റ് ന്യൂജനറേഷൻ/ വാണിജ്യ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും നൽകാൻ കഴിയുന്ന തരത്തിൽ സാധാരണക്കാരുടെ സൗകര്യങ്ങൾ നൽകാൻ കഴിയുന്ന തരത്തിലുമാണ് നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്.

## നോട്ട് നിരോധനം സഹകരണ മേഖലയിൽ വരുത്തിയ ആഘാതങ്ങൾ

202(3896) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം കേരളത്തിലെ സഹകരണ മേഖലയ്ക്ക് വരുത്തി വച്ചിട്ടുള്ള ആഘാതങ്ങൾ എന്തൊക്കെയാണ് ; വിശദവിവരം നൽകുമോ;

(ബി) ഈ സാഹചര്യത്തിൽ വന്നുചേർന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉച്ചമായ മേൽ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണയും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം പ്രാഥമിക സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു.

സാധ്യമായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമായി. സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ വായ്പാ കുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.

നോട്ട് നിരോധനത്തിന് ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകിയ വായ്പയിൽ ഏകദേശം 30 ശതമാനം കുറവ് വന്നിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 44.2 ശതമാനം കുറവ് വന്നിട്ടുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക വളർച്ചാനിരക്കിൽ കുറവുണ്ടായിട്ടുള്ളതായും സംസ്ഥാന പ്ലാനിംഗ് ബോർഡ് നടത്തിയിട്ടുള്ള പഠനത്തിൽ വ്യക്തമായിട്ടുണ്ട്.

(ബി) നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.

മേൽ നടപടികളുടെ അടിസ്ഥാനത്തിൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## സഹകരണ വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിന് നടപടി

203(3897) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1982-നു ശേഷം സഹകരണസംഘങ്ങളുടെ എണ്ണത്തിലും നിക്ഷേപം, വായ്പ എന്നിവയിലുമുണ്ടായ വർദ്ധനവ് എത്ര മടങ്ങാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളുടെ പരിശോധന നടത്തുന്നതിന് 1982 -ൽ സഹകരണ വകുപ്പിൽ ഉണ്ടായിരുന്ന യൂണിറ്റ് ഇൻസ്പെക്ടർമാരുടെ എണ്ണം എത്രയായിരുന്നുവെന്നും നിലവിലുള്ളതെത്ര പേരെന്നും വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയുടെ വളർച്ചയ്ക്കനുസൃതമായി സഹകരണവകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ 1982-നശേഷം സഹകരണ സംഘങ്ങളുടെ എണ്ണത്തിൽ 2 മടങ്ങും നിക്ഷേപ ഇനത്തിൽ 134 മടങ്ങും വായ്പ ഇനത്തിൽ 54.3 മടങ്ങും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ പരിശോധന നടത്തുന്നതിന് 1982-ൽ സഹകരണ വകുപ്പിൽ 276 യൂണിറ്റ് ഇൻസ്പെക്ടർമാരാണ് ഉണ്ടായിരുന്നത്. നിലവിൽ യൂണിറ്റ് ഇൻസ്പെക്ടർമാരുടെ എണ്ണവും 276 ആണ്.

(സി) സഹകരണ മേഖലയുടെ വളർച്ചയ്ക്കനുസൃതമായി സഹകരണ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**ഭവന നിർമ്മാണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് വരുന്ന പദ്ധതികൾ**

204(3898) ശ്രീ. എസ്. ശർമ്മ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. എം. നൗഷാദ്

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണത്തിനായി സഹകരണ വകുപ്പ് പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നില്ല. എന്നാൽ സഹകരണ സംഘങ്ങൾ അവയുടെ നിയമാവലിക്കും ഉപനിബന്ധനകൾക്കും വിധേയമായി ഭവന നിർമ്മാണത്തിനും ഭവനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നു. കൂടാതെ വീട് പുതുക്കലിനും അറ്റകുറ്റപ്പണികൾക്കും വായ്പ നൽകി വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുള്ള ഇ.എം.എസ്. ഭവന വായ്പ പദ്ധതിയിലും ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഭവനശ്രീ പദ്ധതിയിലും സഹകരണ സംഘങ്ങൾ വായ്പ നൽകി പങ്കാളിത്തം വഹിക്കുന്നു.

(ബി) ഹൗസിംഗ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ, ഹൗസ്ഫെഡ് എന്നിവിടങ്ങളിൽനിന്നും അംഗങ്ങൾക്ക് ഭവന വായ്പ അനുവദിക്കുന്നു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ദീർഘകാല വായ്പയെടുത്താണ് കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന്റെ വായ്പാ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത്. ഇതിനു പുറമെ എല്ലാ വർഷവും സർക്കാരിൽനിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നു.

(സി) വായ്പക്കാരന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, മദ്ധ്യ വരുമാന വിഭാഗങ്ങളിലുള്ളവർക്കും യഥാക്രമം 12 ശതമാനം, 12.5 ശതമാനം പലിശ നിരക്കിൽ പുതിയ വീട് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്കായി പരമാവധി 7.50 ലക്ഷം രൂപയും ഭവന വായ്പയായി നൽകി വരുന്നു.

(ഡി) നടപ്പ സാമ്പത്തിക വർഷം ഓഹരി മൂലധന വിഹിതമായി കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന് 561 ലക്ഷം രൂപയും, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള സ്മാർട്ട് ക്ലാസ്സ്റൂമുകൾ**

205(3899) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കി വരുന്ന 'എല്ലാ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെയും ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റുക' എന്ന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കുന്ന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**നവകേരളീയം പദ്ധതി**

206(3900) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നടപ്പിലാക്കുന്ന നവകേരളീയം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ നവകേരളീയം പദ്ധതിയിലൂടെ എത്രപേർ വായ്പാ കുടിശ്ശിക തീർത്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെയായി എത്ര കോടി രൂപ വായ്പാ കുടിശ്ശിക പിരിച്ചെടുത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിന് അവസരം ഒരുക്കുന്നതിനുമായാണ് നവകേരളീയം കുടിശ്ശിക നിവാരണം 2018 ആവിഷ്കരിച്ച് നടപ്പാക്കിയത്. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15

മുതൽ മാർച്ച് 31 വരെ ആയിരുന്നു. വിവിധ ഇളവുകളോടെ വായ്പ കുടിശ്ശികയായവർക്കും ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങൾക്കും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം ലഭിച്ചിരുന്നു. മുതലിനോടൊപ്പം പലിശ ക്രമീകരിച്ചും, കുറഞ്ഞ നിരക്കിലും, സാധാരണ പലിശയിലും, പലിശ കണക്കാക്കിയാണ് വായ്പ കണക്ക് അവസാനിപ്പിക്കാൻ അവസരം നൽകിയത്.

(ബി) തിരുവനന്തപുരം ജില്ലയിൽ നവകേരളീയം പദ്ധതിയിലൂടെ 14454 പേർ വായ്പാ കുടിശ്ശിക തീർത്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ വായ്പാ കുടിശ്ശിക പിരിച്ചെടുത്തത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | തുക കോടിയിൽ |
|---|---|
| തിരുവനന്തപുരം | 213.58 |
| കൊല്ലം | 416.35 |
| പത്തനംതിട്ട | 154.19 |
| ആലപ്പുഴ | 11.13 |
| കോട്ടയം | 1363.50 |
| ഇടുക്കി | 384.05 |
| എറണാകുളം | 1307.77 |
| തൃശ്ശൂർ | 524.27 |
| പാലക്കാട് | 436.58 |
| മലപ്പുറം | 273.95 |
| കോഴിക്കോട് | 199.09 |
| വയനാട് | 48.48 |
| കണ്ണൂർ | 589.56 |
| കാസർഗോഡ് | 132.81 |
| ആകെ | 6055.31 |

## കേരളാ ബാങ്ക് രൂപീകരണം- ടാസ്ക് ഫോഴ്സ്

207(3901) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ ഘടനയും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ ഘടന ചുവടെ ചേർക്കുന്നു:

1. ശ്രീ. വി. ആർ. രവീന്ദ്രനാഥ്- ചെയർമാൻ, ടാസ്ക് ഫോഴ്സ്
2. ശ്രീ. പ്രതാപ് ആർ. മേനോൻ- മെമ്പർ ഐ.റ്റി., ടാസ്ക് ഫോഴ്സ്
3. ശ്രീ. ഹരികുമാർ- മെമ്പർ, ബാങ്കിംഗ്, ടാസ്ക് ഫോഴ്സ്
4. ശ്രീ. പ്രഭാകര മാരാർ- മെമ്പർ, കോ-ഓപ്പറേഷൻ, ടാസ്ക് ഫോഴ്സ്

കൂടാതെ ടാസ്ക് ഫോഴ്സ് മെമ്പർമാരെ സഹായിക്കുന്നതിനായി

1. ശ്രീ. ജോസ് ഫിലിപ്പ്- അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ടാസ്ക് ഫോഴ്സ്
2. ശ്രീ. പി. എ. പ്രേംകുമാർ- അസോസിയേറ്റ് ആഫീസർ, ടാസ്ക് ഫോഴ്സ്
3. ശ്രീ. വി. രവീന്ദ്രൻ- അസോസിയേറ്റ് ആഫീസർ, ടാസ്ക് ഫോഴ്സ്
4. ശ്രീമതി സുനിതാ സഹദേവൻ, അസോസിയേറ്റ് ആഫീസർ, ടാസ്ക് ഫോഴ്സ്
5. ശ്രീ. ആർ. സുദർശനൻ- അസോസിയേറ്റ് ആഫീസർ, ടാസ്ക് ഫോഴ്സ് എന്നിവരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനത്തിനായി സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ ഒരു ആഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കുള്ള പ്രതിഫലം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി

208(3902) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി വർദ്ധിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിഷ്ക്രിയ ആസ്തി അഞ്ചു ശതമാനത്തിൽ താഴെയായിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ;വ്യക്തമാക്കുമോ;

(സി) നിലവിൽ റിസർവ് ബാങ്ക് അനുശാസിക്കുന്ന നിഷ്ക്രിയ ആസ്തിയുള്ള ബാങ്കുകൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന് വേണ്ടിയുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി&സി) ബാങ്കിംഗ് അനുബന്ധ സേവനങ്ങളായ എ.റ്റി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് മുതലായവയുടെ ലൈസൻസ് ലഭിക്കണമെങ്കിൽ നിഷ്ക്രിയ ആസ്തി 5 ശതമാനത്തിൽ താഴെയായിരിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധനയുണ്ട്. ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ റിസർവ് ബാങ്ക് അനുശാസിക്കുന്ന 5 ശതമാനത്തിൽ താഴെ അറ്റനിഷ്ക്രിയാസ്തിയുള്ള ബാങ്കുകളാണ്.

## തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്

209(3903) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 1-1.-2016 മുതൽ 31-5-2018 വരെ ഓരോ മാസവും എത്ര പേർ വിരമിച്ചു;തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ഡി.സി.ബി.-യിൽ 2018 ജൂണിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്യൂൺ/ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ നൽകി ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമനം നൽകിയതെന്നാണ്;പ്രസ്തുത സ്ഥാനക്കയറ്റം നൽകിയതിന് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവർ എത്ര;അതിൽ പ്യൂൺ/ഓഫീസ് അറ്റൻഡന്റ് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം കിട്ടിയവർ എത്ര;

(ഇ) ജില്ലാ സഹകരണ ബാങ്കിന്റെ ക്ലാസിഫിക്കേഷൻ അവസാനമായി നടന്നതെന്നാണ്; ക്ലാസിഫിക്കേഷൻ നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## <u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 1-1-2016 മുതൽ 31-5-2018 വരെ വിരമിച്ച ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി)

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| ജനറൽ മാനേജർ | 1 |
| ഡെപ്യൂട്ടി ജനറൽ മാനേജർ | 2 |
| എക്സിക്യൂട്ടീവ് ഓഫീസർ | 49 |
| അഗ്രിക്കൾച്ചറൽ ഓഫീസർ | 1 |
| മാനേജർ | 76 |
| പി.ആർ.ഒ. | 1 |
| സീനിയർ അക്കൗണ്ടന്റ് | 91 |
| അക്കൗണ്ടന്റ് | 79 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| ടൈപ്പിസ്റ്റ് ഗ്രേഡ് I | 2 |
| ക്ലാർക്ക്/ കാഷ്യർ | 187 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) |
|---|---|
| സ്റ്റെനോ ടൈപ്പിസ്റ്റ് | 3 |
| ടൈപ്പിസ്റ്റ് | 1 |
| ടെലിഫോൺ ഓപ്പറേറ്റർ | 1 |
| ഡ്രൈവർ | 6 |
| അപ്രൈസർ | 1 |
| കെയർ ടേക്കർ | 1 |
| ബിൽ കളക്ടർ | 22 |
| ലിഫ്റ്റ് ഓപ്പറേറ്റർ | 1 |
| പ്യൂൺ/ വാച്ച്മാൻ | 62 |
| ഗൺമാൻ | 1 |
| ഗസ്റ്റ് റൂം ബോയ് | 1 |
| പാർട്ട്-ടൈം- സ്വീപ്പർ | 63 |
| ആകെ | 654 |

(സി) 31-10-2016-ൽ 22 പ്യൂൺ/ വാച്ച്മാൻമാർക്ക് ക്ലാർക്ക്/ കാഷ്യർ തസ്തികയിലേയ്ക്ക് ജില്ലാ സഹകരണ ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരമുള്ള നിശ്ചിത അനുപാതം പാലിക്കാതെ ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ടി സ്ഥാനക്കയറ്റം സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടില്ല. ടി നിയമനം റദ്ദ് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നൽകിയ നിർദ്ദേശത്തിനെതിരെ മേൽ ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ.പി. (സി) 18622/2017(1), ഡബ്ല്യൂ.പി. (സി) 18687/2017 എന്നീ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും, ടി റിട്ട് പെറ്റീഷന്റെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ വാങ്ങുകയും ചെയ്തിട്ടുണ്ട്.

(ഡി) 14-6-2018-ൽ 187 ജീവനക്കാർ ക്ലാർക്ക്/ കാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നു. ഇതിൽ പ്യൂൺ തസ്തികയിൽ നിന്ന് 31 പേർക്ക് (9+22) സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനെ ക്ലാസ് 3 വിഭാഗത്തിൽ ക്ലാസിഫൈ ചെയ്ത്, സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചത് 4-9-2014 ലെ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 24-9-2016 ലെ സി.ബി.(1) 35314/2016 കത്തിൻ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ ശാഖകൾ ആരംഭിക്കുക, കൂടുതൽ ജീവനക്കാരെ നിയമിക്കുക എന്നിവയ്ക്ക് സർക്കാരിൽനിന്ന് ഇനിയൊരു നിർദ്ദേശം ഉണ്ടാകുന്നതുവരെ നടപടികൾ കൈക്കൊള്ളേണ്ടതില്ലായെന്നും അറിയിച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിൽ സർക്കാർ ജീവനക്കാരുടെ ജാമ്യവ്യവസ്ഥ

210(3904) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും വായ്പ നൽകുന്നതിനായി, സർക്കാർ ജീവനക്കാരുടെ ജാമ്യവ്യവസ്ഥയിൽ പരിഷ്കരണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(ബി) ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിനു തുല്യമായ വായ്പ പോലും നൽകാത്ത സഹകരണ ബാങ്കുകളുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിൽ പൊതുമാനദണ്ഡം ഏർപ്പെടുത്താൻ സാധിക്കുമോ; സാദ്ധ്യത പരിശോധിക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയിൽനിന്നും നൽകുന്ന 50,000 രൂപയ്ക്ക് മുകളിൽ 3,00,000 രൂപ വരെയുള്ള കാർഷികേതര വായ്പകൾ വസ്തു ഈടിന്മേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ അനുവദിച്ചു നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. ശമ്പള ജാമ്യം സ്വീകരിക്കുമ്പോൾ മതിയായ ശമ്പള ജാമ്യം, സർട്ടിഫിക്കറ്റിന്റെ കൃത്യതെന്നിവ ഉറപ്പുവരുത്തേണ്ടത് സംഘത്തിന്റെ ചുമതലയാണ്. സംഘങ്ങളുടെ നിയമാവലിയിലേയോ വായ്പാ ഉപനിബന്ധനയിലേയോ ജാമ്യം സംബന്ധിച്ച വ്യവസ്ഥയിൽ ഭേദഗതി ആവശ്യമെങ്കിൽ ക്രമപ്രകാരം അതാതു സംഘങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യം പരിഗണിക്കാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നമ്പർ 49/2011 പ്രകാരം പൊതുമാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്.

## പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാർ

211(3905) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്കിൽ 2005 മുതൽ 2011 വരെ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ ജോലിചെയ്തിരുന്നു; അവരുടെ പേരും വിലാസവും തെളിയിക്കുന്ന ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഒരു വർഷം തുടർച്ചയായി ക്യാഷ് കൗണ്ടറിൽ ജോലി ചെയ്തിരുന്നവരുടെ പേരും എന്ന് മുതൽ എന്നുവരെ ജോലി ചെയ്തെന്ന് തെളിയിക്കുന്ന രേഖകളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തവരുടെ പേരും മേൽവിലാസവും വെളിപ്പെടുത്താമോ?

### ഉത്തരം

(എ) വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.*

(ബി) 1. ശ്രീമതി എൽ. പ്രസീത- 2005 മുതൽ 2008 വരെ.

2. ശ്രീമതി ശശികല വി.എസ്.- 2008 മുതൽ തുടരുന്നു.

ബാങ്ക് സമർപ്പിച്ചിട്ടുള്ള രേഖ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) പൂവച്ചൽ സർവ്വീസ് സഹകരണ ബാങ്കിൽനിന്ന് ലഭ്യമായ രേഖ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തതായി കാണുന്നു. ആയതിൽ സെക്രട്ടറിയുടെ സീൽ പതിപ്പിച്ച് ഒപ്പിട്ട് സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നു. സെക്രട്ടറിയുടെ പേരും മേൽവിലാസവും ചുവടെ ചേർക്കുന്നു:

ശ്രീ. സുകുമാരൻ ജെ., ആതിര ഭവൻ, പാലേലി, കാട്ടാക്കട പി.ഒ., ടി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സഹകരണമേഖല ശക്തിപ്പെടുത്താൻ നടപടികൾ

212(3906) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനത്തിനു ശേഷം പ്രതിസന്ധിയിലായ സഹകരണ മേഖലയെ പ്രതിസന്ധിയിൽനിന്നും രക്ഷിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ;

(ബി) കേരളത്തിലെ സാമ്പത്തിക മേഖലയിലെ ഏറ്റവും നിർണ്ണായകമായ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് ഭാവിയിൽ എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണമേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. മേൽ നടപടികളുടെ അടിസ്ഥാനത്തിൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) സാധാരണക്കാർക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നൽകാൻ കഴിയുന്ന തരത്തിൽ സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ സഹകരണ രംഗത്തെ ആധുനീകരണത്തിൻെറ ഭാഗമായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ

കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് അനുസൃതമായി അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേയ്ക്കുള്ള നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കാറുണ്ട്.

## പൊൻവിള സർവ്വീസ് സഹകരണബാങ്ക്

213(3907) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊൻവിള സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) സഹകരണ രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(സി) പൊൻവിള സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പൊൻവിള സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചവർക്ക് നിക്ഷേപിച്ച പണം മടക്കി നൽകുന്നതിന് ബാങ്കിന് നിലവിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് നിക്ഷേപകരിൽനിന്നും പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?

### ഉത്തരം

(എ&ബി) പൊൻവിള സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെ സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടന്നു വരുന്നതേയുള്ളൂ.

(സി) പൊൻവിള സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട് രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പൊൻവിള സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചവർക്ക് നിക്ഷേപിച്ച പണം മടക്കി നൽകുന്നതിന് ബാങ്കിന് നിലവിൽ സാമ്പത്തിക ബുദ്ധിമുട്ട് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

## പട്ടികജാതി സഹകരണ സംഘങ്ങൾ

214(3908) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്ര വിവിധോദ്ദേശ്യ പട്ടികജാതി സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവയിൽ ഇപ്പോഴും പ്രവർത്തിക്കുന്നവ എത്ര;പ്രവർത്തിക്കാത്തവ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വരുമാനമില്ലാത്തതുമൂലം പ്രതിസന്ധിയിലായ ഇത്തരം സഹകരണ സംഘങ്ങളുടെ സെക്രട്ടറിമാരായി പ്രവർത്തിക്കുന്നവർക്ക് നിലവിൽ എന്തെങ്കിലും സാമ്പത്തിക സഹായം നൽകുവാൻ കഴിയുമോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വായ്പ നൽകിയത് തിരിച്ചു പിടിക്കാൻ കഴിയാത്തതിനെത്തുടർന്ന് പൂട്ടിപോവുകയോ പ്രതിസന്ധിയിലാവുകയോ ചെയ്തിട്ടുള്ള സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ)

| | |
|---|---|
| തിരുവനന്തപുരം | 9 |
| കൊല്ലം | 0 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 1 |
| ഇടുക്കി | 2 |
| എറണാകുളം | 22 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 0 |

| | |
|---|---|
| മലപ്പുറം | 71 |
| കോഴിക്കോട് | 0 |
| വയനാട് | 0 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 1 |
| ആകെ | 111 |

(ബി)

| ജില്ല | പ്രവർത്തിക്കുന്നവ | പ്രവർത്തിക്കാത്തവ |
|---|---|---|
| തിരുവനന്തപുരം | 3 | 6 |
| കൊല്ലം | 0 | 0 |
| പത്തനംതിട്ട | 1 | 1 |
| ആലപ്പുഴ | 0 | 2 |
| കോട്ടയം | 1 | 0 |
| ഇടുക്കി | 2 | 0 |
| എറണാകുളം | 7 | 15 |
| തൃശ്ശൂർ | 0 | 1 |
| പാലക്കാട് | 0 | 0 |
| മലപ്പുറം | 25 | 46 |
| കോഴിക്കോട് | 0 | 0 |
| വയനാട് | 0 | 0 |
| കണ്ണൂർ | 0 | 0 |
| കാസർഗോഡ് | 0 | 1 |
| ആകെ | 39 | 72 |

(സി) സംഘം സെക്രട്ടറിമാർക്ക് ശമ്പളം നൽകുന്നതിലേയ്ക്ക് 5 വർഷത്തേയ്ക്ക് മാനേജീരിയൽ സബ്സിഡി അനുവദിച്ച് നൽകി വരുന്നുണ്ട്.

(ഡി) പട്ടികജാതി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും നിലവിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

## സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണ സംഘം

215(3909) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഹൗസിംഗ് സഹകരണ സംഘത്തിലെ മുൻ ഭരണസമിതി അംഗങ്ങളായ 10 പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കുറ്റത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സസ്പെൻഡ് ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(ബി) സസ്പെൻഡ് ചെയ്യപ്പെട്ടവർ വിവരാവകാശ നിയമപ്രകാരം ബന്ധപ്പെട്ട ഫയലിന്റെ പകർപ്പുകൾ ആവശ്യപ്പെട്ടിരുന്നോ എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിവരാവകാശ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുയെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ ടി സംഘം ഭരണസമിതി കൂട്ടായി അഴിമതി നടത്തിയിട്ടുള്ളതായും, പണാപഹരണം, വ്യാജരേഖ ചമയ്ക്കൽ, ഗവൺമെന്റ് സർട്ടിഫിക്കറ്റുകൾ കൃത്രിമമായി തയ്യാറാക്കൽ, ഉദ്യോഗസ്ഥരുടേയും വകുപ്പുകളുടേയും ഔദ്യോഗിക മുദ്രകൾ വ്യാജമായി നിർമ്മിക്കൽ, ആൾമാറാട്ടം തുടങ്ങിയ ക്രിമിനൽ കുറ്റങ്ങൾ നടന്നിട്ടുള്ളതായും വ്യക്തമായതിനെ തുടർന്ന് റ്റി. 372-ാം നമ്പർ ഗവൺമെൻറ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിലെ ഭരണസമിതി അംഗങ്ങളായിരുന്ന 10 പേരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു.

(സി) വിവരാവകാശ നിയമപ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 12-2-2018-ലെ സി.ആർ.ബി.(1) 1302/2018 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാർ (ജനറൽ) ഓഫീസിൽനിന്നും നൽകിയിട്ടുണ്ട്.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും കൺസ്യൂമർ ഫെഡ് എടുത്ത വായ്പ

216(3910) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡ് നാളിതുവരെയായി എത്ര രൂപ വായ്പ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വായ്പയുടെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ പലിശയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശികയും മുതലും കൺസ്യൂമർ ഫെഡിൽ നിന്ന് തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ അടാട്ട് ഫാർമേഴ്സ്, സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡ് 50 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുള്ളതാണ്.

(ബി) വായ്പയുടെ കാലാവധി 30-9-2017-ൽ അവസാനിച്ചിട്ടുള്ളതാണ്.

(സി) ടി വായ്പയിൽ മുതലിനത്തിൽ 38,49,50,862 രൂപയും പലിശ 1,91,31,562 രൂപയും പിഴപലിശ 35,85,844 രൂപയും കൂടി ആകെ 40,76,68,268 രൂപ 16-5-2018 തീയതിയിൽ അടക്കാൻ ബാക്കി നിൽപ്പുണ്ട്. മേൽ തുക തിരിച്ചടയ്ക്കുന്നതിന് കൺസ്യൂമർഫെഡിന് നോട്ടീസ് നൽകിയിട്ടുള്ളതും തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

## കൺസ്യൂമർ ഫെഡിൻെറ പ്രവർത്തനം

217(3911) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച നീതി ഔട്ട് ലെറ്റ്കളും, നീതി മെഡിക്കൽ സ്റ്റോറുകളും എത്ര വീതമെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ;

(സി) നീതി മെഡിക്കൽ സ്റ്റോറുകളും ഔട്ട് ലെറ്റുകളും ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന പലവക-സഹകരണ സംഘങ്ങൾക്ക് അവസരം നൽകിയാൽ പ്രസ്തുത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ചെറുകിട സംഘങ്ങളുടെ വളർച്ചയ്ക്കും സഹായകരമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിനെ ലാഭകരമാക്കുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ സുതാര്യവും സുഗമവുമാക്കുന്നതിനായി എന്തെല്ലാം പദ്ധതിയും മുൻകരുതലുമാണ് വകുപ്പ് കൈക്കൊണ്ടുവരുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ 189 നീതി ഔട്ട്ലെറ്റുകളും 210 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 172 നീതി ഔട്ട്ലെറ്റുകളും 169 നീതി മെഡിക്കൽ സ്റ്റോറുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടങ്ങളിലേയ്ക്ക് ആവശ്യമായി വരുന്ന സാധനങ്ങളുടെ ഓർഡർ റീജിയണൽ ഓഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് വിതരണം ചെയ്യുന്നു. ഇതിലൂടെ പൊതുവിപണിയെക്കാളും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും മരുന്നുകളും വിൽപ്പന നടത്തുന്നതിന് സാധിക്കുന്നുണ്ട്.

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നീതിസ്റ്റോർ, നീതിമെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിനുള്ള അനുമതി ജില്ലാ ജോയിന്റ് രജിസ്ട്രാർമാരാണ് നൽകി വരുന്നത്. ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സാമ്പത്തിക സ്ഥിതി ഉള്ള സംഘങ്ങൾക്ക് കൺസ്യൂമർ ഫെഡറേഷന്റെ സമ്മതത്തോടെ പ്രാദേശികവാസികൾക്കും അംഗങ്ങൾക്കും പ്രയോജന പ്രദമാണെന്ന് ഉറപ്പു വരുത്തിയ ശേഷം നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകി വരുന്നു.

(സി) ഉണ്ട്. പലവക സംഘങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോറുകളും ഔട്ട്ലെറ്റുകളും ആരംഭിക്കുന്നതിന് അവസരം നൽകിയാൽ സംഘങ്ങളുടെ വളർച്ചയ്ക്ക് സഹായകരമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോറും ഔട്ട്ലെറ്റുകളും ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുമതി നൽകി വരുന്നു.

(ഡി) ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മൂന്ന് അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. ജീവനക്കാരെ വിശ്വാസത്തിലെടുത്തു കൊണ്ട് ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിന്റെ ഭാഗമായി സംഘടനാ സംവിധാനത്തിന് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കി ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി. കെട്ടിക്കിടന്നിരുന്ന സാധനങ്ങൾ വിറ്റഴിച്ചു. ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് പരസ്യലേലം വഴി വിറ്റഷിച്ചു. ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി. ബാക്കിയുള്ളവരെ പുനർവിന്യസിച്ചു. ലാഭകരമല്ലെന്ന് കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കി ജീവനക്കാർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയുണ്ടായി. വിദേശമദ്യത്തിന്റെ ഇൻസെന്റീവ് ഫെഡറേഷനിൽ നേരിട്ട് അടയ്ക്കുന്നതിന് നിഷ്കർഷിച്ചു. 2012-13 മുതൽ 2015-16 വരെയുള്ള കുടിശ്ശിക ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചാർട്ടേർഡ് അക്കൗഡന്റ് സ്ഥാപനത്തിനെ ചുമതലപ്പെടുത്തി, മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ ഭരണ ചെലവ് കുറയ്ക്കുന്നതിനും വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ യഥാക്രമം 61.27 കോടി, 71.88 കോടി രൂപ പ്രവർത്തന ലാഭം നേടുന്നതിന് ഇതിലൂടെ കഴിഞ്ഞു.

(ഇ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം സുതാര്യവും സുഗമവു മാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ചിട്ടയായ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുകയും

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു. ആവശ്യമില്ലെന്ന് കണ്ടെത്തിയ ഗോഡൗണുകൾ നിർത്തലാക്കി. കെട്ടിക്കിടന്നിരുന്ന സാധനങ്ങളും ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങളും നടപടിക്രമങ്ങൾ പാലിച്ച് ലേല നടപടികളിലൂടെ വിൽപ്പന നടത്തി. ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. സബ്സിഡി ഇനത്തിൽ സർക്കാർ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും (56.9932 കോടി രൂപ) നൽകി. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കുവാൻ നടപടി**

218(3912) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ.വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി.കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അഴിമതിയും കെടുകാര്യസ്ഥതയുംമൂലം വൻനഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കൺസ്യൂമർഫെഡിന്റെ സഞ്ചിത നഷ്ടം എത്ര കോടി രൂപ ആയിരുന്നു;

(സി) അഴിമതി ഇല്ലാതാക്കി സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ നടപ്പിലാക്കിയിട്ടുണ്ടോയെന്നും പർച്ചേസ് കമ്മിറ്റി പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെലവ് ചുരുക്കലിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താത്ക്കാലിക ജീവനക്കാരെ ഒഴിവാക്കി വൻ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു. ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കി. സുതാര്യമായ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ടെൻഡറുകൾ വഴിയാണ് സാധനങ്ങൾ വാങ്ങുന്നത്. പർച്ചേസ് പോളിസിക്ക് രൂപം നൽകി. രൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങിയും, വിദേശ മദ്യവിൽപ്പനയിൽ നിലനിന്നിരുന്ന അനാശാസ്യ പ്രവണതകളും, ഡാമേജും കുറയ്ക്കാൻ കഴിഞ്ഞു. ഉപയോഗമില്ലാത്ത മൊബൈൽ ത്രിവേണി വാഹനങ്ങൾ വിൽക്കുകയും ചെയ്തു. ഉപയോഗയോഗ്യമല്ലാതെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിൽക്കുകയും, പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നുള്ള ഇൻഡന്റുകൾ ശേഖരിച്ച് അഡ്വാൻസ് വാങ്ങി സാധനങ്ങൾ വാങ്ങാൻ തുടങ്ങിയതോടെ പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിന് സാധിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കൺസ്യൂമർഫെഡിന്റെ ഏകദേശ കട ധനപട്ടിക പ്രകാരം സഞ്ചിത നഷ്ടം 751.37 കോടി രൂപ ആയിരുന്നു.

(സി) അഴിമതി ഇല്ലാതാക്കി സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓരോ മേഖലയിലും പ്രാവീണ്യമുള്ള സംഘം പ്രതിനിധികളെ ഓരോ ഇനത്തിന്റെയും പർച്ചേസ് കമ്മിറ്റിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചാണ് ഫെഡറേഷന്റെ പർച്ചേസ് പ്രക്രിയകൾ നടത്തി വരുന്നത്.

(ഡി) കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും, അതുവഴി വിലക്കയറ്റത്തെ തടഞ്ഞു നിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവരും, സാധാരണക്കാരും കൂടതലായി തിങ്ങിപാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നതിനും പദ്ധതിയുണ്ട്. ഉത്സവകാലങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം സബ്സിഡി വിലയ്ക്ക് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നു. കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ വിൽപ്പനയുടെ അടിസ്ഥാനത്തിൽ എ,ബി,സി,ഡി,ഇ എന്നിവയായി തരം തിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2500 നീതി സ്റ്റോറുകളും 500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് പ്രവർത്തനം ആരംഭിച്ചു. നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കുന്നതിന്

ഇ-ടെൻഡർ സംവിധാനം ഫലപ്രദമാക്കി. പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. മരുന്ന് കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങുന്നത് വഴി കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിന് കഴിഞ്ഞു. ഓണത്തിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ വിപുലമായ 3500 ഓളം ഓണവിപണി സംഘടിപ്പിക്കുന്നതിനാണ് കൺസ്യൂമർ ഫെഡറേഷൻ ലക്ഷ്യമിട്ടിരിക്കുന്നത്.

## സഹകരണ ബാങ്കുകളുടെ സഹായത്തോടെ ഹൈടെക് ക്ലാസ് മുറികൾ

219(3913) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സഹായത്തോടെ സംസ്ഥാനത്ത് ക്ലാസ് മുറികൾ ഹൈടെക്ക് ആക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## കാർഷിക വായ്പ

220(3914) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുക്കുന്ന കർഷകർക്ക് നിലവിൽ എത്ര രൂപ വരെയാണ് നൽകി വരുന്നത്; വായ്പയ്ക്ക് ഈടായി മിനിമം എത്ര സെന്റ് ഭൂമിയാണ് വായ്പക്കാരന് ഉണ്ടാകേണ്ടത് ;

(ബി) വായ്പാ തിരിച്ചടവിൽ വീഴ്ചവരുത്തുന്ന കർഷകർക്ക് കൈത്താങ്ങ് നൽകുന്നതിനായി ഇവരുടെ വായ്പകൾ എഴുതിത്തള്ളാറുണ്ടോ ; കാർഷിക വായ്പ എഴുതിത്തള്ളുന്നതിന്റെ മാനദണ്ഡവും നടപടി ക്രമങ്ങളും വിശദമാക്കാമോ ;

(സി) തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്ക് സഹായം നൽകുന്നത് പോലെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിനത്തിലോ സബ്സിഡി ഇനത്തിലോ ആനുകൂല്യം നല്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുളിൽനിന്നും കാർഷിക വായ്പ എടുക്കുന്ന കർഷകർക്ക് നിലവിൽ 3 ലക്ഷം രൂപ വരെയാണ് നൽകി വരുന്നത്. വായ്പയ്ക്ക് ഈടായി നൽകുന്ന വസ്തുവിന് മിനിമം പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് കടാശ്വാസം അനുവദിച്ച് നൽകുന്നുണ്ട്. കർഷകർ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിച്ച് നൽകുന്നു. കർഷക കടാശ്വാസ കമ്മീഷന്റെ ആക്ട് പ്രകാരം കർഷകരുടെ 18-1-2007 (ആക്ടിന്റെ പ്രാരംഭ തീയതി) വരെയുള്ള വായ്പകളാണ് കടാശ്വാസത്തിനായി കമ്മീഷൻ പരിഗണിക്കുന്നത്. ടി ആക്ട് പ്രകാരം കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. ആക്ട് പ്രകാരം കർഷകൻ എന്നാൽ നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവനമാർഗ്ഗമായിരിക്കുകയും ചെയ്യുന്നയാൾ എന്നാണ്.

വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന കർഷകരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും, ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിൽനിന്നും അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

(സി) ഹ്രസ്വകാലവിള വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ നെൽ കർഷകർക്ക് ഇപ്രകാരം പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 7 ശതമാനം പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3 ശതമാനം പലിശ സബ്സിഡിയോടൊപ്പം 4 ശതമാനം സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകി വരുന്നു.

## സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ

221(3915) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലായി ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) അതിൽ എത്ര ഒഴിവുകളാണ് സഹകരണ സർവ്വീസ് ബോർഡിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത് ;

(സി) റിപ്പോർട്ട് ചെയ്യാതെ മാറ്റിവച്ച ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അടിയന്തര നിർദ്ദേശം നൽകുമോ;

(ഡി) ഒരു വർഷത്തിലധികമായി റിപ്പോർട്ട് ചെയ്യാത്ത തസ്തികകളുടെ അംഗീകാരം റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്താത്തതിനാൽ അനർഹരായവർ ബോർഡിന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലായി ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ 4255 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 1049 ഒഴിവുകൾ

(സി&ഡി) റിപ്പോർട്ട് ചെയ്യാതെ മാറ്റിവച്ച ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

(ഇ) ഇത് സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(എഫ്) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അഭിമുഖ സമയത്ത് അതാത് സംഘം/ബാങ്കുകൾ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പരിശോധിക്കുന്നുണ്ട്. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സഹകരണ നിയമം ചട്ടം 182(4)(viii) പ്രകാരം റാങ്ക് ലിസ്റ്റിൻെറ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണ്.

## സഹകരണ ആർബിട്രേഷൻ കോടതികൾ

222(3916) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ ആർബിട്രേഷൻ കോടതികൾ എത്രയെണ്ണമുണ്ടെന്നും എവിടെയൊക്കെയെന്നും വിശദീകരിക്കാമോ;

(ബി) പ്രസ്തുത കോടതികളിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം സംബന്ധിച്ച വിശദമായ പട്ടിക ലഭ്യമാക്കാമോ;

(സി) ഇങ്ങനെ കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ 2 സഹകരണ ആർബിട്രേഷൻ കോടതികളാണ് നിലവിലുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകൾ ഉൾപ്പെടുന്ന ആർബിട്രേഷൻ കോടതി (സതേൺ) തിരുവനന്തപുരത്തും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന ആർബിട്രേഷൻ കോടതി (നോർത്തേൺ) കോഴിക്കോടുമാണ് സ്ഥിതി ചെയ്യുന്നത്.

(ബി) തിരുവനന്തപുരം ആർബിട്രേഷൻ കോടതിയിൽ 294 കേസ്സുകൾ തീർപ്പാക്കാനുണ്ട്. കോഴിക്കോട് ആർബിട്രേഷൻ കോടതിയിൽ ദീർഘകാലമായി കെട്ടികിടക്കുന്ന കേസ്സുകൾ ഇല്ല. 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 10 കേസ്സുകൾ തീർപ്പാക്കാനുണ്ട്.

(സി) നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയും എല്ലാ മാസവും കൂടുതൽ സിറ്റിംഗുകൾ നടത്തിയും കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

## ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ

223(3917) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലെ തൊഴിലാളികളുടെ സേവന വേതന കരാർ എന്നാണ് അവസാനിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കരാർ പുതുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) കരാർ പുതുക്കുന്നതിന് ടെക്സ്റ്റയിൽ ഐ.ആർ.സി യിൽ തീരുമാനം എടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് തൊഴിലാളികളുടെ ദയനീയാവസ്ഥക്ക് അറുതി വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലെ തൊഴിലാളികളുടെ സേവന വേതന കരാർ 31-1-2016-ലാണ് അവസാനിച്ചത്.

(ബി&സി) പ്രസ്തുത കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കേരള ടൂറിസത്തെ അന്താരാഷ്ട്ര തലത്തിൽ പ്രൊമോട്ട് ചെയ്യാനുള്ള നടപടികൾ

224(3918) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തെ അന്താരാഷ്ട്ര തലത്തിൽ പ്രൊമോട്ട് ചെയ്യുവാനായി ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതിനുവേണ്ടി 2016-17, 2017-18 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ മൂലം കേരള ടൂറിസം രംഗത്ത് അന്താരാഷ്ട്ര തലത്തിൽനിന്നും ഉണ്ടായിട്ടുള്ള പ്രതികരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരള ടൂറിസത്തെ അന്താരാഷ്ട്ര തലത്തിൽ പ്രമോട്ട് ചെയ്യുവാനായി അന്താരാഷ്ട്ര തലത്തിൽ നിരവധി ക്യാമ്പയിനുകൾ നടത്തി വരുന്നു. 2016-17 വർഷത്തിൽ ഇന്റർ നാഷണൽ ക്യാമ്പയിനുകൾ നടത്തി. യൂറോപ്പ് മീഡിയ, പ്രിൻറ്, OOH ക്യാമ്പയിനുകളും ഇതിന്റെ ഭാഗമായി ദുബായ് ടാക്സി ബ്രാന്റിംഗ്, പ്രിന്റ് ക്യാമ്പയിനുകൾ-ആസ്ട്രേലിയ, അമേരിക്ക എന്നിവിടങ്ങളിലും, ദുബായ് ഔട്ട്

ഡോർ ക്യാമ്പയിനും, മധ്യേഷ്യൻ രാജ്യങ്ങളിൽ പ്രചാരണത്തിനായി മിഡിൽ ഈസ്റ്റ് ക്യാമ്പയിനും, ജപ്പാൻ പ്രിന്റ് ക്യാമ്പയിനും, വിവിധ യൂറോപ്യൻ രാജ്യങ്ങളിലും മറ്റും കേരള മുസിരിസ് ബിനാലെ ക്യാമ്പയിനും സംഘടിപ്പിച്ചു. ഓരോ പദ്ധതിയും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം-1* ആയി ഉള്ളടക്കം ചെയ്യുന്നു. ഇതിനു പുറമേ ടൂറിസം വകുപ്പ് 2016-17, 2017-18 വർഷങ്ങളിൽ വിദേശരാജ്യങ്ങളിൽ ടൂറിസം പ്രൊമോഷനുവേണ്ടി നടത്തിയ പാർട്ട്ണർഷിപ്പ് മീറ്റുകളുടേയും പങ്കെടുത്ത പ്രമുഖ ട്രേഡ് ഫെയറുകളുടേയും പട്ടിക അനുബന്ധം-2* ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) കേരള ടൂറിസത്തിന്റെ വിദേശ രാജ്യങ്ങളിലെ ശക്തമായ പ്രചാരണ പരിപാടികൾ വഴി അന്താരാഷ്ട്ര തലത്തിൽ സംസ്ഥാന ടൂറിസം മികച്ച ഒരു ബ്രാന്റാക്കി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി വിദേശ രാജ്യങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണക്കുകൾ തെളിയിക്കുന്നു. കേരള ടൂറിസത്തിന് ലഭിച്ചു വരുന്ന നിരവധി പുരസ്കാരങ്ങളും ഇതിൻെറ ഭാഗമാണ്. അന്താരാഷ്ട്ര മാഗസീനായ ലോൺലി പ്ളാനറ്റ് പോലുള്ളവ കേരളം "കണ്ടിരിക്കേണ്ട ഡെസ്റ്റിനേഷനായി" അവതരിപ്പിച്ചതും മാർക്കറ്റിംഗ് വിജയത്തിന്റെ ഭാഗമാണ്.

### നിപ വൈറസുമൂലം ടൂറിസം മേഖലയിലുള്ള പ്രതിസന്ധി

225(3919) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധ സംസ്ഥാനത്തെ മൊത്തം വിനോദസഞ്ചാരികളുടെ വരവിൽ എത്ര ശതമാനം ഇടിവുണ്ടാക്കിയെന്നാണ് കണക്കാക്കുന്നത്;

(ബി) നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളും മറ്റ് സംസ്ഥാനങ്ങളും കേരളത്തിലേക്കുള്ള സഞ്ചാരികൾക്ക് ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ടൂറിസം മേഖലയിലെ ഈ പ്രതിസന്ധിമൂലമുണ്ടായ നഷ്ടം എത്രയെന്നാണ് കണക്കാക്കുന്നതെന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2018 ജൂൺ വരെയുള്ള കണക്കുകളെങ്കിലും അന്തിമമാക്കിയാലേ വിനോദസഞ്ചാരികളുടെ വരവിനെ സംബന്ധിച്ച കണക്ക് വ്യക്തമാവുകയുള്ളൂ. ആയത് പരിശോധനയിലാണ്.

(ബി) നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേരള ആരോഗ്യവകുപ്പ് അതത് സമയങ്ങളിൽ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ജാഗ്രതാ നിർദ്ദേശം നവമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും കാരണത്താൽ കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് എന്തെങ്കിലും പ്രതിസന്ധിയുള്ളതായി കണ്ടെത്തിയിട്ടില്ല.

**മൺസൂൺ ടൂറിസം**

226(3920) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ ഭാഗമായി എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയത്;

(ബി) കഴിഞ്ഞ വർഷം മൺസൂൺ ടൂറിസം സീസണിൽ സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ വിദേശ നാണ്യം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) മൺസൂൺ കാലയളവിൽ ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്നാണ് ടൂറിസ്റ്റുകൾ സംസ്ഥാനത്തെത്തുന്നത്എന്ന് അറിയിക്കുമോ;

(ഡി) ഈ വർഷത്തെ മൺസൂൺ ടൂറിസത്തെ നിപ ബാധ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; എങ്കിൽ വിദേശ ടൂറിസ്റ്റുകളുടെ ആശങ്കകൾ അകറ്റുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ ഭാഗത്തുനിന്നും കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ ഭാഗമായി ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ എന്ന പേരിൽ ഇന്ത്യയിൽ ഒട്ടാകെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഏപ്രിൽ മാസത്തിൽ ആരംഭിച്ച പ്രചാരണ പരിപാടിയിൽ ഇന്ത്യയിലെ പ്രമുഖ ടെലിവിഷൻ ചാനലുകൾ, 20 പ്രമുഖ നഗരങ്ങളിലെ സിനിമാ തിയറ്ററുകൾ, ഡൽഹി, മുംബൈ, ഹൈദരാബാദ്, ബാംഗ്ളൂർ നഗരങ്ങളിലെ എയർപോർട്ടുകൾ എന്നിവിടങ്ങളിൽ ടൂറിസം പ്രചാരണം നടത്തിക്കഴിഞ്ഞു. ഇതിനു പുറമേ ഡൽഹി മെട്രോ, കൊൽക്കത്ത ട്രാം എന്നിവയും

കേരള ടൂറിസം ബ്രാന്റ് ചെയ്തിട്ടുണ്ട്. 'Come Out and Play' എന്ന പ്രമേയമാണ് ഇത്തവണ ടൂറിസം വകുപ്പ് പരസ്യ പ്രചാരണത്തിനായി ഉപയോഗിച്ച വരുന്നത്. വയനാട് കേന്ദ്രീകരിച്ച് മഡ് ഫുഡ്ബോൾ സംഘടിപ്പിക്കുവാനും ആലോചിക്കുന്നുണ്ട്. മണസൂൺകാല മ്യൂസിക് ഫെസ്റ്റിവലും ഇത്തവണ സംഘടിപ്പിക്കുന്നുണ്ട്.

(ബി) വിനോദസഞ്ചാര മേഖലയിലെ വിദേശ നാണ്യം കണക്കാക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കിയാണ്. 2016-ൽ വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനം 7,749.51 കോടി രൂപ ആയിരുന്നത് 2017-ൽ 8,392.11 കോടി രൂപ ആയി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട് (8.29 ശതമാനം വർദ്ധനവ്). ഇതിന് ആനുപാതികമായി മൺസൂൺ ടൂറിസം സീസണിലും വിദേശനാണ്യ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

(സി) 2017 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മൺസൂൺ കാലയളവിൽ ഏറ്റവും കൂടുതൽ വിദേശികൾ എത്തിയത് യു.കെ.-യിൽനിന്നും രണ്ടാമത് സൗദി അറേബ്യയിൽനിന്നും മൂന്നാമത് അമേരിക്കയിൽനിന്നും ആണ്.

(ഡി) മൺസൂണിന്റെ ആരംഭഘട്ടത്തിൽ ടൂറിസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്താനാവില്ല. നിപ വൈറസ് ബാധ കോഴിക്കോട് മാത്രമാണ് കണ്ടെത്തിയത്. ഇപ്പോൾ ഇത് പൂർണ്ണമായും നിയന്ത്രണ വിധേയവുമാണ്. ആരോഗ്യവകുപ്പ് അഡ്വൈസറി നോട്ട് പുറപ്പെടുവിക്കുകയും ടൂറിസം വകുപ്പ് നവമാധ്യമങ്ങൾ വഴി ഇത് സഞ്ചാരികൾക്കായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു.

### വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

227(3921) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സീസണിൽ മാത്രം ഒതുങ്ങിനില്ക്കുന്ന കേരള വിനോദസഞ്ചാരത്തെ വർഷം മുഴുവനായും വ്യാപിക്കുന്ന ഒന്നാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ വിപുലപ്പെടുത്തുന്നതിനും വിനോദസഞ്ചാര പ്രചരണത്തിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) കടൽത്തീരം, ചരിത്രം, പൈതൃകം, സാംസ്കാരികം, വനം, പരിസ്ഥിതി വിഭവങ്ങൾ, മെഡിക്കൽ തുടങ്ങി കേരളത്തിലെ വിനോദസഞ്ചാരസാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാരമ്പര്യവിനോദസഞ്ചാര കേന്ദ്രങ്ങൾക്കുപരി പുത്തൻ വിനോദസഞ്ചാരമേഖലകൾ തുറന്നെടുക്കുന്നതിന് ശ്രമം നടത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രത്യേക സീസണിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കേരള വിനോദ സഞ്ചാരത്തെ വർഷം മുഴുവനും വ്യാപിക്കുന്ന ഒന്നാക്കി മാറ്റുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. ഇതിനായി കഴിഞ്ഞ വർഷം തന്നെ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ (ഏപ്രിൽ -ഓഗസ്റ്റ്), മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ (ജൂൺ-നവംബർ), പ്രൊമോഷൻ ക്യാമ്പയിൻ ഇൻ യൂറോപ്പ് (നവംബർ മുതൽ), ഇന്റർ നാഷണൽ മാർക്കറ്റ് ക്യാമ്പയിൻ (ഡിസംബർ-മാർച്ച്), സൗത്ത് ഈസ്റ്റ് ഏഷ്യൻ ക്യാമ്പയിൻ എന്നിവ വർഷം മുഴുവനും നീണ്ടുനിൽക്കുന്ന കേരള വിനോദസഞ്ചാരത്തെ ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ വിപുലപ്പെടുത്തുന്നതിനും വിനോദസഞ്ചാര പ്രചരണത്തിനുമായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ ടൂറിസം വകുപ്പ് നടത്തിയ ക്യാമ്പയിനുകൾ ഇതിന് ഉദാഹരണമാണ്. ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ എന്ന പേരിൽ വിവിധ സംസ്ഥാനങ്ങളിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. മധ്യ ഏഷ്യൻ രാജ്യങ്ങളായ ദുബായ്, സൗദി, ഒമാൻ, കുവൈത്ത് എന്നീ രാജ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ, യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിൽ നടത്തിയ യൂറോപ്യൻ ക്യാമ്പയിൻ, അമേരിക്കൻ ക്യാമ്പയിൻ, സിംഗപ്പൂർ-മലേഷ്യൻ ക്യാമ്പയിൻ, ആസ്ത്രേലിയൻ-ന്യൂസിലാന്റ് ക്യാമ്പയിൻ എന്നിവ കേരള വിനോദസഞ്ചാരത്തിന് വേണ്ടി സംഘടിപ്പിക്കുകയുണ്ടായി. ഈ രാജ്യങ്ങളിൽ എല്ലാം തന്നെ പത്രങ്ങളിലും മാസികകളിലും പ്രിന്റ് ക്യാമ്പയിനും സംഘടിപ്പിച്ചു. ഇന്ത്യയിലെ പ്രമുഖ പട്ടണങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റ് സംഘടിപ്പിക്കുകയും വിവിധ പ്രമുഖ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്തു. മാത്രമല്ല പ്രമുഖ വിദേശ രാജ്യങ്ങളിലും വകുപ്പ് നേരിട്ട് റോഡ് ഷോകൾ സംഘടിപ്പിച്ചു. പ്രമുഖ അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിലും B2B മീറ്റുകളിലും പങ്കെടുത്ത് പ്രചരണ പരിപാടികൾ നടത്തിയിരുന്നു. വിവിധ വിദേശ

രാജ്യങ്ങളിലെ പ്രമുഖ ബ്ലോഗർമാരെ പങ്കെടുപ്പിച്ച് കേരള ബ്ലോഗ് എക്സ്പ്രസ് സംഘടിപ്പിച്ചു. 2018-19 വർഷം കേരള ടൂറിസം, കേന്ദ്ര ടൂറിസം മന്ത്രാലയം-ആയുഷ്, ATTOI നേതൃത്വത്തിൽ യോഗ അംബാസിഡർ ടൂറും സംഘടിപ്പിച്ചു.

(സി) കേരളത്തിലെ മനോഹരങ്ങളായ കടൽ തീരങ്ങളും, ചരിത്രം, പൈതൃകം, സാംസ്കാരികം, വനം, പരിസ്ഥിതി വിഭവങ്ങൾ, മെഡിക്കൽ ടൂറിസം എന്നിവയിലെ വിനോദസഞ്ചാര സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കടൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷയും അടിസ്ഥാന സൗകര്യ വികസനവും മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളാവും നടപ്പിലാക്കുക. വിവിധ ടൂറിസം വിഭവങ്ങൾ വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായതിനാൽ ഇക്കാര്യത്തിൽ ഏകോപനം നടത്തുവാനും സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് തീരുമാനമെടുക്കു വാനുമായി വിവിധ വകുപ്പുകളെ ഉൾക്കൊള്ളിച്ച് ഒരു കാബിനറ്റ് സബ് കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകൃതമായിട്ടുണ്ട്.

(ഡി) പാരമ്പര്യവിനോദസഞ്ചാര കേന്ദ്രങ്ങൾക്കുപരി പുത്തൻ വിനോദസഞ്ചാരമേഖലകൾ തുറന്നെടുക്കുന്നതിന് ശ്രമം നടത്തും. ഇതിനായി പുതിയ ആശയങ്ങൾ സ്വരൂപിക്കാനും അവ കർമ്മ പഥത്തിൽ എത്തിക്കാനും ശ്രമം തുടങ്ങിക്കഴിഞ്ഞു.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഗ്രീൻ പ്രോട്ടോക്കോൾ**

228(3922) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത് അടിയന്തരമായി നടപ്പിലാക്കുമോ;

(സി) വിനോദസഞ്ചാര മേഖലകളിലെ മാലിന്യനിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ടൂറിസം നയത്തിൻെറ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഹരിത പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ ഒരു പരിധിവരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റികിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി 3 വർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ലക്ഷ്യമിടുന്നു. മാലിന്യ നിർമ്മാർജ്ജനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട കാര്യമാണെങ്കിലും കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദ സഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കികൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലേയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ച് കൊണ്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

## ടൂറിസം വകുപ്പിന് കീഴിലുള്ള കേന്ദ്ര പദ്ധതികൾ

229(3923) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണ്;

(ബി) സ്വദേശി ദർശൻ പദ്ധതിയിലും പ്രസാദ് പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്ന പ്രവൃത്തികളും അതിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന തുകയുടെയും വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| **(1) സ്വദേശീ ദർശൻ സ്കീം** | **കേന്ദ്ര വിഹിതം** |
|---|---|
| 1. ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം | 9006.14 ലക്ഷം രൂപ |
| 2. സ്പിരിച്വൽ ടൂറിസം സർക്യൂട്ട്<br>a) ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)<br>b) ശ്രീ പത്മനാഭ-ആറന്മുള-ശബരിമല വികസനം | <br>9998.92 ലക്ഷം രൂപ<br>9244.49 ലക്ഷം രൂപ |
| **(II) പ്രസാദ് സ്കീം** | **കേന്ദ്ര വിഹിതം** |
| ഗുരുവായൂർ ക്ഷേത്ര വികസനം | 4614.20 ലക്ഷം രൂപ |

മേൽ പദ്ധതികൾക്കായി സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല.

## ഡ്രീം സീസൺ പദ്ധതി

230(3924) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ഡ്രീം സീസൺ പദ്ധതിക്കായി ഇത്തവണ ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കുമോ;

(ബി) മഴക്കാല സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പരിപാടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കേരള ടൂറിസം വകുപ്പ് ഏപ്രിൽ മാസം മുതൽ നടത്തി വരുന്ന ഡ്രീം സീസൺ പ്രൊമോഷൻ പദ്ധതി ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ എന്ന പേരിലാണ് അവതരിപ്പിക്കുന്നത്. 2018-19 വർഷം ഇതിനായി സർക്കാർ 7,67,63,755 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെലിവിഷൻ സിനിമകൾ, എയർപോർട്ട് ഡിസ്‌പ്ലേ, ഡൽഹി മെട്രോ-കൊൽക്കത്ത ട്രാം ബ്രാന്റിംഗ് എന്നിവയാണ് ഇത്തവണ ഇതിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. ടി ക്യാമ്പയിൻ നടന്നുവരുന്നു. തുക ഇതുവരെയും ചെലവഴിച്ചു തുടങ്ങിയിട്ടില്ല.

(ബി) മഴക്കാല സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനായാണ് ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഇതിനായി ഇത്തവണ 'Come Out and Play' എന്ന പേരിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. വയനാട് കേന്ദ്രീകരിച്ച് മഡ് ഫുട്ബോൾ നടത്തുന്നതിനും മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ**

231(3925) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലത്തിന് അനുസൃതമായി ടൂറിസം മേഖലയെ പരിപോഷിപ്പിക്കുന്നതിനും അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും, ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) വില്ലേജ് ടൂറിസം പദ്ധതി, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ എന്നിവയ്ക്ക് വിദേശ ടൂറിസ്റ്റുകളിൽനിന്നും ലഭിക്കുന്ന പ്രതികരണം പ്രോത്സാഹനജനകമാണോ; വിശദീകരിക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഏതെങ്കിലും ഫാർമേഴ്സ് ഗ്രൂപ്പിന്റെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) ടൂറിസം മേഖലയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ കേരള ടൂറിസത്തിന്റെ ബ്രാന്റ് അംബാസിഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ട്വിറ്റർ, യൂ ട്യൂബ്, ഇൻസ്റ്റാഗ്രാം എന്നിവയിലൂടെയുള്ള പ്രചരണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസം വെബ്സൈറ്റും കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തി ടൂറിസം രംഗത്ത് സജീവ സാന്നിദ്ധ്യം ഉറപ്പാക്കുന്നുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്ന വില്ലേജ് ടൂറിസം പദ്ധതി, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾക്ക് വിദേശ ടൂറിസ്റ്റുകളിൽനിന്നും വളരെ പ്രോത്സാഹജനകമായ പ്രതികരണമാണ് ലഭിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം കുമരകം, തേക്കടി, കോവളം, അമ്പലവയൽ, വൈത്തിരി, ബേക്കൽ എന്നീ ഡെസ്റ്റിനേഷനുകളിലായി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ വഴി 4893 ടൂറിസ്റ്റുകൾ എത്തുകയും അത് വഴി 28 ലക്ഷം രൂപ തദ്ദേശീയർക്ക് വരുമാനം ലഭിക്കുകയും ചെയ്തു. ഉത്തരവാദിത്ത ടൂറിസം മിഷൻ ഈ വർഷം പുതുതായി ആരംഭിക്കുന്ന 20 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ തയ്യാറായി കഴിഞ്ഞു. ജൂലൈ അവസാനത്തോടെ ഇവയുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തുന്നതാണ്. എല്ലാവർഷവും പുതുതായി 20 എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖാന്തരം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. വിവിധ ഉൽപ്പന്നങ്ങളുടെ പ്രാദേശിക തലത്തിലുള്ള ഉൽപ്പാദനം, സംഭരണം, വിപണനം, വിവിധ പരിശീലനങ്ങൾ തുടങ്ങിയവ അതതു സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. ഇതുകൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രാദേശിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പങ്കാളിത്തത്തോടെയുള്ള ടൂറിസം വികസന പദ്ധതിയായ പെപ്പർ (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻറ് എംപവർമെൻറ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ വൈക്കം പ്രദേശത്ത് പരിക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 12 പ്രദേശങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതേ മാതൃകയിൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് ജലായനം പദ്ധതി നടപ്പിലാക്കുന്നു. ടൂറിസം വികസനത്തിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പു വരുത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ പ്രദേശങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിക്കുന്നു. മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതിയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

(ഡി) ഗ്രീൻ ഫാം കേരള എന്ന പേരിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട് ഒരു പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ ഫാമുകൾക്ക് കേരള ടൂറിസത്തിൻെറ അംഗീകാരമാണ് നൽകുന്നത്. പ്രസ്തുത പദ്ധതി ഫാർമേഴ്സ് ഗ്രൂപ്പുകളുടെ സഹകരണത്തോടെയല്ല നടപ്പിലാക്കിയിട്ടുള്ളത്.

**വിനോദസഞ്ചാര വികസനം**

232(3926) ശ്രീ. എസ്. ശർമ്മ:

ശ്രീ. സജി ചെറിയാൻ:

ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കാൻ പുതിയ റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ളവ പുതുക്കുകയും ചെയ്ത് വിനോദസഞ്ചാര വികസനത്തിന് കുതിച്ചുചാട്ടമുണ്ടാക്കാനായുള്ള പദ്ധതികളുടെ മേൽനോട്ടത്തിന് മന്ത്രിതലസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ബി) ഓരോ 25 കിലോമീറ്ററിലും വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ച് വൻകുതിപ്പിന് ലക്ഷ്യമിടുന്ന സാഹചര്യത്തിൽ നിലവിലുള്ള പദ്ധതികൾ

സമയബന്ധിതമായി പൂർത്തിയാകാത്ത പ്രശ്നം പരിഹരിക്കാനായി ശ്രദ്ധപതിപ്പിക്കുമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിനായി മന്ത്രിതല സമിതി രൂപീകരിച്ചിട്ടില്ല.

(ബി) നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീക്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഓരോ സീസണിലും ടൂറിസ്റ്റ് കേന്ദ്രത്തിൽ അവശ്യം വേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ യഥാവിധി പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുകയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ വർഷം ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയുടെ വികസനം**

233(3927) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യത കണക്കിലെടുത്ത് ഈ മേഖലയിലെ പരിശീലന പരിപാടികൾ വിപുലീകരിക്കാനും പരിശീലനത്തിന്റെ കരിക്കുലം നിശ്ചയിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ടൂറിസം വ്യവസായ രംഗത്ത് അനധികൃതമായി ഗൈഡുകളായും സഹായികളായും പ്രവർത്തിക്കുന്നവരെ നിയന്ത്രിക്കാൻ നടപടിയെടുക്കുമോ;

(ബി) ടൂറിസം വികസന രംഗത്ത് കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം വിശദമാക്കാമോ; പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വിപുലീകരിക്കാനും പദ്ധതിയുണ്ടോ;

(സി) വിനോദസഞ്ചാര ഉല്പന്നങ്ങൾ വിപണനത്തിനായി നടത്താൻ ഉദ്ദേശിക്കുന്ന ട്രാവൽമാർട്ട് 2018-ന്റെ വിവരങ്ങൾ നൽകാമോ;

(ഡി) അന്താരാഷ്ട്ര ടൂറിസം മേഖലകളിൽ സംസ്ഥാനത്തിന്റെ ഉല്പന്നങ്ങൾ വേണ്ടത്ര മാർക്കറ്റ് ചെയ്യാനായിട്ടുണ്ടോ; മാർക്കറ്റിംഗ് വിപുലീകരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പിൻെറ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.) എന്നീ സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തന മേഖലകൾ കേന്ദ്രകരിച്ച് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പാക്കുന്ന പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശമുണ്ട്. മാനവശേഷി വികസന രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കിറ്റ്സിനെ മികവിൻെറ കേന്ദ്രമായി ഉയർത്തും.

കേന്ദ്ര സർക്കാരും കേരള സർക്കാരും അംഗീകാരം നൽകിയ ഗൈഡുകൾക്ക് മാത്രമാണ് ടൂറിസം മേഖലയിൽ പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ളത്. അംഗീകൃത ഗൈഡുകളെ സംബന്ധിച്ച വിശദാംശം വിനോദസഞ്ചാര വകുപ്പിൻെറ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി ഈ മേഖലയിലുള്ള എല്ലാ വിഭാഗങ്ങളേയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി നടപ്പാക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. ആഭ്യന്തര വകുപ്പുമായി ചേർന്ന് ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച പോലീസിന്റെ സേവനം ലഭ്യമാക്കും.

(ബി) തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയ പല ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടേയും വികസനത്തിന് കെ.ടി.ഡി.സി.-യുടെ സാന്നിദ്ധ്യം സഹായകരമായിട്ടുണ്ട്. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും കെ.ടി.ഡി.സി. തുടങ്ങി വച്ചിട്ടുണ്ട്. കെ.ടി.ഡി.സി.-യുടെ പ്രീമിയവും, ബഡ്ജറ്റ് ഹോട്ടലുകളും ടൂറിസം ഡെസ്റ്റിനേഷനുകളിലെ ടൂറിസം മാർക്കറ്റിംഗിന് ഉത്തേജകം നൽകുന്നുണ്ട്. കെ.ടി.ഡി.സി.-യുടെ പ്രവർത്തനം കൂടുതൽ കുര്യക്ഷമമാക്കാനും വിപുലീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി പ്രൊഫഷണൽ ബോർഡും മാനേജ്മെന്റും ഏർപ്പെടുത്താൻ ടൂറിസം നയം വിഭാവനം ചെയ്യുന്നു.

(സി) കേരള ട്രാവൽ മാർട്ട് 2018 സെപ്റ്റംബർ 27-30 വരെ കൊച്ചിയിൽ നടക്കുമെന്ന് കേരള ട്രാവൽ മാർട്ട് സൊസൈറ്റി അറിയിച്ചിട്ടുണ്ട്. 250 ഇന്റർനാഷണൽ ബയേഴ്സിനെ ഉൾപ്പെടുത്തി വിപുലമായ രീതിയിൽ മാർട്ട് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായി സൊസൈറ്റി അറിയിച്ചിട്ടുണ്ട്. കേരള ട്രാവൽ മാർട്ട് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) അന്താരാഷ്ട്ര ടൂറിസം മേഖലകളിൽ സംസ്ഥാനത്തിന്റെ ഉൽപ്പന്നങ്ങൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ കേരള ടൂറിസത്തിന്റെ ബ്രാന്റ് അംബാസിഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, ട്വിറ്റർ, യൂട്യൂബ്, ഇൻസ്റ്റഗ്രാം എന്നിവയുലൂടെയുള്ള പ്രചരണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസം വെബ്സൈറ്റും കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തി ടൂറിസം രംഗത്തേയ്ക്ക് സജീവ സാന്നിദ്ധ്യം ഉറപ്പാക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കൊച്ചി മുസിരിസ് ബിനാലെ, കേരള ട്രാവൽ മാർട്ട് തുടങ്ങിയ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നു. വിദേശ രാജ്യങ്ങളിലെ ടെലിവിഷൻ ചാനലുകളിലും അച്ചടി മാധ്യമങ്ങളിലും ട്രാമുകളിലും വകുപ്പ് പരസ്യ പ്രചരണം സംഘടിപ്പിച്ചു വരുന്നു.

## ഇക്കോ ടൂറിസം

234(T* 3928) <u>ശ്രീ. കെ. സി. ജോസഫ്:</u>

<u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. അടൂർ പ്രകാശ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇക്കോ ടൂറിസം മേഖലയിലെത്തുന്ന സന്ദർശകർ അപകടത്തിൽപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ആഡിറ്റ് നടത്തുന്നതിനും തദനുസൃതമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കേന്ദ്രങ്ങളിൽ സന്ദർശകരുടെ ബാഹുല്യം കുറയ്ക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത ടൂറിസ്റ്റ് സെന്ററുകളിൽ പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) a. Light and Sound show at Thenmala

b. Carrying Capacity Studies in Eco tourism Areas

c. Improvement of facilities for visitors- Construction of Cafeteria cum Amenity centre at boat landing, Thekkady

d. Expansion of the Eco tourism activities at SilentValley, Rhodovalley and Meesappulimala in Munnar:

e. Promotional Tools for the Eco Adventure Tourism (ICT Tools)

f. Development of Tourism Amenities in Eravikulam National Park-In Anticipation of 2018 Kurinji Flowering Phase I

g. Promotion of Ecotourism with ICT tools

എന്നിവയാണ് നിലവിലെ ഇക്കോ ടൂറിസം പദ്ധതികൾ.

(ബി) ആവശ്യമായ മുൻകരുതലുകൾ ഏർപ്പെടുത്തിയാണ് എല്ലാ ഇക്കോടൂറിസം പരിപാടികളും നടപ്പാക്കുന്നത്. എങ്കിലും ഇക്കോടൂറിസം മേഖലയിലെത്തുന്നസന്ദർശകർ ആപൂർവ്വമായെങ്കിലും അപകടത്തിൽപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ ഇക്കോടൂറിസം

കേന്ദ്രങ്ങളിലും സേഫ്റ്റി ആഡിറ്റ് നടത്തുന്നതിനും തദനുസൃതമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തുന്നതിനും, ആവശ്യമായ ഇടങ്ങളിൽ കൈവരികൾ, ബാരിക്കേഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കോടൂറിസം പ്രദേശങ്ങളിൽ നടത്തുന്ന സന്ദർശക ശേഷി പഠനത്തിനു ശേഷം ഓരോ ഇക്കോടൂറിസം പ്രദേശത്തും ടി റിപ്പോർട്ടിലെ ശിപാർശയ്ക്കനുസൃതമായി നിയന്ത്രിതമായ അളവിൽ മാത്രം സന്ദർശകരെ കടത്തി വിടുക എന്നതാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം ഇക്കോടൂറിസം പ്രദേശങ്ങളിൽ നിയോഗിച്ചിട്ടുള്ള ഗൈഡുകൾക്ക് സന്ദർശക സുരക്ഷാ കാര്യങ്ങളിൽ ആവശ്യമായ പരിശീലനം നടത്തുന്നതിനും ആവശ്യമുള്ള ഇടങ്ങളിൽ കൂടുതൽ ഗൈഡുകളെ നിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കോടൂറിസം മേഖലയിലെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് പ്ലാസ്റ്റിക് മുതലായ മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ഇക്കോടൂറിസം പ്രദേശങ്ങളിൽ പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക ഗൈഡുകളെ നിയോഗിച്ച് സന്ദർശകർ കൊണ്ടുവരുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉൾപ്പെടെയുള്ളവ പ്രവേശന കൗണ്ടറിൽ തന്നെ തടയുകയും ആവശ്യമെങ്കിൽ അവ വനം വകുപ്പിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ച് സന്ദർശനത്തിനുശേഷം മാത്രം സഞ്ചാരികൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. കൂടാതെ സന്ദർശകരിൽ പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

### കെ.ടി.ഡി.സി.-യുടെ പദ്ധതികൾ

235(3929) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ.വി.അബ്ദുൾ ഖാദർ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കെ.ടി.ഡി.സി. ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കെ.ടി.ഡി.സി. 2018-19 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസനപദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയത് കെ.ടി.ഡി.സി.-യുടെ റെസ്റ്റോറന്റ് ബിസിനസ്സിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കെ.ടി.ഡി.സി. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. കെ.ടി.ഡി.സി. മുഴപ്പിലങ്ങാട് ബീച്ച്, കോഴിക്കോട് ബീച്ച് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ഹോട്ടലുകൾ തുടങ്ങാനുദ്ദേശിക്കുന്നു. ഇത് മലബാർ മേഖലയിൽ ടൂറിസം വികസനത്തിന് ഉപകരിക്കും.
2. കേരളത്തിലുള്ള പല സെഗ്മെൻറുകളിലുമുള്ള സ്വദേശികളും, വിദേശികളുമായ യാത്രക്കാരെ അവരുടെ ഇഷ്ടാനുസരണം ടൂർ പാക്കേജുകൾ തെരഞ്ഞെടുക്കാനുള്ള സൗകര്യം കെ.ടി.ഡി.സി. ഒരുക്കുന്നുണ്ട്.
3. കെ.ടി.ഡി.സി.-യുടെ നിലവിലുള്ള പ്രീമിയവും ബഡ്ജറ്റുമായ ഹോട്ടലുകൾ കേരളത്തിലെ വികസിച്ചതും വികസിച്ചു കൊണ്ടിരിക്കുന്നതുമായ എല്ലാ ഡെസ്റ്റിനേഷനുകളിലുമുള്ള ടൂറിസം മാർക്കറ്റിങ്ങിന് ഉത്തേജനം നൽകുന്നുണ്ട്.
4. കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളും റെസ്റ്റാറൻറുകളും സഞ്ചാരികൾക്ക് വൃത്തിയുള്ള ടോയ്‌ലറ്റും, രുചിയോടെ ഭക്ഷണവും നൽകുന്നതിനാൽ വിനോദസഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്നു.

(ബി) കെ.ടി.ഡി.സി. 2018-19 വർഷത്തിൽ താഴെപ്പറയുന്ന വികസനപദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു:

1. പൊന്മുടിയിലെ ഗോൾഡൻ പീക്ക് റിസോർട്ടിൽ 3.10 കോടി രൂപ ചെലവിൽ പുതുതായി നിർമ്മിക്കുന്ന 15 കോട്ടേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. റോഡ്, ലാൻഡ്സ്കേപ്പ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായി വരികയാണ്.

2. തിരുവനന്തപുരത്ത് തമ്പാനൂരിലുള്ള ചൈത്രം ഹോട്ടലിൽ 4.2 കോടി രൂപ ചെലവിൽ മുറികളിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കും. 3.10 കോടി രൂപ ചെലവിൽ ലോബി, റെസ്റ്റാറന്റ്, കോൺഫറൻസ് ഹാൾ എന്നിവയുടെ നവീകരണം ഉടൻ പൂർത്തിയാക്കും.

3. തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കി കൺവെൻഷൻ സെന്റർ അടക്കമുള്ളവയുടെ നവീകരണത്തിനായി 1.5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

4. 2.5 കോടിരൂപ ചെലവിൽ കോവളത്തെ സമുദ്ര ഹോട്ടലിൽ മുറികൾ, നീന്തൽക്കുളം എന്നിവയുടെ നവീകരണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

5. കുമരകത്തെ റിസോർട്ടായ "വാട്ടർസ്കേപ്പ് "-ൽ 12.69 കോടി രൂപ ചെലവിൽ കോട്ടേജുകൾ, റിസപ്ഷൻ, ലോബി, നീന്തൽക്കുളം എന്നിവ ഉൾപ്പെടെയുള്ളവയുടെ വിപുലമായ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

6. മൂന്നാറിൽ നിലവിലുള്ള ടീ കൗണ്ടി റിസോർട്ട് വളപ്പിൽ 36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

7. കോഴിക്കോട് 55 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ഹോട്ടൽ കോംപ്ലക്സും കൺവെൻഷൻ സെൻററും നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. അതിൻെറ രൂപകൽപ്പന നടന്നുവരുന്നു. ആവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റിനായി അപേക്ഷിക്കുന്നതാണ്.

8. കണ്ണൂരിലെ മുഴപ്പിലങ്ങാട് ഡ്രൈവിംഗ് ബീച്ചിൽ കെ.ടി.ഡി.സി. റിസോർട്ട് പണിയുവാൻ സ്ഥലമെടുത്തു കഴിഞ്ഞു. 40 കോടിരൂപയുടെ പദ്ധതി ചിങ്ങത്തിൽ നിർമ്മാണോദ്ഘാടനം നടത്തും.

9. കാസർഗോട്ടെ കെ.ടി.ഡി.സി. ഹോട്ടലായ ബേക്കൽ ബീച്ച് ക്യാമ്പിൽ 10 കോട്ടേജുകളുടെയും സ്വിമ്മിങ്ങ് പൂളിന്റേയും നിർമ്മാണ പദ്ധതി തയ്യാറാക്കി. 3 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്.

(സി) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി.യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടേയും നവീകരണ പ്രവർത്തനം ആരംഭിച്ച കഴിഞ്ഞു. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യൂണിഫോം കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസുമായി ചേർന്ന് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനെ (കെ.എസ്.ഐ.ഡി.) ഏർപ്പെടുത്തി. ഇത് ഈ വർഷം തന്നെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) സംസ്ഥാന വാറ്റ് നികുതി ഘടനയനുസരിച്ച് 5 ശതമാനം-14.5 ശതമാനം ഇടയിൽ നികുതി ഏർപ്പെടുത്തിയിരുന്ന റെസ്റ്റാറന്റ് വിഭവങ്ങൾക്ക് ജി.എസ്.ടി.യുടെ വരവോട് കൂടി 12 ശതമാനം മുതൽ 28 ശതമാനം വരെ നികുതി ഒടുക്കേണ്ട അവസ്ഥ ഉണ്ടായി. ഇത് 2017-18-ന്റെ രണ്ടാം പകുതിയിലെ വിൽപ്പനയേയും ലാഭത്തേയും ബാധിക്കുകയുണ്ടായി. എന്നാൽ 15-11-2017 മുതൽ റെസ്റ്റാറന്റ് സർവ്വീസിന്റെ ജി.എസ്.ടി. നികുതി ഘടനയിൽ വരുത്തിയ മാറ്റം കാരണം (7500 രൂപയ്ക്കു താഴെ റൂം വാടകയുള്ള മുറികളുള്ള ഹോട്ടലുകൾക്ക് 5 ശതമാനവും മറ്റുള്ളവയ്ക്ക് 18 ശതമാനവും) വില പൂർവ്വസ്ഥിതിയിൽ ആകുകയുണ്ടായി.

## പെരിയാർ ടൈഗർ റിസർവിൽ ഗസ്റ്റ് ഹൗസ്

236(3930) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെട്ട ശബരിമലയിൽ സംസ്ഥാന ടൂറിസം വകുപ്പ് ഗസ്റ്റ് ഹൗസ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗസ്റ്റ് ഹൗസ് പണിയുന്നതിന് വനം വകുപ്പിൽ നിന്നോ മറ്റേതെങ്കിലും വകുപ്പിൽ നിന്നോ അനുവാദം ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഗസ്റ്റ് ഹൗസ് പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം വനം വകുപ്പ് ഏതെങ്കിലും ഡിപ്പാർട്ട്മെന്റിന് ലീസിനോ സബ് ലീസിനോ നൽകിയതാണോ; വിശദാംശം ലഭ്യമാക്കുമോ; ഇത്തരം സ്ഥലത്ത് കെട്ടിടങ്ങൾ പണിയുന്നതിന് അനുമതിയുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് കെട്ടിടങ്ങൾ പണിയുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) വനഭൂമിയിലോ കേന്ദ്ര വന നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് വാടകയ്ക്കോ മറ്റേതെങ്കിലും സർവ്വീസ് ചാർജ്ജ് ഈടാക്കിയോ കോംപ്ലക്സ് പണിയുന്നതിന് വന ഇതര വകുപ്പിന് നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവാദം ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശബരിമല സന്നിധാനത്ത് പുണ്യദർശനം കോംപ്ലക്സ് (യാത്രിനിവാസ്) നിർമ്മിക്കുന്നതിനായി 26-9-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 451/2017/ ടൂറിസം പ്രകാരം 4,99,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 11-10-2017 തീയതിയിലെ നടപടി ഉത്തരവ് നമ്പർ ആർ.ഒ.സി.4395/16/ശബ(എം) പ്രൊസീഡിംഗ്സ് പ്രകാരം ശബരിമലയിൽ കേരള ഇലക്ട്രിസിറ്റി ഓഫീസിനും ഫോറസ്റ്റ് ഓഫീസിനും ഇടയിലായി 21.6 സെന്റ് സ്ഥലം പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. പ്രൊസീഡിംഗ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പുണ്യദർശനം കോംപ്ലക്സ് പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് പാട്ടത്തിനും ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന് കീഴിൽ ഡൈവേർട്ട് ചെയ്തും നൽകിയിട്ടുള്ളതാണ്. ഈ സ്ഥലത്ത് ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ പണിയുന്നതിന് അനുമതിയുണ്ട്.

(ഡി) പുണ്യദർശനം കോംപ്ലക്സ് പണിയുന്നതിന് അനുവദിച്ചിട്ടുള്ള സ്ഥലം ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടതായതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

(ഇ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിലെ ജീവനക്കാർ

237(3931) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ് ) നിലവിൽ എത്ര ജീവനക്കാരാണ് സേവനം അനുഷ്ഠിച്ചുവരുന്നത്; ഇതിൽ സ്ഥിരം/കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിവരം തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) 2016 മാർച്ചിൽ എത്ര സ്ഥിരം/കരാർ/ ദിവസവേതന ജീവനക്കാർ സേവനം അനുഷ്ഠിച്ചിരുന്നു;

(സി) 2018 ഏപ്രിൽ മാസത്തിൽ സ്ഥിരം/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കായി ശമ്പളയിനത്തിൽ എത്ര തുകയാണ് ചെലവഴിച്ചത്;

(ഡി) 2018 ഏപ്രിൽ മാസത്തിൽ ദിവസവേതന/കരാർവ്യവസ്ഥയിൽ ജോലിചെയ്തുവരുന്നവർക്കായി ശമ്പളയിനത്തിൽ എത്ര തുകയാണ് ചെലവഴിച്ചത്;

(ഇ) കിറ്റ്സിൽ നിലവിൽ സ്ഥിരം ജീവനക്കാരുടെ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്നറിയിക്കാമോ?

### ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്) തിരുവനന്തപുരം തലശ്ശേരി സെന്ററുകളിലായി നിലവിൽ 23 സ്ഥിരം ജീവനക്കാരാണുള്ളത്. കിറ്റ്സിന്റെ മലയാറ്റൂർ സെന്ററിൽ കരാർ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ 5 ജീവനക്കാർ ജോലി ചെയ്യുന്നു.

ഹ്രസ്വകാല ദീർഘകാല കോഴ്സുകൾക്കു പുറമേ സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും അനുവദിക്കുന്ന വിവിധ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ കിറ്റ്സ് നടപ്പിലാക്കി വരുന്നു. ഈ പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനായി കോൺട്രാക്ട്/ദിവസവേതനാടിസ്ഥാനത്തിൽ പ്രോജക്ട് സപ്പോർട്ട് സ്റ്റാഫിനെ നിയമിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ടി സ്റ്റാഫുകളുടെ വേതനം അതാത് പ്രോജക്ടുകൾക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കുന്നത്.

(ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.)

(ബി) 2016 മാർച്ചിൽ 24 സ്ഥിരം ജീവനക്കാരും 13 കരാർ ജീവനക്കാരും 11 ദിവസ വേതന ജീവനക്കാരും സേവനം അനുഷ്ഠിച്ചിരുന്നു.

(സി) 2018 ഏപ്രിൽ മാസത്തിൽ സ്ഥിരം/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കായി 12,55,530 രൂപയാണ് ശമ്പളയിനത്തിൽ ചെലവാക്കിയിട്ടുള്ളത്.

(ഡി) 2018 ഏപ്രിൽ മാസത്തിൽ അക്കാഡമിക് വിഭാഗത്തിലെ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക് 2,32,250 രൂപയും, വിവിധ പ്രോജക്ടുകളിൽ ദിവസവേതന/കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നവർക്കായി ശമ്പളയിനത്തിൽ 4,06,015 രൂപയും ഹെഡ് ഓഫീസിലെ ദിവസവേതന ജീവനക്കാർക്കായി 80,000 രൂപയും കിറ്റ്സിലെ എറണാകുളം സെന്ററിലെ ദിവസവേതന/കരാർ വ്യവസ്ഥയിലെ ജീവനക്കാർക്കായി 1,79,517 രൂപയും ചെലവാക്കിയിട്ടുണ്ട്.

(ഇ) നിലവിൽ പ്യൂൺ തസ്തികയിൽ ഒരു ഒഴിവുണ്ട്.

**വിനോദസഞ്ചാര വകുപ്പിലെ ഡ്രൈവർ നിയമനം**

238(3932) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര വകുപ്പിന് സ്വന്തമായി എത്ര വാഹനങ്ങൾ (എൽ.ഡി.വി.) ഉണ്ട്; എത്ര ഡ്രൈവർ (എൽ.ഡി.വി.) തസ്തിക ഉണ്ട്;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ എത്ര സ്ഥിരം ഡ്രൈവർമാർ (എൽ.ഡി.വി) ജോലി ചെയ്യുന്നു;

(സി) എത്ര താൽക്കാലിക ഡ്രൈവർമാർ (എൽ.ഡി.വി.) ജോലി ചെയ്യുന്നു;

(ഡി) ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തതെന്തുകൊണ്ട് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന് സർക്കാർ ഉത്തരവ് നിലവിലുള്ളപ്പോൾ (ജി.ഒ.(എം.എസ്) നം/42/88/പി ആന്റ് എആർഡി.) ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് ജോലി നൽകാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വിനോദസഞ്ചാര വകുപ്പിന് സ്വന്തമായി 126 വാഹനങ്ങൾ ഉണ്ട്. ടൂറിസം വകുപ്പിൽ 45 ഷോഫർ ഗ്രേഡ് II തസ്തികയും 45 ഷോഫർ ഗ്രേഡ് I തസ്തികയും 4 ഹെഡ് ഷോഫർ തസ്തികയുമാണ് നിലവിലുള്ളത്.

(ബി) മേൽ തസ്തികകളിൽ ആകെ 83 പേർ സ്ഥിരം ജോലി ചെയ്യുന്നുണ്ട്.

(സി) 11 പേർ.

(ഡി) വാഹനങ്ങൾ കാലപ്പഴക്കംമൂലം ഉപയോഗശൂന്യമാകുമ്പോഴാണ് പുതിയത് അനുവദിക്കുന്നത്. ആയതിനാൽ അതിനോടൊപ്പം പുതിയ ഷോഫർ തസ്തിക അനുവദിക്കുന്നത് പ്രായോഗികമല്ല.

(ഇ) പി.എസ്.സി മുഖേന നികത്തേണ്ട ഷോഫർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മംഗലം ഡാം ടൂറിസം പദ്ധതി**

239(3933) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ഏതുഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം ടൂറിസം പദ്ധതി 30-3-2017-ന് ഉദ്ഘാടനം നിർവ്വഹിക്കുകയും പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയുമാണ്. നിലവിൽ പാർക്കിംഗ് ഏരിയായിൽ ഉള്ള റീറ്റെയിനിംഗ് വാളിന്റെ നിർമ്മാണവും ടോയ്‌ലറ്റ് ബ്ലോക്കിന്റെ വർക്കുകളും പുരോഗമിക്കുകയാണ്.

(ബി) 21-6-2017-ൽ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതി 20-6-2019-നുള്ളിൽ തീർക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

## വിനോദസഞ്ചാര കേന്ദ്രമായ ശംഖുംമുഖം ബീച്ച് സംരക്ഷിക്കുന്നതിന് നടപടി

240(T*3934) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ശംഖുംമുഖം ബീച്ച് ശക്തമായ കടലാക്രമണത്തിൽ തകർന്നടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശംഖുംമുഖത്തെ ശക്തമായ തിരമാലകൾ ചെറുക്കുന്നതിനും ബീച്ച് സംരക്ഷിക്കുന്നതിനും എന്ത് സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും അടിയന്തരമായി ബീച്ച് സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) ബീച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ആവിഷ്കരിക്കേണ്ടതുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്ന മുറയ്ക്ക് മാത്രമേ ചെലവ് തിട്ടപ്പെടുത്താനാവൂ.

## മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം

241(3935) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസത്തിന്റെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിലെ ബോട്ട് ജെട്ടി നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച 3 പ്രവൃത്തികളായ പന്തിക്കൽ ബോട്ട് ജെട്ടി നിർമ്മാണം (1,750000, ചൊക്ലി ഗ്രാമപഞ്ചായത്ത്),കക്കടവ് ബോട്ട് ജെട്ടി

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മാണം (3,0300000 ചൊക്ലി ഗ്രാമപഞ്ചായത്ത്),ന്യൂമാഹി ബോട്ട് ജെട്ടി (ന്യൂമാഹി ഗ്രാമപഞ്ചായത്ത്) എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഇതുവരെയും സാങ്കേതികാനുമതി ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്നും ഈ പ്രവൃത്തിക്ക് എപ്പോൾ സാങ്കേതികാനുമതി ലഭിക്കും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതി നിർമ്മാണത്തിൻെറ പ്രഥമ ഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) പദ്ധതിയുടെ നിർവ്വഹണ ചുമതല ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനാണ്. പദ്ധതി നിർമ്മാണത്തിന്റെ പ്രഥമ ഘട്ടമായ മണ്ണ് പരിശോധന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മണ്ണ് പരിശോധന പൂർത്തിയാക്കി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധ്യമാകുകയുള്ളൂ. പദ്ധതിക്കായുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള ചുമതലയും ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനാണ്.

## മലബാർ ടൂറിസം ക്രൂയിസ്

242(3936) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആയിറ്റിയിലും ഇടയിലക്കാട്ടും ടൂറിസം വകുപ്പ് പണിത ഹൗസ് ബോട്ട് ടെർമിനലും ഫെസിലിറ്റേഷൻ സെന്ററും നിസ്സാരമായ വാടകയ്ക്ക് ബി.ആർ.ഡി.സി.-ക്ക് നൽകിയ നടപടി പുനഃപരിശോധിക്കുമോ;

(ബി) മലബാർ ടൂറിസം ക്രൂയിസിന്റെ കേന്ദ്രബിന്ദുവായ ഇവിടെ കവ്വായി കായലിലെ ജലയാത്രയ്ക്ക് ഏറ്റവും സൗകര്യപ്രദമായ ഈ ടെർമിനൽ ഹോട്ടൽ ആക്കി മാറ്റാതെ നിരവധി ബോട്ടുകൾക്ക് ലാന്റ് ചെയ്യാവുന്ന തരത്തിൽ വിഭാവനം ചെയ്യുമോ;

(സി) തുച്ഛമായ വാടകയ്ക്ക് ബി.ആർ.ഡി.സി. യുടെ അധീനതയിലുള്ളതും ടൂറിസം വകുപ്പ് ഏൽപിച്ചതുമായ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന പ്രവണത അവസാനിപ്പിച്ച് ഏറെ സൗകര്യങ്ങൾ ഉള്ള ഇവിടെ ഹൗസ് ബോട്ട് ടെർമിനൽ ഉൾപ്പെടെ വകുപ്പ് അധീനതയിൽത്തന്നെ നടത്താൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ് ജില്ലയിൽ ആയിറ്റിയിലുള്ള ടെർമിനൽ നടത്തിപ്പിനായി 2009-ൽ ബി.ആർ.ഡി.സി.-ക്ക് കൈമാറിയതാണ്. ഇടയിലക്കാട്ടുള്ള അമിനിറ്റി സെന്റർ ബി.ആർ.ഡി.സി. സ്ഥലം വാങ്ങി സ്വന്തമായി പണികഴിപ്പിച്ചതാണ്. തുടക്കത്തിൽ ഈ സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. 1-12-2015 മുതൽ 5 വർഷത്തേക്ക് നടത്തിപ്പിനായി മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ച് പാട്ടക്കരാർ വ്യവസ്ഥയിൽ വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്ക് നൽകിയിരിക്കുകയാണ്. ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ആയിറ്റി ടെർമിനലിൽ ഭക്ഷണശാല, പാർട്ടി ഹാൾ, ടോയ്‌ലറ്റ് മുതലായവ പ്രവർത്തിക്കുന്നു. ഹൗസ്ബോട്ടുകൾ അടുപ്പിക്കുന്നതിന് ആവശ്യമായ ആഴം ഇല്ലാത്തതിനാലാണ് ഇവയോടൊപ്പം ഹൗസ്ബോട്ടുകൾക്കുള്ള ടെർമിനൽ കൂടി പ്രവർത്തിക്കാൻ സാധിക്കാത്തത്.

## മലബാർ ക്രൂയിസ് ടൂറിസം പദ്ധതി

243(3937) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി കേന്ദ്രത്തിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ എത്ര കോടി രൂപയുടെ നിർദ്ദേശങ്ങൾക്കാണ് കേന്ദ്രസർക്കാരിന്റെ അനുമതി ആയിട്ടുള്ളത്;

(ബി) കേന്ദ്ര സർക്കാർ അംഗീകരിച്ചുവന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രത്തിൽ നിന്ന് അംഗീകരിച്ച് വന്ന നിർദ്ദേശങ്ങളിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾ ഉണ്ട്;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മലനാട് - മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്കായി 1,03,84,94,705 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരിന്നുവെങ്കിലും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 83,34,50,879 രൂപയുടെ പുനർ DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം "സ്വദേശി ദർശൻ" " പ്രസാദ്"എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് അനുമതി നൽകിയിരുന്നത്. താഴെപ്പറയുന്ന പദ്ധതികൾക്കായി അംഗീകാരം നൽകിയിട്ടുണ്ട്.

സ്വദേശി ദർശൻ

1) ഇക്കോ-ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം- 9006.14 ലക്ഷം രൂപ

2) സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ-

a) ശബരിമല വികസനം (എരുമേലി പമ്പ-സന്നിധാനം)-9998.92 ലക്ഷം രൂപ

b) ശ്രീ പത്മനാഭ-ആറന്മുള ശബരിമല വികസനം- 9244.49 ലക്ഷം രൂപ

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കേന്ദ്ര ടൂറിസം മന്ത്രാലയം നിലവിൽ പദ്ധതികൾ അനുവദിച്ചിട്ടില്ല.

## കണ്ണൂർ ജില്ലയിൽ പിൽഗ്രിം ടൂറിസം പദ്ധതി

244(3938) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ആരാധനാലയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട 12 ആരാധനാലയങ്ങളെ ഉൾപ്പെടുത്തി കണ്ണൂർ പിൽഗ്രിം ടൂറിസം സർക്യൂട്ട് എന്ന പദ്ധതിയുടെ കൺസപ്റ്റ് നോട്ട് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

## എറണാകുളം ജില്ലയിലെ ടൂറിസം പദ്ധതികൾ

245(3939) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും നിലവിലെ സ്ഥിതി എന്തെന്നും, വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധം-എ, അനുബന്ധം-ബി എന്നിവയിൽ കണ്ടാലും. *

## മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ

246(3940) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ സർക്കാർ ഏറ്റെടുത്ത ടൂറിസം പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ ടൂറിസം പദ്ധതികൾക്ക് വേണ്ടി മുൻ സർക്കാരിന്റെ കാലത്തെത്ര രൂപ ,ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾക്ക് വേണ്ടി എത്ര രൂപ നീക്കിവച്ചുവെന്ന് അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ മിനി ഊട്ടി കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതി രൂപ രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി)) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*

(സി) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾക്ക് വേണ്ടി 14,84,22,511(പതിനാല് കോടി എൺപത്തിനാല് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ) രൂപയാണ് (ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ ആകെ തുക) നീക്കിവച്ചിട്ടുള്ളത്.

(ഡി) മിനി ഊട്ടിയിൽ പദ്ധതി രൂപരേഖകളൊന്നും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ടി സ്ഥലത്ത് ആവശ്യമായ സർക്കാർ ഭൂമി ലഭിക്കാത്തതിനാലാണ് പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നത്.

**വാമനപുരം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

247(3941) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള രണ്ടു വർഷക്കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ടൂറിസം രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പായിക്കട-വലിയകട പൈതൃക വ്യാപാരകേന്ദ്രം**

248(3942) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'പൈതൃക സംരക്ഷണത്തിലൂടെ ടൂറിസം വികസനം' എന്ന ടൂറിസം നയത്തിന്റെ ഭാഗമായി കോഴിക്കോട് മിഠായിതെരുവ് മാതൃകയിൽ കൊല്ലത്തെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള പുകയിലപണ്ടകശാലയും അനുബന്ധ പായിക്കട-വലിയകട വ്യാപാര മേഖലയും ഉൾപ്പെടുത്തി പൈതൃക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല. എങ്കിലും പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മങ്കടയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

249(3943) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന, ടൂറിസം വകുപ്പിന് കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്ന വാടകക്കെട്ടിടവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിൽ പെരിന്തൽമണ്ണയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം പണിയുന്നതിനായി, തൊഴിൽ വകുപ്പിനു കീഴിലുള്ള മൂന്ന് ഏക്കർ ഭൂമിയിൽനിന്നും 80 സെന്റ് സ്ഥലം അനുവദിക്കുവാൻ ടൂറിസം ഡയറക്ടർ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ പഴയ ഹോസ്റ്റൽ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടം ഉടൻ ഒഴിഞ്ഞുകൊടുക്കേണ്ടതിനാലും മറ്റൊരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയ സാമ്പത്തികനഷ്ടം ഉണ്ടാക്കുമെന്നതിനാലും സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

## മീൻവല്ലം ടൂറിസം പദ്ധതി

250(3944) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ എത്ര വൻകിട ടൂറിസം പദ്ധതികളാണ് സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) വനം വകുപ്പിന്റെ തടസ്സങ്ങൾ ഒഴിവാക്കി കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം ടൂറിസം പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി താഴെപ്പറയുന്ന 8 പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ ഒരു പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. കോഴിക്കോട് എസ്.ഐ.എച്ച്.എം. ക്യാമ്പസിൽ ത്രീ സ്റ്റാർ കോംപ്ലക്സിന്റെ നിർമ്മാണം
2. മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം
3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം
4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം
5. പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാം പരിസര വികസനം
6. കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വികസനം
7. തിരുവനന്തപുരം നെയ്യാർഡാം പരിസര വിനോദസഞ്ചാര വികസനം
8. കോഴിക്കോട്-മുഴപ്പിലങ്ങാട്-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ്‌വേയുടെ നിർമ്മാണം

അനുമതി ലഭിച്ച പദ്ധതി

മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണത്തിനായി 39.42 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ മീൻവല്ലം ടൂറിസം പദ്ധതിക്കായി 23-7-2013 -ൽ 2.32 കോടി രൂപയുടെ പദ്ധതിക്കായി ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഇക്കോ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തുകയും ഇക്കോ ടൂറിസം വകുപ്പ്, കേരള ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയെ പദ്ധതി നിർവ്വഹണ ഏജൻസിയായി കരാറിൽ ഏർപ്പെടുത്തുകയും ഉണ്ടായി. എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. 5-2-2014-ലും 16-9-2014-ലും പദ്ധതിയുടെ നിർമ്മാണ പുരോഗതിയ്ക്കായി യോഗം കൂടിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയിലെ ഘടകങ്ങൾ മാറ്റി പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വളഞ്ഞുകാട് ദ്വീപിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി

251(3945) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ വളഞ്ഞുകാട് ദ്വീപിന്റെ വിനോദസഞ്ചാര സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിന് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) വളഞ്ഞുകാട് ദ്വീപിന്റെ സാധ്യത പ്രയോജനപ്പെടുത്തി ഒരു പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) ഇതു സംബന്ധിച്ച പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യത വിലയിരുത്തി നടപടി സ്വീകരിക്കുന്നതാണ്.

## പനത്തുറക്കര തീരം ടൂറിസ്റ്റ്കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ

252(3946) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ വെള്ളാർ വാർഡിൽ പനത്തുറക്കര തീരം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് ഏതെങ്കിലും നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പനത്തുറക്കര തീരം ടൂറിസ്റ്റുകേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## വാടാനപ്പള്ളി ബീച്ചിലെ ടൂറിസം പദ്ധതി

253(3947) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ടൗണിനോട് ചേർന്നുകിടക്കുന്ന വാടാനപ്പള്ളി ബീച്ചിൽ ടൂറിസ്റ്റുകൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനും ബീച്ചിന്റെ സൗന്ദര്യവത്കരണത്തിനുമായി 2018-19 ലെ ബഡ്ജറ്റിൽ ശിപാർശ ചെയ്ത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃശ്ശൂർ ടൗണിനോട് ചേർന്നുകിടക്കുന്ന വാടാനപ്പള്ളി ബീച്ചിൽ ടൂറിസ്റ്റുകൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനും ബീച്ചിന്റെ സൗന്ദര്യവത്കരണത്തിനുമായി 2018-19 ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ ഇതിനായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

## പാറന്നൂർചിറ ടൂറിസം പദ്ധതി

254(3948) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിൽ പാറന്നൂർചിറ ടൂറിസം പദ്ധതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## തൃപ്പൂണിത്തുറ നഗരത്തെ സൗന്ദര്യവത്കരിക്കുന്നതിനുള്ള നടപടി

255(3949) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സാംസ്കാരിക കേന്ദ്രമായ തൃപ്പൂണിത്തുറ നഗരത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെ സർക്കാരിന്റെയോ

മുനിസിപ്പാലിറ്റിയുടെയോ ദേവസ്വത്തിന്റെയോ ഉടമസ്ഥതയിലുള്ള മതിലുകൾ, തിരുവനന്തപുരം നഗരത്തിൽ ചെയ്തിട്ടുള്ളതുപോലെ അനുയോജ്യമായ ചിത്രങ്ങൾ വരച്ച് മനോഹരമാക്കി സംരക്ഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല. പരിശോധിക്കാവുന്നതാണ്.

**നെടുങ്കുന്നുമല ടൂറിസം വികസനം**

256(3950) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ ഏറത്ത് പഞ്ചായത്തിലുള്ള നെടുങ്കുന്ന്മലയിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏറെ ടൂറിസം സാധ്യതയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ)-(സി) 26-9-2017-ലെ 466/2017/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നെടുങ്കുന്നുമല ടൂറിസം പദ്ധതിക്കായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ ആദ്യഗഡുവായി 1,50,00,000 രൂപ ഡി.റ്റി.പി.സിയ്ക്ക് അനുവദിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നില നിർത്തി കൊണ്ട് ടൂറിസം പദ്ധതി നടപ്പിൽ വരുത്തുന്നതിന് പഞ്ചായത്തിന് സമ്മതമാണെന്നുള്ള തീരുമാനം പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ലാന്റ് റവന്യൂകമ്മീഷണറുടെ സർക്കുലർ പ്രകാരം സ്ഥലത്തിന്റെ ഉപയോഗാനുമതി പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി നൽകേണ്ടതുണ്ട്. ഇതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

## ഭാരതപ്പുഴയുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതി

257(3951) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് എത്ര പദ്ധതികൾ വിനോദസഞ്ചാരവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പദ്ധതി വിനോദസഞ്ചാരവകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിദേശികളായ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിദേശികളായ വിനോദ സഞ്ചാരികളെ ആകർഷിക്കുവാൻ നിളയുടെ തീരത്ത് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ധാരാളം പണം ചെലവഴിക്കുന്ന വിനോദ സഞ്ചാരികൾ കേരളത്തിലേക്ക് വരുന്നതിൽ കുറവ് വന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് പരിഗണിച്ചുവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- പാസേജ് ടു ദി പാസ്റ്റ് തിരുനാവായ റിവർസൈഡ് ഡെവലപ്മെന്റ് പ്രോജക്ട്
- റിവൈറ്റലൈസേഷൻ ഓഫ് നിളയോരം പാർക്ക്
- റിവൈറ്റലൈസേഷൻ ഓഫ് ശ്രീ നാവാമുകുന്ദാ ടെമ്പിൾ

(ബി) (1) റിവൈറ്റലൈസേഷൻ ഓഫ് നിളയോരം പാർക്ക്-3,34,09,712 രൂപ (മൂന്ന് കോടി മുപ്പത്തിനാലുലക്ഷത്തി ഒൻപതിനായിരത്തി എഴുനൂറ്റി പന്ത്രണ്ട്)

(2) റിവൈറ്റലൈസേഷൻ ഓഫ് ശ്രീ നാവാമുകുന്ദാ ടെമ്പിൾ- 4,65,15,909 രൂപ (നാലുകോടി അറുപത്തിഅഞ്ച് ലക്ഷത്തി പതിനയ്യായിരത്തി തൊള്ളായിരത്തി ഒൻപത്) എന്നീ പദ്ധതികൾ ഡി.റ്റി.പി.സി. ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. സാദ്ധ്യത വിലയിരുത്തി പരിശോധിക്കാവുന്നതാണ്.

(ഡി) ടൂറിസ്റ്റുകളുടെ വരവിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014 മുതൽ 2017 വരെയുള്ള ആഭ്യന്തര വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ കണക്കും വരുമാനവും അനുബന്ധമായി ചേർക്കുന്നു*.

## നിപ വൈറസ് ബാധയെത്തുടർന്ന് ടൂറിസം രംഗത്തെ സുരക്ഷ

258(3952) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ വടക്കൻ ജില്ലകളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ജീവനക്കാർ കടുത്ത ഭീതിയിലാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ഒരുക്കിയിട്ടുള്ള സുരക്ഷാക്രമീകരണങ്ങളെപ്പറ്റി വിശദീകരിക്കാമോ;

(സി) ഇപ്പോൾ ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ വൈറസ് ബാധയെ പ്രതിരോധിക്കുന്നതിന് മതിയായവയാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരുടെയും സഞ്ചാരികളുടെയും സുരക്ഷ ഉറപ്പു വരുത്തുന്നതിന് സർക്കാർ കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരമൊരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ആരോഗ്യവകുപ്പും ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. നിപ വൈറസ് ബാധ ഇപ്പോൾ പൂർണ്ണമായും നിയന്ത്രണ വിധേയമാണ്.

(ഡി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും ഊർജ്ജിതവും സത്വരവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡുകൾ

259(3953) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്ര ദേവസ്വം ബോർഡുകൾ ഉണ്ട്;ഇവ എന്നുമുതൽ പ്രവർത്തനം ആരംഭിച്ചു; വിശദമാക്കാമോ;

(ബി) പ്രസ്തുത ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര സ്കൂളുകൾ, കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; എന്നുമുതൽ എന്ന് വ്യക്തമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും അതിന് കീഴിലുള്ള ഓഫീസുകളിലും കോളേജുകളിലും സ്കൂളുകളിലും ജീവനക്കാരായി എത്ര മുന്നോക്കക്കാർ, പിന്നോക്കക്കാർ, പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ ഉണ്ട് എന്ന് സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഗുരുവായൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും അതിന് കീഴിലുള്ള ഓഫീസുകളിലും കോളേജുകളിലും സ്കൂളുകളിലും ജീവനക്കാരായി എത്ര മുന്നോക്കക്കാർ, പിന്നോക്കക്കാർ, പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ ഉണ്ട് എന്ന് സ്ഥാപനങ്ങൾ തിരിച്ച് ഉള്ള എണ്ണം വിശദമാക്കാമോ;

(ഇ) കൊച്ചിൻ ദേവസ്വം ബോർഡ് ആസ്ഥാനത്തും അതിന് കീഴിലുള്ള ഓഫീസുകളിലും കോളേജുകളിലും സ്കൂളുകളിലും ജീവനക്കാരായി എത്ര മുന്നോക്കക്കാർ, പിന്നോക്കക്കാർ,പട്ടിക ജാതി,പട്ടിക വർഗ്ഗക്കാർ ഉണ്ട് എന്ന് സ്ഥാപനങ്ങൾ തിരിച്ച് ഉള്ള എണ്ണം വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 5 ദേവസ്വം ബോർഡുകൾ ഉണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 1950 മുതൽ

കൊച്ചിൻ ദേവസ്വം ബോ ർഡ് - 1950 മുതൽ

കൂടൽ മാണിക്യം ദേവസ്വം ബോർഡ് - 1971 മുതൽ

ഗുരുവായൂർ ദേവസ്വം ബോർഡ് - 1971 മുതൽ

മലബാർ ദേവസ്വം ബോർഡ് - 2008 മുതൽ

(ബി) തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ ദേവസ്വങ്ങളുടെ കീഴിൽ മാത്രമാണ് സ്കൂളുകളും കോളേജുകളും ഉള്ളത്. അവയുടെ ലിസ്റ്റ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) കോളേജുകളിലും സ്കൂളുകളിലുമുള്ള ജീവനക്കാരുടെ വിവരം അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.+ ബോർഡ് ആസ്ഥാനത്തും അതിനു കീഴിലുള്ള ഓഫീസുകളിലേയും ജീവനക്കാരുടെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) ബോർഡ് ആസ്ഥാനത്തും അതിനു കീഴിലുള്ള ഓഫീസുകളിലും കോളേജുകളിലും സ്കൂളുകളിലേയും ജീവനക്കാരുടെ വിവരം അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) വിവരം ശേഖരിച്ചു വരുന്നു.

**ക്ഷേത്ര സ്വത്തുക്കളുടെ സംരക്ഷണം**

260(3954) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യാധീനപ്പെട്ട ക്ഷേത്ര ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പ്രത്യേക ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി പ്രത്യേക ധനസഹായ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരത്തിന്റെ കണക്കെടുപ്പ് മാതൃകയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണം, വെള്ളി തുടങ്ങിയ ഉരുപ്പടികളുടെ ഇൻവെന്ററി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് അന്യാധീനപ്പെട്ട ക്ഷേത്ര ഭൂമി തിരിച്ച് പിടിക്കുന്നതിന് ഒരു ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടേയും സ്വകാര്യ ക്ഷേത്രങ്ങളുടേയും ബന്ധപ്പെട്ടുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ വർഷം ഈ ഇനത്തിൽ 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലേതുൾപ്പെടെ സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളുടെ ക്ഷേത്രങ്ങളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിച്ച വകകൾ തിട്ടപ്പെടുത്തി ഡിജിറ്റൽ രേഖകളായി സൂക്ഷിക്കുന്നതിന് എല്ലാ ദേവസ്വം ബോർഡുകൾക്കും 9-1-2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ക്ഷേത്രങ്ങളുടെ സമഗ്രവികസനം**

261(3955) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ എന്നീ ക്ഷേത്രങ്ങളുടെ സമഗ്രവികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്വദേശി ദർശൻ, പ്രസാദ് എന്നീ കേന്ദ്ര പദ്ധതികൾ മുഖേന സംസ്ഥാനത്ത് ഏതെല്ലാം ക്ഷേത്രങ്ങളിലാണ് വികസന പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ദേവസ്വം നിയമനങ്ങൾ സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാർ മുഖേന നടപ്പാക്കി വരുന്ന 'സ്വദേശി ദർശൻ' പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലും 'പ്രസാദ്' പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഗുരുവായൂരിലും നടന്നു വരുന്നു.

(ബി) ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള ശ്രീ പാർത്ഥസാരഥി എന്നീ ക്ഷേത്രങ്ങളിലാണ് ഈ പദ്ധതികൾ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടക്കുന്നത്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ദേവസ്വം നിയമനങ്ങൾ സുതാര്യമാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ശബരിമല ഇടത്താവള നിർമ്മാണം**

262(3956) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ഇടത്താവളങ്ങൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിനോടനുബന്ധിച്ച് ഇടത്താവളം നിർമ്മാണത്തിന് തയ്യാറായ പൊതുമേഖല സ്ഥാപനവുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ദേവസ്വം ബോർഡ് സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇടത്താവളം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തിനായി കേരളത്തിനകത്തുനിന്നും പുറത്തുനിന്നും വരുന്ന തീർത്ഥാടകർക്കായി കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് വിശ്രമസൗകര്യം, വാഹനപാർക്കിംഗ് സൗകര്യം, ഭക്ഷണം മുതലായ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തി ഇടത്താവളങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി ശ്രീ കാടാമ്പുഴ ദേവസ്വത്തിനുവേണ്ടി എക്സിക്യൂട്ടീവ് ഓഫീസർ ലീവ് ആന്റ് ലൈസൻസ് എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്.

(സി &ഡി) ശബരിമല ഇടത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡും പൊതുമേഖലാ സ്ഥാപനവും സർക്കാർ അനുമതിയോടെ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

**ശബരിമല തീർത്ഥാടകർക്കായി ഇടത്താവള സമുച്ചയങ്ങൾ**

263(3957) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശബരിമല തീർത്ഥാടനം സുഗമമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇടത്താവള സമുച്ചയങ്ങൾ ഏതെല്ലാം ക്ഷേത്രങ്ങളിലാണ് നിർമ്മിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളത്; അതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല ദർശനത്തിനെത്തുന്ന ലക്ഷകണക്കിന് അയ്യപ്പ ഭക്തർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും സർക്കാറിന്റേയും സർക്കാരിതര സ്ഥാപനങ്ങളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയും ആഭിമുഖ്യത്തിൽ നടപ്പാക്കിയിട്ടുണ്ട്.

വിരിസ്ഥലങ്ങൾ, കെട്ടിടങ്ങൾ, ശുചിമുറികൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. സുരക്ഷിതമായ ദർശനം സാധ്യമാക്കുന്നതിന് ആവശ്യമായ ബാരിക്കേഡുകൾ നിർമ്മിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ചതിനാൽ കുടിവെള്ളത്തിന് വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി. ഔഷധക്കൂട്ടുകൾ ചേർത്ത് തിളപ്പിച്ച വെള്ളം നൽകുന്നതിന് 60 കൗണ്ടറുകൾ വിവിധ സ്ഥലങ്ങളിൽ തുറന്നു. വാട്ടർ കിയോസ്കുകൾ, വാട്ടർ സ്റ്റേഷനുകൾ, വാട്ടർ പ്യൂരിഫയറുകൾ എന്നിവയിലൂടെ 369 ടാപ്പുകൾ സ്ഥാപിച്ചു. 9 ടാപ്പുകൾ വീതമുള്ള 12 വാട്ടർ ഡിസ്പെൻസർ യൂണിറ്റുകളിൽ കൂടി ചൂടു വെള്ളം, തണുത്ത വെള്ളം എന്നിവ ലഭ്യമാക്കി. 2.05 കോടി ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കും സ്ഥാപിച്ചു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം തടയുന്നതിനും വനഭൂമി മലീമസമാക്കുന്നത് തടയുന്നതിനുമുള്ള നടപടികൾ ഏർപ്പെടുത്തി. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടേയും, പുണ്യപൂങ്കാവനം പദ്ധതി, മാതാ അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിലുള്ള ശുചീകരണ സംവിധാനം എന്നിവ പ്രയോജനപ്പെടുത്തി വ്യാപകമായ ശുചീകരണയജ്ഞം നടത്തി. ശബരിമലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള പൈപ്പ് ലൈൻ പ്ലാന്റ് അറ്റകുറ്റപ്പണികൾ നടത്തി. അരവണ, അപ്പം നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികൾ അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗയോഗ്യമാക്കി. ദർശനത്തിന് കുറ്റമറ്റരീതിയിൽ ക്യൂ സംവിധാനം പോലീസിന്റെ സഹായത്തോടെ ഏർപ്പെടുത്തി.

ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്തെ കെട്ടിടത്തിന്റെ മുകളിൽ 12000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2000 ചതുരശ്ര അടിയും വിസ്തൃതിയുള്ള വിരിഷെഡുകൾ സജ്ജമാക്കി.

പമ്പയിൽ സ്ത്രീകൾക്കായി കുളിമുറികളും ശുചിമുറികളും ബയോ ടോയ്‌ലറ്റുകളും സ്ഥാപിച്ചു.

(ബി&സി) ശബരിമല തീർത്ഥാടനം നടത്തുന്ന തീർത്ഥാടകർക്ക് വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ഇടത്താവളങ്ങൾ സംസ്ഥാനത്താകമാനം ഓരോ 50 കിലോമീറ്റർ ഇടവിട്ട് ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിക്കുന്നതിന് 37 ക്ഷേത്രങ്ങളെ തെരഞ്ഞെടുത്തിരുന്നു. ഒന്നാംഘട്ടം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കഴക്കൂട്ടം, കീഴില്ലം മഹാദേവക്ഷേത്രങ്ങളിലും തൃക്കാക്കര വാമനമൂർത്തി ക്ഷേത്രം, ഹരിപ്പാട് സുബ്രഹ്മണ്യ സ്വാമിക്ഷേത്രം, ആറന്മുള പാർത്ഥസാരഥി ക്ഷേത്രം എന്നിവിടങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള മുടിക്കോട്, തിരുവഞ്ചിക്കുളം എന്നിവിടങ്ങളിലും മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള കാടാമ്പുഴ ഭഗവതി ദേവസ്വം, നെല്ലിയോട്, തൃത്തല്ലൂർ എന്നീ ക്ഷേത്രങ്ങളിലും കൂടൽമാണിക്യം ക്ഷേത്രത്തിലും ഇടത്താവളങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് എസ്റ്റിമേറ്റും പ്ലാനും ഇൻഡ്യൻ ഓയിൽ കോർപറേഷൻ, ഭാരത് പെട്രോളിയം എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മണലൂർ മണ്ഡലത്തിലെ ഇടത്താവളനിർമ്മാണം**

264(3958) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തൃത്തല്ലൂരിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ലീവ് ആന്റ് ലൈസൻസ് എഗ്രിമെന്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഇടത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മണലൂർ മണ്ഡലത്തിലെ ശ്രീ തൃത്തല്ലൂർ ശിവ ക്ഷേത്രത്തിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി ശ്രീ. തൃത്തല്ലൂർ ശിവക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ ലീവ് ആന്റ് ലൈസൻസ് എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മലബാർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരുടേയും IOC ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർത്ത് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥാനക്കയറ്റം**

265(3959) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം നടത്തിയിരുന്നോ; എങ്കിൽ എത്രപേർക്കാണ് സ്ഥാനക്കയറ്റം നൽകിയത്;

(ബി) അതിൽ പിന്നോക്കവിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ട്;

(സി) പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടവരുടെ കൂട്ടത്തിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരും പ്രധാന തസ്തികകളിൽ നിയമനം നൽകരുതെന്ന് വിജിലൻസ് വിഭാഗം ശിപാർശ ചെയ്തവരും ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നടത്തിയിരുന്നു. 2018-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 3 അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്ക് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) രണ്ട്.

(സി) ഇല്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം**

266(3960) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എഴുത്ത് പരീക്ഷ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് ബോർഡിന് റഫർ ചെയ്ത തസ്തികയിലേക്ക് ദേവസ്വം ബോർഡ് ആരെയെങ്കിലും പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്നും അതിനുള്ള കാരണമെന്താണെന്നും അറിയിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനധികൃതമായി നിയമനം നൽകിയത് പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഏഴ് എണ്ണം.

(സി) ഇല്ല.

(ഡി) ലഭിച്ചിട്ടില്ല.

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

267(3961) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ടൂറിസം വകുപ്പിൽ സമർപ്പിക്കുന്നതിനായി ക്ഷേത്രകടവിലും അനുബന്ധസ്ഥലങ്ങളിലും ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വേണ്ടി നെയ്യാറ്റിൻകര ദേവസ്വം എ.സി.-യ്ക്ക് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്ത് നടപടി സ്വീകരിച്ച് എന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ തയ്യാറാക്കാൻ കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് 31 വരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഓരോ ക്ഷേത്രങ്ങളിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ സമഗ്രവികസനം സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ (ജനറൽ)-ന് നിർദ്ദേശം നൽകുവാൻ എം.എൽ.എ.-യുടെ കത്ത് സഹിതം വിഷയം ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (സി) | നെയ്യാറ്റിൻകര | - 88,49,089 |
| | രാമേശ്വരം | - 29,38,297 |
| | ആറയൂർ | - 14,27,606 |
| | അരങ്ങൽ | - 17,43,679 |
| | കുട്ടപ്പന | - 16,58,890 |
| | തിരുപുറം | - 17,69,518 |

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ വേതനാനുകൂല്യങ്ങൾ**

268(3962) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനേജീരിയൽ ഫണ്ടുമായി ബന്ധപ്പെട്ട് ശമ്പളം തടസ്സപ്പെട്ടത് പരിഹരിക്കാനും ക്ഷേത്ര ജീവനക്കാരുടെ വേതനാനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാനും നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള കുടിശ്ശിക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിലേയ്ക്കായി കൃത്യമായ ക്ഷേത്ര കണക്കുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിന് ട്രസ്റ്റിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

269(3963) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ട്രാവൻകൂർ/കൊച്ചിൻ ദേവസ്വം ബോർഡുകളിലേതുപോലെ ഏകീകൃതമാണോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇവർക്ക് അർഹതപ്പെട്ട വേതനം കുടിശ്ശികയുണ്ടോ; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ പത്തു വർഷമായി വേതന പരിഷ്കരണം നടത്താതിരുന്നിട്ടും മുഴുവൻ വേതനവും ലഭിക്കാതെ കുടിശ്ശികയായിട്ടും അവധിദിനങ്ങൾ പോലും ബാധകമാക്കാതെ ജോലി ചെയ്യുന്ന മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാനും ഏകീകരിക്കാനും സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ നിരക്കിലുള്ള സേവന-വേതന വ്യവസ്ഥകളാണ് ബാധകമാക്കിയിട്ടുള്ളത്. ക്ഷേത്ര ജീവനക്കാർക്ക് ക്ഷേത്ര വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നത്.

(ബി&സി) ഉണ്ട്. മലബാർ ദേവസ്വം ബോർഡിലെ യഥാസമയം കണക്കുകൾ സമർപ്പിക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക ഇല്ല. എന്നാൽ കൃത്യമായ കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശികയുണ്ട്. ശമ്പള പരിഷ്കരണം സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ജീവനക്കാരന്റെ തടഞ്ഞുവച്ച ആനുകൂല്യങ്ങൾ

270(3964) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർവ്വീസിൽനിന്നും വിരമിക്കുമ്പോൾ നൽകുന്ന പരാമാവധി ഗ്രാറ്റുവിറ്റി തുക എത്രയാണ്;

(ബി) ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ വയത്തൂർ കാലിയാർ ക്ഷേത്രത്തിൽനിന്നും വിരമിച്ച കെ.മോഹൻദാസിന്റെ ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും നൽകാതെ തടഞ്ഞുവെച്ചതെന്ത് കാരണത്താലാണ്;

(സി) തടഞ്ഞുവെച്ച ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേമനിധിയിൽനിന്ന് 15,000 രൂപയും ക്ഷേത്രഫണ്ടിൽനിന്നും ഫണ്ടിന്റെ ലഭ്യതയും ജീവനക്കാരന്റെ സേവന കാലാവധിയുടെ ദൈർഘ്യത്തിന്റേയും അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപയും ഗ്രാറ്റുവിറ്റിയായി അനുവദിച്ചു വരുന്നു.

(ബി&സി) വയത്തൂർ കാലിയാർ ക്ഷേത്രത്തിൽനിന്ന് വിരമിച്ച ശ്രീ. കെ. മോഹൻദാസിന് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ, ടിയാൻ ക്ഷേത്രം മാനേജരായി സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിലെ ഓഡിറ്റ് നടത്തി ബാധ്യതാ രഹിത സാക്ഷ്യ പത്രം ലഭിച്ചാൽ മാത്രമെ ഗ്രാറ്റുവിറ്റി അനുവദിക്കാൻ കഴിയുകയുള്ളൂ. ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിന് ട്രസ്റ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെർമിനൽ ലീവ് സറണ്ടർ അതാത് ക്ഷേത്രം ഫണ്ടിൽ നിന്നാണ് നൽകേണ്ടത്. നിലവിൽ ജീവനക്കാരുടെ ശമ്പളച്ചെലവിനായി, മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിനെ, ആശ്രയിക്കുന്ന ക്ഷേത്രമാണിത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവല്ലം ക്ഷേത്രത്തിൽ ഭക്തർക്ക് സൗകര്യങ്ങൾ

271(3965) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലത്ത് ശ്രീ പരശുരാമ ക്ഷേത്രത്തിൽ ബലി തർപ്പണത്തിന് വരുന്ന ഭക്തർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എന്നത്തേക്ക് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. തിരുവല്ലം ശ്രീപരശുരാമസ്വാമി ക്ഷേത്രത്തിൽ ബലി തർപ്പണത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, ബലി തർപ്പണം കഴിഞ്ഞ് ഭക്തർക്ക് കുളിച്ച് ശുദ്ധിയാകുന്നതിന് ബലിക്കടവിൽ നൂറോളം സ്ഥിരം ബാത്ത് ഷവറുകളും നിർമ്മിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചു വരികയാണ്.

## കാസർകോട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ

272(3966) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും കഴിഞ്ഞ ഏഴ് വർഷം എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ഈ ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ ബോർഡിന്റെ കീഴിൽ വരാത്ത ക്ഷേത്രങ്ങൾ എത്ര ഉണ്ടെന്നും ഇത്തരം ആരാധനാലയങ്ങൾക്ക് സഹായം നൽകാറുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) ക്ഷേത്രം സ്ഥാനികർമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണെന്നും ഇന്നത്തെ സാഹചര്യത്തിൽ ജീവിതച്ചെലവുമായി പൊരുത്തപ്പെടാത്തതാണ് ഈ വേതനമെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ കാസർകോട് ജില്ലയിൽ 99 ക്ഷേത്രങ്ങളാണുള്ളത്. പ്രസ്തുത ക്ഷേത്രങ്ങൾക്ക് 2011 മുതൽ 2017 വരെയുള്ള 7 വർഷങ്ങളിലായി മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകിയ സഹായധനം ഇനം-വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | ജീവനക്കാരുടെ ശമ്പള കുടിശ്ശിക | ജീർണ്ണോദ്ധാരണ ധനസഹായം |
|---|---|---|
| 2011 | 1,13,04,676 | 17,32,500 |
| 2012 | 1,55,87,674 | 90,000 |
| 2013 | 1,04,63,101 | 38,31,000 |
| 2014 | 1,03,60,729 | 13,46,000 |
| 2015 | 1,53,29,317 | 1,65,000 |
| 2016 | 1,45,07,484 | 26,40,000 |
| 2017 | 2,03,82,634 | 2,20,000 |
| ആകെ | 9,79,35,615 | 1,00,24,500 |

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരാത്ത ക്ഷേത്രങ്ങളുടെ വിവരം മലബാർ ദേവസ്വം ബോർഡിൽ ലഭ്യമല്ല. ഇത്തരം ക്ഷേത്രങ്ങളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകി വരുന്നു.

(സി&ഡി) ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആചാര സ്ഥാനികർക്ക് പ്രതിമാസം 800 രൂപയാണ് ധനസഹായം നൽകി വരുന്നത്. പ്രസ്തുത ധനസഹായം നിലവിലെ ജീവിത ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചു വരുന്നു.

## തളി തസ്തികയിലെ നിയമനങ്ങൾ

273(3967) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തിയ തളി തസ്തികയിലെ നിയമനത്തിനായിട്ടുള്ള പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) തളി തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തരം തളി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. എന്നാൽ 2012 -ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയ എഴുത്ത് പരീക്ഷയിലൂടെ തയ്യാറാക്കിയ 456 പേരടങ്ങിയ റാങ്ക് ലിസ്റ്റിൽനിന്നും 385-ാം റാങ്ക് വരെയുള്ളവർക്ക് നിയമനം നല്കിയിട്ടുണ്ട്.

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കരാറടിസ്ഥാനത്തിൽ തളി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല.

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ല.

## ആറ്റുകാൽ ടൗൺഷിപ്പ്

274(3968) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ ദേവീ ക്ഷേത്രവും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്തി തുടങ്ങാൻ ഉദ്ദേശിക്കുന്ന ആറ്റുകാൽ ടൗൺഷിപ്പിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) സമീപകാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ആറ്റുകാൽ വികസന പദ്ധതിക്കായി രൂപീകരിച്ച അഡ്വൈസറി കമ്മിറ്റിയുടെ 23-9-2017 ന് ചേർന്ന യോഗത്തിൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് M/s. പിത്തവാടിയൻ കൺസൾട്ടൻസി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30AM]

# II അടിയന്തരപ്രമേയം

## പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: കഴിഞ്ഞ സാമ്പത്തിക വർഷത്തെ ക്യൂവിൽ നിന്ന ചെക്കുകളുടെ തുകയും സ്പിൽഓവർ വർക്കുകളുടെ ചെലവും 2018-19 സാമ്പത്തിക വർഷത്തെ ചെലവിൽ ഉൾപ്പെടുത്താനുള്ള തീരുമാനംമൂലം പദ്ധതികൾ വീണ്ടും ഡി.പി.സി.-ക്ക് സമർപ്പിച്ച് പുനർഅംഗീകാരം വാങ്ങേണ്ടിവന്നതിനാൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, കെ. സി. ജോസഫ്, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പി. കെ. ബഷീർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യങ്ങളിൽ സാമാന്യം ധാരണയുള്ള മെമ്പറാണ്. ജനകീയാസൂത്രണ കാലം മുതൽ എനിക്ക് അദ്ദേഹത്തെ നല്ല പരിചയമാണ്. അദ്ദേഹം പഞ്ചായത്ത് പ്രസിഡന്റായിരുന്നു, ഇപ്പോൾ ഭാര്യ പഞ്ചായത്ത് പ്രസിഡന്റാണ്. അതുകൊണ്ട് ഇങ്ങനെയൊരു പ്രമേയം കിട്ടിയപ്പോൾ നമ്മൾ പറഞ്ഞതൊന്നുമല്ല അവിടെ നടക്കുന്നതെന്ന് വിചാരിച്ച് ആദ്യം ട്രഷറി ഡയറക്ടറെ വിളിച്ച് ശാസിച്ചു. അതുപോലെ പലരേയും വിളിച്ചു. എല്ലാ രേഖകളും ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെയൊരു അബദ്ധത്തിൽ എന്നെ ചാടിക്കാൻ പാടില്ലായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ കൃത്യമായ കണക്കുകൾ നിങ്ങളുടെ മുന്നിൽ വയ്ക്കുകയാണ്. അതിനുശേഷം അങ്ങ് എന്നോട് പ്രതികരിക്കൂ.

ഇപ്പോൾ ജൂൺ മാസമാണ്. ഡെവലപ്മെന്റ് ഫണ്ട്, അസറ്റ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെ നാല് മാസത്തേയ്ക്കുള്ള ആദ്യഗഡു ജൂലൈ വരെയുള്ളത് കൊടുത്തുകഴിഞ്ഞു. മാസാമാസം കൊടുക്കേണ്ട ജനറൽ പർപ്പസ് ഫണ്ടും കൊടുത്തുകഴിഞ്ഞു. കേന്ദ്ര സർക്കാർ തരുമ്പോൾ കൊടുക്കേണ്ട ഫിനാൻസ് കമ്മീഷൻ ഫണ്ടിന്റെ ആദ്യഗഡു മേയ് മാസത്തിൽ കൊടുത്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 340 കോടി രൂപ അവരുടെ ടി.എസ്.ബി.

അക്കൗണ്ടിൽ റെസ്യൂം ചെയ്തിരുന്നത് തിരിച്ചുകൊടുത്തു. ഇതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അങ്ങേയ്ക്ക് പറയാം. പണി നടത്തണമെങ്കിൽ, സ്തംഭനം ഒഴിവാക്കണമെങ്കിൽ ആദ്യം പണം കൊടുക്കേണ്ടതുണ്ട്, അതും കൊടുത്തു. അദ്ദേഹത്തിന് വേണമെങ്കിൽ confirm ചെയ്യാവുന്നതാണ്.

രണ്ടാമത്തെ പ്രശ്നം, പ്ലാൻ രേഖ തയ്യാറായാൽ മാത്രമേ ചെലവാക്കാൻ സാധിക്കുകയുള്ളൂ. ചരിത്രത്തിലാദ്യമായി ഏപ്രിൽ മാസം 1-ാം തീയതി പ്ലാൻരേഖ എല്ലാം തയ്യാറായിക്കഴിഞ്ഞു. പക്ഷെ അദ്ദേഹം പറയുന്നത്, പ്ലാൻരേഖ നടപ്പാക്കുന്നതിനുമുമ്പ് ഭേദഗതി ചെയ്യണമെന്നാണ്. കഴിഞ്ഞ മാർച്ച് 31-ന് എട്ട് മണികഴിഞ്ഞ് ട്രഷറിയിൽ വന്ന ബില്ലുകളെല്ലാം അവിടെ ശേഖരിച്ചുവച്ചിരുന്നു. ആദ്യമിറങ്ങിയ ഉത്തരവ്, ആ ബിൽ തിരിച്ചുവാങ്ങി വീണ്ടും എഴുതി 2018-19-ലെ ഫണ്ടിൽ നിന്നും വാങ്ങണമെന്നുള്ളതാണ്. പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും വന്ന് ഇത് പ്രയാസമുള്ള കാര്യമാണെന്ന് പറഞ്ഞപ്പോൾ അതവിടെവച്ച് വാങ്ങിയ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തി. ശ്രീ. പി. കെ. ബഷീർ എങ്ങനെയാണ് ഈ ഓർഡർ കാണാതെ പോയതെന്ന് എനിക്കറിയില്ല. ഫിനാൻസ് (സ്ട്രീംലൈനിംഗ്) ഡിപ്പാർട്ടുമെന്റിന്റെ 28-4-2018-ലെ ഉത്തരവിന്റെ പ്രസക്ത ഭാഗമാണിത്. 'The re-processing by each DDO is not required and the centralized re-processing by IKM application will expedite the steps to clear the bills in the treasury queue.' അങ്ങയുടെ പഞ്ചായത്തിന് എന്താണ് സംഭവിച്ചതെന്ന് എനിക്കറിയില്ല. ഏതായാലും എന്റെ കയ്യിലുള്ള കണക്കുവച്ച് ഡെവലപ്മെന്റ് ഫണ്ടിൽ 8,555 ബില്ലുകളാണ് ഉണ്ടായിരുന്നത്. അതിൽ 8,067 ബില്ലുകൾക്ക് പണം കൊടുത്തു. അസ്സറ്റ് മെയിന്റനൻസ് ഫണ്ടിൽ 4,291 ബില്ലുകളാണ് ട്രഷറിയിലുണ്ടായിരുന്നത്. അതിൽ 4175 ബില്ലുകൾക്ക് പണം കൊടുത്തു. ഒരു സ്തംഭനവും ഉണ്ടായിട്ടില്ല. ഓർഡർ തിരുത്തിയിട്ടും പഴയ നടപടിക്രമം വേണമെന്ന് പറഞ്ഞ് കാത്തിരുന്ന പഞ്ചായത്തുകളിലേയ്ക്ക്, നിങ്ങളുടെ പണം റെഡിയാണ്, വന്ന് വാങ്ങിക്കൊണ്ട് പോകണമെന്ന് ഫോൺ ചെയ്തറിയിച്ചിട്ടുണ്ട്. ഡെവലപ്മെന്റ് ഫണ്ട് 257 കോടി രൂപയും മെയിന്റനൻസ് ഫണ്ട് 170 കോടി രൂപയും കൊടുത്തു.

രണ്ടാമത് പറയുന്നത്, സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി പദ്ധതിരേഖ ഇപ്പോൾ തിരുത്തേണ്ടിവരുന്നു എന്നുള്ളതാണ്. സ്പിൽഓവർ പ്രോജക്ട് പ്ലാനിൽ ഉൾപ്പെടുത്തണമെന്നുള്ളത് ജനകീയാസൂത്രണം തുടങ്ങിയകാലം മുതലുള്ള നടപടിക്രമമാണ്. ഈ സഭയിൽ പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന അംഗങ്ങളുണ്ടല്ലോ. ഈ ആവശ്യമില്ലാതിരുന്ന ഒരു

കാലമുണ്ടായിരുന്നുവെന്ന് ആരെങ്കിലും ഒരാൾ പറയട്ടെ. ജനകീയാസൂത്രണ കാലത്തെ സ്ഥിതിയല്ല ഇപ്പോഴുള്ളത്. നിലവിലെ സ്പിൽഓവർ പ്രോജക്ടിൽ ഭേദഗതി ഉണ്ടെങ്കിൽ മാത്രം ഡി.പി.സി.-ക്ക് കൊണ്ടുപോയാൽ മതി. സ്പിൽഓവർ പ്രോജക്ട് പുതിയ കാര്യമല്ല. ജനകീയാസൂത്രണ കാലത്ത് ഉണ്ടായിരുന്ന വ്യവസ്ഥയെല്ലാം ഡി.പി.സി.-ക്ക് മുന്നിൽ വയ്ക്കണമെന്നുള്ളതായിരുന്നു. അത് ക്രമേണ ഇല്ലാതായി.

ശ്രീ. കെ. സി. ജോസഫ്: സർ, ക്യൂവിൽ ഉണ്ടായിരുന്ന ചെക്കുകളും സ്പിൽഓവർ വർക്കിന്റെയും ക്വാണ്ടം എമൗണ്ട് ഈ സാമ്പത്തിക വർഷത്തിൽ മാറുകയാണ്. അപ്പോൾ അതുമുഴുവൻ റിവൈസ് ചെയ്യേണ്ടി വരും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിൽനിന്നും വ്യത്യസ്തമായി ഒരു വർഷത്തെ ഫണ്ട് എക്സ്ഹോസ്റ്റ് ചെയ്യുന്നതിനുമുമ്പ് സ്പിൽഓവർ വർക്കുകൾക്ക് പണം കൊടുത്ത ഒരു വർഷത്തെക്കുറിച്ച് നിങ്ങൾക്ക് പറയാൻ കഴിയുമോ; എപ്പോഴും ഇങ്ങനെ തന്നെയാണ് ചെയ്യുന്നത്. സ്പിൽഓവർ വർക്കുകൾക്ക് എന്നുപറഞ്ഞ് ഉൾപ്പെടുത്തുന്നു. കഴിഞ്ഞ വർഷം ചെലവഴിക്കാത്തതിൽ നിന്നും ആ പണം ചെലവഴിക്കാം. അങ്ങനെ സ്പിൽഓവർ വർക്കുകൾ എടുക്കുമ്പോൾ ഈ വർഷം അതിനുള്ള പണം ഉണ്ടാകുമോ എന്നുള്ളതാണ് അടുത്ത പ്രശ്നം. ഇന്നുവരെ അത് ചെയ്തിട്ടില്ലെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഈ വർഷം അനുവദിച്ചിട്ടുള്ള തുക എക്സ്ഹോസ്റ്റ് ചെയ്യുമ്പോൾ മാത്രമേ പുതിയതിനെക്കുറിച്ച് ആലോചിക്കുകയുള്ളൂ. അല്ലാതെ അഡ്വാൻസായി കൊടുക്കുന്നില്ല. അങ്ങനെ അനുവദിച്ച തുകയിൽനിന്നും പിൻവലിച്ച് വർക്കുകൾ ചെയ്യുന്നതിന് ഒരു സ്തംഭനവുമില്ല. വർഷാവസാനം പണമില്ലാതെ വരുമ്പോൾ എങ്ങനെ ചെലവഴിക്കും; സ്തംഭനമുണ്ടാകില്ലേ. ഇപ്പോൾ ഒരു സ്തംഭനവുമില്ല. ആളുകൾ പണം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ നാലഞ്ച് പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചപ്പോൾ ഒരു പ്രശ്നവുമില്ലെന്നുള്ള മറുപടിയാണ് ലഭിച്ചത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ. .......

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. വി. പി. സജീന്ദ്രൻ, പ്രമേയാവതാരകനായ ശ്രീ. പി. കെ. ബഷീറിന് സമയം കൊടുക്കുമ്പോൾ ഈ വിഷയങ്ങളെല്ലാം പറയാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. പി. കെ. ബഷീർ സംസാരിച്ചതിനുശേഷം മറുപടി പറയാൻ അങ്ങ് കുറച്ച് ബാക്കി വച്ചോളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശരി. ലൈഫ് പദ്ധതിയെക്കുറിച്ച് ബഷീർ സംസാരിച്ചതിനുശേഷം പറയാം.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജനകീയാസൂത്രണ കാലഘട്ടത്തിലെ പ്ലാനിംഗ് ബോർഡ് മെമ്പറും പിന്നീട് വികേന്ദ്രീകരണ ആസൂത്രണത്തിന്റെ വക്താവുമാണ്. അദ്ദേഹത്തിന്റെയത്ര പാണ്ഡിത്യവും വാചാലതയും എനിക്കില്ലെങ്കിലും ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് പഞ്ചായത്തുകളെ തദ്ദേശ ഭരണ സ്ഥാപനമെന്നാണ് പറയുന്നത്. ഇപ്പോൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ അവസ്ഥ എന്താണ്? ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്വയം ഭരിക്കാൻ കഴിയാത്ത സ്ഥാപനങ്ങളായി അവ മാറി എന്നുള്ളതാണ്. പദ്ധതികളെക്കുറിച്ച് ഇവിടെ കൊട്ടിഘോഷിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഏപ്രിൽ ഒന്ന് മുതൽ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്ന അവസ്ഥയിലേയ്ക്ക് കൊണ്ടുവന്നു എന്ന് പഞ്ചായത്ത് വകുപ്പുമന്ത്രിയും ഭരണാധികാരികളും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ പറയുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് ഭേദഗതി വരുത്തേണ്ട ഗതികേട് ത്രിതല പഞ്ചായത്തുകൾക്കുണ്ടായി എന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്, പരിതാപകരമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി പല ഘട്ടങ്ങളിലും പറയാറുണ്ട്. 2017-18 കാലഘട്ടത്തിൽ ത്രിതല, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പദ്ധതികളുടെ അവസാനഘട്ടത്തിൽ ബില്ലുകൾ കൊടുത്തപ്പോൾ ക്യൂ സിസ്റ്റത്തിൽ നിർത്താൻ നിങ്ങൾ പറഞ്ഞു, അത് അംഗീകരിച്ചു. അങ്ങനെ ക്യൂവിൽ നിർത്തിയ മന്ത്രി, ആ പണം ക്യൂവിലാണ്, അത് കൊടുക്കുമെന്ന് പറഞ്ഞ് സ്റ്റേറ്റ്മെന്റ് ഇറക്കിയിട്ടും കൊടുത്തില്ലല്ലോ. ട്രഷറിയിൽ കൊടുത്ത ബില്ലിന് 2017-18 കാലഘട്ടത്തിൽ പഞ്ചായത്തുകൾക്ക് അനുവദിച്ച ഫണ്ടിൽനിന്നും പണം കൊടുക്കാൻ നിങ്ങൾ സമ്മതിച്ചില്ല. പിന്നീട് 2018 ഏപ്രിൽ മാസം ഒന്നാം തീയതി താഴെത്തട്ടിൽനിന്നും ട്രഷറിയിൽ കൊടുത്ത ബില്ലുകൾ മടക്കി വാങ്ങാനും പ്രസ്തുത ബില്ലുകൾ, 2018-2019-ലെ ബിൽ ബുക്ക് മുഖേന വീണ്ടും സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ബിൽ ബുക്ക് സമർപ്പിക്കണമെങ്കിൽ 'സുലേഖ' സോഫ്റ്റ്‌വെയറിൽ ഭേദഗതി വരുത്തണം. 2018-19-ലെ പദ്ധതി നടപ്പിലാക്കാൻ അനുവദിച്ച ആദ്യ ഗഡു പണം എടുത്താണ് 2017-18-ലെ പണം കൊടുക്കാൻ പറയുന്നത്. അപ്പോൾ പഞ്ചായത്തുകൾക്ക് എത്ര പണം നഷ്ടമായി; അങ്ങനെയാണെങ്കിൽ പഞ്ചായത്തുകൾക്ക് പണം ലഭിച്ചോ? പഞ്ചായത്തിന്റെ 2018-19-ലെ വിഹിതത്തിൽനിന്നും ഫണ്ട് കണ്ടെത്തണമെന്ന രീതിയിലാണ് നിങ്ങൾ

പഞ്ചായത്തുകളോട് ഭേദഗതി ചെയ്യാൻ പറഞ്ഞത്. അതിനുശേഷം ട്രഷറിയിൽനിന്നും ബിൽ മടക്കുകയും ഡി.പി.സി.-യിൽ പോയി ഭേദഗതി വരുത്തണമെന്നും പറഞ്ഞു. പുതിയ സ്കീം പ്രകാരം 2018 ഏപ്രിൽ 1-ന് പഞ്ചായത്തിന്റെ ഫണ്ട് സീറോ ബാലൻസാണ്. സീറോ ബാലൻസ് വരുന്ന പദ്ധതിക്ക് ഡി.പി.സി.-യിൽ പോയി ഭേദഗതി വരുത്തണം. പദ്ധതികളെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ. ജില്ലാ ആസൂത്രണസമിതിയിലും ത്രിതല പഞ്ചായത്തുകളിലുമുണ്ടാകുന്ന തർക്കവിതർക്കങ്ങൾക്ക് പരിഹാരം കാണാനും പ്രായോഗികമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിച്ചുകൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതി നിർവ്വഹണത്തിനുള്ള, സുഗമമായ നടത്തിപ്പിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് കോ-ഓർഡിനേഷൻ കമ്മിറ്റി. കോ-ഓർഡിനേഷൻ കമ്മിറ്റി 12-4-2018-ന് ആദ്യം ഒരു സർക്കുലർ ഇറക്കി. മാർച്ച് മുതൽ ജൂൺ വരെ അഞ്ച് ഉത്തരവുകളാണ് ഈ പദ്ധതി ഉണ്ടാക്കിയതിനുശേഷം ഇറക്കിയത്. ഈ സമയത്ത് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി ജൂൺ 6, 8 എന്നീ തീയതികളിൽ ഈ സഭയിൽ നൽകിയ മറുപടികളുണ്ട്. 2-5-2018-ന് ഇറക്കിയ ഡിഎ 1/439/2018-ാം നമ്പർ സർക്കുലറിലെ ഖണ്ഡിക 2- ൽ പറയുന്നത്, "2018 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട് പേമെന്റ് നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട് ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ എല്ലാ പ്രോജക്ടുകളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്. സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട വിഹിതം പ്രത്യേകം അനുവദിക്കുന്നത് പരിഗണിക്കുമെന്നതിനാൽ ഇത്തരം സ്പിൽഓവർ പ്രോജക്ടുകളെ 'സുലേഖ' സോഫ്റ്റ്‌വെയറിൽ കൊണ്ടുവരുന്നതിനെ കുറിച്ച് ആലോചിക്കുന്നതാണ്." ഇതുസംബന്ധിച്ച് പിന്നീട് ഉത്തരവ് വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം പറഞ്ഞത്. "മേൽപ്പറഞ്ഞ പ്രകാരം സ്പിൽഓവർ പ്രോജക്ടുകളെ രണ്ടുവിഭാഗമായി തരംതിരിച്ച് 2018-19-ലെ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള ക്രമീകരണം 'സുലേഖ' സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തുന്നതാണ്" എന്നാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 2018-19 വാർഷിക പദ്ധതി ഈ രീതിയിൽ അന്തിമമാക്കുമ്പോൾ, വാർഷിക പദ്ധതി അടങ്കലിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ ആദ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രത്യേകം മാറ്റി നിർത്തുന്ന സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട വിഹിതംകൂടി ഉണ്ടാകുന്നതാണ്. പഞ്ചായത്തുകൾക്ക് ആദ്യഘട്ടത്തിൽ പണം കൊടുക്കാൻ കഴിഞ്ഞോ; ഉദാഹരണമായി, ലൈഫ് പദ്ധതിക്ക് പണം കൊടുക്കാൻ കഴിഞ്ഞോ; 2-6-2018- ൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മറ്റൊരു സർക്കുലർ ഇറങ്ങി,

ആ സർക്കുലറിൽ 'പദ്ധതികളിൽ ഭേദഗതി വരുത്തി സ്പിൽഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി 2018-19-ലെ അന്തിമ വാർഷിക പദ്ധതി 16-6-2018-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്' എന്ന കണ്ടീഷൻ വച്ചാണ് കൊടുത്തത്. എന്നാൽ മൂന്നുമാസമായിട്ടും ഡി.പി.സി. കൂടിയിട്ടില്ല, ഇതിനെക്കുറിച്ച് മറുപടി പറയണം. ഇതൊക്കെ നന്നായി നടക്കണമെന്ന് വിചാരിച്ച് ഞങ്ങൾ നിങ്ങളെ തിരുത്തുകയാണ്. അത് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി കേൾക്കണം, 90 ശതമാനം എക്സ്പെൻഡിച്ചർ വന്നുവെന്ന് നിങ്ങൾ പറഞ്ഞു, എവിടെയാണ് 90 ശതമാനം എക്സ്പെൻഡിച്ചർ ആയത്? എൽ.എസ്.ജി.ഡി.-യുടെ സൈറ്റ് പരിശോധിച്ചാൽ എക്സ്പെൻഡിച്ചറിനെക്കുറിച്ച് ഏറ്റവും മോശമായ കണക്കല്ലേ പറഞ്ഞിരിക്കുന്നത്; നിങ്ങൾ എന്തിനാണ് കള്ളക്കണക്കുണ്ടാക്കുന്നത്? 80 ശതമാനമാണെങ്കിലും 84 ശതമാനമാണെങ്കിലും ഉള്ള കണക്ക് പറഞ്ഞാൽ പോരേ? ഗ്രാമപഞ്ചായത്തുകൾ- 94 ശതമാനം. എങ്ങനെയാണ് എക്സ്പെൻഡിച്ചർ വരുന്നത്? 'Expenditure including pending Bills' എന്നാണ്. സർക്കാരിന്റെ വെബ്സൈറ്റിൽനിന്നുള്ള വിവരമാണിത്. പി. കെ. ബഷീറിന്റെ പഞ്ചായത്തിൽ നിന്നുള്ളതല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, കേന്ദ്ര വിഹിതം ലഭിക്കണമെങ്കിൽ ഇവിടെനിന്നും ഫുൾ എക്സ്പെൻഡിച്ചറായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്താലല്ലേ അവിടെനിന്നും പണം ലഭിക്കുകയുള്ളൂ.

സർവ്വശ്രീ അടൂർ പ്രകാശ്, ഐ. സി. ബാലകൃഷ്ണൻ, വി. പി. സജീന്ദ്രൻ, വി. ഡി. സതീശൻ എന്നിവർ 27/3-ൽ 'തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2018 ഫെബ്രുവരി 28 വരെ പദ്ധതി ചെലവിന്റെ 50 ശതമാനംപോലും ചെലവഴിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ' എന്ന ചോദ്യത്തിന് ട്രഷറിയിലെ ബിൽ പെൻഡിംഗ്, ജി.എസ്.ടി., മരാമത്ത് പണികൾക്ക് ആവശ്യമായ സാധനങ്ങൾ ലഭിക്കാത്തതുൾപ്പെടെയുള്ള ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുണ്ട്. പെൻഡിംഗ് ബില്ലിന്റെ കാര്യം നിങ്ങൾ തന്നെയാണ് പറയുന്നത്. അങ്ങ് പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്നു, ചില പദ്ധതികൾ മൾട്ടി പ്രോജക്ടായിരിക്കും. പുതിയ ഉത്തരവിൽ പറയുന്നത്, 2016-17, 2017-18-ലെ പദ്ധതികളുണ്ടെങ്കിൽ സ്പിൽഓവർ ആയെന്നാണ്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരിക്കുന്നത് ഞങ്ങളല്ലല്ലോ? ടി ഉത്തരവുപ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ ക്യാരിഓവർ ചെയ്യാത്തതുകൊണ്ട് കോഴിക്കോട് ജില്ലാ പഞ്ചായത്തിന് 22 കോടി രൂപയുടെയും മലപ്പുറം ജില്ലാ പഞ്ചായത്തിന് 20 കോടി രൂപയുടെയും നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് എന്നാണ്. ഗ്രാന്റിൽ

നിന്ന് പണം നൽകുന്നുണ്ടെങ്കിലും സെക്രട്ടറിമാരെയും ഉദ്യോഗസ്ഥന്മാരെയും ഓരോ സമയവും മാറ്റുകയാണ്. ആദ്യം കോ-ഓർഡിനേഷൻ കമ്മിറ്റി വേണം. നാല് പുതിയ മിഷനുകൾക്ക് ഒരു കോ-ഓർഡിനേറ്ററെ നിയമിച്ചിരിക്കുന്നതായി ഇന്നലത്തെ ക്യാബിനറ്റ് തീരുമാനത്തിൽ കണ്ടു. എന്താണ് അതിന്റെ ആവശ്യം? സി.പി.ഐ.(എം)-ന്റെ രാജ്യസഭാംഗമായ, വളരെ പരിചയസമ്പന്നയായ, ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറിയായ ഡോ. ടി. എൻ. സീമ, ഹരിത കേരളം മിഷന്റെ കോ-ഓർഡിനേറ്ററാണ്. അതിന്റെ കൂടെയാണ് കോൺഗ്രസ്സിൽ നിന്ന് വന്നുകൂടിയ ശ്രീ. ചെറിയാൻ ഫിലിപ്പിനെയും കോ-ഓർഡിനേറ്ററായി നിയമിച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ 'ആർദ്രം' പദ്ധതിക്കും കേന്ദ്രകമ്മിറ്റി അംഗമായ ശ്രീ. ചെറിയാൻ ഫിലിപ്പ് കോ- ഓർഡിനേറ്ററാണ്. അതിന്റെ ആവശ്യം എന്താണ്? പുതിയ കോ-ഓർഡിനേറ്റർ ബുദ്ധിജീവിയായതിനാൽ അദ്ദേഹത്തിന് കുറച്ചുകൂടി ആശയങ്ങളുണ്ടാകും. ആ ആശയങ്ങൾ കോ-ഓർഡിനേഷൻ കമ്മിറ്റി പഞ്ചായത്തിന്റെ ചുമലിലാക്കുകയും അവർ പിന്നെയും ഡി.പി.സി.-ക്ക് പോകേണ്ടി വരികയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, താങ്കൾ പ്രാക്ടിക്കലായി കാര്യങ്ങൾ ചെയ്യുമെന്നാണ് ഞാൻ കരുതിയത്. താങ്കൾക്കെങ്ങനെ ഈ പാളിച്ച പറ്റിയതെന്നാണ് ഞാൻ ആലോചിക്കുന്നത്.

അതുപോലെ ലൈഫ് പദ്ധതിയിൽ 4 ലക്ഷം രൂപ കൊടുക്കും. അതിപ്പോൾ ഇംപ്ലിമെന്റിംഗ് സ്റ്റേജിലാണ് നിൽക്കുന്നത്. ആദ്യ ഗഡുവായി പഞ്ചായത്തുകൾ കൊടുക്കുന്നത് 40,000 രൂപയാണ്. ഉദാഹരണത്തിന്, ഒരു പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ 75 വീടുകളാണ് ഉള്ളതെങ്കിൽ ഒന്നാം ഗഡുവായി 40,000 രൂപ ഗവൺമെന്റ് കൊടുക്കുമോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീ എൻ. എ. നെല്ലിക്കുന്നിന്റെ 8-6-2018-ലെ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ, 10,000 കോടി രൂപ ഏകദേശം ഇതിലേയ്ക്ക് വരുമെന്നും കേന്ദ്ര-സംസ്ഥാന വിഹിതമായി 2500 കോടി രൂപയും അതിനുപുറമേ ഹഡ്കോയിൽ നിന്ന് 4000 കോടി രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ ആകെ പദ്ധതി വിഹിതത്തിന്റെ 20 ശതമാനം വരുന്ന 1080 കോടി രൂപയും കണക്കാക്കിയതായാണ് പറയുന്നത്. ഒന്നാംഗഡു കൊടുത്തു, രണ്ടാംഗഡു എവിടെനിന്ന് കൊടുക്കുമെന്നുള്ളത് ആലോചിക്കണം. മറ്റൊരു സർക്കുലറിൽ ലൈഫ് പദ്ധതിയെക്കുറിച്ച് പറയുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പഞ്ചായത്തിന്റെ പദ്ധതിയിൽ

ലൈഫ് പദ്ധതി ഉൾപ്പെടുത്തിയില്ലെങ്കിൽ അനുമതി കൊടുക്കണ്ടെന്ന് സർക്കുലറിൽ ഒരുവാക്ക് പറയുന്നുണ്ടോ? അങ്ങനെ പഞ്ചായത്തുകൾ നിർബന്ധിത അവസ്ഥയിൽ ലൈഫ് പദ്ധതിക്ക് പണം നീക്കിവയ്ക്കുന്നു. 100 വീടുകളുണ്ടെങ്കിൽ ഗവൺമെന്റ് കണക്കുപ്രകാരം 4 കോടി രൂപ കൊടുക്കണം. പഞ്ചായത്തിന്റെ ആകെയുള്ള വിഹിതം അഞ്ചോ ആറോ കോടി രൂപയായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എവിടെനിന്നാണ് 4 കോടി രൂപ കൊടുക്കുന്നത്? ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ മറുപടിയിൽ പറഞ്ഞത്, 2500 കോടി രൂപ കിഫ്ബിയിൽ നിന്നും കൊടുക്കുമെന്നാണ്. ഒരു മാസം കഴിയുമ്പോൾ ആളുകൾ വീടിന്റെ പണി തുടങ്ങിയാൽ രണ്ടാംഗഡു കൊടുക്കേണ്ടിവരും, കൊടുക്കാൻ പഞ്ചായത്തുകളുടെ കയ്യിൽ പണമുണ്ടാകില്ല. 2018-19-ലെ മാർച്ച് മാസത്തെ ബില്ലിൽ നിന്ന് പഞ്ചായത്തുകൾക്ക് ഒന്നാംഗഡു കൊടുക്കേണ്ടി വന്നു. പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ എങ്ങനെ നടക്കും? അതുകൊണ്ട് ഇക്കാര്യം ഗുരുതരമായ വിഷയമാണ്. എല്ലാ പഞ്ചായത്തുകാരെയും വിളിച്ച് അന്വേഷിച്ചെന്നും ഒരു വിഷയവുമില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഫെബ്രുവരി മാസം 19-ാം തീയതിയാണ് പഞ്ചായത്ത് ദിനാഘോഷം നടന്നത്. ട്രഷറി നിയന്ത്രണവും ബിൽ കുടിശ്ശികയും വരുന്നത് മാർച്ച് മാസം അവസാനമാണ്. എങ്ങനെയാണ് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഓർഡറാക്കി കൊടുക്കുന്നത്? അതിൽത്തന്നെ വിരോധാഭാസമുണ്ട്. പഞ്ചായത്തുകളെ മൂക്കുകയർ ഇടുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണിത്. പണ്ട് 7-ാം ക്ലാസിലെ ചരിത്ര പുസ്തകത്തിൽ ഡൽഹി ഭരിച്ചിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികൾ എന്ന ഒരു അദ്ധ്യായമുണ്ടായിരുന്നു. അതുപോലെയാണ് ഈ ഗവൺമെന്റിന്റെ തദ്ദേശ ഭരണ വകുപ്പിലെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികളുടെ ഓരോ ഉത്തരവുകൾ. ലൈഫ് മിഷനിൽ എത്ര ഐ.എ.എസ്. ഓഫീസർമാർ വന്ന് ലീവിൽ പോയി? സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിന് ഇപ്പോൾ വന്നിട്ടുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനും അത് പ്രായോഗികമായി നടപ്പിലാക്കാനും താഴേക്കിടയിലുള്ള ജനങ്ങൾക്ക് അവരുടെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനും അവരുടെ ഗുണഭോക്തൃ വിഹിതം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാധാരണഗതിയിൽ ബഹുമാനപ്പെട്ട മെമ്പർ പി. കെ. ബഷീർ സംസാരിക്കുന്നതു പോലെ ഇത്തവണ ശരിയായില്ല. തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച

വിഷയങ്ങൾ പലതവണ അദ്ദേഹം ഉന്നയിച്ചിട്ടുള്ളതാണ്. ഇത്തവണ അത് പാളിപ്പോയി. ധാരാളം പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ്രശ്നങ്ങളില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. അത് ഉള്ളപ്പോൾ തന്നെയാണ് ഇന്ത്യയിലെ ഏറ്റവും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ നമ്മുടേതാണെന്ന് എല്ലാവരും അംഗീകരിച്ചിട്ടുള്ളത്. ഏറ്റവും അവസാനം, ഫിനാൻസ് കമ്മീഷൻ നമ്മളെക്കുറിച്ച് പല വിമർശനങ്ങൾ പറഞ്ഞപ്പോഴും അവർ ഏറ്റവും പുകഴ്ത്തിയത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെപ്പറ്റിയാണ്. പ്രശ്നങ്ങളൊക്കെ പരിഹരിച്ച് മുന്നോട്ടുപോകാം. അടിയന്തരപ്രമേയത്തിൽ പറയുന്നത്, ഇവിടെ പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനമാണെന്നാണ്. ഇവിടെ ഒരു സ്തംഭനവുമില്ല. ജൂലൈ മാസം വരെയുള്ള പണം അനുവദിച്ചു. ആ പണത്തിൽനിന്ന് ചെലവഴിക്കുന്നതിന് ഒരു തടസ്സവുമില്ല. പെൻഡിംഗ് ബില്ലുകൾ കൊടുത്തതിന്റെ കൃത്യമായ കണക്ക് ഞാൻ പറഞ്ഞു. അതുപോലെ സ്പിൽഓവർ അടക്കം എടുത്ത് ചെയ്യാം. എന്താണ് പഞ്ചായത്ത് ദിനാഘോഷം എന്ന് ചോദിച്ചു; ഏപ്രിൽ മാസത്തിൽ നിശാഗാന്ധിയിൽ വച്ച് എല്ലാ പഞ്ചായത്ത് അധികൃതരെയും വിളിച്ച് പദ്ധതി പൂർത്തീകരിച്ചതിന്റെ കാര്യങ്ങൾ സംബന്ധിച്ച് ഒരു വലിയ സംഗമമുണ്ടായിരുന്നു. അവിടെ വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഒരാഴ്ചയ്ക്കുള്ളിൽ പുതിയ ഉത്തരവിറങ്ങിയത്. ബിൽ ബുക്കുമായി വരേണ്ട കാര്യമില്ലെന്നും സുലേഖ സോഫ്റ്റ്‌വെയറിൽ സെൻട്രലൈസ്ഡായി മാറ്റംവരുത്തി പെൻഡിംഗ് ബില്ലുകൾ മുഴുവൻ നൽകിയാൽ മതിയെന്നും പറഞ്ഞു. അങ്ങനെ മുഴുവൻ ബില്ലുകൾക്കും പണം മാറിക്കൊടുത്തു. സ്പിൽഓവർ പ്രോജക്ടുകളാണെങ്കിൽ, 2017-18-ൽ അവസാനിക്കുമ്പോൾ എഗ്രിമെന്റ് വയ്ക്കാത്തതോ തുടങ്ങാത്തതോ ആയ പ്രോജക്ടുകൾ ഉൾപ്പെടുത്താൻ സാധിക്കില്ലെന്ന ഒരു നിബന്ധനയുണ്ട്.

10.00 AM]

അതിന് കാരണമെന്താണ്? 94 ശതമാനമല്ല, 85 ശതമാനം ശരാശരി ചെലവായിരിക്കുമ്പോൾ എങ്ങനെയാണ് ഇത്രയും വലിയ തുകയ്ക്കുള്ള സ്പിൽഓവർ വരുന്നത്? ശ്രീ. പി. കെ. ബഷീർ, ജനകീയാസൂത്രണത്തെക്കാളും പെനാൽറ്റി ഉണ്ടായിരുന്നു; മുഴുവനും വയ്ക്കുന്നില്ല. 80 ശതമാനത്തിൽ താഴെപ്പോയാൽ പോയി, അങ്ങനെയല്ല. വിടവ് എത്രയാണോ അത് നികത്തിത്തരും എന്നുപറഞ്ഞ് ഉത്തരവിറക്കിയിട്ടുണ്ട്. സ്പിൽഓവർ പ്രോജക്ടുകൾ ഉപയോഗിക്കണം, അതിനെക്കാൾ കൂടുതൽ സ്പിൽഓവർ പ്രോജക്ടുകളുണ്ട്. എന്നാൽ അനുവദിച്ച തുകയെക്കാൾ കൂടുതൽ പ്രോജക്ടുകൾ ഏത് രീതിയിലാണോ എടുത്തുകൊണ്ടിരിക്കുന്നത് അത് വർഷങ്ങളായി കൂടിക്കൂടി എത്തുംപിടിയുമില്ലാത്ത anarchy ആയി മാറും. അതുകൊണ്ട് എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും പദ്ധതി

തുടങ്ങിക്കഴിഞ്ഞാലും ഉൾപ്പെടുത്താം, വേറൊരു നിബന്ധനയുമില്ല. പൂർണ്ണ പദ്ധതി സമർപ്പിക്കണമെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി പറഞ്ഞത് എന്തുകൊണ്ടാണ്? സ്പിൽഓവറിൽ എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ ആ ഭേദഗതി ഉൾപ്പെടെ സമർപ്പിക്കണമെന്നാണ് അതിനർത്ഥം. അതിലൊരു തടസ്സവും കാണുന്നില്ല. എന്തിനുവേണ്ടിയാണ് അങ്ങ് ഈ പ്രശ്നം ഉന്നയിച്ചതെന്ന് മനസ്സിലാകുന്നില്ല. അങ്ങ് പറഞ്ഞത് മുഖവിലയ്ക്കെടുത്തുകൊണ്ട് ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തോ എന്ന് പരിശോധിക്കുന്നതിന് ഒരുപാട് സമയം ചെലവഴിക്കേണ്ടിവന്നു. ഇവിടെ സഭയിൽ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിനുള്ള മറുപടിയിൽ എല്ലാം ഞാൻ വിശദീകരിക്കുകയും ചെയ്തതാണ്. എങ്ങനെയാണ് ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പാക്കിയത്? ഓരോ പഞ്ചായത്തും അവിടത്തെ സഹകരണ സ്ഥാപനത്തിൽനിന്നോ ബാങ്കുകളിൽ നിന്നോ വായ്പ എടുത്ത് കരാർ ഒപ്പുവച്ചു. ഇങ്ങനെ ആയിരം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കൂടി വായ്പ എടുക്കാൻ പോയപ്പോൾ എത്ര സമയമെടുത്തു? ഇ.എം.എസ്. പാർപ്പിട പദ്ധതി ആ വർഷം ആരംഭിക്കാൻ കഴിഞ്ഞില്ല, കാരണം കരാറുണ്ടാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഓരോ തദ്ദേശഭരണ സ്ഥാപനവും ബാങ്കുമായി കരാർ ഒപ്പിടേണ്ടതില്ല, പകരം എത്രയാണ് ഡിമാന്റെന്നറിഞ്ഞാൽ മൊത്തത്തിൽ വായ്പയെടുത്ത് രണ്ടും മൂന്നും ഗഡുവായി സംസ്ഥാന സർക്കാർ നൽകും എന്ന തീരുമാനമെടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനം എത്ര വിഹിതം വയ്ക്കണം, കേന്ദ്രാവിഷ്കൃത പദ്ധതികൂടി സംയോജിപ്പിച്ചതാണെങ്കിൽ അതിൽനിന്ന് എത്ര കിട്ടും എന്നു നോക്കി, ബാക്കിവരുന്നത് സംസ്ഥാന സർക്കാർ വായ്പയായി നൽകും. അത് എത്ര വേണമെന്ന് അറിയിച്ചാൽ മതി. ഇപ്പോൾ ഹഡ്കോയിൽ നിന്ന് 4500 കോടി രൂപ വായ്പ അനുവദിച്ചുകൊണ്ടുള്ള കത്ത് വന്നിട്ടുണ്ട്. അതുകൊണ്ട് നാളെ ഇത് സ്തംഭനത്തിലെത്തുമെന്ന് ആരും വിചാരിക്കേണ്ടതില്ല.

ശ്രീ. പി. കെ. ബഷീർ: സർ, ഇ.എം.എസ്. ഭവന പദ്ധതി കൊണ്ടുവന്നതും 27 ഉത്തരവിറക്കി അത് നാശമാക്കിയതും നിങ്ങളുടെ കാലഘട്ടത്തിലാണ്. അതുപോലെ, ലൈഫ് ഭവന പദ്ധതിക്കും പഞ്ചായത്തുകളുടെ പദ്ധതിക്കും 25 മാസം എടുത്തതും നിങ്ങളുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. എല്ലാ അധികാരങ്ങളും വിവരങ്ങളും ഉണ്ടായിട്ടും എന്തുകൊണ്ട് 25 മാസമെടുത്തു? ഈ ഗവൺമെന്റിന്റെ 2-ാം വാർഷികം കഴിഞ്ഞാണ് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. ലൈഫ് ഭവന പദ്ധതിയിലൂടെ 4 ലക്ഷം രൂപ നൽകുന്നത് സ്വാഗതം ചെയ്യുന്നു. പഞ്ചായത്ത് 2 ലക്ഷം രൂപ നൽകിയാൽ ബാക്കി 2 ലക്ഷം രൂപ സർവ്വീസ് സഹകരണ ബാങ്കുകൾ നൽകുമോ? നേരിട്ട് അവർക്ക് കൊടുത്ത് അതിന്റെ പലിശ ഗവൺമെന്റ് നൽകുകയാണെങ്കിൽ

ബാക്കിവരുന്ന പദ്ധതി വിഹിതത്തിൽനിന്ന് അവർക്ക് പണം നൽകാനുള്ള ഒരു സംവിധാനമുണ്ടാക്കിയാൽ പോരേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 25 മാസത്തെക്കുറിച്ച് പറഞ്ഞു, 60 മാസംകൊണ്ട് നിങ്ങളെന്താണ് ചെയ്തത്? എത്ര വീട് നിർമ്മിച്ച് കൊടുത്തു? നിങ്ങൾ വന്നപ്പോൾത്തന്നെ 2.50 ലക്ഷം രൂപയാക്കി തുക വർദ്ധിപ്പിച്ചു. 2.50 ലക്ഷം രൂപയ്ക്കുശേഷമുള്ള അധിക തുക നൽകുമെന്ന് പറഞ്ഞു. നൽകാത്തതിന്റെ ഫലമായി മൂന്ന് വർഷക്കാലം ഇവിടെ ഞങ്ങൾ ബഹളം വച്ചില്ലേ? ആ അനുഭവം ഉണ്ടാകരുതെന്ന് കരുതിയാണ് ഇ.എം.എസ്. പാർപ്പിട പദ്ധതിയിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ധനകാര്യ സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ഒഴിവാക്കി, സർക്കാരിന്റെ ഒരു സ്ഥാപനം വായ്പയെടുത്ത് പദ്ധതി ആരംഭിച്ചാൽ ഗഡു എത്ര വേണോ, കരാർ ഒപ്പിട്ടിട്ടുണ്ടെങ്കിൽ അവർക്ക് ട്രാൻസ്ഫർ ചെയ്തുകൊടുക്കാൻ തീരുമാനിച്ചത്. തയ്യാറെടുപ്പിന് കുറച്ച് സമയം വേണ്ടിവന്നു. പക്ഷേ തയ്യാറെടുപ്പ് കഴിഞ്ഞാൽ പിന്നെ പണത്തിന് സ്തംഭനമില്ല. വരാൻ പോകുന്ന സ്തംഭനത്തെക്കുറിച്ചല്ലേ അങ്ങ് ഭയപ്പെടുന്നത്? ഒരു വർഷത്തിനുള്ളിൽ ഒരു സ്തംഭനവും ഉണ്ടാകില്ല. ആദ്യ ഗഡു നൽകിയതിൽ സ്തംഭനമില്ലല്ലോ? അക്കാര്യത്തിൽ ഒരു പ്രയാസവും സഭാംഗങ്ങൾക്ക് വേണ്ട, ശ്രീ. പി. കെ. ബഷീറിനും വേണ്ട. കാര്യങ്ങൾ വളരെ സുഗമമായി തന്നെ നടക്കും. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'Operation success, patient died', കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ ഒരു യഥാർത്ഥ ചിത്രമാണ് ഞാൻ പറഞ്ഞത്. 14-ാം ധനകാര്യ കമ്മീഷൻ പ്രതിനിധികൾ സംസ്ഥാനത്ത് വന്നപ്പോൾ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് ഈ ഗവൺമെന്റിനുമാത്രം അവകാശപ്പെട്ട ഒന്നല്ല. It is a continuous process. അധികാര വികേന്ദ്രീകരണം ഉണ്ടായതുമുതൽ കേരളം ഭരിച്ച വിവിധ ഗവൺമെന്റുകൾക്ക് അവകാശപ്പെടാൻ കഴിയുന്ന ഒരു നേട്ടമാണ് എന്നുള്ളത് ഞാൻ ആദ്യമായി മന്ത്രിയെ ഓർമ്മിപ്പിക്കാൻ

ആഗ്രഹിക്കുകയാണ്. ഇന്ന് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് കിട്ടിയിട്ടുള്ള അധികാരം ഫലപ്രദമായി സംസ്ഥാനത്ത് വിനിയോഗിക്കാൻ കഴിയുന്നുണ്ടോ എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം. ബഹുമാന്യനായ ശ്രീ. പി. കെ. ബഷീർ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ ഒരു കാര്യവുമില്ലെന്ന് പറഞ്ഞ് മന്ത്രി അതിനെ പൂർണ്ണമായും നിസ്സാരവൽക്കരിക്കുന്നത് ശരിയല്ല, കാരണങ്ങൾ കണ്ടെത്തണം. കഴിഞ്ഞവർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ റെക്കോർഡ് വിജയം നേടിയെന്നാണ് അദ്ദേഹം പറഞ്ഞത്. സർവ്വശ്രീ ജെയിംസ് മാത്യു, എം. നൗഷാദ്, ബി. സത്യൻ, പുരുഷൻ കടലുണ്ടി എന്നിവരുടെ ചോദ്യത്തിന് 8-6-2018-ൽ മന്ത്രി നൽകിയ മറുപടിയിൽ പറയുന്നത് 2017-18-ലെ പദ്ധതി നിർവ്വഹണം 85.44 ശതമാനമെന്നാണ്. ട്രഷറിയിലെ പെൻഡിംഗ് ബിൽ ഉൾപ്പെടെ 90.09 ശതമാനമാണ്. പഞ്ചായത്തുകളിൽ 90.09 ശതമാനം പദ്ധതി നിർവ്വഹണം നടത്തിയെന്ന് പറയുന്നത് പെൻഡിംഗ് ബില്ലുകൾകൂടി ഉൾപ്പെട്ടിട്ടാണ്. അതെങ്ങനെയാണ് നേട്ടമായി ഉദ്ധരിക്കാൻ കഴിയുന്നത്? എനിക്ക് മനസ്സിലാകാത്ത കാര്യമാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയായ പ്രോജക്ടുകൾപോലും തകിടം മറിഞ്ഞിരിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. സ്പിൽ ഓവർ പദ്ധതികൾ ഒരിക്കൽ ഡി.പി.സി.-യുടെ അംഗീകാരം വാങ്ങിയ പദ്ധതികളാണ്. അവ വീണ്ടും ഡി.പി.സി.-ക്ക് പോകണമെന്ന് പറയുന്നത് അനാവശ്യമായ കാലതാമസമാണല്ലോ വരുത്തുന്നത്. സ്പിൽഓവർ എന്നുപറയുന്നത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയാണ്. പഞ്ചായത്തുകൾ, ഒരു വർഷത്തിനുള്ളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കാൻ കഴിയാതെ വരുന്ന പദ്ധതികളുടെ പണം നഷ്ടപ്പെട്ടുപോകാതിരിക്കാൻ വേണ്ടിയാണ് അവയെ സ്പിൽ ഓവറാക്കാനുള്ള തീരുമാനമെടുത്തത്. ഇവിടെ എന്താണ് ചെയ്യുന്നത്; ഡി.പി.സി. വീണ്ടും കൂടണമെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? 2-5-2018-ലെ തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലറിൽ പറയുന്നത്, 2018-19-ലെ 'ബഡ്ജറ്റ് വിഹിതം' ഉപയോഗിച്ച് ഇവയുടെ പേമെന്റ് നൽകേണ്ടതാണ് എന്നാണ്. അപ്പോൾ സ്പിൽഓവർ വർക്കുകൾക്കുള്ള തുക 2018-19 ബഡ്ജറ്റിൽനിന്ന് എടുക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇത് നമ്മൾ ഗൗരവമായി കാണേണ്ട കാര്യമല്ലേ? അതുപോലെ ഡി.പി.സി.-യുടെ അനുവാദം വീണ്ടും വാങ്ങണമെന്നുള്ളത് പഞ്ചായത്തുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന ശ്രീ. പി. കെ. ബഷീറിന്റെ അഭിപ്രായം ഗൗരവപൂർവ്വമായി ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. ഗവൺമെന്റ് മറ്റൊരു

കൗശലംകൂടി ഇതിനകത്ത് പ്രയോഗിച്ചിട്ടുണ്ട്. ജനുവരി-ഫെബ്രുവരി മാസങ്ങളിൽ സർക്കാർ ട്രഷറികളിൽ നിയന്ത്രണമേർപ്പെടുത്തിയതു കാരണം ബില്ലുകളൊന്നും മാറിയില്ല. പണം ലഭിക്കാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയുണ്ടായി. അതാണ് പല പദ്ധതികളും സ്പിൽ ഓവർ ആകാനുള്ള പ്രധാനപ്പെട്ട കാരണം. അങ്ങനെ സർക്കാർതന്നെ സ്പിൽ ഓവറാക്കി ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കഴുത്ത് ഞെരിക്കുന്ന ഈ നടപടിക്കെതിരായുള്ള പ്രതിഷേധമാണ് ശ്രീ. പി. കെ. ബഷീർ ഇവിടെ ഉന്നയിച്ചത്. സ്പിൽഓവർ പദ്ധതികൾ ഇതുവരെ മുൻ വർഷത്തെ ഫണ്ടുപയോഗിച്ചാണ് നടപ്പാക്കിയതെങ്കിൽ ഇത്തവണ അത് തനത് വർഷത്തെ ഫണ്ടിൽനിന്നെടുത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി പുനഃക്രമീകരിക്കണ മെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതും പഞ്ചായത്തുകൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കി യിട്ടുണ്ടെന്നാണ് പഞ്ചായത്ത് മെമ്പർമാരും ബന്ധപ്പെട്ട ആളുകളും പറയുന്നത്. സ്പിൽഓവർ വിഹിതം തനത് ഫണ്ടിൽനിന്ന് എടുക്കുന്നതോടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷത്തെ പുതിയ പദ്ധതികൾ കണ്ടെത്താനും ഏറ്റെടുക്കാനും കഴിയാത്ത അവസ്ഥയുണ്ടാകും. അതാണ് ശ്രീ. പി. കെ. ബഷീർ ഇവിടെ ചൂണ്ടിക്കാണിച്ചത്. സ്പിൽഓവർ പദ്ധതിയിലുൾപ്പെടുത്തി വാർഷിക പദ്ധതികൾ പുനഃക്രമീകരിക്കുന്ന പ്രക്രിയ മേയ് 31-നുമുമ്പ് പൂർത്തിയാക്കാനാണ് നിർദ്ദേശം. എന്നാൽ ഇപ്പോൾ ജൂൺ പകുതി കഴിഞ്ഞു. ഡി.പി.സി. പലയിടത്തും കൂടിയിട്ടില്ല. അതുകൊണ്ട് ഇതിന് അംഗീകാരം നൽകാൻ കഴിയുന്നില്ല. പദ്ധതികൾ വൈകുകയാണ്. കഴിഞ്ഞ വർഷം 90 ശതമാനം ചെലവഴിച്ചുവെന്നുള്ള സർക്കാരിന്റെ വാദം തെറ്റാണെന്ന് ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലുണ്ടായിരിക്കുന്ന ഗുരുതരമായ വീഴ്ചയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ പുതിയ റിപ്പോർട്ട് ഈ സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിലെ പിടിപ്പുകേടിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. 2016-17-ൽ ബഡ്ജറ്റ് വിഹിതം എങ്ങനെ പാഴാക്കിയെന്ന് സി.&എ.ജി. വ്യക്തമായി പറയുന്നുണ്ട്. ഗ്രാമീണ വികസനത്തിന് 2856.82 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവാക്കിയത് 607.88 കോടി രൂപ മാത്രമാണ്; 79 ശതമാനവും ചെലവാക്കിയില്ല. ഗ്രാമീണമേഖലയിൽ എന്ത് വികസനമാണ് ഈ സർക്കാർ കൊണ്ടുവന്നത്? വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ വിഭാഗത്തിൽ 544.46 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവാക്കിയത് 204.91 കോടി രൂപ; പാഴാക്കിയത് 62 ശതമാനം. പൊതുമരാമത്ത് വകുപ്പിൽ 1158.18 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവാക്കിയത് 671.43 കോടി രൂപ; 58 ശതമാനം പാഴാക്കി. ബഹുമാനപ്പെട്ട മന്ത്രിമാർ ഇത് തെറ്റാണെന്ന് സഭയിൽ പറഞ്ഞു.

എങ്കിൽ സി.&എ.ജി. ചോദിച്ചപ്പോൾ ആ പാരഗ്രാഫിന് മറുപടി പറയാൻ നിങ്ങൾക്ക് ഉത്തരവാദിത്വമില്ലായിരുന്നോ? നിങ്ങളെന്താ മറുപടി പറയാത്തത്? അതുകൊണ്ടല്ലേ അവരുടെ കണക്കുകൾ ഇവിടെ പറയുന്നത്. സി.&എ.ജി.-ക്ക് മറുപടി കൊടുക്കുന്ന സമയത്ത് നിങ്ങൾ പറയണമായിരുന്നു. നിയമസഭയിലല്ല നിങ്ങൾ മറുപടി പറയേണ്ടത്.

ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കൃഷ്ണൻകുട്ടിയെ എല്ലാപേരും ആക്ഷേപിക്കുന്നത് കണ്ടു. നേരത്തെ അദ്ദേഹം ചോദിച്ചത് വളരെ ഗൗരവമായ കാര്യമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ഇവിടെ ഇറിഗേഷൻ പ്രോജക്ടിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും കാര്യം പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് 2016-17-ൽ 2247.73 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവാക്കിയത് 227.77 കോടി രൂപ മാത്രമാണ്. ഇതാണോ ദാരിദ്ര്യ നിർമ്മാർജ്ജനം? ഈ നാട്ടിലെ തൊഴിലുറപ്പ് തൊഴിലാളികളോട് ഈ സർക്കാർ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമല്ലേ ഇത്? ഇത്രയും വലിയ തുക ചെലവഴിക്കാതിരുന്നതിന്റെ ഉത്തരവാദിത്വം സർക്കാരിനല്ലേ? പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയിൽ 75 കോടി രൂപ വകയിരുത്തിയപ്പോൾ ചെലവാക്കിയത് 28.61 കോടി രൂപമാത്രം.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അത് ഞാൻ പറഞ്ഞല്ലോ. ഇത് സംസ്ഥാന സർക്കാർ വഴി കൊടുക്കുന്ന തുകയായതുകൊണ്ട് ബഡ്ജറ്റിൽ വകയിരുത്തി. അതിനുപകരം കേന്ദ്ര സർക്കാർ ഈ വർഷംമുതൽ നേരിട്ട് ജില്ലകളിലേയ്ക്ക് പണം നൽകി. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന തുക വരാത്തതുകൊണ്ടാണ് ചെലവാകാത്തത്. അല്ലാതെ തൊഴിലുറപ്പിന്റെ പണം കുറഞ്ഞിട്ടൊന്നുമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പണം കുറഞ്ഞെന്ന് ഞാൻ പറഞ്ഞില്ല, നിങ്ങൾ ചെലവഴിച്ചില്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ കെ. കൃഷ്ണൻകുട്ടിയെ എന്തിനാണ് നിങ്ങൾ പരിഹസിച്ചത്? ഓരോ സംസ്ഥാന ഗവൺമെന്റും പ്രോജക്ടുകൾ കൊടുത്ത് അംഗീകാരം നേടിയാണ് പണം ചെലവഴിക്കുന്നത്. അദ്ദേഹം ആ പദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞപ്പോൾ അദ്ദേഹത്തെ പരിഹസിക്കുകയാണ് ചെയ്തത്. കേരള വാട്ടർ സപ്ലൈ സ്കീം പ്രോജക്ടിന് 150 കോടി രൂപ വകയിരുത്തി, ഒന്നും ചെലവാക്കിയില്ല. എനിക്ക് തോന്നുന്നത് ഒന്നുകിൽ ഈ പണം ധനകാര്യ വകുപ്പുമന്ത്രി തരാത്തതായിരിക്കും, അല്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് പൈസ ഇല്ലാതെ വരുന്നതും ബഡ്ജറ്റിൽ

ചെലവഴിച്ചില്ലെന്നും പറയുന്നത് അങ്ങ് കൊടുക്കാത്തതുകൊണ്ടായിരിക്കും. Ways and means അഡ്ജസ്റ്റ് ചെയ്യാൻ വേണ്ടി അങ്ങ് പണം കൊടുക്കുന്നില്ല. ഈയൊരു കൗശലമാണ് അങ്ങ് പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഈ പാവപ്പെട്ട മന്ത്രിമാർക്ക് പഴികേൾക്കേണ്ടി വരുന്നത്. ഇവിടെ കുടിവെള്ള പദ്ധതിക്കുവേണ്ടി 11 കോടി രൂപയും അരുവിക്കര പമ്പ് സ്റ്റേഷന്റെ ആധുനികവൽക്കരണത്തിനുവേണ്ടി 10 കോടി രൂപയും വകയിരുത്തി. ഒരു രൂപപോലും ചെലവാക്കിയില്ല. അപ്പോൾ ഇവിടെ ആരാണ് കുറ്റക്കാർ? ഒന്നുകിൽ ധനകാര്യ വകുപ്പുമന്ത്രി പണം കൊടുക്കുന്നില്ല, അല്ലെങ്കിൽ ശ്രീ. മാത്യു ടി. തോമസ് ഈ പണം ചെലവഴിക്കുന്നില്ല. ഇതാണോ ഗ്രാമവികസനം? ബഹുമാനപ്പെട്ട മന്ത്രി ചോദ്യോത്തരവേളയിൽ റവന്യൂ കമ്മി കുറയുമെന്ന് ആവർത്തിച്ച് പറഞ്ഞു. പക്ഷേ റവന്യൂ കമ്മി കുതിച്ചുയരുകയാണ് ചെയ്യുന്നത്. ഇടതുപക്ഷ സർക്കാരിന്റെ ആദ്യവർഷം റവന്യൂ കമ്മി 1.73 ആയിരുന്നുവെങ്കിൽ ഇപ്പോൾ 2.51 ആയി കുതിച്ചുയർന്നു. ധനകമ്മിയുടെ 3.19-ൽ നിന്ന് 4.29 ആയി കുതിച്ചുയർന്നു. എന്ത് ഫിനാൻഷ്യൽ മാനേജ്മെന്റാണിത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനകാര്യ അച്ചടക്കത്തെക്കുറിച്ച് പറഞ്ഞു, എന്ത് അച്ചടക്കമാണിത്? എല്ലാ ക്യാബിനറ്റ് യോഗങ്ങളിലും നൂറ് കണക്കിന് പോസ്റ്റുകൾ നിങ്ങൾ ക്രിയേറ്റ് ചെയ്യുന്നു. ഇതാണോ ധനകാര്യ മാനേജ്മെന്റ്; ധനകാര്യ വകുപ്പുമന്ത്രി ഇതാണോ ചെയ്യേണ്ടത്? ബെറ്റർ ഫിനാൻഷ്യൽ മാനേജ്മെന്റിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. അപ്പോൾ ധനകാര്യ വകുപ്പുമന്ത്രി തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ല. അതുകൊണ്ടാണ് ഈ സാമ്പത്തിക പ്രതിസന്ധി ഇന്ന് കേരളത്തിലുണ്ടായിരിക്കുന്നത്. ഇനി ഒരു തസ്തികയും ഇവിടെ ക്രിയേറ്റ് ചെയ്യില്ല, പുതുതായി ഒരു തസ്തികയും ഉണ്ടാക്കരുത് എന്ന് അങ്ങുതന്നെ ഇവിടെ പറഞ്ഞു. ഞങ്ങൾക്ക് പല തസ്തികകളും ഉണ്ടാക്കണമെന്ന് ആഗ്രഹമുണ്ടാകും, ആവശ്യപ്പെടുകയും ചെയ്യും. ഇനിയൊരു പുതിയ തസ്തികയും ഇവിടെ സൃഷ്ടിക്കില്ലായെന്ന് അങ്ങുതന്നെ പറഞ്ഞിട്ട് എന്താണ് നടക്കുന്നത്? നിത്യനിദാന ചെലവുകൾക്കുപോലും സർക്കാർ ഇന്ന് കടമെടുക്കേണ്ട അവസ്ഥയിലാണ്. കടത്തിന്റെ തോത് കുതിച്ചുയരുകയാണ്. യു.ഡി.എഫ്.-ന്റെ സമയത്ത് 26.42 ശതമാനമായിരുന്ന കടത്തിന്റെ തോത് 30.22 ശതമാനമായി വർദ്ധിച്ചിരിക്കുന്നു.

കേരളത്തിൽ ഇന്ന് ഗ്രാമവികസന രംഗത്ത് ഈ ഗവൺമെന്റ് ഒരു പൂർണ്ണ പരാജയമാണ്. വാചകമടിയല്ലാതെ യാതൊന്നും നടക്കുന്നില്ലായെന്നുള്ളതാണ് വസ്തുത. പഞ്ചായത്തുകളിൽ അരക്ഷിതാവസ്ഥയാണ്, അവിടെ ഉദ്യോഗസ്ഥരില്ല.

എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ 28 തവണയാണ് പഞ്ചായത്ത് സെക്രട്ടറിയെ മാറ്റിയത്. ഇത് തെറ്റായ കാര്യമാണെന്ന് ഞാൻ പഞ്ചായത്ത് ഡയറക്ടറെ വിളിച്ചുപറഞ്ഞു. 28 തവണ ഒരു പഞ്ചായത്തിലെ സെക്രട്ടറിയെ മാറ്റിയാൽ ആ പഞ്ചായത്തിൽ എന്ത് വികസനമാണ് നടക്കുന്നത്? ഇഷ്ടമില്ലാത്ത ആളുകളെ മുഴുവൻ ഒരു മര്യാദയുമില്ലാതെ തെക്കും വടക്കും മാറ്റുകയാണ്. ഇതാണോ പഞ്ചായത്തിന്റെ ഭരണം? കുത്തഴിഞ്ഞുകിടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നന്നാക്കാൻപോലും തയ്യാറാകാത്ത സർക്കാരിന്റെ മുമ്പിലാണ് ഈ പ്രമേയം അവതരിപ്പിച്ചത്. ഇത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഡോ. എം. കെ. മുനീർ: സർ, ഒരു കുട്ടി നൂറ് മാർക്കിന് പരീക്ഷ എഴുതിയാൽ ആ കുട്ടിക്ക് 125 മാർക്ക് കിട്ടുമോ? ഇവിടെ സംഭവിച്ചിരിക്കുന്ന 90 ശതമാനം പദ്ധതി പുരോഗതി നേട്ടത്തിന് പിന്നിലെ കളിയെന്താണെന്ന് പറയാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. 180 ഗ്രാമപഞ്ചായത്തുകളിൽ നൂറ് ശതമാനത്തിലധികമാണ്. ഉദാഹരണത്തിന് മുട്ടാർ പഞ്ചായത്തിൽ 252.54 ശതമാനവും എടക്കര പഞ്ചായത്തിൽ 100.33 ശതമാനവുമാണ്. അങ്ങനെ കണക്കാക്കുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ 12 ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ 7 മുനിസിപ്പാലിറ്റി, കൊല്ലം കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തിൽ 180 ഗ്രാമപഞ്ചായത്തുകൾ. ഇത്രയും പഞ്ചായത്തുകൾക്കും ത്രിതല പഞ്ചായത്തുകൾക്കും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നൂറ് ശതമാനത്തിലധികം എങ്ങനെയാണ് വരുന്നത്; അത് എന്ത് ധനകാര്യമാണ്? ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം ഒരു രൂപപോലും അധികം ചെലവഴിക്കാൻ ട്രഷറിയിൽനിന്നും പിൻവലിക്കാനാവില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എല്ലാം ഇങ്ങനെയാണെന്ന് പറയുന്നില്ല. പക്ഷെ മാർച്ച് മാസത്തിൽ നൂറ് ശതമാനം പണം ചെലവഴിച്ചവർക്ക് കഴിഞ്ഞ വർഷത്തെ ബാക്കി എത്രയാണ് സ്പിൽഓവർ ഉണ്ടായിരുന്നത് അത് അഡീഷണൽ ഗ്രാന്റായി നൽകിയിട്ടുണ്ട്.

<u>ഡോ. എം. കെ. മുനീർ</u>: സർ, ജനങ്ങളെ വഞ്ചിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. ഉദാഹരണത്തിന് നൂറ് രൂപ ബഡ്ജറ്റ് പദ്ധതി വിഹിതമുണ്ട്, കഴിഞ്ഞ വർഷം അമ്പത് രൂപ വേൾഡ് ബാങ്കിൽനിന്നുള്ളത് ബാക്കിയുണ്ട്, അതെടുത്ത് ഇങ്ങോട്ടേയ്ക്ക് കൊണ്ടുവന്നാൽ നൂറ് രൂപയാണോ ചെലവഴിച്ചത്, നൂറ്റിയമ്പതല്ലേ ചെലവഴിച്ചത്? അപ്പോൾ ചെലവഴിക്കുന്ന കൂട്ടത്തിൽ ഇതുംകൂടി ചെലവഴിച്ചതായി കാണിക്കുന്നു. എന്നാൽ വരവിൽ അമ്പത് കാണിക്കുകയും ചെയ്യുന്നില്ലെന്നു പറയുന്ന ധനകാര്യ മാനേജ്മെന്റ് ഇത് കൂട്ടിക്കാണിക്കുന്നതിന് വേണ്ടിയല്ലേ? ഈ 50 ഇതിന്റെ കൂടെ കൂട്ടുകയാണെങ്കിൽ ചെലവഴിക്കുമ്പോൾ 150-ഉം കൂട്ടിയിട്ടല്ലേ വരവ് കാണിക്കേണ്ടത്? വരവ് കാണിക്കുന്നതിന് അനുസരിച്ചല്ലേ ചെലവ് കാണിക്കേണ്ടത്? വരവിൽ 50 കാണിക്കാതിരിക്കുകയും ചെലവിൽ 50 കൂട്ടിക്കാണിക്കുകയും ചെയ്യുമ്പോൾ തീർച്ചയായും 100-ൽ 125 മാർക്ക് കിട്ടും. അങ്ങനെ കൂട്ടിയിട്ടാണ് ചെയ്യുന്നതെങ്കിൽ എല്ലാ പഞ്ചായത്തുകളിലും 70 ശതമാനത്തിൽ കൂടുതൽ അല്ലെങ്കിൽ 60 ശതമാനത്തിൽ കൂടുതൽ ഇല്ല, 67% ആവറേജായിരിക്കുമെന്നുള്ള കണക്ക് നമുക്ക് കൃത്യമായി കിട്ടും. ഈ രണ്ട് കണക്കും ഇവിടെയുണ്ട്. ഇത് കൂട്ടിയിട്ടുള്ള കണക്കും കൂട്ടാത്ത കണക്കും വെബ്സൈറ്റിൽ കാണാം. അതുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഞങ്ങൾ 90% ചെലവഴിച്ചു എന്ന് പറഞ്ഞ് ആശ്വാസംകൊള്ളുന്നതിൽ ഞങ്ങൾക്ക് പ്രയാസമൊന്നുമില്ല. കഴിഞ്ഞവർഷം അവസാനം എന്താണ് സംഭവിച്ചത്? നമ്മുടെ വേയ്സ് ആന്റ് മീൻസ് അഡ്ജസ്റ്റ് ചെയ്യുന്നതിനുവേണ്ടി ജനറൽ പർപ്പസ് ഫണ്ട്, ഓൺ ഫണ്ട് എന്നിവ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും എടുത്തുകളഞ്ഞില്ലേ? അത് ഇപ്പോൾ തിരിച്ചുകൊടുക്കാൻ തുടങ്ങിയെന്നും അങ്ങ് കുറേ പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചുവെന്നും പറഞ്ഞു, ഞാനും പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചു. അവർ വല്ലാത്തൊരു പ്രതിസന്ധിയിലെന്നാണ് പറഞ്ഞത്. ലൈഫ് പദ്ധതിയിൽ 20% മാറ്റിവച്ചില്ലെങ്കിൽ സോഫ്റ്റ്വെയർ ഒരിക്കലും വർക്ക് ചെയ്യാൻ സാധിക്കില്ല. മലപ്പുറം ജില്ലാ പഞ്ചായത്തുതന്നെ 13 കോടി രൂപയാണ് ലൈഫ് പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കേണ്ടി വന്നത്. കഴിഞ്ഞ വർഷം ലൈഫ് പദ്ധതിക്കുവേണ്ടി എന്താണ് ചെയ്തത്? അവസാനം അങ്ങ് ഇറക്കിയ ഉത്തരവിൽ പറഞ്ഞത്, പ്രൊഡക്ടീവ് സെക്ടറെന്നും നോൺ പ്രൊഡക്ടീവ് സെക്ടറെന്നും നോക്കേണ്ട, ഏത് സെക്ടറിൽ നിന്നാണെങ്കിലും എടുത്ത് ലൈഫ് പദ്ധതിയിലിടണമെന്നാണ്. പാവം അപ്പുറത്ത് ശ്രീ. വി. എസ്. സുനിൽ കുമാർ ഇരിപ്പുണ്ട്, നമ്മൾ കൃഷിയെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ, ആ പ്രൊഡക്ടീവ് സെക്ടറിലെ പണമെടുത്ത് ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റിയിട്ടാണ് കഴിഞ്ഞ പ്രാവശ്യം ചെലവ് കാണിക്കുന്നതിനുള്ള പരിപാടികൾ നടത്തിയത്. ഞങ്ങളുടെ

കാലഘട്ടത്തിൽ വീടുണ്ടാക്കിയില്ല എന്നൊക്കെ പറയുന്നു. നിങ്ങൾ 65000 വീട് ഇപ്പോൾ ചെറിയ തുക കൊടുത്ത് തീർത്തില്ലേ? ഞങ്ങൾ പകുതിയാക്കി വച്ചതുകൊണ്ടാണ് ചെറിയ തുകയ്ക്ക് 65000 വീട് നിങ്ങൾക്ക് തീർക്കാൻ സാധിച്ചത്. അങ്ങനെ പകുതിയാക്കി വച്ചത് നമുക്ക് മാറ്റിവയ്ക്കാം. പൂർണ്ണമായും തീർത്ത വീടുകൾ എത്രയുണ്ടായിരിക്കുമെന്നുള്ളത് അങ്ങ് പരിശോധിക്കണം. ഇ.എം.എസ്. പദ്ധതി അങ്ങയുടെ കാലഘട്ടത്തിൽ ആരംഭിച്ചിട്ട്, യഥാർത്ഥത്തിൽ ഞങ്ങളാണ് ഇ.എം.എസ്-നെ മാനിക്കുകയും അദ്ദേഹത്തിന്റെ പേരിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കാലാവധി നീട്ടിക്കൊടുത്ത് വീടുകൾ പൂർത്തീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്. ഏതായാലും മാനേജ്മെന്റിന്റെ മറ്റുള്ള കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കാരണം, ഇവിടെ വ്യക്തമായിത്തന്നെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. സ്പിൽഓവറിന്റെ കാര്യത്തിൽ, ഇങ്ങനെ വരുന്ന പദ്ധതികൾ എവിടെയാണ് വെറ്റ് ചെയ്യുന്നത്? വെറ്റിംഗ് പോലുമില്ലാതെ എങ്ങനെയാണ് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നത്? 31-ാം തീയതി മുതൽ പദ്ധതികൾ ആരംഭിക്കാനുള്ള എല്ലാ സാഹചര്യവുമൊരുക്കിയെന്ന് പറഞ്ഞിട്ട് എത്ര പഞ്ചായത്തുകളിൽ ഈ സമയമായിട്ടും പദ്ധതികൾ ആരംഭിക്കാൻ സാധിച്ചുവെന്നുള്ളതുകൂടി അങ്ങ് മേശപ്പുറത്ത് വയ്ക്കേണ്ടിയിരുന്നു. അതൊന്നും ചെയ്തിട്ടില്ല. അങ്ങ് നല്ല രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ കഴിയുന്ന ആളാണ്, പക്ഷെ യാഥാർത്ഥ്യം അതല്ല. ഏത് പഞ്ചായത്ത് പ്രസിഡന്റുമാരെയാണ് അങ്ങ് വിളിച്ചതെന്ന് അറിയില്ല, ഞാൻ കുറച്ച് നമ്പർ തരാം, ആ നമ്പറിലുള്ള പഞ്ചായത്ത് പ്രസിഡന്റുമാരെക്കൂടി വിളിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒന്നിനും കൃത്യമായ മറുപടി കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. കെ. എം. മാണി</u>: സർ, പദ്ധതിക്ക് ഡി.പി.സി.-യുടെ അംഗീകാരം വീണ്ടും വേണമെന്ന് പറയുന്നത് വളഞ്ഞവഴിക്കുള്ള ഒരു എക്സ്പെന്റിച്ചർ കൺട്രോളാണ്. ആ കൺട്രോൾ ഏർപ്പെടുത്തിക്കൊണ്ട് എക്സ്പെന്റിച്ചർ ചുരുക്കുന്നു. അത് നല്ലൊരു മാനേജ്മെന്റല്ല. ഏതായാലും ഗവൺമെന്റിന്റെ തെറ്റായ മാനേജ്മെന്റ് നയം നിങ്ങൾ അനുവർത്തിച്ച് മുന്നോട്ട് പോകുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രതിസന്ധിയിൽ തന്നെയാണ്. ആ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പരിശോധിക്കാൻ തയ്യാറാകണമെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഡി.പി.സി.-ക്ക് വീണ്ടും പദ്ധതികൾ കൊടുക്കുന്നത് അനന്തമായ കാലതാമസമുണ്ടാക്കുന്ന സാഹചര്യത്തിലേയ്ക്ക് എത്തിക്കും. സ്പിൽഓവർ വിഹിതം തനത് ഫണ്ടിൽനിന്ന് കണ്ടെത്തണമെന്ന് പറയുന്നത് അപ്രായോഗികം തന്നെയാണ്. ഇത്തരത്തിലുള്ള അപ്രായോഗികമായ സമീപനങ്ങൾ സ്വീകരിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളെ കൂടുതൽ ഞെരുക്കാനുള്ള സാഹചര്യം മാത്രമേ ഒരുക്കുകയുള്ളൂ. ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽത്തന്നെ 2016-17-ൽ 528 കോടി രൂപ വിനിയോഗിച്ചിട്ടില്ലെന്ന് കണ്ടെത്തിയിരിക്കുന്നത് ഈ പ്രതിസന്ധിയോട് ചേർത്ത് വായിക്കേണ്ട ഒന്നുതന്നെയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തികഞ്ഞ അലംഭാവമാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി).

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഭാഗികമായി ഭേദഗതി വരുത്തി തോട്ടംമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുമതി ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പ്രസ്താവന നടത്താൻ അനുവദിക്കുന്നു.

## III ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ രൂപപ്പെട്ടുവന്നതാണ് തോട്ടം മേഖല. പശ്ചിമഘട്ട മലകളിലെയും മലയോര പ്രദേശങ്ങളിലെയും ഭൂപ്രകൃതി ഇത്തരം വിളകൾക്ക് അനുയോജ്യമാണെന്നതിനാൽ ചരിത്രപരമായി ഈ മേഖലയിൽ തോട്ടങ്ങൾ രൂപപ്പെട്ടുവന്നു. റബ്ബർ, തേയില, കാപ്പി, ഏലം തുടങ്ങിയ വിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഇവയുടെ വിള വിസ്തൃതി ഏകദേശം 7.04 ലക്ഷം ഹെക്ടറോളം വരുന്നതുമാണ്.

തോട്ടം വിളകളുടെ സവിശേഷത അവ പൂർണ്ണമായും കമ്പോളത്തെ ലക്ഷ്യംവച്ച് കൃഷി ചെയ്യുന്നതാണ്. ആഗോള മാർക്കറ്റുകളിൽ ഉണ്ടാകുന്ന ചാഞ്ചാട്ടങ്ങൾ ഉൾപ്പെടെ ഈ മേഖലയെ സ്വാധീനിച്ചുവരുന്നവയാണ്.

കേരളത്തിലെ തോട്ടംമേഖല വമ്പിച്ച പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അവിടെ നിലനിന്ന പ്രതിസന്ധി കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചുതുവഴി സാമൂഹ്യ സംഘർഷങ്ങൾ രൂപപ്പെട്ടുവന്നിരുന്നു. കടുത്ത സാമ്പത്തിക സമ്മർദ്ദങ്ങൾ ഭൂവിനിയോഗ മാറ്റങ്ങൾക്കും പാരിസ്ഥിതിക പ്രതിസന്ധി രൂക്ഷമാക്കുന്നതിലേക്കും നയിക്കുന്ന സ്ഥിതിയുമുണ്ടായി. ഈ സാഹചര്യത്തിൽ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

തോട്ടംമേഖലയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ സാമൂഹ്യ സംഘർഷങ്ങളിലേയ്ക്ക് നീങ്ങുന്ന സാഹചര്യം രൂപപ്പെട്ടുവന്നപ്പോൾ ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ അദ്ധ്യക്ഷനായി 2015 നവംബറിൽ മുൻ സർക്കാർ ഒരു കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, പ്രസ്തുത കമ്മീഷൻ 10-8-2016-ൽ സർക്കാരിന് റിപ്പോർട്ട് നൽകി.

കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും നികുതി, ധനകാര്യം, വനം, റവന്യൂ, കൃഷി, തൊഴിൽ, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായി 18-6-2017-ൽ ഒരു കമ്മിറ്റി രൂപീകരിച്ചു. 27-9-2017-ൽ പ്രസ്തുത കമ്മിറ്റി സർക്കാരിന് ശിപാർശ സമർപ്പിച്ചു. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് 20-6-2018-ൽ ചേർന്ന മന്ത്രിസഭായോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. പ്ലാന്റേഷൻ ടാക്സ് വളരെ പഴക്കമുള്ള ഒരു ടാക്സ് ഇനമാണ്. പ്രസ്തുത ടാക്സ് ഇപ്പോൾ കേരളത്തിൽ മാത്രമാണ് നിലവിലുള്ളതെന്ന് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തു. ഇക്കാര്യങ്ങൾ പരിഗണിച്ച് പ്ലാന്റേഷൻ ടാക്സ് പൂർണ്ണമായും ഒഴിവാക്കാൻ തീരുമാനിച്ചു.

2. തോട്ടംമേഖലയിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് മരവിപ്പിക്കാൻ തീരുമാനിച്ചു.

3. എസ്റ്റേറ്റിലെ എല്ലാലയങ്ങളും വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിൽ ഉള്ളതുമാണ്. ഇത്തരം ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുക അസാദ്ധ്യമാണ്. എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുണ്ട്.

4. നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖകൾക്ക് വിധേയമായി, തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതാണ്. ഇതിന് ആവശ്യമായി വരുന്ന ചെലവിന്റെ 50 ശതമാനം സർക്കാരും 50 ശതമാനം തോട്ടം ഉടമകളും വഹിക്കും. തോട്ടം ഉടമകളിൽനിന്ന് ഈടാക്കേണ്ട 50 ശതമാനം തുക 7 വാർഷിക ഗഡുക്കളായി (പലിശ രഹിതം) ഈടാക്കി പദ്ധതി നടപ്പാക്കും. പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സൗജന്യമായി സർക്കാരിന് ലഭ്യമാക്കുന്നതിനായി തോട്ടം ഉടമകളുമായി ഒരു കരാർ ഉടമ്പടി ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

5. ഒരു റബ്ബർ മരം മുറിച്ചുവിൽക്കുമ്പോൾ ലഭിക്കുന്ന ശരാശരി തുക ഏകദേശം 5000 രൂപയാണ്. നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ 2500 രൂപ സീനിയറേജായി ഈടാക്കുന്നു. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ ഈ തുക വളരെ കൂടുതലാണ്. ആയതിനാൽ നിലവിലുള്ള സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

6. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം ബാധകമാക്കുന്ന വിഷയം തൊഴിൽ വകുപ്പ് പരിഗണിക്കും. തോട്ടങ്ങളുടെ പാട്ട കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കും. ഇക്കാര്യത്തിൽ തടസ്സം നിൽക്കുന്ന കാര്യങ്ങൾ നിയമ വകുപ്പ് സെക്രട്ടറി പരിശോധിച്ച് ആവശ്യമായ ശിപാർശ സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

7. ഉപേക്ഷിക്കപ്പെട്ടതോ, പ്രവർത്തനരഹിതമായിക്കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക്

സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ, സന്നദ്ധതയുള്ള സ്വകാര്യ കമ്പനികൾക്ക് വ്യക്തമായ മാനദണ്ഡങ്ങളോടെ, തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയിൽ നൽകി പ്രവർത്തിപ്പിക്കാൻ സാധിക്കും വിധം ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാന്റ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യം കൂടി കൊണ്ടുവരുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നതാണ്.

8. തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതാണ്.

9. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസി തയ്യാറാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക മേഖലയിൽ വലിയ സംഭാവന നൽകിയ തോട്ടംമേഖലയുടെ സംരക്ഷണം കേരളത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ജീവിത സംരക്ഷണത്തിനും പ്രധാനമാണെന്ന് കണ്ടുകൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. നൂറ്റാണ്ടുകളുടെ മനുഷ്യാധ്വാനത്തിന്റെയും ഇച്ഛാശക്തിയുടെയും നാടിന്റെ താല്പര്യത്തിന്റെയും ഭരണസംവിധാനങ്ങളുടെ ഇടപെടലിന്റെയും ഫലമായി രൂപംകൊണ്ടുവന്ന തോട്ടം മേഖലയെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ് മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ഈ മേഖലയിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങളും ഭാവിയിൽ നടത്താനുദ്ദേശിക്കുന്ന കാര്യങ്ങളുമാണ് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ..., ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഭേദഗതി ചെയ്തുകൊണ്ട് നിയമനിർമ്മാണ കാര്യത്തിൽ മൂന്നാമതായി പരിഗണിക്കാനിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും ഒന്നാമതായി പരിഗണിക്കുന്നതാണ്. മറ്റ് രണ്ട് ബില്ലുകളും നിലവിലെ ക്രമത്തിൽത്തന്നെ പരിഗണിക്കുന്നതാണ്.

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) സഹകരണ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, റബ്ബറിന്റെ വിലയിടിവ് ഒരു തുടർക്കഥയായി തുടരുകയാണ്. ഈ വിലയിടിവിൽ നിന്നും ഇനി കൃഷിക്കാരന് രക്ഷയില്ല എന്ന ധാരണ പരക്കെ ഉണ്ടായിട്ടുണ്ട്. 2019 ഡിസംബറിൽ ആസിയാൻ കരാറിന്റെ ഇംപ്ലിമെന്റേഷൻ പിരീഡ് അവസാനിക്കും. അപ്പോഴേയ്ക്കും കേരളത്തിലെ റബ്ബറിന്റെ വിലയും ബാങ്കോക്കിലെയും മലേഷ്യയിലെയും വിലയും ഏതാണ്ട് ഒരു പോലെയാകും. ചുങ്കം ചുമത്താതെയുള്ള ഇറക്കുമതി റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിൽ സംഭവിക്കാൻ പോകുകയാണ്. അതോടൊപ്പം കേന്ദ്രസർക്കാർ ഒപ്പിടാൻ പോകുന്ന RCEP (Regional Comprehensive Economic Partnership) പ്രാബല്യത്തിൽ വന്നാൽ കർഷകരുടെ തകർച്ച ഏതാണ്ട് പൂർണ്ണമാകും. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ, പ്രത്യേകിച്ച് കോട്ടയത്തിന്റെ സാമ്പത്തിക ഭദ്രതയെ റബ്ബറിന്റെ വിലയിടിവ് എങ്ങനെ ബാധിച്ചുവെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. ഈ സഭയിൽ പല തവണ പല അംഗങ്ങളും അതെല്ലാം അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥിതിവിശേഷം നേരിടുകയും അതിജീവിക്കുകയും ചെയ്യുക എന്നത് കേരളത്തെ സംബന്ധിച്ച് സുപ്രധാനമായ കാര്യമാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളെല്ലാം അവരുടെ നാട്ടിലെ കാർഷിക ഉല്പന്നങ്ങളും അസംസ്കൃത വസ്തുക്കളും ഉപയോഗിച്ച് വ്യവസായങ്ങൾ പടുത്തുയർത്തിയപ്പോൾ നമുക്ക് അതിന് കഴിഞ്ഞിട്ടില്ല. മഹാരാഷ്ട്രയിലെ പഞ്ചസാര വ്യവസായം ഇതിനുദാഹരണമാണ്. ഇന്ത്യയിലെ 90% റബ്ബർ ഉല്പാദിപ്പിക്കുന്ന കേരളം, അതെല്ലാം ഇന്ത്യയുടെ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയാണ്. റബ്ബർ ഉപയോഗിച്ചിട്ടുള്ള വാല്യൂ ആഡഡ് ഉല്പന്നങ്ങൾ ഉണ്ടാക്കുക മാത്രമേ നമുക്ക് പോംവഴിയായിട്ടുള്ളൂ. ഏതാണ്ട് 35000 വാല്യൂ ആഡഡ് പ്രോഡക്ട്സ് റബ്ബറിൽ നിന്നും ഉല്പാദിപ്പിക്കുന്നു എന്ന് കണക്കാക്കപ്പെടുന്നുണ്ട്. സ്മാൾ സ്കെയിൽ/മീഡിയം വ്യവസായങ്ങളുടെ അനന്ത സാധ്യതകളാണ് റബ്ബർ നമ്മുടെ മുമ്പിൽ തുറന്നിടുന്നത്. അതുപോലെ വലിയ തോതിലുള്ള ഉല്പാദനത്തിനും നമുക്ക് സാധ്യതയുണ്ട്. കേരള ഗവൺമെന്റിന്റെ സജീവ ഇടപെടലും പിന്തുണയും ഇതിന് കൂടിയേ തീരൂ. ഇവിടെയാണ് അമുൽ മോഡലിന്റെയും സിയാൽ മോഡലിന്റെയും പ്രസക്തിയും പ്രാധാന്യവും വരുന്നത്. അമുൽ മോഡൽ എന്നുപറയുമ്പോൾ റബ്ബർ പ്രാഥമിക സംഘങ്ങളിൽനിന്നും ഇടനിലക്കാരില്ലാതെ സംഭരിക്കാനും കേന്ദ്രീകൃതമായി വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉണ്ടാക്കുവാനും കഴിയണം. സാധാരണഗതിയിൽ ഒരു വൻകിട വ്യവസായം തുടങ്ങാനുദ്ദേശിക്കുന്നവർക്ക് ഇന്നത്തെ സാഹചര്യത്തിൽ പിടിച്ചുനിൽക്കാൻ കഴിയില്ല. അവിടെയാണ് ഗവൺമെന്റിന്റെ പിന്തുണയോടും പങ്കാളിത്തത്തോടെയും സിയാൽ മോഡൽ വ്യവസായത്തിന്റെ പ്രസക്തി. ചെറുകിടക്കാർക്കും വൻകിടക്കാർക്കും

കൃഷിക്കാരിൽനിന്നും സർക്കാർ അടിസ്ഥാനവില നൽകി ഇടനിലക്കാരില്ലാതെ സംഭരിക്കുന്ന അസംസ്കൃത വസ്തു എത്തിക്കാവുന്നതാണ്. സാധാരണഗതിയിൽ കൃഷിക്കാരെ സഹായിക്കേണ്ട റബ്ബർ ബോർഡിന്റെ നയവും സമീപനവും വ്യവസായത്തെ സഹായിക്കുന്ന രീതിയിലാണ്. വ്യവസായത്തെ എങ്ങനെ അഭിവൃദ്ധിപ്പെടുത്താമെന്നതാണ് ദൗർഭാഗ്യവശാൽ ഇപ്പോൾ റബ്ബർ ബോർഡ് ഊന്നൽ നൽകുന്ന കാര്യം. അതുപോലെ നമ്മുടെ നാട്ടിൽ മാത്രമാണ് റബ്ബർ ഒരു വാണിജ്യ വിളയായി ഉൾപ്പെടുത്തി വ്യവസായവകുപ്പുമന്ത്രിയുടെ കീഴിൽ കൊണ്ടുവന്നിരിക്കുന്നത്. വൻകിട റബ്ബർ ഉല്പാദിപ്പിക്കുന്ന തായ്‌ലാന്റ്, മലേഷ്യ, ഇന്തോനേഷ്യാ തുടങ്ങിയ രാജ്യങ്ങളിലെല്ലാം അത് കൃഷി മന്ത്രാലയത്തിന്റെ കീഴിലാണ്. ഇങ്ങനെ റബ്ബറുമായി ബന്ധപ്പെട്ട ഒരുപാട് വൈരുദ്ധ്യങ്ങൾ നിലനിൽക്കുകയാണ്. ഇത്തരം കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരികയും നമ്മുടെ പ്രതിസന്ധി മറികടക്കാൻ ദൃഢനിശ്ചയത്തോടുകൂടിയ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കകത്തും പുറത്തും ഇക്കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അമൂൽ മോഡലിലുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിന് ഗവൺമെന്റ് എങ്ങനെയാണ് ഉദ്ദേശിക്കുന്നത്; എപ്പോഴാണ് നടപടിയെടുക്കാൻ പോകുന്നതെന്നാണ് അറിയേണ്ടതായിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ റബ്ബർ മേഖല വലിയ പ്രതിസന്ധി നേരിടുകയായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഉതകുന്ന വ്യക്തമായ സമീപനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ മുന്നോട്ടുവച്ചിരുന്നു. കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ നാളികേരം, റബ്ബർ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകുമെന്നും ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുമെന്നും വ്യക്തമാക്കിയിരുന്നു. റബ്ബർ ആഗോളമാർക്കറ്റുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ഇറക്കുമതി നയം മൂലം വിപണന സാദ്ധ്യത നഷ്ടപ്പെടുന്നു, ഉല്പാദന ചെലവിന്റെ ആനുപാതികമായ വില ലഭിക്കുന്നില്ല എന്നീ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. കൂടാതെ കാർഷികമേഖലയ്ക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ റബ്ബറിന് ലഭിക്കുന്നില്ല എന്ന പ്രശ്നവും ഇതോടൊപ്പം ഉയർന്നുവന്നിരുന്നു. അതിനാൽ റബ്ബർ ലാറ്റക്സും റബ്ബർഷീറ്റും കാർഷികോല്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ട സാഹചര്യം വ്യക്തമാക്കിയിരുന്നു. ഈ കാഴ്ചപ്പാടുകൾ പ്രാവർത്തികമാക്കുന്നതിനുള്ള ശക്തമായ ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിയത്. ഇതിലൂടെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾക്ക് രൂപം നൽകുന്നതിനും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും രാജ്യത്ത് 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്വാമിനാഥൻ കമ്മിറ്റി

റിപ്പോർട്ടിലെ ശിപാർശ ഉല്പാദനച്ചെലവിന്റെ പകുതി കൂടി ചേർത്ത് ഉല്പന്നവില നിശ്ചയിക്കണമെന്നാണ്. ഇക്കാര്യം പ്രകടനപത്രികയിൽ കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിരുന്നു. എങ്കിലും ഇത് നടപ്പിലാക്കുന്ന കാര്യം കേന്ദ്ര സർക്കാർ തത്വത്തിൽ പരിഗണിച്ചിട്ടുണ്ട്. അതിന്റെ നേട്ടം റബ്ബറിന് ലഭിക്കണമെങ്കിൽ അതിനെ കാർഷികവിളയായി അംഗീകരിക്കേണ്ടതുണ്ട്. നേരത്തെ നൽകിയ വാഗ്ദാനം കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ തീരുമാനിക്കുകയും റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കുകയും ചെയ്യുമ്പോഴേ ഇതിലൂടെ റബ്ബർ കർഷകന് ന്യായവില ലഭിക്കുകയുള്ളൂ. സംസ്ഥാനത്തിന്റെ പ്രധാന നാണ്യവിളയെന്ന നിലയിൽ പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചുള്ള റബ്ബർ ഉത്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. 7-6-2018-ൽ ചേർന്ന യോഗം വിശദമായ ചർച്ചയ്ക്കുശേഷം റബ്ബർ മേഖലയിൽ സിയാൽ മോഡൽ കമ്പനി രൂപീകരിക്കുന്നതിനും റബ്ബർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനും തീരുമാനിച്ചു. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ താമസംവിനാ നിയമിക്കുന്നതാണ്. പ്രാരംഭദശയിൽ ഗവൺമെന്റ് മുൻകയ്യെടുത്ത് തുടങ്ങിയതിനുശേഷം സ്വകാര്യ സംരംഭകരെ കൂടി ക്ഷണിച്ചുകൊണ്ട് സിയാൽ (CIAL - Cochin International Airport Limited) മോഡലിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനാണ് പരിഗണന നൽകുന്നത്. സിയാൽ മോഡലിൽ കമ്പനി ആരംഭിക്കുമ്പോൾ ഉത്പന്നങ്ങളുടെ വിപണന സാധ്യതയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനവും സാങ്കേതിക മികവും പ്രധാനമായും പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇതിനുപുറമേ റബ്ബർ വ്യവസായത്തിന്റെ പുരോഗതി ലക്ഷ്യമാക്കി റബ്ബർപാലിൽനിന്ന് ടയർ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന റബ്ബർപാർക്ക് എന്ന ആശയവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇക്കാര്യത്തിൽ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളും പരിഗണിക്കുന്നതായിരിക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇത്തരം വ്യവസായങ്ങൾ ആരംഭിക്കുമ്പോഴും ഇടനിലക്കാരില്ലാതെ അമുൽ മോഡലിൽ കൃഷിക്കാരിൽ നിന്നും റബ്ബറിന്റെ സംഭരണം എടുക്കുന്നതിനുള്ള സംവിധാനം ആലോചിക്കുന്നുണ്ടോ ?

ശ്രീ. പിണറായി വിജയൻ : സർ, ഇപ്പോൾത്തന്നെ റബ്ബർ മേഖലയിൽ ചില സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് എങ്ങനെ കോ-ഓർഡിനേറ്റ് ചെയ്ത് വരാമെന്ന് ഈ യോഗത്തിൽത്തന്നെ ചർച്ച ചെയ്തിരുന്നു. അതിന്റെ കാര്യങ്ങൾ കുറച്ചുകൂടി വിശദമായി പരിശോധിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഏതായാലും അത് നിരാകരിക്കപ്പെട്ട ആശയമല്ല.

## (2) വിഷാദരോഗം നേരിടുന്നതിന് നടപടി

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, കേരളത്തെ അലട്ടുന്ന പ്രധാനപ്പെട്ട സാമൂഹിക ആരോഗ്യ പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഈ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് കഴിഞ്ഞ കാലത്ത് പത്രങ്ങളിൽ കണ്ട, നമ്മളെല്ലാവരും ചർച്ച ചെയ്ത 4 മരണങ്ങളുടെ കഥ ഞാൻ പറയാം. ഇന്ത്യയിൽ എല്ലാവരും അറിയപ്പെടുന്ന ഇൻഡോറിലെ രാഷ്ട്രീയ-സാമൂഹിക ഗുരു ആയിരുന്ന, മധ്യപ്രദേശ് ബി.ജെ.പി.സർക്കാർ ക്യാബിനറ്റ് പദവി കൊടുത്ത ഭയ്യാ മഹാരാജ്, കഴിഞ്ഞ 10 ദിവസങ്ങൾക്കുമുമ്പ് അദ്ദേഹത്തിന്റെ ആശ്രമത്തിൽ വച്ച് സ്വന്തം തോക്കിൽനിന്ന് വെടിയുതിർത്ത് ആത്മഹത്യ ചെയ്ത കാഴ്ചയാണ് നമ്മൾ കണ്ടത്. അതുപോലെ ലോകത്തിലെ ഏറ്റവും പ്രശസ്തനായ പാചകവിദഗ്ദ്ധൻ, ഏറ്റവും കൂടുതൽ റേറ്റിംഗുള്ള ടി.വി. ഷോ നടത്തിക്കൊണ്ടിരുന്ന Anthony Bourdain, കരിയറിന്റെ ഉച്ചസ്ഥായിയിൽ വച്ചാണ് 10 ദിവസങ്ങൾക്കുമുമ്പ് പാരീസിലെ ഹോട്ടൽ മുറിയിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത്. ലാത്വിയൻ യുവതിയുടെ മരണത്തെക്കുറിച്ചുള്ള ചുരുളുകൾ അഴിയുമ്പോഴും നമ്മൾ മനസ്സിലാക്കേണ്ടത് ഈ യുവതി കേരളത്തിൽ വന്നത് വിഷാദരോഗത്തിന് ചികിത്സ തേടിയാണ് എന്നതാണ്. ഐ.പി.എസ്. ഉദ്യോഗസ്ഥനായ മഹാരാഷ്ട്ര ആന്റി ടെററിസം സ്ക്വാഡിന്റെ മിടുക്കനായ മേധാവിയാണ് ഹിമാൻഷു റോയി. അദ്ദേഹം കഴിഞ്ഞ മൂന്ന് വർഷമായി ക്യാൻസറിന് ട്രീറ്റ്മെന്റ് തേടുകയായിരുന്നു. ഹിമാൻഷു റോയി മുംബൈയിലെ സ്വന്തം വസതിയിൽവച്ച് സർവ്വീസ് റിവോൾവർ കൊണ്ട് ആത്മഹത്യ ചെയ്യുകയായിരുന്നു. ആത്മഹത്യാ കുറിപ്പിൽ പറയുന്ന വാചകങ്ങൾ വളരെ പ്രസക്തമാണ്. ' മരണം എന്ന കടുത്ത തീരുമാനം ഞാൻ സ്വയം എടുക്കുന്നത് എന്റെ ജീവിതത്തിലെ തീവ്രമായ വിഷാദം കാരണമാണെന്നാണ് ' ഇന്ന് ക്യാൻസറും പ്രമേഹവും പോലെ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിഷാദരോഗമാണ്. നമ്മൾ അറിയാതെ ഇരുട്ടിൽ തപ്പിക്കൊണ്ടിരിക്കുമ്പോൾ മലയാളികൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണിത്. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ അഞ്ചര കോടി ആളുകൾ വിഷാദരോഗത്തിന് അടിമപ്പെട്ടവരാണെന്നാണ്.

2017-ൽ നാഷണൽ ഹെൽത്ത് മിഷനും കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയും ചേർന്ന് നടത്തിയ സർവ്വേയിൽ വിഷാദവും വ്യാകുലതയും anxiety disorder-ഉം ചേർത്ത് കേരളത്തിൽ വിവിധ ഏജ് ഗ്രൂപ്പിലുള്ള 9 ശതമാനം ആളുകൾക്കും ഇത്തരം രോഗമുണ്ടെന്നും Lifetime prevalence, depression-ന്റെ 5.54 ശതമാനം എന്നുമാണ് പറയുന്നത്. ഇത്രയും ഭീകരമായ സാമൂഹിക ആരോഗ്യ

അവസ്ഥ കേരളത്തിൽ ഉണ്ടായിട്ടും എന്താണ് വിഷാദം, എങ്ങനെയാണ് ഇതിനെ നേരിടേണ്ടത് എന്നതിനെക്കുറിച്ചുള്ള തുറന്ന ചർച്ച നമ്മുടെ സമൂഹത്തിൽ നടക്കുന്നില്ല. വിഷാദം എന്നാൽ തുടർച്ചയായുള്ള സങ്കടം, ദൈനംദിന ജീവിതത്തിലും ജീവിതവൃത്തിയിലുമുള്ള താൽപ്പര്യമില്ലായ്മ ഇത്തരത്തിലുള്ള ഭാവങ്ങൾകൊണ്ട് അസ്വസ്ഥമായ മാനസികാവസ്ഥയാണ്. വിഷാദത്തെക്കുറിച്ച് തുറന്ന് സംസാരിക്കാൻ നമ്മുടെ വീടുകളിൽ കഴിയുന്നില്ല. പലപ്പോഴും നമ്മുടെ കൂടെയുള്ള സഹപ്രവർത്തകർ, ബന്ധുക്കൾ, അയൽക്കാർ എന്നിവരുടെ വിഷാദം തിരിച്ചറിയാൻ അവർക്കും കഴിയുന്നില്ല, നമുക്കും കഴിയുന്നില്ല. ഈ വിഷയം സർക്കാർ വളരെ ജാഗ്രതയോടെ കാണേണ്ട ഒന്നാണ്. ഫലപ്രദമായ ഇടപെടലുകൾ താഴെത്തട്ടിൽ നടത്തുകയാണെങ്കിൽ ഒരു പരിധിവരെ വിഷാദത്തെയും അതുകാരണം ഉണ്ടാകുന്ന ആത്മഹത്യകളെയും നമുക്ക് തടയാൻ കഴിയും. എന്റെ അഭിപ്രായത്തിൽ പ്രാരംഭഘട്ടത്തിൽത്തന്നെ വിഷാദ രോഗത്തിനുള്ള കണ്ടെത്തലുകൾ, സബ്സെന്ററിലും പി.എച്ച്.സി.കളിലും ഫാമിലി വെൽഫെയർ സെന്ററുകളിലും നടത്തുവാനുള്ള ശ്രമങ്ങളുണ്ടാകണം. ഇത് സൈക്യാട്രി എന്ന സ്പെഷ്യാലിസ്റ്റുകൾക്ക് മാത്രമല്ല, ഈ രംഗത്ത് വർക്ക് ചെയ്യുന്ന എല്ലാ ഡോക്ടർമാർക്കും കൃത്യസമയത്ത് കണ്ടെത്തി റെഫർ ചെയ്യാനുള്ള കാര്യക്ഷമത ഉണ്ടാക്കിക്കൊടുക്കണം. പ്രായമുള്ള ആളുകൾ, കുട്ടികൾ, സ്ത്രീകൾ, അമ്മമാർ എല്ലാവർക്കും വിഷാദത്തെക്കുറിച്ചുള്ള അവബോധവും അതിന്റെ പരിഹാരങ്ങളും പറഞ്ഞു കൊടുക്കണം. ഇത് വളരെ സീരിയസായ വിഷയമാണ്. എന്തെന്നാൽ, മലയാളികൾക്കെല്ലാം ചെറിയ അഹങ്കാരമുണ്ട്. ആരോഗ്യ മേഖലയിൽ നമ്മൾ പല സൂചികകളിലും Scandinavian രാജ്യങ്ങളോടും യൂറോപ്യൻ രാജ്യങ്ങളോടും ഒപ്പമാണ്. കഴിഞ്ഞയാഴ്ചയിൽ വന്ന റിപ്പോർട്ടിൽ മാതൃ-മരണ നിരക്കിൽ ഇന്ത്യയിലെ ഒന്നാം സ്ഥാനം നമുക്കാണ് കിട്ടിയത് എന്നാണ് പറയുന്നത്. 2011-ലെ എം.എം.ആർ. റേറ്റ് 61-ൽ നിന്നും 46-ലേയ്ക്ക് കുറഞ്ഞിരിക്കുകയാണ്. അതായത് യൂറോപ്യൻ കണക്കുകളോടൊപ്പം കേരളവും എത്തിയിരിക്കുകയാണ്. ഇന്ത്യയിൽ എം.എം.ആർ. 130 ആകുമ്പോൾ കേരളത്തിൽ അത് വെറും 46 ആണ്. ഇങ്ങനെയൊക്കെ ആകുമ്പോഴും നമ്മുടെ ജീവിതത്തിൽ പുതിയ പുതിയ രോഗങ്ങൾ വരുന്നുണ്ട്. ക്യാൻസറിനെക്കുറിച്ചുള്ള അവബോധമുണ്ട്, പ്രമേഹത്തെക്കുറിച്ചുള്ള അറിവുണ്ട്, അതിന്റെയെല്ലാം പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ട്. പക്ഷെ, ക്യാൻസർ പോലെ, പ്രമേഹം പോലെ എല്ലാ മലയാളികളുടെയും, ഹ്യൂമൻ ക്യാപ്പിറ്റലിനെ തന്നെ ഭാവിയിൽ ഇല്ലാതാക്കുന്ന വിഷാദം എന്ന രോഗത്തെ സീരിയസ്സായി കണ്ട് എത്രയും പെട്ടെന്ന് അതിനെ പ്രതിരോധിക്കാനുള്ള നടപടികൾ ഏറ്റവും താഴെത്തട്ടിൽ കൂടുതൽ ഊർജ്ജിതമായി നടത്തണമെന്നുള്ള പ്രധാനപ്പെട്ട ആവശ്യമാണ് ഉന്നയിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്നത്. ക്യാൻസർ, പ്രമേഹം തുടങ്ങിയ രോഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന അതേ ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണ് മാനസികാസ്വാസ്ഥ്യം ഉണ്ടാകുന്നതിനെ സംബന്ധിച്ചുള്ളത്. ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി ഈ വിഷയം കണ്ടിട്ടുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ നേരത്തെ പറഞ്ഞതുപോലെ നാഷണൽ ഹെൽത്ത് മിഷനെയും വിദഗ്ദ്ധരെയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഒരു സർവ്വേ നടത്തുന്നതിന് തയ്യാറായത്. കേരളീയ സമൂഹത്തിൽ ഏകദേശം 10 ശതമാനത്തോളം ആളുകൾക്ക് വിഷാദ രോഗം ഉണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കിയിട്ടുള്ളത്. 2017 ഏപ്രിൽ 7 -ന് ലോകാരോഗ്യ ദിനത്തിൽ ഐക്യരാഷ്ട്രസഭ പ്രമേയം അവതരിപ്പിച്ചിരുന്നു. മാനസികാസ്വാസ്ഥ്യത്തിന് എതിരായി പ്രവർത്തിക്കേണ്ടതിനെ സംബന്ധിച്ചും വിഷാദരോഗത്തെ സംബന്ധിച്ചിട്ടുള്ള പ്രത്യേക പ്രമേയമാണ് എടുത്തിരുന്നത്. ആ ദിനാചരണത്തോടനുബന്ധിച്ച് മാനസികാസ്വാസ്ഥ്യം, വിഷാദരോഗം എന്നിവ പരിഹരിക്കുന്നതിനുവേണ്ടി 'ആശ്വാസം' പദ്ധതി ആരോഗ്യവകുപ്പ് പ്രഖ്യാപിച്ചിരിക്കുകയാണ്. അത് പ്രാഥമികാരോഗ്യ തലത്തിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. ഫാമിലി ഹെൽത്ത് സെന്ററുകളായി മാറുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആശ്വാസം ക്ലിനിക്കുകൾ ആരംഭിച്ചിരിക്കുന്നു. ആദ്യത്തെ വർഷം 170 ആശുപത്രികളെയാണ് ഇതിനായി തെരഞ്ഞെടുത്തത്. അവിടെ ക്ലിനിക് ആരംഭിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും കൊടുത്തുകഴിഞ്ഞു. ഇനി ഫാമിലി ഹെൽത്ത് സെന്ററായി മാറ്റാനിരിക്കുന്ന ആശുപത്രികളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ആശ്വാസം പദ്ധതി സംബന്ധിച്ച ട്രെയിനിംഗ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു പ്രത്യേക ചോദ്യാവലിയെ അടിസ്ഥാനമാക്കി ആരോഗ്യ പ്രവർത്തകർ വിഷാദരോഗത്തിന് സാധ്യതയുള്ള മുഴുവൻ ആളുകളെയും സ്ക്രീൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിന് പ്രത്യേക രീതിയിലുള്ള PHQ 9 ചോദ്യാവലി ഉപയോഗപ്പെടുത്തി അവരെ സ്ക്രീൻ ചെയ്യുമ്പോൾ അതിൽ കിട്ടുന്ന സ്കോർ അനുസരിച്ചാണ് ഇക്കാര്യങ്ങൾ തീരുമാനിക്കുന്നത്. പോസിറ്റീവ് ആകുന്നവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പരിശീലനം ലഭിച്ച ഡോക്ടർമാരുടെ അടുത്തേയ്ക്ക് അയയ്ക്കുന്നു. ആശാ വർക്കർമാരും ജെ.പി.എച്ച്.എൻ.-(Junior Public Health Nurse) മാരും അടങ്ങുന്ന ടീമാണ് ഈ ചോദ്യാവലി ഉപയോഗിച്ച് ആളുകളെ സ്ക്രീൻ ചെയ്യുന്നത്. ഇതിൽ മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നിങ്ങനെ വിഷാദരോഗത്തെ വേർതിരിക്കുകയാണ്. കുടുംബാരോഗ്യ കേന്ദ്രത്തിലെ പരിശീലനം സിദ്ധിച്ച ഡോക്ടറുടെ അടുത്ത് എത്തുമ്പോൾ വളരെ മൈൽഡ് ആയിട്ടാണെങ്കിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ചുതന്നെ അവർക്കാവശ്യമായ കൗൺസിലിംഗ് നൽകി പ്രശ്നം പരിഹരിച്ചുവരികയാണ്. അങ്ങനെ ഒരുപാട് കേസ്സുകൾ ഇപ്പോൾ അറ്റന്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. മോഡറേറ്റ്

ആണെങ്കിൽ, അവർക്കാവശ്യമായ ചെറിയ രീതിയിലുള്ള ചികിത്സ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വച്ചു തന്നെ ലഭ്യമാക്കാൻ സാധിക്കുന്നു. സിവിയർ ആയിട്ടുള്ള പ്രശ്നങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടാൽ, സൈക്യാട്രിസ്റ്റിന്റെ അടുത്തേയ്ക്കോ, അല്ലെങ്കിൽ അത്തരത്തിലുള്ള ചികിത്സ ലഭ്യമാക്കുന്ന കേന്ദ്രത്തിലേക്കോ റഫർ ചെയ്യുകയാണ് ചെയ്യുന്നത്. സാധാരണയായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ്, പ്രാഥമിക കൗൺസിലിംഗ് മുതലായവ നൽകാൻ സ്റ്റാഫ് നഴ്സിന് പരിശീലനം നൽകിയിട്ടുണ്ട്. അങ്ങനെ പരിശീലനം സിദ്ധിച്ച നഴ്സുമാർ കാര്യങ്ങൾ കൈകാര്യം ചെയ്യും.

നേരത്തെ പ്രഖ്യാപിച്ച ജില്ലാ മാനസികാരോഗ്യ പരിപാടിയെ കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതിനുവേണ്ടി എല്ലാ ജില്ലാ കേന്ദ്രങ്ങളിലുമുള്ള ഡോക്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 'സമ്പൂർണ്ണ മാനസികാരോഗ്യം' എന്ന മുദ്രാവാക്യം/ പ്രമേയമാണ് ജില്ലാ മാനസികാരോഗ്യത്തിന്റെ ഭാഗമായി ഈ ഗവൺമെന്റ് പുതുതായി സ്വീകരിച്ചിരിക്കുന്നത്. സമ്പൂർണ്ണ മാനസികാരോഗ്യത്തിന്റെ ലക്ഷ്യങ്ങളിലൊന്നായിട്ടാണ് ആശ്വാസം ക്ലിനിക്കുകളും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നത്.

ബഹുമാനപ്പെട്ട മെമ്പർ മാനസികാസ്വാസ്ഥ്യം പലതരത്തിൽ ഉണ്ടാകുന്നതാണെന്ന് ഇവിടെ സൂചിപ്പിച്ചു. അസുഖങ്ങളുടെ ഭാഗമായും ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് ദീർഘകാലമായി ട്രീറ്റ്മെന്റ് നടത്തുന്നതിന്റെ ഭാഗമായും വ്യക്തിപരമായ ചില സംഘർഷങ്ങൾകൊണ്ടും മാനസികാസ്വാസ്ഥ്യം വരാം. വളരെ പ്രസിദ്ധരായ ആളുകളിലും ഉന്നത പ്രതിഭകളിലുമൊക്കെ വിഷാദരോഗം കണ്ടുവരുന്നുണ്ട്. അവർക്ക് പൂർണ്ണതയിലേക്കെത്താനുള്ള ആഗ്രഹത്തിന് എന്തെങ്കിലും തടസ്സം വരുമ്പോഴുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ വലിയ പ്രതിഭകളുടെ ഇടയിൽപ്പോലും അസ്വാസ്ഥ്യമുണ്ടാക്കുന്നുണ്ട്. ഒരു നിമിഷത്തെ തോന്നലാണ് ചിലപ്പോൾ ആത്മഹത്യയിലേയ്ക്ക് പോകുന്നത്. കാര്യങ്ങൾ തുറന്നു പറയാനുള്ള സാഹചര്യം ലഭ്യമാക്കുക എന്നുള്ളതാണ് കൗൺസിലിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ആത്മഹത്യ ചെയ്യാനുള്ള തീരുമാനം അവർ മാറ്റിവയ്ക്കുമെന്നാണ് അനുഭവത്തിന്റെ വെളിച്ചത്തിൽ പലരും പറയുന്നത്. അതിന് നമ്മൾ അവസരമുണ്ടാക്കുക എന്നുള്ളതാണ് വിഷാദരോഗം ചികിത്സിക്കുന്നതിനു വേണ്ടി നമുക്ക് ചെയ്യാൻ സാധിക്കുന്നത്. അങ്ങനെയുള്ളവരെ കണ്ടെത്തി അവരുടെ മാനസിക പ്രശ്നങ്ങൾ ഷെയർ ചെയ്ത്, അതിന് പരിഹാരം കണ്ടെത്തി, അവരെ ആത്മഹത്യയിൽനിന്ന് പിന്തിരിപ്പിക്കുക എന്നുള്ളതാണ് ചെയ്യേണ്ടത്. അസുഖവും ആത്മഹത്യാ പ്രവണതയും കൊണ്ട് മാനസികാസ്വാസ്ഥ്യമുണ്ടാകുന്ന ആളുകളെ കണ്ടെത്തി ആവശ്യമായ ചികിത്സയും സപ്പോർട്ടും നൽകുകയാണ് വേണ്ടത്. ഇതാണ് ആശ്വാസം പദ്ധതിയിലൂടെയും ജില്ലാ മാനസികാരോഗ്യ പദ്ധതിയിലൂടെയും ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മറ്റൊന്ന്, മാനസികരോഗം ബാധിച്ചവരുടെ അസുഖം മാറിക്കഴിഞ്ഞാലും അവരെ സമൂഹം സ്വീകരിക്കുന്നില്ല എന്നതാണ്. അവരെ വീണ്ടും മാനസിക രോഗിയായി ചിത്രീകരിക്കുകയാണ്. അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലായി മൂന്ന് പ്രധാനപ്പെട്ട മാനസികാരോഗ്യ കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളെ ആധുനിക മാനസികാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. ആധുനിക പ്രശ്നങ്ങളൊക്കെ അഡ്രസ് ചെയ്യാൻ സാധിക്കണം. കോഴിക്കോട്, തിരുവനന്തപുരം എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒരോ സെല്ലാണ് പ്രവർത്തിക്കുന്നതെന്ന് കാണാൻ സാധിക്കും. അക്രമാസക്തരായ ആളുകളെ അടച്ചിടുന്നതിനുവേണ്ടി വളരെ പ്രാകൃതമായ പഴയ സെല്ലുകളൊക്കെയാണുള്ളത്. അതൊക്കെ പൊളിച്ചുകളഞ്ഞ് അവർക്ക് സമൂഹവുമായി ഇടപഴകാനും ശുദ്ധവായു ശ്വസിച്ച് ട്രീറ്റ്മെന്റ് നടത്തി മാനസികോല്ലാസമുണ്ടാക്കാനും കഴിയുന്ന രീതിയിൽ അതിനെ മാറ്റിയെടുക്കാനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തെ ആധുനിക കേന്ദ്രമാക്കി മാറ്റാനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. മാനസികരോഗത്തിൽ നിന്ന് മാറ്റം വന്നിട്ടുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളും അവിടെ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിൽ വലിയൊരു മുന്നേറ്റം തന്നെ രണ്ട് വർഷത്തിനിടയിൽ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. തുടർ പ്രക്രിയയായി നടക്കേണ്ട കാര്യങ്ങൾ നടത്താനുള്ള എല്ലാ ശ്രമവും നടക്കും. ഇതോടൊപ്പം സ്വയം ആഗ്രഹിക്കുന്നവർക്ക് കൗൺസിലിംഗും ലഭ്യമാക്കാം. എൻ.എച്ച്.എം.-ന്റെ ഭാഗമായുള്ള 1056 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിക്കാൻ കഴിയുന്ന ഒന്നാണ് നേരത്തെ ആരംഭിച്ചിട്ടുള്ള 'ദിശ പദ്ധതി'. ഈ പദ്ധതി വഴിയുള്ള കൗൺസിലിംഗ് ഇപ്പോൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. അതുപോലെ 2552056 എന്ന നമ്പറുള്ള മറ്റൊരു ടോൾ ഫ്രീ നമ്പരും ലഭ്യമാക്കിയിട്ടുണ്ട്. അസ്വാസ്ഥ്യം തോന്നുന്നവർക്ക് കൗൺസിലിംഗ് ആവശ്യമാണെങ്കിൽ ഫോൺ വഴി ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനവും നടത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ വിപുലമായ രീതിയിലുള്ള കാര്യങ്ങളാണ് വിഷാദരോഗത്തെ നേരിടുന്നതിനുവേണ്ടി ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്.

# V സബ്മിഷൻ

## (1) കണ്ണൂർ വിമാനത്താവളം

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിന്റെ ആവശ്യങ്ങളോട് കേന്ദ്രം കടുത്ത അവഗണനയാണ് കാണിക്കുന്നതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കേരളത്തിന്റെ അഭിമാന പ്രോജക്ടായ കണ്ണൂർ വിമാനത്താവളത്തിനോടുള്ള കേന്ദ്രസമീപനം. ഇന്ത്യയിലെ നാലാമത്തെ ഏറ്റവും മികച്ച എയർപോർട്ട് എന്ന ഖ്യാതി കണ്ണൂരിനുണ്ട്. ആ നിലയിൽ ടി വിമാനത്താവളത്തിന്റെ ചിറകരിയുന്ന സമീപനമാണ് കേന്ദ്ര വ്യോമയാന വകുപ്പ് സ്വീകരിച്ചിരിക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പ്രവൃത്തികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫ്ലാഗ്ഷിപ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 85 ശതമാനം വർക്കും ഇപ്പോഴത്തെ നിലയ്ക്ക് ഏതാണ്ട് 95 ശതമാനം വർക്കും പൂർത്തിയായിക്കഴിഞ്ഞു. ഏറ്റവും മികച്ച ഗ്രീൻഫീൽഡ് എയർപോർട്ടാണിത്. അങ്ങനെ കണ്ണൂർ വിമാനത്താവളത്തിന്റെ വർക്ക് മുന്നോട്ടു പോകുന്ന അവസരത്തിലാണ് ഉഡാൻ പദ്ധതിയിൽനിന്ന് കണ്ണൂരിനെ ഒഴിവാക്കിയിരിക്കുന്നുവെന്ന് ഒരു പത്രവാർത്തയിലൂടെ അറിയാൻ കഴിഞ്ഞത്. ഞാൻ അത് ക്വാട്ട് ചെയ്യുകയാണ്, "കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഉഡാൻ പദ്ധതിയിൽ കണ്ണൂരിൽ നിന്നുള്ള സർവ്വീസുകൾ ജൂണിൽ തുടങ്ങാൻ തീരുമാനമായി. എയർപോർട്ട് പൂർണ്ണമായി പ്രവർത്തനം തുടങ്ങുന്നതിനുമുമ്പുതന്നെ ചെലവുകുറഞ്ഞ ഉഡാൻ സർവ്വീസ് ആരംഭിക്കുമെന്ന് വ്യോമയാന സെക്രട്ടറി ശ്രീ. ആർ. എൻ. ചൗബേ പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ചു." ഉഡാൻ സർവ്വീസ് എന്നു പറഞ്ഞാൽ ഡൊമസ്റ്റിക് എയർലൈൻസ് നടത്തുന്ന സർവ്വീസുകൾക്ക് നഷ്ടമുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റും കേരളവും ചേർന്ന് Viability Gap Funding-ലൂടെ ആ നഷ്ടം നികത്തിക്കൊടുക്കുമെന്നാണ്. അതുകൊണ്ട് ഡൊമസ്റ്റിക് സർവ്വീസ് നടത്താൻ ആരും മടിക്കേണ്ട കാര്യമില്ല, അതിന് നഷ്ടമുണ്ടാവുകയില്ല. ഉഡാൻ പദ്ധതിയിൽ കണ്ണൂരിനെ ഉൾപ്പെടുത്തുമെന്ന് പാർലമെന്റ് കമ്മിറ്റിയെ അറിയിച്ചശേഷം ഇപ്പോൾ പറയുന്നത് കണ്ണൂരിനെ ഒഴിവാക്കിയിരിക്കുന്നുവെന്നാണ്. രണ്ടാമത്, പ്രാഥമിക സർവ്വേ അനുസരിച്ച് കണ്ണൂർ വിമാനത്താവളം പൂർത്തിയാകുമ്പോൾ ഏറ്റവുമധികം ഇന്റർനാഷണൽ ഓപ്പറേഷൻസ് നടത്താൻ സാധ്യതയുള്ളത് ഇവിടെയാണ്. കാസർഗോഡ്, മംഗലാപുരം, കണ്ണൂർ, കൂർഗ് മേഖലകളിൽ ധാരാളം പാസഞ്ചേഴ്സ് ലഭ്യമാകുന്ന ഒരു എയർപോർട്ട് ആയിട്ടാണ് ഇതിനെ കണക്കാക്കുന്നത്. അതുകൊണ്ട് അന്തർദേശീയ വിമാന സർവ്വീസുകളായ എമിറേറ്റ്സ്, ഫ്ലൈ ദുബായ്, ഇത്തിഹാദ്, എയർ അറേബ്യ, ഖത്തർ എയർവേയ്സ് എന്നീ കമ്പനികളെല്ലാം കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് അനുമതി നേടിയിരിക്കുകയാണ്.

അങ്ങനെ ഏറ്റവും തിരക്കുള്ള റൂട്ടായി മാറുന്ന കണ്ണൂർ വിമാനത്താവളം വിദേശ എയർലൈൻസിനുള്ള അനുവാദം കൊടുക്കുന്നതിൽ കേന്ദ്രഗവൺമെന്റ് മടികാണിക്കുന്നു. ഇത് വിമാനത്താവളത്തിന്റെ എല്ലാ വികസനത്തെയും ബാധിക്കുകയും അതോടൊപ്പം ഇക്കണോമിക്കലി വയബിളാവുകയുമില്ല. അങ്ങ് ഡൽഹിയിൽ പോയപ്പോൾ പ്രധാനമന്ത്രിയെ കണ്ടുവെന്ന വാർത്ത വായിക്കാനിടയായി. ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം.

കണ്ണൂർ വിമാനത്താവളത്തിന്റെ വികസനം ഉത്തര മലബാറിന്റെ വലിയ പ്രതീക്ഷയാണ്. ആ നിലയ്ക്ക് ഗവൺമെന്റ് നൽകിയ വാഗ്ദാനം പാലിക്കാനുള്ള ബാധ്യതയുണ്ട്. ഇന്റർനാഷണൽ ഓപ്പറേഷൻസ് ഇല്ലെങ്കിൽ വിമാനത്താവളം അവതാളത്തിലാകും. കേരളത്തിന്റെ ഏറ്റവും വലിയ വരുമാനമാർഗ്ഗം ഗൾഫിൽ നിന്നുള്ള യാത്രക്കാരാണ്. അതുകൊണ്ട് കണ്ണൂർ വിമാനത്താവളത്തിന്റെ വികസനം കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ നയം തിരുത്താൻ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ കെ. സി. ജോസഫ് പറഞ്ഞ കാര്യത്തിൽ ഒരു തിരുത്തുള്ളത് ഞാൻ ആദ്യം പറയാം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തല്ല, 1996-ലെ നായനാർ ഗവൺമെന്റിന്റെ കാലത്താണ് ഇതിന് തുടക്കം കുറിച്ചത്. തുടർന്നുള്ള ഗവൺമെന്റ് അക്കാര്യത്തിൽ ഒന്നും ചെയ്തില്ല. പിന്നീടുവന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റാണ് അതിന്റെ നടപടികളുമായി മുന്നോട്ടുപോയത്. കേന്ദ്ര സർക്കാരിന്റെ റീജിയണൽ കണക്ടിവിറ്റി പദ്ധതിയായ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് ചെന്നൈ, ബാംഗ്ലൂർ, ഹുബ്ബള്ളി, ഹിന്റെൻ, മുംബൈ, കൊച്ചി, ഗോവ, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിൽ ഇരുപത്തിനാലോളം ആഭ്യന്തര വിമാനസർവ്വീസുകൾ നടത്തുന്നതിന് സ്പൈസ് ജെറ്റ്, ഇൻഡിഗോ എന്നീ വിമാന കമ്പനികളെ അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. ഇതിനുപുറമെ കണ്ണൂർ വിമാനത്താവളത്തിൽനിന്നും ജെറ്റ് എയർവേയ്സിനും ഗോഎയറിനും യഥാക്രമം ദമാമിലേയ്ക്കും അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അന്താരാഷ്ട്ര വ്യോമഗതാഗത വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. എയർ ഇന്ത്യ എക്സ്പ്രസും 6 ഗൾഫ് രാജ്യങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. മറ്റ് പത്തോളം വിമാന കമ്പനികളും ഇവിടെനിന്നും സർവ്വീസ് നടത്താനുള്ള അന്തിമ ചർച്ച നടന്നുവരുന്നു.

11.00 AM]

എന്നാൽ താരിഫ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി നടത്തിയ യോഗത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി വിമാന സർവ്വീസുകൾ നടത്തിയാൽ വലിയ വിമാനത്താവളങ്ങളുടെ പട്ടികയിൽ ഉൾപ്പെടുകയില്ലെന്നും തന്മൂലം താരിഫ് നിർണ്ണയിക്കാനാവില്ലെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ നിന്നും പിന്മാറണമെന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ അഭ്യർത്ഥന അടുത്ത ഡയറക്ടർ ബോർഡ് യോഗം പരിഗണിക്കുന്നതാണ്. യഥാർത്ഥത്തിൽ ഉഡാൻ സ്കീം വിമാനത്താവളത്തിന്റെ സുഗമമായ പ്രവർത്തനത്തിനും അതിന്റെ വിപുലീകരണത്തിനും തടസ്സമായി വരുമെന്നാണ് പറയുന്നത്. ചെറിയ കാര്യങ്ങൾക്കുവേണ്ടി മാത്രം രൂപീകരിച്ച ആ സ്കീമിനെ നമ്മൾ തെറ്റിദ്ധരിച്ചാണ് ഇതിന്റെ ഭാഗമാകാൻ ആദ്യം തയ്യാറായത്. അതിൽ നിന്ന് പിൻവാങ്ങുന്നത് നല്ലതെന്നാണ് ഇപ്പോൾ നമ്മൾ എടുത്തിട്ടുള്ള തീരുമാനം.

അന്താരാഷ്ട്ര സർവ്വീസുകളുടെ കാര്യത്തിൽ വിദേശ കമ്പനികളുടെ എയർ ക്രാഫ്റ്റുകൾ ഇവിടെ വരുന്നെങ്കിൽ മാത്രമേ ഇത് ലാഭകരമാകുയെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നീതി ആയോഗ് യോഗത്തിന് പോയപ്പോൾ പ്രധാനമന്ത്രിയോട് സംസാരിച്ച് ഇതിൽ ഇടപെടൽ വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇടപെടാമെന്ന് എനിക്ക് വാക്ക് തന്നിട്ടുണ്ട്. ഇതിന് ഫലപ്രദമായ നടപടിയുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

(2) <u>പ്രതികളെ കണ്ടെത്തൽ</u>

<u>ശ്രീ. പി. ഉണ്ണി:</u> സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ 14.11.2016-ന് അർദ്ധരാത്രിയിൽ ഒരു ഇരട്ടക്കൊലപാതകം നടന്നു. ഇതിന്റെ അന്വേഷണം ആദ്യഘട്ടത്തിൽത്തന്നെ മന്ദഗതിയിൽ നടക്കുന്നതാണെന്ന അഭിപ്രായം ജനങ്ങൾക്കുള്ളതുകൊണ്ട് അവർ ഒരു കമ്മിറ്റി രൂപീകരിച്ച് കേസ്സന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കേസ് ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നത് ക്രൈംബ്രാഞ്ചാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്രയും കാലതാമസമുണ്ടായിട്ടും കുറ്റവാളികളെ കണ്ടുപിടിക്കുന്ന കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. കുറ്റവാളികൾ ഏത് തരത്തിലുള്ളതാണെങ്കിലും, കൊള്ളയാണെങ്കിലും കൊലപാതകമാണെങ്കിലും കവർച്ചയാണെങ്കിലും ഏത് തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെയും അതിസമർത്ഥമായി, ശാസ്ത്രീയമായി പിടികൂടാൻ കെൽപ്പുള്ള, കഴിവുള്ള ഒരു പോലീസ് സേനയാണ് കേരളത്തിലുള്ളത് എന്നാണ് പൊതുവിൽ ജനങ്ങൾ

മനസ്സിലാക്കുന്നത്. ഞാൻ മനസ്സിലാക്കുന്നതും അങ്ങനെയാണ്. ഇത്രയും സന്നാഹങ്ങളും സൗകര്യങ്ങളും ഉണ്ടായിട്ടും കേരളത്തിലെ പോലീസ് സേനാവിഭാഗത്തിന്, പ്രത്യേകിച്ച് ക്രൈംബ്രാഞ്ചിന് ഈ കേസ്സിലെ കുറ്റവാളികളെ പിടികൂടാൻ കഴിയാത്തതിലുള്ള പരിഭ്രാന്തി അവിടത്തെ ജനങ്ങൾക്കുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ കേസ്സുമായി ബന്ധപ്പെട്ട കുറ്റവാളികളെ പിടികൂടാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് ശ്രീകൃഷ്ണപുരത്ത് ഗോപാലകൃഷ്ണനെയും ഭാര്യ അമ്മുക്കുട്ടി എന്ന് വിളിക്കുന്ന തങ്കമണിയെയും 14-11-2016-ന് രാത്രി ആരോ വീട്ടിൽ അതിക്രമിച്ച് കയറി കൊലപ്പെടുത്തി 3 പവൻ സ്വർണ്ണാഭരണം കവർച്ച ചെയ്തു. ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 753/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും തുടർന്ന് കേസ് ക്രൈംബ്രാഞ്ചിലേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. 185 സാക്ഷികളെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. പരിസരങ്ങളിലെ അന്യസംസ്ഥാനക്കാർ, സ്ഥലം കച്ചവട ബ്രോക്കർമാർ, കൊല്ലപ്പെട്ട ഗോപാലകൃഷ്ണനും തങ്കമണിയും ആധാരം ചെയ്യാനുദ്ദേശിച്ച സ്ഥലത്തിന്റെ ബ്രോക്കർ എന്നിവരെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. സംഭവ സ്ഥലത്തുനിന്ന് ലഭിച്ച വിരലടയാളങ്ങൾ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. പ്രദേശത്തെ മുഴുവൻ ഫോൺ വിളികളുടെയും വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കമ്പം, തേനി, ഒട്ടൻചത്രം എന്നിവിടങ്ങളിൽ അന്വേഷണം നടത്തിയിരുന്നു. സംഭവദിവസം സ്ഥലത്തുനിന്നും കാണാതായ പരിസരവാസിയെ ചോദ്യം ചെയ്തപ്പോൾ ഉത്തരങ്ങളിൽ വൈരുദ്ധ്യമുള്ളതിനാൽ ഈ വ്യക്തിക്ക് ബന്ധമുള്ള മദ്രാസിലെ പണമിടപാട് സ്ഥാപനങ്ങളിലും അന്വേഷണം നടത്തിയിരുന്നു. സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി അടിയന്തരമായി പ്രതികളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

### (3) കൊച്ചിൻ റിഫൈനറിയിൽ നിന്നുള്ള മലിനീകരണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കുന്നത്തുനാട് നിയോജക മണ്ഡലത്തിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറി നിലനിർത്തുവാനും ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും ഏറ്റവും കൂടുതൽ പ്രോത്സാഹനം കൊടുത്തിരുന്നു. ഇപ്പോൾ 24,500 കോടി രൂപയുടെ പ്രോജക്ട് പൂർത്തീകരിക്കുകയും തുടർന്ന് 4,500 കോടി രൂപയുടെ പെട്രോ കെമിക്കൽസ് എന്ന പ്രോജക്ട് വരാൻ പോകുകയുമാണ്. വികസന പ്രവർത്തനങ്ങൾക്കെല്ലാം

പഞ്ചായത്ത് ജനപ്രതിനിധികളും എം.എൽ.എ., എം.പി. അടക്കമുള്ളവരും സംസ്ഥാന ഗവൺമെന്റും അവിടെയുള്ള ജനങ്ങളും നൂറുശതമാനം പിന്തുണ കൊടുക്കുകയാണ്. 24,500 കോടി രൂപയുടെയും 4,500 കോടി രൂപയുടെയും പ്രോജക്ടുകളൊക്കെ വന്നതിനുശേഷം പരിസരവാസികളായ ആളുകൾക്ക് ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം അമ്പലമേട് ഹയർ സെക്കൻഡറി സ്കൂളിൽ റിഫൈനറിയിൽ നിന്നുള്ള വാതകചോർച്ചയെ തുടർന്ന് ആ സ്കൂൾ തന്നെ മാറ്റി സ്ഥാപിക്കേണ്ടി വന്നു. അത്തരത്തിൽ ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. അവിടെ കൊച്ചുകുട്ടികൾ മുതൽ പ്രായമായ ആളുകൾവരെ പരിസര മലിനീകരണത്തെ തുടർന്ന് ചികിത്സയിലാണ്. ഇപ്പോൾ ഈ സ്ഥലം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് സമീപവാസികളായ ആളുകളും പഞ്ചായത്തുകളും റസിഡന്റ്സ് അസോസിയേഷനുകളും സമരം ചെയ്യുന്നു. ഞാനും ആ സമരത്തിൽ പങ്കെടുത്തിട്ടുള്ള ആളാണ്.

അവിടെ ഗ്രീൻ ബെൽറ്റുണ്ടെന്ന് ഇപ്പോൾ കമ്പനി പറയുന്നു. യഥാർത്ഥത്തിൽ ഗ്രീൻ ബെൽറ്റുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് തന്നെ പരിശോധിക്കേണ്ടതാണ്. ഈ മതിലിനോട് ചേർന്ന് ഒട്ടനവധി കുടുംബങ്ങൾ കഴിയുന്നതാണ് പ്രശ്നമായി വന്നിട്ടുള്ളത്. അവർക്ക് എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാവുന്ന സ്ഥിതിയാണ്. അവരുടെ ജീവനും ആരോഗ്യവും സംബന്ധിച്ച് ആശങ്ക സ്വാഭാവികമായും ഉണ്ടാകും. ആ സ്ഥലങ്ങൾ മറ്റാരും വാങ്ങില്ല. അതുകൊണ്ട് കൊച്ചിൻ റിഫൈനറി തന്നെ അവരുടെ നാളത്തെ എക്സ്പാൻഷനുവേണ്ടി ഉപയോഗിക്കുകയോ 500 മീറ്റർ ഗ്രീൻ ബെൽറ്റായി ഉപയോഗിക്കുകയോ ചെയ്യും. അത് ഗവൺമെന്റ് മുൻകയ്യെടുത്താൽ മാത്രമേ നടക്കുകയുള്ളൂ. റിഫൈനറിയോട് അഭ്യർത്ഥിച്ചപ്പോൾ ഞങ്ങൾക്ക് ഒരു പുതിയ പ്രോജക്ട് വന്നാൽ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം കൊച്ചിൻ റിഫൈനറിയുടെ ഇവിടെയുള്ള ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്താൽ നടക്കില്ല, പകരം മുംബെയിലെ ചെയർമാൻ ഉൾപ്പെടെയുള്ളവരോട് ഈ സ്ഥിതിവിശേഷം ഗൗരവമായി ബോദ്ധ്യപ്പെടുത്തണം. ഈ ഗവൺമെന്റ് സപ്പോർട്ട് ചെയ്യുന്നതുകൊണ്ടാണ് അവിടെയുള്ള എല്ലാ കാര്യങ്ങളും നടന്നുപോകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ട് മുംബെയിലുള്ള ചെയർമാനുമായി സംസാരിച്ച് പരിസരവാസികളായിട്ടുള്ള ആളുകളുടെ സമരവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെട്ട് അവരുടെ ജീവൻ സംരക്ഷിക്കുവാനും ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും സ്ഥലം അടിയന്തരമായി ഏറ്റെടുക്കുവാനുമുള്ള നടപടി സ്വീകരിക്കണം. ആ സ്ഥലത്തിന്റെ വിലയെ സംബന്ധിച്ച് കളക്ടർ തീരുമാനമെടുത്താൽ മതി. അതിൽ—ആർക്കും തർക്കമില്ല. അടിയന്തരമായി 500 മീറ്ററെങ്കിലും ഗ്രീൻ ബെൽറ്റാക്കി മാറ്റി പരിസരവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കൊച്ചിൻ റിഫൈനറി ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വളരെ രൂക്ഷമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ്, അവിടെ ഒരു പെറ്റ് കോക്ക് പ്ലാന്റ് പുതിയതായി പ്രവർത്തനമാരംഭിച്ചു. അതിനുശേഷം ഇപ്പോഴുള്ള വിഷയത്തിന്റെ പ്രശ്നങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. അതിൽ നിന്നുണ്ടാകുന്ന കാർബൺ പൊടി ആ പരിസരമാകെ പടർന്നുപിടിച്ച് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കുഞ്ഞുങ്ങൾക്കുൾപ്പെടെ ഉണ്ടാകുന്നുണ്ട്. അതിന്റെ ചുറ്റുമുള്ള പാടശേഖരങ്ങൾ കൃഷിയോഗ്യമല്ലാതെയായിട്ട് 40 വർഷത്തോളം പിന്നിടുകയാണ്. ചിത്രപ്പുഴ ഉൾപ്പെടെ ഏതാനും പ്രദേശങ്ങളിലുള്ള പാടശേഖരങ്ങൾ ഏറ്റെടുക്കണമെന്നാണ് പറയുന്നത്. അവർക്കിനി ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങൾ ഏറ്റെടുത്ത് ഗ്രീൻ ബെൽറ്റ് വ്യാപിപ്പിക്കുവാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയണം. അതോടൊപ്പംതന്നെ അവിടെ ടാങ്കർ ലോറികൾ പാർക്ക് ചെയ്യുന്നതുകൊണ്ട് ഗതാഗതപ്രശ്നങ്ങൾ ഉണ്ടാകുകയും അതിന്റെ പേരിൽ അപകടങ്ങളും ഉണ്ടാകുന്നുണ്ട്. കൊച്ചിൻ റിഫൈനറി പലപ്പോഴും അവിടത്തെ ജനങ്ങളുമായി സഹകരിച്ചു പോകാത്ത നിലയിലാണുള്ളത്. അതുകൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വളരെ രൂക്ഷമാണ്, പാടശേഖരങ്ങളും തോടുകളും മലിനമാകുന്നു. അതോടൊപ്പം ചിത്രപ്പുഴമാമല ബണ്ട് റോഡ് രൂപീകരിക്കാനായി ഒരു പദ്ധതി അവിടെയുണ്ട്. പ്രസ്തുത സ്ഥലത്തുകൂടി ഇപ്പോൾ ഗ്യാസ് പൈപ്പ് ലൈൻ പോയിരിക്കുകയാണ്. തന്മൂലം ആ പദ്ധതി അനിശ്ചിതത്വത്തിലെത്തി നിൽക്കുന്നു. അത്തരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് ഇടപെടാൻ കളക്ടറുൾപ്പെടെ റിഫൈനറി അധികൃതരോട് ആവശ്യപ്പെട്ടിട്ടും അവർ നിഷേധാത്മക സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ– ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ച് ഈ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് ബി.പി.സി.എൽ. പുത്തൻകുരിശ് വില്ലേജിൽ ബി.പി.സി.എൽ. കമ്പനിക്ക് ചുറ്റും താമസിക്കുന്ന നിരവധി റെസിഡന്റ്സ് അസോസിയേഷനുകൾ മലിനീകരണം സംബന്ധിച്ച് പരാതികൾ നൽകിയിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രദേശത്ത് മലിനീകരണം വളരെ കൂടുതലാണെന്നും മതിയായ ബഫർ സോൺ, ഗ്രീൻ ബെൽറ്റ് എന്നിവ സ്ഥാപിക്കണമെന്നും അല്ലെങ്കിൽ തങ്ങളുടെ ഭൂമികൂടി കമ്പനി ഏറ്റെടുക്കണമെന്നുമാണ് അസോസിയേഷനുകളുടെ ആവശ്യം.

ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം 18.01.2018-ൽ വ്യവസായ വകുപ്പ് വിളിച്ചുചേർത്തിരുന്നു. സ്ഥലം ഏറ്റെടുക്കണമെന്ന ആവശ്യത്തിൽ ബി.പി.സി.എൽ.-ന്റെ ഭാവി വളർച്ചയ്ക്ക് അനിവാര്യമെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് പരിഗണിക്കുന്നതിന് ബി.പി.സി.എൽ.-ന്റെ ഉന്നത സമിതി യോഗം ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. കേന്ദ്ര നിയമം, മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന തരത്തിലുള്ള അകലം, ഗ്രീൻ ബെൽറ്റ്, ബഫർ സോൺ എന്നിവയുടെ അടിസ്ഥാനത്തിലുള്ള നടപടി ബി.പി.സി.എൽ. സ്വീകരിക്കുകവഴി ജനങ്ങളുടെ ആശങ്കയകറ്റണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. റിഫൈനറിക്ക് ചുറ്റും അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം 24 മണിക്കൂറും നിരീക്ഷിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനെ ഓൺലൈൻ വഴി തൽസമയം അറിയിക്കുന്നുവെന്നും ഇരുപതിനായിരത്തോളം കോൺട്രാക്ട് തൊഴിലാളികളും രണ്ടായിരത്തോളം റിഫൈനറി സ്റ്റാഫും പ്രത്യേക ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാതെ ഇവിടെ വർഷങ്ങളായി ജോലി ചെയ്യുന്നുവെന്നും കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പനി പുറന്തള്ളുന്ന പാഴ് വായു, പാഴ് ജലം എന്നിവയുടെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന പരിധിയിൽ നിന്ന് നേരിയ തോതിൽപോലും മാറ്റമുണ്ടായാൽ മുന്നറിയിപ്പ് നൽകുന്ന ഓട്ടോമാറ്റിക് അലെർട്ട് സംവിധാനം നിലവിലുണ്ട്. കമ്പനി മലിനീകരണ നിയന്ത്രണ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി. 18.01.2018-ലെ യോഗ തീരുമാനപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്യും.

### (4) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്

ശ്രീ. എ. എം. ആരിഫ്: സർ, മിശ്രവിവാഹിതരായ ദമ്പതിമാരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ അവരുടെ മക്കൾക്ക് വരുമാനപരിധി ബാധകമല്ലാതെ തന്നെ ആനുകൂല്യങ്ങൾക്ക് 1961 മുതൽ അർഹതയുണ്ടായിരുന്നു. 1977,1978 എന്നീ കാലയളവിൽ ഇതിന് സ്പഷ്ടീകരണം നൽകി ആനുകൂല്യങ്ങൾ തുടർന്നിരുന്നു. എന്നാൽ 24.4.1979-ലെ ജി.ഒ.നം. 806/ 79/ഡി.ഡി.ഒ. ഉത്തരവുപ്രകാരം മാതാപിതാക്കളിൽ ഒരാൾ പിന്നാക്കമായാൽ അവരുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കിയിട്ടുണ്ട്. അടുത്തകാലത്തുവരെ ഇത് തുടർന്നിരുന്നു. അതിനുശേഷം മണ്ഡൽകമ്മീഷൻ ശിപാർശപ്രകാരം പിന്നാക്കക്കാർക്കുകൂടി ക്രീമിലെയർ ബാധകമാക്കി സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചു. പട്ടികജാതിക്കാർ മിശ്രവിവാഹിതരാണെങ്കിൽ അവരുടെ മക്കൾ

ഏത് ജാതി വ്യവസ്ഥയനുസരിച്ച് ജീവിക്കുന്നുവെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകണമെന്ന് 2008-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പട്ടിക ജാതിക്കാർ മുന്നോക്ക ജാതിക്കാരെ വിവാഹം കഴിച്ചാലും അവരുടെ സാമൂഹ്യ സാഹചര്യങ്ങൾ മെച്ചപ്പെട്ടതായി പറയാനാകില്ലെന്ന വിലയിരുത്തലിലായിരുന്നു ഈ ആനുകൂല്യങ്ങൾ നൽകി ഉത്തരവുണ്ടായിരുന്നത്. എന്നാൽ സംസ്ഥാനത്തെ തഹസീൽദാർമാർ ഈ ഉത്തരവുകളെ തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ ദുർവ്യാഖ്യാനം ചെയ്ത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തുടങ്ങി. അതുപ്രകാരം ചാവക്കാട് തഹസീൽദാർ ഒരുതവണ ഇഷ്യൂ ചെയ്ത നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തതിനെതിരായി ശ്രീ. വിനേഷ് എന്നയാൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അനുകൂലമായ വിധി സമ്പാദിച്ച് തൃശ്ശൂർ ആർ.ഡി.ഒ. കേട്ട് ഉത്തരവ് കൊടുക്കാൻ പറഞ്ഞു. 22-7-2017-ൽ മാതാപിതാക്കളിൽ പിന്നാക്കം നിൽക്കുന്ന അമ്മയുടെ ജാതി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകാനും തഹസീൽദാരുടെ ഉത്തരവ് റദ്ദ് ചെയ്യാനും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൊടുക്കാനും തയ്യാറായി. എന്നാൽ ഇതെല്ലാം കാറ്റിൽപ്പറത്തി 23-2-2018-ൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ചേർത്തല തഹസീൽദാർ നൽകിയ കത്തിന് മറുപടിയായി മാതാപിതാക്കളിൽ ഒരാൾ ഉയർന്ന സാമൂഹ്യ പരിധിയുള്ള ആളായാൽ അവരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് അർഹതയില്ലെന്ന് വ്യക്തമാക്കിയാണ് നൽകിയത്. അതിൽ കേന്ദ്ര പേഴ്സണൽ ആന്റ് ട്രെയിനിംഗ് മന്ത്രാലയത്തിലെ 14-10-2014-ലെ ഒരു ജി.ഒ. കൂടി ക്വാട്ട് ചെയ്തിട്ടുണ്ട്. അത് എന്താണെന്ന് വ്യക്തമല്ല. പിന്നീടത് ശരിവയ്ക്കുന്ന ഒരുത്തരവാണ് പിന്നാക്ക വിഭാഗ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി അണ്ടർ സെക്രട്ടറി ഇറക്കിയിരിക്കുന്നത്. മിശ്രവിവാഹിതരിൽ ഒരാൾ മുന്നോക്ക സമുദായ അംഗമാണെങ്കിൽ അവരുടെ മക്കൾ മേൽത്തട്ട് പരിധിയിൽ വരില്ലെന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് അർഹതയില്ലെന്നുമാണ് പ്രസ്തുത ഉത്തരവിൽ പറയുന്നത്. ഇത് തൊഴിൽരംഗത്ത് വലിയ പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് നേരത്തെ നിലനിന്നിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തിരുത്തൽ ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി ഇ.എസ്. ബിജിമോൾ)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

സർ, മിശ്രുവിവാഹിതരുടെ കുട്ടികൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. മിശ്രുവിവാഹിതരിൽ ഒരാൾ പിന്നാക്ക വിഭാഗത്തിൽപ്പെട്ടതും മറ്റേയാൾ മുന്നോക്ക വിഭാഗത്തിൽപ്പെട്ടതുമാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് നിലവിലുള്ള 1979-ലെ സർക്കാർ ഉത്തരവുപ്രകാരം ഒ.ബി.സി. ആനുകൂല്യം ലഭിക്കും. എന്നാൽ ക്രീമിലെയർ നടപ്പിലാക്കിയ സുപ്രീംകോടതിയുടെ ഇന്ദിരാ സാഹ്നി കേസിലെ വിധിയെത്തുടർന്ന് ഒ.ബി.സി. വിഭാഗങ്ങൾക്ക് അവർ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണെങ്കിൽ സ്വാഭാവികമായും സംവരണം ലഭിക്കുന്നതിന് ക്രീമിലെയർ പരിധികൂടി പരിഗണിക്കേണ്ട സാഹചര്യം നിലവിൽ വന്നു. മാതാപിതാക്കളുടെ പദവിയും വരുമാന പരിധിയും ചേർത്താണ് ക്രീമിലെയർ അർഹത നിശ്ചയിക്കുന്നത്. സാമൂഹ്യമായി ഉന്നത പദവിയിലുള്ള മുന്നോക്ക വിഭാഗങ്ങളെ മേൽത്തട്ടായി പരിഗണിച്ച് അവരെ ക്രീമിലെയർ ആയാണ് പരിഗണിക്കുന്നത്. അവർക്ക് ആനുകൂല്യം ലഭിക്കുകയില്ല. ഇതേ തത്വം മിശ്രുവിവാഹിതരിലെ ഒ.ബി.സി. സർട്ടിഫിക്കറ്റിന് അർഹതയുള്ള കുട്ടികൾക്കും ബാധകമാണ്.

എന്നാൽ കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 2006 മുതൽ 2008 വരെയുള്ള നാലാമത് റിപ്പോർട്ടിൽ മിശ്രു വിവാഹിതരിൽ ഒരാൾ മുന്നോക്ക ജാതിക്കാരനും ഒരാൾ പിന്നാക്ക ജാതിയിൽപ്പെട്ട ആളുമാണെങ്കിൽ മക്കൾക്ക് പിന്നാക്ക വിഭാഗത്തിന് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യം, തൊഴിൽ സംവരണം എന്നിവ ലഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഒരാൾ മറ്റിതര സമുദായങ്ങളിൽപ്പെട്ട ഒരാളുമായി മിശ്രുവിവാഹത്തിൽ ഏർപ്പെടുമ്പോൾ അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യത്തിന് അർഹതയുണ്ടോയെന്ന കാര്യം സർക്കാർ മുമ്പ് പരിശോധിച്ചതാണ്. ഇതിനെത്തുടർന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് ഒരുത്തരവ് പുറപ്പെടുവിക്കുകയും അതുപ്രകാരം പ്രസ്തുത മിശ്രുവിവാഹ ദമ്പതികളുടെ മക്കൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആചാരങ്ങൾ പ്രകാരം ജീവിച്ചുവരികയും മുന്നോക്ക വിഭാഗക്കാരുടെ ആചാരങ്ങൾക്ക് അനുസരിച്ചല്ല ജീവിക്കുന്നത് എന്ന് തെളിയിക്കുന്ന കേസുകളിൽ അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ജാതി സർട്ടിഫിക്കറ്റിന് സംവരണം, വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയ എല്ലാ ആനുകൂല്യങ്ങൾക്കും അർഹത നൽകിയിട്ടുമുണ്ട്. മിശ്രുവിവാഹിതരിൽ അച്ഛൻ പട്ടികജാതിയിൽപ്പെട്ടാൽ മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ എന്ന സുപ്രീംകോടതി വിധിയാണ് അന്ന് ഉണ്ടായിരുന്നത്. ആ വിധി നിലനിൽക്കുമ്പോൾ തന്നെയാണ് ഈ രൂപത്തിൽ 2008-ൽ ഗവൺമെന്റ് ഒരുത്തരവ് കൊടുത്തത്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പിന്നീട് വന്ന സുപ്രീംകോടതി വിധിയിൽ ആ ഭാഗവുമായി

ബന്ധപ്പെട്ട് പ്രശ്നം ഉണ്ടായിരുന്നില്ല. എന്നാൽ പിന്നാക്ക വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ മക്കൾക്ക് ഇതുപ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ഉത്തരവ് പ്രത്യേകമായി ഇറക്കിയിട്ടില്ല. ഇന്ദിരാ സാഹ്നി കേസിലെ വിധിയെത്തുടർന്ന് പിന്നാക്ക വിഭാഗങ്ങളിലെ ക്രീമിലെയർ സംവരണാനുകൂല്യത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനാൽ ഇതുസംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ച രീതിയിൽ സമാനമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. അതുകൊണ്ടുതന്നെ നിയമസഭാ സമിതി ശിപാർശ ചെയ്തതുപോലെ ഇക്കാര്യത്തിൽ ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല, എക്സിക്യൂട്ടീവ് ഓർഡറിന്റെ ആവശ്യം മാത്രമേയുള്ളൂ. നിലവിൽ പിന്നാക്ക വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ മക്കൾക്ക് ഒ.ബി.സി. ആനുകൂല്യത്തിന് അർഹത നൽകുമ്പോൾ അവരിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിന് മാതാപിതാക്കളുടെ സാമൂഹിക പദവി നിർണ്ണയിക്കുന്നതിനുള്ള വ്യക്തമായ ഉത്തരവുകളുടെ അഭാവത്തിലാണ് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച പ്രസ്തുത വിഷയം ഉണ്ടായിട്ടുള്ളത്. ഈ വിഷയം സർക്കാരിന്റെ അടിയന്തര പരിഗണനയിലുള്ളതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ബാധകമായ 20-11-2008-ലെ ഉത്തരവിന് സമാനമായി പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിന് വ്യക്തമായ മാനദണ്ഡം പുറപ്പെടുവിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്.

## (5) പട്ടയവിതരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി പാവപ്പെട്ടവർ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പിന്റെ ചെറിയ ശ്രദ്ധയുണ്ടായാൽ മാത്രമേ ദ്രുതഗതിയിൽ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. പക്ഷേ വിതരണം ചെയ്യാൻ കഴിയുന്ന പല പട്ടയങ്ങളും ഇപ്പോൾ വിതരണം ചെയ്യുന്നില്ല. അത്തരമൊരു പ്രശ്നമാണ് എന്റെ മണ്ഡലത്തിലെ തേങ്കുറിശ്ശി വില്ലേജിൽ സ്ഥിരതാമസക്കാരായ, പതിറ്റാണ്ടുകളായി കുടികിടപ്പുകാരായ നിരവധി പട്ടികജാതി പിന്നോക്കവിഭാഗ കുടുംബങ്ങൾ അഭിമുഖീകരിക്കുന്നത്. ഈ വില്ലേജിൽ ഏതാണ്ട് ഒൻപത് മൈക്രോഫിനാൻസ് കമ്പനികൾ വട്ടമിട്ട് പറന്നുകൊണ്ടിരിക്കുകയാണ്. തുടർച്ചയായി ആറ് ആത്മഹത്യകളാണ് ഇക്കാലത്തുണ്ടായിട്ടുള്ളത്. അതിന് കാരണം, ഇവർക്ക് അടിസ്ഥാനരേഖയോ ആധാരമോ ഇല്ലാത്തതിനാൽ ബാങ്കുകൾക്ക് വായ്പ കൊടുക്കാൻ സാധിക്കുന്നില്ല. ഇത് മുതലാക്കിയാണ് മൈക്രോഫിനാൻസ് കമ്പനികൾ ചൂഷണം നടത്തുന്നത്. ഈ പ്രദേശം കൊച്ചിൻ ദേവസ്വം ബോർഡിന്റെ

അധീനതയിൽ ഏതോ കാലത്തുണ്ടായിരുന്നുവെന്ന അവകാശവാദം ചൂണ്ടിക്കാണിച്ചാണ് പട്ടയ വിതരണ നടപടികൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുന്നത്. റേഷൻകാർഡും ഐ.ഡി. കാർഡും ആധാർ കാർഡുമുള്ള നിരവധി തലമുറകളായി അവിടെ താമസിക്കുന്ന എല്ലാവർക്കും ഇത് ബോധ്യപ്പെടുന്ന കാര്യമാണ്. അവിടെ താമസിക്കുന്ന പലരും പ്രാഥമിക വിദ്യാഭ്യാസംപോലും ഇല്ലാത്തവരാണ്. നിർദ്ധനരായ ഇവരിൽ പലരും മഹാരോഗത്തിന് അടിമപ്പെട്ട് കഴിയുന്നവരാണ്. പരാശ്രയമില്ലാതെ ജീവിക്കാൻ കഴിയാത്തവരാണ്, പല കുടുംബാംഗങ്ങളും പ്രായാധിക്യം നേരിടുന്നവരാണ്. അപേക്ഷ കൊടുക്കാൻപോലും കഴിയുന്ന അവസ്ഥയിലല്ല അവരുള്ളത്. ഈ അവസ്ഥ മനസ്സിലാക്കി, പ്രസ്തുത പ്രദേശത്ത് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക അദാലത്ത് സംഘടിപ്പിച്ച് അപേക്ഷകൾ എഴുതിവാങ്ങി പട്ടയവിതരണം നടത്തണം. അല്ലെങ്കിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖാന്തിരം ഒന്നിച്ച് അപേക്ഷകൾ സമർപ്പിച്ചാൽ, മറ്റ് നടപടിക്രമങ്ങളെല്ലാം ലഘൂകരിച്ച് ഏറ്റവും വേഗതയിൽ പട്ടയം ലഭ്യമാക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവില്വാമല ക്ഷേത്രത്തിന്റെ സമീപത്തുള്ള തേങ്കുറിശ്ശി വില്ലേജിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേരള ഭൂപരിഷ്കരണനിയമം 1963 പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത്. ഈ കേസ്സുകൾ പാലക്കാട് ദേവസ്വം ലാന്റ് ട്രിബ്യൂണലിലാണ് പരിഗണിക്കുന്നത്. നിലവിലെ ചട്ടങ്ങൾ പ്രകാരം ഇത്തരം കേസ്സുകൾ ബന്ധപ്പെട്ട കക്ഷികൾ 1964-നുമുമ്പ് കുടിയാന്മാരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഉൾപ്പെടെയുള്ളവ ഹാജരാക്കേണ്ടതാണെന്നും അപേക്ഷ കക്ഷിയേയും ബന്ധപ്പെട്ട ദേവസ്വം പ്രതിനിധികളെയും വിചാരണ നടത്തേണ്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പട്ടയം വിതരണം നടത്താൻ പാടുള്ളൂവെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 1964-ന് മുമ്പുള്ള രേഖകൾ ഹാജരാക്കുന്നതിന് പലർക്കും കഴിയാത്ത അവസ്ഥയുണ്ട്. ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഭേദഗതി ചട്ടങ്ങൾ തയ്യാറാക്കി അംഗീകരിച്ചു നൽകിയെങ്കിലും നിയമതടസ്സമുണ്ടെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയത് ചട്ടങ്ങളായി പുറപ്പെടുവിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ കുടിയായ്മ തെളിയിക്കുന്നതിന് ജന്മിമാർ ഒന്നോ രണ്ടോ പ്രാവശ്യം ഹാജരാകാതിരുന്നാൽ എക്സ്പാർട്ടി ആക്കി ഉത്തരവ് നൽകാവുന്നതാണെന്നും കുടിയായ്മ തെളിയിക്കുന്നതിന് ഡോക്യുമെന്ററി എവിഡൻസ് ഇല്ലാത്തിടത്ത് ഓറൽ എവിഡൻസ് മതിയാകുന്നതാണെന്നും ലാന്റ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് വില്ലേജ് ഓഫീസർമാരെക്കൂടി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസ്സുകൾ അടിയന്തരമായി തീരുമാനിക്കുന്നതിന് നിർദ്ദേശം

നൽകിയിട്ടുള്ളതാണ്. പട്ടികജാതി പട്ടിവർഗ്ഗ വിഭാഗത്തിൽപ്പെട്ട വളരെ പാവപ്പെട്ട ആളുകൾ വർഷങ്ങളായി താമസിക്കുന്ന സ്ഥലത്തിന്റെ വ്യക്തമായ രേഖകൾ അവരുടെ കൈവശമില്ലാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രിബ്യൂണലുകൾ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതേയുള്ളൂ. ഇത്തരം വിഷയത്തിൽ എത്രയുംവേഗം തീരുമാനമുണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (6) തീരദേശവാസികളെ മാറ്റി താമസിപ്പിക്കൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കഴിഞ്ഞ ആറ് മാസക്കാലമായി കയ്പമംഗലത്തിന്റെ കടൽത്തീരം ഏറെ പ്രക്ഷുബ്ധമാണ്. പ്രത്യേകിച്ച് എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം മേഖലയിലും മുമ്പെങ്ങുമില്ലാത്തവിധത്തിൽ രൂക്ഷമായ കടലാക്രമണം തുടരുകയാണ്. അൻപതോളം വീടുകൾ പൂർണ്ണമായും അതിലേറെ വീടുകൾ ഭാഗികമായും തകർന്നിരിക്കുന്നു. ഒരായുസ്സിന്റെ വിയർപ്പുകൊണ്ടുണ്ടാക്കിയ വീടുകൾ തകർന്ന് വീഴുന്നത് ഹൃദയഭേദകമാണ്. തീരദേശ ജനതയെ രക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒരുപോലെ കടപ്പെട്ടിരിക്കുന്നുവെങ്കിലും എല്ലാവരുടെയും പ്രതീക്ഷയും പ്രത്യാശയും സംസ്ഥാന സർക്കാരിൽ മാത്രമാണ്. 18 കിലോമീറ്ററോളം നീളമുള്ള വിശാലമായ കടൽത്തീരമാണ് എന്റെ മണ്ഡലത്തിലുള്ളത്. ഇക്കഴിഞ്ഞ ഓഖി ചുഴലിക്കാറ്റിനുശേഷം കടൽ ഇതുവരെ ശാന്തമായിട്ടില്ല. കടൽഭിത്തിയില്ലാത്ത വിടവുകളിലൂടെ വെള്ളവും ചെളിയും ഏകദേശം ഒരു കിലോമീറ്ററോളം ഒഴുകുന്നതുകൊണ്ട് നാട്ടിലെ കുടിവെള്ളവും കൃഷിയും താറുമാറാക്കിയിരിക്കുന്നു. ആശങ്കാകുലരായ തീരദേശ ജനതയുടെ കടുത്ത പ്രതിഷേധമാണ് ജനപ്രതിനിധികൾക്ക് സാക്ഷ്യം വഹിക്കേണ്ടിവരുന്നത്. ഇന്ത്യയുടെ അതിർത്തി സംരക്ഷണം എന്ന അർത്ഥത്തിൽ തന്നെ കടൽഭിത്തി നിർമ്മാണം കേന്ദ്ര സർക്കാരിന്റെ പ്രധാന അജണ്ടയായി മാറേണ്ടതായിരുന്നു. അവർ അതിൽ നിന്നെല്ലാം ഒഴിഞ്ഞ് നിൽക്കുകയാണ്. കടലാക്രമണസാധ്യത കൂടുതലുള്ള സ്ഥലങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുകയും അത്തരം പ്രദേശങ്ങളിൽ ശക്തവും ദൃഢവുമായ കടൽഭിത്തിയോ മറ്റ് ആധുനിക പ്രതിരോധ മാർഗ്ഗങ്ങളോ ചെയ്യുക എന്നതാണ് ഒരു പരിഹാരം. കടലിൽ നിന്നും 50 മീറ്റർ ദൂരത്ത് താമസിക്കുന്ന മുഴുവൻ ആളുകളെയും മാറ്റിപ്പാർപ്പിക്കുന്നതിന് 10 ലക്ഷം രൂപ ഓരോ വീട്ടുകാർക്കും നൽകുന്ന പദ്ധതിയും ഉടൻതന്നെ നടപ്പിലാക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുക എന്നതാണ് ഏറെ പ്രാധാന്യമുള്ള വിഷയം. വ്യക്തികൾ വിട്ടുതരുന്ന ഭൂമിയോ സർക്കാർ ഭൂമിയോ സർക്കാർ ഏറ്റെടുക്കുന്ന ഭൂമിയോ കണ്ടെത്തേണ്ടതുണ്ട്. എന്റെ മണ്ഡലമായ കയ്പമംഗലത്തിൽത്തന്നെ ഉത്തരവുകളും വിജ്ഞാപനങ്ങളും ഇറങ്ങിയിട്ടും സ്ഥലം ഉടമ വിട്ടുതരാമെന്ന് സമ്മതിച്ച സ്ഥലം പോലും ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. കടലാക്രമണത്തിന്റെ തീവ്രതയ്ക്കനുസരിച്ച് അത്തരം പ്രദേശങ്ങളിലുള്ള വീട്ടുകാരെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളും

അപകടസാധ്യത കുറയ്ക്കാനുള്ള ആധുനിക മുന്നറിയിപ്പ് സംവിധാനവും ജിയോട്യൂബ് തുടങ്ങിയ ആധുനിക മാർഗ്ഗങ്ങളും വീട് നിർമ്മിക്കാനുള്ള ഭൂമി കണ്ടെത്താനുള്ള നടപടികളും അടിയന്തരമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശങ്ങളിൽ കടലാക്രമണം രൂക്ഷമാണ്. അഴീക്കോട് വില്ലേജിലെ കടലോരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം നേരത്തെതന്നെ നിവേദനം തന്നിട്ടുള്ളതാണ്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ആമിനബായി എന്ന രമാഭായിയുടെ പക്കൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്ത, ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി മാറ്റിവച്ച കൊടുങ്ങല്ലൂർ താലൂക്ക് അഴീക്കോട് വില്ലേജിലുള്ള സർവ്വേ 670(1)-ൽപ്പെട്ട ഒരേക്കർ ഇരുപത് സെന്റ് സ്ഥലം കടൽഭിത്തിക്ക് പടിഞ്ഞാറ് തീരദേശത്ത് താമസിക്കുന്ന 23 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് മുൻഗണന നൽകണമെന്ന് ഭൂമിപതിവ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി റിസർവ് ചെയ്ത ഭൂമിയായതുകൊണ്ട് ഭൂമി മാറ്റി നൽകുന്നതിന് തീരുമാനമെടുക്കുന്നത് സംബന്ധിച്ച വിഷയം റവന്യൂ വകുപ്പിന്റെ A4/305/17/Rev.Dept. ഫയലിൽ കൈകാര്യം ചെയ്തുവരികയാണ്. കയ്പമംഗലം മണ്ഡലത്തിൽ ഏറിയാട് ഗ്രാമപഞ്ചായത്തിൽ അഴീക്കോട് സർവ്വേ നമ്പർ 451-ൽപ്പെട്ട മിച്ചഭൂമി ഏറ്റെടുത്ത് ലാന്റ് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭൂമിയും ഇവരെ മാറ്റി പാർപ്പിക്കുന്നതിനു വേണ്ടി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത നടപടിക്കെതിരെ ഭൂമി കൈവശം വച്ചുവരുന്ന ശ്രീകൃഷ്ണ ഷേണായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ലാന്റ് ബോർഡിന്റെ ഉത്തരവ് പുനഃപരിശോധിക്കാൻ ഉത്തരവായിട്ടുമുണ്ട്. അതനുസരിച്ച് താലൂക്ക് ലാന്റ് ബോർഡ് ഉത്തരവ് പുനഃപരിശോധിച്ച് അപ്രകാരം ഉത്തരവാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയും കൂടി ഉപയോഗിച്ച് കടൽത്തീരത്ത് താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ച കടലാക്രമണം, അതിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### (7) മലയോര കർഷകർക്ക് പട്ടയം

ശ്രീ. മുരളി പെരുനെല്ലി: സർ, എല്ലാവരേയും ഭൂമിയുടെ ഉടമകളാക്കുക എന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് അടിയന്തരമായി പട്ടയം നൽകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പട്ടയവിതരണം വേഗത്തിലാക്കാൻ എല്ലാ ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റി

രൂപീകരിച്ചത് സ്വാഗതാർഹമാണ്. ഭക്ഷ്യക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ മലയോര മേഖലയിൽ കുടിയേറിപ്പാർത്ത് അദ്ധ്വാനിച്ച്, കൃഷിയിറക്കി, വീട് വച്ച്, തലമുറകളായി ഭൂമി കൈവശം വച്ച് താമസിക്കുന്ന ഒരു വിഭാഗം ജനങ്ങൾക്ക് ഇന്നും സ്വന്തമായി പ്രമാണമില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. കേന്ദ്രാനുമതി ലഭിച്ച ലിസ്റ്റുപ്രകാരം തൃശ്ശൂർ ജില്ലയിൽ 7375 പേർക്കായി 2800 ഹെക്ടർ ഭൂമി പതിച്ചുനൽകുന്നതിന് നിയമതടസ്സമില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇവയിൽ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് അടക്കമുള്ള രേഖകൾ നഷ്ടപ്പെട്ടതോ രേഖകൾ ലഭ്യമല്ലാത്തതോ ആയ നിരവധി കർഷകരുണ്ട്. പട്ടയം ലഭിച്ചവർക്കുതന്നെ ഉപാധികളോട്ടുകൂടിയ പട്ടയമാണ് ലഭിച്ചിരിക്കുന്നത്. പട്ടയം ലഭിക്കാത്തവർക്ക് കൈവശാവകാശരേഖ വയ്ക്കാൻ അർഹതയുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥർ വ്യത്യസ്തമായ സമീപനമാണ് ഓരോ പ്രദേശത്തും സ്വീകരിക്കുന്നത്. പട്ടയം ലഭിക്കാൻ അർഹതയുണ്ടായിട്ടും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പട്ടയം നിഷേധിക്കപ്പെട്ട കർഷകരെ കയ്യേറ്റക്കാരെന്ന പരിവേഷം ചാർത്തി ഫോറസ്റ്റ് ഉദ്യോഗസ്ഥർ നിരന്തരമായി ശല്യം ചെയ്യുന്നുവെന്ന വ്യാപകമായ പരാതി ജില്ലയിൽ നിലവിലുണ്ട്. പട്ടയത്തിനുള്ള ലൈവായ അപേക്ഷകളിൽ ജെ.വി.ആർ. നൽകാത്തത്-391 എണ്ണം, രേഖകൾ ഹാജരാകാത്തതോ മരവില അടയ്ക്കാത്തതോ ആയവ -874 എണ്ണം, സർവ്വേ നമ്പർ രേഖപ്പെടുത്താത്തത് - 179 എണ്ണം, സർവ്വേ നമ്പർ വ്യത്യാസമുള്ളത് - 60 എണ്ണം തുടങ്ങി 1504 അപേക്ഷകൾ നിലവിലുണ്ട്. ജില്ലയിലെ പട്ടയപ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കൃഷിക്കാർ ഒരു തുടർസമരത്തിന് തയ്യാറെടുക്കുകയാണ്. അടിയന്തരമായി ഇവർക്ക് പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കുകയും അതിനാവശ്യമായ വിധത്തിൽ ബന്ധപ്പെട്ടവരുടെ അടിയന്തര യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെന്നുമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തൃശ്ശൂർ ജില്ലയിൽ 1-1-1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് അനുഭവിക്കുന്നവരിൽ സംയുക്ത പരിശോധന നടത്തി അർഹമെന്ന് കണ്ടെത്തിയതും കേന്ദ്രാനുമതി ലഭിച്ചതുമായ ആകെ ഭൂമിയുടെ വിസ്തീർണ്ണം 2726.3877 ഹെക്ടറും ആകെ കൈവശക്കാരുടെ എണ്ണം 7375-ഉം ആണ്. ആയതിൽ നാളിതുവരെ 1196.6057 ഹെക്ടർ വിസ്തീർണ്ണം ഉൾപ്പെടുന്ന 4056 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ച വിസ്തീർണ്ണത്തിൽ 1529.782 ഹെക്ടർ ഭൂമിക്ക് 1404 പട്ടയങ്ങൾ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്. ഇതിൽ 391 കേസുകളിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ലാത്തതിനാലും 774 കേസുകളിൽ വൃക്ഷവില നിശ്ചയിച്ച് കിട്ടാത്തതിനാലും ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 179 കേസുകളും എൻ.ആർ.എഫ്. കേസുകളും 60 കേസുകൾ സർവ്വേ നമ്പരിൽ വ്യത്യാസമുള്ളതിനാലും പട്ടയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്.

ശേഷിക്കുന്ന 1915 കൈവശക്കാർ ഫോം നമ്പർ 2-ൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്. ഇവകൂടാതെ കോടതി വ്യവഹാരത്തിലിരിക്കുന്ന 10 കേസ്സുകൾക്കും പട്ടയം നൽകിയിട്ടില്ല. വനഭൂമി പതിവിന് അപേക്ഷിച്ചിട്ടുള്ളവരിൽ കേന്ദ്രാനുമതി ലഭിച്ചതും എന്നാൽ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതുമായ കേസ്സുകളിൽ പട്ടയം നൽകുവാൻ സാധിച്ചിട്ടില്ലെന്ന് കണ്ടതിനെ തുടർന്ന് അപേക്ഷകരുടെ കൈവശമോ വനം വകുപ്പിന്റെ കൈവശമോ പരിശോധന സംബന്ധിച്ച രേഖകളുണ്ടെങ്കിൽ ആയത് റവന്യൂ, വനം വകുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കണമെന്ന നിർദ്ദേശം നൽകിയതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും മരവില നിശ്ചയിക്കാൻ വേണ്ട നയപരമായ തീരുമാനം കൈക്കൊള്ളാൻ വനം വകുപ്പ് നടപടി സ്വീകരിക്കണമെന്നും അതനുസരിച്ച് മരവില അടച്ച് പട്ടയം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതിന് 11-10-2017-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. പട്ടയ വിതരണത്തിന് ആവശ്യമെങ്കിൽ സർവ്വേ നടത്തുന്നതിനുവേണ്ടി ഡെപ്യൂട്ടി തഹസീൽദാർ (സർവ്വേ), വില്ലേജ് ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വൃക്ഷവില ഒടുക്കാനുള്ളവരുടെ കാര്യത്തിലും സമയബന്ധിതമായി നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാൻ സ്പെഷ്യൽ തഹസീൽദാർക്ക് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

(8) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

ശ്രീ. എം. സ്വരാജ്: സർ, തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽപ്പെട്ട മരടിൽ കഴിഞ്ഞ ദിവസം ഒരു ഡേ കെയർ സെന്ററിലെ കുട്ടികളെ കയറ്റിപ്പോയ വാഹനം റോഡ് സൈഡിലുള്ള കുളത്തിലേയ്ക്ക് മറിഞ്ഞ് നാല് വയസ്സുമാത്രം പ്രായമുള്ള മൂന്ന് പിഞ്ചുകുഞ്ഞുങ്ങളും ഒരു ആയയും മരണപ്പെട്ട ദാരുണമായ സംഭവമുണ്ടായി. സംസ്ഥാനത്താകെ ശ്രദ്ധിക്കപ്പെട്ട ഒരു സംഭവമായിരുന്നു ഇത്. അപകടത്തെക്കുറിച്ച് വിശദമായി പരിശോധിച്ചശേഷം മാത്രമേ അത് സംബന്ധിച്ച് എന്തെങ്കിലും പറയാൻ സാധിക്കൂ. എങ്കിലും പ്രാഥമികമായ വിലയിരുത്തലിൽ അപകടത്തിൽപ്പെട്ട വാഹനത്തിന്റെ ഒരു ടയർ ക്രമാതീതമായി തേഞ്ഞ് മാറ്റാറായതായി കണ്ടെത്തിയിരുന്നു. ഇതാണോ അപകടകാരണമെന്ന് പരിശോധിച്ചശേഷം മാത്രമേ പറയാൻ കഴിയൂ. പക്ഷേ ഫിറ്റ്നസ് ടെസ്റ്റിന് വിധേയമാക്കാത്ത വാഹനമാണിതെന്ന സംശയമാണ് അപകടം നടന്നപ്പോൾ ഉയർന്നുവന്നത്. എന്നാൽ നിയമാനുസൃത പരിശോധനയെല്ലാം പൂർത്തിയാക്കിയപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ള വാഹനം തന്നെയായിരുന്നുവെന്ന വാർത്ത പുറത്തുവന്നു. അപ്പോഴാണ് ഇതുസംബന്ധിച്ച പരിശോധനകളിൽ നിലനിൽക്കുന്ന വ്യാപകമായ കബളിപ്പിക്കലിനെ സംബന്ധിച്ച വിവരങ്ങൾ പുറത്തുവരുന്നത്. പലപ്പോഴും ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുന്ന

വാഹനങ്ങൾ ആ ടെസ്റ്റിനുവേണ്ടി മാത്രം ടയറൊക്കെ ഫിറ്റ് ചെയ്താണ് ഹാജരാക്കുന്നത്. ടെസ്റ്റ് കഴിഞ്ഞാൽ പഴയ ടയറാണ് ഫിറ്റ് ചെയ്ത് ഓടിക്കുന്നത്. ഒരു സ്കൂളിന് 10 വാഹനങ്ങളുണ്ടെങ്കിൽ ഒരു വാഹനത്തിനാവശ്യമായ നല്ല ടയറുകൾ മതി. അത് 10 വാഹനങ്ങളിലും മാറ്റിയിട്ട് ടെസ്റ്റിന് ഹാജരാക്കാൻ കഴിയും. ഇങ്ങനെ പല ഉപകരണങ്ങളും മാറ്റി ഉപയോഗിക്കുന്നുണ്ട്. ഇതു സംബന്ധിച്ച പരാതികൾ ഉയർന്നുവരുന്നുണ്ട്. ആ സാഹചര്യത്തിൽ പുതിയ പരിശോധനാരീതി വേണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പ്രത്യേകിച്ച്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾ പോകുന്ന വാഹനങ്ങൾ സ്കൂളിലെത്തി പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകണം. സർവ്വീസ് നടത്തുന്നതിനിടയിൽ കുട്ടികളുമായി പോകുമ്പോൾ നിരത്തിൽ വച്ചുതന്നെ വാഹനങ്ങൾ നിരീക്ഷിക്കാനും പരിശോധിക്കാനും സാധിക്കുമോയെന്നും നോക്കണം. ഇത്തരം വാഹനങ്ങൾ, സ്കൂൾ ബസുകളും ഓട്ടോറിക്ഷ ഉൾപ്പെടെയുള്ളവ ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്. അനുവദനീയമായ എണ്ണത്തിൽ കൂടുതൽ കുട്ടികളെ കയറ്റുന്നുണ്ടോയെന്ന പരിശോധനകൂടി നടത്തേണ്ടതുണ്ട്. അതോടൊപ്പം ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം ആവശ്യമാണ്. കാരണം മറ്റ് വാഹനങ്ങൾ ഓടിക്കുമ്പോഴുള്ള ജാഗ്രത പോരാ, ഇതിനൊരു വർദ്ധിച്ച ജാഗ്രത വേണമെന്ന് നമുക്ക് കാണാനാകണം. അതുപോലെ 10-60 കുട്ടികൾ യാത്ര ചെയ്യുന്ന വലിയ സ്കൂൾ ബസ്സുകളിൽ ചെറിയ കുഞ്ഞുങ്ങളെ ശ്രദ്ധിക്കാൻ ഒരു ആയ എന്നത് അപര്യാപ്തവുമാണ്. ഈ അപകടത്തിന്റെ വെളിച്ചത്തിൽ ഇത്തരമൊരു അപകടം ഇനിയും നമ്മുടെ നാട്ടിൽ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി കബളിപ്പിക്കലിനെയെല്ലാം അതിജീവിക്കത്തക്ക വാഹനപരിശോധന കാര്യക്ഷമമായും കൃത്യമായും നടത്തുന്നതിനും ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നിർബന്ധമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. വാഹനങ്ങളുടെ പരിശോധനാവേളയിൽ കണ്ണിൽ പൊടിയിടാനുള്ള മാർഗ്ഗങ്ങൾ പലപ്പോഴും തേടുന്നതു കൊണ്ടാണ് ഇതുപോലെയുള്ള അപകടങ്ങൾ ഉണ്ടാകുന്നത്. 50 കി. മീ. സ്പീഡാണ് സ്കൂൾ ബസ്സുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്നതെങ്കിലും അത് പലപ്പോഴും പാലിക്കപ്പെടുന്നില്ല. കർശനമായി അത് പാലിക്കുവാനുള്ള സംവിധാനമുണ്ടാകണം. അതുപോലെ 10 വർഷം പരിചയമുള്ള ഡ്രൈവർമാർ എന്ന് പറയുന്നുണ്ടെങ്കിലും പല സ്കൂളുകളിലും അത് പാലിക്കപ്പെടുന്നില്ല. നിലവിലുള്ള മാനദണ്ഡങ്ങളെങ്കിലും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. നമുക്ക് സ്കൂൾ വാഹനങ്ങളെ കളർ, പേര് എന്നിവ വച്ച് ഐഡന്റിഫൈ ചെയ്യാം. പക്ഷേ കോൺട്രാക്ട് ക്യാരേജസിൽ കുഞ്ഞുങ്ങളെ കുത്തിനിറച്ച് കൊണ്ടുപോകുകയാണ്. ഇത് സ്കൂളിലേയ്ക്ക് പോകുന്നതാണോയെന്ന് അറിയുന്നില്ല. അതുകൊണ്ട്

ഇങ്ങനെയുള്ള കോൺട്രാക്ട് ക്യാരേജസിൽ കൃത്യമായി, ഇത് സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനമാണെന്ന അടയാളങ്ങൾ, ബോർഡുകൾ എന്നിവയുണ്ടാകണം. ഇക്കാര്യം സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സ്കൂൾ ബസ്സുകൾക്കുള്ള മാനദണ്ഡങ്ങൾ കോൺട്രാക്ട് ക്യാരേജസിലും ഉണ്ടാകേണ്ടതാണ്. അതോടൊപ്പം പ്രധാന റോഡുകളിൽ, ഗ്രാമപ്രദേശങ്ങളിൽ വീട്ടുപടിക്കൽ ബസ് നിർത്തിയാണ് കുഞ്ഞുങ്ങളെ കയറ്റുന്നത്. പക്ഷേ നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും ബസ് സ്റ്റോപ്പുകൾ ഐഡന്റിഫൈ ചെയ്യപ്പെടണം. പലപ്പോഴും കണ്ടിട്ടുള്ളത്, കുഞ്ഞുങ്ങൾ കയറുന്നതിനും ബസ്സിനുമിടയിലൂടെ ബൈക്കുകളും അമിതവേഗത്തിൽ മറ്റ് വാഹനങ്ങളും കടന്നുപോകുന്നുണ്ട്; അത് അപകടമുണ്ടാക്കും. പ്രധാന റോഡുകളിൽ സ്കൂൾ ബസ് സ്റ്റോപ്പുകൾ നിശ്ചയിക്കപ്പെടുകയും അവിടെ മറ്റ് വാഹനങ്ങളുടെ വേഗം നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നൊരു സാഹചര്യമുണ്ടാകണം. സർക്കാരിന്റെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലുണ്ടാകണം. കോൺട്രാക്ട് ക്യാരേജസിൽ എത്ര കുട്ടികൾ വരുന്നു, അവർ ആരൊക്കെ എന്നുള്ളത് സ്കൂൾ അധികൃതർക്ക് അറിയില്ല. അതിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, മരടിലുണ്ടായ ദാരുണമായ, എല്ലാവരെയും വേദനിപ്പിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു സബ്മിഷൻ ഇവിടെ വന്നത്. സ്കൂൾ ബസ്സുകൾ ഓടിക്കുന്നതിനും അതിൽ കുട്ടികളെ കൊണ്ടുപോകുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങളൊന്നും തന്നെ ആരും കർശനമായി പാലിക്കുന്നില്ല എന്നതാണ് ഈ സംഭവത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. സ്കൂൾ ബസ്സുകൾ അല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുകയാണെങ്കിൽ 'ON SCHOOL DUTY' എന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൽ കുട്ടികളെ കുത്തിനിറച്ചാണ് കൊണ്ടുപോകുന്നത്. എനിക്ക് ഈ സഭയിലുള്ള എല്ലാവരോടും അപേക്ഷിക്കാനുള്ളത്, അനധികൃത വാഹനങ്ങളിൽ കുട്ടികളെ കയറ്റി അയയ്ക്കുന്നത് രക്ഷിതാക്കളാണ്. ഒരു ഓട്ടോറിക്ഷയിൽ പത്തും പന്ത്രണ്ടും പിഞ്ചുകുട്ടികളെയാണ് കയറ്റി അയയ്ക്കുന്നത്. ഒരു ബസ്സിൽ 25 കുട്ടികളെയാണ് യാത്ര ചെയ്യാൻ അനുവദിക്കുക എന്നുണ്ടെങ്കിൽപ്പോലും 50-ഉം 60-ഉം പേരെ കയറ്റി അയയ്ക്കുന്നതിന് രക്ഷിതാക്കൾക്ക് ഒരു പ്രയാസവും തോന്നുന്നില്ല. ഇക്കാര്യത്തിൽ ജാഗ്രത ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സ്കൂളിലെ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്രയ്ക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കണമെന്ന തീരുമാനം ഇപ്പോൾ എടുത്തിട്ടുണ്ട്. ബസ്സുകളിൽ വിദ്യാർത്ഥികളുടെ പേരും മേൽവിലാസവും രക്ഷിതാക്കളുടെ വിവര സമ്പർക്ക നമ്പരുൾപ്പെടെയുള്ള പട്ടിക തയ്യാറാക്കി ലാമിനേറ്റ് ചെയ്ത് സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂൾ ബസ്സുകളിലെ ഡ്രൈവർമാരുടെ യോഗ്യതക്കുറവിനെ

സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. സ്കൂൾ അധികൃതർ ആരെയെങ്കിലും വച്ചാണ് ബസ്സുകൾ ഓടിക്കുന്നത്. സ്കൂൾ അധികൃതർ സ്വകാര്യവാഹനങ്ങൾ സ്കൂൾ ബസ്സായി ഉപയോഗിക്കുന്നതിനും സ്കൂൾ ബസ്സുകൾ, ഓട്ടോറിക്ഷ എന്നിവയിൽ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നതിനുമെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങളിലും ഒരു ആയയ്ക്കുപുറമെ, ഒരു ഡോർ അറ്റൻഡറിന്റെ സേവനംകൂടി നിർബന്ധമാക്കണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ അഗ്നിശമന ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ ബസ്സുകളിൽ ഉണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്ത ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാനാണ് ഇപ്പോൾ ആലോചിച്ചുവരുന്നത്. എല്ലാ അദ്ധ്യയന വർഷത്തിന്റെയും ആരംഭത്തിൽ സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാർക്ക് പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നുണ്ടെങ്കിലും അത് അപര്യാപ്തമാണ്, കാര്യക്ഷമമല്ല എന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. തീർച്ചയായും അക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്ന ദിവസം തന്നെ സഞ്ചാര യോഗ്യമായ ബസ്സുകൾ നിരത്തിലിറക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഈ വർഷം ബസ്സുകളുടെ പരിശോധന നടത്തിയിരുന്നു. ഇരുപത്തിരണ്ടായിരത്തോളം വാഹനങ്ങളാണ് സ്കൂൾ ബസ്സുകളായി നമ്മുടെ സംസ്ഥാനത്ത് ഓടുന്നതെന്നാണ് ഇപ്പോൾ ലഭിച്ചിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാന്യരായ മെമ്പർമാർ ചൂണ്ടിക്കാണിച്ചതു പോലെ ഇപ്പോഴും രജിസ്റ്റർ ചെയ്യാതെയാണ് വാഹനങ്ങൾ ഓടിക്കുന്നത്. എന്നാൽ അറിയപ്പെടുന്ന 22,000 ബസ്സുകളിൽ 19,806 ബസ്സുകൾ പരിശോധിച്ച് കുട്ടികളുടെ പ്രത്യേക സുരക്ഷയ്ക്ക് സേഫ്റ്റി സ്റ്റിക്കർ ഇതിനകംതന്നെ ഒട്ടിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനുപുറമെ, സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുകയും അത് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ജില്ലാതല/സംസ്ഥാനതല നോഡൽ ഓഫീസുമായി കണക്ടിവിറ്റി ഉണ്ടാകുന്നവിധത്തിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുകയാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ ബസ്സുകൾക്ക് ഒരു കാലാവധി കൊടുത്തിട്ടുണ്ട്. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്ന മുറയ്ക്ക് ഇപ്പോഴുള്ള വാഹനങ്ങളിൽ പുതിയ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നില്ലെങ്കിൽ അത്തരം വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതാണെന്ന നിർദ്ദേശവും ഇതിനകംതന്നെ നൽകിയിട്ടുണ്ട്. പരിശോധനാ സമയത്ത് കൃത്രിമം നടക്കുന്നുവെന്ന് പറഞ്ഞ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. അങ്ങനെ നടക്കുന്നുണ്ടെങ്കിൽ കൊണ്ടുവരുന്ന എല്ലാ ഉപകരണങ്ങളോടും കൂടിയ വാഹനങ്ങൾ തന്നെയാണ് പിന്നീടുള്ള ദിവസങ്ങളിലും സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുപോകുന്നതെന്ന് ഉറപ്പുവരുത്താൻ മിന്നൽപരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകുന്നതാണ്.

## (9) ദീർഘദൂര ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ആഗോള കത്തോലിക്ക സഭ വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി പ്രഖ്യാപിച്ച ഭാരതത്തിലെ ആദ്യത്തെ വനിതാ രക്തസാക്ഷിയാണ് 'ഇൻഡോർ റാണി' എന്ന നാമത്തിൽ അറിയപ്പെടുന്ന സിസ്റ്റർ റാണി മരിയ. അവരുടെ ജന്മനാട് പെരുമ്പാവൂരിലെ രായമംഗലം പഞ്ചായത്തിലെ പുല്ലുവഴി എന്ന സ്ഥലത്താണ്. ഇത് മുൻമുഖ്യമന്ത്രി പി. കെ. വാസുദേവൻ നായരുടെകൂടി നാടാണ്. പുല്ലുവഴിയിലുള്ള ദേവാലയത്തിൽ സിസ്റ്ററുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇടവക ദേവാലയം പുല്ലുവഴി സെന്റ് തോമസ് പള്ളിയാണ്. ഇന്നത് ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർന്നിരിക്കുകയാണ്. പ്രാർത്ഥിക്കാനും നേർച്ച കാഴ്ചകൾ നിറവേറ്റുന്നതിനുമായി നാനാജാതി മതസ്ഥരായ നൂറുകണക്കിന് വിശ്വാസികളാണ് ദിനംപ്രതി അവിടെ വന്നുകൊണ്ടിരിക്കുന്നത്. സിസ്റ്റർ ഇൻഡോറിൽ വച്ച് രക്തസാക്ഷിത്വം വഹിച്ച ഫെബ്രുവരി 25-ന് എല്ലാവർഷവും ഇവിടെ വലിയ തിരുനാളായി ആചരിക്കപ്പെടുകയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകൾക്ക് മാത്രമാണ് ഇവിടെ സ്റ്റോപ്പുള്ളത്. സൂപ്പർക്ലാസ്സ്, ഡീലക്സ് തുടങ്ങിയ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് ഇല്ലാത്തത് വലിയൊരു പ്രശ്നമാണ്. ആഗോള തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചതുകൊണ്ട് സ്വാഭാവികമായും അവിടെ എല്ലാ തരത്തിലുള്ള ബസ്സുകൾക്കും സ്റ്റോപ്പ് അനുവദിക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യം ഞാൻ മുമ്പ് ഉന്നയിച്ചിട്ടുണ്ടെങ്കിലും സ്വാഭാവികമായും ഒരു ബസ് സ്റ്റോപ്പ് അനുവദിക്കുകയെന്നുള്ളത് പൊതുവായുള്ള ഒരു പ്രശ്നമാണ്. ഇക്കാര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് പോസിറ്റീവായ ഒരു മറുപടി നൽകണമെന്നാണ് ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാനൊരു പോസിറ്റീവായ മറുപടി നൽകണമെന്ന അഭ്യർത്ഥനയോടെയാണ് അദ്ദേഹം സബ്മിഷൻ അവതരിപ്പിച്ചത്. പുല്ലുവഴി എന്ന സ്ഥലത്ത് സെന്റ് തോമസ് ഇടവക ദേവാലയം സിസ്റ്റർ റാണി മരിയയുടെ തീർത്ഥാടന കേന്ദ്രമായി മാറിയിട്ടുണ്ട് എന്നതൊരു നല്ല കാര്യമാണ്. ആഗോള അടിസ്ഥാനത്തിൽ തീർത്ഥാടകർ വരുന്നതും നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാൻ വക നൽകുന്ന നല്ലൊരു മാറ്റംതന്നെയാണ്. പക്ഷെ, അതിന്റെ പ്രാധാന്യം ഒട്ടും കുറച്ചു കാണുകയില്ലെന്ന് ഞാൻ ആദ്യംതന്നെ ഉറപ്പുനൽകുകയാണ്. ഒരു കാരണവശാലും എനിക്കതിൽ ഒരു നെഗറ്റീവ് ചിന്തയുമില്ല. പക്ഷെ, അവിടെ കെ.എസ്.ആർ.ടി.സി.-യുടെ വകയായി ഓടുന്ന ഡീലക്സ് ബസ്സുകൾ ഉൾപ്പെടെ എല്ലാ ബസ്സുകളും നിർത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത്. അത്തരം ആവശ്യങ്ങൾ എല്ലാ

ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന ജനറലൈസേഷൻ പാടില്ലായെന്നും താങ്കൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓരോ സ്ഥലത്തെയും കാര്യങ്ങൾ പ്രത്യേകം തന്നെയാണ് പരിഗണിക്കേണ്ടത്. പക്ഷെ, കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നത് യാത്രക്കാരന്റെ മാനസികനില കണക്കിലെടുത്തുകൊണ്ടാണ്. ഒരു ദീർഘദൂര യാത്രക്കാരൻ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഡീലക്സിലോ സൂപ്പർ ക്ലാസ്സ് ബസ്സുകളിലോ കയറുന്നത് എല്ലാ സ്റ്റോപ്പുകളിലും നിർത്തുന്നതരത്തിലുള്ള യാത്ര ചെയ്യാനല്ല. അതാണ് യാത്രക്കാരന്റെ സൈക്കോളജി. അതിൽനിന്നും വ്യത്യസ്തമായ ഒരു നിലപാട് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചാൽ അത്തരക്കാർക്ക് വലിയ തോതിൽ പ്രയാസമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തോടും ഈ സഭയിലെ എല്ലാ അംഗങ്ങളോടും പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ, അവിടെ ഓർഡിനറി ബസ്സുകൾ മാത്രമാണ് നിർത്തുന്നത്. ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് അവിടെ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം ആലോചിക്കാം. അതാണ് ഇപ്പോൾ പോസിറ്റീവായി ചിന്തിക്കണമെന്ന് പറഞ്ഞപ്പോൾ എനിക്ക് തോന്നിയിട്ടുള്ളത്. കേരളത്തിലെ എല്ലാ കേന്ദ്രങ്ങളും പ്രധാനപ്പെട്ടതാണ്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ കോട്ടയ്ക്കലിൽ ഒരു സ്റ്റോപ്പ് വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കോട്ടയ്ക്കൽ ഇതേപോലെതന്നെ ലോക പ്രസിദ്ധമായ ഒരു സ്ഥലമാണ്. കോഴിക്കോടിനും തൃശ്ശൂരിനുമിടയിൽ സ്റ്റോപ്പില്ലാത്ത ഒരു റൂട്ടാണത്. പക്ഷെ, അങ്ങനെ ബസ്സുകൾ നിർത്തിത്തുടങ്ങിയാൽ നമുക്കുണ്ടാകുന്ന പ്രയാസങ്ങളും യാത്രക്കാരന്റെ മാനസികാവസ്ഥയും പരിഗണിച്ചുകൊണ്ടാണ് ഒരൽപ്പം നെഗറ്റീവായി എനിക്ക് ചിന്തിക്കേണ്ടിവരുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ആവശ്യം എത്രത്തോളം പോസിറ്റീവാകാമെന്ന് ആലോചിക്കുന്നതാണ്.

### (10) ബിനാനി സിങ്ക് ലിമിറ്റഡ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എടയാർ വ്യവസായ മേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഒരു വൻകിട രാസവ്യവസായ ശാലയാണ് ബിനാനി സിങ്ക് ലിമിറ്റഡ്. 4 വർഷങ്ങൾക്കുമുമ്പ് അത് പൂട്ടിപ്പോകുകയുണ്ടായി. ഗവൺമെന്റുതന്നെ ഇടപെട്ട് അവിടത്തെ തൊഴിലാളികൾക്കും ജീവനക്കാർക്കുമൊക്കെ കോമ്പൻസേഷൻ നൽകുന്ന തീരുമാനം ഉണ്ടായെങ്കിലും അത് ഇന്നുവരെ നടപ്പിലായിട്ടില്ല. പക്ഷെ, അതിലും ഗുരുതരമായ ഒരു പ്രശ്നമാണ് അവിടെ സംജാതമായിട്ടുള്ളത്. ഈ ഫാക്ടറി ആരംഭിച്ചകാലം മുതൽ, അതായത് ഏകദേശം 50 വർഷക്കാലം മുമ്പുമുതൽ അവിടത്തെ മാലിന്യങ്ങൾ കൂട്ടിയിട്ടിരുന്ന

5 പോണ്ടുകളും നിറഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ 4 വർഷക്കാലമായി യാതൊരു മെയിന്റനൻസും കമ്പനി ചെയ്തിട്ടില്ല. അത് ഏത് നിമിഷവും പൊട്ടാവുന്ന സ്ഥിതിയിലാണ്. അതിനകത്തുള്ളത് സിങ്ക് കോൺസൻട്രേറ്റ്, സൾഫ്യൂരിക് ആസിഡ്, കാഡ്മിയം തുടങ്ങിയ രാസപദാർത്ഥങ്ങളാണ്. അത് പെരിയാർ നദി മുഴുവൻ മലിനപ്പെടുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകും. പെരിയാറിന്റെ തീരത്താണ് ഈ ഫാക്ടറിയും മാലിന്യം സൂക്ഷിച്ചിട്ടുള്ള പോണ്ടും എന്നുള്ളത് വളരെ ഗൗരവമായി ഗവൺമെന്റ് കാണണമെന്നതാണ് എന്റെ അഭ്യർത്ഥന. മാത്രമല്ല, ഈ പോണ്ടിന് തൊട്ടടുത്തുതന്നെ ഒരു ഗവൺമെന്റ് ഹൈസ്കൂളും ഉണ്ട്. ആ സ്കൂളിലെ കുട്ടികൾക്കും ജീവനാശം വരാവുന്ന സ്ഥിതിവിശേഷമുണ്ട്. കൂടാതെ, ഈ കമ്പനിയുടെ കാര്യത്തിൽ സാധാരണഗതിയിലുള്ള നടപടിയെടുത്താൽ ഫലപ്രാപ്തിയുണ്ടാകില്ല. ഇതിന്റെ ചെയർമാൻ സ്ഥലം വിട്ടിരിക്കുകയാണ്. ശ്രീ. നീരവ് മോദിയുടെ ഗണത്തിൽപ്പെട്ട ആ ബിനാനി ഇപ്പോൾ താമസിക്കുന്നത് ലണ്ടനിലാണ്. ഗവൺമെന്റ് ശ്രമിച്ചാൽ അദ്ദേഹത്തെ കണ്ടെത്താൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. പക്ഷെ, ഗവൺമെന്റിൽ നിക്ഷിപ്തമായ ചില അധികാരങ്ങൾ ഉപയോഗിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം. 4 വർഷമായി തൊഴിലാളികൾ വളരെ ബുദ്ധിമുട്ടിലാണ്. അവർക്ക് കോമ്പൻസേഷൻ കൊടുക്കണം. അതോടൊപ്പം ഈ രാസമാലിന്യങ്ങൾ എത്രയും വേഗം നീക്കംചെയ്യുന്നതിന് ആഗോളതലത്തിലുള്ള സാങ്കേതികവിദ്യയും ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരവും ഉപയോഗപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ബിനാനി ഇൻഡസ്ട്രീസിന്റെ ഭാഗമായ ബിനാനി സിങ്ക് കമ്പനി ബി.ഐ.എഫ്.ആർ.ന് പരിഗണിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കണമെന്നും തൊഴിലാളികളുടെ വേതനവും അലവൻസുകളും വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചതിനെത്തുടർന്ന് 23-6-2015-ൽ അന്നത്തെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നെങ്കിലും അക്കാര്യത്തിൽ വ്യക്തമായ തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല. കമ്പനിയുടെ ഉടമസ്ഥൻ ലണ്ടനിലാണ് സ്ഥിരതാമസമെന്നും കമ്പനിയുടെ ഫണ്ട് തന്റെ മറ്റ് യൂണിറ്റുകളിലേയ്ക്ക് വിന്യസിച്ചതായും 2015-ൽ സർക്കാർ മനസ്സിലാക്കുകയുണ്ടായി. 2017 ഫെബ്രുവരി 6-ാം തീയതി ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ മാനേജ്മെന്റുമായി നടത്തിയ കരാർ പ്രകാരം 120 ദിവസത്തിനുള്ളിൽ കുടിശ്ശിക

പൂർണ്ണമായും കൊടുത്തുതീർക്കണമെന്ന് ധാരണയായിട്ടുള്ളതാണ്. എന്നാൽ തൊഴിലാളി തർക്ക സെറ്റിൽമെന്റും പല കോടതി കേസ്സുകളും ബാങ്ക് വായ്പാ കുടിശ്ശികയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങളും തീർപ്പാക്കാനുണ്ട്. കൂടാതെ ബാങ്ക് അധികൃതർ 20-6-2018-ന് കമ്പനി ആസ്തികളും മറ്റും ലേലത്തിൽ വയ്ക്കുന്നതായി കമ്പനി ഡയറക്ടർ അറിയിച്ചതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പനിയുടെ അസംസ്കൃത വസ്തുക്കളും രാസവസ്തുക്കളും പൂർണ്ണമായും ഉപയോഗിക്കാതെയായിരുന്നു പ്ലാന്റിന്റെ പ്രവർത്തനം നിർത്തിയത്. അതുമൂലം കമ്പനിയുടെ വിവിധ പ്ലാന്റുകളിൽ രാസവസ്തുക്കൾ കെട്ടിക്കിടക്കുന്നുണ്ട്. പരിശോധനയിൽ കെമിക്കൽസ് നിറഞ്ഞ പല ടാങ്കുകളും കൂടുതൽ അപകടാവസ്ഥയിലാണെന്നും അവ മഴവെള്ളവുമായി ചേർന്ന് പുഴയിലേയ്ക്ക് എത്തിച്ചേരാനുള്ള സാധ്യത ഗുരുതരമായ പാരിസ്ഥിതികാവസ്ഥയ്ക്ക് കാരണമാകുമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ യൂണിറ്റിലെ പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ സിങ്ക് സൂക്ഷിച്ചിരിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂര പല സ്ഥലത്തും ചോരുന്ന നിലയിലാണ്. ഇതും പുഴയിലെത്തിച്ചേർന്ന് അപകടമുണ്ടാകാനുള്ള സാധ്യത കൂട്ടുന്നുണ്ട്. ഇതുസംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പല തവണ നിർദ്ദേശം നൽകിയെങ്കിലും കമ്പനി അവ പാലിക്കപ്പെട്ടിട്ടില്ല. കമ്പനി ഇപ്പോൾ പഞ്ചാബ് നാഷണൽ ബാങ്കിൽ അറ്റാച്ച് ചെയ്തിരിക്കുകയാണെന്നും ഇ-ഓക്ഷനായി വച്ചിരിക്കുകയാണെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. രാസമാലിന്യങ്ങൾ ഉടനടി നീക്കം ചെയ്യുന്നതിന്റെ ആവശ്യകത ബാങ്കിനെ കമ്പനി അറിയിച്ചെങ്കിലും നടപടിയെടുക്കാത്ത സാഹചര്യത്തിൽ നിയമ നടപടികൾ സ്വീകരിക്കാനുള്ള സാധ്യത മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചുവരികയാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ മലിനീകരണവുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടികളെടുക്കുന്നതിന് ജില്ലാ കളക്ടർക്കും മലിനീകരണ നിയന്ത്രണ ബോർഡിനും നിർദ്ദേശം നൽകുന്നതുമാണ്.

### (11) കാട്ടാന ആക്രമണം

ശ്രീ. ഷാഫി പറമ്പിൽ: സർ, വളരെ ഖേദകരമായ ഒരു സാഹചര്യത്തിലാണ് ഈ സബ്മിഷൻ അടിയന്തരമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായി വന്നത്. പെട്ടെന്നുണ്ടായ ഒരു കാര്യമായിട്ടുപോലും അങ്ങ് മറുപടി പറയാമെന്നേറ്റതിൽ ഞാൻ നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇന്നലെയും പ്രഭാകരൻ എന്ന 51 വയസ്സുകാരനായ ഒരു സാധാരണ തൊഴിലാളി മുണ്ടൂർ-

പുതുപ്പരിയാരം-മുട്ടിക്കുളങ്ങര മേഖലയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് ആ പ്രദേശത്തെ ജനങ്ങൾക്കിടയിലാകെ പരിഭ്രാന്തി പരത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഇന്നലെ അങ്ങുമായി ഫോണിൽ സംസാരിച്ച് നടപടിയെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചതായി അറിഞ്ഞു. ആ നിയോജകമണ്ഡലത്തിൽ മാത്രം ആറോ ഏഴോ ആളുകൾ കാട്ടാനയുടെ ആക്രമണത്തിൽ അടുപ്പിച്ചടുപ്പിച്ച് കൊല്ലപ്പെടുകയാണുണ്ടായത്. കഴിഞ്ഞ ഒരു ദശകത്തിനപ്പുറമായി മുപ്പതിലധികം ആളുകൾ പാലക്കാട് ജില്ലയിൽ ആനകളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരിക്കുകയാണ്. സർക്കാർതന്നെ നിയമസഭയിലെ ഒരു ചോദ്യത്തിനുള്ള ഉത്തരമായി തന്ന കണക്കിൽ ഏറ്റവും കൂടുതൽ ആളുകൾ ആനയുൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നത് പാലക്കാടാണെന്ന് പറഞ്ഞിരിക്കുകയാണ്. ഇത് വല്ലാത്ത പരിഭ്രാന്തി അവിടെ സൃഷ്ടിച്ചിരിക്കുകയാണ്. ആളുകൾ റോഡ് ഉപരോധിക്കുന്നതുൾപ്പെടെയുള്ള വൈകാരികമായ നടപടികളിലേയ്ക്ക് പോകേണ്ടിവരുന്നത് അവർക്ക് ഒരു കൃഷിയും ചെയ്യാൻ കഴിയാത്തതുകൊണ്ടാണ്. കൃഷി മുഴുവൻ നശിപ്പിക്കുകയാണ്. കൃഷിയിൽനിന്നും ആളുകൾ മടങ്ങിപ്പോകുന്നുവെന്ന് മാത്രമല്ല, അവസാനം വീട്ടിലുള്ള മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ വെട്ടിമാറ്റുകയോ അല്ലെങ്കിൽ അതിൽ കായ്ക്കുന്ന ഫലങ്ങൾ പഴുക്കുന്നതിനുമുമ്പ് അറുത്തിടുകയോ ആണ് ചെയ്യുന്നത്. കാരണം ഇത് പഴുത്താൽ തീറ്റതേടി ആനകൾ വരുമോയെന്ന് അവർ ഭയക്കുകയാണ്. ബഹുമാനപ്പെട്ട കോങ്ങാട് മെമ്പർ കെ. വി. വിജയദാസിന് ഇതിനെപ്പറ്റി അറിയാം. അദ്ദേഹം ഈ വിഷയം പറയും.

2017 ഓഗസ്റ്റ് 2-ാം തീയതി പുറത്തിറങ്ങിയ ആന ഒൻപത് ദിവസം നാട്ടിലായിരുന്നു. ഹൈവേയിലൂടെ കിലോമീറ്ററുകളോളം സഞ്ചരിച്ച് ഓരോ വീട്ടിലും കയറി കൃഷിയും മറ്റും നശിപ്പിച്ചതിനാൽ ഉറക്കമൊഴിച്ച് ആളുകളും വനംവകുപ്പും അതിന്റെ പുറകിൽ നിന്നു. ഒൻപത് ദിവസം കഴിഞ്ഞാണ് ഈ ആന കാട്ടിലേയ്ക്ക് മടങ്ങി പോയത്. 2018 ഫെബ്രുവരി 2-ന് വീണ്ടും ആനകളിറങ്ങി. സാധാരണ ആന ഇറങ്ങുന്നത് വനപ്രദേശവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലായിരുന്നുവെങ്കിൽ ഇപ്പോൾ ഒലവക്കോട് റെയിൽവെ സ്റ്റേഷനിൽ വരെ ആനകൾ വന്നു, വ്യാപാരികളെ കടയിൽ കയറി പരിക്കേൽപ്പിച്ചു. ഒരാൾ കടയുടെ ഷട്ടർ താഴ്ത്തി എങ്ങനെയോ ജീവനുംകൊണ്ട് രക്ഷപ്പെടുകയായിരുന്നു. മലമ്പുഴ-കഞ്ചിക്കോട് റൂട്ടിൽ സ്ഥിരമായി ആനയുടെ ആക്രമണമുണ്ടാകുകയാണ്. സ്വാമിനാഥൻ എന്നൊരാൾ ബൈക്കിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് വന്ന് അയാളെ അപകടപ്പെടുത്തി; അയാളും മരിച്ചു. അവിടെയൊരു ഇഷ്ടികക്കളത്തിൽ തമിഴ്നാട്ടിൽ നിന്നും പണിക്കുവന്ന ഒരു കുടുംബം താമസിച്ചിരുന്ന ടെന്റിനകത്തേയ്ക്ക് കയറി

അവിടെ കിടന്നിരുന്ന ഒരു സ്ത്രീയെ ആന ചവിട്ടിക്കൊന്നു. ഇത് നിരന്തരം അവിടെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എത്ര ജാഗ്രതാ നിർദ്ദേശം കൊടുത്തിട്ടും ഡിപ്പാർട്ടുമെന്റ് പടക്കം പൊട്ടിച്ച് മടക്കി അയയ്ക്കാൻ നോക്കിയിട്ടും അതിന് കഴിയുന്നില്ല. ആളുകൾ വല്ലാത്ത ഭീതിയിലും ഭയത്തിലുമാണ്. ആന ഒരു പ്രദേശത്തുമാത്രമല്ല, അവിടെയുള്ള നിയോജകമണ്ഡലങ്ങളിലെല്ലാം കറങ്ങി ആലത്തൂർ, മാത്തൂർ, വഴി ചുങ്കമന്ദത്തെത്തി. തിരിച്ച് ആലത്തൂരിൽ എത്തിയതിനുശേഷം വീണ്ടും അതേ റൂട്ടിലൂടെ സഞ്ചരിച്ചു. എല്ലാ വർഷവും ഇതേ സീസൺ ആകുമ്പോൾ ആന ഇറങ്ങുന്നത് മനുഷ്യന്റെ ജീവനും കൃഷിക്കും സ്വത്തിനുമൊക്കെ അപകടം സൃഷ്ടിച്ചിരിക്കുന്ന സാഹചര്യമാണ്. അങ്ങ് ഇടപെടുന്നില്ലെന്നല്ല, അടിയന്തരമായി അവിടെ സന്ദർശിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കണം. എൽ.ഇ.ഡി. ഫ്ലാഷ് ലൈറ്റ് സ്ഥാപിക്കുന്നത് പല സ്ഥലത്തും ഗുണകരമാണെന്ന പത്രവാർത്തകൾ കണ്ടു. ഇവിടെ എൽ.ഇ.ഡി. ലൈറ്റ് കൃഷി വകുപ്പ് അനുവദിച്ചുവെങ്കിലും സ്ഥാപിക്കുവാൻ ഫണ്ടിന്റെ പോരായ്മയുണ്ട്. വന്യജീവികളുടെ ശല്യത്തെ അതിജീവിക്കാനുള്ള നടപടിക്കായി കിഫ്ബിയിൽ ഫണ്ട് അനുവദിച്ചുവെന്ന് അങ്ങ് പറയുകയുണ്ടായി. ആ ഫണ്ട് മറ്റ് വികസന പ്രവൃത്തനങ്ങളെപ്പോലെയല്ല, ഇത് മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്, അതിന് പ്രത്യേക മുൻഗണന നൽകി ആ ഫണ്ട് അടിയന്തരമായി വിനിയോഗിക്കാനുള്ള നടപടിയുണ്ടാകണം. പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുപ്പരിയാരം എന്നിവിടങ്ങളിലെ ജനങ്ങൾ ഭീതിയിലാണ്. അതുകൊണ്ട് അടിയന്തരമായ ഇടപെടലും പരിഹാരവുമുണ്ടാകണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, പാലക്കാട് ജില്ലയിൽ ഇത് ആദ്യ സംഭവമല്ല. കുറെ വർഷമായി ആനയ്ക്ക് പാലക്കാട് ജില്ലയോട് ഒരു പകയുള്ളതുപോലെയാണ്. മുഴുവൻ ആനകളും ജില്ലയിലെ കോങ്ങാട്, മലമ്പുഴ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നിൽക്കുകയാണ്. പ്രഭാകരൻ എന്ന സി.ഐ.ടി.യു. ചുമട്ടുതൊഴിലാളിയെ ചവിട്ടിക്കൊന്ന ഈ ആന ഇതിനുമുമ്പും രണ്ടുപേരെ ചവിട്ടി കൊന്നിട്ടുണ്ട്. ഇത് ആന ചവിട്ടിക്കൊന്ന മൂന്നാമത്തെ ആളാണ്. ഈ ആനയെ ഏതെങ്കിലും തരത്തിൽ നാട്ടാനയാക്കി ഇണക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. ഇന്നലെ ഇതിന്റെ കൂടെ വന്ന ഒരാന അവിടെയുള്ള ഒരു റേഷൻ കട തകർത്ത് റേഷനരിയൊക്കെ കഴിച്ചിട്ട് പോയി. അത്തരത്തിലുള്ള ആനകളാണ് അവിടെയുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പാലക്കാട് ജില്ലയിലെ എം.എൽ.എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർത്ത് ഈ ആനയെ എങ്ങനെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കാമെന്നതിനെ സംബന്ധിച്ച് വിശദമായ ചർച്ചകൂടി നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാലക്കാട് ജില്ലയിൽ മാത്രമല്ല, കഴിഞ്ഞ ദിവസം ഉടുമ്പൻചോലയിൽ ഒരാളിനെ ആന ചവിട്ടിക്കൊന്നുവെന്ന് പറഞ്ഞ് നാട്ടുകാരെല്ലാംകൂടി വലിയ പ്രക്ഷോഭത്തിലായിരുന്നു. അവർ എന്നെ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ബന്ധപ്പെടാൻ ശ്രമിച്ചുവെങ്കിലും കിട്ടിയില്ല. വയനാട്ടിൽ വളരെ നാളുകളായി സ്ത്രീകളടക്കമുള്ളവർ സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. കുങ്കി ആനകളെ കൊണ്ടുവന്ന് ഇവയെ ഓടിക്കാൻ കഴിയുമെന്നാണ് പറയുന്നത്. ഇതൊരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. വയനാട്ടിൽ, ആളുകൾ ഹർത്താൽവരെ പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. പിന്നീട് ഞങ്ങളെല്ലാം ഇടപെട്ടതിനുശേഷം ഹർത്താൽ മാറ്റി വച്ചു. ഇതൊരു വലിയ പ്രശ്നമായതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് ആവശ്യപ്പെടുന്നത്.

12.00 Noon]

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാന്യനായ മുൻ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ, അദ്ദേഹത്തിന്റെ മണ്ഡലമായ പാലക്കാട് ജില്ലയിലെ മലമ്പുഴയിലെ മുണ്ടൂർ പഞ്ചായത്തിൽ ഇന്നലെ വൈകിട്ട് അഞ്ച് മണിക്കുശേഷം ഇങ്ങനെയൊരു സംഭവം നടന്നുവെന്ന വിവരം വളരെ പെട്ടെന്നുതന്നെ എന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അടിയന്തരമായി, ജാഗ്രതയോടുകൂടി ഇക്കാര്യത്തിൽ ഇടപെടണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഇപ്പോൾ അദ്ദേഹം സഭയിലില്ല. ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. വി. വിജയദാസ്, പ്രതിപക്ഷനേതാവ് എന്നിവരെല്ലാം പറഞ്ഞ വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് കേരളത്തിലെ വനമേഖലയിലാകെയുള്ള ഒരു പ്രശ്നമാണിത്. നേരത്തെ വനത്തിനുള്ളിൽനിന്ന് ഇറങ്ങിയാലും അതിർത്തി പ്രദേശങ്ങളിൽ ചില പ്രശ്നങ്ങൾ സൃഷ്ടിച്ച് തിരിച്ചുപോകുന്ന ആന ഇപ്പോൾ അങ്ങനെ തിരിച്ചു പോകുന്നില്ല. വരുന്ന ആനകൾ അവിടെത്തന്നെ നിൽക്കുന്ന സ്ഥിതിയുണ്ട്. നേരത്തെ പാലക്കാടുണ്ടായ സംഭവത്തിൽ ഏതാണ്ട് 40 കിലോമീറ്ററോളം വനാതിർത്തി കഴിഞ്ഞാണ് ആനകൾ ജനവാസ മേഖലയിലേയ്ക്ക് വന്നത്. നാലഞ്ച് ദിവസത്തെ പരിശ്രമത്തിന്റെ ഫലമായി നാട്ടുകാരും വനംവകുപ്പ് ഉദ്യോഗസ്ഥരും ആദിവാസികളും എല്ലാവരുംകൂടി പരിശ്രമിച്ചാണ് അന്ന് അവയെ വനത്തിനുള്ളിലേയ്ക്ക് കയറ്റി വിട്ടത്. എന്നാൽ ഇപ്പോൾ അത്തരത്തിലുള്ള ആക്രമണങ്ങൾ വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ശരിയാണ്.

പാലക്കാട് മുണ്ടൂർ വാളയാട് പ്രഭാകരൻ എന്ന 45 വയസ്സുള്ള ചുമട്ടുതൊഴിലാളി ഇന്നലെ വൈകുന്നേരം 5.30-ന് ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുകയുണ്ടായി. ആനകൾ വനത്തിന് പുറത്തിറങ്ങിയത് മനസ്സിലാക്കി അവിടെ R.R.T. (Rapid Response Team) വേണ്ടത്ര മുൻകരുതലുകൾ

സ്വീകരിച്ചിരുന്നു. ആന ജനവാസമേഖലയിൽ ഇറങ്ങുന്നു എന്നുള്ളത് രാവിലെ തന്നെ മനസ്സിലാക്കി ജനങ്ങളോട് അങ്ങോട്ട് പോകരുതെന്ന നിർദ്ദേശം വനംവകുപ്പ് ഉദ്യോഗസ്ഥർ നൽകിയിരുന്നു, കൂടാതെ അവിടേയ്ക്ക് പോകുന്നത് വിലക്കുകയും ചെയ്തിരുന്നു. ആ നിർദ്ദേശം പാലിക്കാൻ ജനങ്ങൾ തയ്യാറാകേണ്ടതുണ്ട്. ഇന്നലെ മരണപ്പെട്ട ആൾ ഉൾപ്പെടെ നാലുപേർ ആന തിരിച്ചുപോയോ എന്ന് നോക്കാനായി പോയി. അതിൽ മൂന്ന് പേർ തിരിച്ചു വരികയും ഒരാൾ ആനയുടെ ആക്രമണത്തിന് വിധേയനാവുകയും ചെയ്തു. അതാണ് ഉണ്ടായ സംഭവം. മരണമടഞ്ഞ പ്രഭാകരൻ എന്നയാളുടെ കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകും. കഴിഞ്ഞ ഏപ്രിൽ 1 -ാം തീയതി മുതൽ നഷ്ടപരിഹാരം 5 ലക്ഷംരൂപ എന്നുള്ളത് 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൽ 5 ലക്ഷം രൂപ ഉടൻതന്നെ കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കി 5 ലക്ഷം രൂപ ബന്ധുത്വ സർട്ടിഫിക്കറ്റ് കിട്ടുന്ന മുറയ്ക്ക് നൽകാനുള്ള തീരുമാനമാണ് അക്കാര്യത്തിൽ എടുത്തിട്ടുള്ളത്. അത് അവിടെ അറിയിച്ചിട്ടുമുണ്ട്. അവിടെ ജനങ്ങൾ ഇപ്പോൾ വയലന്റാണ്. ജില്ലാകളക്ടർ, വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. അവരോട് അങ്ങോട്ട് പോകാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതുകൂടാതെ സംസ്കാരവും പോസ്റ്റ്മോർട്ടവുമായി ബന്ധപ്പെട്ടുവരുന്ന ചെലവുകൾ വനംവകുപ്പുതന്നെ വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ വർദ്ധിച്ചുവരുന്ന ആന ആക്രമണങ്ങൾ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാത്തത് ആവശ്യത്തിന് പരിശീലനം ലഭിച്ച കുങ്കിയാനകൾ ഇല്ലാത്തതുകൊണ്ടാണ്. കുങ്കിയാനകളെ കണ്ടാൽത്തന്നെ കാട്ടാനകൾ തിരിച്ചുപോകും എന്നാണ് അനുഭവസ്ഥർ പറയുന്നത്. അത് മനസ്സിലാക്കി കേരളത്തിൽനിന്നും ഏതാനും ആനകളെ കുങ്കി പരിശീലനത്തിന് അയയ്ക്കാൻ തീരുമാനിച്ചു. മിടുക്കും ശരീരബലവും വലിപ്പവുമുള്ള ആനകളെയാണ് കുങ്കിയാനകളാക്കുന്നത്. അവയെ ഉപയോഗിച്ച് കാട്ടാനകളെ അകത്തേയ്ക്ക് തുരത്താൻ കഴിയണം. അത്തരത്തിൽ മിടുക്കരായ ആനകളെ കുങ്കിയാന പരിശീലനത്തിന് കൊണ്ടുപോകാൻ പോയപ്പോൾ ജനപ്രതിനിധികളും നമ്മുടെ സഭയിലെ ഒരംഗവുമുൾപ്പെടെ ചേർന്ന് തടഞ്ഞു. ആനപ്രേമികളായവരെ പറഞ്ഞ് ബോധ്യപ്പെടുത്തി പരിശീലനത്തിന് കൊണ്ടുപോകുന്നതിന് ആവശ്യമായ സമീപനമാണ് ജനപ്രതിനിധികൾ അക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. അവരും ജനങ്ങളോടൊപ്പംനിന്ന് അത്തരമൊരു നിലപാട് സ്വീകരിച്ചാൽ ഈ പരിശീലനത്തിന് ആനകളെ കൊണ്ടുപോകാൻ സാധിക്കാതെ വരും. അത്തരമൊരു പ്രവണത ശരിയല്ല. ഏതായാലും, തടഞ്ഞ ആനകൾ ഉൾപ്പെടെ മൂന്ന് ആനകളെ തമിഴ്നാട്ടിലെ മുതലമലയിൽ എത്തിച്ച് പരിശീലനം

നൽകിവരുന്നുണ്ട്. പരിശീലനം കഴിഞ്ഞ കുങ്കിയാനകൾ നമുക്ക് ലഭ്യമാകുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും.

ശ്രീ. പി. ടി. തോമസ്: സർ, ആനകൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നതിന് ഒരു പ്രധാനപ്പെട്ട കാരണം ആഹാരവും വെള്ളവും കിട്ടാത്തതുകൊണ്ടാണ്. ആനയ്ക്ക് കാട്ടിനുള്ളിൽ ഭക്ഷണവും വെള്ളവുമൊക്കെ ആവശ്യത്തിന് ലഭ്യമാക്കാനുള്ള നടപടി ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. കെ. രാജു: സർ, പാലക്കാട് ഇറങ്ങിയ പ്രശ്നക്കാരനായ ആനയെ മയക്കുവെടിവയ്ക്കാനും റേഡിയോ കോളർ ഘടിപ്പിക്കാനും ആവശ്യമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. തുടർന്ന് അതിനെ നിരീക്ഷിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും. പാലക്കാട് ജില്ലയിലെ വനമേഖലയുമായി ബന്ധപ്പെട്ടുള്ള നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരും ഞാനും വനം വകുപ്പിലെ ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡനടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെയും ഒരു യോഗം പാലക്കാട് വച്ച് നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കാം. ഇത് പാലക്കാട്ടേയ്ക്ക് മാത്രമായി ചുരുക്കേണ്ട കാര്യമല്ല. വനമേഖലകളുള്ള എല്ലാ ജില്ലകളിലും അത്തരമൊരു യോഗത്തിന്റെ ആവശ്യമുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ മണ്ഡലത്തിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്.

ശ്രീ. കെ. രാജു: സർ, അങ്ങ് പറഞ്ഞ പ്രശ്നക്കാരനായ ആനയെ കണ്ണൂരിൽ പിടിച്ചിട്ടുണ്ട്, അതിപ്പോൾ കൂട്ടിലാണ്. ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെ വെള്ളം കിട്ടാത്തതുകൊണ്ടാണ് വന്യജീവികൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നതെന്ന് പറയാൻ സാധിക്കില്ല. കാരണം ഇപ്പോൾ വെള്ളത്തിന്റെ പ്രശ്നമില്ല. എന്നാൽ ഭക്ഷണത്തിന്റെ ലഭ്യതക്കുറവുണ്ട് എന്നുള്ളത് ശരിയാണ്. വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിൽ ഇഷ്ടംപോലെ കൃഷിയുള്ളതുകൊണ്ട് നല്ല ഭക്ഷണം കിട്ടുമെന്ന് മനസ്സിലാക്കിയാണ് ആനകൾ വരുന്നത്. ആനയെ പിടിക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചതും ലുക്കൗട്ട് നോട്ടീസിന്റെ കാര്യവും ആനയ്ക്കറിയില്ലല്ലോ. അവ നിരന്തരം വരികയാണ്. അത്തരം പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുന്നതിനുവേണ്ടി കുങ്കിയാനകളുടെ സേവനം പ്രയോജനപ്പെടുത്താനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. നമ്മൾ എല്ലാവരും സഹകരിച്ച് ആനകളെ വനത്തിനുള്ളിലേയ്ക്ക് അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാം.

# VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

## (i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 316/2018 | ജി.ഒ.(ആർറ്റി.)നമ്പർ 1476/2018/ഹോം. | 23-5-2018 | അല്ല |
| 2 | 334/2018 | നമ്പർ 133/സി3/2018-I/വിജ് | 23-5-2018 | അല്ല |
| 3 | 335/2018 | നമ്പർ 133/സി3/2018-II / വിജ് | 23-5-2018 | അല്ല |
| 4 | 336/2018 | നമ്പർ 133/സി3/2018-III/വിജ് | 23-5-2018 | അല്ല |
| 5 | 337/2018 | നമ്പർ 133/സി3/2018-IV/വിജ് | 23-5-2018 | അല്ല |
| 6 | 338/2018 | ജി.ഒ.(ആർറ്റി.)നമ്പർ 1357/2018/ഹോം. | 10-5-2018 | അല്ല |
| 7 | 340/2018 | ജി.ഒ.(പി.) നമ്പർ 10/2018/പി&എആർഡി. | 29-5-2018 | അല്ല |
| 8 | 343/2018 | നമ്പർഹോം-എസ്എസ്എ 4/112/2018- ഹോം | 30-5-2018 | അല്ല |
| 9 | 344/2018 | ജി.ഒ.(എം.എസ്.) നമ്പർ 92/2018/ഹോം | 28-5-2018 | അല്ല |
| 10 | 346/2018 | നമ്പർ ഹോം എസ്എസ്എ 1/138/2018- ഹോം | 31-5-2018 | അല്ല |
| 11 | 347/2018 | നമ്പർ ഹോം-എസ്എസ്എ 1 / 141/2018- ഹോം | 31-5-2018 | അല്ല |
| 12 | 353/2018 | നമ്പർ 61646/എസ്എസ്എ 2/ 2015/ആഭ്യന്തരം | 1-6-2018 | അല്ല |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 367/2018 | ജി.ഒ.(പി.) നമ്പർ 5/2018/നിയമം | 5-6-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സാഹിത്യ അക്കാദമി | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

(III) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 339/2018 | ജി.ഒ.(പി.) നമ്പർ 18/2018/ട്രാൻസ്. | 29-5-2018 | അല്ല |

(IV) ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 342/2018 | ജി.ഒ.(പി.) നമ്പർ 75/2018/ടാക്സസ്. | 30-5-2018 | അല്ല |
| 2 | 345/2018 | ജി.ഒ.(പി.) നമ്പർ 76/2018/ടാക്സസ്. | 31-5-2018 | അല്ല |

(V) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 298/2018 | ജി.ഒ. (പി) നമ്പർ 58/2018/എച്ച് &എഫ് ഡബ്ല്യൂ ഡി | 5-5-2018 | അല്ല |

(VI) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 296/2018 | ജി.ഒ.(പി.)നമ്പർ 38/2018/ എൽബിആർ. | 29-4-2018 | അല്ല |
| 2 | 333/2018 | ജി.ഒ.(പി.)നമ്പർ 43/ 2018/ എൽബിആർ. | 22-5-2018 | അല്ല |
| 3 | 364/2018 | ജി.ഒ.(എം.എസ്)നമ്പർ 30/2018/ എൽബിആർ. | 25-5-2018 | അല്ല |
| 4 | 369/2018 | ജി.ഒ.(എം.എസ്) നമ്പർ 32/2018/ എൽബിആർ. | 2-6-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2012-13 മുതൽ 2015-16 വരെ | ഭരണ ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2012-13 മുതൽ 2015-16 വരെ | ഭരണ ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് & റിസർച്ച് | 2010-11, 2012-13 മുതൽ 2015-16 വരെ | വാർഷിക റിപ്പോർട്ട് | അതെ |

(VII) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 348/2018 | ജി.ഒ. (പി.) നമ്പർ 6/2018/ സിഎഡി. | 30-5-2018 | അല്ല |

(VIII) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കു വേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 242/2018 | ജി.ഒ.(പി.) നമ്പർ 37/2017/കോ-ഓപ്. | 2-4-2018 | അല്ല |
| 2 | 268/2018 | ജി.ഒ.(പി.) നമ്പർ 42/2018/കോ-ഓപ്. | 17-4-2018 | അല്ല |
| 3 | 274/2018 | ജി.ഒ.(പി.) നമ്പർ 43/2018/കോ-ഓപ്. | 20-4-2018 | അല്ല |
| 4 | 330/2018 | ജി.ഒ.(പി.) നമ്പർ 55/2018/കോ-ഓപ്. | 10-5-2018 | അല്ല |
| 5 | 331/2018 | ജി.ഒ.(പി.) നമ്പർ 56/2018/കോ-ഓപ്. | 10-5-2018 | അല്ല |
| 6 | 332/2018 | ജി.ഒ.(പി.) നമ്പർ 57/2018/കോ-ഓപ്. | 10-5-2018 | അല്ല |
| 7 | 359/2018 | ജി.ഒ.(പി.) നമ്പർ 46/2018/കോ-ഓപ്. | 23-4-2018 | അല്ല |
| 8 | 360/2018 | ജി.ഒ.(പി.) നമ്പർ 59/2018/കോ-ഓപ്. | 11-5-2018 | അല്ല |
| 9 | 361/2018 | ജി.ഒ.(പി.) നമ്പർ 62/2018/കോ-ഓപ്. | 11-5-2018 | അല്ല |
| 10 | 362/2018 | ജി.ഒ.(പി.) നമ്പർ 63/2018/കോ-ഓപ്. | 11-5-2018 | അല്ല |
| 11 | 387/2018 | ജി.ഒ.(പി.) നമ്പർ 66/2018/കോ-ഓപ്. | 19-5-2018 | അല്ല |

(IX) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(X) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

(XI) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

(XII) തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 324/ 2018 | സ.ഉ.(അച്ചടി) നമ്പർ 39/2018/ തസ്വഭവ. | 16-5-2018 | അല്ല |
| 2 | 325/ 2018 | സ.ഉ.(അച്ചടി) നമ്പർ 40/ 2018/ തസ്വഭവ. | 22-5-2018 | അല്ല |

## VII റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I -ന്റെ ചെയർമാനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി V-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർമാനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി VII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

5. സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

6. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

7. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. കെ. ബാബു: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമിതി അംഗമായ ഞാൻ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2013-ൽ കേരള സിവിൽ ഭേദഗതി ആക്ട് പ്രകാരം മുൻസിഫ് കോടതികൾക്ക് പരിഗണിക്കാനുള്ള പരിധി ഒരു ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ജില്ലാ കോടതികൾക്ക് 2 ലക്ഷം

രൂപയിൽ നിന്ന് 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിന്റെ തോതനുസരിച്ച്, ഹൈക്കോടതിയിലെ സാമ്പത്തിക പരിധി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മുൻസിഫ് / ജില്ലാ കോടതികളിൽനിന്ന് വരുന്ന കേസ്സുകൾ, ഹൈക്കോടതിയിലെ സിംഗിൾ ബഞ്ചിന് മുമ്പാകെ എത്തുമ്പോൾ അവിടെ 2 ലക്ഷം വരെയുള്ളവ മാത്രം പരിഗണിക്കാൻ കഴിയുന്ന അവസ്ഥയാണുണ്ടായിരുന്നത്. അതിന്റെ ഫലമായി കേസ്സുകൾ കെട്ടിക്കിടന്ന് അവ പരിഹരിക്കപ്പെടാതെ ഒട്ടേറെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഹൈക്കോടതിയിലെ സിംഗിൾ ബഞ്ചിന് മുമ്പാകെ വരുന്ന കേസ്സുകൾക്ക് 2 ലക്ഷം രൂപയിൽ നിന്ന് 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനുള്ള ഭേദഗതി കൊണ്ടുവന്നത്. സംസ്ഥാനത്തെ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 2014-ൽ ഹൈക്കോടതി പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കേരളത്തിലെ ഹൈക്കോടതിയിലും ജില്ലാകോടതി ഉൾപ്പെടെയുള്ള വിവിധ കോടതികളിലും കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം കണക്കാക്കിയിരിക്കുന്നത് 3,06,42,362 എന്നാണ്. പത്തുകൊല്ലമായി തുടരുന്ന കേസ്സുകളുടെ എണ്ണം 28,21,565 ആണ്. അതിൽ 7,77,830 കേസ്സുകൾ ഹൈക്കോടതിയിൽ തന്നെ കെട്ടിക്കിടക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ മാറ്റമുണ്ടാക്കുന്നതിന് ഒരു പരിധിവരെ ഈ ഭേദഗതി സഹായകരമായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മോട്ടോർ ആക്സിഡന്റ് കേസ്സുകൾ, മറ്റ് സിവിൽ കേസ്സുകൾ തുടങ്ങിയ കാര്യങ്ങളിലാണ് ഏറ്റവും അനുകൂലമായ നിലപാട് സ്വീകരിക്കാൻ കഴിയുന്നത്. സംസ്ഥാനത്തെ എം.എ.സി.ടി. കേസ്സുകളിൽ ഇപ്പോഴുള്ള നിയമം അനുസരിച്ചുതന്നെ അതിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

പോലീസിന് ഒരു സ്ലാബ് സിസ്റ്റമുണ്ട്. എഫ്.ഐ.ആർ. ഇട്ടുകഴിഞ്ഞാൽ, പ്രായം, അംഗവൈകല്യമുൾപ്പെടെയുള്ള കാര്യങ്ങൾ, വരുമാനം ഇതൊക്കെ വച്ച് മറ്റുകാര്യങ്ങളൊന്നും ഇല്ലാതെതന്നെ കോടതിക്ക് നഷ്ടപരിഹാരം കൊടുക്കാൻ സ്ലാബ് സിസ്റ്റം അനുസരിച്ച് കഴിയും. ഇപ്പോൾ അതൊന്നും ചെയ്യുന്നില്ല. ഒരു ആക്സിഡന്റ് ഉണ്ടായാൽ ആക്സിഡന്റായ ആൾക്കാരെ കണ്ടെത്താൻ പ്രത്യേക ഏജൻസികളുണ്ട്. കമ്മീഷനും മറ്റ് കാര്യങ്ങളുമായി ബന്ധപ്പെട്ട് വലിയ തുക കൈപ്പറ്റുന്നുണ്ട് എന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇത് കുറേക്കൂടി

കാര്യക്ഷമമാക്കാൻ എങ്ങനെ ഇടപെടാൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. കോടതി വ്യവസ്ഥയിൽത്തന്നെ ഇപ്പോൾ സ്ലാബ് സിസ്റ്റം നിലവിലുണ്ട്, അപകടമുണ്ടായിക്കഴിഞ്ഞാൽ, പരിക്ക് പറ്റിയാൽ ഇന്ന രീതിയിൽ കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അത് പോരെങ്കിൽ അപ്പീൽ കൊടുക്കാനും കൂടുതൽ ആനുകൂല്യം നേടിയെടുക്കാനുമുള്ള അവസ്ഥയാണ് ഉണ്ടാകേണ്ടത്. അതിനുപകരം പ്രാഥമികമായി കിട്ടേണ്ട ആനുകൂല്യങ്ങൾക്കുപോലും അഭിഭാഷകരെ സമീപിച്ച് പ്രത്യേക ഏജന്റുമാരെവച്ച് കാര്യങ്ങൾ നീട്ടിക്കൊണ്ടു പോകുന്ന അവസ്ഥയുണ്ട്. പലപ്പോഴും ഇങ്ങനെ കിട്ടുന്ന തുകയിൽ വലിയൊരു തുക ബന്ധപ്പെട്ട കക്ഷികൾക്ക് കിട്ടാതെ പോകുന്നതുമുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പരിശോധിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ അടിയന്തരമായി തീർപ്പാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. ഹൈക്കോടതിയിൽ ആവശ്യമായ ജഡ്ജിമാരെ നിയമിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. കേരള ഹൈക്കോടതിയിൽ അതിന്റെ ഫുൾ സ്റ്റെംഗ്ത് അനുസരിച്ച് പലപ്പോഴും ജഡ്ജിമാരെ നിയമിക്കാൻ കഴിയുന്നില്ല. സിവിൽ കേസ്സുകൾ ഉൾപ്പെടെ പല കേസ്സുകളും മാറ്റുന്നതും പത്തും പതിനഞ്ചും മുപ്പതും വർഷങ്ങളായി പരിഹരിക്കാൻ കഴിയാത്ത രീതിയിൽ കേസ്സുകൾ നീണ്ടുപോകുന്നതും അതുകൊണ്ടാണ്. ഇത് അവസാനിപ്പിക്കാൻ കഴിയണം. കേന്ദ്ര ഗവൺമെന്റിന്റെ കൊളീജിയം തീരുമാനിച്ച ജഡ്ജിമാരെ നിയമിക്കുന്ന കാര്യത്തിൽ സങ്കുചിതമായ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകുന്നത് പ്രയാസ മുണ്ടാക്കുന്നൊരു കാര്യമാണ്. അത്തരം കാര്യങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളുണ്ടാകണം. ജഡ്ജിമാരുടെ നിയമനം ഏറ്റവും ജനാധിപത്യവും സുതാര്യവുമാക്കി മാറ്റാൻ കഴിയണം. ജഡ്ജിമാരിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർക്ക്, തന്റേതായ രാഷ്ട്രീയ നിലപാടുണ്ടെങ്കിലും ലോകമാകെ ശ്രദ്ധിക്കപ്പെട്ട നീതിനിർവ്വഹണത്തിൽ ഏർപ്പെട്ടയാളായിരുന്നു. അദ്ദേഹം ആ അർത്ഥത്തിൽ ഏറ്റവും ജനാധിപത്യപരമായും സുതാര്യമായും മാറ്റാൻ കഴിയണം. ഇപ്പോൾ സുപ്രീംകോടതി ഒരു കൊളീജിയം രൂപീകരിച്ചത് നല്ല പോലെ ചർച്ച ചെയ്യേണ്ട കാര്യമാണ്. അങ്ങനെ കൊളീജിയം രൂപീകരിച്ച ജഡ്ജിമാരെപ്പോലും നിയമിക്കാൻ കഴിയാത്ത അവസ്ഥ ഒരു ഭാഗത്തുണ്ട്. ശ്രദ്ധേയമായ വിധികൾ നമ്മുടെ രാജ്യത്തുണ്ടെന്ന് നമുക്കറിയാം. ഏറ്റവും ഒടുവിൽ കർണ്ണാടകയിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ രാഷ്ട്രീയ കുതിരക്കച്ചവടം നടത്തി തെരഞ്ഞെടുപ്പ് വിധി അട്ടിമറിക്കാൻ ശ്രമിച്ചപ്പോൾ, ശ്രദ്ധേയമായ ഇടപെടൽ സുപ്രീംകോടതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട് എന്ന കാര്യവും പ്രധാനപ്പെട്ടതാണ്. കോടതിയുടെ പ്രവർത്തനങ്ങളെ ഏറ്റവും ജനാധിപത്യ

പരമായി സാധാരണക്കാർക്ക് ലഭ്യമാക്കാവുന്ന രീതിയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും അതിനാവശ്യമായ നിലപാട് സ്വീകരിക്കുകയും ചെയ്യണം. ഇപ്പോൾ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഏത് ജഡ്ജിയുടെ ബഞ്ചാണെന്ന് നോക്കി കേസ് കൊടുക്കുന്ന രീതി അഭിഭാഷകർ പരിഗണിക്കേണ്ട കാര്യമില്ല എന്നൊരു പരാമർശം നടത്തിയിട്ടുണ്ട്. ഇതെല്ലാം നാട്ടിൽ വലിയ രീതിയിലുള്ള ചർച്ചകൾക്ക് ഇടയാകുമെന്നതുകൊണ്ടാണ് ആക്ടിംഗ് ചീഫ് ജസ്റ്റിസിന് പോലും അത്തരം കാര്യങ്ങൾ പറയേണ്ടി വരുന്നതെന്ന കാര്യത്തിൽ സംശയമില്ല. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജനാധിപത്യ രാജ്യമെന്ന നിലയിൽ ജുഡീഷ്യറിയെ ജനാധിപത്യപരമായും നമ്മുടെ രാജ്യത്തിന്റെ പൊതു താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രാവർത്തികമാക്കാനും ഇടപെടാനും കഴിയണം. 2013-ലെ ഭേദഗതിക്കുശേഷം അതിന്റെ തുടർനടപടികൾ വരാത്തതു കൊണ്ടാണ് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഏറ്റവും എളുപ്പത്തിൽ നീതി ലഭ്യമാകുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പരിഗണിക്കപ്പെടാനാവശ്യമായ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 2013-ൽ കൊണ്ടുവന്ന ഭേദഗതി ജനങ്ങൾക്ക് നല്ലതുപോലെ ഉപകാരപ്പെടുന്നതാണ്, പക്ഷേ ആ ഭേദഗതിയിൽ മുൻസിഫ് കോടതിയിലും ജില്ലാകോടതിയിലും കഴിഞ്ഞാൽ അതിന്റെ അപ്പീൽ കേൾക്കാൻ സിംഗിൾ ജഡ്ജിക്കോ സിംഗിൾ ബഞ്ചിനോ കഴിയില്ല, ഡിവിഷൻ ബഞ്ചിന് മാത്രമേ കഴിയൂ എന്നുള്ള അവസ്ഥയുണ്ടായിരുന്നു. അത് വലിയ പ്രയാസം ഉണ്ടാക്കിയതുകൊണ്ട് അത് ഒഴിവാക്കിയെടുക്കുക എന്നതാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഹൈക്കോടതിയിൽ ചില ഫയലുകൾ കാണാനില്ല എന്ന വാർത്തകൾ വരുന്നുണ്ട്, അത് വളരെ ഗൗരവമുള്ള കാര്യമാണ്. 2001-2006 കാലഘട്ടത്തിൽ മലബാർ സിമന്റ്സിൽ വലിയ അഴിമതി ഉണ്ടായതാണ്. 2006-ൽ അത് വളരെ വിശദമായി അന്വേഷിക്കുകയും അതുമായി ബന്ധപ്പെട്ട് അഞ്ച് വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ നാലെണ്ണവും ചാർജ്ഷീറ്റ് കൊടുക്കുകയും ചെയ്തു. തുടർന്ന് മറ്റ് കാര്യങ്ങളും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. 2011-ലാണ് ഒരു കേസ്സിന്റെ ചാർജ് ഷീറ്റ് നൽകിയിരുന്നത്. പിന്നീട് 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ആ കേസ്സുമായി ബന്ധപ്പെട്ട് ആദ്യം ചെയ്തത് ആ കേസ് അന്വേഷിക്കുന്ന ഡിവൈ.എസ്.പി.-യെ മാറ്റുകയായിരുന്നു. പിന്നീട് 22-12-2012-ൽ ഒരു പ്രത്യേക തീരുമാന പ്രകാരം ആ കേസിൽപ്പെട്ട മൂന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥരായ ശ്രീ. ജോൺ മത്തായി,

ശ്രീ. എൻ. കൃഷ്ണകുമാർ, ശ്രീ. ടി. പത്മനാഭൻ നായർ എന്നിവരെ കോടതിയിൽ ചാർജ്ഷീറ്റ് നിലനിൽക്കെ പ്രതിപ്പട്ടികയിൽ നിന്നും ഒഴിവാക്കി. അതായത് ചില പ്രത്യേക ആളുകളെ മാത്രം തെരഞ്ഞുപിടിച്ച് ഒഴിവാക്കുകയും കേസ് അട്ടിമറിക്കുന്ന രീതിയിലുള്ള നിലപാട് സ്വീകരിക്കുകയുമുണ്ടായി. ഇതിൽ വലിയ പ്രതിഷേധം പൊതുസമൂഹത്തിലും സഭയ്ക്കകത്തും ഉയർന്നുവന്നു. അന്ന് പ്രതിപക്ഷ നേതാവായിരുന്ന ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ, ഇപ്പോൾ മന്ത്രിയായ ബഹുമാനപ്പെട്ട എ. കെ. ബാലൻ, അന്ന് നിയമസഭാംഗമായിരുന്ന ശ്രീ. എം. ചന്ദ്രൻ എന്നിവരെല്ലാം നിയമസഭയിൽ വലിയ രീതിയിൽ പ്രശ്നങ്ങളുന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച് കോടതിയിൽ കേസ്സുണ്ടായിരുന്നു. അവിടെ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട ശശീന്ദ്രന്റെ അച്ഛൻ ഹൈക്കോടതിയിൽ കേസ്സിന് പോയി, ജോയി കൈതാരം ഒരു സംരക്ഷണ സമിതി രൂപീകരിച്ച് ഇക്കാര്യങ്ങളിലെല്ലാം സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിരുന്നു. ഹൈക്കോടതി തൽക്കാലം ഇടപെട്ട് സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. ആ ഫയലുകൾ ഇപ്പോൾ കാണാനില്ല. ഇത്തരം ഗൗരവമുള്ള കാര്യങ്ങൾ നമ്മുടെ നാട് ശ്രദ്ധിക്കണം. കോടതിക്കകത്തുപോലും കാര്യങ്ങൾ ഇങ്ങനെയാണ് വരുന്നത്. ഇത് കോടതിക്കകത്ത് നീതിയും സാധാരണക്കാരുടെ നിയമ പരിരക്ഷയുമെല്ലാം തകർക്കുന്ന രീതിയിലേയ്ക്ക് മാറുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങ് കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളെ സംബന്ധിച്ച് പറഞ്ഞു. അത് വളരെ ഗൗരവമുള്ള വിഷയമാണ്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും എത്രയും പെട്ടെന്ന് നീതി കിട്ടുക എന്നുള്ളതാണ് നമ്മുടെ ആഗ്രഹം, നിയമവ്യവസ്ഥയും അതിനാണ്. എന്നാൽ ക്രമാതീതമായി കേസ്സുകളുടെ എണ്ണം വർദ്ധിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സേവനം നല്ല നിലയിൽ ജനങ്ങളിലെത്തിക്കാൻ സാധിക്കും. ഒരു നയാപൈസ ചെലവില്ലാതെ, പെറ്റീഷൻ എഴുതിക്കൊടുത്താൽ, എത്ര വലിയ കേസ്സാണെങ്കിലും അപ്പീൽ പോലും പോകാൻ കഴിയാത്ത തരത്തിലുള്ള അവാർഡ് കൊടുക്കാൻ സാധിക്കും. അത് കുറേക്കൂടി ഫലപ്രദമായി സമൂഹത്തിൽ എല്ലായിടത്തും എത്തിക്കാനും അതുപോലെ മീഡിയേഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കാനുള്ള നടപടികളും കൂടി ഇതോടൊപ്പം ഉണ്ടായാൽ കുറേക്കൂടി മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, തീർച്ചയായും. വളരെ പ്രധാനപ്പട്ട ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഞാൻ നേരത്തെ രണ്ട് കാര്യങ്ങൾ പറഞ്ഞു, ഒന്ന്, എം.എ.സി.ടി. കേസ്സുകളിൽ കോടതിയിൽ നടപടികൾ പൂർത്തീകരിക്കാതെ തന്നെ നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് എഫ്.ഐ.ആർ.-ഉം പോലീസുകാർ കൊടുക്കുന്ന റിപ്പോർട്ടുകളും നോക്കി പ്രാഥമിക നഷ്ടപരിഹാരം കൊടുക്കാൻ കഴിയും. എന്നാൽ കേരളത്തിൽ ഇന്ന് അങ്ങനെ നടക്കുന്നില്ല. അഭിഭാഷകരും കോടതിയും ചില കമ്മീഷൻ ഏജൻസികളുമായി കൂട്ടിക്കെട്ടി നീട്ടിക്കൊണ്ടുപോകുന്ന അവസ്ഥയാണുള്ളത്. മറ്റൊന്ന്, സോഷ്യൽ മീഡിയയിലൂടെ അദാലത്ത് നടത്തിയാൽ വലിയ രീതിയിൽ ഇക്കാര്യങ്ങൾ പരിഹരിക്കാൻ കഴിയും. അതുപോലെ ലീഗൽ സർവ്വീസസ് അതോറിറ്റിക്കും ഇക്കാര്യത്തിൽ ഇടപെടാൻ കഴിയും. ഒട്ടേറെ അദാലത്തുകൾ നടക്കുന്നുണ്ടെങ്കിലും അത് നല്ലതുപോലെ വർദ്ധിപ്പിക്കാൻ കഴിയണം. എന്നാൽ അതിൽ ഒരു പ്രശ്നമുള്ളത്, സിവിൽ കേസ്സുകൾക്ക് മാത്രമേ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ എന്നതാണ്. ക്രിമിനൽ കേസ്സുകളിൽ പരിമിതിയുണ്ട്. ഒരാൾ ഒറ്റയ്ക്കൊരാളെ മർദ്ദിച്ചു എന്ന കേസ് അദാലത്തിൽ തീർപ്പാക്കാൻ കഴിയും. എന്നാൽ അതേ കേസ് ഒരു സംഘം ആളുകളാണെങ്കിൽ ക്രിമിനൽ പ്രൊസീഡ്യൂവർ അനുസരിച്ച് ചെയ്യാൻ കഴിയില്ല. ഇത്തരം കാര്യങ്ങളിൽ എങ്ങനെയാണ് പരിഹാരം കാണാൻ കഴിയുക എന്ന് ആലോചിക്കണം. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. 2013-ൽ ഈ ബില്ലിൽ ഒരു പ്രധാനപ്പെട്ട ഭേദഗതി കൊണ്ടുവന്നപ്പോൾ അതിലൊരു കുറവ് സംഭവിച്ചു. ഒരു സൈക്കിളിന്റെ രണ്ട് ടയറും കേടുവന്നാൽ ഒരു ടയർ മാത്രം മാറ്റിയാൽ ഓടിക്കാൻ കഴിയില്ല, അതുപോലെ രണ്ടാമത്തെ ടയർ കൂടി മാറ്റുന്നരീതിയിൽ ഒരു കേസ്സിന്റെ കാര്യത്തിൽ സിംഗിൾ ബഞ്ചിന് കേൾക്കാവുന്ന പരിധി 40 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു എന്നത് വളരെ പ്രധാനപ്പെട്ടതാണ്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും നിരവധി സിവിൽ / എം.എ.സി.ടി. കേസ്സുകളിൽ വളരെ പെട്ടെന്ന് ഒത്തുതീർപ്പുണ്ടാക്കാൻ കഴിയും. അതുപോലെ ജഡ്ജിമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും മറ്റ് കാര്യങ്ങളിലും സജീവമായി ഇടപെടാൻ കഴിയണം. കോടതിയുടെ വ്യവഹാര നടപടികൾ ഏറ്റവും ജനാധിപത്യപരവും സുതാര്യവുമായി മാറ്റുന്നതിനുള്ള സമീപനമായി ഇതിനെ കാണണം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് ഏറ്റവും അനിവാര്യമായ ചില നടപടികൾ കോടതികളുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ട സാഹചര്യം രാജ്യത്ത് നിലനിൽക്കുകയാണ്. കോടതികളെ വരുതിയിലാക്കാൻ ബോധപൂർവ്വമായ ശ്രമം ദേശീയതലത്തിൽ നടക്കുന്നതിന്റെ ഉദാഹരണമാണ് അടുത്തകാലത്ത് സുപ്രീംകോടതിയിൽ മലയാളിയായ ജസ്റ്റിസ് കെ. എം. ജോസഫിന്റെ നിയമനവുമായി ബന്ധപ്പെട്ട് ചില സംഭവവികാസങ്ങൾ ഉണ്ടായത്. അതിന്ന് രാജ്യം ഭരിക്കുന്ന ഗവൺമെന്റും അതിന്റെ മുഖ്യനേതൃത്വം വഹിക്കുന്ന പ്രധാനമന്ത്രിയുമൊക്കെ നടത്തുന്ന നീക്കങ്ങളുടെ ഒരു പ്രതിഫലനമായി കാണേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. പക്ഷെ ഇതിനിടയിൽ തകർന്നുപോകുന്നത് കോടതിയുടെ വിശ്വാസ്യതയാണെന്ന ഏറ്റവും ഗൗരവതരമായ കാര്യം നമ്മൾ മറന്നുപോകാൻ പാടില്ല. മലയാളിയായ ജസ്റ്റിസ് കുര്യൻ ജോസഫ് ഉൾപ്പെടെ നാല് ജഡ്ജിമാർ എടുത്തിട്ടുള്ള നിലപാടും ജനങ്ങൾ ഇക്കാര്യത്തിൽ ഇടപെടണമെന്ന അവരുടെ പ്രസ്താവനയുമൊക്കെ ഇന്ത്യയിലെ കോടതികളെ സംബന്ധിച്ചുള്ള വിശ്വാസ്യതയ്ക്ക് മങ്ങലേൽപ്പിച്ചു. മാത്രമല്ല, ഇത് ഇന്ത്യൻ ജുഡീഷ്യറി എങ്ങോട്ട് പോകുന്നുവെന്ന് എല്ലാവരെയും ഇരുത്തി ചിന്തിപ്പിക്കേണ്ട ഒരു വസ്തുത കൂടിയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഭരണഘടനയും തുടർച്ചയായി വന്നിട്ടുള്ള കീഴ്‌വഴക്കങ്ങളുടെയുമൊക്കെ ഫലമായി നമ്മുടെ രാജ്യത്തെ പരമോന്നത കോടതി മുതൽ താഴെത്തട്ടിലുള്ള കീഴ്ക്കോടതി വരെയുള്ള കോടതികൾക്ക് കല്പിച്ച് നൽകിയിട്ടുള്ള പരിപാവനതയും പവിത്രതയും സംരക്ഷിച്ചു നിലനിർത്തുക എന്നത് ഏറ്റവും സുപ്രധാനമായ ഒന്നായി ഇന്ത്യയിലെ എല്ലാ പൗരന്മാരും ഭരണകൂടങ്ങളും കാണേണ്ടത് അനിവാര്യമാണ്. അതല്ലെങ്കിൽ നമ്മുടെ പൂർവ്വപിതാക്കന്മാർ കോടതിയെ സംബന്ധിച്ച് കണ്ടിരുന്നതോ അല്ലെങ്കിൽ വിഭാവന ചെയ്തിരുന്നതോ ആയ സങ്കൽപ്പങ്ങളൊക്കെ തകർന്നുപോകാനിടയുണ്ട്. സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നത് ഇതാണ്. ജസ്റ്റിസ് ബി. കെമാൽ പാഷ കേരള ഹൈക്കോടതിയിലും പിന്നീട് റിട്ടയർ ചെയ്തപ്പോൾ നടത്തിയ ചില പ്രസ്താവനകളും അതിനോട് മറ്റൊരു ജഡ്ജിയായ ജസ്റ്റിസ് പി. എൻ. രവീന്ദ്രൻ നടത്തിയ പ്രതിപ്രസ്താവനയുമൊക്കെ കോടതികളെയും ജഡ്ജിമാരെപ്പറ്റിയും പല വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് കോടതിയുടെ പവിത്രത നിലനിർത്താൻ, ജഡ്ജിമാർക്ക് സമൂഹം നൽകുന്ന മാന്യത നിലനിർത്താൻ ബോധപൂർവ്വമായ ഒരു ശ്രമം നമ്മുടെ രാജ്യത്തുണ്ടാകേണ്ടത് അനിവാര്യമാണ്. യഥാർത്ഥത്തിൽ വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും സാങ്കേതിക വൈദഗ്ധ്യത്തിലും കേരളം മുൻപന്തിയിലാണ്, ഒന്നാമതാണ് എന്നുപറയുമ്പോൾ ആ വൈദഗ്ധ്യമൊന്നും കോടതികളിൽ തെളിഞ്ഞുകാണാൻ കഴിയുന്നില്ലെന്നുള്ളത്

ഖേദകരമായൊരു നടപടിയാണ്. ആ സാങ്കേതിക മികവോ വിദ്യാഭ്യാസപരമായ ഔന്നത്യമോ സാംസ്കാരികമായ വളർച്ചയോ ഒന്നും നീതിന്യായരംഗത്ത് വേണ്ടത്ര രീതിയിൽ പ്രതിഫലിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് ആത്മപരിശോധന പൊതുവായി നടത്തേണ്ടതാണെന്ന് ഞാൻ കരുതുന്നു. നമ്മുടെ കോടതികളൊക്കെത്തന്നെ കോളനി വാഴ്ചയുടെ തുടർച്ചയെന്ന നിലയിൽ ഇന്നും തുടർന്നുപോകുന്ന അവസ്ഥയുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. " Justice delayed is justice denied" എന്നുപറയുന്ന ഏറ്റവും പ്രസിദ്ധമായ ആ വാക്യം, വൈകി നടപ്പാക്കുന്ന നീതി, നീതി നിഷേധിക്കുന്നതിന് തുല്യമാണെന്ന വാചകം നമ്മുടെ കോടതികളിൽ ഇന്ന് ജനങ്ങൾ അനുഭവിക്കുന്ന ഒരു യഥാർത്ഥ പ്രശ്നമാണ്. അത് കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന നീതിന്യായ സംവിധാനം കുറ്റമറ്റതാണെന്ന് വിലയിരുത്തുമ്പോഴും ഈ കാലതാമസം കോടതികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ജനങ്ങളുടെ പ്രതീക്ഷയ്ക്ക് മങ്ങലേൽപ്പിക്കുന്നതാണെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഹൈക്കോടതി മുതൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതികൾ വരെ 458 കോടതികളാണ് ഇന്ന് സംസ്ഥാനത്ത് നിലവിലുള്ളത്. ഹൈക്കോടതിയുടെ അംഗീകൃതമായ സ്ട്രെംഗ്ത് എന്നുപറയുന്നത് 47 ജഡ്ജിമാരാണ്. എന്നാൽ 36 ജഡ്ജിമാർ മാത്രമേ ബഹുമാനപ്പെട്ട ഹൈക്കോടതിയിലുള്ളൂ. ഏകദേശം ഒൻപതോളം ജഡ്ജിമാരുടെ ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. ഈ ബില്ലിൽ ഒരു ലക്ഷം രൂപയെന്നുള്ളത് 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതുതന്നെ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിന് സഹായകരമാകും. പക്ഷേ 47 ജഡ്ജിമാർ വേണ്ട കേരള ഹൈക്കോടതിയിൽ 36 ജഡ്ജിമാർ മാത്രമേയുള്ളൂവെന്ന ഗൗരവതരമായ കാര്യംകൂടി നമ്മൾ കാണേണ്ടതുണ്ട്.

ഹൈക്കോടതിയിൽ ഡിജിറ്റലൈസേഷൻ രംഗത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായിട്ടില്ല; ഓൺലൈൻ ഫയലിംഗോ ആധുനിക സംവിധാനങ്ങളോ ഇല്ല; കമ്പ്യൂട്ടറൈസേഷൻ പരിപൂർണ്ണമായി നടപ്പാക്കാനും കഴിഞ്ഞിട്ടില്ല. പിന്നെ കോടതിയുടെ ആധുനികവൽക്കരണവും കേസ് തീർപ്പാക്കലും എങ്ങനെ നടക്കുമെന്നാണ് പറയുന്നത്? തീർപ്പുകൽപ്പിക്കപ്പെട്ട 8 ലക്ഷത്തോളം കേസ്സുകളുടെ ഫയലുകൾ ഹൈക്കോടതിയുടെ ഏറ്റവും മുകളിലത്തെ നിലയിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ കെട്ടിടത്തിന് ക്ഷതം സംഭവിക്കുന്നുവെന്ന വാർത്തകൾ പത്രങ്ങളിൽ വന്നിരിക്കുകയാണ്. ഇതൊക്കെ സൂക്ഷിച്ചുവയ്ക്കാനും ഡിജിറ്റലൈസ് ചെയ്യാനുമുള്ള നടപടികൾ നമ്മുടെ നാട്ടിലുണ്ടാകണം. അതിന് ഗവൺമെന്റ് ആവശ്യമായ മുൻകരുതലുകളെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു വർഷം ഹൈക്കോടതിയിൽ ഏകദേശം 84000

കേസ്സുകളാണ് പുതിയതായി വരുന്നത്. അപ്പോൾ പഴയ കേസ്സുകളും ഓരോ വർഷവും വരുന്ന പുതിയ കേസ്സുകളും തീർപ്പുകൽപ്പിക്കണമെങ്കിൽ എത്രയോ വർഷങ്ങൾ കാത്തിരിക്കണമെന്നുള്ളത് നമ്മെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. പുതിയതായി പത്തുനില കെട്ടിടം പണിയാനുള്ള പ്രൊപ്പോസൽ ഹൈക്കോടതി മുന്നോട്ടുവച്ചിരിക്കുകയാണ്. കൂടാതെ ജഡ്ജിമാർക്ക് ഇരിക്കാനും ഫയലുകൾ സൂക്ഷിക്കാനുമുള്ള സൗകര്യങ്ങളടക്കമുള്ള പോരായ്മകൾ പരിഹരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. 1750-ഓളം ജീവനക്കാർ കേരള ഹൈക്കോടതിയിലുണ്ട്. 175-ഓളം പുതിയ ആളുകളെക്കൂടി ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്രയും ജീവനക്കാർ ഉണ്ടായിട്ടും ഇത്രയും സുപ്രധാനമായ ഒരു സ്ഥാപനം കമ്പ്യൂട്ടർവത്കരിച്ചിട്ടില്ല എന്നത് ഗൗരവമായി കാണണം. ചീഫ് ജസ്റ്റിസ് ഒഴികെ ഒന്ന് മുതൽ പതിനാല് വരെയുള്ള സീനിയർ ജഡ്ജിമാർക്കാണ് ഓരോ ജില്ലയുടെയും ചാർജ്ജുള്ളത്. എം.എ.സി.ടി. കേസ്, ഫാമിലി കോടതികൾ, ട്രിബ്യൂണലുകൾ എന്നിവയുടെ ചുമതലയാണ് മറ്റ് മൂന്ന് ജഡ്ജിമാർക്കുള്ളത്. എന്നിട്ടും കേസ്സുകൾക്ക് കാര്യമായ തീർപ്പുണ്ടാക്കാൻ കഴിയുന്നില്ല. താത്കാലിക ജഡ്ജിമാരെ കീഴ്ക്കോടതികളിലും മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലുമാണ് നിയമിക്കാൻ കഴിയുന്നത്. മറ്റ് ജില്ലാ ജഡ്ജിമാർക്കൊക്കെ അഡീഷണൽ ചാർജ് കൊടുക്കാൻ മാത്രമേ കഴിയുകയുള്ളൂ. എങ്ങനെയാണ് ഈ കേസ് തീർപ്പാക്കാൻ കഴിയുക എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ആധുനികതയെന്നത് കോടതികളുടെ പടിവാതിൽക്കൽപ്പോലും എത്തിയിട്ടില്ല. ഞാൻ രണ്ടുവർഷം മുമ്പ് ദുബായിലെ ഒരു കോടതിയിൽ കൗതുകത്തിനുവേണ്ടി പോയി. അവിടെ എനിക്ക് കാണാൻ കഴിഞ്ഞ ഒരു കാഴ്ച, കോടതിയിലേയ്ക്ക് ഒരു പ്രതിയെ കൊണ്ടുവരുന്നത് നമ്മുടെ നാട്ടിൽ ഒരു പ്രതിയെ കൊണ്ടുവരുന്നതുപോലെ പോലീസ് സന്നാഹങ്ങളും വാഹനങ്ങളുമായിട്ടല്ല, പകരം ഒരു കവചിത വാഹനത്തിൽ, അണ്ടർഗ്രൗണ്ട് പോലെയുള്ള ഒരു സംവിധാനം കോടതിക്കുണ്ട്. ആ അണ്ടർഗ്രൗണ്ടിൽ പ്രതിയെ കൊണ്ടുവരികയും അവിടെനിന്ന് ലിഫ്റ്റിൽ കയറ്റി ജഡ്ജിയുടെ മുൻപിലുള്ള കൂട്ടിലേയ്ക്ക് കയറ്റി നിർത്തുകയുമാണ് ചെയ്യുന്നത്. കാരണം ഈ പ്രതിയെ മറ്റാർക്കും കാണാനോ ആക്രമിക്കാനോ പടമെടുക്കാനോ ഒന്നും അവസരം കൊടുക്കാതെ കൊണ്ടുവരാനാണ്. നമ്മുടെ കോടതികളിൽ അങ്ങനെ എന്തെങ്കിലും ഒരു സൗകര്യമുണ്ടോ? നമ്മുടെ കോടതികളിൽ ഒരു പ്രതിയെ ഹാജരാക്കുമ്പോഴുണ്ടാകുന്ന സംഭവങ്ങൾ, അക്രമങ്ങൾ, പ്രതിയെ കോടതിയിൽ ഹാജരാക്കുമ്പോൾ കൊലപാതകംപോലും ഉണ്ടായിട്ടുണ്ട്. കോടതിയുടെ പരിഗണനയിലും പരിരക്ഷയിലുമുള്ള ഒരു പ്രതി കോടതി പരിസരത്ത് വരുമ്പോൾ മരണംപോലും സംഭവിക്കുന്ന സാഹചര്യമുണ്ടാകുകയാണ്. അതുകൊണ്ട് ആധുനിക രീതിയിലുള്ള കോടതികൾ നമുക്കുണ്ടാകണം. കഴിഞ്ഞ യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് നാൽപ്പതോളം പുതിയ കോടതികൾ ആരംഭിച്ചെങ്കിലും അവയെല്ലാംതന്നെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതുൾപ്പെടെ ഡസൻ കണക്കിന് കോടതികൾ ഇന്ന് വാടകക്കെട്ടിടത്തിലാണ്. നൂറ് വർഷം കഴിഞ്ഞ കോടതികളടക്കം നമ്മുടെ നാട്ടിലുണ്ട്. ആ കോടതികളുടെ സ്ഥിതിയെന്താണ്? ഞാൻ ഒരു കേസ്സുമായി ബന്ധപ്പെട്ട് കോട്ടയത്തെ ഒരു കോടതിയിൽ പോയപ്പോൾ അവിടെ മാർക്കറ്റിനെക്കാൾ തിരക്കാണ് കാണാൻ കഴിഞ്ഞത്. കോടതിയിൽ കേസ് എപ്പോൾ വിളിക്കുമെന്നോ തന്റെ ഊഴം എപ്പോഴാണെന്നോ ആർക്കും അറിയാൻ യാതൊരു മാർഗ്ഗവും ഈ ആധുനിക കാലഘട്ടത്തിൽ ഇല്ല. ഒരു ഡിസ് പ്ലേ കാണിക്കാനുള്ള സൗകര്യംപോലും ഇല്ല.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഒരു ജില്ലയിൽ ഒരു മോഡൽ കോടതി തുടങ്ങിയത്. ആ പരിപാടിപോലും കാര്യമായി മുന്നോട്ട് പോകുന്നില്ല. പ്രത്യേകിച്ച് കീഴ്ക്കോടതിയിൽ പോകുന്ന ഒരു പ്രതിക്കോ, അവരുമായി ബന്ധപ്പെട്ട് കേസ് നടത്തുന്നവർക്കോ അഭിഭാഷകർക്കോ ഇരിക്കാനുള്ള സൗകര്യം പോലുമില്ല, നല്ല അന്തരീക്ഷമില്ല. കോടതിയോട് ചേർന്ന് ഒരു വിശ്രമമുറി നിർമ്മിച്ച് അവരവരുടെ പേര് വിളിക്കുമ്പോൾ പ്രതിക്കോ വാദിക്കോ അങ്ങോട്ട് കടന്നുചെല്ലാനുള്ള സൗകര്യമൊരുക്കിയാൽ എന്താണ് കുഴപ്പം? പ്രായമേറിയവരും നിരവധി രോഗങ്ങൾ അലട്ടുന്നവരുമായ ആളുകൾ കോടതിയിൽ പോയി മണിക്കൂറുകളോളം വിഷമിച്ച് നിൽക്കുകയാണ്. രാവിലെ കോടതിയിൽ എത്തിയാൽ ചായ കുടിക്കാനോ, ഊണ് കഴിക്കാനോ പറ്റുമെന്ന് ഒരു നിശ്ചയവുമില്ല. 'വരുമോരോ ദശ വന്നപോലെ പോം' എന്നുപറയുന്നതു പോലെയാണ്. കോടതിയിൽ എന്ത്, എപ്പോൾ നടക്കുമെന്ന് അറിയാൻ പറ്റില്ല. ഈ ആധുനിക കാലഘട്ടത്തിലും കേരളം പോലുള്ള ഒരു സംസ്ഥാനത്ത് കോടതിയിൽ ഒരു സൗകര്യവുമില്ലെന്ന് പറയുന്നത് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. പൊതുവായി, കാലാകാലങ്ങളിൽ കോടതികളിൽ നടക്കേണ്ട ആധുനികത ഒട്ടുംതന്നെ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടില്ല. ഒരു ഇടക്കാല ഉത്തരവിട്ടാൽ അതിന്റെ കോപ്പി കിട്ടുന്ന സമ്പ്രദായം ഹൈക്കോടതിയിലുണ്ട്. കീഴ്ക്കോടതികളിൽ ഒരിക്കൽപ്പോലും അത് കിട്ടാനുള്ള സംവിധാനമില്ല. ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി കിട്ടാനുള്ള അവസ്ഥപോലും കോടതികളിലില്ല. എന്തുകൊണ്ട് ഈ നിയമഭേദഗതി വരുന്ന സമയത്തെങ്കിലും കോടതികളെ മെച്ചപ്പെടുത്താൻ കഴിയുന്നില്ല? ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക തുലോം കുറവാണ്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ബഹുമാനപ്പെട്ട അംഗം കോടതിയെ സംബന്ധിച്ച് ഇക്കാലത്തുള്ള ധാരാളം പ്രസക്തമായ ഭാഗങ്ങൾ പറഞ്ഞു. പലപ്പോഴും കോടതികൾ മനുഷ്യാവകാശം ലംഘിക്കപ്പെടുന്ന ഒരു സ്ഥലമായും തെറ്റ് ചെയ്യുന്നവരും തെറ്റ് ചെയ്യാത്തവരും ചെന്നുനിൽക്കുന്ന സ്ഥലവുമായി മാറുകയാണ്. അങ്ങ് ഇത്രയും പ്രതിപാദിച്ചപ്പോഴും സ്ത്രീകളും കുട്ടികളും വലിയ തരത്തിലുള്ള വേദന അനുഭവിക്കുന്ന സ്ഥലമായ കുടുംബ കോടതിയെക്കുറിച്ച് ഒന്നും പറഞ്ഞില്ല. കുടുംബ കോടതികൾ മറ്റ് കോടതികളെപ്പോലെയല്ല, സ്ത്രീകളും കുട്ടികളും മാനസിക സംഘർഷം അനുഭവിക്കുമ്പോൾത്തന്നെ ഇരിക്കാൻ പോലും കഴിയാതെ, പ്രതികളെ പോലെ വന്നുനിൽക്കുന്ന അവസ്ഥയെ സംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും സജഷൻസ് വയ്ക്കാനുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട കായംകുളം മെമ്പർ പറഞ്ഞത് വസ്തുതയാണ്. അക്കാര്യം പരാമർശിക്കാൻ തുടങ്ങുമ്പോഴാണ് അങ്ങ് ഇടപെട്ടത്. ഉദാഹരണത്തിന്, കുടുംബകോടതിയിൽ ഒരു കേസ് നടക്കുമ്പോൾ ഭാര്യയും ഭർത്താവും അല്ലെങ്കിൽ അച്ഛനും അമ്മയും കൊച്ചുകുട്ടികളുമായാണ് വരുന്നത്. ഒന്നുമറിയാത്ത കൊച്ചുകുട്ടികൾക്ക് ഇരിക്കാൻ സൗകര്യമോ നല്ല ശുചിമുറിയോ ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അത്തരം കാര്യങ്ങൾക്ക് ഗൗരവതരമായ സമീപനം രാഷ്ട്രീയത്തിനതീതമായി ഉണ്ടാകേണ്ടതുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 21 ജില്ലാ ജഡ്ജിമാരാണുള്ളത്. നമ്മുടെ സംസ്ഥാനത്ത് 160-ഓളം ജില്ലാ ജഡ്ജിമാർ ഉണ്ടെങ്കിലും കോടതികളുടെ പ്രവർത്തനം വളരെ മോശപ്പെട്ട അന്തരീക്ഷത്തിലാണ് നടക്കുന്നത്. ശ്വാസംമുട്ടൽ അടക്കമുള്ള അസുഖമുള്ളവർ അവിടെ ചെന്നാൽ അത് വർദ്ധിക്കുമെന്ന രീതിയാണുള്ളത്. ഒരു വർഷം 80000 മുതൽ 85000 വരെ പുതിയ കേസ്സുകൾ വരുന്നുണ്ടെങ്കിലും 65000 മുതൽ 70000 കേസ്സുകൾ വരെയാണ് തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നത്. 1.9 മുതൽ 2 ലക്ഷം വരെയുള്ള കേസ്സുകൾ ഹൈക്കോടതിയിൽ കെട്ടിക്കിടക്കുകയാണ്. ഡിവിഷൻ ബെഞ്ച് ഒഴിവായി സിംഗിൾ ബെഞ്ചിലേയ്ക്ക് വന്ന് കുറച്ച് കേസ്സുകൾ കൂടി തീർക്കുക എന്നൊരു നല്ല ഉദ്ദേശ്യം 40 ലക്ഷമാക്കി ഉയർത്തുന്നതിന് പിന്നിലുണ്ടെങ്കിലും 65000 മുതൽ 70000 വരെയുള്ള കേസ്സുകൾ മാത്രമാണ് ഒരു വർഷം തീർപ്പാക്കാൻ കഴിയുന്നതെന്ന് കാണുമ്പോൾ എത്രയോ കാലഘട്ടം കാത്തിരുന്നാലും എത്ര ഭേദഗതി കൊണ്ടുവന്നാലും അതിന് കഴിയുമോയെന്ന് സംശയമാണ്.

അതുപോലെ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ വയ്ക്കാനുള്ള മറ്റൊരു നിർദ്ദേശം, സംസ്ഥാന ഗവൺമെന്റിന്റെ ടാക്സുമായി ബന്ധപ്പെട്ടുള്ള എത്ര കേസ്സുകൾ കെട്ടിക്കിടക്കുന്നു; അവ ഏതെല്ലാം കോടതികളിലാണെന്ന് കണ്ടെത്തി കൃത്യമായി തീർപ്പാക്കാനുള്ള ഒരു മെക്കാനിസത്തെക്കുറിച്ച് ആലോചിച്ച് അതിനുവേണ്ട പദ്ധതികൾ തയ്യാറാക്കിയാൽ സർക്കാരിന് ഒട്ടേറെ സാമ്പത്തികനേട്ടം ഉണ്ടാകുമെന്ന് മാത്രമല്ല, കെട്ടിട്ടിടക്കുന്ന കേസ്സുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനും കഴിയും. അതോടൊപ്പം ലോവർ കോടതികളിൽ 2.5 ലക്ഷം കേസ്സുകൾ കെട്ടിക്കിടക്കുന്നുവെന്ന് ശ്രീ. സി. കെ. ശശീന്ദ്രൻ പറഞ്ഞത് ശരിയാണ്. മലബാർ സിമന്റ്സ്, പാലക്കാട് 80 ഏക്കറോളം വരുന്ന നിലം എന്നിവയുമായി ബന്ധപ്പെട്ട കേസ്സിന്റെ ഫയലുകൾ കാണാനില്ല. ഫയലുകൾ മോഷണം പോകുന്നത് വളരെ ഗൗരവമായി കാണണം. അവിടെ ഹൈക്കോടതി രജിസ്ട്രാറുടെയും വിജിലൻസ് രജിസ്ട്രാറുടെയും അന്വേഷണം കൂടാതെ മറ്റ് ഏജൻസികളുടെയും അന്വേഷണം നടത്തുന്നത് സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ഗവൺമെന്റ് ചർച്ച നടത്തണം. ഹൈക്കോടതിയിൽ നിന്ന് ഫയലുകൾ മോഷണം പോകുകയെന്ന് പറഞ്ഞാൽ തീക്കട്ടയിൽ ഉറുമ്പരിക്കുന്നതിന് തുല്യമല്ലേ? അത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കി ഇക്കാര്യം ഗൗരവമായി കാണണം. ഹൈക്കോടതിയിൽ നേരിട്ട് ഇടപെടുന്നതിന് ഗവൺമെന്റിന് പ്രയാസമുണ്ടെങ്കിലും ചീഫ് ജസ്റ്റിസുമായി മുഖ്യമന്ത്രിക്ക് സംസാരിക്കാനും ഒരു നീക്കുപോക്കുണ്ടാക്കാനും കഴിയും. എന്ത് സുരക്ഷിതത്വമാണ് ഹൈക്കോടതിയിൽ വരുന്ന ഫയലുകൾക്കുള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നഷ്ടപ്പെടുന്ന ഫയലുകളുടെ പ്രാധാന്യം കാണേണ്ടതുണ്ട്. ഹൈക്കോടതിയിൽ ഫയൽ കാണാനില്ലാത്തതുമായി ബന്ധപ്പെട്ട് ഒരു കാര്യം ചൂണ്ടിക്കാണിക്കാം. കഴിഞ്ഞയാഴ്ച വിവരാവകാശ നിയമം വഴി റവന്യൂ വകുപ്പുമന്ത്രിയോട് 'ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള കുറിഞ്ഞി സാംഗ്ച്വറി കയ്യേറിയ ഇടുക്കി എം.പി.-യുമായി ബന്ധപ്പെട്ട് ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ, സബ്കളക്ടർ നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ' എന്ന് ചോദിച്ചിരുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഇത് പറഞ്ഞുതീർത്തതിനുശേഷം വഴങ്ങാം. 7-5-2007-ൽ ....(ബഹളം)... ചെയർ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ പറയട്ടെ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, സഭയിൽ ഇല്ലാത്ത ബഹുമാന്യനായ ജനപ്രതിനിധിയെ സംബന്ധിച്ച് നടത്തിയ പരാമർശം സഭാരേഖകളിൽ നിന്ന് ഒഴിവാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. എസ്. രാജേന്ദ്രൻ: സർ, രണ്ടാമതായി, നീലക്കുറിഞ്ഞിയെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ ഗൈഡ്‌ലൈൻസ് കൊടുത്തിട്ടുണ്ട്. അത് അന്തിമഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ വരുന്ന പരാമർശങ്ങളെ തുടർന്ന് നടപടികളുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദി എന്നുപറയുന്ന പ്രധാനമന്ത്രി സഭയിൽ എവിടെയെങ്കിലുമുണ്ടോ; സഭയിൽ ധാരാളം ആളുകൾ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്കെതിരെ പ്രസംഗിക്കുന്നുണ്ടല്ലോ.

ശ്രീ. സജി ചെറിയാൻ: സർ, ഈ സഭയിൽ ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. ഒരു എം.പി. സ്ഥലം കയ്യേറി എന്നാണ് താങ്കൾ പറഞ്ഞിട്ടുള്ളത്. അത് സഭാ രേഖകളിൽ നിന്നും മാറ്റണമെന്നാണ് ശ്രീ. എസ്. രാജേന്ദ്രൻ സൂചിപ്പിച്ചത്.

ശ്രീ. പി. ടി. തോമസ്: സർ, പുതിയ അംഗം ശ്രീ. സജി ചെറിയാൻ പറഞ്ഞ അഭിപ്രായത്തെ മാനിച്ചുകൊണ്ടുതന്നെ പറയുകയാണ്, താങ്കൾ കാര്യങ്ങൾ മനസ്സിലാക്കാതെ പറയുകയാണ്. സഭയിൽ ഉണ്ടോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് എന്റെ സുഹൃത്തുകളായ ശ്രീ. സജി ചെറിയാനും ശ്രീ. എസ്. രാജേന്ദ്രനും ചോദിച്ചല്ലോ. 17724/എ.2/2017 നമ്പർ ഫയലിൽ ഇടുക്കി എം.പി. അടക്കമുള്ള ആളുകൾ ഭൂമി കയ്യേറിയത് സംബന്ധിച്ച് ശ്രീറാം വെങ്കിട്ടരാമൻ കൊടുത്ത ഫയൽ 7-5-2017 മുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിടിച്ചുവച്ചിരിക്കുകയാണ്. ആ ഫയൽ കാണാനില്ല. ആ ഫയലിൽ ഞാൻ സൂചിപ്പിച്ച കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.3689/ഇബി/2018 നി.സെ. തീയതി 25-6-2018) സഭാ രേഖയിൽ നിലനിർത്തി.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ വിഷയം നമ്മൾ പല പ്രാവശ്യം ചർച്ച ചെയ്തതാണ്. ഇതിന്റെ കാര്യകാരണങ്ങൾ എല്ലാംതന്നെ മുഖ്യമന്ത്രി ഈ സഭയിൽ വിശദീകരിച്ചതാണ്. അദ്ദേഹത്തിന് അവിടെ സ്ഥലവുമില്ല, അദ്ദേഹത്തിന്റെ പേരിൽ പട്ടയവും പിടിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അച്ഛൻ, മകൻ എന്ന നിലയിൽ മറ്റെല്ലാ മക്കൾക്കും കൊടുത്തതുപോലെ കൊടുത്ത സ്ഥലമാണ് അദ്ദേഹത്തിന്റെ കൈവശമിരിക്കുന്നത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യങ്ങളെ തെറ്റായി വ്യാഖ്യാനിച്ച് അങ്ങയെപ്പോലെ പാർലമെന്റിലും അസംബ്ലിയിലും അംഗമായിട്ടും പൊതുപ്രവർത്തനങ്ങളിൽ പാരമ്പര്യമുള്ള ഒരാൾ ഇതുപോലെ ദുർബലനായ ഒരു എം.പി.-യെ വീണ്ടും ഈ നിയമസഭയ്ക്കകത്തേയ്ക്ക് കൊണ്ടുവരേണ്ട കാര്യമുണ്ടോ? ഒരു പാവപ്പെട്ടവനല്ലേ; അദ്ദേഹത്തെ വെറുതെ വിടണം. എന്തിനാണ് അദ്ദേഹത്തോട് പിണക്കം കാണിക്കുന്നത്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങയുടെ ഗവൺമെന്റിന്റെ കാലത്താണ് പട്ടയം കൊടുത്തതും വിഹിതം വച്ചതുമെല്ലാം. അദ്ദേഹം എം.പി. അല്ലാതിരുന്ന സമയത്ത് നടന്ന വിഷയം അന്ന് അങ്ങൊരു രാഷ്ട്രീയ പാർട്ടിയെ വിശ്വസിച്ച് അവിടെയുണ്ടായിരുന്ന സമയത്ത് ഒരു പ്രശ്നവുമില്ല. പിന്നീട് രാഷ്ട്രീയ മാറ്റം വന്ന് അദ്ദേഹം എം.പി.-യായി വന്നപ്പോഴാണ് ഒരു പ്രശ്നമായി കാണുന്നത്. ബഹുമാന്യനായ ശ്രീറാം വെങ്കിട്ടരാമൻ കൊടുത്ത രേഖ കാണുന്നില്ല, മറിച്ച് ആ സംഭവം നടന്ന് എത്രയോ കാലത്തിനുശേഷമാണ് കയ്യേറ്റമാണെന്ന് പരാമർശം വരുന്നത്. അതുകൊണ്ട് ഇനിയെങ്കിലും അത് ഒഴിവാക്കി പോകുന്നതാണ് നല്ലത്, അദ്ദേഹം അതിനോട് യോജിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, കയ്യേറ്റം എന്നുപറയുമ്പോൾ എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എസ്. രാജേന്ദ്രൻ 'എന്നെ കണ്ടാൽ കിണ്ണം കട്ടവനെന്ന് തോന്നുമോ' എന്ന മട്ടിലാണ് ചാടി എഴുന്നേൽക്കുന്നത്. ബഹുമാനപ്പെട്ട രാജേന്ദ്രനോട് എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മലബാർ സിമന്റ്സിന്റെയും പാലക്കാട് 70 ഏക്കറോളം വരുന്ന സ്ഥലത്തിന്റെയും കേസ്സിന്റെ ഫയൽ അപ്രത്യക്ഷമായിരിക്കുകയാണ്. 17724/എ.2/2017 എന്ന ഫയൽ 7-5-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തെത്തിയശേഷം പിന്നെ കണ്ടിട്ടില്ല. വിവരാവകാശരേഖ അനുസരിച്ച് ഒരാൾ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരമാണ് ഞാൻ പറയുന്നത്. ഹൈക്കോടതിയിൽനിന്ന് മോഷണം പോയ ഗൗരവതരമായ ഒരു കാര്യമാണ്. റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു, അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽ ഈ ഫയൽ കണ്ടുപിടിക്കാൻ

എന്തെങ്കിലും മാർഗ്ഗമുണ്ടോ? ആ ഫയൽ ചർച്ച ചെയ്യാമെന്ന് ശ്രീ. എസ്. രാജേന്ദ്രനോട് പറയുന്നു, ശ്രീമതി ഇ. എസ്. ബിജിമോളോട് പറയുന്നു. 17724/എ.2/2017 എന്ന ഫയൽ സംബന്ധിച്ച് നമുക്ക് ഈ സഭയിൽ ചർച്ച ചെയ്യാം. പാവപ്പെട്ട എം.പി.യാണോ അല്ലാത്ത എം.പി.-യാണോയെന്ന് കൃത്യമായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ചർച്ച ചെയ്യാൻ തയ്യാറുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്തിന് ഈ ഫയൽ മുക്കി? റവന്യൂ വകുപ്പുമന്ത്രി മറുപടി പറയണം. ഈ ഫയൽ മുഖ്യമന്ത്രിയുടെ അടുത്ത് പോയി ഒരു വർഷമായിട്ടും തിരിച്ചുവന്നിട്ടില്ല. എന്തിനാണ് പേടിക്കുന്നത്? ഒന്നും ഡിസ്പോസൽ ആയിട്ടില്ല, ഈ ഫയൽ സത്യം സംസാരിക്കും. ഫയൽ എവിടെപ്പോയി എന്ന് നിങ്ങൾ കണ്ടുപിടിക്കണം. നിങ്ങൾ മുക്കിയതായിരിക്കും. മലബാർ സിമന്റ്സിന്റെ ഫയൽ, പാലക്കാട് 70 ഏക്കർ സ്ഥലവുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവ ഹൈക്കോടതിയിൽനിന്നും അപ്രത്യക്ഷമായതുപോലെ ഈ ഫയലും മുഖ്യമന്ത്രിയുടെ അടുത്ത് ചെന്നതിനുശേഷം കാണാനില്ല.

ശ്രീ. സജി ചെറിയാൻ: സർ, നിയമപരമായി ഒരു ഫയൽ നഷ്ടപ്പെട്ടുവെങ്കിൽ നിങ്ങൾക്ക് കോടതിയെ സമീപിക്കാം. അങ്ങനെ കോടതിയെ സമീപിക്കാതെ ആവർത്തിച്ച് സഭയിൽ വന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ വിഷയം അവതരിപ്പിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, കോടതിയെക്കാളും കൂടുതലായി നമ്മൾ ലെജിസ്ലേറ്റീവ് അസംബ്ലിയെ ഉപയോഗപ്പെടുത്തുകയാണ്. ഇതാണ് ജനങ്ങളുടെ കോടതി. അത് ശ്രീ. സജി ചെറിയാന് സാവധാനം മനസ്സിലാകും. ഇക്കാര്യം ഗൗരവതരമായി കാണേണ്ടതാണ്.

ശ്രീ. ആർ. രാജേഷ്: സർ, ആ ജനകീയ കോടതി കഴിഞ്ഞിട്ടാണ് ശ്രീ. സജി ചെറിയാൻ ഇങ്ങോട്ട് വന്നതെന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഈ സഭയിലിരിക്കുന്ന അംഗങ്ങളിൽ ആരും ഓടിളക്കി വന്നിട്ടുള്ളവരല്ല. എല്ലാവരും ശ്രീ. സജി ചെറിയാൻ വന്നതുപോലെ വന്നിട്ടുള്ളതാണ്. ഞാൻ ബഹുമാനപ്പെട്ട ചെയറിനോടും രണ്ട് മന്ത്രിമാരോടുമാണ് ചോദിക്കുന്നത്, കേരള ഹൈക്കോടതിയിൽനിന്ന് രണ്ട് ഫയലുകൾ കാണാതായിരിക്കുന്നുവെന്ന ഗുരുതരമായ സാഹചര്യത്തിന് സമാനമായ ഒരു നടപടി ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് നടന്നിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. പി. ടി. തോമസ് ഇങ്ങനെ പറയുമ്പോൾ എന്റെ ഓഫീസിലേയ്ക്ക് ഇപ്പോൾ ചൂണ്ടിക്കാണിച്ച നമ്പർ ഫയലിന്റെ സ്ഥിതി സംബന്ധിച്ച് വിവരാവകാശപ്രകാരം ചോദിച്ച ചോദ്യത്തിന്, ഇന്ന തീയതിക്ക് മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട് എന്ന മറുപടി മാത്രമാണ് നൽകിയത്. ആ ഫയൽ കാണാതായെന്നോ മുക്കിയെന്നോ ഉള്ള പ്രയോഗം ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ നടത്തിയതല്ലാതെ എന്റെ ഓഫീസിൽനിന്ന് നൽകിയ മറുപടി അല്ല. അങ്ങനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ പറയരുത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ആ ഫയലിന്റെ കോപ്പിയാണ് ചോദിച്ചത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആ ഫയലിന്റെ കോപ്പി ചോദിച്ചതിനാണ് ആ ഫയൽ ഇന്ന തീയതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട് എന്ന മറുപടി തന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇതിൽ ഉത്തരവാദിയാണെന്ന് ഞാനൊരിക്കലും പറഞ്ഞിട്ടില്ല. 7-5-2017 മുതൽ 21.06.2018 വരെ ഒരു ഫയൽ അടയിരിക്കുകയാണോ; ആ ഫയൽ പ്രസവിക്കുമോ? എന്താണ് കേരളത്തിന്റെ മുഖ്യമന്ത്രി ഈ ഫയൽ പിടിച്ചുവയ്ക്കാൻ കാരണം? റവന്യൂ വകുപ്പുമന്ത്രി മറുപടി പറയണം. കേരളം കണ്ട ഏറ്റവും വലിയ ഒരു തട്ടിപ്പിന്റെ കഥയായ ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ പുറത്തുകൊണ്ടുവന്ന ഫയലാണ് ഒളിപ്പിച്ചുവച്ചിരിക്കുന്നത്. ആ ഫയൽ തിരിച്ചുകൊണ്ടുവരാൻ പറ്റുമോ? ഹൈക്കോടതിയിൽ മലബാർ സിമന്റ്സിന്റെ ഫയലും പാലക്കാട് സ്ഥലത്തിന്റെ ഫയലും കാണാത്തതുപോലെ ഗുരുതരമായ ഒരു കാര്യം കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ഇടപെട്ട് നടത്തിയിരിക്കുന്നുവെന്നതാണ് പ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ്, 27 മിനിട്ടായി. ഇനി രണ്ട് ബില്ലുകൾ കൂടിയുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ. മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും സംബന്ധിച്ച് ഇവിടെ ആവർത്തിച്ച പറഞ്ഞുകൊണ്ടിരിക്കുന്ന വാക്കുകൾ രേഖയിൽ കാണാൻ പാടില്ല. ...... (ബഹളം).......

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അവർ പറയുമ്പോൾ നമ്മൾ വീണ്ടും പറയേണ്ടിവരും. സമയം പോകുന്നുവെന്ന് അസംതൃപ്തി പ്രകടിപ്പിച്ചിട്ടൊന്നും കാര്യമില്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു ഫയലിനെ സംബന്ധിച്ച് വ്യക്തമായ യാതൊരു അറിയിപ്പുമില്ലാത്ത സന്ദർഭത്തിൽ ഫയൽ മുക്കിയെന്ന് പറയുന്നതെന്തിനാണ്? അതുകൊണ്ടാണ് ആ വാക്കുകൾ രേഖയിൽ കാണാൻ പാടില്ലെന്ന് ഞാൻ പറഞ്ഞത്. ഇനി അത് ആവർത്തിക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ അറിയാൻവേണ്ടി പറയുകയാണ്. ഇവിടെ കാര്യങ്ങൾ പറയാൻ മുഖ്യമന്ത്രിയുടെ അഭാവത്തിൽ നിയമവകുപ്പുമന്ത്രി അടക്കമുള്ള ധാരാളം മന്ത്രിമാർ ഇരിക്കുന്നുണ്ട്. അങ്ങ് ബേജാറാകേണ്ട, അങ്ങയുടെ ചങ്കിൽ ഇത് കൊള്ളുകയും വേണ്ട, അങ്ങയെപ്പറ്റിയല്ല പറഞ്ഞിട്ടുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഇതൊരു അനാരോഗ്യകരമായ ചർച്ചയാണ്. ശ്രീ. എ. കെ. ബാലൻ മാത്രമല്ല, സഭയിലെ ഏതൊരു അംഗത്തിനും പറയാം. മുഖ്യമന്ത്രിയോ അദ്ദേഹത്തിന്റെ ഓഫീസിലോ ആരും ഫയൽ മുക്കിയിട്ടില്ല. അങ്ങനെ മുക്കിയതായി ആധികാരികമായ അറിവും ശ്രീ. പി. ടി. തോമസിന് ഇല്ല. You are a senior member, you have been a part of Parliament and Legislature. I respect you. അങ്ങേയ്ക്ക് ധാരണയില്ല, അങ്ങേയ്ക്ക് അറിയില്ല, ഇങ്ങനെയൊരു സംഭവമില്ല. അതുകൊണ്ട് ഈ ആരോപണം അങ്ങ് പിൻവലിക്കുന്നതല്ലേ നല്ലത്? അല്ലെങ്കിൽ തെളിയിക്കണം. ഏത് നിയമ പ്രകാരമാണ് രേഖയിലുണ്ടാകുന്നത്? എന്തുകൊണ്ടാണ് രേഖയിൽ കിടക്കുന്നത്? എന്തുകൊണ്ട് രേഖയിൽ അത് മെയിന്റയിൻ ചെയ്യുവെന്ന് വിശദീകരിക്കണം. അറിയാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. അങ്ങ് അത് വ്യക്തമാക്കണം. പക്ഷേ അദ്ദേഹത്തിനും അറിയില്ല. ശ്രീ. പി. ടി. തോമസാണ് ഫയൽ എടുത്തതെന്ന് ഞാൻ പറഞ്ഞാൽ അത് ഭ്രാന്താണ്. അങ്ങനെ പറയാൻ പാടില്ല. You should maintain the ruling.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 3689/ഇബി/2018 നി.സെ. തീയതി 25-6-2018) സഭാ രേഖയിൽ നിലനിർത്തി.

1.00 PM]

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വികാരം കൊണ്ടതു് ഞാൻ സ്വാഗതം ചെയ്യുകയാണ്. അങ്ങ് കാര്യമറിയാതെയാണ് പറയുന്നത്. ...(ബഹളം).... ബഹുമാനപ്പെട്ട ജി. സുധാകരൻ എനിക്ക് വലിയ അടുപ്പമുള്ള മന്ത്രിയാണ്. ഈ ഫയൽ സംബന്ധിച്ചുള്ള വിവരാവകാശ രേഖയുടെ എല്ലാ വസ്തുതകളും ഞാനിവിടെ വായിച്ചു. ആ രേഖ വച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്. അങ്ങത് കേട്ടില്ല. അതായത്, "സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് മൂന്നാർ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 07.05.2017 യോഗത്തിന്റെ വേളയിലാണ് ലഭ്യമായതെന്നും പ്രസ്തുത ഫയൽ ഉത്തരവിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ........ (ബഹളം)........

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ...........(ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..പ്ലീസ്. ശ്രീ. എസ്. രാജേന്ദ്രൻ, ....... (ബഹളം)........പ്ലീസ്...... എല്ലാവരും ഇരിക്കു.... പ്ലീസ്. ഇരിക്കു.... ശ്രീ. എസ്. രാജേന്ദ്രൻ ഇരിക്കു..... പ്ലീസ്.......... (ബഹളം)........

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ജി. സുധാകരൻ ശ്രീ. പി. ടി. തോമസിനോട് എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഈ ആരോപണം ഉന്നയിക്കുന്നതെന്ന് ചോദിച്ചു. അതിന്റെ വസ്തുത അദ്ദേഹം വിശദീകരിക്കുമ്പോൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്. .........(ബഹളം)........ അത് പറയാനുള്ള അവകാശം ആ മെമ്പർക്കില്ലേ? അങ്ങ് പ്രൊട്ടക്ട് ചെയ്യണം. ...... (ബഹളം)......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. എസ്. രാജേന്ദ്രൻ ഇരിക്കു......(ബഹളം)........

<u>ശ്രീ. പി. ടി. തോമസ്</u> : സർ, എന്റെ പ്രസംഗം തുടരാമോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എസ്. രാജേന്ദ്രൻ അവിടെ ഇരിക്കു....പ്ലീസ്... (ബഹളം).....

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് ശ്രീ. റ്റി. വി. രാജേഷിന്റെ പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. റ്റി. വി. രാജേഷ്: സർ, അപകീർത്തികരമോ അസഭ്യമോ സഭ്യേതരമോ അന്തഃസ്സില്ലാത്തതോ ആയ വാക്കോ വാക്കുകളോ ചർച്ചാവേളയിൽ ഉപയോഗിക്കാൻ പാടില്ല. .....(ബഹളം)...... ഇവിടെ ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ്, മുഖ്യമന്ത്രി ഒരു ഫയൽ മുക്കി എന്നും അഴിമതിക്കാരെ സംരക്ഷിക്കുന്നുവെന്നും പറഞ്ഞത് ഏത് ഓർഡറിലാണ്; ഏത് രേഖയുടെ അടിസ്ഥാനത്തിലാണ്? .........(ബഹളം)...... അദ്ദേഹം മുഖ്യമന്ത്രിയെ സംബന്ധിച്ച് സഭയിൽ അപകീർത്തികരമായ പരാമർശമാണ് നടത്തിയത്. അത് രേഖയിലുണ്ടാകാൻ പാടില്ല, നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പരിശോധിക്കാം. *

ശ്രീ. പി. ടി. തോമസ്: സർ, എനിക്ക് പ്രൊട്ടക്ഷൻ തരണം. ....... (ബഹളം).........

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രന് എന്താണ് പോയിന്റ് ഓഫ് ഓർഡർ പറയാനുള്ളത്. ..... (ബഹളം)....

ശ്രീ. എസ്. രാജേന്ദ്രൻ: സർ, വെറുതെ ഒച്ചയുണ്ടാക്കരുത്. .....(ബഹളം)....... ഞാൻ പറയട്ടെ, നിങ്ങൾക്ക് പിന്നെ പറയാം. ഞാൻ ഇവിടെ ഇതിനുമുമ്പ് രണ്ട് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ഇത് മൂന്നാമത്തേതാണ്. ഞാൻ പറയുന്നത്, വേണമെങ്കിൽ കയ്യേറ്റത്തെ സംബന്ധിച്ച് നല്ലതുപോലെ ചർച്ച നടത്താൻ ആവശ്യപ്പെടാം. .......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, പോയിന്റ് ഓഫ് ഓർഡർ പറയൂ...പ്ലീസ്.....

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മൂന്നാറിലെ കയ്യേറ്റം എന്നുള്ള വാചകംതന്നെ സഭാരേഖകളിൽ കാണാൻ പാടില്ലെന്നാണ് ഞാൻ ഈ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുന്നത്. ......(ബഹളം)....... ഇവിടെ അവർ ഒച്ചപ്പാടും ബഹളവും

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 3689/ഇ.ബി./2018/നി.സെ.തീയതി 25-06-2018) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ഉണ്ടാക്കി വീണ്ടും വീണ്ടും കയ്യേറ്റമാണെന്ന് ആവർത്തിച്ച് ഈ സഭയ്ക്കകത്ത് പറയുന്ന വാക്കുകളൊന്നും രേഖയിൽ കാണാൻ പാടില്ല. ഇതാണ് എന്റെ ഇപ്പോഴത്തെ പരാമർശം. ......(ബഹളം)........

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് .........(ബഹളം)...... ശ്രീ. എസ്. രാജേന്ദ്രൻ, ഞാനൊന്ന് പറഞ്ഞോട്ടെ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, പ്ലീസ്...ഇരിക്കൂ, മിനിസ്റ്റർ സംസാരിക്കട്ടെ. പ്ലീസ്......(ബഹളം).....

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ഈ ആരോപണത്തിന് എന്ത് അടിസ്ഥാനം എന്ന് ചോദിച്ചുവെന്നും അടിസ്ഥാനമുണ്ട് എന്നും വളരെ പ്രസക്തമായ ഇടപെടലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയത്. ബഹുമാന്യനായ പി. ടി. തോമസ് ആരോപണമാണ് ഉന്നയിച്ചത് എന്ന് വളരെ വ്യക്തമായി പ്രതിപക്ഷനേതാവ് സമ്മതിച്ചിരിക്കുകയാണ്. സഭയിൽ ഒരു ആരോപണം ഉന്നയിക്കണമെങ്കിൽ റൂൾ 285 പ്രകാരം ബന്ധപ്പെട്ട മന്ത്രി മറുപടി പറയത്തക്കവണ്ണം മുൻകൂട്ടി നോട്ടീസ് കൊടുക്കണം. അതാണ് നടപടിക്രമം. അപ്പോൾ ഇവിടെ ഉന്നയിച്ചത് ആരോപണമാണെന്ന് പ്രതിപക്ഷനേതാവ് സമ്മതിച്ചിരിക്കെ റൂൾ 285 പ്രകാരം നോട്ടീസ് കൊടുക്കാതെ ഇവിടെ ഉന്നയിക്കാൻ കഴിയില്ല. അതുകൊണ്ട് ചട്ടവിരുദ്ധമായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ ഒരുകാരണവശാലും രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. പി. ടി. തോമസ് : സർ, .........(ബഹളം).....

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. ടി. തോമസ് : സർ, എല്ലാ പ്രസംഗത്തിനും ഇത്രയും പോയിന്റ് ഓഫ് ഓർഡർ നൽകണം. .......(ബഹളം).......

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് സംസാരിച്ചുകൊണ്ടിരിക്കുന്ന വേളയിൽ പറഞ്ഞത്, ഫയൽ അടയിരുന്ന് പ്രസവിക്കുമോ എന്നാണ്. ഈ പ്രയോഗം സഭയ്ക്കകത്ത് നടത്താൻ പറ്റുമോ? ......(ബഹളം)...... ഞാനൊന്ന് പറഞ്ഞോട്ടെ. ഫയൽ അടയിരുന്ന് പ്രസവിക്കുകയെന്ന് പറയുന്നത് സഭയ്ക്കകത്ത് പ്രയോഗിക്കാമോ ഇല്ലയോയെന്നുള്ളത്.......(ബഹളം)...... ഞാൻ പറയാറില്ല...... ഇക്കാര്യത്തിൽ ചെയർ റൂൾ ചെയ്യണം. ഇല്ലെങ്കിൽ

നിരന്തരമായ പ്രസവങ്ങൾ സഭയ്ക്കകത്തുണ്ടാകും. .......(ബഹളം)..... നിരന്തരമായി ഈ സഭയ്ക്കകത്ത് ഫയൽ പ്രസവിക്കുന്നത് നല്ലതല്ലാത്തതുകൊണ്ട് സഭ്യേതരമാണോ അല്ലയോയെന്ന് ചെയർ റൂൾ ചെയ്യണം........(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.* ....(ബഹളം)..... .. ശ്രീ. പി. ടി. തോമസ്, പ്ലീസ് കൺക്ലൂഡ്....

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ എന്റെ പ്രസംഗം തുടരുകയാണ്. (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ച് പറയാമെന്ന് പറഞ്ഞല്ലോ...... (ബഹളം)....... പരിശോധിക്കാം .......(ബഹളം)......... പരിശോധിക്കാമെന്ന് പറഞ്ഞില്ലേ. അത് പരിശോധിക്കാം. ....(ബഹളം)........

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ എന്റെ പ്രസംഗം തുടരുകയാണ്. ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ. ഇവിടെ കൂടുതൽ പ്രസവം ഉണ്ടാകുമെന്ന് ഒരു ഭീഷണി മുഴക്കുകയുണ്ടായി. ദയവായി ഈ സഭയ്ക്കകത്ത് ആ കാര്യം ചെയ്യരുത്. ....(ബഹളം).... ഇവിടെ ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് പറഞ്ഞു, മുഖ്യമന്ത്രിയെന്ന് പറയുന്നത് ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ടി. തോമസ്: ....(ബഹളം).... സർ, എനിക്ക് പറയാൻ അവസരം തരണ്ടേ? ........(ബഹളം).... ഇവിടെ ഞാൻ എന്തോ മോശപ്പെട്ട വാക്ക് പ്രയോഗിച്ചുവെന്ന് ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞു. കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നുപറഞ്ഞാൽ അത് മോശപ്പെട്ട വാക്കാണോ? രേഖയിൽ നിന്നും നീക്കം ചെയ്യേണ്ട ഒരു വാക്കാണോ? നീക്കം ചെയ്യേണ്ട വാക്കാണെന്ന് ഞാൻ ധരിക്കുന്നില്ല. ചിലപ്പോൾ നാളെ നീക്കം ചെയ്യേണ്ടി വരുമായിരിക്കാം. അത് വളരെ പരസ്യമായ കാര്യമാണ്. ഞാൻ സംസ്ഥാന ഗവൺമെന്റ് നൽകിയിരിക്കുന്ന വിവരാവകാശ രേഖയാണ് വായിച്ചിട്ടുള്ളത്. .....(ബഹളം).... നിങ്ങൾ വിരട്ടാതെ, കയ്യിലിരിക്കട്ടെ കാര്യങ്ങൾ. പേടിപ്പിക്കാതെ, നാലാൾ ഉണ്ടെന്ന് വിചാരിച്ച് പേടിപ്പിക്കാമെന്ന് വിചാരിക്കുകയാണോ, ആ പരിപാടിയൊന്നും നടക്കില്ല. കേരളത്തിന്റെ മുഖ്യമന്ത്രി

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 3689/ഇ.ബി./2018/നി.സെ. തീയതി 25-06-2018) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ഒരു ഫയലിന്റെ പുറത്ത് അടയിരിക്കുകയാണെന്ന് പറയുന്നതിൽ എന്താണ് തെറ്റ്? അത് എന്ത് അൺപാർലമെന്ററിയാണ്? എനിക്ക് അറിയാത്തതുകൊണ്ട് ചോദിക്കുകയാണ്. ഒരു ഫയലിന്റെ പുറത്ത് അടയിരിക്കുകയാണെന്ന് പറഞ്ഞാൽ എന്താണ്? ഇത് ആരോപണം അല്ല, വിവരാവകാശ രേഖ ഞാൻ വായിച്ചതാണ്. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി അറിയണം, വിവരാവകാശ രേഖ എങ്ങനെയാണ് ആരോപണം ആകുന്നത്? എന്തിന് എഴുതിക്കൊടുക്കണം..... (ബഹളം).... ശ്രീ. പിണറായി വിജയനെതിരെ അഴിമതി ആരോപണമല്ല ഉന്നയിച്ചത്, ഒരു വിവരാവകാശ രേഖയുടെ പേപ്പർ ഹാജരാക്കി വായിക്കുകയാണ് ചെയ്തത്. അത് വേണ്ടെന്നു പറയാൻ ആർക്കുപറ്റും? ഇതെന്ത് മര്യാദയാണ്. .... (ബഹളം).... ശ്രീ. പിണറായി വിജയനെതിരെ സംസാരിച്ചാൽ തല്ലിക്കൊല്ലുമോ? പിണറായി വിജയൻ ആരാ? പിണറായി വിജയനെതിരെ വർത്തമാനം പറയാൻ പറ്റില്ലേ, പിണറായി വിജയനെന്താ കൊമ്പുണ്ടോ? മുഖ്യമന്ത്രിക്കെതിരെ പറഞ്ഞാൽ എന്താ? മുഖ്യമന്ത്രിക്ക് കൊമ്പുണ്ടോ? മുഖ്യമന്ത്രിയെപ്പറ്റി പറഞ്ഞാൽ എങ്ങനെയാണ് മോശപ്പെട്ട വാക്കെന്ന് പറയുന്നത്.....(ബഹളം).... ഇത് എന്ത് മര്യാദയാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾ സീറ്റിൽ പോയിരിക്കു......(ബഹളം)....

ശ്രീ. പി. ടി. തോമസ്: സർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നുപറയുന്നത് അപകീർത്തികരമായ ഒരു വാക്കെന്നാണ് ശ്രീ. റ്റി. വി. രാജേഷിന്റെ പോയിന്റ് ഓഫ് ഓർഡർ. അതെങ്ങനെയാണ് ആകുന്നത്. ഞാൻ ഇതുവരെ അങ്ങനെ വിചാരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാവരും സീറ്റിൽ പോയിരിക്കു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്ന വാക്ക് അപകീർത്തികരമായ വാക്കാണെന്ന് ശ്രീ. റ്റി. വി. രാജേഷ് പറയുന്നു. ഞാനത് അപകീർത്തികരമായ വാക്കാണെന്ന് സ്വപ്നത്തിൽപ്പോലും വിചാരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ് ഒരു മിനിട്ട്, ശ്രീ. റ്റി. വി. രാജേഷിന്റെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ ഇവിടെ പറഞ്ഞകാര്യം, റൂൾ 285 പ്രകാരം ഒരാൾക്കെതിരെയുള്ള ആരോപണം

സംബന്ധിച്ച നടപടിക്രമമുണ്ട്. അത് ബഹുമാനപ്പെട്ട സ്പീക്കർക്ക് മുൻകൂട്ടി എഴുതി നൽകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ച് 'മുഖ്യമന്ത്രി ഫയൽ മുക്കിയെന്ന് ഇവിടെ പറഞ്ഞ കാര്യം അഴിമതിയാരോപണമാണ്. ദുരുദ്ദേശത്തോടുകൂടി ഒരു പ്രമാദമായ ഫയൽ മുഖ്യമന്ത്രി മുക്കിയിരിക്കുന്നു എന്ന അടിസ്ഥാനരഹിതമായ കാര്യം മുൻകൂട്ടി എഴുതി നൽകാതെ നടപടിക്രമങ്ങൾ പാലിക്കാതെ മറ്റൊരു ബില്ലിന്റെ ചർച്ചാവേളയിൽ അദ്ദേഹം സൂചിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന് അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ രേഖാമൂലം എഴുതിനൽകണം. അതിന് മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞത് എന്നു പറഞ്ഞ് നിസ്സാരവൽക്കരിക്കരുത്. ഗുരുതരമായ ആരോപണമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അദ്ദേഹം വളരെ സീനിയറായ അംഗമാണ്. അതുകൊണ്ട് ഒരു കാരണവശാലും ഇത് രേഖയിലുണ്ടാകാൻ പാടില്ല. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ഒരു ബില്ലിന്റെ ചർച്ചാവേളയിൽ ഒരു മുതിർന്ന അംഗം പറയുന്നത് ശരിയല്ല. ഇത് ദു:സൂചന നൽകുന്ന അനുചിതമായ പരാമർശമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംശയത്തിന്റെ മുൾമുനയിൽ നിർത്തുകയെന്ന കുടില രാഷ്ട്രീയനീക്കത്തിന്റെ ഭാഗമാണ്. ഒരു കാരണവശാലും അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: എഴുതിത്തരാത്ത ആരോപണം പരിശോധിക്കും. പ്ലീസ്...പ്ലീസ്....(ബഹളം)... പ്ലീസ്...40 മിനിട്ടായി പ്ലീസ്....

ശ്രീ. പി. ടി. തോമസ്: സർ, മൈക്ക് ഓഫ് ചെയ്തിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: എഴുതിത്തരാത്ത ആരോപണം പരിശോധിച്ച് ചെയർ അതിനുള്ള തീരുമാനം അറിയിക്കും. ശ്രീ. പി. ടി. തോമസ്, Please continue.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് മൂന്ന് പ്രയോഗങ്ങൾ നടത്തി. അത് മൂന്നും ഓർഡറിലാണോ എന്നാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. ഒന്ന്, ഈ സഭയിലെ സഭാദ്ധ്യക്ഷനും നേതാവുമാണ് മുഖ്യമന്ത്രി, അതുകഴിഞ്ഞാൽ പ്രതിപക്ഷനേതാവ്. മുഖ്യമന്ത്രിയെ എന്തും പറയാം. പക്ഷെ നിങ്ങൾ ഉപയോഗിച്ച 'മുക്കി' എന്ന വാക്ക് ഒരിക്കലും ശരിയല്ല. ....(ബഹളം)..... ഞാൻ ചെയറിനോടാണ് ചോദിക്കുന്നത്. അത് പരിശോധിക്കണം. രണ്ട്, എന്റെ സഹപ്രവർത്തകനും നമ്മുടെയെല്ലാവരുടെയും എം.എൽ.എ., നമ്മൾ തമ്മിൽത്തമ്മിൽ വ്യക്തിപരമായി കയ്യേറ്റക്കാരനാണെന്ന് വിളിച്ചു പറയാമോ?

അങ്ങനെ വിളിക്കാമോ? അത് ഒരിക്കലും ശരിയല്ല. മൂന്നാമത്തെ കാര്യം, ...... (ബഹളം).....നിങ്ങൾ എല്ലാവരുംകൂടി പറഞ്ഞാലോ. ഞാൻ സഹിക്കാൻ വയ്യാതെ ഇടപെട്ടതാണ്. ശ്രീമതി ഇ. എസ്. ബിജിമോൾ ഒരു കാര്യം പറഞ്ഞതിന് ശ്രീ. പി. ടി. തോമസ്, ഇവിടെ പ്രസവിച്ചുകളയരുത് എന്നൊക്കെ പറയാമോ? ശുദ്ധ അസംബന്ധമല്ലേ. ഈ മൂന്നു വാക്കുകളും ശ്രീ. പി. ടി. തോമസ് പിൻവലിക്കണം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ശ്രീ. സി. ദിവാകരനെപ്പോലെയുള്ള ബഹുമാന്യനായ ഒരംഗം കുറേക്കൂടി ഉത്തരവാദിത്വവും ഗൗരവതരവുമായ അഭിപ്രായപ്രകടനം നടത്തണമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റി പറയുന്നതിൽ ഇത്രമാത്രം ഭയാശങ്ക ഭരണപക്ഷത്തിനൊക്കെ ഉണ്ടാകുമെന്ന് കേട്ടതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. കാരണം, ബഹുമാനപ്പെട്ട അങ്ങ് ഒരു റൂളിംഗ് നൽകുകയുണ്ടായി. അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അങ്ങ് ഒരു കാര്യം ചെയ്യണം. നാളെ മുതൽ ഒരു അംഗം പ്രസംഗിക്കേണ്ടത് എന്തൊക്കെയാണെന്ന് ഇങ്ങോട്ട് എഴുതിതന്നാൽ വായിച്ചേക്കാം. ...... (ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പി. ടി. തോമസ്, പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അവസാനിപ്പിക്കാൻ എനിക്ക് സമയം തരണ്ടേ....... (ബഹളം).....എന്നോട് അവസാനിപ്പിക്കാൻ പറയാതെ അവരോട് അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട ചെയർ പറയണം. ...... (ബഹളം).....നേരം വെളുത്താലും പ്രസംഗിക്കാനുള്ളത് പ്രസംഗിക്കാതെ നിർത്തുകയില്ല, അക്കാര്യത്തിൽ പേടിക്കണ്ട.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഈ ബില്ലിന്റെ ഭാഗമായുള്ള കൺസിഡറേഷൻ സ്റ്റേജിൽ മറുപടി പറയാമെന്ന് വിചാരിച്ചതാണ്. പക്ഷേ ഇപ്പോൾ പറയുന്നതായിരിക്കും നന്നാകുക. കാരണം, ബഹുമാനപ്പെട്ട അംഗം 17724/എ.2/2017 എന്നൊരു ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൂഴ്ത്തിയെന്നാണ് പറയുന്നത്. ഞാൻ വെല്ലുവിളിക്കാം, ആ ഫയൽ ശ്രീ. ജോയ്സ് ജോർജ്ജുമായി ബന്ധപ്പെട്ട ഫയലല്ല. ഇടുക്കിയിലെ പൊതുവായിട്ടുള്ള ഭൂപ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് നോട്ട് നൽകി അതിന്റെ അടിസ്ഥാനത്തിൽ put up ചെയ്തിട്ടുള്ള ഒരു ഫയലാണ്. വിശദമായിട്ടുള്ള ഒരു ചർച്ചയ്ക്കുശേഷം മാത്രമേ ഈ ഫയലിന്റെ മുകളിൽ

തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. പ്രതിപക്ഷത്തിന്റെ അടക്കം കോൺസൻസസ് വാങ്ങി പൊതുവായ ഒരു തീരുമാനം നയപരമായി എടുക്കേണ്ടതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ആ ഫയൽ ഇപ്പോൾ പെൻഡിംഗായി കിടക്കുന്നത്. മുഖ്യമന്ത്രി ഫയൽ മുക്കി എന്ന് പറയുന്നതിൽ ഒരടിസ്ഥാനവുമില്ല. ഈ ഫയൽ ഏത് സമയത്തും ബഹുമാനപ്പെട്ട മെമ്പറേയും പ്രതിപക്ഷനേതാവിനേയും കാണിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അത് ദുഃസൂചനയോടുകൂടി ശ്രീ. ജോയ്സ് ജോർജ് അനധികൃതമായി കൈവശംവച്ച ഭൂമിയാണെന്നും ശ്രീ. ജോയ്സ് ജോർജിനെ വഴിവിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹായിക്കാൻ പൂഴ്ത്തിവച്ച ഫയലാണെന്നും നിരവധി തവണ ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ പറഞ്ഞത് ഒരു രൂപത്തിലും അംഗീകരിക്കാൻ സാധിക്കില്ല. ഈ ചാപ്റ്റർ ഇവിടെ അവസാനിപ്പിക്കണം. വേറെ എന്തെങ്കിലുമുണ്ടെങ്കിൽ അദ്ദേഹത്തിന് പറയാം. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആരോപണമാണെങ്കിൽ ചട്ടപ്രകാരം ആരോപണമുന്നയിച്ചുകഴിഞ്ഞാൽ മറുപടി പറയാൻ ഒരു മടിയുമില്ല, അക്കാര്യത്തിൽ ആരെയും പേടിക്കേണ്ട ആവശ്യം ഈ ഗവൺമെന്റിനില്ല.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങനെയാണെങ്കിൽ എന്റെ പ്രസംഗവും സമാധാനത്തോടെ നടത്താൻ അവസരമുണ്ടാക്കണം...... (ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ നിൽക്കുന്നതിനപ്പുറം കാട് കയറി പറഞ്ഞുകഴിഞ്ഞാൽ അതിനൊന്നും മറുപടി പറയാൻ സാധിക്കില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഇതുമാത്രമേ ഇപ്പോൾ എനിക്ക് പറയാൻ സാധിക്കൂ. വിഷയത്തിലൂന്നി അദ്ദേഹത്തിന് സംസാരിക്കാം, അല്ലെങ്കിൽ എഴുതിത്തന്നാൽ മറുപടി പറഞ്ഞോളാം.

ശ്രീ. പി. ടി. തോമസ്: സർ, ഈ സഭയിൽ നടക്കുന്നതെല്ലാം വിഷയത്തിൽ ഒതുങ്ങിപ്പോകുകയാണോ? ഞാൻ ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് ക്ഷോഭിച്ചിട്ട് കാര്യമില്ല. നിങ്ങൾ എന്തിനാണ് ക്ഷോഭിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് വിവരാവകാശം സംബന്ധിച്ച് നൽകിയ ഒരു മറുപടിയുടെ കോപ്പി വായിക്കുന്നതിന് എന്തിനാണ് ഇത്ര ബേജാറാകുന്നത്. മുഖ്യമന്ത്രിയെപ്പറ്റി പറയുന്നത് അപകീർത്തികരമാണെന്ന് ഒരംഗം പറയുന്നു, പിന്നെ കയ്യേറ്റം എന്ന് പറയാൻ പാടില്ല, മൂന്നാർ എന്ന് പറയാൻ പാടില്ല. എന്തൊക്കെ പറയണമെന്ന് എഴുതിത്തന്നാൽ നന്നായിരുന്നു. പോളണ്ടിനെപ്പറ്റി ഒന്നും പറഞ്ഞുകൂടാ എന്ന് പറഞ്ഞതുപോലെയാണ്. ഞാൻ ഒരു വിവരാവകാശ രേഖ വായിക്കുക മാത്രമാണ് ചെയ്തത്, ആവശ്യമില്ലാതെ ബഹളമുണ്ടാക്കേണ്ട കാര്യമില്ല. നിങ്ങൾ മനഃപൂർവ്വമായി എന്നെ പ്രസംഗിപ്പിക്കാതിരിക്കാൻ നടത്തുന്ന സൂത്രം എന്നുമാത്രമേ ഞാൻ ഇതിനെ കാണുന്നുള്ളൂ. അതിന് വഴങ്ങാൻ ഞാൻ തയ്യാറല്ല.

ശ്രീ. എ. കെ. ബാലൻ: സർ, ചട്ടപ്രകാരം ഈ സഭ മുന്നോട്ടുപോകാനുള്ള അധികാരം ബഹുമാനപ്പെട്ട ചെയർ ഉപയോഗിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് അംഗങ്ങളെല്ലാം സഹകരിക്കണ്ടേ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ചെയർ, എന്തു ചെയ്യണം, സഭ പിരിച്ചുവിടാൻ പറയണോ. അങ്ങനെ കൂടി തീരുമാനിച്ചോളൂ. ..... (ബഹളം).....ഭരണകക്ഷി അംഗങ്ങളെ നിയന്ത്രിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്..... ഇരിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഫയലുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പൊസിഷൻ ഞാൻ ക്ലാരിഫൈ ചെയ്യുന്നു. അതിനെ സംബന്ധിച്ച് എതിര് പറയരുത്...... (ബഹളം)....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ചെയറിനോട് എല്ലാ സ്നേഹബഹുമാനങ്ങളോടും ആദരവോടും കൂടി പറയുന്നു, ഇവിടെ പ്രസംഗിക്കുന്ന ഒരാൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നതാണ് അങ്ങയുടെ പ്രധാനപ്പെട്ട ജോലി. മുഖ്യമന്ത്രി എന്ന വാക്കോ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നോ പറയാൻ പാടില്ല എന്നൊരു ഭേദഗതി വരുത്തിയാൽ പിന്നെ ആരും പറയില്ല. ..... (ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ ഇടപെട്ടപ്പോഴാണ് ഞാൻ ആ ഫയൽ വായിച്ചത്. അതുവരെ ഞാൻ ആ ഫയൽ വായിച്ചിട്ടില്ല. ഞാൻ മുഖ്യമന്ത്രിക്കെതിരെ ആരോപണമുന്നയിച്ചിട്ടില്ല. ബഹു. ഹൈക്കോടതിയിൽ നിന്ന് മലബാർ സിമന്റ്സിന്റെയും പാലക്കാട്ടെ 70 ഏക്കർ സ്ഥലത്തിന്റെയും ഫയൽ നഷ്ടപ്പെട്ടതിന് സമാനമായ ഒരുദാഹരണം കേരള ഗവൺമെന്റിനുണ്ടായിട്ടുണ്ടെന്നാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ടി. തോമസ്: സർ, അദ്ദേഹം കാര്യമറിയാതെ എന്നോടു ചോദിച്ചപ്പോൾ ഞാൻ വായിക്കാൻ തുടങ്ങി. വായിക്കാൻ തുടങ്ങിയപ്പോൾ അതെല്ലാം അശ്ലീലമാണെന്നാണ് ഇവർ പറയുന്നത്. സംസ്ഥാന ഗവൺമെന്റ് എഴുതിത്തന്നതെല്ലാം അശ്ലീലമാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: 48 മിനിറ്റായി. പ്ലീസ് വിഷയത്തിലേയ്ക്ക് വരൂ. ശ്രീ. പി. ടി. തോമസ്, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ചോദിച്ചതിന്, ഞാൻ പറഞ്ഞതിനെ സംബന്ധിച്ച് ഒരു തെറ്റിദ്ധാരണ വന്നിട്ടുണ്ട്. ആ തെറ്റിദ്ധാരണ മാറ്റാൻവേണ്ടി ഉണ്ടായ സംഭവം എന്താണെന്ന് ബഹുമാനപ്പെട്ട സഭയുടെ അറിവിനായി ഞാൻ പറയാം.

പ്രേക്ഷിതൻ,

അണ്ടർ സെക്രട്ടറി,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസ്

സ്വീകർത്താവ്,

എൻ. എസ്. സിറിയക്ക്

വിഷയം: റവന്യൂ വകുപ്പ് - വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്

താങ്കളുടെ 13-10-2017-ലെ അപേക്ഷ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 'മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് മൂന്നാർ വിഷയവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ 7-5-2017-ലെ യോഗത്തിന്റെ വേളയിലാണ് ലഭ്യമായതെന്നും ആയത് 17724/എ.2/2017/റവന്യൂ നമ്പർ ഫയൽ പരിശോധിച്ച് വരികയാണെന്നും പ്രസ്തുത ഫയൽ ഉത്തരവിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 7-5-2017-ൽ അയച്ചിട്ടുള്ളതാണെന്നും അന്തിമ തീരുമാനമായി തിരികെ ലഭ്യമായാൽ മാത്രമേ ഫയലിന്റെ പകർപ്പ് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂവെന്ന വിവരം താങ്കളെ അറിയിക്കുന്നു.'

ഒരു വർഷമായി...ഇതാണ് ഞാൻ പറഞ്ഞിട്ടുള്ളത്. (...ബഹളം...)

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതുതന്നെയാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. ടി. തോമസ് : സർ, ഇതിനെന്താണ് കുഴപ്പം... (മൈക്ക് ഓഫ്)

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ എവിടെയാണ് ശ്രീ. ജോയ്സ് ജോർജിന്റെ പേരുള്ളത്. ശ്രീ. പി. ടി. തോമസ് വീണ്ടും പറയുന്നുണ്ടല്ലോ. ആ ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ പെൻഡിംഗിലാണ്. .... (ബഹളം)....

(ശ്രീ. പി. ടി. തോമസിന് മൈക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

ആ ഫയൽ മിസ്സിംഗ് എന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് ഫയൽ മുക്കിയതുപോലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഫയൽ മുക്കി എന്നാണ് പറഞ്ഞത്. ആ ഫയൽ അവിടെയില്ലേ? പെൻഡിംഗിൽ കിടക്കുകയല്ലേ? ഇതിൽ എവിടെയാണ് ശ്രീ. ജോയ്സ് ജോർജിന്റെ പേരുള്ളത്? .......(ബഹളം).... ഇതു തന്നെയല്ലേ ഞാൻ പറഞ്ഞത്. .... (ബഹളം) ......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....സീറ്റിൽ പോയിരിക്കൂ. ഞാൻ പരിശോധിക്കാം. നിയന്ത്രിക്കാം, നിങ്ങൾ സീറ്റിൽ പോയിരിക്കൂ........ (ബഹളം)....

ശ്രീ. എ. കെ. ബാലൻ: സർ, മൂന്നാർ ഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഈ ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ പെൻഡിംഗിലാണെന്നല്ലേ ഞാൻ പറഞ്ഞത്.

(ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നിയമസഭയിൽ ഒരംഗം പ്രസംഗിച്ച് കൊണ്ടിരിക്കുമ്പോൾ മന്ത്രി ആണെങ്കിലും മറ്റൊരംഗത്തിനാണെങ്കിലും വഴങ്ങുമ്പോഴാണ് മൈക്ക് കിട്ടുന്നത്, അല്ലെങ്കിൽ സ്പീക്കർ അനുവദിക്കണം. ശ്രീ. പി. ടി. തോമസ് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി എന്തിനാണ് സംസാരിച്ചതെന്ന്

എനിക്കറിയില്ല. എങ്ങനെയാണ് മൈക്ക് കൊടുക്കുന്നത്? ഒന്നുകിൽ ശ്രീ. പി. ടി. തോമസ് വഴങ്ങണം, അല്ലെങ്കിൽ അങ്ങ് അനുവദിക്കണം. ഇവിടെ ശ്രീ. പി. ടി. തോമസ് സംസാരിച്ച് കൊണ്ടിരിക്കുകയല്ലേ; അത് നിരന്തരമായി തടസ്സപ്പെടുത്തുകയല്ലേ? പത്ത് പോയിന്റ് ഓഫ് ഓർഡറാണ് ഇവിടെ ഉന്നയിച്ചത്. എല്ലാം ഒന്നുതന്നെയാണ്. ഇങ്ങനെയാണെങ്കിൽ ഇവിടെ ആർക്കെങ്കിലും പ്രസംഗിക്കാൻ പറ്റുമോ? ദയവായി ഇവിടെ പ്രസംഗിക്കുന്ന ശ്രീ. പി. ടി. തോമസിന് അങ്ങ് പ്രൊട്ടക്ഷൻ കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ പറഞ്ഞ ഫയൽ നമ്പർ 17724/എ.2/2017, അതുതന്നെയാണ് ഞാനും പറഞ്ഞത്. പ്രസ്തുത ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ പെൻഡിംഗിലാണ്. അതിന് മുകളിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. അത് ശ്രീ. ജോയ്സ് ജോർജ്ജുമായി ഒരു ബന്ധവുമില്ലാത്ത ഫയലാണ്. ആ ഫയൽ മുക്കി എന്നാണ് ബഹുമാനപ്പെട്ട പി. ടി. തോമസ് കുറേ സമയമായി പറയുന്നത്, മുക്കിയിട്ടില്ല. പെൻഡിംഗായി കിടക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ രോഷം കൊള്ളുന്നത് എനിക്ക് മനസ്സിലാകും. കാരണം, മുഖ്യമന്ത്രിയെപ്പറ്റി ഒരു വാക്കുപോലും എതിരായി ഉണ്ടാകാൻ പാടില്ലായെന്ന നല്ല ആഗ്രഹം കൊണ്ടാണ് പറയുന്നത്. പക്ഷെ, നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ മറ്റ് ആരുടെയെങ്കിലുമോ ഔദാര്യം കൊണ്ട് ഈ സഭയിലേയ്ക്ക് കടന്നുവന്ന ആളുകളല്ല ഞങ്ങളാരും. അതുകൊണ്ട് മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് എന്നിവരെപ്പറ്റി ഞങ്ങൾ പറയും. അതൊന്നും നിയന്ത്രിക്കാമെന്ന് ദയവായി നിങ്ങൾ വിചാരിക്കരുത്. അത് നടക്കില്ല. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറഞ്ഞത് 100 ശതമാനവും ശരിയാണ്. അത് പറയാൻ അനുവദിക്കില്ല, പോളണ്ടിനെപ്പറ്റി മിണ്ടിപ്പോകരുത് എന്ന് പറയുന്നതിന് തുല്യമാണ്. അതുകൊണ്ട് ഞാൻ വീണ്ടും പറയുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ .....

ശ്രീ. എ. എൻ. ഷംസീർ : സർ,.....

ശ്രീ. പി. ടി. തോമസ് : സർ, എന്റെ ഷംസീറേ....നിങ്ങളെപ്പോലുള്ളവർ വിധേയത്വം പ്രകടിപ്പിച്ചോ; അത് മുഖ്യമന്ത്രി ഉള്ളപ്പോൾ കാണിക്കുകയല്ലേ കുറച്ചുകൂടി നല്ലത്, എന്നെ ബോദ്ധ്യപ്പെടുത്തിയിട്ട് എന്താണ് കാര്യം, ശ്രീ. പിണറായി വിജയന് ബോധ്യപ്പെടണ്ടേ?

ശ്രീ. എ. എൻ. ഷംസീർ: സർ, അങ്ങ് സീനിയറും പക്വതയുമുള്ള മെമ്പറല്ലേ?

ശ്രീ. പി. ടി. തോമസ്: സർ, പക്വതയൊക്കെ ഞാൻ നോക്കിക്കൊള്ളാം. ഒരു വാക്ക് പറഞ്ഞ് പൂർത്തീകരിക്കാൻ സമ്മതിക്കുന്നില്ല. ഹൈക്കോടതിയുടെ 'ഹൈ' വരെ പറയാൻ മാത്രമേ നിങ്ങൾ സമ്മതിക്കുന്നുള്ളൂ. കോടതി എന്ന് പറയാൻ സമ്മതിക്കുന്നില്ല. ഏറ്റവും സുരക്ഷിതത്വം ഉണ്ടെന്ന് നമ്മൾ വിശ്വസിക്കുന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും രണ്ട് ഫയലുകൾ അപ്രത്യക്ഷമായതുപോലെ സംസ്ഥാനത്തെ ഉത്തരവാദപ്പെട്ട ഫയലുകൾ കാണാതെ പോകരുതെന്ന കാര്യം ഞാൻ പറയുകയാണ്. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സായാഹ്ന കോടതികൾ തുടങ്ങിയിരുന്നു. എന്നാൽ ഇപ്പോൾ അവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. സമാനമായി രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ സായാഹ്ന കോടതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അറിയണം. ആ സായാഹ്ന കോടതികൾ പ്രവർത്തിപ്പിച്ചാൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ അവസാനിപ്പിക്കാൻ കഴിയും. അതിനുവേണ്ട നടപടിയുണ്ടാകണം. എം.എ.സി.റ്റി. (Motor Accident Claim Tribunal) കേസുമായി ബന്ധപ്പെട്ടാണ് ഈ ഭേദഗതി. എം.എ.സി.റ്റി. കേസ്സുകൾ അനന്തമായി നീണ്ടുപോവുകയാണ്. പ്രസ്തുത കേസ്സുകളിൽ നടപടി ഉണ്ടാകുന്നില്ല. എത്രയോ കേസ്സുകൾ കെട്ടിക്കിടക്കുകയാണ്. പാവപ്പെട്ടവന് ഒരപകടം പറ്റിയാൽ അഞ്ചും പത്തും വർഷം കാത്തിരുന്നാലും വിധി വരുന്നില്ല. ഇൻഷ്വറൻസ് കമ്പനിയുടെയും പോലീസിന്റെയും റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ക്ലെയിം ചെയ്യുന്ന തുകയുടെ 10 ശതമാനം ആക്സിഡന്റിൽപ്പെട്ടവർക്കോ അവരുടെ ആശ്രിതർക്കോ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുകയാണ്. ഹിറ്റ് ആന്റ് റൺ എന്നുപറയുന്ന സമ്പ്രദായമുണ്ട്.——ആളറിയാതെ വണ്ടിയിടിച്ചിട്ട് പോയിക്കഴിഞ്ഞാൽ ജില്ലാ കളക്ടർക്ക് ചെറിയ തുക നഷ്ടപരിഹാരമായി കൊടുക്കാം. യഥാർത്ഥത്തിൽ ഏതോ കാലത്തുള്ള നഷ്ടപരിഹാരമാണത്. അവർക്ക് അർഹമായ തുക കൊടുക്കാനുള്ള പ്രൊവിഷൻ നിയമവകുപ്പ് കണ്ടുപിടിക്കണം. അക്കാര്യം ബഹുമാനപ്പെട്ട കോടതിയുമായി ചർച്ച ചെയ്യണം.

സംസ്ഥാനത്തെ കോടതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്/ ആധുനികവത്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം, കെട്ടിക്കിടക്കുന്ന കേസ്സുകൾ അവസാനിപ്പിക്കണം.

കുറേ കേസ്സുകൾ അവസാനിപ്പിക്കാൻ ഈ നടപടികൊണ്ട് കഴിയും. പക്ഷെ, കോടതിയെ വിശാലമായ അർത്ഥത്തിൽ കാണാനും അവ മെച്ചപ്പെടുത്താനും ഈ ലിറ്റിഗേഷനു വേണ്ടി വരുന്ന ആളുകൾക്ക് കഴിയുന്നത്ര സഹായം എത്തിച്ചുകൊടുക്കാനും പ്രവർത്തിക്കുന്ന ഒന്നായി ഗവൺമെന്റ് മാറണം എന്ന കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമാക്കാൻ കുറച്ച് സമയം വേണ്ടിവരുമെന്നുള്ളതുകൊണ്ട് ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആദ്യം പറയാം. എനിക്ക് ഒരു മണിക്ക് പോകേണ്ടതിനാലാണ് ഈ ബിൽ ആദ്യം തന്നെ എടുത്തത്. ഇന്നത്തെ സഭാ നടപടികളുമായി ബന്ധപ്പെട്ട് വല്ലാത്തൊരു അവസ്ഥയാണ് കാണാൻ കഴിഞ്ഞത്. അത് പരിപൂർണ്ണമായും ഒഴിവാക്കേണ്ടതായിരുന്നു.

2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ട് കാര്യങ്ങളാണുള്ളത്. 1958-ലെ കേരള ഹൈക്കോടതി ആക്ടിലെ മൂന്നാം വകുപ്പിലാണ് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നത്. ഈ ആക്ടിലെ മൂന്നാം വകുപ്പ് പതിമൂന്നാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരമാണ് സിംഗിൾ ബഞ്ചിന്റെ അപ്പീൽ അധികാരത്തിനുള്ള pecuniary right ക്രമപ്പെടുത്തിയിട്ടുള്ളത്. കീഴ്ക്കോടതി ഡിക്രിയിൽ വിഷയവസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപവരെയുള്ള കേസ്സുകളിൽ ഹൈക്കോടതി സിംഗിൾ ബഞ്ചിന് കീഴ്ക്കോടതികളിൽ നിന്നുള്ള അപ്പീൽ സ്വീകരിക്കാൻ കഴിയും. എന്നാൽ വിഷയവസ്തുവിന്റെ മൂല്യം ഒരു ലക്ഷം രൂപയിൽ കവിയുന്ന സംഗതിയിൽ ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെയാണ് അപ്പീൽ ഫയൽ ചെയ്യേണ്ടത്. മുൻസിഫ് കോടതിയുടെ pecuniary right ഇപ്പോൾ പത്ത് ലക്ഷം രൂപയാണ്. എന്നാൽ അപ്പീൽ കേൾക്കാനുള്ള ജില്ലാ കോടതിയുടെ pecuniary right 20 ലക്ഷം രൂപയുമാണ്. ഇതാണ് 1957-ലെ കേരള സിവിൽ കോടതി ആക്ടിൽ 2013-ൽ ഭേദഗതി വരുത്തി മുൻസിഫ് കോടതിയുടെയും ജില്ലാ കോടതിയുടെയും pecuniary right വർദ്ധിപ്പിച്ചത്. സബോർഡിനേറ്റ് കോടതികളുടെ pecuniary right വർദ്ധിപ്പിച്ചതിനോടൊപ്പം അന്നുതന്നെ ഹൈക്കോടതിയുടെ pecuniary right ഉം വർദ്ധിപ്പിക്കേണ്ടതായിരുന്നു. അത് വർദ്ധിപ്പിക്കാത്തതിന്റെ ഭാഗമായാണ് ഇപ്പോൾ ഈ പ്രശ്നം വന്നിട്ടുള്ളത്.

ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ pecuniary right ഒരു ലക്ഷം രൂപയിൽനിന്നും 40 ലക്ഷം രൂപയായി ഇപ്പോൾ വർദ്ധിപ്പിക്കുകയാണ്. കൂടാതെ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണലിന്റെ അവാർഡ് തുക കണക്കിലെടുക്കാതെ തന്നെ സിംഗിൾ ജഡ്ജിയുടെ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അധികാരമാണ് കൊടുക്കുന്നത്. ഡിവിഷൻ ബഞ്ചിന് അക്യുമുലേറ്റ് ചെയ്യുന്ന ആയിരക്കണക്കിന് കേസുകൾ ഡിസ്പോസ് ചെയ്യാൻ സാധിക്കും.

അതുപോലെ ക്ലാസ് 3 ആയി ഒരു സ്പെഷ്യൽ പ്രൊവിഷനുംകൂടി ഇതോടൊപ്പം കൂട്ടിച്ചേർക്കുന്നുണ്ട്. ഡിവിഷൻ ബഞ്ചിന്റെ മുമ്പിൽ പെൻഡിംഗ് അപ്പീലായിട്ടുള്ള 40 ലക്ഷത്തിൽ താഴെയുള്ള എല്ലാ കേസ്സുകളും ഇപ്പോൾ സിംഗിൾ ബഞ്ചിലേയ്ക്ക് മാറ്റുകയാണ്. ഇങ്ങനെ വരുമ്പോൾ കെട്ടിക്കിടക്കുന്ന കുറേ കേസ്സുകൾ ഡിസ്പോസ് ചെയ്യാൻ സാധിക്കും. പെൻഡിംഗ് കേസ്സുകളുടെ എണ്ണമെടുക്കുമ്പോൾ, സിവിൽ കോടതികളിൽ ഏതാണ്ട് 3,55,220 കേസ്സുകളും ക്രിമിനൽ കേസുകളിൽ 8,64,000-ത്തോളം കേസ്സുകളും ഇപ്പോൾ പെൻഡിംഗിലുണ്ട്. ഹൈക്കോടതിയിൽ മാത്രം 80,986 സിവിൽ കേസ്സുകളും 39,568 ക്രിമിനൽ കേസ്സുകളുമാണ് പെൻഡിംഗ് കേസ്സുകളായിട്ടുള്ളത്. ഇതിൽ 10 വർഷത്തിന് മുകളിലുള്ള സിവിൽ കേസ്സുകൾ 10,010-ഉം ക്രിമിനൽ കേസ്സുകൾ 8,324-ഉം ആണ്. 5 വർഷത്തിനും 10 വർഷത്തിനും ഇടയിൽ വരുന്ന സിവിൽ കേസ്സുകൾ 22,895-ഉം ക്രിമിനൽ കേസ്സുകൾ 11,806-ഉം ആണ്. 2 വർഷത്തിനും 5 വർഷത്തിനും ഇടയിൽ വരുന്ന സിവിൽ കേസുകൾ 28,656-ഉം ക്രിമിനൽ കേസുകൾ 10,070 -ഉം ആണ്. 2 വർഷത്തിന് താഴെ വരുന്ന സിവിൽ കേസ്സുകൾ 19,425 -ഉം ക്രിമിനൽ കേസ്സുകൾ 9,368 -ഉം ആണ്. ഈ ഭേദഗതി വരുന്നതോടുകൂടി ഒരു കൂട്ടം കേസ്സുകൾ ഡിവിഷൻ ബഞ്ചിൽ നിന്ന് സിംഗിൾ ബഞ്ചിലേയ്ക്ക് വരും. അതുകൊണ്ട് സമയബന്ധിതമായി ഈ കേസ്സുകളെല്ലാം പൂർത്തീകരിക്കാൻ കഴിയും. ഇന്ത്യയുമായി താരതമ്യം ചെയ്യുമ്പോൾ പെൻഡിംഗ് കേസുകളുടെ ശരാശരി എണ്ണം കേരളത്തിൽ കുറവാണ്. കോടതികളുടെ പശ്ചാത്തല സൗകര്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പി. ടി. തോമസും പി. കെ. ശശിയുമൊക്കെ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തിൽ തന്നെ ഗവൺമെന്റ് പരിശോധിക്കും. വളരെ പോസിറ്റീവായിട്ടുള്ള ഒട്ടേറെ സജഷനുകൾ അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം കൊണ്ടുവന്നതുപോലെ ഇ-കോർട്ട് ഫീ കൊണ്ടുവരുന്നതിന് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച

കൊണ്ടിരിക്കുകയാണ്. സുപ്രീംകോടതിയുടെ ഇ-കോർട്ട് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചാണ് കോടതിയിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നത്. അതിന്റെ ഭാഗമായി ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ഐ.ടി. വകുപ്പ് സെക്രട്ടറി എന്നിവരുടെ യോഗം ഹൈക്കോടതി ചീഫ് ജസ്റ്റിസ് വിളിച്ചിരുന്നു. അതിനെത്തുടർന്ന് ഡാറ്റാ മൈഗ്രേഷൻ നടന്നുകഴിഞ്ഞു. പെരിഫറൽസ് വാങ്ങുന്നതിനും മറ്റ് സാങ്കേതിക കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനും ആഭ്യന്തരം, ധനകാര്യം, നിയമം ഐ.ടി. എന്നീ വകുപ്പ് സെക്രട്ടറിമാരുടെ ഒരു യോഗം ഈ മാസം 23-ാം തീയതി വിളിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ കമ്പ്യൂട്ടർവൽക്കരണം വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. അതിനു വേണ്ടിയുള്ള എല്ലാ സഹായവും ഐ.ടി. വകുപ്പ് ചെയ്യും. ഏത് കേസ്സാണ് നടക്കുന്നതെന്ന് കക്ഷികൾക്കും അഭിഭാഷകർക്കും അറിയാൻ കഴിയുന്ന വിധത്തിൽ ഹൈക്കോടതിയിൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ കോടതികളിൽ മോഡൽ കോർട്ട് സ്കീം നടപ്പിലാക്കിയതു കൊണ്ട് അവിടെയും ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

സായാഹ്നകോടതികൾ നിർത്തലാക്കിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട പി.ടി.തോമസ് ഇവിടെ സൂചിപ്പിച്ചു. അത് ഹൈക്കോടതിയാണ് നിർത്തലാക്കിയത്. സംസ്ഥാന സർക്കാരല്ല. പ്രസ്തുത കോടതികൾകൊണ്ട് വലിയ പ്രയോജനമില്ലെന്ന് തോന്നിയതുകൊണ്ടാണ് നിർത്തലാക്കിയത്.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിലെ സായാഹ്ന കോടതികൾ ഒരു മണിക്കൂറോ ഒന്നര മണിക്കൂറോ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. എന്നാൽ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ 5 മണി മുതൽ 9 മണി വരെ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വളരെ ചെറിയ സമയം മാത്രം പ്രവർത്തിച്ചതുകൊണ്ടാണ് അത് പ്രയോജനപ്രദമല്ലെന്ന് തോന്നാൻ കാരണം. അതുകൊണ്ട് 9 മണിവരെയെങ്കിലും പ്രവർത്തിപ്പിച്ചാൽ മാത്രമേ പ്രയോജനപ്രദമാകൂയെന്ന് മറ്റ് സംസ്ഥാനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, മറ്റ് സംസ്ഥാനങ്ങളിൽ ഗ്രാമ ന്യായാലയങ്ങൾ നിലവിലില്ല. ഇവിടെ ഗ്രാമ ന്യായാലയങ്ങൾ വന്നതോടുകൂടി യഥാർത്ഥത്തിൽ സായാഹ്ന കോടതികളുടെ ആവശ്യം ഇപ്പോഴില്ല. ആവശ്യംപോലെ ഗ്രാമ ന്യായാലയങ്ങൾ കൊടുക്കാൻ കഴിയുന്നതാണ്. അതിനുള്ള കുറേ അപേക്ഷകൾ

ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഭരണഘടനയുടെ 229-ാം അനുച്ഛേദ പ്രകാരം ചീഫ് ജസ്റ്റിസിന്റെ അനുമതിയില്ലാതെ ഹൈക്കോടതികളുടെ നടപടികളിൽ സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയില്ല. ഹൈക്കോടതി ആവശ്യപ്പെടുന്ന മുറയ്ക്ക് എന്ത് നടപടിയെടുക്കുന്നതിനും സർക്കാർ സന്നദ്ധമാണ്. ഫയൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരായി 229-ാം അനുച്ഛേദ പ്രകാരം ചീഫ് ജസ്റ്റിസ് നിയോഗിക്കുന്ന ഉദ്യോഗസ്ഥന് (വിജിലൻസ് രജിസ്ട്രാർ) മാത്രമേ അന്വേഷണം നടത്താൻ സാധിക്കുകയുള്ളൂ.

ഫയലുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ച് അവസാനം ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാം. കോടതിക്ക് പുറത്ത് വ്യവഹാരങ്ങൾ തീർപ്പ് കൽപ്പിക്കുന്ന സംവിധാനമാണ് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി. അത് വളരെ നന്നായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. 62 താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും 14 ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും 18 ആൾട്ടർനേറ്റീവ് ഡിസ്പ്യൂട്ട് റെസല്യൂഷൻ സംവിധാനവുമൊക്കെ ഇപ്പോൾ കേരളത്തിലുണ്ട്. ഇതൊക്കെ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സംവിധാനം ശക്തിപ്പെടുത്താൻ ഫലപ്രദമായിട്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ മേൽപ്പറഞ്ഞ ഓഫീസുകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ തുടങ്ങിയ സപ്പോർട്ടിംഗ് സ്റ്റാഫിന്റെ കുറവ് പരിഹരിക്കണമെന്ന ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ അഭ്യർത്ഥനയെ തുടർന്ന് സ്റ്റാഫിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷം പുതിയ കോടതികൾ സ്ഥാപിക്കുന്നതിനും കോടതികളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ഫലപ്രദമായിട്ടുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് മുഖ്യമന്ത്രിയുമായി സംസാരിച്ച ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. കേരളത്തിലെ കോടതികളുടെ പശ്ചാത്തല സൗകര്യങ്ങളും ഭരണനടത്തിപ്പുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്, സാധാരണ നിലയിൽ ഒരു വലിയ ഗ്യാപ്പ് ഗവൺമെന്റും ജുഡീഷ്യറിയും തമ്മിൽ ഉണ്ടാകാറുണ്ട്. അത് ഇപ്പോഴില്ല. അതിന്റെ ഭാഗമായി ഒട്ടേറെ പോസിറ്റീവായിട്ടുള്ള സമീപനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ചീഫ് ജസ്റ്റിസിന്റെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിന്റെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സമീപകാലത്ത് സിവിൽ-ക്രിമിനൽ കോടതികളിലായി 460 ക്ലറിക്കൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിരമിച്ച ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കി ഉയർത്തിയിട്ടുണ്ട്. ജുഡീഷ്യൽ ഓഫീസർമാരുടെ സ്പെഷ്യൽ പേ 1-1-1999 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനുവേണ്ടി 28 ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും ഫണ്ട് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുകയുമാണ്. ഇതുപോലെ ജില്ലാ ജഡ്ജിമാർക്കും മുനിസിപ്പൽ/ ഡിസ്ട്രിക്ട് കോർട്ട് ജഡ്ജിമാർക്കും വാഹനങ്ങൾ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചുകഴിഞ്ഞാൽ വാഹനത്തിന്റെ പ്രശ്നം നമുക്ക് പരിഹരിക്കാൻ സാധിക്കും.

ഇവിടെ വരുന്ന പ്രശ്നമെന്തെന്നാൽ, ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നില്ല എന്നതാണ്. എന്നാൽ ജുഡീഷ്യൽ ഓഫീസേഴ്സ് പ്രാദേശിക ജനപ്രതിനിധികളുമായി ബന്ധപ്പെട്ടാൽ എം.എൽ.എ./ എം.പി. ഫണ്ടും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് പശ്ചാത്തല സൗകര്യങ്ങളിൽ മാറ്റം വരുത്താൻ സാധിക്കുന്നതാണ്. എന്നാൽ ഇന്ററാക്ഷനില്ലാത്തതിന്റെ ഭാഗമായാണ് ജുഡീഷ്യറിയുമായി ബന്ധപ്പെട്ടുള്ള പശ്ചാത്തല മേഖലയിൽ വല്ലാത്തൊരവസ്ഥ ഉണ്ടായിട്ടുള്ളത്. അത് മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ജുഡീഷ്യറിയുമായി ബന്ധപ്പെട്ട് ജസ്റ്റിസുമാരുമായും ചീഫ് ജസ്റ്റിസുമായും നടന്ന ചർച്ചയിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനത്തിൽ സമാന ശമ്പള സ്കെയിലിലുള്ള ജീവനക്കാരുടെ അഭാവത്തിൽ ചില ഇളവുകൾ നൽകാൻ ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷനുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽനിന്നുള്ള തർക്കങ്ങളൊക്കെ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. സമാന സ്വഭാവമില്ലാത്ത, ഒരു സ്റ്റേജിനപ്പുറമുള്ള തസ്തികയാണെങ്കിൽപ്പോലും ഡെപ്യൂട്ടേഷനിൽ പോകാൻ അനുവദിക്കുന്നുണ്ട്. അതുപോലെതന്നെ നിയമ വകുപ്പിൽ നിലനിർത്തിയിരുന്ന സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അഡീഷണൽ സെക്രട്ടറിയുടെ തസ്തിക തിരികെ നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. കോടതിഭാഷ മലയാളീകരിക്കുന്നതിന്റെ ഭാഗമായി സബോർഡിനേറ്റ് കോടതികളിലെ വിധിന്യായങ്ങളിലെ പരിഭാഷ ജോലി നിർവ്വഹിക്കുന്നതിന്റെ ആദ്യഘട്ടമായി 260 പരിഭാഷകരുടെ തസ്തിക സൃഷ്ടിക്കുന്നതിനും തത്വത്തിൽ ഗവൺമെന്റ് തീരുമാനിച്ചുകഴിഞ്ഞു.

കോടതികളുടെയും ജഡ്ജിമാരുടെയും നിയമവാഴ്ചയുടെയും മറ്റൊരു അവിഭാജ്യഘടകമാണ് അഭിഭാഷകർ. അഭിഭാഷകവൃത്തിയിലേർപ്പെടുന്ന അഭിഭാഷകർക്ക് സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അവരുടെ ക്ഷേമപദ്ധതി 5 ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം രൂപയാക്കിയും അവരുടെ ചികിത്സാച്ചെലവ് 5,000 രൂപയിൽ നിന്ന് 1,00,000 രൂപയാക്കിയും ഉയർത്തിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ജൂനിയർ അഭിഭാഷകർക്ക് 5,000 രൂപ സ്റ്റൈപ്പന്റും പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള കോർട്ട് ഫീ ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ടും കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ആക്ടും ഭേദഗതി ചെയ്യുകയും കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി 3 ലക്ഷം രൂപയിൽ നിന്ന് 4 ലക്ഷം രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

യഥാർത്ഥത്തിൽ ഇവിടെ വന്നിട്ടുള്ള ചില പ്രശ്നങ്ങൾ ഈ ചർച്ചയുടെ ഭാഗമായി വരേണ്ടതായിരുന്നില്ല. എന്നാൽ വന്ന സ്ഥിതിക്ക് വ്യക്തതയുണ്ടാക്കാൻ വേണ്ടി ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട് ഏറ്റവും അഴിമതി നിറഞ്ഞ ഒരു കാലഘട്ടം 2001 മുതൽ 2006 വരെയായിരുന്നു. അന്ന് ഈ അഴിമതിക്കേസുമായി ബന്ധപ്പെട്ട് ഫലപ്രദമായ ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ല. പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് ഇക്കാര്യത്തിൽ ശക്തമായ നിലപാടെടുത്ത് തൃശ്ശൂർ വിജിലൻസ് കോടതിയിൽ CC No. 32/2010, 22/2011, 2/2011, 34/2011 എന്നീ 4 കേസ്സുകൾക്ക് ചാർജ് ഷീറ്റ് സമർപ്പിച്ചത്. യഥാർത്ഥത്തിൽ ചാർജ് ഷീറ്റ് കൊടുത്ത ആ കേസ്സുകളുടെ അടിസ്ഥാനം സി &എ.ജി. റിപ്പോർട്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷിച്ച് ബന്ധപ്പെട്ട രേഖകളും സാക്ഷിമൊഴികളും തയ്യാറാക്കി 4 സി.സി. കേസുകളും വിചാരണയ്ക്ക് വരുന്ന സമയത്താണ് എന്തോ കാരണത്താൽ 22-2-2012-ൽ പ്രധാനപ്പെട്ട പ്രതികളെ കുറ്റപത്രത്തിൽ നിന്ന് ഒഴിവാക്കാനുള്ള ഒരുത്തരവ് അന്നത്തെ ഗവൺമെന്റ് പുറപ്പെടുവിച്ചത്. അതിനെതിരായി ശക്തമായ ചില പരാമർശങ്ങൾ ഇവിടെയും വന്നിരുന്നു. അന്ന് ബഹുമാനപ്പെട്ട വി. എസും പി. സി. ജോർജ്ജും പിന്നെ ഞാനും ഇത് സംബന്ധിച്ച് നിയമസഭയിൽ സബ്മിഷനും ശ്രദ്ധ ക്ഷണിക്കലും കൊണ്ടുവന്നിരുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തരവും വിജിലൻസും കൈകാര്യം ചെയ്ത മന്ത്രിയായിരുന്നു. അദ്ദേഹം ഈ ഉദ്യോഗസ്ഥരെ കേസ്സിലെ പ്രതിയാക്കാൻ സാധിക്കില്ലായെന്ന മറുപടി നൽകിയത് എന്തെങ്കിലും

രേഖയുടെ അടിസ്ഥാനത്തിലായിരുന്നില്ല. പിന്നീട് ഇതുമായി ബന്ധപ്പെട്ട് അന്തരിച്ച ശശിധരന്റെ സഹോദരനും സ്റ്റേറ്റ് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ സെന്ററും അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് കത്ത് കൊടുത്തു. അവർ കോടതിയിൽ ഗവൺമെന്റിന്റെ തീരുമാനം സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തീരുമാനം സ്റ്റേ ചെയ്തു. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസാണ് ഇപ്പോൾ കോടതിയിൽ വന്നിട്ടുള്ളത്. ആ ഫയലുകളാണ് ഇപ്പോൾ കാണാതെ പോയത്. ഇത് അതീവ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണ്. കാരണം, കോടതികളിൽ നിന്ന് രേഖ കാണാതെ പോകുക എന്നുപറയുന്നത് നമുക്ക് ഊഹിക്കാൻപോലും പറ്റുന്നതല്ല. ഹൈക്കോടതിയിലെ ഫയലുകൾ കാണാതായതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സിംഗിൾ ബെഞ്ച് ജഡ്ജി ജസ്റ്റിസ് ബി. സുധീന്ദ്രകുമാറിന്റെ ഉത്തരവിൽ സംഭവം ആസൂത്രിത മാണെന്നും നീതിയുടെ ദേവാലയത്തിൽ ഇത് അനുവദിക്കാനാവില്ലെന്നും പറയുന്നുണ്ട്. ഹൈക്കോടതിയുടെ സുരക്ഷ അപകടത്തിലാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ആശങ്കയ്ക്ക് ഇടനൽകുന്നുവെന്ന ഒരു പരാമർശം യഥാർത്ഥത്തിൽ ഇവിടെ അടിയന്തരപ്രമേയമായി വരുമെന്നാണ് ഞാൻ കണക്കാക്കിയത്. എന്തുകൊണ്ട് അത് വന്നില്ലെന്ന് എനിക്കറിയില്ല. കാരണം, ഇത് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും പൊതുവെ താൽപ്പര്യമുള്ള ഒരു വിഷയമാണ്.

2.00 PM]

എന്നാൽ എന്തെങ്കിലും തെറ്റായിട്ടുള്ള വ്യാഖ്യാനമോ സൂചനയോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന കാരണത്താലാണോ ബഹുമാനപ്പെട്ട പി. ടി. തോമസ് വേറൊരു ഭാഗത്തേയ്ക്ക് പോയതെന്ന് മനസ്സിലാകുന്നില്ല. ഞാൻ ബഹുമാനപ്പെട്ട പി.ടി. തോമസിന്റെ പ്രസംഗം ആദ്യം മുതൽ സശ്രദ്ധം കേട്ടിരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമായതിനുശേഷമാണ് ഞാൻ ഇടപെട്ട് സംസാരിച്ചത്. ഇപ്പോഴും ഞാൻ പറഞ്ഞ കാര്യത്തിൽത്തന്നെ ഉറച്ച് നിൽക്കുകയാണ്. കോടതിയുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം തത്വത്തിൽ അംഗീകരിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ് പ്രസംഗിച്ച് തുടങ്ങുന്നതിനുമുമ്പ് ഒരു ആനയുടെ പ്രതികാരത്തെപ്പറ്റി പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ ആനയുടെ പ്രതികാരം മരണംവരെ നിൽക്കും. ആ ഒരു സ്വഭാവത്തിലേയ്ക്ക് നമ്മൾ പോകേണ്ടതില്ലല്ലോ?

ശ്രീ. പി. ടി. തോമസിന്റെ മനസ്സിൽ എന്താണ് ഇങ്ങനെയുണ്ടായതെന്ന് എനിക്ക് അറിയില്ല. വല്ലാത്ത രീതിയിലുള്ള അറ്റാക്കാണ് അദ്ദേഹം നടത്തിയത്. അത് ആവശ്യമായിരുന്നില്ലെന്നാണ് എനിക്ക് തോന്നിയത്. ശ്രീ. ജോയ്സ് ജോർജ്ജുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ കാര്യത്തിലൊന്നും ഒരു അഭിപ്രായവ്യത്യാസവുമില്ല. ശ്രീ. ജോയ്സ് ജോർജിനെ സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായിട്ടുള്ള ധാരണയുണ്ട്. അദ്ദേഹത്തിന്റെ ധാരണയല്ല ഗവൺമെന്റിനുള്ളത്. 17724/ എ.2/2017-ാം നമ്പർ ഫയൽ അവരുമായിചർച്ച ചെയ്ത് പൊതുധാരണയുടെ ഭാഗമായി തീരുമാനമെടുക്കേണ്ടതാണ്. ഇത് ഇടുക്കി എം.പി.-യെ സംബന്ധിച്ച ഫയൽ അല്ല. ഇടുക്കിയിലെ പൊതുവായ ഭൂമിപ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് നൽകിയിട്ടുള്ള ഫയൽ കളക്ടറോട് put up ചെയ്യാൻ പറഞ്ഞു, കളക്ടർ put up ചെയ്തു. വിശദമായ ചർച്ചയ്ക്കുശേഷം തീരുമാനമെടുക്കേണ്ട നയപരമായ ഒട്ടേറെ കാര്യങ്ങൾ അതിലുണ്ട്. അതൊരു പൊതുധാരണയോടുകൂടി മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ഗവൺമെന്റിന്റെ മുമ്പിൽ ആ ഫയൽ ഇപ്പോഴും പെൻഡിംഗിലാണ്, സജീവമാണ്, ലൈവാണ്. ആ ഫയൽ ഒരു രൂപത്തിലും മുക്കിയിട്ടില്ല. ആ ഫയൽ ഏത് സമയത്തും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് കാണിച്ചുകൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അദ്ദേഹം പറഞ്ഞ മറ്റു കാര്യങ്ങൾ ഒരു രൂപത്തിലും പറയാൻ പാടില്ലാത്തതാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളുമായി ഈ ഫയലിന് യാതൊരു ബന്ധവുമില്ലെന്ന് സ്ഥാപിക്കാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യം പറഞ്ഞത്.

ഇത് വളരെ പ്രധാനപ്പെട്ടൊരു ഭേദഗതി ബിൽ ആണ്. ഇത് ഐകകണ്ഠ്യേന പാസ്സാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട രണ്ട് മെമ്പർമാർ പറഞ്ഞ കാര്യങ്ങളും അഡീഷണലായി മെമ്പർമാർ ഇടപെട്ട് പറഞ്ഞ കാര്യങ്ങളും ഗവൺമെന്റ് മുഖവിലയ്ക്കെടുക്കുമെന്നാണ് പൊതുവിൽ സൂചിപ്പിക്കാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സി. കെ. ശശീന്ദ്രൻ, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. സി. കെ. ശശീന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല)

ശ്രീ. സി. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri Anoop Jacob: Sir, I move the following amendment:

131. In clause 2 (i), for the word "forty ", the word " thirty five" shall be substituted.

Shri N.A. Nellikkunnu: Sir, I move the following amendment:

134. In clause 2(i), for the words "forty lakh rupees ", substitute the words " forty four lakh rupees".

Prof. Abid Hussain Thangal: Sir, I move the following amendment:

154. Section 3(13)(h) proposed to be inserted in the principal Act by clause 2(ii) shall be recast as follows:-

"(h) from an award passed by the MACT (Motor Accident Claims Tribunal)".

മി. ഡെപ്യൂട്ടി സ്പീക്കർ: 133-ാം നമ്പർ ഭേദഗതി 132-ാം നമ്പർ ഭേദഗതിക്കും 135-ാം നമ്പർ ഭേദഗതി 134-ാം നമ്പർ ഭേദഗതിക്കും 136, 137, 138, 139, 140, 141 എന്നീ നമ്പർ ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്കും 144-ാം നമ്പർ ഭേദഗതി 143-ാം നമ്പർ ഭേദഗതിക്കും 145, 147,148 എന്നീ നമ്പർ ഭേദഗതികൾ 146-ാം നമ്പർ ഭേദഗതിക്കും 155, 157 എന്നീ നമ്പർ ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Prof. Abid Hussain Thangal: Sir, I move the following amendment:

161. In clause 3 for the words " forty lakh rupees" substitute the words " forty five lakh rupees" .

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

(ഭേദഗതിയില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Prof. Abid Hussain Thangal: Sir, I move the following amendments:

110. In the Long title, the word "further" shall be deleted.

112. In the Preamble, the word "further" shall be deleted.

117. In clause 1(2), the words "deemed to have" shall be deleted.

Shri P. T. Thomas: Sir, I move the following amendment.

118. In clause 1(2), for the words, figures and symbol "on the 15th day of December, 2017" substitute the words "at once".

Shri P. K. Abdu Rabb: Sir, I move the following amendment.

128. Clause 1(2) shall be recast as follows:

"(2) It shall be deemed to have come into force at once".

Shri C. Mammutty: Sir, I move the following amendment.

129. Clause 1(2) shall be recast as follows:

" (2) It shall be deemed to have come into force on 14th day of December, 2017.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 110, 112, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് വളരെ പോസിറ്റീവായിട്ടുള്ള ഒരു ബിൽ ആണ്. സംസ്ഥാനത്തും ഇന്ത്യയിലൊട്ടാകെയും ലക്ഷക്കണക്കിന് കേസ്സുകൾ കെട്ടിക്കിടക്കുന്നു എന്നുള്ള പരാതിയാണ് ജനങ്ങൾക്കുള്ളത്. Justice delayed is justice denied. കാലവിളംബം ഉണ്ടാകുന്നതനുസരിച്ച് ജനങ്ങൾക്ക് ലഭിക്കേണ്ട നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം നമ്മുടെ രാജ്യത്ത് ധാരാളമായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം കുറവാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണെങ്കിൽപ്പോലും മൊത്തം പരിശോധിച്ചുകഴിഞ്ഞാൽ piling of cases ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. അതുകൊണ്ടാണ് അദാലത്തുകൾ നടത്തി കേസ്സുകൾക്ക് speedy disposal എന്ന സമീപനം സുപ്രീംകോടതി സ്വീകരിച്ച് തീർപ്പാക്കുന്നത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റാണ് നമ്മുടെ രാജ്യത്ത് ഗ്രാമ ന്യായാലയങ്ങൾ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചത്. അതുവഴി കൂടുതൽ കേസുകൾ ഡിസ്പോസ് ചെയ്യാനുള്ള അവസരങ്ങൾ ഉണ്ടാകുമെന്നുള്ളതാണ് ഇതുവരെയുള്ള അനുഭവങ്ങൾ പറയുന്നത്. ഇന്ന് ഏതൊരു പൗരനും അവസാനം സമീപിക്കാൻ കഴിയുന്ന സ്ഥലം കോടതിയാണ്. ഇന്ന് അനഭിലഷണീയമായ നിരവധി പ്രവണതകൾ സുപ്രീംകോടതി അടക്കമുള്ള നീതിന്യായ കോടതികളിൽ നടക്കുകയാണ്. അതുകൊണ്ടാണ് ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാത്ത നിലയിൽ നാല് സുപ്രീംകോടതി ജഡ്ജിമാർ പരസ്യമായി പത്രസമ്മേളനം നടത്തി അവരുടെ അഭിപ്രായവ്യത്യാസങ്ങൾ രേഖപ്പെടുത്തിയത്. അവർക്ക് ശ്വാസം മുട്ടിയതുകൊണ്ടാണല്ലോ അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. ഏതായാലും

ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിലെ ഒരു കറുത്ത ദിനമായി നമുക്ക് അതിനെ കാണാൻ കഴിയും. മറ്റു രാജ്യങ്ങളിൽ പ്രധാനമന്ത്രിമാരെ തീരുമാനിക്കുന്നതുപോലും പല കോടതികളാണ് എന്ന് കണ്ടുകൊണ്ടിരിക്കുന്ന കാലമാണ്. ജനാധിപത്യം കൂടുതൽ അർത്ഥപൂർണ്ണമാക്കാനും പാർലമെന്റും നിയമസഭകളും പാസ്സാക്കുന്ന നിയമങ്ങൾ പൂർണ്ണമായും വ്യാഖ്യാനിച്ച് നടപ്പാക്കാനും കഴിയുന്ന ന്യായാലയങ്ങളിൽ അനീതിയുണ്ടാകുന്നുവെന്നത് വളരെ ദുഃഖകരമായ കാര്യമാണ്.

ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ച ശ്രീ കെ. എം. ജോസഫ് പ്രഗൽഭനായ ഒരു ജഡ്ജിയാണ്. ഉത്തരാഞ്ചലിലെ ഗവൺമെന്റിനെ നീതിരഹിതമായി പിരിച്ചുവിട്ടപ്പോൾ ആ ഗവൺമെന്റിനെ റീ-ഇൻസ്റ്റേറ്റ് ചെയ്തതാണ് കൊളീജിയം അദ്ദേഹത്തിന്റെ പേര് സജസ്റ്റ് ചെയ്തപ്പോൾ റദ്ദാക്കാൻ കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിച്ചത് എന്ന് എല്ലാവരും വിശ്വസിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ വളരെ ബോധപൂർവ്വം കൊളീജിയത്തിൽ മാറ്റം വരുത്താനും ഗവൺമെന്റിന്റെ കൈകടത്തൽ കൂടുതൽ ഉണ്ടാക്കാനും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ആരോഗ്യപരമായ ജുഡീഷ്യൽ വ്യവസ്ഥയെ അട്ടിമറിക്കാനുള്ള നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് ഇന്ന് ഭരണഘടനാ സ്ഥാപനങ്ങളെ മുഴുവൻ തകർക്കാൻ ബോധപൂർവ്വമായ നീക്കം ബി.ജെ.പി. ഗവൺമെന്റ് നടത്തുകയാണ്. പ്ലാനിംഗ് കമ്മീഷനെ പിരിച്ചുവിടുകയും തെരഞ്ഞെടുപ്പ് കമ്മീഷനെ സ്വന്തം പിടിയിലാക്കാനുമുള്ള ബോധപൂർവ്വമായ നീക്കങ്ങൾ നടക്കുന്നു. നീതി ആയോഗ് വന്നിട്ടും ജനങ്ങൾക്കും സംസ്ഥാനങ്ങൾക്കും പ്രയോജനമില്ലാതായി മാറുന്നു. അവസാനത്തേതാണ് കോടതികളുടെയും മാധ്യമങ്ങളുടെയും വായ് മൂടിക്കെട്ടാനുള്ള ആസൂത്രിതമായ നീക്കങ്ങൾ നടക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തെ അപകടപ്പെടുത്തുന്ന ഇത്തരം നീക്കങ്ങൾക്കെതിരെ എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട ഒരു കാലഘട്ടം കൂടിയാണ് ഇതെന്ന് ഞാൻ വിശ്വസിക്കുകയാണ്, ഞാൻ ദീർഘിപ്പിക്കുന്നില്ല. കോടതികളുടെ വിശ്വാസ്യത നിലനിർത്തുവാനും പൗരന് ലഭിക്കേണ്ട അവകാശങ്ങൾ ഉറപ്പുവരുത്താനും രാജ്യത്തിന്റെ നീതിനിർവ്വഹണ സംവിധാനത്തെ കുറ്റമറ്റതാക്കാനുമുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. പ്രത്യേകിച്ച്, ജനപ്രതിനിധി സഭകൾക്ക് ആ ഉത്തരവാദിത്വം വളരെ വലുതാണ്. ലെജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിലുള്ള തർക്കങ്ങൾ ഇന്ന് നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന ഒന്നാണ്. ജനാധിപത്യത്തിന്റെ നാല് തൂണുകളെ ശക്തിപ്പെടുത്തി പരസ്പരം ഓവർലാപ് ചെയ്യാതെ ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള

വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് അഭികാമ്യമായിട്ടുള്ളത്. കോടതികളുടെ ഓവർ ആക്റ്റിവിസം പലപ്പോഴും ജനാധിപത്യത്തെയും നിയമസഭകളെയും പാർലമെന്റിനെയും ദുർബലപ്പെടുത്തുന്നുവെന്നുള്ള സൂചനകൾ നമ്മൾ കണ്ടുവരുന്നുണ്ട്. ഇതൊന്നും ആരോഗ്യപരമായ ജനാധിപത്യത്തിന് ചേർന്ന നടപടിയല്ല എന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഈ നിയമം സംസ്ഥാനത്ത് കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സഹായിക്കും.

ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, മോട്ടോർ വെഹിക്കിൾ ആക്സിഡന്റുകൾ ഇന്ന് ധാരാളമുണ്ടാകുന്നുണ്ട്. എം.എ.സി.ടി. കേസ്സുകളിലുണ്ടാകുന്ന അസാധാരണമായ കാലതാമസത്തിന് പരിഹാരമുണ്ടാകേണ്ടത് അത്യാവശ്യമാണ് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ബില്ലിനെ ഞങ്ങൾ അനുകൂലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

(2) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മാത്യു ടി. തോമസ് : സർ, ഈ ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ സംസാരിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പെട്ടെന്ന് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ടിവന്നു. കേരള സംസ്ഥാനത്ത് ഇപ്പോൾ രൂപപ്പെട്ടിരിക്കുന്ന ഒരു പുതിയ ജലസംസ്കാരമുണ്ട്. അമൂല്യമായ ഈ പ്രകൃതി വിഭവത്തെ സംരക്ഷിക്കണമെന്നും സംപോഷിപ്പിക്കണമെന്നും മാലിന്യ വിമുക്തമായി നിലനിർത്തണമെന്നുമുള്ള പൊതുമനസ്സ് സമൂഹത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ ജനപ്രതിനിധികളും ഈ

പൊതുമനസ്സിന്റെ ഭാഗമായി നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ ഏറ്റെടുത്തിട്ടുണ്ട്. മൃതപ്രായമായി മാറിയിരുന്ന പല നദികളെയും പുനരുജ്ജീവിപ്പിക്കപ്പെട്ടിട്ടുണ്ട്. പൊതുവെ, ജലവിഭവം ഏറ്റവും മാലിന്യവിമുക്തമായി വരുംതലമുറയ്ക്കുവേണ്ടി കൈമാറിക്കൊടുക്കുന്ന രൂപത്തിൽ സംരക്ഷിക്കണമെന്ന ആശയം പൊതുസമൂഹം സ്വീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഹരിതകേരളം പ്രവർത്തനങ്ങളും നന്നായി നടക്കുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവരെ ശിക്ഷിക്കാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുള്ള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്താനാണ് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പം, ഡാം സേഫ്റ്റി അതോറിറ്റിയിൽ ഐ.ജി. റാങ്കിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ അംഗമാക്കാനും ഒപ്പം അതിന്റെ ക്വാറം നിശ്ചയിക്കാനുമുള്ള ഒരു ഭേദഗതി നിയമമാണ്. ഈ ബില്ലിന്റെ പൊതുചർച്ചയ്ക്കുശേഷം കൂടുതൽ വിശദീകരിക്കേണ്ടതുണ്ടെങ്കിൽ അപ്പോൾ സംസാരിക്കാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി.ഡി. ദേവസ്സി)

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഈ ബില്ലിനോട് പൊതുവെ യോജിക്കുമ്പോഴും അതിലെ പ്രധാനപ്പെട്ട ഒരു ഭേദഗതിയോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സെക്ഷൻ 59 ഭേദഗതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഡാം സേഫ്റ്റി അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം, നിലവിലുള്ള അംഗസംഖ്യയുടെ 50 ശതമാനം വേണമെന്നുള്ളതാണ് ഇപ്പോഴുള്ള വ്യവസ്ഥ. ഇറിഗേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരടക്കം പതിനൊന്ന് അംഗങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. അതിന്റെ 50 ശതമാനമെന്ന് പറയുമ്പോൾ അഞ്ചര അല്ലെങ്കിൽ ആറ് അംഗങ്ങളാണ് ഉണ്ടാകേണ്ടത്. പക്ഷേ ഇപ്പോൾ ആ ക്വാറത്തിന്റെ അംഗസംഖ്യ, ചെയർമാൻ അടക്കം മിനിമം നാലാക്കി കുറയ്ക്കുകയാണ്. ഇപ്പോൾത്തന്നെ ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഒരു ഗൗരവവുമില്ലാതെയാണ് മുന്നോട്ടുപോകുന്നത്. നമ്മുടെ ഉദ്യോഗസ്ഥർ ഈ യോഗത്തിൽ പങ്കെടുക്കുന്നില്ല. അവർ ഇക്കാര്യത്തിൽ വേണ്ട താൽപ്പര്യം കാണിക്കുന്നില്ല. ഈ ഉദ്യോഗസ്ഥർ അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഭരണനേതൃത്വത്തിനും സാധിക്കുന്നില്ല. ഇനി ക്വാറം കൂടി കുറഞ്ഞുകഴിഞ്ഞാൽ ഇപ്പോഴുള്ള ആളുകൾപോലും പോകാത്ത അവസ്ഥയുണ്ടാകും. യഥാർത്ഥത്തിൽ ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രാധാന്യം മനസ്സിലാക്കി, എല്ലാ അംഗങ്ങളും അതിൽ പങ്കെടുക്കുന്നുവെന്നും നല്ല ചർച്ചകൾ നടക്കുന്നുവെന്നും ഡാമുകളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും സമഗ്രമായി വിലയിരുത്തുന്നുവെന്നും

ഉറപ്പുവരുത്തേണ്ടത് ഭരണനേതൃത്വത്തിന്റെ ചുമതലയാണ്. അതിന് തയ്യാറാകാതെ ഈ നിലയിലുള്ള ലഘൂകരണ സ്വഭാവത്തിലേയ്ക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ വരുന്നുവെന്നതാണ് എന്റെ വിയോജിപ്പിന് ഏറ്റവും പ്രധാനപ്പെട്ട കാരണം.

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരത്തിലൊരു ഗൗരവമില്ലായ്മ എല്ലാ കാലത്തും ഉണ്ടാകുന്നുണ്ട്. അധികാരത്തിൽ വന്നിട്ട് രണ്ടുവർഷം മാത്രമായ ഈ ഗവൺമെന്റിനെ മാത്രം കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ കുറേക്കാലമായി ഇതാണ് അവസ്ഥ. ഇനിയെങ്കിലും ഇക്കാര്യത്തിൽ എങ്ങനെ മാറ്റം വരുത്താൻ സാധിക്കും എന്നതാണ് നാം ആലോചിക്കേണ്ടത്. ഏറ്റവും കൂടുതൽ പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്ന ഒരു വകുപ്പായി ജലവിഭവ വകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് ഇറിഗേഷനുമായി ബന്ധപ്പെട്ട പദ്ധതികൾ. കേരളത്തിൽ മാത്രമല്ല, ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടങ്ങിയ മൂന്ന് പദ്ധതികൾ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്നാണ് കണക്ക്. ഇത്തരത്തിൽ വലിയ കാലതാമസമുണ്ടാകുമ്പോൾ യഥാർത്ഥത്തിൽ ലഭിക്കേണ്ട പ്രയോജനം ലഭിക്കുന്നില്ല എന്നുമാത്രമല്ല, ചെലവ് എത്രയോ ഇരട്ടിയായി വർദ്ധിക്കുകയാണ്. ചില പദ്ധതികൾ 18 കോടി രൂപയോ 19 കോടി രൂപയോ വിഭാവന ചെയ്ത് തുടങ്ങിയത് 800 മുതൽ 900 കോടി രൂപ വരെയായിട്ടും അവസാനിക്കാത്ത അവസ്ഥ നമ്മുടെ നാട്ടിൽത്തന്നെയുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഈ നിലയിലുള്ള മെല്ലെപ്പോക്കും അലംഭാവവും ഉദാസീനതയും കാര്യക്ഷമതക്കുറവും ഈ മേഖലയിൽനിന്നും മാറണമെന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഏതൊരു സംവിധാനം പുനഃസംഘടിപ്പിക്കുമ്പോഴും ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോ എന്നതായിരിക്കണം നമ്മുടെ പ്രധാന ലക്ഷ്യം. അല്ലാതെ ഉദ്യോഗസ്ഥരുടെ സൗകര്യത്തിന് കാര്യങ്ങൾ ചെയ്യുമ്പോൾ ഇപ്പോഴുള്ളതിനേക്കാൾ കുത്തഴിഞ്ഞ അവസ്ഥയിലേയ്ക്ക് നീങ്ങുമെന്നുള്ളതാണ് ഇതുവരെയുള്ള അനുഭവം വച്ച് നമുക്ക് അനുമാനിക്കാൻ സാധിക്കുന്നത്.

അന്തർസംസ്ഥാന നദീജലം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് കേരളം വലിയ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. കേരളത്തിന്റെ ജല ലഭ്യത 3000 ടി.എം.സി. ആണെങ്കിൽ അതിൽ നിന്നും 1500 ടി.എം.സി. വെള്ളം നമുക്ക് പല തരത്തിലും ഉപയോഗിക്കാൻ സാധിക്കും. പക്ഷേ ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് വെറും 300 ടി.എം.സി. ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പൊട്ടൻഷ്യലിന്റെ എത്രയോ കുറവ് വെള്ളം മാത്രമാണ് നമ്മൾ

ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം, വിവിധ അന്തർ സംസ്ഥാന നദീജല കരാറുകളിൽനിന്നും നമുക്ക് ലഭിക്കേണ്ട വെള്ളമാകട്ടെ, അതിൽ നിന്നുള്ള മറ്റ് സൗകര്യങ്ങളാകട്ടെ, അത് നേടിയെടുക്കുന്നതിലും സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലും വലിയ വീഴ്ചയാണ് നമ്മൾ വരുത്തിയിരിക്കുന്നത്. പത്തുമുപ്പത് വർഷമായി പുതിയ പ്രോജക്ടുകൾ ഒന്നുംതന്നെ സമർപ്പിക്കുന്നതിനോ നേടിയെടുക്കുന്നതിനോ കേരളത്തിന് സാധിക്കുന്നില്ല. കാവേരി അവാർഡിന്റെ ഭാഗമായി നമുക്ക് ലഭിക്കേണ്ട 147 ടി.എം.സി. ജലം ഉപയോഗപ്പെടുത്തുന്നതിലും പറമ്പിക്കുളം-ആളിയാർ പോലെയുള്ള കരാറുകളിൽ നിന്നും ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിൽനിന്നും നമുക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന കാര്യത്തിലും ഇത്തരത്തിലുള്ള വീഴ്ച നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രോജക്ട് ഇല്ലാത്തതിനാലാണ് കാവേരിയിൽ നിന്ന് നമ്മുടെ ഡിമാന്റ് തന്നെ വെട്ടിക്കുറയ്ക്കേണ്ടതായി വന്നത്. 147 ടി.എം.സി. വെള്ളം നമുക്ക് അർഹതപ്പെട്ടതാണെങ്കിലും നമ്മൾ ആവശ്യപ്പെട്ടതുതന്നെ ആദ്യം 93 ടി.എം.സി. വെള്ളമാണ്. അത് പ്രോജക്ടില്ലാത്തതിന്റെ പേരിൽ 30 ടി.എം.സി.-യായി കുറച്ചു. ഈ 30 ടി.എം.സി. പോലും കിട്ടുന്നുണ്ടോ എന്നുള്ളതാണ് അവസ്ഥ. അതുകൊണ്ട് സമഗ്രമായ ഒരു പുനഃസംഘടന ഉണ്ടാകണമെന്നും ഇക്കാര്യങ്ങൾ കുറച്ചുകൂടി ഗൗരവമായി കൈകാര്യം ചെയ്യണമെന്നും ആവശ്യപ്പെടുകയാണ്.

ഇന്റർ സ്റ്റേറ്റ് വാട്ടർ കർമ്മസമിതി എന്ന പേരിൽ ഒരു സമിതി ഉണ്ടാക്കിയത് നല്ല കാര്യമാണ്. അതിന് പ്രവർത്തിക്കാൻ വേണ്ട തുക അനുവദിക്കുന്നില്ല. കർമ്മസമിതി നല്ല രീതിയിൽ മുന്നോട്ടുപോകുന്നില്ല എന്നുള്ളതാണ് ഇവിടെ ഗവൺമെന്റ് തന്നെ വ്യക്തമാക്കുന്നത്. 50 ലക്ഷം രൂപ ആവശ്യപ്പെട്ടത് കൊടുക്കാൻ ഇല്ലാത്തതുകൊണ്ട് കർമ്മസമിതിയുടെ പ്രവർത്തനം നിലച്ചുപോകുന്ന അനുഭവം പലപ്പോഴും ഉണ്ടാവുകയാണ്. പ്രോജക്ടുകൾ ഇങ്ങനെ കൊടുക്കാത്തതുകൊണ്ട് അതിന്റെ പുറകിലുള്ള കാരണം അന്വേഷിക്കണം. തമിഴ്നാടുമായി ഉദ്യോഗസ്ഥ തലത്തിലുള്ള ഒത്തുകളിയാണോ എന്നുള്ള ആക്ഷേപം മാധ്യമങ്ങളിലൊക്കെ നിരവധി തവണ വന്നതാണ്. അത് ഒരു സ്റ്റേറ്റിന് ഒരിക്കലും ഭൂഷണമല്ല. പ്രോജക്ടുകൾ വെട്ടിച്ചുരുക്കുകയാണ്. വയനാട്ടിലെ പല പദ്ധതികളുമായി ബന്ധപ്പെട്ട് കടമൻതോട് പുഴ, നൂൽപ്പുഴ, മാനന്തവാടി നദി എന്നിവയുമായി ബന്ധപ്പെട്ട് ഡാം വേണ്ട, സാധാരണ വിയർ മതി എന്നുപറഞ്ഞ് ഡിമാന്റ് വെട്ടിക്കുറയ്ക്കുകയാണ്. ഇതിന്റെ ഗുണം കിട്ടുന്നത് തമിഴ്നാടിനാണ്. നമുക്ക് അർഹതപ്പെട്ട വെള്ളം ഡാം കെട്ടി സംഭരിക്കാൻ സാധിക്കുന്നിടത്ത് ഡാം വേണ്ട എന്ന് നമ്മൾ തന്നെ പറയുകയാണ്. ഇങ്ങനെയുള്ള അവസ്ഥ ഇനിയുണ്ടാകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഞാൻ പാലക്കാട് ജില്ലയിൽ തൃത്താലയിലെ ഒരു ജനപ്രതിനിധിയാണ്. ഭാരതപ്പുഴയുടെ തീരത്താണ് ഇത് നിലകൊള്ളുന്നത്. ഭാരതപ്പുഴയെ ഇല്ലായ്മ ചെയ്യുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുകയാണ്. കാരണം, ഭാരതപ്പുഴ ബേസിനിൽ തമിഴ്നാട് അവരുടെ ഭാഗത്ത് 3 തടയണയാണ് കെട്ടിയിരിക്കുന്നത്. അൺ-കൺട്രോൾഡ് ഫ്ലഡ് വാട്ടർ നമുക്ക് അവകാശപ്പെട്ടതാണ്. പക്ഷേ അത് നമുക്ക് നൽകാതിരിക്കാൻ തമിഴ്നാട് പല ഉപായങ്ങൾ ചെയ്തു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിന് അവകാശപ്പെട്ടത് അതിൽ നിന്നും കിട്ടുന്നില്ല. കാരണം, കേരള സർക്കാർ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കുന്നില്ല എന്നുള്ളതാണ്. മൂന്ന് തടയണകൾ അവിടെ കെട്ടിയിട്ടും നമ്മൾ അക്കാര്യത്തിൽ പരസ്യമായിട്ടുള്ള നിലപാട് സ്വീകരിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും ദൗർഭാഗ്യകരമായ കാര്യം.

കേരള കൗമുദിയിൽ ഒരു വാർത്ത വന്നത് 'പാലക്കാടിനെ വരണ്ടതാക്കാൻ തമിഴ്നാടിന്റെ രഹസ്യ തുരങ്കം' എന്നാണ്. ഭവാനിപ്പുഴ തമിഴ്നാട്ടിലാണ് ഉത്ഭവിക്കുന്നത്. അപ്പർ ഭവാനിയിൽ തമിഴ്നാട് അണ കെട്ടിയിട്ടുണ്ട്. ആ അണക്കെട്ടിൽ നിന്നുള്ള വെള്ളം പിന്നീട് കേരളത്തിൽ വന്നിട്ടാണ് അട്ടപ്പാടിയിലും സൈലന്റ് വാലിയിലും നിരവധി ആദിവാസി ഗ്രാമങ്ങളിലും എത്തിക്കുന്നത്. വീണ്ടും നദി തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുപോകുകയാണ്. അപ്പർ ഭവാനിയിൽ തമിഴ്നാട് 8 കിലോമീറ്റർ നീളത്തിലുള്ള പുതിയൊരു ടണൽ നിർമ്മിക്കുന്നു. അത് 6 കിലോമീറ്ററോളം പൂർത്തീകരിക്കപ്പെട്ടിരിക്കുകയാണ്. എന്നിട്ടുപോലും കേരളത്തിന് വേണ്ടത്ര ഇടപെടാൻ സാധിക്കുന്നില്ല. 6.4 ടി.എം.സി. വെള്ളം ഇന്ന് കേരളത്തിന് കിട്ടണം. പക്ഷേ കിട്ടുന്നില്ല എന്നുള്ളതാണ് അവസ്ഥ. പറമ്പിക്കുളം-ആളിയാർ കരാറുമായി ബന്ധപ്പെട്ടും നിരവധി വീഴ്ചകൾ ഉണ്ടാകുന്നുണ്ട്. കേരളാ-ഷോളയാർ ഡാം എല്ലാ വർഷവും ഫെബ്രുവരി 1-ന് മുമ്പ് നിറച്ചുതരണം എന്നുള്ളതാണ് തമിഴ്നാടുമായുള്ള കരാർ. പക്ഷേ തമിഴ്നാട് കഴിഞ്ഞ വർഷവും ഈ വർഷവും ആ കരാർ പാലിച്ചില്ല. 2663 അടി വെള്ളം നമുക്ക് നൽകേണ്ട സ്ഥലത്ത് 2652 അടി മാത്രമേ തന്നിട്ടുള്ളൂ. 11 അടി വെള്ളം കുറവാണ്. പക്ഷേ നമുക്കതിൽ ഇടപെടാനോ അർഹതപ്പെട്ടത് ചോദിച്ചുവാങ്ങാനോ സാധിച്ചിട്ടില്ല. ഇതുകൊണ്ടുണ്ടാകുന്ന നഷ്ടം കോടികളുടേതാണ്. ഈ ഒറ്റക്കാര്യംകൊണ്ട് ഏതാണ്ട് 50 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് നമ്മൾ കണക്കാക്കുന്നത്. പക്ഷേ ഈ വെള്ളം തമിഴ്നാട് കൊണ്ടുപോയി വലിയ രീതിയിലുള്ള സാമ്പത്തികലാഭം ഉണ്ടാക്കുകയാണ്.

തമിഴ്നാട്ടിലെ അപ്പർ ഷോളയാറിലെ 2-ാം നമ്പർ പവർഹൗസിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷം കേരളാ ഷോളയാറിലേക്കാണ് വെള്ളം തുറന്നുവിടേണ്ടത്. ഇങ്ങനെ 12.3 ടി.എം.സി. ജലം ഒരു വർഷത്തിൽ അവർ നൽകേണ്ടതാണ്. പക്ഷേ അവർ രണ്ടാം നമ്പർ പവർഹൗസിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാതെ ഒന്നാം നമ്പർ പവർ ഹൗസിൽ നിന്നും ഉത്പാദിപ്പിച്ച് നേരിട്ട് പറമ്പിക്കുളം ഡാമിലേക്ക് വെള്ളം തുറന്നുവിടുകയാണ്. അത് കോണ്ടൂർ കനാൽ വഴി തിരുമൂർത്തി ഡാമിലേക്ക് കൊണ്ടുപോയി അവിടെ നിന്നാണ് കാവേരി ബേസിനിലെ കോയമ്പത്തൂർ അടക്കമുള്ള സ്ഥലങ്ങളിലെ ഇറിഗേഷനുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. അവർ ഈ വെള്ളം വളരെ കാൽക്കുലേറ്റ് ചെയ്ത്, വളരെ ശാസ്ത്രീയമായി അവരുടെ കൃഷിയിടങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നതിനുവേണ്ടിയും ജലസേചനത്തിനുവേണ്ടിയും ഉപയോഗിക്കുന്നുണ്ട്. നമ്മൾ കിട്ടുന്ന വെള്ളംപോലും വേണ്ടത്ര ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണ്. ശിരുവാണിയിൽ ഇതിനെക്കാൾ ഗൗരവതരമായ അവസ്ഥയാണ്. ഡെഡ് സ്റ്റോറേജ് ലെവലിന്റെ താഴെനിന്നും വെള്ളം എടുക്കുകയാണ്. ഡാം സേഫ്റ്റിയെക്കുറിച്ച് ഇവിടെ ചർച്ചചെയ്യുമ്പോൾ ഡെഡ് സ്റ്റോറേജ് ലെവലിൽനിന്നും താഴെയുള്ള വെള്ളം അവർക്ക് ചോർത്തിക്കൊണ്ടു പോകാനുള്ള അവസരമുണ്ടായാൽ ഡാമിന്റെ സുരക്ഷയെ അത് ബാധിക്കുകയും കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുകയും ചെയ്യും. ശിരുവാണിയിലെ വെള്ളം ലോകത്തിലെ തന്നെ ഏറ്റവും ശുദ്ധജലങ്ങളിൽ ഒന്നാണ്. ഏഷ്യയിലെ നമ്പർ വൺ എന്ന് വിശേഷിപ്പിക്കപ്പെടുന്ന, അത്രയും ശുദ്ധമായ ജലം തമിഴ്നാട് കൊണ്ടുപോകുന്നത് ചില കുപ്പിവെള്ള കമ്പനികളെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ്. ഡെഡ് സ്റ്റോറേജ് ലെവലിന്റെ താഴെനിന്ന് കൊണ്ടുപോകുന്ന വെള്ളം ഉപയോഗിച്ച് 6 കുപ്പിവെള്ള കമ്പനികൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ഇതിന്റെ പിറകിൽ സാമ്പത്തിക താൽപ്പര്യങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കണം. അവിടത്തെ കുപ്പിവെള്ള കമ്പനികൾക്ക് കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കുന്നതിനു വേണ്ടി സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ ബലികഴിക്കപ്പെടുമ്പോൾ അതിന്റെ പുറകിലുള്ള സ്ഥാപിത താല്പര്യങ്ങളെ കണ്ടെത്താനും തിരിച്ചറിയാനും തിരുത്താനും ഗവൺമെന്റ് ആർജ്ജവപൂർവ്വം ഇടപെടണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ നിന്ന് 1.3 ടി.എം.സി.-യിൽ കൂടുതൽ ജലം തമിഴ്നാടിന് എടുക്കാൻ പാടില്ല എന്നുള്ളതാണ് നിയമം. പക്ഷേ എത്ര ടി.എം.സി. വെള്ളം കൊണ്ടുപോകുന്നുവെന്നുള്ളതിന് കൃത്യമായൊരു കണക്കില്ല എന്നുള്ളതാണ്

അവസ്ഥ. ഇത് ഡിപ്പാർട്ടുമെന്റിന്റെയും മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടാത്ത വിഷയമല്ല. സബ്ജക്ട് കമ്മിറ്റിയിലും നിരവധി തവണ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഭരണപക്ഷ എം.എൽ.എ.-മാർപോലും ഉന്നയിച്ചിട്ടുണ്ട്. പക്ഷേ എന്തുകൊണ്ട് ഇപ്പോഴും ഇത്തരം കാര്യങ്ങളിൽ നടപടിയുണ്ടാകുന്നില്ല എന്നുള്ളത് അത്ഭുതകരമായി നാം കാണേണ്ടതാണ്.

പറമ്പിക്കുളം ഉൾപ്പടെ പത്തോളം ഡാമുകളുടെ മുഴുവൻ കാര്യങ്ങളും തീരുമാനിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡാണ്. പ്രസ്തുത ബോർഡിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികളും ചീഫ് എഞ്ചിനീയർ തലത്തിലെയും ഉദ്യോഗസ്ഥരൊക്കെയുണ്ട്. പക്ഷേ ബോർഡിന്റെ പ്രവർത്തനം കണ്ടാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, തമിഴ്നാട് പറയും, നമ്മൾ കേൾക്കും എന്നതാണ്. ഒരു അടിമ-ഉടമ ബന്ധമാണ് അതിലൊക്കെ നിലനിൽക്കുന്നത്. ഈ ബോർഡിന്റെ ചെയർമാൻ സ്ഥാനം തൽക്കാലത്തേയ്ക്ക് കേരളത്തിനാണ്. കുറച്ചുകഴിഞ്ഞ് തമിഴ്നാടിന് കൈമാറുകയും വീണ്ടും ആ സ്ഥാനം നമുക്ക് കിട്ടുകയും ചെയ്യും. നമ്മൾ ചെയർമാനായിരിക്കുന്ന സമയത്തുപോലും തമിഴ്നാടാണ് കാര്യങ്ങൾ തീരുമാനിക്കുകയും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ജാഗ്രത സംസ്ഥാന ഗവൺമെന്റിനുണ്ടാകണം. അന്തർ സംസ്ഥാന നദീജലം മുഖ്യമന്ത്രിയുടെ വകുപ്പാണ്. ഇറിഗേഷൻ വകുപ്പ് മന്ത്രിയുടേതല്ലെന്ന് ഒരുപക്ഷേ ഒഴിവുകഴിവുകൾ പറയാനുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഒരു യോഗം വിളിക്കുമെന്ന് കേട്ടിരുന്നു. എന്താണ് അതിന്റെ റിസൾട്ട് എന്നറിയില്ല. അദ്ദേഹത്തിന് മറ്റ് തിരക്കുകൾക്കിടയിൽ എത്രത്തോളം ഇക്കാര്യത്തിൽ മൈൻഡ് അപ്ലൈ ചെയ്യാൻ കഴിയുമെന്നറിയില്ല. പക്ഷേ ഏതായാലും ഈ ഉദ്യോഗസ്ഥർ എന്നുപറയുന്നത് ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണമുള്ളവരാണ്. അവർ കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ ജലവിഭവ വകുപ്പിനും മന്ത്രിക്കും ഉത്തരവാദിത്വമുണ്ട്. അത് അദ്ദേഹം നിർവ്വഹിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സി.&എ.ജി. റിപ്പോർട്ടിൽ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പരാമർശിക്കുന്നുണ്ട്. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല.

ബഡ്ജറ്റിൽ തുക അനുവദിച്ച പദ്ധതികൾക്ക് തുക ഉപയോഗിക്കാതെ പ്രഖ്യാപിക്കാത്ത പദ്ധതികൾക്ക് തുക ഉപയോഗിച്ചുവെന്ന തരത്തിലുള്ള വീഴ്ചകളെക്കുറിച്ചൊക്കെ സി.&എ.ജി. റിപ്പോർട്ടിൽ പരാമർശമുണ്ട്. അത് ഗൗരവത്തിലെടുത്ത് ഈ വകുപ്പിനെ ഇപ്പോഴുള്ള വെള്ളാന സ്വഭാവത്തിൽനിന്ന് മാറ്റി സംസ്ഥാനതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉപയോഗിക്കാൻ കഴിയണം. സംസ്ഥാനത്ത് കുടിവെള്ളവും കൃഷിക്കുവേണ്ട വെള്ളവും കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുന്ന അവസരത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന സമയത്ത് പ്രകൃതി നൽകിയ അനുഗ്രഹങ്ങളെ ഉപയോഗപ്പെടുത്താൻ തയ്യാറാകണം. തമിഴ്നാടുമായുള്ള ചർച്ചകളിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പ്രത്യേക ജാഗ്രതയുണ്ടാകണം. വേണമെങ്കിൽ ഒരു പോരാട്ടവീര്യം കൂടി അതിൽ പ്രദർശിപ്പിക്കാൻ നമുക്ക് കഴിയണം. ഇപ്പോൾ നിലനിൽക്കുന്ന അലംഭാവം ഈ പ്രവർത്തനങ്ങളിൽ ഉണ്ടാകരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് അനാസ്ഥമൂലം കുത്തഴിഞ്ഞ ഒരു വകുപ്പ് ഏതാണെന്ന് ചോദിച്ചാൽ വാട്ടർ അതോറിറ്റിയാണെന്ന് ആർക്കും ഒരു സംശയവും കൂടാതെ പറയാൻ സാധിക്കും. വാട്ടർ അതോറിറ്റി യോഗത്തിന്റെ ക്വാറം ആകെ അംഗസംഖ്യയുടെ 50 ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല എന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ 11 അംഗങ്ങളാണുള്ളത്. അതിന്റെ 50 ശതമാനം എന്നുപറയുന്നത് അഞ്ചോ ആറോ ആയിരിക്കും. അങ്ങനെയൊരു സമീപനം നമ്മൾ സ്വീകരിച്ചാൽ ഉദ്യോഗസ്ഥർക്ക് യോഗത്തിൽ വരാൻ താൽപ്പര്യമുണ്ടാകില്ലെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ വിയോജിപ്പ് ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. മറ്റൊന്ന്, ഈ ബില്ലിനെ അനുകൂലിക്കാൻ താൽപ്പര്യമില്ലാത്തതിന്റെ പ്രധാനപ്പെട്ട കാരണം, എന്റെ കയ്യിൽ ഒരു പത്ര കട്ടിംഗുണ്ട്, അതിൽ പറയുന്നത്, "കുടിവെള്ള പൈപ്പ് പൊട്ടി ഒന്നര വർഷം, വാഴ നട്ട് പ്രതിഷേധം" എന്നാണ്. ഇത് കേരളത്തിലെ മറ്റേതെങ്കിലും മണ്ഡലത്തിലായിരുന്നെങ്കിൽ എനിക്ക് വലിയ പ്രതിഷേധം ഉണ്ടാകുമായിരുന്നില്ല. എന്റെ മണ്ഡലമായ കാസർഗോഡുള്ള സ്ഥിതിയാണിത്. എന്റെ വീടിന് മുന്നിലെ റോഡിന്റെ അവസ്ഥ ഇങ്ങനെ ഇരിക്കുമ്പോൾ ബില്ലിനെ അനുകൂലിച്ച് സംസാരിച്ചാൽ നാളെ നാട്ടിൽ പോയാൽ എന്റെ അവസ്ഥ എന്താകുമെന്ന് നിങ്ങൾക്ക് ചിന്തിക്കാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ട് ഞാൻ തന്നെ നേരിട്ട്

വാട്ടർ അതോറിറ്റിയുടെ പല ആളുകളോടും സംസാരിച്ചു. അവർ സ്ഥലം സന്ദർശിക്കുന്നതല്ലാതെ ഒരു നടപടിയും എടുത്തില്ല. അവർ പല കാരണങ്ങളും പറയുന്നുണ്ട്. റിപ്പയർ ചെയ്യാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്നതിനെ സംബന്ധിച്ച് എനിക്കുതന്നെ ബോദ്ധ്യമുണ്ട്. അത് ഞാൻ പിന്നീട് പറയുന്നതാണ്. നമ്മുടെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനുള്ള പൂർണ്ണ അധികാരം വാട്ടർ അതോറിറ്റിക്ക് നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ആ അധികാരം നൽകാത്തതിനാലാണ് കേരളത്തിലെ പല സ്ഥലങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുന്നത്. നമ്മുടെ സ്രോതസ്സുകൾ ഡാമുകളാണ്. ആ ഡാമുകളിൽ നിന്നാണ് വാട്ടർ അതോറിറ്റിക്ക് വെള്ളം ലഭിക്കുന്നത്. ഡാമുകളിൽ ഒരു വാൽവോ മറ്റോ കേടുവന്നാൽ റിപ്പയർ ചെയ്യാനുള്ള അവകാശം വാട്ടർ അതോറിറ്റിക്കില്ലാത്തതുകൊണ്ട് ഇറിഗേഷൻ വകുപ്പാണ് ചെയ്യുന്നത്. പക്ഷെ, അവർ അക്കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കാത്തപ്പോൾ പാവപ്പെട്ട ജനങ്ങളാണ് കുടിവെള്ളം കിട്ടാതെ വിഷമിക്കേണ്ടിവരുന്നത്. വാട്ടർ മാനേജ്മെന്റ് സിസ്റ്റം മാനേജ് ചെയ്യാനുള്ള അധികാരം ഇപ്പോൾ മൈനർ ഇറിഗേഷനാണ്. അത് വാട്ടർ അതോറിറ്റിക്ക് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, കുടിവെള്ളത്തിനെ സംബന്ധിച്ചാണല്ലോ അങ്ങ് പറഞ്ഞുവരുന്നത്. ഇപ്പോൾ ജലനിധി പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ കുടിവെള്ള സ്രോതസ്സിന് മറ്റൊരു പദ്ധതിയും വയ്ക്കാൻ സാധിക്കില്ല. എന്നാൽ ജലനിധി പല സ്ഥലത്തും നിന്നുപോയി, ഈ സാഹചര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ നിയമസഭയിൽ അതുമായി ബന്ധപ്പെട്ട് ചോദ്യം ഉന്നയിച്ചപ്പോൾ എനിക്ക് കിട്ടിയ ഉത്തരം എന്റെ പ്രസംഗത്തിനിടയിൽ സൂചിപ്പിക്കാം. നേരത്തെ ജലനിധി നടപ്പിലാക്കിയ പല പഞ്ചായത്തുകളിലും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ വീണ്ടും ജലനിധി തന്നെ അവിടെ നടപ്പിലാക്കണം. അത് എന്റെ മണ്ഡലത്തിലും എന്റെ ജില്ലയിലുമുണ്ട്. അക്കാര്യത്തിൽ അങ്ങയോട് ഞാൻ യോജിക്കുന്നു. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1000 കോടി രൂപയോളം കൊടുക്കാനുണ്ടെന്നാണ് ഞാൻ അറിഞ്ഞത്. ഇത്രയും വലിയ കുടിശ്ശികയുണ്ടായത് വാട്ടർ അതോറിറ്റി വലിയ ഉദാരമനസ്കത കാണിച്ചതുകൊണ്ടാണ്. ബി.പി.എൽ.

കുടുംബങ്ങൾക്ക് വെള്ളം സൗജന്യമായാണ് നൽകുന്നത്. കേരളത്തിൽ ആകെ 2517657 കണക്ഷനുകളുള്ളതിൽ 2160884 എണ്ണം ഡൊമസ്റ്റിക് കണക്ഷനും 136700 എണ്ണം നോൺ ഡൊമസ്റ്റിക് കണക്ഷനും 2,04,929 എണ്ണം പബ്ലിക് ടാപ്പും 13321 എണ്ണം കാഷ്വൽ കണക്ഷനുമാണ്. ഇൻഡസ്ട്രിയൽ കണക്ഷൻ 1823 മാത്രമേയുള്ളൂ. പക്ഷെ നമ്മളിൽനിന്നും കെ.എസ്.ഇ.ബി. 2517657 ഇൻഡസ്ട്രിയൽ കണക്ഷനുകളുടെ താരിഫാണ് വാങ്ങുന്നത്. അതുകൊണ്ടാണ് വാട്ടർ അതോറിറ്റി കുത്തുപാളയെടുക്കേണ്ടി വന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2517657 ഇൻഡസ്ട്രിയൽ കണക്ഷനുകൾ വീടുകളിലായാലും സ്ഥാപനങ്ങളിലായാലും അവിടെപ്പോയി റീഡിംഗ് എടുക്കണം. റീഡിംഗ് എടുക്കാൻ 375 മീറ്റർ റീഡർമാരാണുള്ളത്. നേരത്തെ 228 മീറ്റർ റീഡർമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്താണ് 147 മീറ്റർ റീഡർമാരെ നിയമിച്ചത്. കൂടുതൽ മീറ്റർ റീഡർമാരെ നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മെയിന്റനൻസ് മോണിറ്ററിംഗ് ഇല്ലാത്തതുകൊണ്ടാണ് എനിക്ക് പത്രകട്ടിംഗുകൾ ഉയർത്തി സംസാരിക്കേണ്ടി വന്നത്. പി.ഡബ്ല്യു.ഡി. റോഡുകളെ നമുക്ക് തൊടാൻ പറ്റില്ല. പക്ഷെ, ആർക്കും കൊട്ടാവുന്ന ചെണ്ട, വാട്ടർ അതോറിറ്റിയുടെ പൈപ്പുകളാണ്. അത് ആർക്കും എപ്പോൾ വേണമെങ്കിലും നശിപ്പിക്കാം. അക്കാര്യത്തിൽ കർശന നിലപാട് വാട്ടർ അതോറിറ്റി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അക്കൗണ്ട്സ് മെമ്പറാണ് ഫിനാൻസ് വിംഗിന്റെ ഹെഡ്. ഈ തസ്തിക 7 വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. ഇങ്ങനെ ഒഴിഞ്ഞുകിടക്കുമ്പോൾ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം എങ്ങനെ സുഗമമായി കൊണ്ടുപോകും? റവന്യൂ മോണിറ്റർ ചെയ്യാനുള്ള ഡി.ബി.എ. (ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ) തസ്തികയും 3 വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. കേരളത്തിൽ ആദ്യമായി കമ്പ്യൂട്ടറൈസേഷൻ നടത്തിയത് വാട്ടർ അതോറിറ്റിയാണ്. അതിന്റെ ഇന്നത്തെ അവസ്ഥയെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. വളരെ മോശമായ സോഫ്റ്റ്‌വെയറാണ്, ബില്ലിംഗിലൊന്നും കൃത്യതയില്ല. അതുകൊണ്ടുതന്നെ പലപ്പോഴും കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കാറുണ്ട്.

മറ്റൊന്ന്, ലൈസൻസില്ലാത്ത പ്ലംബർമാരാണ് വാട്ടർ അതോറിറ്റി ഭരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ആരോപണം നേരത്തെ

ആർ.ടി.ഒ.-യെക്കുറിച്ചുണ്ടായിരുന്നു. ആ ആരോപണമൊക്കെ മാറി. വാട്ടർ അതോറിറ്റി ഒരു കണക്ഷൻ നൽകുമ്പോൾ ബന്ധപ്പെട്ട സാധനങ്ങൾ വാങ്ങാനും ബില്ലുകൾ കൊടുക്കാനുമൊക്കെ ലൈസൻസില്ലാത്ത പ്ലംബർമാരാണ് മുന്നോട്ട് വരുന്നത്. അവർ പല തരത്തിലുള്ള കണക്കുകൾ എഴുതി ഉപഭോക്താക്കളെ പീഡിപ്പിക്കുകയാണ്. ഈ അവസ്ഥ ഇല്ലാതാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വാട്ടർ അതോറിറ്റിയിൽ referendum നടത്തി സി.ഐ.ടി.യു., ഐ.എൻ.റ്റി.യു.സി. എന്നീ രണ്ട് യൂണിയനുകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. പൈപ്പ് പൊട്ടിയും വിതരണ ശൃംഖലയിലെ മറ്റ് തകരാറുകൾ കാരണവും ദിവസം 120 കോടി ലിറ്റർ വെള്ളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുവഴി വരുന്ന സാമ്പത്തിക നഷ്ടം 262 കോടി രൂപയാണ്. വൈദ്യുതി ചാർജ്ജിലെ അമിത ചെലവുകൂടി കണക്കാക്കുമ്പോൾ നഷ്ടം ഇതിലും കൂടും. നമ്മുടെ നദികളിൽനിന്നും മറ്റ് ഉറവിടങ്ങളിൽനിന്നും ദിവസവും 250 കോടി ലിറ്റർ വെള്ളമാണ് വിതരണത്തിനായി ശുദ്ധീകരിച്ചെടുക്കുന്നത്. ഇതിന്റെ പകുതിയും വിതരണത്തിനിടയിൽ ചോർന്നു പോകുന്നുവെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ പൈപ്പുകളൊക്കെ ജീർണ്ണിച്ചതായതാണ് കാരണം. ഈ അവസ്ഥയിലുള്ള പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ചാൽ മാത്രമേ ഈ നഷ്ടത്തിൽനിന്നും കരകയറാൻ നമുക്ക് സാധിക്കുകയുള്ളൂ. ഇത്തരത്തിൽ ഏറ്റവും കൂടുതൽ വെള്ളം നഷ്ടപ്പെടുന്ന സംസ്ഥാനം കേരളമാണെന്ന് പറയുമ്പോൾ ഏറ്റവും വലിയ അപമാനമാണ് ഉണ്ടാകുന്നത്. ഇന്ത്യയിൽ ഏറ്റവും കുറവ് ജലനഷ്ടമുണ്ടാകുന്നത് ചെന്നൈയിലാണ്. ജലദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ചെന്നൈയിൽ, അവിടത്തെ ജനങ്ങൾക്കും അധികൃതർക്കും വെള്ളത്തിന്റെ വില നന്നായി അറിയാവുന്നതു കൊണ്ടാണ് ജലനഷ്ടമുണ്ടാകുന്നത് കുറയ്ക്കാൻ സാധിക്കുന്നത്. ഇക്കാര്യത്തിൽ ജനങ്ങളെ, പ്രത്യേകിച്ച് ഉദ്യോഗസ്ഥരെ ബോധവാന്മാരാക്കാനുള്ള ശ്രമമുണ്ടാകണമെന്ന് മന്ത്രിയെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ഇനി ഞാനെന്റെ ജില്ലയിലെ കാര്യങ്ങളിലേയ്ക്ക് വരികയാണ്. കാസർഗോഡ് നഗരത്തിൽ വെള്ളമെത്തിക്കുന്ന പൈപ്പ് ലൈനിൽനിന്നും നൂറുക്കണക്കിന് ലിറ്റർ വെള്ളമാണ് ദിവസവും ചോർന്നുപോകുന്നത്. കാരണം, മുപ്പതോ നാൽപ്പതോ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച പൈപ്പ്ലൈനുകളിൽക്കൂടിയാണ് നഗരത്തിലേയ്ക്ക് വെള്ളമെത്തിച്ചുകൊണ്ടിരിക്കുന്നത്. ജല അതോറിറ്റി പണം അനുവദിക്കാത്തതു കൊണ്ട് ചെറുതും വലുതുമായ എത്രയോ പ്രവൃത്തികൾ മുടങ്ങിക്കിടക്കുകയാണ്. അതുസംബന്ധിച്ച് ഞാൻ നിയമസഭയിൽ ചോദ്യം ചോദിക്കുകയും അതിനുള്ള

മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. "ജല അതോറിറ്റിയിൽ പണം അനുവദിക്കാത്തതുകൊണ്ട് ചെറുതും വലുതുമായി ഏതെല്ലാം പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ" എന്ന ചോദ്യത്തിന് കിട്ടിയ മറുപടി, "ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ചെയ്ത വകയിൽ കേന്ദ്ര വിഹിതം കുറഞ്ഞതുകാരണം 31-3-2017 വരെ 234.20 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. ഫണ്ട് ലഭ്യത കുറഞ്ഞതുമൂലം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു" എന്നാണ്. വളരെ നീണ്ട ലിസ്റ്റായതുകൊണ്ട് ഞാൻ വായിക്കുന്നില്ല. അപ്പോൾ പണമില്ലാത്തതുകൊണ്ട് കുറെ പദ്ധതികൾ മുടങ്ങിക്കിടക്കുന്നു. മറ്റൊന്ന്, വൻകിട കരാറുകാർക്കും ചെറുകിട കരാറുകാർക്കും വളരെയധികം പണം ജല അതോറിറ്റി കൊടുക്കാനുണ്ടെന്ന് നമുക്കറിയാം. "ജല അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്ത ചെറുകിട കരാറുകാർക്ക് കുടിശ്ശികയായി എത്ര രൂപ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ" എന്ന 23-3-2018-ലെ എന്റെ ചോദ്യത്തിന് "ആകെ 84.50 കോടി രൂപ ചെറുകിട കരാറുകാർക്കും 33,393.23 ലക്ഷം രൂപ വൻകിട കരാറുകാർക്കും ജല അതോറിറ്റി കൊടുക്കാനുണ്ട്" എന്ന ഉത്തരമാണ് എനിക്ക് 6-6-2018-ന് കിട്ടിയത്. ജല അതോറിറ്റിയെ ഈ പരിതാപകരമായ അവസ്ഥയിൽനിന്നും രക്ഷിക്കണം. ശുദ്ധജലം പോലെ ശുദ്ധഗതിക്കാരനാണ് മന്ത്രിയെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. പക്ഷെ അതുകൊണ്ട് കാര്യമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുറെ വെള്ളാനകളുടെ അനാസ്ഥമൂലം കുത്തഴിഞ്ഞ ഒരു വകുപ്പായി ജല അതോറിറ്റി മാറിയിരിക്കുകയാണ്. മന്ത്രിയെ സംബന്ധിച്ചിടത്തോളം ഇനി മൂന്ന് വർഷം ബാക്കിയുണ്ട്. ആ സമയം കൊണ്ട് ഈ വകുപ്പിനെ നന്നാക്കാനുള്ള ഭഗീരഥയജ്ഞം അങ്ങ് നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

എന്റെ കൈവശം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടാണുള്ളത്. ഈ റിപ്പോർട്ട് നോക്കിയപ്പോൾ ഞാൻ അന്തംവിട്ടുപോയി. കാരണം, ശുദ്ധജല വിതരണത്തിനും ശുചീകരണത്തിനുമായി അനുവദിച്ചതിൽ 299.38 കോടി രൂപ മിച്ചമാണ്. ശതമാനം കണക്കാക്കുമ്പോൾ 53 ശതമാനം വരും. അതിനർത്ഥം നമ്മൾ പണം ചെലവഴിച്ചില്ലെന്നാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട മൂലധന പദ്ധതികളിലെ നിക്ഷേപം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 700 കോടി രൂപയാണെങ്കിൽ ആ 700 കോടി രൂപയും ഇപ്പോൾ മിച്ചമായിരിക്കുകയാണ്. അതിന്റെ അർത്ഥം നയാപൈസപോലും ചെലവഴിച്ചില്ലെന്നാണ്.

'ജലക്രാന്തി അഭിയാൻ' അനുസരിച്ച് ഒരു പഞ്ചായത്തിന് രണ്ട് പദ്ധതികളാണുള്ളത്. ഈ പദ്ധതിയെപ്പറ്റി പഠിച്ച് കൃത്യമായ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് നൽകാത്തതുകൊണ്ട് പദ്ധതി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ശുദ്ധജലമെന്നത് ജനത്തിന്റെ അവകാശമാണ്. ശുദ്ധജലക്ഷാമം അനുഭവിക്കുന്ന ഒരു ജനതയും ലോകത്തെവിടെയും പ്രത്യേകിച്ച് കേരളത്തിലുണ്ടാകാൻ പാടില്ല. പക്ഷെ ഖേദകരമെന്ന് പറയട്ടെ, കാസർഗോഡ് മണ്ഡലത്തിൽ മൂന്നും നാലും ദിവസം കൂടുമ്പോൾ ഒരു പ്രാവശ്യം മാത്രം ശുദ്ധജലം കിട്ടുന്ന സ്ഥലങ്ങളുണ്ട്. കേട്ടാൽ ഒരിക്കലും വിശ്വസിക്കാൻ കഴിയില്ല. 30 വർഷമായി ഉപ്പുവെള്ളം കുടിക്കേണ്ട ഗതികേടുള്ള ഒരു ജനതയാണ് കാസർഗോഡുള്ളത്. അതിനെല്ലാം ഒരു ശാശ്വത പരിഹാരം കാണാനായി വളരെയധികം ആത്മാർത്ഥമായി മന്ത്രി ശ്രമിച്ചിട്ടുണ്ട്, ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ആ അവസ്ഥയ്ക്ക് പരിഹാരം കാണാനുള്ള അദ്ദേഹത്തിന്റെ താൽപ്പര്യത്തേയും അദ്ദേഹം നടത്തിയ ഇടപെടലുകളെയും ഞാൻ ആത്മാർത്ഥമായി ശ്ലാഘിക്കുന്നു. അത് വളരെ പെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. എം. ഉമ്മർ: സർ, സന്നദ്ധ സംഘടനകൾ നയാപൈസപോലും വാങ്ങാതെ സൗജന്യമായി ഡയാലിസിസ് നടത്തുന്നുണ്ട്. ഈ ഡയാലിസിസ് സെന്ററുകൾക്ക് കൊടുക്കുന്ന വെള്ളത്തിന് കൊമേഴ്സ്യൽ പർപ്പസിനുകൊടുക്കുന്ന താരിഫാണ് ഈടാക്കുന്നത്. മെഡിക്കൽ കോളേജുകളിൽ സർക്കാർ നൽകുന്ന സൗജന്യ ഡയാലിസിസുകൾക്കുപോലും പണം കൊടുക്കേണ്ടതുണ്ട്. എച്ച്.എം.സി.-ക്ക് 400 രൂപ വച്ച് കൊടുക്കണം. പക്ഷെ നയാപൈസപോലും വാങ്ങാതെ വിവിധ സന്നദ്ധ സംഘടനകൾ വിവിധ ജില്ലകളിലായി ഡയാലിസിസ് നടത്തുന്നുണ്ട്. ഒരാളുടെ ഡയാലിസിസ് പൂർത്തിയാക്കണമെങ്കിൽ ഏതാണ്ട് 120 ലിറ്ററോളം വെള്ളം ആവശ്യമാണ്. അപ്പോൾ അവരിൽനിന്നും വാങ്ങുന്ന നിരക്ക് കൊമേഴ്സ്യൽ പർപ്പസിന് നൽകുന്ന ജലത്തിന്റെ നിരക്കാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു നിവേദനത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും നയപരമായ പോളിസിയാണെന്ന് അദ്ദേഹം പറഞ്ഞു. നിരവധി പണം ലാപ്സായി പോകുന്നുണ്ട്, ധാരാളം വെള്ളം പലരുടെയും അനാസ്ഥ കാരണം വെറുതെ ഒഴുകി പോകുന്നുണ്ട്. പക്ഷെ ഇങ്ങനെയുള്ള, അർഹതയുള്ള ആളുകൾക്ക് സൗജന്യമായി കൊടുത്തില്ലെങ്കിലും ഗാർഹിക ഉപഭോക്താക്കളിൽ

നിന്നും ഈടാക്കുന്ന തുകതന്നെ ഈടാക്കുന്നതിന് സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുമോ? അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇക്കാര്യത്തിൽ തീർത്തും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉദാരമായൊരു സമീപനമുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. അഞ്ചാറ് മാസം മുമ്പ് എന്റെ മണ്ഡലത്തിലെ ഒരു സഹോദരി ജല അതോറിറ്റിയുടെ ഒരു കണക്ഷനുവേണ്ടി എന്നെ സമീപിച്ചു. അവരുടെ ഭർത്താവ് വൃക്കരോഗം ബാധിച്ച് കഴിയുകയാണ്. അവർക്ക് കണക്ഷൻ ലഭിക്കണമെങ്കിൽ ധാരാളം പണം വേണം. പക്ഷെ സാങ്കേതികത്വം പറഞ്ഞ് ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥർ അക്കാര്യത്തിൽ അനുകൂല നിലപാടെടുത്തില്ല. അവസാനം കാസർഗോഡ് ജല അതോറിറ്റി ഓഫീസിലെ ഒരുദ്യോഗസ്ഥൻ അദ്ദേഹം പെൻഷനാകുന്ന ദിവസം, ആ സഹോദരിക്ക് പൈപ്പ് കണക്ഷൻ എടുക്കുന്നതിനുള്ള പണം അദ്ദേഹത്തിന്റെ പോക്കറ്റിൽനിന്നും ചെലവഴിച്ചു. അങ്ങനെയുള്ള ഉദ്യോഗസ്ഥരും നമ്മുടെ വകുപ്പിലുണ്ട്. ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചതുപോലെ ഡയാലിസിസ് സെന്ററുകൾക്കുള്ള ശുദ്ധജലം സൗജന്യമായി നൽകുന്ന നിലപാട് വാട്ടർ അതോറിറ്റി എടുക്കണം.

ഞാൻ രാഷ്ട്രീയം പറയുകയല്ല, എങ്കിലും ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഞാൻ വളരെയധികം ബഹുമാനിക്കുന്ന, എനിക്ക് പ്രിയപ്പെട്ട ഒരു എം.എൽ.എ.-യാണ് ശ്രീ. എം. സ്വരാജ്. അദ്ദേഹത്തിന്റെ ആഴത്തിലുള്ള വായനയെക്കുറിച്ചൊക്കെ നമുക്കറിയാം. വായനാദിനത്തിൽ അദ്ദേഹം ഒരു പ്രസംഗം നടത്തി. കോൺഗ്രസ് എല്ലായിടത്തും നശിച്ചുകൊണ്ടിരിക്കുകയാണ്. കേരളം, കർണ്ണാടക, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലൊന്നും തന്നെ കോൺഗ്രസ് ഇല്ലെന്ന് പറഞ്ഞു. കോൺഗ്രസ് പാർട്ടിക്ക് ചില അപചയങ്ങൾ സംഭവിച്ചിട്ടുണ്ട്. പക്ഷെ കോൺഗ്രസ് പാർട്ടി നശിച്ചാൽ ആരാണ് അതിന്റെ ദുരന്തം പേറേണ്ടി വരുന്നതെന്നുകൂടി നമ്മൾ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കോൺഗ്രസ്സിനെ സംരക്ഷിക്കാൻ വേണ്ടിയാണോ കോൺഗ്രസ്സിന്റെ കൈവശമിരുന്ന രാജ്യസഭാ സീറ്റ് കേരളാ കോൺഗ്രസ്സിന് കൊടുത്തത്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബി.ജെ.പി.-ക്ക് ബദലായി ഇന്ത്യയുടെ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻ ഇന്ത്യയിൽ കോൺഗ്രസ്

മാത്രമേയുള്ളൂ എന്ന് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് വിശ്വസിക്കുന്നു. ആ കോൺഗ്രസ്സിനെ ശക്തിപ്പെടുത്താൻ തീർച്ചയായും ഞങ്ങൾ എന്ത് നിലപാടും സ്വീകരിക്കും. ഇന്ത്യയിലെ മതേതരത്വം സംരക്ഷിക്കുക എന്നതാണ് ഞങ്ങളുടെ നിലപാട്.

ശ്രീ. എ. എൻ. ഷംസീർ: സർ, കോൺഗ്രസ് മതേതരത്വം സംരക്ഷിക്കും എന്നുപറയുമ്പോൾ ശ്രീ. എൻ. എ. നെല്ലിക്കുന്നിന് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ സാധിക്കുമോ, 1992-ൽ ബാബ്റി മസ്ജിദ് തകർക്കുമ്പോൾ ആരായിരുന്നു ഇന്ത്യ ഭരിച്ചിരുന്നത്? 1993-ൽ മുംബൈയിലും സൂറത്തിലും 2014 വരെ തുടർച്ചയായി ഏതാണ്ട് പത്തുറപത് വർഷത്തോളം ഇന്ത്യ ഭരിച്ചത് കോൺഗ്രസ്സാണ്. കോൺഗ്രസ്സിന് എവിടെയെങ്കിലും ന്യൂനപക്ഷത്തെ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കോൺഗ്രസ്സുകാർക്കുപോലും വേണ്ടാത്ത കോൺഗ്രസ്സിനെ രക്ഷിക്കാൻ മുസ്ലീം ലീഗ് എന്തിനാണ് വല്ലാതെ കഷ്ടപ്പെടുന്നത്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശ്രീ. എ. എൻ. ഷംസീർ പ്രതിനിധാനം ചെയ്യുന്ന തലശ്ശേരിയിൽ വർഷങ്ങൾക്കുമുൻപ് മുസ്ലീം സമുദായക്കാർ അനുഭവിച്ച പീഡനവും ദുരിതവും എത്രയാണെന്നും ആ സമയത്ത് ശ്രീ. എ. എൻ. ഷംസീറിന്റെ പാർട്ടിക്ക് എന്ത് ചെയ്യാൻ കഴിഞ്ഞുവെന്നും നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഞാൻ അതിവിടെ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. എം. സ്വരാജ് നല്ല പരന്ന വായനയുള്ള ആളാണ്. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ ഞാൻ ബഹുമാനിക്കുന്നു. കോൺഗ്രസ് ക്ഷയിച്ചു കൊണ്ടിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കോൺഗ്രസ് ഇങ്ങനെ ക്ഷയിച്ചാൽ തീർച്ചയായും പലയിടങ്ങളിലും നമുക്കിങ്ങനെ നട്ടെല്ലുയർത്തി, തല ഉയർത്തി നടക്കാൻ പറ്റാത്ത സാഹചര്യമുണ്ടാകും. കഴിഞ്ഞ വർഷം നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി കർണ്ണാടകയിലെ മംഗലാപുരത്ത് ഒരു പരിപാടിയിൽ പങ്കെടുക്കാൻ തീരുമാനിച്ചിരുന്നു. മുഖ്യമന്ത്രിയെ മംഗലാപുരത്ത് കാലുകുത്താൻ അനുവദിക്കില്ലെന്ന് ബി.ജെ.പി.-യുടെ ശ്രീ. കെ. സുരേന്ദ്രനടക്കമുള്ള നേതാക്കൾ വീമ്പിളക്കി. മുഖ്യമന്ത്രി കർണ്ണാടകയിൽ വരുമെന്നും പ്രസംഗിക്കുമെന്നും ശ്രീ. കെ. സുരേന്ദ്രന്റെ വീമ്പിളക്കൽ നടപ്പിലാവുകയില്ലെന്നും യൂത്ത് ലീഗിന്റെയും യൂത്ത് കോൺഗ്രസ്സിന്റെയും പ്രവർത്തകർ പറഞ്ഞു. നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി മംഗലാപുരത്ത് പോയി പ്രസംഗിച്ചു, ഒന്നും സംഭവിച്ചില്ല. ചിലപ്പോൾ യൂത്ത് ലീഗിന്റെയുമൊക്കെ ആളുകൾ നിങ്ങളുടെ ദേഹത്ത് കല്ലെറിഞ്ഞിട്ടുണ്ടാകും. അതൊക്കെ വളരെ സൗഹാർദ്ദപരമായ ഏറാണ്, friendly throw ആണത്.

പക്ഷേ ബി.ജെ.പി.-ക്കാരുടെ, അത് ശ്രീ. കെ. സുരേന്ദ്രനായാലും മറ്റാരായാലും നിങ്ങളുടെ ദേഹത്ത് ഒരു കല്ല് വീഴാൻ ഞങ്ങൾ അനുവദിക്കില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബി.ജെ.പി.-ക്കാർ നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയെ ആയാലും മറ്റാരെ ആരായാലും ഉപദ്രവിക്കുന്നത് ഞങ്ങൾക്ക് സഹിക്കാൻ പറ്റില്ല. ബി.ജെ.പി.-യെ എതിർക്കുന്ന കാര്യത്തിൽ നിങ്ങളേക്കാൾ മുൻപന്തിയിൽ ഞങ്ങളുണ്ടാകും. അപ്പോൾ നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിക്ക് മംഗലാപുരത്ത് പോയി എങ്ങനെ ധൈര്യത്തോടെ പ്രസംഗിക്കാൻ സാധിച്ചുവെന്ന് നമുക്കെല്ലാവർക്കും അറിയാം. മധ്യപ്രദേശിലോ മറ്റേതോ സംസ്ഥാനത്തുപോയി പകുതിയിൽവച്ച് അദ്ദേഹത്തിന്റെ ദൗത്യം ഉപേക്ഷിച്ച് തിരിച്ചുവന്ന കഥയും നമുക്കറിയാവുന്നതാണ്.

ശ്രീ. കെ. ദാസൻ: സർ, മലബാർ സംസ്ഥാനം വേണമെന്നുള്ള ഒരു നിർദ്ദേശം സ്വരൂപിച്ചു എന്ന് പത്രത്തിൽ കാണുന്നുണ്ട്. അങ്ങനെയൊരു നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മാധ്യമം ദിനപത്രത്തിൽ ഞാനും ആ എഡിറ്റോറിയൽ വായിച്ചിരുന്നു. അതൊന്നും പാർട്ടി തീരുമാനിച്ച കാര്യമല്ല. മാധ്യമം ദിനപത്രം തീരുമാനിച്ചിട്ടുണ്ടാകും.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം, കോൺഗ്രസ് എന്ന മതേതര പാർട്ടിയുടെ പ്രാധാന്യത്തെക്കുറിച്ച് ബഹുമാന്യനായ യുവ എം.എൽ.എ. ശ്രീ. എം. സ്വരാജിന് പറഞ്ഞുകൊടുത്തത് വളരെ നല്ല കാര്യമാണ്. പക്ഷേ ബംഗാളിൽ ഒരു ചെറിയ പ്രശ്നമുണ്ടായപ്പോൾ എല്ലാം മറന്ന്, ഇന്നിവിടെ നടത്തുന്ന പ്രസംഗങ്ങളെല്ലാം മറന്ന് കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ കൊടി ഒന്നിച്ചുകെട്ടി മുന്നോട്ടുപോയ കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബംഗാളിൽ മാത്രമല്ല, കാസർഗോഡ് ജില്ലയിലെ പലയിടങ്ങളിലും ബി.ജെ.പി.-യുടെയും സി.പി.ഐ.(എം)-ന്റെയും കൊടി ഒന്നിച്ചു കെട്ടിയിട്ടുണ്ട്. അത് നന്നായി അറിയാവുന്ന ഒരാളാണ് ഞാൻ. അക്കാര്യത്തിൽനിന്ന് അവർ പിന്തിരിയണം. അതോടൊപ്പം ബി.ജെ.പി.-യെ എതിർക്കുന്ന കാര്യത്തിലും നമ്മളെല്ലാവരും ഒന്നിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

"ജലം നദിയായി ഒഴുകുമ്പോൾ നദികൾ പ്രകൃതിയുടെ സൃഷ്ടികളാണ്. ഭൂമിദേവിയാൽ സൃഷ്ടിക്കപ്പെട്ട ഭൂമിയുടെ മാറിടത്തിലൂടെ അനേകം നാഴികകൾ സഞ്ചരിച്ച് സമുദ്രത്തിൽ ലയിച്ച് ചേരുന്നവയാണ് നദികൾ. ജലം ജലത്തിൽ ലയിച്ചുചേരുന്നു. അഥവാ ജലം ഉപ്പുജലത്തിലേയ്ക്ക് കൂടിച്ചേരുന്നു. അതിമനോഹരമായ പ്രക്രിയയാണ് നദികളുടെ സമുദ്രവുമായുള്ള കൂടിച്ചേരൽ. നദീജലത്തെ സമുദ്രത്തിരമാലകൾ അഴിമുഖത്തുവച്ച് വളരെ പതുക്കെയാണ് സ്വീകരിക്കുന്നത്. വളരെ മന്ദഗതിയിലുള്ള ലയനമാണ് ഇവിടെ നടക്കുന്നത്. നദികൾ അനശ്വരമായി നിലനിൽക്കുന്ന ജലസ്രോതസ്സുകളാണ്. നദികളുടെ വയസ്സ്, അവയുടെ ഉത്ഭവകാലം എന്നിവ എവിടെയും കുറിക്കപ്പെടാത്ത, അജ്ഞാതമായ വസ്തുതയായി നിലകൊള്ളുന്നു. ഒരു നദിക്ക് ഒഴുകുവാനുള്ള ഭൂമിശാസ്ത്രപരമായ ആഴവും പരപ്പും വഴിയും ആ നദി ഉൾക്കൊള്ളുന്ന പ്രദേശമാണ് ഒരുക്കിക്കൊടുക്കുന്നത്. നദികളെപ്പോലുള്ള പ്രകൃതിസൃഷ്ടികളെ നശിപ്പിക്കാൻ ഒരുമ്പെടുമ്പോൾ നശിപ്പിക്കാൻ പോകുന്നത് സ്വന്തം ജീവന്റെ അംശമായ, അതിന്റെ നിലനിൽപ്പിനാവശ്യമായ ജലം ഉൾക്കൊള്ളുന്ന സ്രോതസ്സുകളാണെന്ന് മനുഷ്യരാശി ഒന്നു ചിന്തിച്ചാൽ നന്ന്. പുതിയ പ്രകൃതി സൃഷ്ടികൾ ഭാവിയിൽ ഉണ്ടാകാനിടയില്ല. ആയതിനാൽ ഉള്ളവയെ സംരക്ഷിച്ച് നിലനിർത്തിയാൽ അത് പ്രകൃതിക്കും നമുക്കും ഭാവി തലമുറയ്ക്കും നാം നൽകുന്ന ഏറ്റവും വലിയ സഹായമാകും." നദിയെ സംബന്ധിച്ചുള്ള മനോഹരമായ വർണ്ണനയുള്ള ഒരു പുസ്തകത്തിലെ ചില വരികളാണ് ഞാൻ ഉദ്ധരിച്ചത്. ഇവിടെ ജലം സംരക്ഷിക്കുക, ശുദ്ധജലം കൊടുക്കുക എന്നൊക്കെയുള്ള വിശാലമായ അർത്ഥത്തിൽ ഇങ്ങനെയൊരു ബിൽ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ അതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നതിന്റെ കാരണം, ഇവിടെ എന്റെ യുവ സ്നേഹിതൻ ശ്രീ. വി. ടി. ബൽറാമും ശ്രീ. എൻ. എ. നെല്ലിക്കുന്നും ചൂണ്ടിക്കാണിച്ചതുപോലെ ഇതിലെ 59-ാം വകുപ്പിൽ ഡാം സേഫ്റ്റി കമ്മിറ്റിയുടെ ക്വാറവുമായി ബന്ധപ്പെട്ട കാര്യത്തിലാണ്. ബാക്കി അതിൽ പറയുന്ന പല കാര്യങ്ങളോടും യോജിപ്പാണ്. ആ വിയോജിപ്പ്, 11 അംഗങ്ങളുള്ള ഡാം സേഫ്റ്റി കമ്മിറ്റിയുടെ ക്വാറം 50 ശതമാനം എന്നുള്ളതിൽ വിട്ടുവീഴ്ച ചെയ്യുകയാണ്. അത് ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണ്. സബ്ജക്ട് കമ്മിറ്റിയിൽ നമ്മൾ ചർച്ച ചെയ്തതാണ്. വീണ്ടും ആവർത്തിക്കുന്നത് ഇതിന്റെ ഭാഗമായുള്ള പ്രവർത്തനം എന്നുള്ള നിലയിലാണ്. ഇവിടെ അറിയേണ്ടൊരു കാര്യം, കേന്ദ്ര വാട്ടർ കമ്മീഷന്റെ മെമ്പർ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയാണ് പലപ്പോഴും ഈ യോഗത്തിൽ വരാത്തത്. കേരളത്തിലെ നദീജലവുമായി ബന്ധപ്പെട്ട ഏറ്റവും സുപ്രധാനമായ കാര്യം ചർച്ച ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധി

ഹാജരാകാത്തതിനുപകരമായി അതിന്റെ എണ്ണം വെട്ടിക്കുറച്ച് ആ ക്വാറം വേണ്ടെന്ന് വയ്ക്കുന്നത് എത്രയോ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കുന്ന കാര്യമാണ്. തീർച്ചയായും നമ്മുടെ ഗവൺമെന്റിൽ ഒരു കമ്മിറ്റിയിലുള്ള അംഗങ്ങളെ ആ കമ്മിറ്റിയിൽ പങ്കെടുപ്പിക്കാനുള്ള മികവ് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പ്രകടിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ക്വാറം വെട്ടിക്കുറച്ച് ആ കമ്മിറ്റിയുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്താമെന്നാണ് പറയുന്നതെങ്കിൽ അതിനോടുള്ള ശക്തമായ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്. ഏറ്റവും സുപ്രധാനമായ ഇത്തരം കമ്മിറ്റികളിൽ, പ്രത്യേകിച്ച് ഡാം സേഫ്റ്റി കമ്മിറ്റിയിൽ വളരെ ഗൗരവതരമായ ഒരു വിഷയമെന്ന നിലയിൽ അതിനെ കാണണം. ഏത് ഉദ്യോഗസ്ഥനാണോ വരാത്തത് അദ്ദേഹത്തോട് വിശദീകരണം ചോദിക്കാൻ, അല്ലെങ്കിൽ ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിന് എഴുതാൻ, അത്തരം ആളുകളെ മാറ്റിക്കിട്ടുന്നതുപോലെയുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കേണ്ടതിന് പകരം തലവേദന വന്നാൽ തല മുറിച്ചു കളയുന്നതിന് തുല്യമായ  നടപടിയാണ് ഈ ഭേദഗതിയിലൂടെ ഗവൺമെന്റ് കൊണ്ടുവരുന്നത്. അത് തെറ്റാണ്. ദയവായി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ആ ഭേദഗതിതന്നെ ഒഴിവാക്കണം. അല്ലെങ്കിൽ ആ വകുപ്പുതന്നെ എടുത്തുകളയണം എന്നൊരു ആവശ്യം ഞാൻ മുന്നോട്ട് വയ്ക്കുകയാണ്.

3.00 PM]

ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയേണ്ടത് അനിവാര്യമാണ്. കാവേരിയിൽ നിന്ന് 47 ടി.എം.സി. ജലമാണ് നമ്മുടെ വിഹിതമായി കിട്ടേണ്ടിയിരുന്നത്. എന്നാൽ നമുക്ക് അനുവദിച്ചുതന്നത് 30 ടി.എം.സി. ജലമാണ്. കബനിയിൽ 21-ഉം ഭവാനിയിൽ 6-ഉം ഇടുക്കി ജില്ലയിലെ പാമ്പാറിൽ 3-ഉം അങ്ങനെ 30 ടി.എം.സി. ജലമാണ് നമുക്ക് അനുവദിച്ചു തന്നിട്ടുള്ളത്. അതിലെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ കേരളം ഗൗരവതരമായി കാണേണ്ട കാര്യമാണ്. 15 വർഷം കഴിയുമ്പോൾ കാവേരിയുടെ വിഹിതമായ 30 ടി.എം.സി. ജലത്തിന്റെ യൂട്ടിലൈസേഷൻ അവർ പരിശോധിക്കും. അപ്പോൾ ആ വിഹിതം ഉപയോഗിച്ചിട്ടില്ലെന്നു ബോധ്യപ്പെട്ടാൽ കേരളത്തിന് ജലം നഷ്ടപ്പെടാനിടയുണ്ട്, അല്ലെങ്കിൽ ഉപയോഗിച്ചതു മാത്രമേ കേരളത്തിന് കിട്ടാൻ സാദ്ധ്യതയുള്ളൂ. അതുകൊണ്ട് 15 വർഷംകഴിഞ്ഞ് ഇത് പുനഃപരിശോധിക്കുമ്പോൾ നമ്മുടെ വിഹിതം യൂട്ടിലൈസ് ചെയ്യുന്നില്ലെന്നു വരുന്നത് അപകടകരമാണ്. മാറിമാറി വന്ന ഗവൺമെന്റുകൾ ഇക്കാര്യത്തിൽ അലംഭാവം കാണിച്ചിട്ടുണ്ട്.

കോടതികളുടെയും ട്രിബ്യൂണലുകളുടെയും സുപ്രീംകോടതിയുടെയും നിലപാടുകളെ മറന്നുകൊണ്ടല്ല ഞാൻ സംസാരിക്കുന്നത്. ഭവാനി നദിയുടെ അട്ടപ്പാടി പ്രോജക്ട്, പാമ്പാറിലെ പട്ടിശ്ശേരി പ്രോജക്ട് ഇതൊക്കെ നടപ്പിലാക്കുന്നതിന് എന്താണ് ബുദ്ധിമുട്ട്? അവ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയണം. കാരാപ്പുഴയിൽ മാത്രമാണ് നമ്മൾ അൽപ്പം ജലം ഉപയോഗിക്കുന്നത്. കാവേരിയിൽനിന്ന് നമുക്ക് 47 ടി.എം.സി. ജലം അവകാശപ്പെട്ടതായിരുന്നു. 100 ടി.എം.സി. ജലം ചോദിച്ചപ്പോൾ 30 ടി.എം.സി. മാത്രമാണ് അനുവദിച്ചുതന്നത്. അതുപോലും ഉപയോഗപ്പെടുത്താൻ കഴിയാതെവന്നാൽ, റിവ്യൂ വരുമ്പോൾ അത് സംസ്ഥാനത്തെ വളരെ ദോഷകരമായി ബാധിക്കാനിടയുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഒരു പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ സുപ്രീംകോടതിയിൽ വന്നപ്പോൾ കോടതി വ്യക്തമാക്കിയ ഒരു കാര്യം കേരളവും തമിഴ്നാടും അവരവരുടേതായ ദുരന്തനിവാരണ സമിതികൾ രൂപീകരിക്കണമെന്നാണ്. തത്തുല്യമായ ഒരു സമിതി കേന്ദ്ര ഗവൺമെന്റും രൂപീകരിക്കണം. ഇക്കാര്യത്തിൽ നമുക്ക് എത്രമാത്രം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്? കേന്ദ്രം ആ സമിതിയുണ്ടാക്കിയിട്ടും തമിഴ്നാടും കേരളവും ബന്ധപ്പെട്ട സംസ്ഥാനങ്ങളെന്ന നിലയിൽ മുല്ലപ്പെരിയാറിനെപ്പറ്റി വലിയ ആശങ്കയും പ്രതിഷേധവുമൊക്കെ ഉയർന്ന ഈ കാലഘട്ടത്തിൽ ആ വികാരമൊക്കെ മറന്നുകൊണ്ട് എന്തുകൊണ്ട് ആ സമിതി ഉണ്ടാക്കാൻ കഴിയുന്നില്ലെന്ന കാര്യം നമ്മൾ ആലോചിക്കേണ്ടതാണ്. 2014-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ സൂപ്പർവൈസറി കമ്മിറ്റിയുണ്ടാക്കാൻ പറഞ്ഞിരുന്നു. പ്രീ-മൺസൂൺ, പോസ്റ്റ്-മൺസൂൺ സാഹചര്യം വിലയിരുത്തണമെന്നും ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും കേന്ദ്രഗവൺമെന്റും ഇടപെട്ട് അക്കാര്യത്തിൽ വ്യക്തത ഉണ്ടാക്കണമെന്നും സുപ്രീംകോടതി പറഞ്ഞിരുന്നു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 10 കമ്മിറ്റികൾ മാത്രമാണ് ആകെ കൂടിയിട്ടുള്ളത്. കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആഴ്ചതോറും വിലയിരുത്തൽ നടത്താൻ ഒരു സബ് കമ്മിറ്റി രൂപീകരിക്കണമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ ആ സബ്കമ്മിറ്റിയും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഡെമോക്ലീസിന്റെ വാളുപോലെയാണ് ഉള്ളത്. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ഒരു ദുരന്തമുണ്ടാകുകയാണെങ്കിൽ അത് നിരീക്ഷിക്കുന്നതിനുവേണ്ടി

സബ്കമ്മിറ്റിയുണ്ടാക്കാനോ നടപ്പിലാക്കാനോ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? അതിന്റെ പ്രവർത്തനം ഫലപ്രദമാണോ? കുമിളിയിൽ അതുമായി ബന്ധപ്പെട്ട് ഒരു ഓഫീസ് തുടങ്ങണമെന്നു പറഞ്ഞു. ഓഫീസ് ഉണ്ട്, കമ്മിറ്റി കൂടുമ്പോൾ മാത്രം തുറക്കുന്ന ഒരു ഓഫീസ് മാത്രമാണത്. അവിടെ നിരന്തരമായ നിരീക്ഷണം വേണം. Seepage water-ന്റെ കണക്കെടുക്കണം. ഓരോ ദിവസവും അവിടെ ഉണ്ടാകുന്ന മാറ്റങ്ങൾ/വ്യതിയാനങ്ങൾ വിലയിരുത്തണം. അക്കാര്യങ്ങളിലൊക്കെ കാര്യമായ മുന്നേറ്റം നമുക്കുണ്ടാകണം, അത് ഗൗരവതരമായി കാണണമെന്നും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുപ്രീംകോടതി വിധിയുടെ മറ്റൊരു അന്ത:സത്തയെന്നു പറയുന്നത്, ഓരോ ദിവസവും ഇതിന്റെ വ്യക്തമായ കണക്കുവേണം എന്നതാണ്. കാരണം, മുല്ലപ്പെരിയാറിന് എന്തെങ്കിലും സംഭവിച്ചാൽ വലിയ ദുരന്തം സംഭവിക്കുമെന്നാണ് സുപ്രീംകോടതിയിലും ലോകം മുഴുവനും നമ്മൾ പറഞ്ഞിരുന്നത്. അങ്ങനെയൊരു ദുരന്തം വരുമെന്ന് നമ്മൾ വിശ്വസിക്കുകയും പറയുകയും ചെയ്തു. അതിന് എല്ലാ ദിവസവും നടക്കേണ്ട നിരീക്ഷണം ഫലപ്രദമായി നടത്താൻ നമ്മുടെ ഡിപ്പാർട്ടുമെന്റിന് കഴിയുന്നുണ്ടോ? ഇക്കാര്യം ഗൗരവതരമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന്, മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടർ തുറക്കുന്നതുമായി ബന്ധപ്പെട്ടതാണ്. വണ്ടിപ്പെരിയാറും ഇടുക്കി ഡാം ഉണ്ടാകുന്നതിനും എത്രയോ മുൻപ്, ഈ പ്രദേശത്തൊക്കെ ആവശ്യമായ ജനവാസമില്ലാതിരുന്ന 1939-ൽ ഉണ്ടാക്കിയ ഷട്ടർ തുറക്കുന്നത് സംബന്ധിച്ച റൂൾസ് കാലോചിതമായി പരിഷ്കരിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതിന് ചട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഷട്ടറുകൾ തുറക്കുന്നത് സംബന്ധിച്ച് ചട്ടമുണ്ടാക്കുന്നതും തമിഴ്നാട് ഓരോ ന്യായം പറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്നു. ചട്ടമുണ്ടാക്കേണ്ടത് ഏറ്റവും അത്യാവശ്യമുള്ള കാര്യമാണ്. പറമ്പിക്കുളവുമായി ബന്ധപ്പെട്ട് കേരളത്തിന് അവകാശപ്പെട്ടതും കരാറിൽ വ്യക്തമാക്കിയിട്ടുള്ളതുമായ ജലം പോലും ലഭിക്കുന്നില്ല. ജൂലൈ 1 മുതൽ ജൂൺ 30-വരെയാണ് ഒരു ജലവർഷം എന്ന് ആ കരാറിൽ പറഞ്ഞിരിക്കുന്നത്. ആ ഒരു ജലവർഷത്തിൽ ഷോളയാറിൽ 12.3 ടി.എം.സി. ജലം കേരളത്തിന് അർഹതപ്പെട്ടതാണ്. പലപ്പോഴും കിട്ടുന്നില്ലെന്നു മാത്രമല്ല, സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും ഡാം നിറഞ്ഞിരിക്കണമെന്ന കരാർ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. സെപ്റ്റംബർ 1-ന് നിറയുക സ്വാഭാവികമാണ്. വേനൽക്കാലം ആരംഭിക്കുന്ന മാർച്ച് മാസത്തിന് തൊട്ടുമുൻപ് ഫെബ്രുവരി 1-ന് ഷോളയാർ ഡാം നിറഞ്ഞിരിക്കണമെന്ന കരാറിലെ

വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോയെന്ന് വിലയിരുത്താനും കണക്കാക്കാനും നമുക്ക് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്? ഉദ്യോഗസ്ഥരെ അടച്ച് ആക്ഷേപിക്കുകയൊന്നുമല്ല, കേരളത്തിൽ നല്ല ഉദ്യോഗസ്ഥരുണ്ട്. പക്ഷേ കേരളം ഇക്കാര്യത്തിൽ വല്ലാത്ത നിസ്സംഗത കാണിക്കുന്നുവെന്ന വസ്തുത നാം ഗൗരവമായി കാണേണ്ടതാണ്. ആ കരാർ വ്യവസ്ഥ കർക്കശമായി നടപ്പിലാക്കാൻ കഴിയണം. ആകെ മൂന്നുനാല് പ്രാവശ്യം മാത്രമാണ് ഇക്കഴിഞ്ഞ കാലഘട്ടം മുഴുവൻ ഫെബ്രുവരി 1-ന് ഡാം നിറഞ്ഞത്. അത് കരാറിലെ വ്യവസ്ഥയാണ്. കരാറിൽ പറഞ്ഞിരിക്കുന്ന കാര്യം നേടിയെടുക്കാൻ കഴിയാതെ എന്ത് ജലസംരക്ഷണത്തെപ്പറ്റിയാണ് നമ്മൾ സംസാരിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രി അത് ഗൗരവമായി ആലോചിക്കണം. കാവേരി സെൽ ഇല്ല, ചടങ്ങിന് ഒരു എ.ഇ.-യോ അതുപോലെയുള്ള ഒരാളോ ആണ് ഇപ്പോൾ ഡൽഹിയിൽ ഉള്ളത്. അതിനെപ്പറ്റി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. പവർ ഹൗസിൽക്കൂടി തരുന്ന വെള്ളം മാത്രമേ തരാൻപറ്റൂ എന്നാണ് തമിഴ്നാട് പറയുന്നത്. പാലക്കാട് നിന്നുള്ള മെമ്പർമാരായ ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. വി.ടി. ബൽറാം ഉൾപ്പെടെയുള്ളവർ അവിടെ കുടിവെള്ള ക്ഷാമത്തിന്റെയും അതുപോലെ കൃഷിക്കുവേണ്ട വെള്ളത്തിന്റെയും കാര്യത്തിൽ വിലപിക്കാറുണ്ട്. അപ്പോഴാണ് നമുക്ക് കരാറിൽ അവകാശപ്പെട്ട വെള്ളം നേടിയെടുക്കാൻ കഴിയാതെ വരുന്നത്. ഭാരതപ്പുഴയിൽ 7.25 ടി.എം.സി. ജലം നമുക്ക് അവകാശപ്പെട്ടതാണ്. ചിറ്റൂർപ്പുഴയിൽ മണക്കടവിൽ അളന്നു തരണമെന്നതാണ് കരാർ. അങ്ങനെ അളന്നു കിട്ടേണ്ടതും കൃത്യമായി കിട്ടുന്നില്ല. മൂലത്തറയിൽ കിട്ടേണ്ടതാണ്, അതും കൃത്യമായി കിട്ടുന്നില്ല. തമിഴ്നാട് തുടർച്ചയായി കരാർ ലംഘനം നടത്തിക്കൊണ്ടിരിക്കുകയാണ്. പറമ്പിക്കുളം ഡാം നിർമ്മാണത്തിന്റെ ചെലവ് ചെറിയ തുകയാണെങ്കിലും കേരളം കൂടി വഹിക്കുകയുണ്ടായി. അങ്ങനെ ആ തുക കൊടുത്തതുകൊണ്ട് ഡാമിന്റെ ഉടമസ്ഥതയിൽ നമുക്കും അവകാശം വന്നു എന്നതൊരു വസ്തുതയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, അങ്ങ് നദീജല പ്രശ്നത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള തർക്കത്തെക്കുറിച്ചും നമുക്ക് കിട്ടേണ്ട കാര്യങ്ങളെക്കുറിച്ചും വാദിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലുമൊരു ഘട്ടത്തിൽ കഴിഞ്ഞ അഞ്ച് വർഷം അങ്ങയുടെ പാർട്ടി ഭരിച്ചിട്ടും ഈ പ്രശ്നങ്ങൾ നേടിയെടുക്കാനായില്ലെന്നത് യാഥാർത്ഥ്യമല്ലേ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ മാറിമാറി വന്നിട്ടുള്ള ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് എന്റെ പ്രസംഗം തുടങ്ങിയത്, മെമ്പർ അത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. മുല്ലപ്പെരിയാർ-പറമ്പിക്കുളമടക്കമുള്ള അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് പഠനം നടത്തിയ യശഃശരീരനായ ടി. എം. ജേക്കബ് ചെയർമാനായ കമ്മിറ്റിയിൽ മെമ്പറായി പ്രവർത്തിച്ച് പറമ്പിക്കുളം-ആളിയാർ, മുല്ലപ്പെരിയാർ ഉൾപ്പെടെ കേരളവും അന്തർ സംസ്ഥാനവുമായി ബന്ധപ്പെട്ട മുഴുവൻ നദികളും അണക്കെട്ടുകളും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ നടന്നിട്ടുള്ള മേഖലയുമൊക്കെ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്നാണ് മുല്ലപ്പെരിയാർ ആധുനിക കാലഘട്ടത്തിൽ ഒരു ചർച്ചയായി വന്നത്. ആ കമ്മിറ്റിയിൽ പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ച ഒരംഗമെന്ന നിലയിലാണ് ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത്. പറമ്പിക്കുളവുമായി ബന്ധപ്പെട്ട് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ യോഗങ്ങൾ വെറും പ്രഹസനങ്ങളായി മാറുന്നുവെന്ന ആക്ഷേപം ഉണ്ട്. അന്തർ സംസ്ഥാന നദികളെക്കുറിച്ച് പറയുമ്പോഴെല്ലാം അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പാണെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തിരക്കിനിടയിൽ അതെല്ലാം നോക്കാൻ കഴിയുമോയെന്ന് എനിക്കറിയില്ല. ഏതായാലും അന്തർ സംസ്ഥാന നദികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവതരമായി സംസാരിക്കുന്നില്ലെങ്കിൽ അത് കേരളത്തിന് വലിയ നഷ്ടം ഉണ്ടാക്കുമെന്നതിൽ ഒരു സംശയവുമില്ല.

ആധുനിക സാങ്കേതികവിദ്യ വാട്ടർ അതോറിറ്റിയുടെ അയലത്തുപോലും എത്തിയെന്ന് പറയാൻ കഴിയില്ല. പൈപ്പിടുന്നതിന്റെയും ജലത്തിന്റെ ഗുണമേന്മയുടെയും ജലം മാലിന്യവിമുക്തമാക്കുന്ന കാര്യത്തിലുമൊക്കെ ലോകത്തെമ്പാടും അനുവർത്തിച്ചുവരുന്ന ആധുനിക സമ്പ്രദായങ്ങൾ നടപ്പാക്കുന്നതിൽ നമുക്ക് അധികം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റിയുടെ വസ്തുവകകൾ പല സ്ഥലത്തും അന്യാധീനപ്പെട്ട് പോകുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഇഷ്ടംപോലെ പൈപ്പ് കിടക്കുന്നുണ്ട്. അത് വാട്ടർ അതോറിറ്റി വാങ്ങിച്ചിട്ടതാണെന്ന് ഞാൻ പറയുന്നില്ല. ഒന്നുകിൽ അത് അവിടെ നിന്നും എടുത്തുകൊണ്ടുപോയി ആളുകൾക്ക് സൗകര്യമുണ്ടാക്കണം, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും നടപടി ഉണ്ടാകണം.

വാട്ടർ അതോറിറ്റിയുടെ പല സ്ഥലങ്ങളും കയ്യേറ്റം ചെയ്യപ്പെടുന്നുണ്ട്. മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടുകളുടെയടക്കം സ്ഥലം വ്യാപകമായ കയ്യേറ്റത്തിന് വിധേയമാകുന്നുണ്ട്. അക്കാര്യത്തിലൊക്കെ ശക്തമായ നടപടി സ്വീകരിച്ച് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെയും വാട്ടർ അതോറിറ്റി അടക്കമുള്ള വിവിധ വകുപ്പുകളുടെയും സ്വത്തുവകകളൊക്കെ സംരക്ഷിക്കാനുള്ള നടപടി ഉണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിലെ കളമശ്ശേരിയിലെ കാര്യം ഞാൻ പലതവണ പറഞ്ഞതാണ്. മുൻമന്ത്രിയായ ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ മണ്ഡലത്തിന്റെ അതിർത്തിയിൽ നിന്നും തുടങ്ങുന്ന പൈപ്പ് ലൈൻ റോഡ് വർഷങ്ങളായി പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ആ റോഡിന്റെ അപ്പുറവും ഇപ്പുറവുമെല്ലാം നന്നാക്കി. എന്നാൽ സുരക്ഷിതത്വം പ്രമാണിച്ച് ആ റോഡ് നന്നാക്കുന്നില്ലെന്ന് പറഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് പിന്നാലെ വാട്ടർ അതോറിറ്റി പോകുന്ന സാഹചര്യം കേരളത്തിന് വലിയ ദുരന്തം വിളിച്ചുവരുത്തും. കെ.എസ്.ആർ.ടി.സി. ഇന്നൊരു നഷ്ടക്കച്ചവടമായി എല്ലാവരും അംഗീകരിച്ചു കഴിഞ്ഞു. വാട്ടർ അതോറിറ്റിക്കും അതുണ്ടാകാനുള്ള സാദ്ധ്യതയുണ്ടെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട്, ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്ന രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. അതിൽ ഒന്ന്, കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് സഹായത്തോടെ 60 കോടി രൂപ അനുവദിച്ചിരുന്നു, എന്നാൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ അനുബന്ധം 2-ൽ 1 (3)-ൽ പറയുന്നത്, അത് ചെലവഴിക്കാൻ കഴിഞ്ഞില്ലെന്നാണ്. ഇത് വളരെ ഗുരുതരമായ വീഴ്ചയാണ്. അതൊടൊപ്പം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിന്റെ പേജ് 124-ൽ പറയുന്നുണ്ട്, "തന്ത്രപരമായ ആസൂത്രണം ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഓഡിറ്റ് ചെയ്ത കാലയളവിലെ വിവര സാങ്കേതിക ശീർഷകത്തിന് കീഴിലെ ചെലവ് കെ.ഡബ്ല്യു.എ.-യുടെ ബഡ്ജറ്റ് വിഹിതത്തിലെ 42.13 ശതമാനം മാത്രമാണ് എന്നതിൽ നിന്നും തന്ത്രപരമായ ആസൂത്രണത്തിന്റെ അഭാവം വ്യക്തമാണ്. 2012-2013 സാമ്പത്തിക വർഷത്തിൽ ഒഴികെ ചെലവ് എല്ലായ്പ്പോഴും ബഡ്ജറ്റ് വിഹിതത്തേക്കാൾ കുറവായിരുന്നു.

ആകെ ചെലവ് 2013-2014-ൽ ബഡ്ജറ്റ് വിഹിതത്തിന്റെ 46%-ഉം 2014-15-ൽ 34%-ഉം 2015-2016-ൽ 30.80%-ഉം 2016-2017-ൽ 17.47%-ഉം എന്ന തോതിലായിരുന്നു. 2013-14 മുതൽ വർഷംതോറും ചെലവ് കുറഞ്ഞു വരികയാണെങ്കിലും തൊട്ടു മുൻവർഷത്തെ ചെലവിന്റെ മൂന്നിരട്ടിയിൽ കൂടുതൽ തുടർ വർഷങ്ങളിലേയ്ക്ക് ബഡ്ജറ്റ് വിഹിതമായി വച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ ബഡ്ജറ്റ് വിഹിതം ചെലവഴിക്കുന്നത് വളരെ കുറഞ്ഞു വരുന്നു." ഇങ്ങനെയുള്ള ഗുരുതരമായ നിരീക്ഷണമാണ് നടത്തിയിട്ടുള്ളത്. അതോടൊപ്പം പറയേണ്ട മറ്റു കാര്യങ്ങളുണ്ട്, ജെ.ബി.ഐ.സി.യുടെ 'Assisted Kerala Water Supply Project, loans to Kerala Water Authority for implementation'- ബഡ്ജറ്റിലില്ലാതെ തന്നെ ഏകദേശം 5117 ലക്ഷം രൂപ ചെലവഴിച്ചു. അതുപോലെ, Drinking water supply in drought heat areas implemented by Kerala Water Authority, 4000 ലക്ഷം രൂപ ബഡ്ജറ്റിലില്ലാതെ ചെലവഴിച്ചു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഇവിടെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തെക്കുറിച്ച് വ്യക്തമാക്കിയതാണ്. ഇവിടെ സൂചിപ്പിക്കുന്ന വിഷയം ബഡ്ജറ്റിലുള്ള തുക ചെലവാക്കിയില്ല, ഇല്ലാത്തത് ചെലവാക്കിയെന്നതാണ്. അതിന് പ്രധാന കാരണം, 2015-2016-ലെ ബഡ്ജറ്റ് ശീർഷകം 2215 എന്നത് 2016-2017-ൽ ആ ശീർഷകം തന്നെയില്ലായിരുന്നു. അതുകൂടി 4215-ൽ ലയിപ്പിച്ചു. സ്വാഭാവികമായും ഈ ശീർഷകത്തിലെ പണം അവിടെ കാണിച്ചു, അതുകൊണ്ടാണ് ചെലവ് കുറഞ്ഞത്. എന്നാൽ 2215 എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷം eLAMS-ൽ പാർക്ക് ചെയ്ത തുക ചെലവാക്കിയതുകൊണ്ടാണ്, ബഡ്ജറ്റിലില്ലാത്ത തുക ചെലവാക്കിയെന്ന് പറയുന്നത്. ബഡ്ജറ്റിൽ ഇല്ലാത്തതല്ല, ശീർഷകത്തിൽ വന്ന വ്യത്യാസമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അങ്ങനെയാണെങ്കിൽ സി. ആന്റ് എ.ജി.-യുടെ ഓഡിറ്റ് പാരഗ്രാഫ് വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ക്ലാരിഫൈ ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്? അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ റിപ്പോർട്ടിൽ ഇത് വരില്ലായിരുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ക്ലാരിഫിക്കേഷനുവേണ്ടി മന്ത്രിയുടെ അടുത്തെത്തുമ്പോൾ ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടുന്ന കൃത്യമായ കണക്കുകൾ അനുസരിച്ചാണ് ചെയ്യുന്നത്. ജലവിഭവ വകുപ്പിലെ വകയിരുത്തലും ചെലവും തമ്മിലുള്ള വ്യത്യാസമാണ് മറ്റൊരു പ്രധാനപ്പെട്ട പരാമർശം. ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി ഇന്ന് നൽകിയ ഉത്തരത്തിൽ പറയുന്നത്, ചോദ്യം നമ്പർ *303- ന്റെ (ബി) ഞാൻ വായിക്കാം. ശുദ്ധജല വിതരണവും ശുചീകരണവുമെന്ന 20-ാം നമ്പർ ധനാഭ്യർത്ഥനയിൽ 2016-2017 സാമ്പത്തിക വർഷത്തെ ആകെ വകയിരുത്തൽ 1409.33 കോടി രൂപയാണ്. ഇതിൽ 1,195.99 കോടി രൂപ ചെലവ് ചെയ്തതായിട്ടാണ് എ.ജി.-യുടെ പൂർത്തീകരിച്ച കണക്കുകൾ കാണിക്കുന്നത്. അതായത് 84.86 ശതമാനമാണ് ചെലവ്. ഈ ധനാഭ്യർത്ഥനയിൽ മൂന്ന് കണക്ക് ശീർഷകങ്ങളാണുള്ളത്. ശീർഷകങ്ങൾ മാറിയതാണ് ഇവിടെ പ്രശ്നം. ഇതിലെ ചില ശീർഷകങ്ങളിലെ പ്രത്യേക പദ്ധതികളിൽ ചെലവിനത്തിൽ കുറവ് വന്നിരിക്കുന്നുവെന്നതാണ് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് പ്രസ്തുത ധനാഭ്യർത്ഥനയിലെ കണക്ക് ശീർഷകങ്ങളിലെ റീക്ലാസിഫിക്കേഷന്റെ ഫലമായുണ്ടായതാണ്.

സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാന ഇനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ആദ്യമായി മന്ത്രിയാകുന്ന ആളല്ലല്ലോ. സാധാരണഗതിയിൽ സി.ആന്റ് എ.ജി. റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുമ്പ് മന്ത്രിമാർക്കും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്കും അയയ്ക്കുമല്ലോ, അവർ ആ പാരഗ്രാഫ് പരിശോധിക്കുമല്ലോ? പരിശോധിച്ച് ഈ വസ്തുതാപരമായ കാര്യം പറയാത്തതുകൊണ്ടല്ലേ സി. ആന്റ് എ.ജി. ഇങ്ങനെ പറഞ്ഞത്. ഇനിയിത് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ പോകും.

ശ്രീ. മാത്യു ടി. തോമസ്: സർ, അങ്ങിത് കൃത്യമായി മനസ്സിലാക്കണം. ഈ സി. ആന്റ് എ.ജി. റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്, 4215 ശീർഷകത്തിൽ ചെലവ് നടക്കുന്നില്ല, 2215 ശീർഷകത്തിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുവെന്ന്. ശീർഷകം മാറിയതുകൊണ്ടാണെന്നത് വളരെ കൃത്യമായി പറഞ്ഞിരിക്കുകയാണ്. എന്തുകൊണ്ടാണ് ആ ആശയവിനിമയം നടന്നത് എന്ന് ഞാൻ പ്രത്യേകം പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വസ്തുത നിലനിൽക്കെ ഏകദേശം 67 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചതിൽ 30 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്നും അതുപോലെ 12757.72 ലക്ഷം രൂപ ബഡ്ജറ്റിലില്ലാതെ ചെലവഴിച്ചുവെന്നതും വളരെ ഗൗരവതരമാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുകൊണ്ട് കൂടുതലായി വിശദീകരിക്കുന്നില്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ശീർഷകം മാറിയതുകൊണ്ട് മാത്രമാണ് അങ്ങനെ സംഭവിച്ചത്. എങ്ങനെയാണ് വാട്ടർ അതോറിറ്റിക്ക് പണം കിട്ടാതെ 127 കോടി രൂപ ചെലവാക്കാൻ കഴിയുക? ശീർഷകത്തിലെ മാറ്റം മാത്രമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അത് ഗവൺമെന്റിന്റെ വീഴ്ചയാണെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അതോടൊപ്പംതന്നെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് തമിഴ്നാട്, കർണ്ണാടക തുടങ്ങിയ മറ്റ് സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം ലഭിച്ചപ്പോൾ കേരളത്തിന് നാമമാത്രമായ വിഹിതമേ ലഭിച്ചിട്ടുള്ളൂ. അതുകൊണ്ട് സമയാസമയങ്ങളിൽ പ്രോജക്ട് സമർപ്പിക്കാനും ഏതൊക്കെ പദ്ധതികളുണ്ടെന്ന് കണ്ടുപിടിക്കാനും മോണിറ്റർ ചെയ്യാനുമുള്ള ശക്തമായ സംവിധാനം ഏർപ്പെടുത്തി മുന്നോട്ടുപോകേണ്ടതാണ് എന്നുകൂടി ഓർമ്മിപ്പിക്കുന്നു.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ ഒസ്യത്തിൽ ഗംഗയെ വർണ്ണിക്കുന്ന അതിമനോഹരമായ ഒരു പദ്യമുണ്ട്. അദ്ദേഹം ഗംഗയെ ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലത്തിലൂടെ ഭാവിയിലേയ്ക്കുള്ള ഇന്ത്യയുടെ സംസ്കാര യാത്രയുടെ തുടർച്ചയാണെന്നു പറയുന്ന ആ മനോഹരമായ കവിതകൂടി ഉദ്ധരിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

> “ The Ganga, especially, is the river of India, beloved of her people, round which are intertwined her memories, her hopes and fears, her songs of triumph, her victories and her defeats. She has been a symbol of India's age-long culture and civilization, ever changing, ever flowing, and yet ever the same Ganga” .

അങ്ങനെ മനോഹരമായ ഒരു നദീതടമെന്ന നിലയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഗംഗയെ വിശേഷിപ്പിച്ചതുപോലെ ഇന്ത്യയുടെ മനോഹരവും പവിത്രവുമായ നദികളെല്ലാം നിലനിർത്തി മുന്നോട്ടുപോകേണ്ടത് മനുഷ്യരാശിക്ക് അനിവാര്യമാണ്. കേരളത്തിലെ നദികളും കായലുകളും കുളങ്ങളും കിണറുകളുമടക്കമുള്ള എല്ലാ ജലാശയങ്ങളും അശുദ്ധമായിക്കൊണ്ടിരിക്കുന്നു, അല്ലെങ്കിൽ മലിനപ്പെട്ടു കൊണ്ടിരിക്കുന്നുവെന്ന ദുരന്ത മുഖത്താണ് നമ്മൾ നിൽക്കുന്നത്. അതിനെതിരെയുള്ള പൊതുവികാരമുണ്ടാകണം എന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. മുഹമ്മദ് മുഹസിൻ. പി.-ക്കുവേണ്ടി ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് ഏതാണ്ട് ഒൻപതോളം നിയമങ്ങൾ റദ്ദ് ചെയ്തുകൊണ്ടാണ് അന്നത്തെ ജലവിഭവ വകുപ്പ് മന്ത്രിയായിരുന്ന ടി. എം. ജേക്കബ് നിയമസഭയിൽ അവതരിപ്പിച്ചത്. 2003 സെപ്റ്റംബർ 13-ന് ഗവർണർ അതിന് അംഗീകാരം നൽകുകയും ചെയ്തു. ഒൻപത് ആക്ടുകളും അതിന്റെ വിശദാംശങ്ങളും നോക്കിയാൽ നമുക്ക് സ്വീകാര്യമായതും അല്ലാത്തതുമായ ഒട്ടനവധി കാര്യങ്ങളുണ്ട്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയതായ ഒട്ടനവധി കാര്യങ്ങളുമുണ്ട്. 2003-ലെ ഈ ആക്ട് വന്നതോടുകൂടി 1865-ൽ മദ്രാസ് ഇറിഗേഷൻ സെസ് ആക്ട് തുടങ്ങിയ ഒൻപതോളം ആക്ടുകൾ നിർജ്ജീവമാകുകയാണ്. 2003-ലെ ആക്ട് വേണ്ടത്ര നിർവ്വഹിക്കാനോ പ്രയോജനപ്പെടുത്താനോ കഴിഞ്ഞോയെന്ന് ചോദിച്ചാൽ അതിലെ എല്ലാവശങ്ങളും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞില്ല. അതുകൊണ്ടാണ് പലപ്പോഴും അമെന്റ്മെന്റ് കൊണ്ടുവരേണ്ടിവരുന്നത്. കാലാനുസൃതമായി നിയമം ഭേദഗതി ചെയ്യണമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നാൽ 2003-ലെ ആക്ടിൽ പറഞ്ഞിട്ടുള്ള ചില പ്രധാന ഘടകങ്ങളുണ്ട്. ജലപ്രവാഹങ്ങളുടെ ഉടമസ്ഥത, ജലം എടുക്കുന്നതിനും ജലപ്രവാഹത്തിന്റെ ഗതിമാറ്റുന്നതിനുമുള്ള നിയന്ത്രണം, ജലസംഭരണികൾ, അണക്കെട്ടുകൾ മുതലായവയുടെ നിർമ്മാണത്തിനുള്ള നിയന്ത്രണം, കിണറിന്റെ നിർമ്മാണത്തിനുള്ള നിയന്ത്രണം, ജലപ്രവാഹങ്ങളിൽ മണൽ വാരുന്നതിനുള്ള നിയന്ത്രണം തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ആ ബില്ലിൽ ഫസ്റ്റ് ചാപ്റ്ററിൽ പറഞ്ഞിട്ടുള്ളത്. സർക്കാർ നടത്തുന്ന ജലസംരംഭങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ജലസേചന സംരംഭങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും അതിന്റെ അനന്തരഫലങ്ങളും നിർമ്മാണത്തെ തുടർന്നുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകലും അതിന്റെ ഭാരമേല്പിക്കലും ഉൾപ്പെടെയുള്ള കാര്യങ്ങൾ രണ്ടാമത്തെ ചാപ്റ്ററിൽ പറഞ്ഞിട്ടുണ്ട്. ഫീൽഡ് ചാനലുകളുടെ നിർമ്മാണം, പരിപാലനം, സർട്ടിഫിക്കറ്റ് നൽകൽ, ജലസേചനക്കരം ചുമത്തൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ മൂന്നാമത്തെ ചാപ്റ്ററിൽ പറഞ്ഞിട്ടുണ്ട്. 2005-ൽ

നിയന്ത്രണവും ക്രമീകരണവും ഭേദഗതി ആക്ട് 22-ാമത് നിയമം 2005-ൽ ഭേദഗതി ചെയ്തു. 2004 ജൂലൈ 22-ന് ടി. എം. ജേക്കബ് നിയമസഭയിൽ അവതരിപ്പിക്കുകയും 2004 ഓഗസ്റ്റ് 12-ന് ആ അമെന്റ്മെന്റിന് ഗവർണ്ണർ അംഗീകാരം നൽകുകയും ചെയ്തു. ആ നിയമപ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി സ്ഥാപിച്ച് 120 ദിവസത്തിനുള്ളിൽ സംസ്ഥാനത്തെ ഒരു ഭൂജല ഉപഭോക്താവായി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിന് മൂലനിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. പലർക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങാൻ കഴിയാതെവന്ന സാഹചര്യത്തിൽ എക്സ്റ്റൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ടാണ് 2005-ൽ നിയമഭേദഗതി ടി. എം. ജേക്കബ് തന്നെ സഭയിൽ അവതരിപ്പിച്ചത്. അതിനുശേഷം 2006 മാർച്ച് മാസം 14-ാം തീയതി ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതിന്റെ 2, 57, 59, 62 വകുപ്പുകളിന്മേൽ ഭേദഗതി അവതരിപ്പിച്ചു. 2006 മാർച്ച് 14-ന് സഭയിൽ അവതരിപ്പിച്ച ബിൽ മാർച്ച് 15-ന് പരിഗണനയ്ക്കെടുത്തു. ബിൽ മാർച്ച് 15-നുതന്നെ പാസ്സാക്കാനുള്ള സാഹചര്യത്തെക്കുറിച്ച് നമുക്ക് നന്നായി അറിയാം. മാർച്ച് 18-ന് ഗവർണ്ണറുടെ അനുമതി ലഭിച്ചുവെങ്കിലും ആ നിയമത്തിന്റെ എല്ലാ ഗുണഫലങ്ങളും അനുഭവിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ആ ബില്ലിന്റെ ഭാഗമായി ഒട്ടനവധി കാര്യങ്ങളുണ്ട്.

2006-ലെ 22-ഓളം ഷെഡ്യൂൾഡ് ഡാമുകളുടെ ലിസ്റ്റ് അന്ന് ഇറങ്ങിയ ഗസറ്റ് നോട്ടിഫിക്കേഷന്റെ ഭാഗമായി വന്നിട്ടുണ്ട്. അതിൽ ഒന്നാമത്തെ ഷെഡ്യൂൾഡ് ഡാമായി പറഞ്ഞിട്ടുള്ളത് 1895-ൽ നിർമ്മിക്കപ്പെട്ട 123 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമാണ്. 1947-ൽ നിർമ്മിക്കപ്പെട്ട കുണ്ടള ഡാമിന്റെ പഴക്കം 71 വർഷമാണ്, മലമ്പുഴ ഡാം നിർമ്മിച്ചത് 1955 ലാണ്, മാട്ടുപ്പെട്ടി 1956-ലാണ്, വാളയാർ 1950-ലാണ്. ഇവ കൂടാതെ വാഴാനി, ചെങ്കുളം, പെരിങ്ങൽക്കുത്ത്, പീച്ചി, നെയ്യാർ, മീൻകര, കല്ലാർകുട്ടി, പൊന്മുടി, ഷോളയാർ മെയിൻ, ആനയിറങ്കൽ, കുണ്ടക്കടവ്, ചുള്ളിയാർ, പറമ്പിക്കുളം, കക്കി, മംഗലം, അരുവിക്കര തുടങ്ങിയ ഇരുപത്തിരണ്ടോളം ഡാമുകളാണ് നമ്മുടെ കൈവശമുള്ളത്. അവയുടെ പഴക്കമാണ് നോക്കേണ്ടത്. ഈ ഡാമുകൾക്കെല്ലാം 50 വർഷത്തിനുമുകളിൽ പഴക്കമുണ്ട്. ഓരോ ഡാം നിർമ്മിക്കുമ്പോഴും ഈ ഡാമിന് ഇത്ര വർഷമാണ് ആയുസ്സെന്ന് പറഞ്ഞിട്ടുണ്ട്. ഈ ഡാമുകളെല്ലാംതന്നെ അതിന്റെ കാലാവധി പിന്നിടുകയാണ്. കേരളത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള അന്തർ

സംസ്ഥാന വാട്ടർ സപ്ലൈയുടെ ഭാഗമായിട്ടാണെങ്കിലും ഈ ഡാമുകളെല്ലാം കേരളത്തിനകത്ത് നിൽക്കുന്ന ഡാമുകളാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് ഈ ഡാമുകളിൽനിന്ന് വെള്ളം കൊടുക്കുകയാണെങ്കിലും ഈ ഡാമുകളെല്ലാം തന്നെ കാലാവധി കഴിഞ്ഞവയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഡാം സേഫ്റ്റി അതോറിറ്റിക്ക് ഓരോ ഡാമും പരിശോധിച്ച് ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും റിപ്പോർട്ട് ചെയ്യാമല്ലോ? ഇതുസംബന്ധിച്ച് പല ഇന്റർനാഷണൽ റിപ്പോർട്ടുകളും വന്നിട്ടുണ്ട്. താങ്കൾ പറഞ്ഞത് ശരിയാണ്. പക്ഷേ ഡാം സേഫ്റ്റി അതോറിറ്റി ആക്ട് ചെയ്യുണ്ടേ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇപ്പോൾ സെസ്-ന്റെ പുതിയ റിപ്പോർട്ട് വന്നിട്ടുണ്ട്. മുല്ലപ്പെരിയാറിനും പരിസരപ്രദേശങ്ങളിലുമായി ഏതാണ്ട് മുപ്പത്തിമൂന്നോളം പരിഭ്രമിപ്പിക്കുന്ന തുടർച്ചയായ ഭൂചലനങ്ങൾ വന്ന സാഹചര്യത്തിലാണ് ആളുകൾ വളരെ panic ആയ ഒരു അജിറ്റേഷനിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടായത്. ഒരുപക്ഷേ ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന നമ്മളൊക്കെ സുരക്ഷിതമായി കടന്നുപോകുമെന്നുള്ളതുകൊണ്ട് അടുത്ത തലമുറയ്ക്കുവേണ്ടി ഒരു ദുരന്തം കരുതിവയ്ക്കുന്നത് ഉചിതമായ നടപടിയല്ലെന്ന അഭിപ്രായമാണുള്ളത്. ഈ വിഷയത്തിൽ ഏത് രീതിയിലാണ് ഇടപെടാൻ കഴിയുകയെന്നുള്ളതു സംബന്ധിച്ച് ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കണം. 123 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം മാത്രമല്ല, മറ്റെല്ലാ ഡാമുകളും ഡാം സേഫ്റ്റി അതോറിറ്റി അതല്ലെങ്കിൽ നിയമസഭ തീരുമാനിക്കുന്ന ഒരു സബ്കമ്മിറ്റി സന്ദർശിച്ച് ഡാമുകളുടെ കാലപ്പഴക്കം, നിലവിലുള്ള അവസ്ഥ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് ഈ കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് വേണ്ടത്ര സമയമില്ലെങ്കിൽ സമയമുള്ള അംഗങ്ങളെ നിയോഗിക്കുക എന്നുള്ളതാണ് നമ്മുടെ മുൻപിലുള്ള വഴി. ആക്ടിൽ പറയുന്ന ആളുകൾക്കു മാത്രമേ ഡാം സേഫ്റ്റി അതോറിറ്റിയിൽ അംഗങ്ങളായി വരാൻ കഴിയുകയുള്ളൂവെങ്കിൽപ്പോലും ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ നമുക്ക് സ്വീകരിക്കാൻ കഴിയുന്ന ധാരാളം നടപടികളുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നിവ പാലക്കാട് ജില്ലയിലെ നെന്മാറ മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശമാണ്. ഡാം സേഫ്റ്റി അതോറിറ്റിക്ക് എത്രയോ കൊല്ലമായി അവിടെ പോകാൻ കഴിയുന്നില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഡാം സേഫ്റ്റി അതോറിറ്റിയുടെ സന്ദർശനം സംബന്ധിച്ച് ശ്രീ. വി. ടി. ബൽറാമും മറ്റ് ചില അംഗങ്ങളും സൂചിപ്പിച്ചിരുന്നു. പോകണം, സന്ദർശിക്കണം എന്ന് വിചാരിച്ചാൽ സന്ദർശിക്കുന്നതിനുള്ള സംരക്ഷണം ഉണ്ടാകും. ഇതൊരു സെൻസിറ്റീവ് ഇഷ്യൂ എന്ന നിലയിലാണ് ഡാം സേഫ്റ്റി അതോറിറ്റി മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയും റിപ്പോർട്ടുകൾ കൊടുക്കുകയും ചെയ്യുന്നത്. ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ഡാം സേഫ്റ്റി അതോറിറ്റിക്ക് കയറുന്നതിനോ പരിശോധിക്കുന്നതിനോ തർക്കങ്ങൾ ഉണ്ടെങ്കിൽ അത് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതാണ്.

ശ്രീ. കെ. ബാബു: സർ, ഡാം സേഫ്റ്റി അതോറിറ്റി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ഡാമിന്റെ അതിർത്തിക്കുള്ളിലുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി ചുറ്റും മതിൽ കെട്ടുകയും അതിനുമുകളിൽ ആരെങ്കിലും ചാടിക്കടക്കുമെന്ന് കരുതി കമ്പിവേലി കെട്ടുകയും നാട്ടുകാർക്കും മറ്റും പോകാൻ കഴിയാത്ത അവസ്ഥയിലുള്ള സേഫ്റ്റിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. 125 വർഷത്തോളം പഴക്കമുള്ള ഡാമുകളുടെ സേഫ്റ്റി സംബന്ധിച്ച് ശാസ്ത്രീയമായ നിരീക്ഷണമോ പരീക്ഷണമോ നടത്താൻ അവർ തയ്യാറായില്ല. അന്തർ സംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട് കാലാവധി പൂർത്തീകരിക്കപ്പെട്ടതും നമ്മുടെ സംസ്ഥാനവും തൊട്ടടുത്ത സംസ്ഥാനങ്ങളുമായി പുതുക്കാതെ കിടക്കുന്നതുമായ നിരവധി കരാറുകളുണ്ട്. ആ കരാറുകൾ പുതുക്കിയാൽ മാത്രമേ നമുക്ക് അവകാശപ്പെട്ട വെള്ളം കിട്ടുകയുള്ളൂ എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അന്തർ സംസ്ഥാന നദീജല കരാറുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കുള്ളിൽത്തന്നെ ഒട്ടനവധി ഡിബേറ്റുകൾ നടന്നതാണ്. ഇപ്പോഴും ആ ഡിബേറ്റുകൾ നടന്നുകൊണ്ടിരിക്കുന്നു. കരാറുകൾ പുതുക്കേണ്ട, നമ്മുടെ സുരക്ഷ ഉറപ്പാക്കിയാൽ മതിയെന്ന് പറഞ്ഞാലും അതുൾക്കൊള്ളാൻ തയ്യാറല്ല. 'വെള്ളം കൊടുക്കാം; ഞങ്ങളുടെ സുരക്ഷ ഉറപ്പാക്കണം' എന്ന മുദ്രാവാക്യംപോലും ഉൾക്കൊള്ളാൻ ആളുകൾ തയ്യാറായില്ല എന്നതാണ് പ്രശ്നം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതിന്റെയൊക്കെ ദുരിതം അനുഭവിക്കുന്നത് നെന്മാറ, ചിറ്റൂർ നിയോജകമണ്ഡലങ്ങളും ഭാരതപ്പുഴയുമാണ്. ആ കരാർ പ്രകാരമുള്ള

വെള്ളം നമുക്ക് ഇപ്പോഴും കിട്ടുന്നില്ല. കരാർ പ്രകാരമുള്ള വെള്ളം സംഭരിക്കാനും വിതരണം നടത്താനുമുള്ള അധികാരം ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിനാണ്. അത് അത്തരത്തിൽ പ്രവർത്തിക്കുന്നില്ല. നിയമസഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിൽ അക്കാര്യം കൊണ്ടുവന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് കമ്മിറ്റികൾ കൂടിയപ്പോഴാണ് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ പ്രവർത്തനമെന്താണെന്ന് അവർക്ക് മനസ്സിലായത്. ഇപ്പോൾ നമുക്ക് ചെയർമാൻ എന്നുള്ള നിലയ്ക്ക് തീരുമാനമെടുക്കാം, അതും ഇതുവരെ എടുത്തിട്ടില്ല. ബോർഡിന്റെ അധികാരം ഉപയോഗിച്ച് കരാർ പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഭാരതപ്പുഴയ്ക്ക് ഈ ഗതികേട് വരില്ലായിരുന്നു. രണ്ട് ചെക്ക് ഡാമുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ചു. അന്നത്തെ ഉദ്യോഗസ്ഥർ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തെങ്കിലും ഒരു നടപടിയും എടുത്തില്ല. ഏകദേശം 46 കോടി രൂപയുടെ വർക്ക് അവിടെ നടത്തി. കരാർപ്രകാരം ഭാരതപ്പുഴയിലേയ്ക്ക് ഒഴുകിവരുന്ന അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ നമുക്ക് അവകാശപ്പെട്ടതാണ്. ആ വെള്ളം മുഴുവൻ തിരിച്ച് കൊടുക്കുന്ന നടപടിയാണ് സ്വീകരിച്ചത്. ഇതുവരെ ആ ഉദ്യോഗസ്ഥന്റെ പേരിൽ ഒരു നടപടിയും എടുത്തിട്ടില്ല. ഇനിയെങ്കിലും ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഇന്ന് നമുക്ക് ആവശ്യത്തിന് വെള്ളമുണ്ടെന്ന് ഒരിക്കലും പറയാൻ കഴിയില്ല. കേരളത്തിൽ പെയ്യുന്ന മഴയുടെ ബഹുഭൂരിപക്ഷവും 6 മണിക്കൂർ കൊണ്ട് ഒഴുകി അറബിക്കടലിൽ എത്തിച്ചേരുന്നു. എന്നാൽ ഇന്നത്തെ മഴയുടെ അളവും സാഹചര്യങ്ങളും അങ്ങനെയല്ല. കാലാവസ്ഥയിൽത്തന്നെ വലിയ മാറ്റം ഉണ്ടായിരിക്കുന്നു. നമ്മൾ പ്രതീക്ഷിക്കുന്നതിനേക്കാൾ ശക്തമായ മഴ പെയ്യുകയും കനത്ത നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. 120 സെന്റീമീറ്റർ മഴ എന്നുപറഞ്ഞാൽ നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിനും അപ്പുറത്താണ്. ഈ അടുത്ത ദിവസങ്ങളിൽ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മഴ തുടർന്നും പെയ്താൽ അതുണ്ടാക്കാൻ പോകുന്ന ദുരന്തം എത്രയാണെന്ന് ഊഹിക്കാൻപോലും കഴിയില്ല. കാർഷിക കലണ്ടറിന് രണ്ട് തവണ മാറ്റം വന്നിട്ടുണ്ട്. ഇനിയും അതിൽ മാറ്റം വരുത്തേണ്ട സാഹചര്യമാണുള്ളത്. നേരത്തെ ഉണ്ടായിരുന്നതിൽ നിന്ന് ഇന്ന് കേരളത്തിന്റെ സാഹചര്യം മാറിയിരിക്കുന്നു. വെള്ളത്തിന്റെ ആവശ്യകതയും ലഭ്യതക്കുറവും പല ജില്ലകളിലും വളരെ രൂക്ഷമാകുന്നുണ്ട്. ഇടുക്കിയിൽ അണക്കെട്ടുകളും മുല്ലപ്പെരിയാർ

ഡാമും ഉണ്ടെന്ന് പറയുമ്പോഴും മുല്ലപ്പെരിയാർ ഡാമിൽ നിന്നാണ് തമിഴ്നാട്ടിലെ 4 ജില്ലകൾക്ക് വൈദ്യുതി ഉല്പാദനത്തിനും കൃഷിക്കുമുള്ള മുഴുവൻ വെള്ളവും കൊണ്ടുപോകുന്നത്. അതിന് 12 കിലോമീറ്റർ അകലെയുള്ള ചക്കുളം പഞ്ചായത്തിന് ആവശ്യമായിട്ടുള്ള ജലസേചന സൗകര്യങ്ങൾ എത്തിക്കാൻ കഴിയാതെ പലപ്പോഴും പരാജയപ്പെട്ട് പോകുന്ന അവസ്ഥയാണുള്ളത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ ഉൾപ്പെടെ എല്ലാ അംഗങ്ങളും ആ പ്രദേശം സന്ദർശിച്ചതാണ്. ഒരു പഞ്ചായത്ത് മുഴുവൻ മഴനിഴൽ പ്രദേശമായി നിൽക്കുന്ന സാഹചര്യമുണ്ട്. അതിനോട് ചേർന്നുള്ള പ്രദേശം തമിഴ്നാടാണ്. ആവശ്യത്തിനുള്ള വെള്ളം നമ്മുടെ മുന്നിൽക്കൂടി ഒഴുകിപ്പോകുമ്പോഴും നമുക്കാവശ്യമുള്ള വെള്ളം ലഭിക്കുന്നില്ലെന്ന പരിമിതമായ സാഹചര്യങ്ങളുണ്ട്.

ഡാമുകളുടെ കാലപ്പഴക്കം സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. 50 -123 വർഷം പഴക്കമുള്ള ഷെഡ്യൂൾഡ് ഡാമുകളുടെ കാലപ്പഴക്കം ഗവൺമെന്റ് ഗൗരവമായി എടുക്കുകയും അതോടൊപ്പം ഡാമുകൾ പുനർ നിർമ്മിക്കുന്നതിനുള്ള നിലപാടുകൾ ഉണ്ടാകുകയും വേണം. നൂറോളം വർഷം പഴക്കമുള്ള ഡാമുകളെക്കുറിച്ചുള്ള ചർച്ചകളാണ് ഇപ്പോൾ നടക്കുന്നത്. ഈ കാലഘട്ടത്തിൽ പുതിയ ഡാമുകളോ പുതിയ സംവിധാനങ്ങളോ ഉണ്ടാകുന്നില്ലെന്നുള്ളത് ഏറ്റവും ഗൗരവമേറിയ കാര്യമാണ്. ഡാമുകളുടെ സുരക്ഷാ ഭീഷണിയും സംരക്ഷണവുമായി ബന്ധപ്പെട്ട് ഇൻസ്പെക്ടർ ജനറൽ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ അംഗമായി നാമനിർദ്ദേശം ചെയ്യുന്ന ഭേദഗതി കൊണ്ടുവരുന്നതിനെ സ്വാഗതം ചെയ്യുകയാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവശ്യത്തിനുള്ള സ്റ്റാഫ് സ്റ്റെംഗ്തോടുകൂടി തന്നെയാണ് മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ ആരംഭിച്ചത്. പക്ഷേ അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്. ഒരു ഇൻസ്പെക്ടർ ജനറലിന് ചുമതല കൊടുക്കുന്നതിനോടൊപ്പം മുല്ലപ്പെരിയാർ ഡാമിന്റെയും ഷെഡ്യൂൾഡ് ഡാമുകളുടെയും സംരക്ഷണവുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വം നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന പോലീസ് സംവിധാനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് നടപടി ഉണ്ടാകണം. ആ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, മുല്ലപ്പെരിയാറിലെ ബേബി ഡാം ശക്തിപ്പെടുത്തി ജലനിരപ്പ് 152 അടിയാക്കി ഉയർത്താനുള്ള ശ്രമം നടത്തുന്നതായി

ഒരാഴ്ച മുമ്പ് പത്രത്തിൽ വന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ വരികയാണെങ്കിൽ ഏറ്റവും വലിയ ദുരന്തമായിരിക്കും നമുക്ക് വരാൻ പോകുന്നത്. അതിന്റെ പ്രധാന കാരണം, കേസ് നടത്തിയതിൽ ബലക്ഷയം എന്നമാത്രമാണ് പറഞ്ഞിട്ടുള്ളത്. 1993-ലെ നിയമസഭാ അഡ്ഹോക് കമ്മിറ്റിയും വളരെ വിശദമായി ചർച്ച ചെയ്ത് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ആ കരാറിന് തന്നെ നിയമസാധുത ഇല്ലെന്നുള്ള കാര്യംകൂടി പരിശോധിക്കണം. സുപ്രീംകോടതിയിൽ ബലക്ഷയം സംബന്ധിച്ച് മാത്രമാണ് ചർച്ച ചെയ്തിട്ടുള്ളത്. നിയമസാധുത ഇല്ലെന്നുള്ള രീതിയിൽ പോയില്ല. കാരണം, സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുള്ള കരാറാണ്. സ്വാതന്ത്ര്യത്തിനുശേഷം ആ കരാർ പുതുക്കാത്തതുകൊണ്ട് കരാറിന് നിയമസാധുത ഇല്ലെന്ന് 4 നിയമജ്ഞർ ഉപദേശം തന്നിട്ടുണ്ട്. അത് പിന്തുടരാതെ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ബലക്ഷയം എന്നുള്ള രീതിയിൽ പോയതിന്റെ ദുരന്തമാണ് ഇപ്പോൾ മുല്ലപ്പെരിയാർ വിഷയത്തിൽ അനുഭവിക്കുന്നത്. അതുകൂടി പരിശോധിക്കാൻ തയ്യാറാകുമോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, മുല്ലപ്പെരിയാർ ഡാമിന്റെ ബേബി ഡാം സ്ട്രെംഗ്തൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് അനുകൂലമായ വിധി സമ്പാദിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അവർ സ്ട്രെംഗ്തൻ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോകുകയാണ്. 123 വയസ്സുള്ള ഒരാളെ പ്ലാസ്റ്റിക് സർജറി ചെയ്ത് എങ്ങനെ മിനുക്കിയാലും അതിന്റെ ദൗർബ്ബല്യങ്ങളെന്താണെന്ന് നമുക്കെല്ലാവർക്കും മനസ്സിലാകും. ഗൗരവതരമായ ആ വിഷയം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇപ്പോൾ എല്ലാവരും നിസ്സഹായാവസ്ഥയിൽ നിൽക്കുകയാണ്. കാരണം, ഭരണഘടനാ ബഞ്ചിന്റെ വിധിയായതുകൊണ്ട് ഇനിയും അക്കാര്യങ്ങളിൽ ആർക്കും ഇടപെടാൻ കഴിയില്ല എന്നൊരു അവസ്ഥ മാറ്റിനിർത്തി, വെള്ളം അവർക്ക് ഉറപ്പാക്കി കരാർ പുനഃപരിശോധിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. മുല്ലപ്പെരിയാർ ഡാം മാത്രമല്ല, മറ്റ് ഡാമുകളുടെയും കാലപ്പഴക്കം പരിശോധിക്കുകയും പുനർനിർമ്മാണമടക്കമുള്ള കാര്യങ്ങളിലും ഗൗരവതരമായിട്ടുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നമാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ബില്ലിന്റെ രണ്ടാമത്തെ അമെന്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് ജനങ്ങളുടെ സുരക്ഷ അടക്കമുള്ള വിഷയങ്ങൾ വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട ഡാം സേഫ്റ്റി അതോറിറ്റിയുടെ യോഗത്തിൽ അടിയന്തരഘട്ടത്തിൽ ക്വാറം തികയുന്നില്ല

എന്നതാണ്. അംഗങ്ങൾക്ക് മുൻകൂട്ടി നിശ്ചയിച്ചിരുന്ന പരിപാടികൾ ഉണ്ടായിരുന്നുവെന്ന് പറഞ്ഞാൽ നമുക്കത് ഉൾക്കൊള്ളാം. എന്നാൽ തുടർച്ചയായി ഒരു എക്സ്-ഒഫിഷ്യോ അംഗത്തിന് മറ്റ് കർത്തവ്യങ്ങൾ ഉള്ളതുകൊണ്ട് ഇതിൽ പങ്കെടുക്കാൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള ആളുകളുടെ കർത്തവ്യങ്ങളിൽ ഏറ്റവും പ്രധാനമായി ഇക്കാര്യം തീരുമാനിക്കുന്നതിനുള്ള ഇടപെടൽകൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. നമ്മൾ കൊണ്ടുവന്നിരിക്കുന്ന അമെന്റ്മെന്റുകളിൽ ചില പ്രശ്നങ്ങളുണ്ട്. ഡാം സേഫ്റ്റി അതോറിറ്റിയുടെ യോഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. കാരണം, അവിടെയാണ് ഗൗരവതരമായ നിർദ്ദേശങ്ങളും ചർച്ചകളും ഉണ്ടാകേണ്ടതും അഭിപ്രായങ്ങൾ ഉയർന്നുവരേണ്ടതും.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഗവൺമെന്റ് കൊണ്ടുവരുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രതിപക്ഷാംഗങ്ങൾ സ്വാഗതം ചെയ്തതുമായ ഒരു അമെന്റ്മെന്റ് നമ്മുടെ നദിയോ ജലസംഭരണികളോ മലിനപ്പെടുത്തുന്ന ആളുകൾക്ക് 2 ലക്ഷം രൂപ പിഴ ചുമത്തുന്നതും മൂന്നുവർഷം വരെ തടവുശിക്ഷ നൽകുന്നതുമായി' ബന്ധപ്പെട്ടതാണ്. ആ അമെന്റ്മെന്റിനെ സ്വാഗതം ചെയ്യുകയാണ്. ജലസംഭരണികൾ ആര് മലിനമാക്കിയാലും നമുക്കൊരിക്കലും അവരോട് യോജിക്കാൻ കഴിയില്ല. അവർക്കെതിരെ കർശന നിയമമുണ്ടാകണം. ഞങ്ങളുടെ പ്രദേശങ്ങളിൽ, പല കോർപ്പറേഷനുകളിൽനിന്നും മുനിസിപ്പാലിറ്റികളിൽനിന്നും മാലിന്യങ്ങൾ കൊണ്ടുവരുന്ന വണ്ടികൾ തടഞ്ഞുവച്ച് ആളുകൾ ഞങ്ങളെ വിളിക്കാറുണ്ട്. നാലും അഞ്ചും വണ്ടികളാണ് മാലിന്യം ഡമ്പ് ചെയ്യുന്നതിനു വേണ്ടി കൊണ്ടുവരുന്നത്. പീരുമേടിന്റെ വിവിധ പ്രദേശങ്ങളിൽനിന്നാണ് ജലത്തിന്റെ ഉറവകൾ ആരംഭിക്കുന്നത്. ഈ വെള്ളം തന്നെയാണ് ബഹുഭൂരിപക്ഷം ആളുകളും പിന്നീട് കുടിക്കേണ്ടിവരിക എന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ മണിമലയാറിന്റെയും മറ്റുമൊക്കെ ഉത്ഭവകേന്ദ്രങ്ങളിൽ വേസ്റ്റ് കൊണ്ടുവന്ന് നിക്ഷേപിക്കുന്നതിന്റെ ഭാഗമായി അവിടെയുള്ള ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കാളുപരി ദൂരവ്യാപകമായി പല പ്രശ്നങ്ങളുമുണ്ടാക്കുന്നുണ്ട്. കുടിവെള്ളത്തിലടക്കം വേസ്റ്റ് കലരുന്നതിനാൽ രോഗങ്ങളുൾപ്പെടെ ഒട്ടനവധി പ്രശ്നങ്ങൾ വരുന്നുണ്ട്.

2008-ലാണ് ജലനയം വന്നത്. ഈ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവരുന്നതു പോലെതന്നെ നമ്മുടെ ജലനയത്തിലും കാലാനുസൃതമായി പരിഷ്കരണം വരുത്തി അവതരിപ്പിക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുണ്ടാകണം. ഒരു സമ്പൂർണ്ണ ജലസാക്ഷരതാ സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നതിന് അങ്ങേയ്ക്ക് കഴിയും എന്നുതന്നെയാണ് എന്റെ വിശ്വാസം. ഒരു സമ്പൂർണ്ണ ജലസാക്ഷരതാ സംസ്ഥാനം എന്ന പദവി നേടിയെടുക്കുന്നതിന് മറ്റ് സംസ്ഥാനങ്ങൾക്കൊക്കെ പ്രയാസമാണെങ്കിൽപ്പോലും കേരളത്തെ സംബന്ധിച്ചിടത്തോളം ആത്മാർത്ഥമായ ഇടപെടലുണ്ടെങ്കിൽ സാധിക്കും. അത് വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കണം. താൻമൂലമുണ്ടാകുന്ന വേസ്റ്റ് മാനേജ് ചെയ്യേണ്ടത് തന്റെ ഉത്തരവാദിത്വമാണെന്ന് കുട്ടികളെ പറഞ്ഞ് പഠിപ്പിക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതടക്കമുള്ള കാര്യങ്ങൾ കുട്ടികളുടെ സിലബസിന്റെ ഭാഗമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം. നമ്മുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതനുസരിച്ചുതന്നെ അതിന്റെ ഉപോൽപ്പന്നങ്ങളായി വേസ്റ്റുകളും ഉണ്ടായിക്കൊണ്ടിരിക്കും. ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ നിയമസഭാ സാമാജികർക്കുവേണ്ടി ക്രമീകരിച്ചിരുന്ന ശ്രീ. സുനിൽ സംവിധാനം ചെയ്ത 'അരകിറുക്കൻ' എന്ന സിനിമ യഥാർത്ഥത്തിൽ നമ്മളൊക്കെ ചെയ്തുകൊണ്ടിരിക്കുന്ന തെറ്റായ കാര്യങ്ങളിലേയ്ക്ക് നമ്മളെ കൊണ്ടെത്തിക്കുന്നതാണ്. കുറച്ച് നിയമസഭാംഗങ്ങൾ ആ സിനിമ ഇന്നലെ കണ്ടു. ആ സിനിമ കാണാൻ സാധിക്കാത്ത ആളുകൾ തീർച്ചയായും അത് കാണേണ്ടതാണ്. ജലത്തിന്റെ സോഴ്സിനെ അപകടപ്പെടുത്തിയാൽ നാട്ടിനുണ്ടാകുന്ന വിപത്ത് എത്രമാത്രം വലുതായിരിക്കുമെന്നതും ആളുകളുടെ സംസ്കാരത്തിനുതന്നെ വലിയ മാറ്റമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മികച്ച സന്ദേശം നൽകാൻ ആ സിനിമയ്ക്ക് കഴിയുന്നുണ്ട്. കഴിയുമെങ്കിൽ ജലവിഭവ വകുപ്പുമന്ത്രി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സ്ഥലങ്ങളിലും ഈ സിനിമ പ്രദർശിപ്പിക്കുന്നതിനും ആളുകളെ ബോധവൽക്കരിക്കുന്നതിനും ശ്രമം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തെ നദികൾ, കുളങ്ങൾ, ജലാശയങ്ങൾ, കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ഒട്ടനവധി തവണ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. കുഴൽക്കിണറുകളുടെ ജലനിരപ്പ് താഴ്ന്നുപോകുന്നുവെന്ന കാരണത്താൽ വേനൽക്കാലമായിക്കഴിഞ്ഞാൽ കുഴൽക്കിണർ കുഴിക്കാൻ പാടില്ലെന്ന നിരോധനാജ്ഞ വരുന്നുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കുടിവെള്ളത്തിന്റെ കാര്യത്തിൽ വലിയ ദാരിദ്ര്യം അനുഭവിക്കുന്ന ഒരു സംസ്ഥാനമായി നമ്മൾ പലപ്പോഴും മാറാറുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിലും ജലം നഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇന്ന് കേരളത്തിലെ പല സ്ഥലങ്ങളിലും ജീർണ്ണിച്ച പൈപ്പുകളിലൂടെ വളരെയധികം ജലം നഷ്ടപ്പെടുന്ന ഒരവസ്ഥയുണ്ട്. ആ പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് മെമ്പറുടെ അഭിപ്രായം എന്താണ് ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, പഴകി ദ്രവിച്ച പൈപ്പുകൾ മാറ്റേണ്ടതു സംബന്ധിച്ച് പ്രത്യേകിച്ചൊന്നും പറയേണ്ട കാര്യമില്ല. വെള്ളം നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിന് ഗൗരവതരമായ കരുതൽ വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പ്രധാനമായും ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള മൂന്ന് ഭേദഗതികളോടും യോജിക്കുകയാണ്. ഒപ്പംതന്നെ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്ന വിഷയങ്ങളിലും ഇടപെടലുണ്ടാകണം. ഒരു ജലനയം ഉണ്ടാകണം. സംസ്ഥാനത്തെ ജലസാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം. ഡാമുകളുമായി ബന്ധപ്പെട്ട് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള വിഷയത്തെ ഗൗരവതരമായി കണ്ട് 1895 മുതൽ 1965 വരെയുള്ള കാലഘട്ടങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഡാമുകളുടെ പഴക്കം പരിശോധിക്കുന്നതിനും ആ ഡാമുകൾ പുനർനിർമ്മിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഗൗരവതരമായിട്ടുള്ള ഇടപെടലുണ്ടാകണം. ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന, 'എന്തുകൊണ്ടാണ് മുല്ലപ്പെരിയാർ ഡാം പൊട്ടും പൊട്ടും എന്നുപറഞ്ഞിട്ട് പൊട്ടാത്തത് എന്ന ചോദിക്കുന്നവരോട് വേറെയൊന്നും പറയാനില്ല. 'പൊട്ടിയാൽ അത് ചോദിക്കാൻ നിങ്ങളാരും ഉണ്ടാവില്ല എന്നുള്ളതുകൊണ്ടാണ് അങ്ങനെ സംഭവിക്കാത്തത്. തമാശയ്ക്കാണെങ്കിലും ഏറെ ദുഃഖമുണ്ടാക്കുന്ന ഒരു പ്രയോഗമാണത്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കേരളത്തിന്റെ സമഗ്രമായ കുടിവെള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതും ഇത്തരം പദ്ധതികൾ സമഗ്രമായി നടപ്പിലാക്കുന്നതും ആവശ്യമാണ്. 'കടലാസ്സിൽ ഒതുക്കി നിർത്തിയാൽ ജനത്തിന്റെ ദാഹം മാറില്ലെന്ന' വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ പഴകി ദ്രവിച്ചുപോയ പൈപ്പുകൾ മാറ്റുന്നതിനും പമ്പിംഗ് മെയിൻ മാറ്റുന്നതിനും അതുമായി ബന്ധപ്പെട്ടുള്ള റോഡ് കട്ടിംഗിന്റെ പദ്ധതികളും നല്ല രീതിയിൽ ആസൂത്രണം ചെയ്തുപോകുന്ന ഒരു സ്ഥിതി ഈ രണ്ടുവർഷത്തിനുള്ളിൽ ബോധ്യപ്പെട്ടിട്ടുള്ളതായി അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. ഇക്കാര്യങ്ങൾക്കും ഡാമുകളുടെ പുനർനിർമ്മാണ കാര്യത്തിലടക്കം വകുപ്പുമന്ത്രിയുടെ ശക്തമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും എന്ന ഭേദഗതി ബില്ലിന്മേൽ ബഹുമാന്യരായ പി. ടി. തോമസും വി. ടി. ബൽറാമും പറഞ്ഞ വിയോജിപ്പ് ഞാനും രേഖപ്പെടുത്തുകയാണ്. നേരത്തെ ഇവിടെ ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. അതൊരു പതിമൂന്നംഗ കമ്മിറ്റിയാണ്. ഹൈക്കോടതിയിൽനിന്നും റിട്ടയർ ചെയ്ത ജഡ്ജി അതോറിറ്റിയുടെ ചെയർമാനായിരിക്കണമെന്നുണ്ട്. അതുപോലെ ജലവിഭവ വകുപ്പ് സെക്രട്ടറിയും ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ ചീഫ് എഞ്ചിനീയറും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലവിഭവ വകുപ്പിന്റെ മറ്റ് രണ്ട് ചീഫ് എഞ്ചിനീയർമാരും എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സെൻട്രൽ വാട്ടർ കമ്മീഷൻ ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ, സർക്കാർ നാമനിർദ്ദേശം—ചെയ്യുന്ന ജലവിഭവങ്ങളുടെയും ഡാമുകളുടെയും സംരക്ഷണ മേഖലയിലെ രണ്ട് വിദഗ്ദ്ധർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഭൂഗർഭ ശാസ്ത്രജ്ഞൻ, ഡയറക്ടർ, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്) എക്സ് ഒഫിഷ്യോ തുടങ്ങിയവരാണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ. ഈ ബില്ലിൽ അതോറിറ്റിയുടെ യോഗത്തിന്റെ ക്വാറം നാലായി ചുരുക്കിയിരിക്കുകയാണ്. ഞാൻ ചോദിക്കുന്നത് ഇത്ര പ്രധാനപ്പെട്ട, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ എന്തുകൊണ്ട് മീറ്റിംഗുകളിൽ യഥാസമയം പങ്കെടുക്കുന്നില്ല? വർഷത്തിൽ ഒന്നോ രണ്ടോ തവണയൊക്കെയാണ് മീറ്റിംഗ് കൂടുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുവാനുള്ള ആർജ്ജവം സർക്കാരിന് ഇല്ലാത്തതുകൊണ്ടാണ് ക്വാറം നാലാക്കി ചുരുക്കിയത്. അത് ഈ സർക്കാരിന്റെ പരാജയമായിത്തന്നെ നമുക്ക് കണക്കാക്കാൻ സാധിക്കും. അതുകൊണ്ട് ഈ ഭേദഗതി തിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഈ മീറ്റിംഗുകളിൽ വരുത്താനുള്ള ആർജ്ജവം കാണിച്ച് പഴയ

രീതിയിൽത്തന്നെ തുടരണം. ഡാം സുരക്ഷാ അതോറിറ്റിയിൽ ഐ.ജി. റാങ്കിലുള്ള ഒരുദ്യോഗസ്ഥനെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനൊന്നും തർക്കമില്ല. പക്ഷെ, ഇത് രണ്ടോ മൂന്നോ നാലോപേർ കൂടിയിരുന്ന് തീരുമാനിക്കേണ്ടൊരു വിഷയമല്ല. എറണാകുളം ജില്ലയടക്കം ആലുവയിൽ പെരിയാറിന്റെ തീരത്തുകിടക്കുന്ന ഞങ്ങളൊക്കെ മുല്ലപ്പെരിയാർ ഡാം പൊട്ടുമെന്ന ഭീതിയിലാണ്. പൊട്ടുമോ പൊട്ടില്ലേയെന്നൊന്നും നമുക്കറിയില്ല, ഇതുവരെയും പൊട്ടിയില്ല. മുല്ലപ്പെരിയാർ ഡാം പൊട്ടും പൊട്ടും എന്നുപറഞ്ഞിട്ടും നമ്മുടെ ഡാം പണിയുന്നില്ല. അവിടെ വലിയ സമരങ്ങൾ നടന്നു, ബഹുമാനപ്പെട്ട ഇ. എസ്. ബിജിമോൾ അടക്കമുള്ളവർ സമരരംഗത്തുണ്ടായിരുന്നു. ഇന്നും ആ ഡാം പൊട്ടാതിരിക്കുന്നത് നമ്മുടെ ഭാഗ്യം കൊണ്ടാണ്. പക്ഷെ ഇക്കാര്യത്തിൽ മുഖ്യമന്ത്രിക്ക് പ്രത്യേക അഭിപ്രായമുണ്ട്. പുതിയ ഡാം വേണ്ട എന്നൊരു നിലപാടിലേയ്ക്ക് പോകുന്ന സാഹചര്യമാണുണ്ടായത്. അതിന്റെ കാരണം എന്താണെന്ന് നമുക്കറിയില്ല. പല ഡാമുകൾക്കും ശോചനീയാവസ്ഥ ഉണ്ടെങ്കിലും മുല്ലപ്പെരിയാറിന് പുതിയൊരു ഡാം നിർമ്മിക്കണമെന്ന് കേരളത്തിലെ ജനങ്ങളും പൊതുസമൂഹവും ആഗ്രഹിക്കുന്നു. അവിടെ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത, അതിനുവേണ്ടിയുള്ള തയ്യാറെടുപ്പോ അല്ലെങ്കിൽ അതിനുള്ള നിർദ്ദേശങ്ങളോ നൽകാൻ ഡാം സേഫ്റ്റി കമ്മിറ്റി തയ്യാറാകുന്നില്ലയെന്നതിന്റെ ഉദാഹരണമാണ്. ശ്രീമതി ഇ. എസ്. ബിജിമോൾ പല ഡാമുകളുടെയും അവസ്ഥ ഇവിടെ സൂചിപ്പിച്ചു. അതിൽ പ്രധാനപ്പെട്ടതാണ് മുല്ലപ്പെരിയാർ ഡാം. മുല്ലപ്പെരിയാർ ഡാമിന് എന്തെങ്കിലും സംഭവിച്ചാൽ എറണാകുളം ജില്ലയിൽ വലിയ പ്രശ്നങ്ങളുണ്ടാകും. അതുകൊണ്ട് മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയൊരു ഡാം നിർമ്മിക്കുവാൻ ഗവൺമെന്റ് ആർജ്ജവം കാണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ 44 നദികളും 27 കായലുകളും 18,600-ൽപ്പരം കുളങ്ങളും മുപ്പത് ലക്ഷത്തിൽപ്പരം കിണറുകളും ജലസ്രോതസ്സുകളുമുണ്ടായിട്ടും ഇപ്പോൾ ജലസുരക്ഷയില്ലാത്ത അവസ്ഥയാണ്. പണ്ട് നമുക്ക് ആവശ്യത്തിൽ കൂടുതൽ വെള്ളമുണ്ടായിരുന്നപ്പോൾ മറ്റ് സംസ്ഥാനങ്ങളെ സഹായിക്കാനായി കരാറുകളുണ്ടാക്കി അവർക്ക് വെള്ളം കൊടുത്തിരുന്നു. പക്ഷെ ഇന്ന് നമ്മുടെ ജലസ്രോതസ്സുകളൊക്കെ വലിയ പ്രശ്നത്തിലായതുകാരണം സുലഭമായി വെള്ളം കിട്ടാത്തതുകൊണ്ട് നമ്മളൊന്ന് പുനർചിന്തനം നടത്തുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ നമുക്ക് വെള്ളമില്ല, നമുക്കില്ലാത്ത വെള്ളം എന്തിന് കൊടുക്കണം? അതുകൊണ്ട് ഈ കരാറുകൾ തിരുത്തി കേരളത്തിലെ ജനങ്ങൾക്ക് വെള്ളം കിട്ടാനുള്ള സാഹചര്യമൊരുക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാവേരി ട്രിബ്യൂണൽ വിധി പ്രകാരം നമുക്ക് 30 ടി.എം.സി. വെള്ളം അനുവദിച്ച് കിട്ടിയശേഷം ഭവാനിപ്പുഴയിൽ ചെക്ക് ഡാം നിർമ്മിക്കാൻ പോയപ്പോൾ തമിഴ്നാട്ടിൽനിന്ന് മുഴുവൻ ആളുകളും ജനപ്രതിനിധികളും അതിനെ എതിർക്കാൻ വന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മൾ എന്ത് ചെയ്താലും അവർ എതിർക്കാൻ വരുമെന്ന് പേടിച്ച് മാറി നിൽക്കുന്ന ഒരവസ്ഥ വരാതെ മുന്നോട്ടുപോകണം. കാവേരിയിൽ നിന്നും നമുക്ക് കിട്ടിയ 30 ടി.എം.സി. വെള്ളം ഇപ്പോൾ ഉപയോഗിക്കാൻ കഴിയാത്തൊരു സ്ഥിതിയാണ്. ആകെ 5 ടി.എം.സി. വെള്ളം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങയുടെ പാർട്ടിയുടെ അഭിപ്രായമെന്താണ്?

ശ്രീ. അൻവർ സാദത്ത്: സർ, പാർട്ടിയുടെ അഭിപ്രായം പറയാൻ ഞാനാളല്ല. ഈ വിഷയത്തിൽ അങ്ങനെ ആരെങ്കിലും തടയുന്നുണ്ടെങ്കിൽ അതിനല്ലേ ഗവൺമെന്റുള്ളത്. ഞങ്ങൾ ശരിയാകാത്തതുകൊണ്ടാണല്ലോ എല്ലാം ശരിയാക്കിത്തരാമെന്ന് പറഞ്ഞ് നിങ്ങൾ വന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. മന്ത്രിയോടും ഗവൺമെന്റിനോടും ഇത് പറയണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത് നേടാൻ നമ്മൾ എല്ലാവരുംകൂടി ഒന്നിച്ചുനിൽക്കേണ്ടതാണ്. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് പറഞ്ഞതുപോലെ വളരെ പ്രസക്തമായ വിഷയം തന്നെയാണ്. കേരളം ഒറ്റക്കെട്ടായി ഒരുമിച്ചുനിന്ന് നേടിയെടുത്താൽ മാത്രമേ അത് സാധ്യമാകുകയുള്ളൂ. അതിന് ഉദ്യോഗസ്ഥതലത്തിലുള്ള ചർച്ചകൾ മാത്രം മതിയാകില്ല. ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കുന്നതിന് ആ സ്റ്റേറ്റിന്റെ ചീഫ് മിനിസ്റ്റർ ഉൾപ്പെടെയുള്ള ആളുകളെ കണ്ട് ചർച്ച ചെയ്യുകയോ നിയമസഭ ഒരുമിച്ച് പ്രമേയം പാസ്സാക്കുകയോ അത്തരത്തിൽ ഒറ്റക്കെട്ടായ ശ്രമം തന്നെയാണ് വേണ്ടത്. കത്തിലൂടെയോ, അല്ലെങ്കിൽ കത്തയച്ചിട്ട് മറുപടിക്ക് കാത്തിരിക്കുന്നതിലൂടെയോ, ഏതെങ്കിലും ഉദ്യോഗസ്ഥനെ പറഞ്ഞയച്ച് ഒരു ചർച്ചയ്ക്ക് വഴിവയ്ക്കണമെന്നോ പറഞ്ഞിരിക്കുന്നതിൽ കാര്യമില്ല. ഈ വെള്ളം ഇവിടേയ്ക്ക് എത്താത്തതും ലഭിക്കാത്തതും അല്ലെങ്കിൽ ലഭിച്ച വെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത തരത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതും വളരെ ഗൗരവതരമായ പ്രശ്നംതന്നെയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തമിഴ്നാട് ഇറിഗേഷന്റെ പ്ലാനിൽ കേരളം ഉപയോഗിക്കാത്ത വെള്ളം ഉപയോഗിച്ച് 14,500 കോടി രൂപയുടെ പ്രോജക്ടാണ് ഇപ്പോൾ അവർ കൊണ്ടുവരുന്നത്. അപ്പോൾ ഭരണപക്ഷവും പ്രതിപക്ഷവുംകൂടി ശക്തമായി ഇടപെട്ടില്ലെങ്കിൽ നമ്മുടെ വെള്ളം മുഴുവൻ നഷ്ടമാകും. ചാലിയാറിലേയ്ക്ക് വെള്ളം വരുന്നതിനുമുകളിലും ഇപ്പോൾ അവർ ഡാം കെട്ടിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്ക് അന്വേഷിക്കാൻ പോയവർക്ക് അങ്ങനെ ഇല്ലായെന്നാണ് റിപ്പോർട്ട് കിട്ടിയത്. പക്ഷെ അത് ശരിയല്ല, അവിടെ അവർ ഡാം കെട്ടുകയാണ്. തമിഴ്നാട് ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ല. നമ്മളിവിടെ ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇറിഗേഷന്റെ പേരിൽ കാലങ്ങൾക്കുമുമ്പ് നാം അനുവദിച്ച കരാർ ഇപ്പോൾ ഇലക്ട്രിസിറ്റി ക്രിയേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തമിഴ്നാട് ഉപയോഗപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. നമ്മൾ കൊടുക്കാനുള്ള ഒരു മില്ലി ലിറ്റർ വെള്ളംപോലും ഇതുവരെ കൊടുക്കാതിരുന്നിട്ടില്ല. മാത്രമല്ല, ആളിയാർ, കണ്ണാടിപ്പുഴ ഉൾപ്പെടെയുള്ള ഇടങ്ങളിൽ കൃത്യസമയത്ത് വെള്ളം അനുവദിച്ചുതരാത്ത സാഹചര്യവുമുണ്ട്. ഇത് വളരെ ഗൗരവതരമായ വിഷയംതന്നെയാണ്. ഞങ്ങളെല്ലാവരും ആവർത്തിക്കുന്നു, ഇത് ഉദ്യോഗസ്ഥ തലത്തിലൊരു ചർച്ചകൊണ്ടോ, കേവലം കത്തയയ്ക്കുന്നതുകൊണ്ടോ പരിഹാരമാകില്ല. വലിയ ഇനിഷ്യേറ്റീവെടുത്ത് മുഖ്യമന്ത്രി തലത്തിൽ ചർച്ച ചെയ്യാനുള്ള സമ്മർദ്ദം നിർബന്ധമായും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. അതിന് കേരളത്തിലെ എല്ലാ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും ഈ സഭയിലെ എല്ലാവരുടേയും പിന്തുണ ഉണ്ടാവുകയും ചെയ്യും.

ശ്രീ. അൻവർ സാദത്ത്: സർ, പാലക്കാടുള്ള അംഗങ്ങൾ പറയുന്നത് ഏറ്റവും അനിവാര്യമായ കാര്യംതന്നെയാണ്. ഇന്ന് ലോകം നേരിടാൻപോകുന്ന ഏറ്റവും വലിയ വിപത്ത്, ഇനിയൊരു മഹായുദ്ധമുണ്ടാകുകയാണെങ്കിൽ ഒരുപക്ഷേ വെള്ളത്തിനുവേണ്ടിയാണെന്നാണ് പറയുന്നത്. അത്ര ഭയാനകമായൊരു അവസ്ഥയിൽ നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് എന്താണ് അതിനൊരു മാർഗ്ഗമെന്ന് കണ്ടുപിടിക്കണം. അതിന് രാഷ്ട്രീയമോ മറ്റ് ചിന്താഗതിയോ ഒന്നുമില്ല.

4.00 PM]

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിന് പണ്ട് ധാരാളം വെള്ളമുണ്ടായിരുന്നു, അത്രയും വെള്ളം ആവശ്യമില്ലാത്ത കാലഘട്ടത്തിലാണ് സംസ്ഥാനം വെള്ളം വിട്ടുകൊടുത്തതെന്ന രീതിയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുകയുണ്ടായി. എന്നാൽ സത്യം അതല്ല, ചരിത്രരേഖയിലുള്ളതാണ്. പറമ്പിക്കുളം-ആളിയാർ കരാറുണ്ടാക്കുന്ന കാലഘട്ടത്തിൽ കോൺഗ്രസ് നേതാവായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ 'വീക്കിലി കേരള' എന്ന ഇംഗ്ലീഷ് വീക്കിലിയിൽ കാർട്ടൂണിസ്റ്റുകൂടിയായിരുന്ന മലയാറ്റൂർ രാമകൃഷ്ണന്റെ ഒരു കഴുകൻ പറന്നുവരുന്ന ചിത്രമുള്ള 'ഫാമിൻ' എന്ന കാർട്ടൂൺ ഉദ്ധരിച്ചുകൊണ്ട് ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ആ ലേഖനത്തിൽ, കേരളത്തിന് അധികം വെള്ളം ഇല്ല, അതുകൊണ്ട് ഈ കരാറിലേർപ്പെടുന്നത് വലിയൊരു ദുരന്തം ഉണ്ടാക്കുമെന്നും കുട്ടനാട് അടക്കമുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതിന് ഇത് ഇടയാക്കുമെന്നുമാണ് ഉദ്ധരിച്ചിരിക്കുന്നത്. ഭാവിയിൽ ചാലക്കുടി പുഴയിലും പെരിയാറിലുമുണ്ടാകുന്ന പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് അന്നുതന്നെ രണ്ടുമൂന്ന് ലേഖനങ്ങൾ പനമ്പിള്ളി ഗോവിന്ദമേനോൻ എഴുതിയിരുന്നു. അതോടൊപ്പം ഒരു കാര്യംകൂടി പറയാം; നമ്മളെല്ലാം ഏകാധിപതിയായും കുറ്റവാളിയായും ചിത്രീകരിച്ചിട്ടുള്ള, അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏകാധിപത്യ പ്രവണതകളെ എതിർക്കുമ്പോൾത്തന്നെ മുല്ലപ്പെരിയാറിലെ വെള്ളം കുടിക്കാൻപോലും കൊടുക്കാൻ പാടില്ലെന്ന് സുപ്രീംകോടതിയിൽ അന്നത്തെ ട്രിബ്യൂണലിനുമുമ്പിൽ സർ സി. പി. രാമസ്വാമി അയ്യർ ശക്തമായി വാദിച്ചിരുന്നു എന്ന വസ്തുതയും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ശ്രീ. പി. ടി. തോമസിനെപ്പോലെയുള്ള ആളുകൾ പറയുന്ന ചരിത്രം യാഥാർത്ഥ്യം തന്നെയാണ്. നിയമം ലംഘിക്കുന്നവർക്ക് മൂന്ന് വർഷംവരെ തടവും രണ്ട് ലക്ഷം രൂപ പിഴയും അല്ലെങ്കിൽ രണ്ടും എന്ന രീതിയിലുള്ള ശിക്ഷ വ്യത്യസ്തമായി വന്നിട്ടുണ്ട്. ഇവിടെ നിയമങ്ങൾ എത്രയുണ്ടായാലും അത് നടപ്പാക്കുന്ന രീതി വളരെ പ്രധാനപ്പെട്ടതാണ്. ജലാശയങ്ങളിൽ മാലിന്യം തള്ളുന്നത് പലപ്പോഴും രാത്രിയുടെ മറവിൽ രഹസ്യമായിട്ടാണ്. അതുകൊണ്ട് കുറ്റം ചെയ്യുന്നവർ ശ്രദ്ധയിൽപ്പെടാതെ പോകുന്നു. പോലീസ് സ്വമേധയാ കേസെടുക്കുന്ന രീതിയാണോ അതോ പരാതി ലഭിച്ചാൽ മാത്രമേ കേസെടുക്കാൻ പാടുള്ളൂ എന്നാണോ നിയമത്തിലുള്ളത്? കൊഗ്നൈസബിൾ അല്ലെങ്കിൽ നോൺ-കൊഗ്നൈസബിൾ ഒഫൻസാണോ

എന്നതിനെക്കുറിച്ചും അറിയില്ല. ഏതായാലും മാലിന്യം നിക്ഷേപിച്ചോ എന്ന് അന്വേഷിച്ചുനടന്ന് പോലീസ് കേസ്സെടുക്കില്ല. ആരെങ്കിലും പരാതി നൽകിയാൽ മാത്രമേ കേസ്സെടുക്കാൻ സാധ്യതയുള്ളൂ. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് രാത്രിയിലായതിനാൽ കണ്ടുപിടിക്കുക എളുപ്പമല്ല. സ്വാഭാവികമായും ഇത്തരം കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നത് അപൂർവ്വമാണ്. കേസ്സെടുക്കുമെങ്കിലും വ്യക്തമായ തെളിവുകളില്ലാത്തതിനാൽ അവർ രക്ഷപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇങ്ങനെയുള്ള ആളുകൾക്ക് വീണ്ടും നമ്മുടെ ജലാശയങ്ങൾ മലിനമാക്കാനുള്ള പ്രേരണയുണ്ടാകുന്ന സാഹചര്യമാണുള്ളത്.

അതുപോലെ വാട്ടർ അതോറിറ്റിയിൽ ധാരാളം മാറ്റങ്ങൾ വരുത്തേണ്ട ആവശ്യമുണ്ട്. നല്ല കമ്മിറ്റ്മെന്റോടുകൂടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിലായാലും ഇറിഗേഷനിലായാലും ചില ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മ ജനങ്ങളുടെ പ്രതിഷേധത്തിന് ഇടയാക്കുന്നുണ്ട്. അങ്ങനെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ, അങ്ങനെയുള്ള പുഴക്കുത്തുകളെ കണ്ടുപിടിച്ച് കർശന നിർദ്ദേശം നൽകുകയോ, കർശന നടപടിയിലേയ്ക്ക് പോവുകയോ ചെയ്താൽ മാത്രമേ ഇത് നേരെയാവുകയുള്ളൂ. അല്ലെങ്കിൽ അവരെ സസ്പെന്റ് ചെയ്യുകയോ കർശന നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഡ്യൂട്ടി ചെയ്യിപ്പിക്കാനുള്ള സാഹചര്യമോ ഉണ്ടാക്കണം. പലപ്പോഴും പല ആളുകളും വളരെ ഉദാസീനമായി പ്രവർത്തിക്കുന്നുണ്ട്. അതൊക്കെ ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കണം.

കാലപ്പഴക്കംചെന്ന പൈപ്പുകളാണ് ഇപ്പോഴുമുള്ളത്. ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് വെള്ളം ഉയർന്ന പ്രഷറിൽ എത്തുമ്പോൾ പൈപ്പ് പൊട്ടുകയും വെള്ളം ഒഴുകിപ്പോവുകയും കുടിവെള്ളം കിട്ടാതെ വരികയും ചെയ്യും. കൂടാതെ റോഡുകളും താറുമാറാകും. ഇതൊക്കെ വലിയ പോരായ്മകളാണ്. ഈ ഗവൺമെന്റ് വന്നപ്പോൾ മാത്രമല്ല, വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണിത്. ഞങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും എന്റെയും ഇവിടെ ഇരിക്കുന്ന പല അംഗങ്ങളുടെയും നിയോജകമണ്ഡലങ്ങളിൽ വെള്ളം പാഴായിപ്പോകാതെയും റോഡുകൾ പൊളിഞ്ഞുപോകാതെയുമിരിക്കുന്നതിന് ഇത്തരത്തിലുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പ് കൂടുതൽ ഫണ്ട് അനുവദിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വിദേശത്തുള്ള പെട്രോളിന്റെ സാധ്യത പോലെ കേരളത്തിനുണ്ടായിരുന്ന ഏറ്റവും വലിയ അവസരമായിരുന്നു വെള്ളം സംഭരിച്ച് കൊടുക്കാൻ കഴിയുകയെന്നത്. കേരളത്തിൽ ഈ സാധ്യത

പ്രയോജനപ്പെടുത്തിയാൽ വിദേശങ്ങളിൽ നിന്ന് പെട്രോൾ ഇറക്കുമതി ചെയ്യുന്നതുപോലെ ഇവിടെനിന്ന് വെള്ളം കയറ്റുമതി ചെയ്യാനുള്ള സാധ്യതയുണ്ടാകുമായിരുന്നു. ഈ സമയത്ത് അതിനെപ്പറ്റി ആലോചിക്കുമ്പോൾ അതിശയോക്തി തോന്നാം. മഴവെള്ളം സംഭരിച്ച് അത് ബോട്ടിലുകളിലാക്കി നൽകുന്നതിനുള്ള സാധ്യത സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. അൻവർ സാദത്ത്: സർ, നമ്മൾ വേണ്ട രീതിയിൽ ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയാൽ ജലം കയറ്റുമതി ചെയ്യാനുള്ള സംവിധാനമുണ്ടാകും. ഇന്ന് നമ്മുടെ പല പുഴകളിലും അരുവികളിലും കയ്യേറ്റം നടന്നിരിക്കുകയാണ്. കൂടാതെ ചെറിയ തോടുകളെ പ്രമാണിമാർ കയ്യേറി അധീനതയിൽ ആക്കിക്കൊണ്ടിരിക്കുകയാണ്. തോടുകൾ ചെറുതാവുകയും നീരൊഴുക്ക് കുറയുകയും ചെയ്യുന്നു. ജനപ്രതിനിധികളെയും രാഷ്ട്രീയപാർട്ടികളെയും സംയോജിപ്പിച്ച് ഇത്തരത്തിലുള്ള കയ്യേറ്റം കണ്ടുപിടിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും സുഗമമായ നീരൊഴുക്കിന് സാഹചര്യമുണ്ടാക്കുകയും ചെയ്താൽ ഈ പ്രശ്നത്തിന് വലിയ പരിഹാരമുണ്ടാക്കാൻ സാധിക്കും.

ശ്രീ. കെ കൃഷ്ണൻകുട്ടി: സർ, വെള്ളം സംരക്ഷിക്കുന്നതിനെപ്പറ്റി പറഞ്ഞു. കേരളത്തിൽ 3000 ടി.എം.സി. വെള്ളമാണ് ഈൽഡുള്ളത്. അതിൽ 1500 ടി.എം.സി. വെള്ളം ഉപയോഗിക്കാൻ കഴിയുമെങ്കിലും നമ്മൾ ആകെ 300 ടി.എം.സി വെള്ളമാണ് ഉപയോഗിക്കുന്നത്. ബാക്കിയുള്ള വെള്ളം ഒഴുക്കിക്കളയുകയാണെന്ന ധാരണയിൽ കേന്ദ്ര ഗവൺമെന്റ് പുതുതായി കൊണ്ടുവരുന്ന നിയമനിർമ്മാണത്തിൽ അധികം വരുന്ന വെള്ളത്തെ എവിടേയ്ക്ക് വേണമെങ്കിലും തിരിച്ചുവിടാനുള്ള അധികാരമാണ് ഏറ്റെടുക്കാൻ പോകുന്നത്. അത് നമ്മൾ ഒരുമിച്ചുനിന്ന് ചെറുത്തില്ലെങ്കിൽ നമ്മുടെ പമ്പാ-അച്ചൻ കോവിലാർ ഉൾപ്പെടെ പല നദികളും നഷ്ടമാകാൻ സാധ്യതയുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, തീർച്ചയായും നമുക്ക് കിട്ടേണ്ട അവകാശം നഷ്ടപ്പെടുന്ന സാഹചര്യം കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുണ്ടാകാൻ പോകുകയാണ്. നമ്മൾ അത് ഒറ്റക്കെട്ടായി നേരിടണം. ഏത് ഗവൺമെന്റായാലും ഉണർന്നു പ്രവർത്തിക്കേണ്ടത് ഇത്തരം സാഹചര്യത്തിലാണ്. നമ്മുടെ ജലം നഷ്ടപ്പെടാതിരിക്കാൻ വലിയ പ്രോജക്ടുകൾ കൊണ്ടുവരണം. കേന്ദ്ര ഗവൺമെന്റ് രാഷ്ട്രീയ വിവേചനം കാണിക്കുന്നതിന് അവസരം നോക്കിയിരിക്കുകയാണ്. നമ്മളിൽ നിന്നും അവർ അത് തട്ടിയെടുക്കാൻ ശ്രമിക്കും.

സംസ്ഥാനത്ത് വിൽക്കുന്ന പല കുപ്പിവെള്ളത്തിലും മാലിന്യം കലർന്നതായ റിപ്പോർട്ടുണ്ട്. മാലിന്യം കലർന്നതായി പരാതി ലഭിക്കുമ്പോൾ ഈ കുപ്പികളിലുള്ള വെള്ളം പരിശോധിച്ച് ഫലം വരുമ്പോഴേയ്ക്കും നിലവിലുള്ള കുപ്പിവെള്ളമൊക്കെ വിറ്റുപോകുന്ന സാഹചര്യമുണ്ടാകും. അത് പരിശോധിച്ച് എത്രയുംവേഗം നിയന്ത്രിക്കാനുള്ള ഒരു സാഹചര്യമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാർ ഒഴുകുന്നത് എന്റെ മണ്ഡലത്തിലൂടെയാണ്. പെരിയാർ മലിനീകരണ നിയന്ത്രണ അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സഭയുടെ ആരംഭഘട്ടത്തിൽത്തന്നെ ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഒരു ബോഡി രൂപീകരിക്കണമെന്നാണ് ഞാൻ അന്ന് ആവശ്യപ്പെട്ടത്. കാരണം ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നായ കൊച്ചി നഗരം മുഴുവൻ ഈ പെരിയാറിലെ വെള്ളമാണ് കുടിക്കുന്നത്. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതിന് യാതൊരു അനുകൂല മറുപടിയുമുണ്ടായില്ല. ജലസംരക്ഷണം ഒരു ജീവിതരീതിയാണ്. നിയമങ്ങൾ കൊണ്ട് ഇതൊക്കെ ഒരു പരിധിവരെ സാധ്യമാകുകയുള്ളൂ. ജനങ്ങൾ സ്വയം നിയന്ത്രിച്ചാൽ മാത്രമേ ജലസംരക്ഷണ മുണ്ടാകുകയുള്ളൂ, അത് യാഥാർത്ഥ്യം തന്നെയാണ്. അതുകൊണ്ട് പെരിയാർ സംരക്ഷിക്കാനുള്ള നടപടി എത്രയും വേഗമുണ്ടാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. ഞാൻ ദീർഘമായി കടന്നുപോകുന്നില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് പാലക്കാട് ജില്ലയിലെ ഒരു കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടാണ് ചോദിക്കാനുള്ളത്. ബഹുമാനപ്പെട്ട എ. കെ. ബാലൻ മന്ത്രിയുടെ നിയോജകമണ്ഡലത്തിലെ തരൂർ, കോട്ടായി പഞ്ചായത്തുകൾ, പാലക്കാട് നിയോജകമണ്ഡലത്തിലെ മാത്തൂർ-പിരായിരി പഞ്ചായത്ത്, ഈ പഞ്ചായത്തുകൾ ടൈ ചെയ്തുകൊണ്ട് ഏതാണ്ട് 88-89 വാർഡുകളിലെ ജനങ്ങൾക്ക് ഗുണം കിട്ടേണ്ട ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ്. ആദ്യം നിയമസഭയിൽ സബ്മിഷനിലും പിന്നീട് സെക്രട്ടേറിയറ്റിലെ അങ്ങയുടെ ചേംബറിൽ കഴിഞ്ഞ ജനുവരിയിൽ എം.എൽ.എ. മാർക്കായി വിളിച്ചുചേർത്ത മീറ്റിംഗിലും ഭരണാനുമതി നൽകുമെന്ന് അങ്ങ് ഉറപ്പുനൽകിയതുമാണ്. പാലക്കാട് കുടിവെള്ളത്തിന് വളരെ പ്രയാസമനുഭവപ്പെടുന്ന പ്രദേശമാണെന്ന് അങ്ങേയ്ക്കറിയാം. ഇത്രയും വലിയ ഒരു

ഭൂപ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന കാര്യത്തിൽ വലിയ പ്രയാസം നേരിടുകയാണ്. അതുകൊണ്ട് ദയവായി അങ്ങ് ഇടപെട്ട് ആ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് നടപടിയാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പാലക്കാട് ജില്ല ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും കുടിവെള്ളത്തിന് രൂക്ഷമായ പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമായതിനാൽ അദ്ദേഹം അക്കാര്യത്തിൽ ഇടപെടും. മുൻ ചിറ്റൂർ എം.എൽ.എ. ശ്രീ. കെ. അച്ചുതൻ ഉള്ളപ്പോൾ നിരവധി തവണ ഇത് സംബന്ധിച്ച് കേട്ടിട്ടുള്ളതാണ്.

ഇപ്പോൾ ജലനിധിയുടെ ഒരു പദ്ധതി എന്റെ മണ്ഡലത്തിൽ ലഭിച്ചെങ്കിലും വാട്ടർ ടാങ്ക് വയ്ക്കാനുള്ള ഭൂമി കിട്ടാത്തതുകൊണ്ട് അത് നടപ്പിലാക്കാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം 'സിയാൽ' ഫണ്ട് തരാമെന്ന് പറഞ്ഞെങ്കിലും ഭൂമി കിട്ടാത്ത അവസ്ഥയാണ്. കാഞ്ഞൂർ പഞ്ചായത്തിൽ ഭൂമിയുണ്ടായിരുന്നില്ല. രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി നമുക്ക് കിട്ടിയില്ല. ഒരു വ്യക്തി 20 സെന്റ് സ്ഥലം വിട്ടുതരാമെന്ന് പറഞ്ഞിട്ടുണ്ട്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ സ്ഥലം ഉണ്ട്. അത് ലഭ്യമാകുന്നതിനുവേണ്ടി റിക്വസ്റ്റ് കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇടപെട്ട് പ്രസ്തുത സ്ഥലം വിട്ടുതന്നാൽ ജലനിധി പദ്ധതി എത്രയുംവേഗം നടപ്പിലാക്കാൻ സാധിക്കും. അത് നടപ്പിലായിക്കഴിഞ്ഞാൽ വലിയൊരു ആശ്വാസമാകും.

ശ്രീ. പി. ഉബൈദുള്ള: സർ, അങ്ങ് എല്ലാ പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. കഴിഞ്ഞ മൂന്നുമാസമായി എന്റെ വീട്ടിൽ വെള്ളം ലഭിക്കുന്നില്ല. അവിടെ റോഡിന്റെ പണിക്കുവേണ്ടി ട്രഞ്ച് കുഴിച്ചപ്പോൾ പൈപ്പ് പൊട്ടി. പൈപ്പ് റീപ്ലേസ് ചെയ്യാൻ വാട്ടർ അതോറിറ്റിയുടെ കയ്യിൽ ഫണ്ടില്ലെന്നുപറഞ്ഞ് അതങ്ങനെ കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ട കാര്യമായതിനാൽ അങ്ങ് റെക്കമെന്റ് ചെയ്യുമോ?

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മന്ത്രി അത് കേട്ടുകാണും. ഒരു നിയമസഭാംഗത്തിന്റെ വീട്ടിൽ വെള്ളം കിട്ടുന്നില്ല എന്നാൽ അതിന്റെ അവസ്ഥ ആലോചിച്ചുനോക്കണം.

ശ്രീ. അനിൽ അക്കര: സർ, പല പ്രദേശത്തും പൈപ്പ് ലൈനുകൾ മാറ്റുന്നതിനുവേണ്ടി റോഡുകൾ മുഴുവൻ പൈപ്പുകൾ കൂട്ടിയിട്ടിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി.യുടെ അനുമതിയില്ലാതെ പൈപ്പുകൾ മാറ്റാൻ സാധിക്കാത്തത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, ചിലപ്പോൾ പി.ഡബ്ല്യൂ.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ശീതസമരമുണ്ടാകാറുണ്ട്, ചില സമയത്ത് ഈഗോ വർക്കൗട്ട് ചെയ്യും, പരസ്പരം എസ്റ്റിമേറ്റ് കൊടുക്കാൻ വൈകും. പല വർക്കുകളിലും ഇവർ രണ്ടുകൂട്ടരും തമ്മിലുള്ള പ്രശ്നത്തിന് ബലിയാടാകുന്നത് പാവപ്പെട്ട ജനങ്ങളാണ്. ഇത് എല്ലാ മണ്ഡലത്തിലും നടക്കുന്ന ഒരു കാര്യമാണ്, ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് അങ്ങ് ഇടപെടണമെന്നാണ് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്.

ഇവിടെ പ്രത്യേകിച്ച് രാഷ്ട്രീയം അധികം പറയാനില്ല. കോൺഗ്രസ്സിന് ക്ഷീണകാലഘട്ടവും നല്ല കാലഘട്ടവുമൊക്കെയുണ്ടായിട്ടുണ്ട്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജയിച്ചുവെന്നുവച്ച് നിങ്ങൾ അഹങ്കരിക്കേണ്ട ആവശ്യമില്ല. ഞങ്ങളും ഭരണത്തിലിരുന്നപ്പോൾ സ്വാഭാവികമായും രണ്ടുമൂന്ന് ഉപതെരഞ്ഞെടുപ്പിൽ ജയിച്ചപ്പോൾ ഞങ്ങൾക്കും ആത്മവിശ്വാസം കൂടി. അതാണ് ഞങ്ങൾ ഇപ്പുറത്ത് ഇരിക്കേണ്ട സാഹചര്യം വന്നത്. നിങ്ങൾക്ക് അധികം ആത്മവിശ്വാസമൊന്നും വേണ്ട. ഈ വിജയം ഗവൺമെന്റിന്റെ വിലയിരുത്തലാണെന്ന് പറഞ്ഞു. ചെങ്ങന്നൂർ ജയിച്ചതെങ്ങനെയാണെന്ന് ഞങ്ങൾക്ക് വ്യക്തമായി അറിയാം. ഞാൻ അവിടെ വർക്ക് ചെയ്ത ആളാണ്. ഗവൺമെന്റിന്റെ ചില ശക്തികളെ സ്വാധീനിച്ചുകൊണ്ടാണ് നിങ്ങൾ അവിടെ ജയിക്കാനുള്ള സാഹചര്യമുണ്ടായത്. ജയം എന്നുപറയുന്നത് ജയം തന്നെയാണ്. ഏതൊക്കെ ശക്തികളെന്ന് എനിക്കറിയാം. അവസാനം ഞാൻ പ്രവർത്തിച്ച ബൂത്തിൽപ്പോലും എസ്.ഡി.പി.ഐ. പോലുള്ള സംഘടനകൾ സി.പി.ഐ.(എം)-ന്റെ പ്രവർത്തകരോടൊപ്പം കയറി ബി.ജെ.പി. ജയിക്കുമെന്ന് പറഞ്ഞ് ഒരുമിച്ച് നിന്ന് പ്രവർത്തിക്കുകയായിരുന്നു. എന്തായാലും കോൺഗ്രസ് വീണ്ടും അധികാരത്തിൽ വരും, യാതൊരു സംശയവുമില്ല.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. വാസ്തവമല്ലാത്ത കാര്യങ്ങളാണ് മെമ്പർ പറയുന്നത്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പിൽ ഏതെങ്കിലും ഒരു ശക്തി ഈ ഗവൺമെന്റിന്റെ സമ്മർദ്ദത്തിന്റെ ഭാഗമായിട്ടുള്ളതല്ല. ജനങ്ങൾ

നൽകിയ വിജയമാണ്. രാഷ്ട്രീയമല്ലേ നിങ്ങളും പറഞ്ഞത്. 52000 വോട്ട് 75000 ആയി മാറി. അവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർ എസ്.ഡി.പി.ഐ. പ്രവർത്തകർക്കൊപ്പം ചേർന്ന് പ്രവർത്തിച്ചുവെന്നുള്ളത് അടിസ്ഥാനരഹിതമായ കാര്യമാണ്. അത്തരം ഒരു വർഗ്ഗീയ ശക്തികളുമായി കൂട്ടുചേർന്ന് നേടിയ വിജയമല്ല. ഇത് ഇടതുപക്ഷത്തിന്റെ വിജയമാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ പറയേണ്ടതില്ല. ശ്രീ. അൻവർ സാദത്ത് എന്റെ പ്രദേശത്താണ് പ്രവർത്തിച്ചത്. ഒരു വർഗ്ഗീയ ശക്തിയുമായി കൂട്ടുചേർന്നല്ല പ്രവർത്തിച്ചത്. ഇത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. അൻവർ സാദത്ത്: സർ, വ്യക്തമായി ഞാൻ പറയാം. 149-ാം ബൂത്ത് ശ്രീ. ആർ. രാജേഷിന്റെ ബൂത്തല്ല, വെറുതെ പറഞ്ഞതല്ല, ഞാൻ പറഞ്ഞത് കറക്ടാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് പരാജയം വിലയിരുത്താൻവേണ്ടി കഴിഞ്ഞ ദിവസം ബി.ജെ.പി.യുടെ ഒരു യോഗം ചേർന്നതിന്റെ വാർത്ത പത്രങ്ങളിൽ വന്നിരുന്നു. അതിൽ വന്ന പ്രധാനപ്പെട്ട വിലയിരുത്തൽ, പകൽ ബി.ജെ.പി.യും രാത്രി സി.പി.ഐ.(എം)-ഉം എന്ന നിലയ്ക്കാണ് ബി.ജെ.പി. പ്രവർത്തകർ പ്രവർത്തിച്ചതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങനെ പല വാർത്തകളും വന്നുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ബില്ലിന്റെ ചർച്ചയാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഉസ്മാൻ എന്ന ചെറുപ്പക്കാരൻ പോലീസിന്റെ അതിക്രൂരമായ മർദ്ദനത്തിനിരയായി. ആ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തുവെന്നല്ലാതെ ഇതുവരെയും അവരെ അറസ്റ്റ് ചെയ്യാൻ തയ്യാറായിട്ടില്ല. മാത്രമല്ല, ചികിത്സയിൽ കഴിയുന്ന ഉസ്മാന് ചികിത്സാ തുക കൊടുക്കാൻ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല, അത് വലിയൊരു വീഴ്ചയാണ്. ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുണ്ടായിരുന്നപ്പോഴാണ് ഉസ്മാന് മർദ്ദനമേറ്റത്. സ്വാഭാവികമായും ഉസ്മാന്റെ ചികിത്സാ ചെലവെങ്കിലും ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്നും കത്ത് കൊടുക്കുകയും

അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. തീർച്ചയായും അദ്ദേഹം ചെയ്യുമെന്ന് തന്നെയാണ് എന്റെ വിശ്വാസം.

ഇവിടെ പല പരാമർശങ്ങളും വന്നു. ഇത് സ്വതന്ത്ര റിപ്പബ്ലിക്ക് ആണോയെന്ന് ആരോ ചോദിച്ചു. ആലുവയിൽ പഴയ ഒരു റൂറൽ എസ്.പി. ഉണ്ടായിരുന്നു, അദ്ദേഹം ഒരു ഫോഴ്സ് രൂപീകരിച്ചു. അത് അനധികൃതമാണെന്ന് ഗവൺമെന്റ് തന്നെ പറഞ്ഞു. അങ്ങനെ പുതിയ ഒരു ഫോഴ്സിനെ രൂപീകരിക്കുമ്പോൾ സ്വാഭാവികമായും റിപ്പബ്ലിക്ക് എന്നൊക്കെ പറയും, അതിനെ ഉദ്ദേശിച്ചാണോ സ്വതന്ത്ര റിപ്പബ്ലിക്ക് എന്ന് പറഞ്ഞതെന്ന് എനിക്കറിയില്ല. ഈ ബില്ലിലെ 59-ാം വകുപ്പിലെ വിയോജിപ്പോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ബില്ലിന് എട്ട് ക്ലാസുകളാണുള്ളത്. അത് ബില്ലിന്റെ ശരീരമാണ്. ശരീരത്തെയല്ല, ബില്ലിന്റെ ആത്മാവിനെയാണ് നമ്മൾ സ്നേഹിക്കേണ്ടത്. ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം നമ്മുടെ ചർച്ചയിൽ അധികം മുഴങ്ങിക്കേട്ടില്ല. എന്നാൽ അതിന് ചർച്ചയുടെ നിലവാരം മോശമായിരുന്നു എന്ന അർത്ഥമില്ല. പ്രധാനപ്പെട്ട കാര്യങ്ങൾ തന്നെയാണ് ചർച്ചയിലൂടെ ഉന്നയിക്കപ്പെട്ടത്. ഈ ബില്ലിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത് കേരളത്തിലെ ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനമാക്കുന്നത് ഒരു ക്രിമിനൽ കുറ്റമായി സ്ഥാപിക്കുക എന്നുള്ളതാണ്. അതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുമ്പോൾത്തന്നെ നാട്ടിൽ ഇന്ന് ഉയർന്നുവരുന്ന പുതിയ ജല സംസ്കാരം അതായത്, ജലം സംരക്ഷിക്കപ്പെടണം, മലിനമാകരുതെന്ന ജനങ്ങളുടെ പുതിയ മുന്നേറ്റം, അതിനനുബന്ധമായ നിയമനിർമ്മാണം എന്നിവ സംസ്ഥാനത്ത് ആവശ്യമാണെന്ന് ഞാൻ പറഞ്ഞത്. അതുകൊണ്ട് ജലസ്രോതസ്സുകൾ, ജലാശയങ്ങൾ ഏതെല്ലാം രൂപത്തിലുള്ള വാട്ടർ ബോഡീസ് എന്നാണ് മൂലനിയമത്തിലുള്ള നിർവ്വചനം. കനാലുകൾ, തടാകങ്ങൾ, തോടുകൾ എന്നിവയിൽ ചപ്പുചവറുകൾ വലിച്ചെറിയുകയോ വിസർജ്ജ്യങ്ങൾ ഇറക്കിവിടുകയോ മറ്റ് രൂപത്തിൽ മലിനപ്പെടുത്തുകയോ ചെയ്താൽ അത് ഒരു ക്രിമിനൽ കുറ്റമായി സ്ഥാപിക്കുക എന്നുള്ളതാണ് ഭേദഗതി നിയമത്തിന്റെ ആത്മാവ്. ആ ആത്മാവിനെ നമുക്ക് കണ്ടെത്തി ചർച്ചയിൽ പങ്കെടുക്കാനായോ എന്നത് ഒരു വിമർശനമായി സ്വയം ചോദിക്കുകയാണ്. ആ ക്രിമിനൽ കുറ്റം ചെയ്യുന്നവർക്ക് 3 വർഷംവരെ തടവും 2 ലക്ഷം രൂപവരെ പിഴയും അല്ലെങ്കിൽ രണ്ടുംകൂടി ഒരുമിച്ചോ ശിക്ഷ നൽകാൻ കഴിയുന്ന വ്യവസ്ഥകൾ കൂടി

ഉൾക്കൊള്ളിക്കുന്ന എന്നുള്ളതാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. പതിനാലാം കേരള നിയമസഭയുടെ ആദ്യ സമ്മേളനങ്ങളിൽ ഈ വിഷയം ഇവിടെ ഉന്നയിക്കപ്പെട്ടപ്പോൾ ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നിയമങ്ങൾ കൊണ്ടുവരണമെന്ന ആശയം ഉയർന്നുവന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവന്നത്. ഈ സഭയിൽ അത്തരത്തിലൊരു ഉറപ്പ് നൽകിയതിനുശേഷമാണ് ഡാം സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവതരിപ്പിച്ച നിയമം വീണ്ടും പുനഃപ്രസിദ്ധീകരിക്കാനുള്ള ഫയൽ എന്റെ അടുത്തുവരുന്നത്. സ്വാഭാവികമായും നിയമസഭയിൽ നൽകിയ ഉറപ്പ് സംബന്ധിച്ച് ഒരു ഭേദഗതി കൊണ്ടുവരാമെന്ന് പറഞ്ഞപ്പോൾ ഒരേ മൂലനിയമത്തിന് രണ്ട് വ്യത്യസ്തമായ ഭേദഗതികൾ വേണ്ടായെന്നും സഭയിൽ ഉറപ്പുനൽകിയ ഭേദഗതിയും കൂടി ചേർത്ത് ഒറ്റ ബില്ലായി കൊണ്ടുവരാൻ തീരുമാനിച്ചതുകൊണ്ടുമാണ് അൽപ്പം വൈകിയത്. അതുകൊണ്ട് ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട് ചില വിമർശനങ്ങൾ ഇവിടെ വന്നു. അതുമായി ബന്ധപ്പെട്ട് ഈ ബില്ലിൽ വന്നിട്ടുള്ള ആ ഘടകം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നിർദ്ദേശിക്കപ്പെട്ടതാണ്. അതുകൊണ്ട് ഞാൻ ആദ്യം ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ട വിഷയം പറയാം.

ഇവിടെ പ്രധാനമായും ഡാം സേഫ്റ്റിയുടെ ക്വാറം കുറയ്ക്കുന്നത് സംബന്ധിച്ചാണ് പറഞ്ഞത്. അത് സംബന്ധിച്ചാണ് സബ്ജക്ട് കമ്മിറ്റിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ വിയോജനക്കുറിപ്പ് എഴുതിയത്. ഡാം സേഫ്റ്റിയുടെ ഇപ്പോഴത്തെ ഘടനയനുസരിച്ച് ഒരു റിട്ടയേർഡ് ജഡ്ജിയാണ് ചെയർമാൻ. വാട്ടർ റിസോഴ്സസ് സെക്രട്ടറി എക്സ് ഒഫീഷ്യോ അംഗവും മൂന്ന് ചീഫ് എഞ്ചിനീയർമാർ അംഗങ്ങളുമാണ്. സെൻട്രൽ വാട്ടർ കമ്മീഷൻ ചീഫ് എഞ്ചിനീയർ, ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് ചീഫ് എഞ്ചിനീയർ, രണ്ട് വിദഗ്ദ്ധർ, ഡയറക്ടർ ഓഫ് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് തുടങ്ങിയ എല്ലാ ഉദ്യോഗസ്ഥരും നമ്മുടെ കീഴിലുള്ളവരല്ല. റിട്ടയേർഡ് ജഡ്ജി യോഗം വിളിക്കുമ്പോൾ ഇവരുടെ സൗകര്യം ചോദിക്കാൻ കഴിയില്ല. ചെയർമാന്റെ സൗകര്യാർത്ഥം യോഗം വിളിച്ചുകൂട്ടുന്ന സമയത്ത് അതേദിവസം നിയമസഭാ കമ്മിറ്റി ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ അവിടെ പോകുമോ നിയമസഭാ കമ്മിറ്റിയിൽ പങ്കെടുക്കുമോ? സെൻട്രൽ വാട്ടർ കമ്മീഷന്റെ പ്രതിനിധി വന്നുകൂടായെന്നില്ല. നിരവധി തവണ യോഗം വിളിച്ചപ്പോൾ യോഗം കൂടാൻ കഴിയാതെ വന്നു. ഇത് കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്തുണ്ടായ അനുഭവമാണ്. അതിന്റെ ഫലമായി അന്നുണ്ടായ പ്രൊപ്പോസലാണ് ക്വാറം നാലായി കുറയ്ക്കണമെന്നുള്ളത്. നാല് എന്നുള്ളത് നല്ല ക്വാറം ആണെന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല, സഭയിലുണ്ടായ വികാരങ്ങൾ ഞാൻ മനസ്സിലാക്കുന്ന ആളാണ്. സബ്ജക്ട് കമ്മിറ്റിയുടെ ക്വാറം മൂന്നിലൊന്നാണ്. ഭരണഘടന അനുശാസിക്കുംപ്രകാരം നിയമസഭയുടെ ക്വാറം പത്ത് ശതമാനമാണ്. ഞാൻ പ്രതിപക്ഷത്തിരിക്കുമ്പോൾ ഒരു പ്രാവശ്യം ക്വാറം ചോദിച്ചു, ഇവിടെ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീനും അതറിയാം. അന്ന് അദ്ദേഹം ചെയറിൽ ഇരുന്നപ്പോൾ ക്വാറം ഇല്ലെന്ന് പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട അംഗം ഒന്ന് അഡ്ജസ്റ്റ് ചെയ്തുകൂടേയെന്ന് ചോദിച്ചു. പത്ത് ശതമാനം ക്വാറം ഇവിടെ ഉണ്ടായിട്ടില്ല. സഭാംഗങ്ങൾ ഉത്തരവാദിത്വം ഉള്ളവരാണ്. പ്രധാനപ്പെട്ട ചില കാര്യങ്ങളിൽ അവർക്ക് പോകേണ്ടിവന്നു. ക്വാറം നാലായി കുറയ്ക്കുന്നതിന് വലിയ വിമർശനം വന്നു. അത് എന്റെ ഒരുൽപ്പന്നമല്ല, എന്റെ സൃഷ്ടിയല്ല, എന്റെ കുഞ്ഞല്ല എന്നാൽപ്പോലും ആ വിമർശനം ഉൾക്കൊള്ളുന്നു. Clause by clause discussion എടുക്കുമ്പോൾ പഴയത് പുനഃസ്ഥാപിക്കാൻ കഴിയില്ല, പ്രാവർത്തികമായി നടപ്പിലാക്കാൻ കഴിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞത് practical difficulty-ആണ്. പാർട്ടിയുടെ യോഗം കൂടണമെങ്കിൽ നമ്മൾ എല്ലാവരോടും സംസാരിച്ചിട്ടല്ലേ തീയതി തീരുമാനിക്കുന്നത്. ചെയർമാൻ ഇൻഫോർമലായി സെൻട്രൽ ഗവൺമെന്റിന്റെ വാട്ടർ റിസോഴ്സസ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ സമയം കൂടി ചോദിച്ച് മീറ്റിംഗ് വച്ചാൽ അവർക്കുകൂടി പങ്കെടുത്ത് ക്വാറം ഇന്നത്തെ നിലയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയില്ലേ?

ശ്രീ. മാത്യു ടി. തോമസ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു ആലോചന ഉണ്ടായതും ഈ നിർദ്ദേശം വന്നതും ആ നിലയിൽ കൊണ്ടുപോകുവാൻ കഴിയാത്തതുകൊണ്ടാണോ? ആ കാലഘട്ടത്തിൽ ബിൽ പാസ്സായില്ലായെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഡാം സേഫ്റ്റി അതോറിറ്റിയിൽ ഒരു ഐ.ജി. ഉണ്ടാകണം എന്നതടക്കമുള്ള ശിപാർശകൾ നേരത്തേ ഉണ്ടായത് പല തവണ കമ്മിറ്റി നടക്കാതെ പോയതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് 50 ശതമാനം ക്വാറം നിലനിർത്തി യോഗം നടത്താൻ കഴിയില്ലായെന്നുള്ളത് കുറേ നാളത്തെ അനുഭവമാണ്. യോഗം നടത്താൻ വേറെ മാർഗ്ഗമില്ല. ആ നിയമത്തിൽ ഇതിനുശേഷം അടുത്ത മാസം ക്വാറമില്ലാതെ യോഗം കൂടാമെന്ന് പറയുന്നില്ല. തുടർച്ചയായി യോഗം കൂടാതെ വന്നതുകൊണ്ടാണ്

നേരത്തെ ശിപാർശ വന്നത്. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ സഭയുടെ പൊതു സ്പിരിറ്റ് തീരെ കുറയില്ല. അപ്പോൾ നാം മനസ്സിലാക്കണം, നമ്മൾ ഇരിക്കുന്ന നിയമനിർമ്മാണ സഭയുടെ ക്വാറം പത്ത് ശതമാനവും സബ്ജക്ട് കമ്മിറ്റിയുടെ ക്വാറം മൂന്നിലൊന്നുമാണ്. അതുകൊണ്ട് പ്രായോഗികമായി നമുക്ക് കഴിയുകയും വേണം, എന്നാൽ സഭയുടെ സെൻസ് എടുക്കുന്നതുകൊണ്ട് ചെറിയ വർദ്ധനവ്, വലിയ തോതിൽ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് നാല് എന്നുള്ളത് അഞ്ചാക്കി മാറ്റി ക്ലാസ് ബൈ ക്ലാസ് ആകുമ്പോൾ സഭയിലുണ്ടായ ഒരു വിമർശനത്തെ ഉൾക്കൊള്ളുന്ന എന്ന അർത്ഥത്തിൽ എല്ലാവരുമായി സഹകരിച്ച് പോകാൻ കഴിയുന്നവിധം അത് അംഗീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതേസമയം ഇത് കുറ്റകൃത്യമാക്കി മാറ്റാനും ശക്തമായ ശിക്ഷ നിഷ്കർഷിക്കുവാനുമുള്ള വ്യവസ്ഥകൾ സഭയുടെയും ഈ നാടിന്റെയും പൊതു സ്പിരിറ്റ് എന്ന നിലയിൽ എല്ലാവരും കൂടി യോജിച്ച് പോകുന്നത് അഭികാമ്യമായിരിക്കും. അതാത് പാർട്ടികൾക്ക് തീരുമാനിക്കാനുള്ള അവകാശമുണ്ട്. അത് ഞാൻ തർക്കിക്കുന്നില്ല. ഇതാണ് നിയമവുമായി ബന്ധപ്പെട്ട് നമ്മുടെ മുന്നിലുള്ളത്.

അതേസമയം ചർച്ച ആരംഭിച്ച ശ്രീ. വി. ടി. ബൽറാം പ്രധാനമായും സൂചിപ്പിച്ചത് പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്ന എന്നാണ്, അത് വളരെ കൃത്യമാണ്. 1970-കളിൽ ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ചും ആറും കോടി രൂപയ്ക്ക് തീർക്കേണ്ട പദ്ധതികൾക്ക് 500 കോടി രൂപ ചെലവാക്കിയിട്ടും ഇനിയും 1000 കോടി രൂപ വേണമെന്ന തരത്തിലാണ് ചില പദ്ധതികൾ വിലയിരുത്തപ്പെടുന്നത്. ബാണാസുരസാഗർ, കാരാപ്പുഴ, ഇടമലയാർ, മൂവാറ്റുപുഴ തുടങ്ങിയ നാല് പദ്ധതികളാണ് ഇങ്ങനെ അനന്തമായി നീണ്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഇതിങ്ങനെ പോകാൻ പറ്റില്ല. പ്ലാനിംഗ് ബോർഡ് തന്നെ ഇക്കാര്യത്തിൽ ഗൗരവമായ ആലോചന നടത്തിയിട്ടുണ്ട്. ഇത് ക്ലോസ് ഡൗൺ ചെയ്യുകയല്ല, പൂർത്തീകരിക്കാൻ പോകുന്നതാണ്. 1970-കളിൽ ഈ പദ്ധതി രൂപപ്പെടുത്തുമ്പോഴുള്ള നെൽവയൽ ഇപ്പോൾ അവിടെയില്ല. കൃഷി നടക്കുന്നിടത്ത് സബ് കനാലുകൾ പണിത് ഡിസ്ട്രിബ്യൂട്ടറികൾ നിർമ്മിച്ച് വെള്ളം എത്തിക്കണമെന്ന് വിചാരിച്ച സ്ഥലങ്ങളിലെല്ലാം ഇപ്പോൾ ബഹുനില കെട്ടിടങ്ങളാണ്. അവിടെയൊരു revamping ആവശ്യമാണ്. ആ സ്ഥലം ഏറ്റെടുത്ത് കെട്ടിടം പൊളിച്ചുകളഞ്ഞ് അത് നെൽവയലാക്കി കൃഷി നടത്താനൊന്നും കഴിയില്ല. ഇപ്പോൾ കൃഷി നടക്കുന്ന പ്രദേശങ്ങളിൽ പദ്ധതികൾ

പൂർത്തിയാക്കാൻവേണ്ടി പ്ലാനിംഗ് ബോർഡ് ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും അവർ പഠനങ്ങൾ നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കരട് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അതുമായി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്.

പുതിയ പദ്ധതികളിൽ എപ്പോഴും ഉണ്ടാകുന്നത് പാരിസ്ഥിതിക പ്രശ്നമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം twin-Kallar പദ്ധതിയുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പരിസ്ഥിതി വകുപ്പ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കടമാന്തോട് പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വേ നടത്താൻ ശ്രമിച്ചപ്പോൾ നാട്ടുകാർ സമ്മതിച്ചില്ല. അവിടെ ഭൂമി എത്രത്തോളം വെള്ളത്തിനടിയിൽ ആകുമെന്നതിനെ സംബന്ധിച്ച് ആശങ്കകളുണ്ട്. എന്നാൽ അത് ഉപേക്ഷിക്കാനും കഴിയില്ല. ഇവിടെ വളരെ പ്രശസ്തമായ മറ്റൊരു വിഷയം ഉന്നയിച്ചത്, കാവേരി ട്രൈബ്യൂണൽ പ്രകാരം നമുക്ക് ലഭിച്ച വെള്ളം, നമ്മൾ ആഗ്രഹിച്ചതിനേക്കാൾ വളരെ കുറവ് എന്നാണ്. അവാർഡ് പ്രകാരമുള്ള വെള്ളം നമുക്ക് ഉപയോഗിക്കാൻ കഴിയണം. അതുകൊണ്ട് വയനാട് ജില്ലാ കളക്ടറോട് അവിടത്തെ ജനങ്ങളുടെ എതിർപ്പിനെ സംബന്ധിച്ച് പഠിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെയുള്ള ജനപ്രതിനിധികൾ, നിയമസഭാംഗങ്ങളടക്കമുള്ള മറ്റ് ജനപ്രതിനിധികൾ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ഒരു യോഗം വിളിച്ച് പ്രസ്തുത പദ്ധതി മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

അട്ടപ്പാടി വാലി ഇറിഗേഷൻ സ്കീമിന്റെ എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്താനുള്ള ടേംസ് ഓഫ് റഫറൻസ് നമുക്ക് നേരത്തെ അനുവദിച്ച് കിട്ടിയതാണ്. പക്ഷെ ആ ടേംസ് ഓഫ് റഫറൻസിനുള്ള അനുമതി കേന്ദ്ര സർക്കാർ പിൻവലിച്ചു. അതില്ലാതെ എൻവയോൺമെന്റൽ സ്റ്റഡി നടത്താനും പദ്ധതിയുമായി മുന്നോട്ട് പോകാനും സാധിക്കുകയില്ല. കഴിഞ്ഞ ഫെബ്രുവരിയിൽ ഹൈദ്രാബാദിൽ വച്ചുകൂടിയ ദക്ഷിണേന്ത്യൻ ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഈ വിഷയം വളരെ ശക്തമായി ഉന്നയിച്ചു. തമിഴ്നാട് അതിനെ എതിർത്തു. അവസാനം കാവേരി ട്രിബ്യൂണലിന്റെ വിധി അന്തിമമായതുകൊണ്ട് കേരളത്തിന് വെള്ളം ലഭ്യമാക്കാൻ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടു. മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ് തമിഴ്നാടിന്റെ കമന്റ്സിനുവേണ്ടി കാത്തിരിക്കുന്നു എന്നു പറഞ്ഞു. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഡി.പി.ആർ.-ന്റെ കോപ്പി തമിഴ്നാടിന് കൈമാറണമെന്ന്

തമിഴ്നാടിന്റെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര മന്ത്രി എന്നോട് ആവശ്യപ്പെടുകയും അത് കൈമാറാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അത് തമിഴ്നാടിന് നൽകി, ടേംസ് ഓഫ് റഫറൻസ് ലഭ്യമാക്കി മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിന് പാരിസ്ഥിതികാഘാത പഠനത്തിന് ലഭിച്ച അനുമതി ഏത് സാഹചര്യത്തിലാണ് പിൻവലിക്കപ്പെടുന്നത്? രണ്ട് സംസ്ഥാനത്തിന്റെയും അഭിപ്രായം കേട്ടതിനുശേഷമാണ് കാവേരി ട്രിബ്യൂണലിന്റെ വിധി വന്നത്. അതുപ്രകാരം 4.6 ടി.എം.സി. ജലം കേരളത്തിന് ലഭിക്കാനുള്ള ഏക വഴി അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടാണ്. ഭവാനിപ്പുഴയിൽ തടയണ അല്ലെങ്കിൽ ഡാം കെട്ടിയാണ് വെള്ളം എടുക്കാൻ സാധിക്കുക. 15 വർഷം മുമ്പുവരെ നൽകിയ അപേക്ഷകളെല്ലാം പരിശോധിച്ച ശേഷമാണ് കേന്ദ്രം നമുക്ക് അനുമതി നൽകിയത്. ആ അനുമതി നഷ്ടപ്പെടാനിടയായത് നമ്മുടെ ജാഗ്രതക്കുറവുകൊണ്ടാണോയെന്ന് അങ്ങ് വ്യക്തമാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് ഗൗരവമുള്ള ഒരു വിഷയമാണ്. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് ആരംഭിക്കാനുള്ള ശ്രമം തുടങ്ങിയിട്ട് വർഷങ്ങളായി. അതിന്റെ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ളവ പണിതതാണ്. എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡിക്കുവേണ്ടി ടേംസ് ഓഫ് റഫറൻസ് മാത്രമല്ല, അനുവാദവും നൽകിയതാണ്. അപ്പോൾ കോയമ്പത്തൂരിൽ വലിയ ബഹളമുണ്ടായതിന്റെ പേരിൽ അവർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയപ്പോൾ അത് പിൻവലിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ കേരളത്തിന് അതിൽ കാര്യമായ ഇടപെടൽ നടത്താൻ കഴിഞ്ഞില്ലെന്നുള്ള ആക്ഷേപം നിലനിൽക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത് ശരിയാണ്. തമിഴ്നാടിന്റെ സമ്മർദ്ദത്തിന് വഴങ്ങിയാണ് കേന്ദ്രം അത്തരത്തിലൊരു നിലപാടെടുത്തത്. കേരളം സമ്മർദ്ദം ചെലുത്തിയില്ലെന്നുള്ളത് ശരിയല്ല. പക്ഷേ കേരളത്തിന്റെ സമ്മർദ്ദത്തേക്കാൾ കേന്ദ്രം വിലമതിച്ചത് തമിഴ്നാടിന്റെ സമ്മർദ്ദത്തെയാണ്. അത് പല കാരണങ്ങളാലായിരിക്കാം. കേന്ദ്ര മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ദക്ഷിണേന്ത്യൻ ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചപ്പോൾ അവർ ഉന്നയിച്ച കാരണം കേരളം അപ്പീൽ നൽകിയിരിക്കുന്നതുകൊണ്ട് കാവേരി ട്രിബ്യൂണലിന്റെ വിധി അന്തിമമായതിനു ശേഷം മാത്രമേ വെള്ളം കൊണ്ടുപോകാൻ കഴിയൂ എന്നാണ്. ഇപ്പോൾ കാവേരി

ട്രിബ്യൂണലിന്റെ വിധി അന്തിമമായി, ഇനിയതിനുവേണ്ടി കാത്തിരിക്കേണ്ട എന്ന നിലപാടാണ് കേരളം സ്വീകരിച്ചിരിക്കുന്നത്. കാവേരി ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് അനുവദിക്കപ്പെട്ട ജലം ലഭ്യമാക്കാനാണ് പ്രോജക്ടിന്റെ ഡി.പി.ആർ. തമിഴ്നാടിന് നൽകാമെന്ന് പറഞ്ഞത്. എന്താണ് നിങ്ങൾ രഹസ്യമായി വയ്ക്കുന്നതെന്ന് ചോദിച്ചപ്പോൾ, ഇതിൽ രഹസ്യമൊന്നുമില്ലെന്നും പണിയാൻ പോകുന്ന നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. തമിഴ്നാടിന് കൈമാറാൻ കേരളത്തിന് ബുദ്ധിമുട്ടില്ലെന്നും ഞാൻ ആ യോഗത്തിൽ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുമതലയാണെന്നുപറഞ്ഞ് കയ്യൊഴിയാൻ വേണ്ടിയല്ല, ഗവൺമെന്റാണ് നടപടിയെടുക്കുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദം ലഭിച്ച സാഹചര്യത്തിൽ ആ ഡി.പി.ആർ. തമിഴ്നാടിന് കൈമാറും. അതുവച്ച് കേന്ദ്രം നടപടിയെടുക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കോയമ്പത്തൂരിൽ നിന്നാണ് അട്ടപ്പാടിയിലേയ്ക്ക് കല്ലും മണലും കമ്പിയുമൊക്കെ കൊണ്ടുവന്നിരുന്നത്. ഡാം നിർമ്മിക്കാൻ പോകുകയാണെന്നുപറഞ്ഞ് മെറ്റീരിയൽ കൊണ്ടുവരുന്നതിനെ കോയമ്പത്തൂർ ജില്ലാ കളക്ടർ സ്റ്റോപ് ചെയ്തു. ഇപ്പോൾ ഡാമുമില്ല, മെറ്റീരിയലിന് ക്ഷാമവുമായി. ഇതാണ് അട്ടപ്പാടിയിലെ അവസ്ഥ. ഡാം പണിയുന്നതിന് തീരുമാനവും അനുവാദവുമൊക്കെ ലഭിച്ചിട്ടുമാത്രമേ നടക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് സംസ്ഥാന സർക്കാർ കോയമ്പത്തൂർ ജില്ലാ കളക്ടറുമായി ഇടപെട്ട് മെറ്റീരിയൽ കൊണ്ടുവരാനുള്ള തടസ്സം നീക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഇപ്പോൾ ബില്ലിന്റെ പരിധിക്കുള്ളിൽ നിന്ന് സംസാരിക്കാം. ഇങ്ങനെയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ അതാത് സമയത്ത് ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ അത് പരിഹരിക്കാൻ ഗവൺമെന്റ് തീർച്ചയായും ശ്രമിക്കും. ഭാരതപ്പുഴയിലെ മൂന്ന് തടയണകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നദികളിൽ വെള്ളം തടഞ്ഞുനിർത്താൻ 'ഗോവൻ ബണ്ടാരാസ്' എന്ന പുതിയൊരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അത് വളരെ ലളിതവും ചെലവ് കുറഞ്ഞതും വേഗത്തിൽ പണി പൂർത്തിയാക്കാൻ കഴിയുന്നതുമാണ്. അതിന്റെ സാങ്കേതികതയെക്കുറിച്ച് സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന് എങ്ങനെ ധനസ്രോതസ്സ് കണ്ടെത്താൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഒരു നദിയിൽ പലയിടത്തായി കോൺക്രീറ്റ് പൈലുകളിൽ എഫ്.ആർ.പി. ഷീറ്റുകൾ

വച്ച് വെള്ളം തടഞ്ഞുനിർത്തി എല്ലാ നദികളിലും വെള്ളത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കും. അത് പ്രയോഗിക്കാൻ കഴിയുമോയെന്ന സാങ്കേതിക പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്.

ഭാരതപ്പുഴയിലെ തടയണകളെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വിവരം ലഭിച്ചതാണ്. ആ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. അന്ന് തമിഴ്നാടുമായി കത്തിടപാടുകൾ നടത്തിയിട്ടുള്ളതായി ഫയലിൽ കാണുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വീണ്ടും അത് നടത്തിയിട്ടുണ്ട്. നിലവിലിരിക്കുന്ന ചില സുപ്രീംകോടതി കേസ്സുകളിൽ ഇത് കരാറിന് വിരുദ്ധമായി പണിതവയാണെന്നും അത് പൊളിച്ചുനീക്കണമെന്നും 2011-ലെ ഒ.എസ്.(നം.2)-ൽ പറയുന്നു. കേരളത്തിനുണ്ടായ കരാർ ലംഘനത്തിനെതിരെ അന്നത്തെ ഗവൺമെന്റ് സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി, ആ ഗവൺമെന്റ് ചെയ്ത തെറ്റെന്നുള്ള അർത്ഥത്തിലല്ല. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. ആ കേസ് ഇപ്പോഴും പെൻഡിംഗാണ്. ആ കേസിൽ നമ്മുടെ പ്ലെയിന്റ് അമെന്റ് ചെയ്ത് അതുകൂടി ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്തർസംസ്ഥാന കരാർ പ്രകാരമുള്ള വെള്ളം കേരളത്തിന് ലഭിക്കുന്നില്ല. കാരണം, നമുക്ക് കരാറുകൾ പുനരവലോകനം ചെയ്യേണ്ട സമയം കഴിഞ്ഞിരിക്കുന്നു. പറമ്പിക്കുളം-ആളിയാർ കരാർ 1958 മുതൽ നിലവിലുണ്ടെന്ന് സങ്കല്പിച്ച് 1970-ൽ മുൻകാല പ്രാബല്യത്തോടെയാണ് ഒപ്പിട്ടിരുന്നത്. 30 വർഷം കഴിഞ്ഞാൽ ഉഭയസമ്മത പ്രകാരം അത് പുനരവലോകനം ചെയ്യാവുന്നതാണ്. ആ ഉഭയസമ്മതം ഉണ്ടാകുന്നില്ലെന്നുള്ളതാണ് പ്രശ്നം. അത് ചെയ്യണമെന്ന ആവശ്യം സബ്ജക്ട് കമ്മിറ്റിയിലും സഭയിലും നിരന്തരം വരാറുണ്ട്. കേരളത്തിന്റെ മുഖ്യമന്ത്രി തമിഴ്നാട്ടിൽ പോയി അവിടത്തെ മുഖ്യമന്ത്രിയെ കണ്ട് ഈ ആവശ്യം അറിയിച്ചിട്ടുണ്ട്. വളരെ പോസിറ്റീവായിട്ടാണ് അദ്ദേഹം അതിന് മറുപടി പറഞ്ഞതെങ്കിലും തുടർ നടപടികളിൽ അത് കാണുന്നില്ല. എങ്കിലും അത് മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഡ്യൂസിനെക്കുറിച്ച് സൂചിപ്പിച്ചു. വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.എൽ.-ന് വലിയ തുക കൊടുക്കാനുണ്ട് എന്നത് ശരിയാണ്. എന്നാൽ പല ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽനിന്നും വാട്ടർ അതോറിറ്റിക്ക് നല്ല തുക ലഭിക്കാനുണ്ട്. ഡോ. എം. കെ. മുനീർ പഞ്ചായത്ത് വകുപ്പുമന്ത്രി ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന് അതറിയാം. തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റ് ആശുപത്രികളിൽ

നിന്നും വാട്ടർ അതോറിറ്റിക്ക് വലിയ തുക കിട്ടാനുണ്ട്. സർക്കാർ വകുപ്പുകളായതുകൊണ്ട് ഫ്യൂസ് ഊരി മാറ്റാതെയും അഥവാ മാറ്റിയാൽ മന്ത്രിമാർ ഇടപെട്ട് തിരികെ കൊടുത്തുമൊക്കെ പോകുന്നു. ഇതിനൊരു സെറ്റിൽമെന്റുണ്ടാക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ട്. ഓരോ ഡിപ്പാർട്ട്മെന്റും അങ്ങോട്ടുമിങ്ങോട്ടും കൊടുക്കാനുള്ള തുകകളിൽ ഒരു അഡ്ജസ്റ്റ്മെന്റ് നടത്തിയാൽപ്പോലും എല്ലാ തുകയും കൊടുത്ത് തീർക്കാൻ കഴിയുമെന്ന് തോന്നുന്നില്ല, എന്നാൽ ഒരു പരിധിവരെ പരിഹരിക്കാനാകും.

പൈപ്പ് പൊട്ടി വെള്ളം പോകുന്നു എന്നുള്ളതാണ് ഇവിടെ സൂചിപ്പിച്ച വലിയൊരു പ്രശ്നം. റവന്യൂ കളക്ട് ചെയ്യാൻ കഴിയാതെ 40 ശതമാനത്തിലധികം വെള്ളം നഷ്ടപ്പെടുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ പഴകിയ പൈപ്പുകൾ പ്രത്യേകിച്ച് എ.സി. പൈപ്പുകൾ മൊത്തത്തിൽ മാറ്റണമെങ്കിൽ ഒരു ലക്ഷം കോടി രൂപയിലധികം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. എ.സി. പൈപ്പുകൾ സ്ഥാപിക്കണമെന്നുള്ളത് ഒരു കാലഘട്ടത്തിലെടുത്ത തെറ്റായ തീരുമാനമാണ്. അത് ഘട്ടംഘട്ടമായി മാത്രമേ മാറ്റാൻ കഴിയുകയുള്ളൂ. കിഫ്ബിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും കുറേയധികം കാര്യങ്ങൾ ചെയ്യുന്നുണ്ട്. നിങ്ങൾ ധരിക്കുന്നതുപോലെ വാട്ടർ അതോറിറ്റി പണം വ്യയം ചെയ്യാഞ്ഞിട്ടല്ല, ചോദ്യോത്തരവേളയിൽ അക്കാര്യം സൂചിപ്പിച്ചതാണ്. കോടിക്കണക്കിന് രൂപ കരാറുകാർക്ക് കൊടുക്കാനുണ്ടെന്നുള്ളതും ഇവിടെ സൂചിപ്പിച്ചു. ചോർപ്പിനകത്ത് വെള്ളം ഒഴിച്ചുകൊടുത്താൽ ഒഴുകിപ്പോകുന്നതു പോലെ, പണം ലഭ്യമായാൽ കൊടുക്കാൻ തക്കവണ്ണം എല്ലാ സംവിധാനങ്ങളുമുണ്ട്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട പല റോഡുകളിലും പൈപ്പ് മാറ്റൽ പ്രക്രിയ മൂന്നുമാസംകൊണ്ട് തീർക്കാമെന്നുപറഞ്ഞിട്ട് ഏതാണ്ട് ഒരു വർഷമാകാറായി. സ്ഥലം എം.എൽ.എ. ശ്രദ്ധിക്കാത്തതു കൊണ്ടാണെന്നുള്ള രീതിയിൽ എന്നെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള വാർത്ത മാധ്യമങ്ങളിൽ അങ്ങ് കണ്ടുകാണും. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരാണ് അത് ചെയ്യേണ്ടത്. മൂന്നുമാസംകൊണ്ട് ചെയ്യാമെന്ന് പറഞ്ഞ പല വർക്കുകളും ചെയ്യാതെ, മഴക്കാലത്ത് റോഡുകളെല്ലാം തോടുകളായി മാറി. ബഹുമാനപ്പെട്ട മന്ത്രി കടകംപള്ളി സുരേന്ദ്രൻ അത് നേരിട്ട് കണ്ടിട്ടുണ്ട്. മുട്ടട - പരുത്തിപ്പാറ - അമ്പലമുക്ക് റോഡ് മൂന്നുമാസംകൊണ്ട് തീർക്കാമെന്ന് പറഞ്ഞിട്ട് ഇപ്പോഴും തീർന്നിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പണി തീർന്നപ്പോൾ മഴ വന്നു, ഇപ്പോൾ ടാർ ചെയ്യാനും നിവൃത്തിയില്ല. ഇതുതന്നെയാണ് ശാസ്തമംഗലത്തെ റോഡിന്റെയും

സ്ഥിതി. നഗരത്തിലെ പ്രധാനപ്പെട്ട റോഡുകളിലെ പൈപ്പ് മാറ്റാൻ തുക കൊടുത്ത് പൈപ്പ് മാറ്റുന്ന പ്രവൃത്തി വലിച്ചുനീട്ടുകയാണ്.

ശ്രീ. മാത്യു. ടി. തോമസ്: സർ, അങ്ങയുടെ നിയോജക മണ്ഡലത്തിലെ കോർപ്പറേഷൻ കൗൺസിലർമാരും പഞ്ചായത്ത് മെമ്പർമാരും ഭാഗ്യവാന്മാരാണ്. കാരണം, ഞങ്ങളുടെയൊക്കെ നാട്ടിൽ പൈപ്പ് പൊട്ടിയാൽ ആദ്യം പഞ്ചായത്ത് മെമ്പറെയാണ് കുറ്റപ്പെടുത്തുക. ഇത് വാട്ടർ അതോറിറ്റിയാണെന്നുള്ളത് പലപ്പോഴും നാട്ടുകാർക്കറിയില്ല. എന്നാൽ ഇവിടെ അങ്ങേയ്ക്കാണല്ലോ ബുദ്ധിമുട്ടുണ്ടായത്. പലപ്പോഴും പൈപ്പുകൾ മാറ്റാൻവേണ്ടി റോഡുകൾ കുഴിക്കേണ്ടി വരുമ്പോൾ ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്. കാരണം, സമയം ക്രമീകരിക്കാൻ കഴിയാതെ പോകുന്നതുകൊണ്ട് റോഡ് നന്നാക്കി കഴിയുമ്പോഴായിരിക്കും പൈപ്പ് പണി തുടങ്ങുക. അങ്ങനെയൊക്കെ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. നിരവധി തവണ ഞാനും ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയും കൂടി ചർച്ചചെയ്ത് ചില പ്രായോഗിക നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. മഴക്കാലത്ത് റോഡ് കുഴിക്കാൻ അനുവാദം നൽകാറില്ല. പരിപൂർണ്ണമായും റോഡ് റീസ്റ്റോർ ചെയ്യാനുള്ള പണം പി.ഡബ്ല്യു.ഡി.യിൽ അടച്ചശേഷമാണ് പൈപ്പ് കുഴിക്കാൻ ഇപ്പോൾ അനുവാദം നൽകുന്നത്. Road restoration-ന്റെ ചുമതല പി.ഡബ്ല്യു.ഡി. ആണ് ഏറ്റെടുത്ത് നടത്തുന്നത്. പ്രായോഗികമായി ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. പ്രത്യേകിച്ച് സിറ്റിയിൽ നിരന്തരമായി വാർത്തകൾ വരുന്നുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഞാൻ മാധ്യമങ്ങളിൽ കാണാറുണ്ട്. പ്രത്യേക ശ്രദ്ധ അക്കാര്യത്തിൽ ഉണ്ടാകുമെന്ന് അറിയിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ,.......

ശ്രീ. മാത്യു. ടി. തോമസ്: സർ, എനിക്ക് ബുദ്ധിമുട്ടില്ല, ആർക്കും വഴങ്ങാം, പക്ഷെ സമയം കുറവാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ഒരു ബിൽ കൂടിയുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ ശ്രീ. കെ. മുരളീധരൻ പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. വാട്ടർ അതോറിറ്റിയും പി.ഡബ്ല്യു.ഡി.യും തമ്മിൽ കോ-ഓർഡിനേഷൻ ഇല്ലാത്തതുകൊണ്ടുണ്ടാകുന്ന പ്രശ്നം വളരെ രൂക്ഷമാണ്. വാട്ടർ അതോറിറ്റിയിലെയും പി.ഡബ്ല്യു.ഡി.യിലെയും ഉദ്യോഗസ്ഥർ

തമ്മിൽ നടക്കുന്ന ശീതസമരത്തിന്റെ ഇരകളാകുന്നത് റോഡ് ഉപയോഗിക്കുന്ന നാട്ടുകാർ തന്നെയാണ്. റോഡും വെള്ളവും ഒരുപോലെ ആവശ്യമാണ്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ മൂന്നോളം റോഡുകൾ വെട്ടിപ്പൊളിച്ചത് പഴയ രീതിയിലാക്കാൻ വളരെയേറെ കഷ്ടപ്പെട്ടു. -പി.ഡബ്ല്യു.ഡി. വാട്ടർ അതോറിറ്റിയെയും വാട്ടർ അതോറിറ്റി പി.ഡബ്ല്യു.ഡി. യെയും കുറ്റം പറയും. മന്ത്രി നേരിട്ട് ഇടപെട്ടിട്ടുപോലും എന്റെ നിയോജകമണ്ഡലത്തിലെ ചൂണ്ടി-രാമമംഗലം റോഡിന് വാട്ടർ അതോറിറ്റി എം.ഡി. പണം കൊടുക്കാൻ തയ്യാറായിട്ടില്ല. കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടി പല ഘട്ടങ്ങളിൽ ചർച്ച നടത്തി, ഏറ്റവും അവസാനം രണ്ടുമൂന്ന് ഗഡുക്കളായിട്ടാണ് പണം കൊടുക്കാൻ തയ്യാറായത്. ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ഇതുപോലുള്ള പ്രശ്നങ്ങൾ നമ്മുടെ ഒരു റോഡിനും ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തുക കെട്ടി വച്ചതിനുശേഷം മാത്രമേ റോഡ് വെട്ടിപ്പൊളിക്കാൻ അനുവാദം നൽകുകയുള്ളുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല കാര്യമാണ്. പക്ഷെ ഒരു വർക്ക് തുടങ്ങണമെങ്കിൽ ആദ്യം കാശ് കെട്ടി വയ്ക്കണം എന്നതാണ് ഇതിനുള്ള തടസ്സം. പി.ഡബ്ല്യു.ഡി.-ക്ക് വാട്ടർ അതോറിറ്റി തുക കെട്ടിവയ്ക്കാത്തതിന്റെ പേരിൽ എന്റെ മണ്ഡലത്തിൽ രണ്ടുവർഷമായി വാട്ടർ അതോറിറ്റിയുടെ വർക്ക് തടസ്സപ്പെട്ട് കിടക്കുകയാണ്. അതിന് ഒരു പരിഹാരം വേണ്ടേ?

ശ്രീ. മാത്യു. ടി. തോമസ്: സർ, അക്കാര്യങ്ങൾ പ്രത്യേകം പരിശോധിക്കാം. നമ്മൾ ബില്ലിൽ നിന്നും വളരെ അകന്നുപോകുന്നു; എന്നാലും വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സൂചിപ്പിച്ചത്. ഇതുസംബന്ധിച്ച് ഞാനും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും കൂടിയിരുന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി രണ്ടുവട്ടം ചർച്ച ചെയ്തിട്ടുണ്ട്. ചർച്ച നടന്ന സമയങ്ങളിൽ ചില കാര്യങ്ങൾ സുഗമമായി പോയി. ഇപ്പോൾ തിരുവനന്തപുരം നഗരത്തിന്റേതടക്കമുള്ള പ്രശ്നങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കാം.

ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അതിന്റെ അവസാനത്തെ മീറ്റിംഗ് നടന്നത് ഇക്കഴിഞ്ഞ 19-ാം തീയതിയാണ്. അതനുസരിച്ച് ഇപ്പോൾ നമുക്ക് 300 cusecs വെള്ളം റിലീസ് ചെയ്യാൻ ധാരണയായിട്ടുണ്ട്. അതിനുശേഷം ജൂൺ അവസാനംവരെ 200

cusecs വെള്ളം എന്നുള്ള ധാരണയിൽ എത്തിയിട്ടുണ്ടെന്നാണ് ഇതുവരെ കിട്ടിയിരിക്കുന്ന അറിയിപ്പ്. മുല്ലപ്പെരിയാർ ഡാമിന്റെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കേരളത്തിന്റെ നോമിനി ജലവിഭവ വകുപ്പ് സെക്രട്ടറിയാണ്. നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചത് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സാണ്. Ministry of Water Resources, River Development and Ganga Rejuvenation-ന്റെ സെക്രട്ടറിയാണ് അതിന്റെ അദ്ധ്യക്ഷൻ. സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയും അതിന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു. അതിന്റെ ആദ്യത്തെ മീറ്റിംഗ് കൂടിയത് ഈ മാസം 4-ാം തീയതിയാണ്. അതിൽ നമ്മുടെ പ്രതിനിധി പങ്കെടുത്തിരുന്നു. കേരളവും തമിഴ്നാടും വേറെ സബ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും എന്തെങ്കിലും ദുരന്തമുണ്ടായാൽ അതിനുള്ള തയ്യാറെടുപ്പുകൾ നടത്തണമെന്നും സുപ്രീംകോടതിയുടെ ഡയറക്ഷനുണ്ട്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ടതായതുകൊണ്ട് റവന്യൂ വകുപ്പിൽ നിന്നാണ് അത് രൂപീകരിക്കേണ്ടതെന്ന ഒരു ആശയം വന്നിട്ടുണ്ട്. അതിന്റെ ഫയൽ പ്രോസ്സസിംഗിലാണ്. അത് വേഗത്തിൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ഇവിടെ പറഞ്ഞ മറ്റെല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പദ്ധതി സ്ഥലങ്ങൾ കയ്യേറപ്പെടാതിരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഇറിഗേഷന്റെയും വാട്ടർ അതോറിറ്റിയുടെയും ഭൂമിയിൽ കുറെയേറെ കയ്യേറ്റങ്ങളുണ്ട്. വാട്ടർ അതോറിറ്റിക്കോ ജലസേചന വകുപ്പിനോ ഭാവിയിൽ ആവശ്യമില്ലാത്ത സ്ഥലം മറ്റേതെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന് ആവശ്യമാണെങ്കിൽ വിട്ടുകൊടുക്കുക എന്നുള്ളതാണ് ജലവിഭവ വകുപ്പ് എടുത്തിരിക്കുന്ന തീരുമാനം. ചിറ്റൂരിൽ ഒരു ഐ.ടി.ഐ.-ക്ക് സ്ഥലം വിട്ടുകൊടുത്തു. അങ്ങനെ നിരവധി സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. ഏറ്റവുമധികം സ്ഥലം കൈവശമുള്ള വകുപ്പ് ജലവിഭവ വകുപ്പാണെന്ന് മേനി നടിക്കേണ്ട ആവശ്യമില്ല. ഗവൺമെന്റ് വകയായ വസ്തുക്കൾ പൊതുകാര്യങ്ങൾക്ക് പരമാവധി ഉപയോഗപ്പെടുത്തണം. സ്ഥലം കയ്യേറി സ്വകാര്യ വ്യക്തികളുടെ കൈകളിൽ പോകുന്നതിനേക്കാൾ ഗവൺമെന്റ് വകുപ്പുകൾക്ക് ഉപയോഗപ്പെടുന്ന തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കണമെന്നുള്ള അർത്ഥത്തിലാണ് അങ്ങനെ ഒരു തീരുമാനം എടുത്തത്. കെ.എസ്.ആർ.ടി.സി. പോലെ വാട്ടർ അതോറിറ്റി ആകാതിരിക്കണമെന്ന് നമുക്ക് ആഗ്രഹിക്കാം.

വെള്ളത്തിന് നമ്മൾ വളരെ മിതമായ നിരക്കാണ് ഈടാക്കുന്നത്. 1,000 ലിറ്റർ വെള്ളത്തിന് 4 രൂപയാണ് ഈടാക്കുന്നത്. ബി.പി.എൽ. കുടുംബങ്ങൾക്ക് 15 കിലോ ലിറ്റർ വരെ സമ്പൂർണ്ണ സൗജന്യമാണ്. അതുകൊണ്ട് വലിയ ദുർവ്യയം ഇവിടെയുണ്ടാകുന്നു. പശുവിനെ കുളിപ്പിക്കാനും കാർ കഴുകാനും ചെടി നനയ്ക്കാനുമെല്ലാം ശുദ്ധീകരിച്ച വെള്ളമാണ് ഇപ്പോൾ വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കുടിക്കുന്ന വെള്ളത്തിന് നിരക്ക് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്നാൽ പശുവിനെ കുളിപ്പിക്കുന്ന വെള്ളത്തിന് നിരക്ക് വർദ്ധിപ്പിക്കാതിരിക്കേണ്ട കാര്യമില്ല. അതിൽ ഒരു പുനഃസംഘടന എങ്ങനെയെന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കും. ഒരു കാരണവശാലും കുടിക്കാൻ ജനങ്ങൾ ഉപയോഗിക്കുന്ന വെള്ളത്തിന് നിരക്ക് വർദ്ധിപ്പിക്കുകയില്ല, മാത്രമല്ല, കഴിയുമെങ്കിൽ ആ നിരക്ക് കുറച്ചുകൊണ്ടുവരാൻ തന്നെയാണ് ശ്രമിക്കുക. ശ്രീ. വി. എസ്. ശിവകുമാർ, ഞാൻ ആർക്കും വഴങ്ങാതിരിക്കണമെന്നാണ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഉദ്ദേശിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അതിക്രമിച്ചതുകൊണ്ട് ഇനി വഴങ്ങേണ്ട. ഒരു ബിൽ കൂടി പരിഗണിക്കാനുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, അദ്ധ്യക്ഷൻ അനുവദിക്കുകയാണെങ്കിൽ ഞാൻ വഴങ്ങാം. അദ്ധ്യക്ഷന്റെ അനുവാദം വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ഒരു ബിൽ കൂടിയുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നെയ്യാർ ഡാമിൽ നിന്നും 210 കോടി രൂപയുടെ ഒരു പ്രോജക്ടിന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടക്കം കുറിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിപ്പോൾ സ്തംഭനാവസ്ഥയിലാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് തടസ്സങ്ങളുണ്ട്. ആ തടസ്സങ്ങൾ നീക്കി വളരെ പെട്ടെന്നുതന്നെ പ്രോജക്ട് പുനരാരംഭിച്ച് നഗരത്തിൽ വെള്ളം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ നേരത്തെ ഇടപെട്ട് സംസാരിച്ചതാണ്. അങ്ങ് മറുപടി പറയുമെന്നാണ് വിചാരിച്ചത്. ഡയാലിസിസുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് ഒരു നിവേദനം ഞാൻ നേരത്തെ നൽകിയിരുന്നതാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഡയാലിസിസ് സെന്ററുകൾ

സന്നദ്ധസംഘടനകൾ നടത്തുന്നുണ്ട്. നയാപൈസപോലും ഗവൺമെന്റിന് ചെലവില്ലാതെ മുഴുവൻ കാര്യങ്ങളും ഫ്രീയായി ചെയ്യുകയാണ്. ഇപ്പോൾ അവരിൽ നിന്ന് വാങ്ങുന്ന വെള്ളത്തിന്റെ റേറ്റ് കൊമേഴ്സ്യൽ പർപ്പസിനുള്ളതാണ്. ഒരു ദിവസം ഒരാളെ ഡയാലിസിസ് ചെയ്യുകയാണെങ്കിൽ 120 ലിറ്റർ വെള്ളം വേണം. 30 പേരെ ഒരു ദിവസം ഡയാലിസിസ് ചെയ്യുന്നതിന് ഒരു മാസത്തിൽ വേണ്ടിവരുന്നത് 108000 ലിറ്റർ വെള്ളമാണ്. വമ്പിച്ച ചാർജ് വ്യത്യാസമാണുള്ളത്. ഞാൻ ഇതുനടത്തുന്ന ഒരു സംഘടനയുടെ പ്രതിനിധിയാണ്. ഇത് ഗവൺമെന്റിന്റെ പോളിസി വിഷയമാണെന്നാണ് അന്ന് പറഞ്ഞത്. ഇതിന് പോസിറ്റീവായിട്ടുള്ള ഒരു മറുപടി നൽകണം.

ശ്രീ. മാത്യു ടി. തോമസ്: സർ, തീർച്ചയായും ഇത് ഗവൺമെന്റിന്റെ പോളിസി മാറ്റർ ആണ്. കിഡ്നി രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തുകൊടുക്കുന്ന സ്ഥാപനങ്ങൾ വളരെ പ്രധാനപ്പെട്ട സേവനമാണ് നൽകുന്നത്. ഇതുപോലെ സൗജന്യമായി ആതുരസേവനം നടത്തുന്ന നിരവധി സംരംഭങ്ങളുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ക്യാൻസർ രോഗികളെ ശുശ്രൂഷിക്കുന്നതുമായ നിരവധി സ്ഥാപനങ്ങളുമുണ്ട്. ഞാൻ നിഷേധിക്കുകയല്ല. അത് പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ആതുര സേവന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ പരിശോധന നടത്തുകയാണ്.

ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഇവിടെ സൂചിപ്പിച്ച വിഷയം, കരമനയാറിൽ വെള്ളമില്ലാതെ വന്നതുകൊണ്ടാണ് 2017-ൽ തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലക്ഷാമം നേരിട്ടത്. ഗവൺമെന്റിന് വളരെ കൃത്യമായി അക്കാര്യത്തിൽ ഇടപെടാൻ കഴിഞ്ഞുവെന്ന കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ കെ. മുരളീധരനും കെ. എസ്. ശബരീനാഥനുമൊക്കെ അറിയാം. ബഹുമാന്യരായ എം.എൽ.എ.-മാരുടെയും നാട്ടുകാരുടെയും സഹകരണവും അക്കാര്യത്തിലുണ്ടായി. വളരെ സാഹസികമായി, ചുരുങ്ങിയ സമയംകൊണ്ട് അതിനുള്ള സജ്ജീകരണമൊരുക്കി. നെയ്യാർ ഡാമിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കരമനയാറ്റിൽ എത്തിച്ച് അവിടെ നിന്നും വെള്ളം അരുവിക്കരയിൽ കൊണ്ടുവന്ന് ശുദ്ധീകരിച്ച് നൽകുകയായിരുന്നു ചെയ്തത്. ഇതിനൊരു ശാശ്വതപരിഹാരം നെയ്യാർ നദിയിൽ പുതിയ പദ്ധതി ആരംഭിക്കുകയെന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഇത് എത്രത്തോളം പോയിരുന്നുവെന്ന് പറയാൻ എനിക്കറിയില്ല. പക്ഷെ

അങ്ങനെയൊരു പദ്ധതിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച പദ്ധതിയാണെന്നാണ് ഇതുവരെ ഞാൻ ധരിച്ചിരുന്നത്. നമുക്ക് വെള്ളം കൊടുക്കാൻ കഴിയും. ഇതിനുവേണ്ടി ഇറിഗേഷൻ ലാൻഡാണ് കണ്ടെത്തിയത്. ഇറിഗേഷൻ വകുപ്പിന് വാട്ടർ അതോറിറ്റിക്ക് സ്ഥലം നൽകുന്നതിന് ഒരു തടസ്സവുമില്ല. എന്നാൽ ടി സ്ഥലം വലിയ കയ്യേറ്റങ്ങളിൽപ്പെട്ട് കിടക്കുകയാണ്. അവിടെ സർവ്വേ നടത്താൻ പോയപ്പോൾ പ്രാദേശിക പ്രശ്നങ്ങൾ ഉണ്ടായി. അത് പരിഹരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. കാരണം, തിരുവനന്തപുരം നഗരമടക്കം ആളുകൾ വളരെയധികം തിങ്ങിപ്പാർക്കുന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഭാവിയിലെ കുടിവെള്ള പ്രശ്നത്തെ അഡ്രസ് ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കാനാണ് തീരുമാനം. അതിനുള്ള പണവും ഡി.പി.ആർ.-ഉം എല്ലാ സംവിധാനങ്ങളുമുണ്ട്. ഗവൺമെന്റിന്റെ സ്ഥലത്തുള്ള കയ്യേറ്റം ഒഴിപ്പിച്ച് സ്ഥലം ലഭ്യമാക്കാനുള്ള നടപടി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കാൻ കഴിയും.

മറ്റ് കാര്യങ്ങളൊക്കെ ചർച്ച ചെയ്തു. മുൻകാലത്ത് നമ്മൾ ചില നദികളിലൊക്കെ ഇറങ്ങി കൈക്കുമ്പിളിൽ വെള്ളം കോരി കുടിക്കുമായിരുന്നു. ആ നദികളിലൊക്കെ ഇപ്പോൾ കാലുകുത്താൻ കഴിയില്ല, ചൊറിച്ചിൽ വരും. ആ കാലഘട്ടത്തിലേയ്ക്ക് നമ്മുടെ നാടിനെ എത്തിക്കാനുള്ള വലിയ ആഗ്രഹം പൊതുസമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അത് ജനപ്രതിനിധികൾ അവരുടേതായ രൂപത്തിൽ പ്രകടിപ്പിക്കുന്ന ഒന്നായി ഈ ഭേദഗതി നിയമത്തെ കാണണം. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീമതി ഇ. എസ്. ബിജിമോൾ, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത്, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശ്രീ. പാറക്കൽ

അബ്ദുല്ലയുടെ 125-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഞാൻ അവതരിപ്പിക്കുന്നു.

125. In section 37(4) proposed to be inserted in the principal Act by clause 2, after the word " excreta, the words " or any other waste materials" shall be inserted.

ഇതിൽ "or any waste materials" എന്നതിനുപകരം "or any other wastematerials" എന്ന ഭേദഗതിയാണ് വരുത്തുന്നത്.

Prof. Abid Hussain Thangal (for Shri. Abdul Hameed P.): Sir, I move the following amendment:

123. In section 37(4) proposed to be inserted in the principal Act by clause 2, after the word " deposit" insert the words " or cause to deposit."

Shri P. T. Thomas: Sir, I move the following amendments:

126. In section 37(4) proposed to be inserted in the principal Act by clause 2, after the words " any distributory system or water course" , insert the words " or irrigation land" .

131. In section 37(4) proposed to be inserted in the principal Act by clause 2, for the words " pollute the water in any other way" substitute the words " pollute the water in any way" .

Shri Adoor Prakash: Sir, I move the following amendment:

128. In section 37(4) proposed to be inserted in the principal Act by clause 2, after the words " water course or" the words " any water body used for drinking purpose or" shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശ്രീ. അബ്ദുൽ ഹമീദ് പി. ചുമതലപ്പെടുത്തിയ പ്രകാരം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഞാൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിയോടെ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുൽ ഹമീദ് പി. ചുമതലപ്പെടുത്തിയ പ്രകാരം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 126, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Dr. M. K. Muneer: Sir, I move the following amendment:

136. In section 58(1)(k) proposed to be inserted in the principal Act by clause 3, for the words " an Inspector General " substitute the words " an Assistant Inspector General "

Shri T. V. Ibrahim: Sir, I move the following amendment:

137. In section 58(1)(k) proposed to be inserted in the principal Act by clause 3, for the words " an Inspector General " substitute the words " a Deputy Inspector General "

Shri P. Ubaidulla: Sir, I move the following amendment:

138. In section 58(1)(k) proposed to be inserted in the principal Act by clause 3, for the words " an Inspector General " substitute the words " an Additional Director General "

Shri V. P. Sajeendran: Sir, I move the following amendment:

141. In section 58(1)(k) proposed to be inserted in the principal Act by clause 3, the words " to be nominated by the Government " shall be deleted.

Shri K. Muraleedharan: Sir, I move the following amendment.

142. In section 58(1)(k) proposed to be inserted in the principal Act by clause 3, after the words " nominated by the Government " the symbol and word ", ex-officio " shall be added.

Prof. Abid Hussain Thangal: Sir, I move the following amendment:

143. In section 58(1)(k) proposed to be inserted in the principal Act by clause 3, after the clause (k), the following new clause shall be inserted namely:

" (l) a Revenue Officer not below the rank of Deputy Collector to be nominated by the Government- "

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഡാം സേഫ്റ്റി അതോറിറ്റിയിൽ ഒരു ഐ.ജി.യെക്കൂടി അംഗമാക്കുന്നതിനുള്ള നിർദ്ദേശമാണ് മൂന്നാം വകുപ്പിൽ പ്രധാനമായും നൽകിയിരുന്നത്. എ.ഡി.ജി.പി, ഡി.ജി.പി., ഡി.ഐ.ജി. തുടങ്ങിയവർ വേണമെന്നുള്ള നിർദ്ദേശങ്ങളാണ് ഭേദഗതിയായി വന്നിരിക്കുന്നത്. ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്ന പ്രൊപ്പോസലാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri P. K. Abdu Rabb: Sir, I move the following amendment:

146. In section 59 (2) proposed to be substituted in the principal Act by clause 4, for the word “ four” substitute the word “ five ” .

Prof. Abid Hussain Thangal (for Shri. Abdul Hameed P.): Sir, I move the following amendment:

149. In Section 59 (2) proposed to be substituted in the principal Act by clause 4, for the words “ four members including the Chairman” substitute the words “ fifty percentage of the total members including Chairman” .

Shri P. T. Thomas: Sir, I move the following amendment:

154. section 59(2) proposed to be substituted in the principal Act by clause 4, shall be recast as follows:-

“ (2) The quorum for a meeting of the authority shall not be less than fifty percent of the total number of the members including the Chairman” .

Shri V. P. Sajeendran: Sir, I move the following amendment:

156. section 59 (2) proposed to be substituted in the principal Act by clause 4, shall be recast as follows:

“ (2) The quorum for a meeting of the Authority shall be seven members including the Chairman.”

Prof. Abid Hussain Thangal: Sir, I move the following amendment:

159. section 59 (2) proposed to be substituted in the principal Act by clause 4, shall be recast as follows:

“ (2) The quorum of the Committee shall be not less than the fifty percent of the total members.”

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പൊതുവികാരത്തെ അംഗീകരിച്ചുകൊണ്ട് quorum 4 എന്നുള്ളത് quorum 5 ആക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ടായിരുന്നു. ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി അത്തരത്തിലുള്ളതാണ്. അതുകൊണ്ട് 146-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. ക്കുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri P. T. Thomas: Sir, I move the following amendment:

160. In section 70 (3) proposed to be substituted in the principal Act by clause 5, for the words " which may extend to three years or with fine which may extend to two lakh rupees" the words " which may extend to five years or with fine which may extend to five lakh rupees" shall be substituted.

Prof. Abid Hussain Thangal (for Shri. Abdul Hameed P.): Sir, I move the following amendments:

161. In section 70 (3) proposed to be substituted in the principal Act by clause 5, for the word " three" substitute the word " two" .

173. In section 70 (3) proposed to be substituted in the principal Act by clause 5, for the word " two " substitute the word " five " .

Shri N. A. Nellikkunnu: Sir, I move the following amendment:

162. In section 70 (3) proposed to be substituted in the principal Act by clause 5, for the words " three " substitute the words " four" .

Shri P. Ubaidulla: Sir, I move the following amendment:

164. In section 70 (3) proposed to be substituted in the principal Act by clause 5, for the words " three " substitute the words " five" .

Shri V. P. Sajeendran: Sir, I move the following amendment:

166. In section 70 (3) proposed to be substituted in the principal Act by clause 5, for the words " two lakh" the words " two lakh fifty thousand" shall be substituted.

Shri T. V. Ibrahim: Sir, I move the following amendment:

167. In section 70 (3) proposed to be substituted in the principal Act by clause 5, for the words " two lakh rupees" substitute the words " three lakh rupees" .

Dr. M.K. Muneer: Sir, I move the following amendment:

169. In section 70 (3) proposed to be substituted in the principal Act by clause 5, for the words " two lakh rupees" substitute the words " four lakh rupees" .

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കുറ്റമായി നിർവ്വചിക്കുന്ന പ്രവൃത്തികളുള്ള ശിക്ഷയാണ് നിഷ്കർഷിച്ചിരിക്കുന്നത്. ബില്ലിൽ പറഞ്ഞിരിക്കുന്ന ഭേദഗതി മൂന്ന് വർഷം തടവും രണ്ട് ലക്ഷം രൂപവരെ പിഴയുമെന്നാണ്. അതിൽ ചിലത് വർദ്ധിപ്പിക്കണമെന്നും കുറയ്ക്കണമെന്നുമുള്ള ഭേദഗതികളാണ് വന്നിരിക്കുന്നത്. Non bailable cognizable offence ആകണമെങ്കിൽ തടവ് മൂന്ന് വർഷമായി തന്നെ നിലനിർത്തണം. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.-ക്കുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 161, 173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

Shri P. Ubaidulla (for Shri K. N. A. Khader): Sir, I move the following amendments:

176. In section 70A proposed to be inserted in the principal Act by clause 6, for the words " a Judicial Magistrate of the First Class" , the words " a Judicial First Class Magistrate" shall be substituted.

181. In section 70A proposed to be inserted in the principal Act by clause 6, for the words " which may extend to" the word " upto" shall be substituted.

Shri P .T. Thomas: Sir, I move the following amendment:

182. In section 70 (A) proposed to be inserted in the principal Act by clause 6, for the words " two" substitute the words " three ."

Shri P. K. Abdu Rabb: Sir, I move the following amendment:

185. In section 70 A proposed to be inserted in the principal Act by clause 6, for the words " two " substitute the words " four ."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 176, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

Shri P. Ubaidulla: Sir, I move the following amendment:

195. In clause 7, for the words " two lakh" substitute the words " four lakh" .

Shri V. P. Sajeendran: Sir, I move the following amendment:

196. In clause 7, for the words and symbols " three years, but it shall not be less than one year, and with a fine which may extend to two lakh rupees" the words and symbols " four years,

but it shall not be less than one year, and with fine which mayextend to two lakh fifty thousand rupees" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ആവർത്തിച്ച് കുറ്റം ചെയ്യുന്നവർക്ക് നൽകേണ്ട മിനിമം ശിക്ഷ ഒരു വർഷം തടവായിരിക്കണമെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അതിൽ നിന്നും വ്യത്യാസപ്പെടുത്തിയിട്ടുള്ള ഭേദഗതികളാണ് നിർദ്ദേശിക്കുന്നത്. ആയതിനാൽ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതിയില്ല.)

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5.00 PM]

1-ാം വകുപ്പും പീഠികയും പേരും

Prof. Abid Hussain Thangal: Sir, I move the following amendments:

111.In the long title the word " further" shall be deleted.

112.In the Preamble the word " further" shall be deleted.

114. In Clause 1 (2) for the words and figures " on the 8th day of December, 2017" the words " at once" shall be substituted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, മൂലനിയമം ഒരിക്കൽ ഭേദഗതി ചെയ്തതാണ്. രണ്ടാമത്തെ ഭേദഗതിയായതുകൊണ്ടാണ് " further" എന്ന വാക്ക് വരുന്നത്. അത് ഒഴിവാക്കണമെന്ന ഭേദഗതിയാണ് വന്നിരിക്കുന്നത്. അത് സ്വീകാര്യമല്ല. പിന്നെയുള്ളത്, ഇത് പ്രാബല്യത്തിൽ വരുന്ന ദിവസത്തെ സംബന്ധിച്ചാണ്. നേരത്തെ ഇത് ഓർഡിനൻസായി പുറപ്പെടുവിച്ച് നിരവധി നടപടി എടുത്തതാണ്. അതുകൊണ്ട് ഓർഡിനൻസ് ആദ്യം പുറപ്പെടുവിച്ച തീയതി മുതൽ തന്നെ പ്രാബല്യത്തിൽ വരേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 111, 112, 114 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ മാത്യു ടി. തോമസ്): സർ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് ലോകമെമ്പാടുമുള്ള ഒരു പ്രതിഭാസം ഡാം സേഫ്റ്റി എന്നതിനപ്പുറം Decommissioning of big dams എന്നുള്ളതാണ്. യു.എസ്., ചൈന തുടങ്ങിയ പല യൂറോപ്യൻ രാജ്യങ്ങളിലും സേഫ്റ്റി കണക്കിലെടുത്ത് ഡാമുകളെ ഡീകമ്മീഷൻ ചെയ്ത് ചെറിയ ഡാമുകളിലേയ്ക്ക് പോകുന്ന സാഹചര്യമാണുള്ളത്. മുല്ലപ്പെരിയാർ ഡാമിന്റെ സേഫ്റ്റിയെപ്പറ്റി സഭ എത്രയോ തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. ലോകത്തെമ്പാടുമുള്ള പുതിയ കാഴ്ചപ്പാട് വലിയ ഡാമുകളെ ഡീകമ്മീഷൻ ചെയ്ത് മറ്റുരീതിയിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക എന്നുള്ളതാണ്. ഇപ്പോഴും മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചുള്ള ആശങ്കകൾ നിലനിൽക്കുകയാണ്. പുതിയ കാലഘട്ടത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് വലിയ ഡാമുകൾ എന്ന നിലയിൽ നിന്നും പിന്മാറുകയും നമുക്ക് ആവശ്യമുള്ള വെള്ളം സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കുക എന്നുള്ളതുമാണ് കരണീയമായിട്ടുള്ളത്.

നമ്മുടെ അന്തർ സംസ്ഥാന കരാറുകളിൽ പലതിന്റെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട സി. കൃഷ്ണൻകുട്ടി ഇവിടെ നിരന്തരമായി പറയുന്ന ഒരു കാര്യമാണ് പറമ്പിക്കുളം-ആളിയാർ പദ്ധതി. കേരളത്തിന് അവകാശപ്പെട്ട വെള്ളംപോലും സമയത്തിന് കിട്ടാറില്ല. ഇവിടെനിന്നും കൂടുതൽ വെള്ളം കൊണ്ടുപോകുകയാണ്. മുല്ലപ്പെരിയാറിലെ വെള്ളം കൂടുതലും ഉപയോഗിക്കുന്നത് തമിഴ്നാട്ടിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ വേണ്ടിയാണ്. അവർ കോടിക്കണക്കിന് രൂപയുടെ ലാഭം അതിൽനിന്നുമുണ്ടാക്കുന്നു. ന്യായമായി നമുക്ക് കിട്ടേണ്ട ജലം കിട്ടുകയോ ഉപയോഗിക്കുകയോ ചെയ്യാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുകയാണ്. കാവേരി ട്രിബ്യൂണൽ

അവാർഡനുസരിച്ചുള്ള വെള്ളം നമുക്ക് ഉപയോഗിക്കാൻ സാധിക്കാതെ വരുന്നു. വാട്ടർ മാനേജ്മെന്റിന്റെ കാര്യത്തിലും നമ്മുടെ അവകാശം സംരക്ഷിക്കുന്ന കാര്യത്തിലും കൂടുതൽ ജാഗ്രതയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അന്തർ സംസ്ഥാന നദീജല കരാറുകൾ കൈകാര്യം ചെയ്യുന്നത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ കീഴിലല്ലെങ്കിൽപ്പോലും പുതിയ കരാറുകൾ ഉണ്ടാകണം. നമ്മുടെ രാജ്യത്ത് ഇന്ന് ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുന്നത് ഇത്തരം കരാറുകൾ തന്നെയാണ്. കേരളത്തെ വളരെ ദോഷകരമായി ബാധിക്കുകയാണിത്. അതുകൊണ്ട് ഇന്ന് നിലനിൽക്കുന്ന കരാറുകൾ പുതുക്കി നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിലയിലേയ്ക്ക് അന്തർസംസ്ഥാന നദീജല കരാറുകൾ മാറണമെന്നുള്ളതാണ് ഏറ്റവും പ്രധാനം. മൂന്നാമതായി എനിക്ക് പറയാനുള്ളത്, സംസ്ഥാനത്ത് വാട്ടർ മാനേജ്മെന്റ് ഫലപ്രദമാകണം. Water, water, everywhere, not a drop to drink. കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയാണ്. അതോടൊപ്പം, വെള്ളത്തിന്റെ മലിനീകരണം. ഇതിൽ പ്രധാനമായി ഞാൻ പറയാനുദ്ദേശിക്കുന്നത്, മാലിന്യത്തെ സംബന്ധിച്ച വിഷയമാണ്. ഇന്ന് കുളങ്ങളിൽപ്പോലും രാത്രിയിൽ ആളുകൾ മാലിന്യങ്ങൾ കൊണ്ടിടുകയാണ്. ഒരിടത്ത് മാത്രമല്ല, പൊതുസ്ഥലങ്ങളിലുമെല്ലാം അത് കാണാൻ കഴിയുന്നു. ഇതിനെതിരായി ശക്തമായ നടപടികളുണ്ടാകണം. വാട്ടർ മാനേജ്മെന്റ് ശക്തമാക്കണം. വെള്ളത്തിന്റെ ദുരുപയോഗം തടയേണ്ടിയിരിക്കുന്നു. മനുഷ്യരാശിക്ക് ആവശ്യമായ വെള്ളം ഫലപ്രദമായി കൺസർവ് ചെയ്യാൻ കഴിയത്തക്കനിലയിലുള്ള സംവിധാനങ്ങളെ പറ്റിയാണ് നമ്മൾ ആലോചിക്കേണ്ടത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ക്വാറത്തെ സംബന്ധിച്ച് ഒരു ഭേദഗതി വരുത്തിയ സാഹചര്യത്തിൽ ഞങ്ങൾ എതിർക്കുന്നില്ല. നമുക്ക് ഏകകണ്ഠമായി ഈ ബിൽ പാസ്സാക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## IX അറിയിപ്പ്

### 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി)ബില്ലിന് ഭേദഗതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയതിനുശേഷം ഇന്നലെയാണ് സഭയിൽ വന്നത്. ഇന്നലെ ഉച്ചയ്ക്കുശേഷമാണ് അംഗങ്ങൾക്ക് അതിന്റെ കോപ്പി കിട്ടിയത്. അതിൽ പതിനാല് വകുപ്പുകളുണ്ട്. ആ പതിനാല് വകുപ്പുകളും പരിശോധിച്ച് നാളെ പതിനൊന്ന് മണിക്കുമുമ്പായി ഭേദഗതി കൊടുക്കാൻ സാധിക്കില്ല. അതിന് ഒരു ദിവസം കൂടി (ശനിയാഴ്ച വരെ) നീട്ടിത്തരണം. ഞങ്ങൾക്ക് ഇത് വായിച്ചുനോക്കാനുള്ള സമയം വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: വെള്ളിയാഴ്ച മൂന്ന് മണിവരെ സമയമുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അത് ശനിയാഴ്ച വരെ നീട്ടണം. ഞങ്ങൾക്ക് ഇടപെടാനുള്ള അവകാശം ഇല്ലാതാക്കുകയാണ്. അത് വളരെ ഗൗരവമായി എടുക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: വെള്ളിയാഴ്ച അഞ്ചുമണിവരെ സമയം ദീർഘിപ്പിച്ചിട്ടുണ്ട്.

### (നിയമനിർമ്മാണകാര്യം- തുടർച്ച)

### (iii) 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം അഞ്ചുമണിയായി. പത്ത് മിനിറ്റിനുള്ളിൽ പ്രസംഗം അവസാനിപ്പിച്ചാൽ നന്നായിരുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

ഏറെ വൈകിയതിനുശേഷവും സഭ തുടരുന്നതിനാൽ സമയം നിയന്ത്രിച്ചു കൊണ്ടുതന്നെയാണ് ഞാൻ ഈ ബില്ലിന്മേൽ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയൊരു ദിശാബോധമുണ്ടാക്കുന്നതിന് 2014-ലാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസം, ഗവേഷണം, അക്കാദമിക മേന്മ എന്നിവ ഉയർത്തുന്നതിനും അന്തർദേശീയ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുമാണ് സാങ്കേതിക സർവ്വകലാശാല ആരംഭിച്ചത്. ഈ സർവ്വകലാശാലയ്ക്ക് പിന്നീട് രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ പേര് പുനർനാമകരണം ചെയ്യുകയാണുണ്ടായത്. നമ്മുടെ രാജ്യത്തിന്റെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന എ.പി.ജെ. അബ്ദുൾ കലാം, 2002 മുതൽ 2007 വരെയുള്ള അഞ്ച് വർഷക്കാലം രാജ്യത്തെ രാഷ്ട്രപതിയായിരുന്ന ഘട്ടത്തിൽ രാജ്യത്തിന് സമാനതകളില്ലാത്ത സംഭാവനകൾ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള കോടാനുകോടി മനുഷ്യർക്ക് സംഭാവന ചെയ്തു എന്നുള്ളതിൽ തർക്കമില്ല. പ്രതിരോധ ഗവേഷണ വികസന കേന്ദ്രത്തിന്റെയും ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെയും ഉന്നത സ്ഥാനങ്ങളിൽ അദ്ദേഹം തിളങ്ങിയെന്ന് ഇന്ത്യയിലെ ഓരോ മനുഷ്യർക്കും അറിയാവുന്നതാണ്. "ഇന്ത്യയുടെ മിസൈൽ മനുഷ്യൻ" എന്നാണ് ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ നാം വിശേഷിപ്പിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ ദീർഘവീക്ഷണത്തോടുകൂടിയ വികസന പ്രക്രിയ ഏതുനിലയ്ക്ക് മുന്നോട്ടുപോകണം എന്ന ദർശനങ്ങൾ സംഭാവന നൽകുകയും അഴിമതിമുക്തമായ ഇന്ത്യയെന്ന മുദ്രാവാക്യം ജനഹൃദയങ്ങളിൽ എത്തിക്കുകയും ചെയ്ത എ.പി.ജെ.യുടെ നാമധേയത്തിൽ തിരുവനന്തപുരം വിളപ്പിൽശാലയിൽ ആസ്ഥാനമന്ദിരം നിർമ്മിക്കണമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ് ഈ സർവ്വകലാശാലയുടെ ഭേദഗതി ബിൽ മുഖ്യമായും ലക്ഷ്യം വയ്ക്കുന്നത്. 1971-ൽ

ആരംഭിച്ച കൊച്ചി സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുകയും എന്നാൽ ബിരുദാന്തരബിരുദത്തിനും ഗവേഷണങ്ങൾക്കുമായി ഫെഡറൽ മാതൃകയിലുള്ള ഒരു സർവ്വകലാശാലയായി കൊച്ചി സർവ്വകലാശാല മാറണമെന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന ടി. എം. ജേക്കബ് 1986 ഒക്ടോബർ 27-ന് സഭയിൽ ബിൽ അവതരിപ്പിക്കുകയും നവംബർ 27-ന് ബിൽ പാസ്സാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) പഠനത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകുന്ന ഒരു സർവ്വകലാശാലയായി മാറിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ബിൽ 1986-ൽ ഭേദഗതി ചെയ്തപ്പോൾ അതിൽ ഉൾക്കൊള്ളുന്ന പ്രസക്തമായ ചില ഭാഗങ്ങൾ കൂടി ഈ ബില്ലിന്റെ ഭാഗമാക്കി മാറ്റണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലയുടെ നിലവിലുള്ള അധികാര സ്ഥാപനങ്ങൾക്ക് പുറമേ ഓരോ പഠനശാഖയ്ക്കും ഓരോ ബോർഡ് ഓഫ് സ്റ്റഡീസും ധനസംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻവേണ്ടി സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന നിശ്ചിത യോഗ്യതയുള്ള ഒരാൾ ചെയർമാനായ ഒരു ഉപദേശക സമിതി കൊണ്ടുവരണമെന്ന ഭേദഗതി ഇതിന്റെ ഭാഗമായി വരുന്നത്. ആസൂത്രണ സമിതി സർവ്വകലാശാലയുടെ വികസനം, സിൻഡിക്കേറ്റ് അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിന്റെ ഉദ്ദേശം, സർവ്വകലാശാലയുടെ അഭിവൃദ്ധി, വികസന പ്രവർത്തനങ്ങളുടെ രൂപരേഖ, സർവ്വകലാശാലയുടെ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ആസൂത്രണ സമിതി, വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തിക്കൊണ്ടുള്ള വിദ്യാർത്ഥി കൗൺസിൽ തുടങ്ങിയ നാല് അധികാര കേന്ദ്രങ്ങൾകൂടി ഈ ബില്ലിന്റെ ഭാഗമായി അധീഷണലായി ഉൾപ്പെടുത്തണമെന്ന് നിശ്ചയിച്ചിരിക്കുകയാണ്. അക്കാദമിക് സമിതിയുടെ പേര് 'അക്കാദമിക് കൗൺസിൽ' എന്നും നിർവ്വാഹക സമിതിയുടെ പേര് 'സിൻഡിക്കേറ്റ്' എന്നും മാറ്റം വരുത്താനും ബോർഡ് ഓഫ് ഗവർണേഴ്സിൽ അവശ്യം വേണ്ട മാറ്റങ്ങൾ വരുത്തി പുതിയ അംഗങ്ങളെ കൊണ്ടുവരിക എന്നുള്ള ഉദ്ദേശ്യം കൂടി ഈ ബില്ലിന്റെ ഭേദഗതിയിൽ ഉൾക്കൊള്ളുകയാണ്. ഗവേഷണ കൗൺസിൽ നിലവിലുണ്ട്. തീർച്ചയായും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഗവേഷണത്തിന് മികവ് പുലർത്തുന്ന വിദ്യാത്ഥികൾക്ക് തുടർ ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്ന കൈരളി ഗവേഷണ അവാർഡുകൾ സംസ്ഥാനത്ത് നടപ്പാക്കി. കേരളത്തിലെ ഏറ്റവും പ്രശസ്തമായ കുസാറ്റ് സർവ്വകലാശാല നമ്മുടെ രാജ്യത്തിന് മാതൃകയാണ്.

അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർന്നുപൊയ്ക്കൊണ്ടിരിക്കുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 കോടി രൂപ മുതൽമുടക്കി സർവ്വകലാശാലയുടെ നിലവാരം ഉയർത്തുവാനും മെച്ചപ്പെടുത്താനും പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസത്തിന്റെ ഉയർന്ന തലങ്ങളിലേയ്ക്ക് കടന്നുപോകാനുമുള്ള സൗകര്യമൊരുക്കുകയാണ്. കേരളത്തിലെ ഇതര എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾക്ക് 75 കോടി രൂപ നീക്കിവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലകളിലും കോളേജുകളിലും നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാനും ശാസ്ത്ര അവബോധം ഉണ്ടാക്കാനും ശാസ്ത്രയാൻ പദ്ധതി സർവ്വകലാശാലകൾ കേന്ദ്രീകരിച്ച് നടക്കുന്നു. സർവ്വകലാശാലകൾ തമ്മിലുള്ള ഏകോപനവും അക്കാദമിക് ബന്ധവും മെച്ചപ്പെടുത്തണമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഈ നിലയ്ക്ക് നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ സംഭാവനകൾ നൽകുമ്പോൾ കേന്ദ്ര സർക്കാർ വിദ്യാഭ്യാസ മേഖലയെ പാടേ അവഗണിക്കുന്ന സ്ഥിതിവിശേഷമുണ്ടാകുകയാണ്. ഭരണഘടന ആർട്ടിക്കിൾ 21(A) പ്രകാരം 6 മുതൽ 14 വയസ്സുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നൽകണമെന്ന് വളരെ വ്യക്തമായി പറയുമ്പോഴും ഭരണഘടനയുടെ നഗ്നമായ ലംഘനം ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. അതിൽനിന്നും കേരളം ഉത്തമമാതൃകയായി ലോകത്തിനുമുന്നിൽ ഇന്ന് ഉയർന്നുനിൽക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സാധാരണക്കാരന്റെ മക്കൾക്ക് പഠനം പ്രാപ്യമാകുന്ന നിലയിൽ പ്രീ-പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ തലംവരെ വലിയൊരു പൊളിച്ചെഴുത്താണ് സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്തെ കാവിവൽക്കരിക്കാനും വർഗ്ഗീയവൽക്കരിക്കാനും ചരിത്രത്തെ മാറ്റിയെഴുതാനും വിദ്യാഭ്യാസക്രമം തന്നെ മാറ്റുകയും വിദ്യാർത്ഥികളിൽ വർഗ്ഗീയതയുടെ വിഷവിത്ത് പകർന്ന് നൽകാനും വേണ്ടിയുള്ള ശ്രമം ആർ.എസ്.എസ്.-ഉം സംഘ്പരിവാറും നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാർ നടത്തുമ്പോൾ അതിനെതിരെയുള്ള ശക്തമായ ചെറുത്തുനിൽപ്പുകൾ തീർച്ചയായും ഉയർന്നുവരേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവരുന്ന ഭേദഗതിയെ സംബന്ധിച്ച് ഒരു ദിനപത്രത്തിൽ വന്നത്, 'The Government has initiated a major drive to improve the academic standards of Engineering education in the State' എന്നാണ്. സംസ്ഥാനത്തിന്റെ അദ്ധ്യയന വിദ്യാഭ്യാസ നിലവാരം

ഉയർത്താൻ വേണ്ടിയുള്ള സമഗ്രമായ ഒരു ഭേദഗതി എ.പി.ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിലുള്ള ഈ സർവ്വകലാശാലയിൽ ഉണ്ടാകണമെന്ന് ആഗ്രഹിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതികൾ ഇവിടെ കൊണ്ടുവരുന്നത്. എ.പി.ജെ. അബ്ദുൾ കലാമിനെ നാം ഓർക്കുമ്പോൾ, രാഷ്ട്രപതി എന്ന നിലയിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത മേഖലകളിലും അദ്ദേഹം നല്ല ഇടപെടലുകളാണ് നടത്തിയത്. 'സ്വപ്നം കാണുക, ഊർജ്ജത്തോടെ പ്രവർത്തിക്കുക, സ്വപ്നങ്ങളും ലക്ഷ്യങ്ങളുമില്ലെങ്കിൽ അത് കുറ്റം' സ്നേഹത്തിന്റെ വേദന അനുഭവിക്കുന്നതിനേക്കാൾ എനിക്ക് ഏറെ എളുപ്പം റോക്കറ്റ് ഉണ്ടാക്കുന്നത് എന്നാണ് അവിവാഹിതനായിരുന്ന എ.പി.ജെ. അബ്ദുൾ കലാം അദ്ദേഹത്തിന്റെ ഉദ്ധരണികളിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തെപ്പോലെ ഒരുപാട് പേരെ നമ്മുടെ രാജ്യത്ത് സൃഷ്ടിക്കുക എന്നുള്ളതാണ് സർവ്വകലാശാലകളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതല. നമ്മുടെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾക്ക് ലോകനിലവാരമുണ്ടാകണം. അതിന്റെ മോഡലാണ് കേരളം പോലുള്ള സംസ്ഥാനമെന്ന് പറയുന്നത്. നിർത്താതെ പോകുന്ന ട്രെയിൻ രാവിലെ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ രാമേശ്വരത്ത് എത്തുമ്പോൾ, അദ്ദേഹത്തിന്റെ സുഹൃത്തായ പത്രവിതരണക്കാരൻ ഷംസുദ്ദീനോടൊപ്പം അവിടെ നിൽക്കും. ആ ട്രെയിനിൽ നിന്നും പത്രക്കെട്ടുകൾ വലിച്ചെറിയുമ്പോൾ ആ പത്രക്കെട്ടുകളെടുത്ത് വിതരണം ചെയ്യുന്നതിന് ഷംസുദ്ദീനെ സഹായിച്ചിട്ടുണ്ടെന്നും അതിൽനിന്നും ലഭ്യമാകുന്ന പാരിതോഷികമാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആദ്യ വേതനമെന്നും എ.പി.ജെ. അബ്ദുൾകലാം പറയുകയുണ്ടായി. അങ്ങനെ നമ്മുടെ രാജ്യത്തിന്റെ സമാനതകളില്ലാത്ത നിലകളിലേയ്ക്കുള്ള ഉയരങ്ങളിൽ നടന്നുനീങ്ങിയ മഹാരഥന്മാരുണ്ട്. അവരുടെ ചെറുപ്പമെന്ന് പറയുന്നത് തീക്ഷ്ണമായ ജീവിതത്തിന്റേയും കഷ്ടപ്പാടുകളുടേയും ദുരിതങ്ങളുടേതുമാണ്. വെളിച്ചമില്ലാതിരുന്ന സമയത്ത് ഇലക്ട്രിക് പോസ്റ്റിന്റെ ചുവട്ടിൽപോയിരുന്ന് പഠിച്ച് ഉയർന്നുവന്ന ഒരുപാട് മഹാരഥന്മാരുണ്ട്. അതുകൊണ്ട് എ.പി.ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിലുള്ള ഈ സർവ്വകലാശാലയുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള അപാകതകളും ചെറിയ ചെറിയ പ്രശ്നങ്ങളും പരിഹരിക്കാൻ നടപടി ഉണ്ടാകണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അങ്ങ് എ.പി.ജെ. അബ്ദുൾ കലാമിന്റെ മഹത്വത്തെ സംബന്ധിച്ചാണ് പറയുന്നത്. അതുകൊണ്ടാണ് മുൻ ഗവൺമെന്റ് അദ്ദേഹത്തിന്റെ നാമധേയത്തിൽ ഇങ്ങനെയൊരു സർവ്വകലാശാല രൂപീകരിച്ചത് വളരെ

നല്ലകാര്യമാണെന്ന് പറഞ്ഞത്. ഇതിൽ ബോർഡ് ഓഫ് ഗവേർണേഴ്സിന്റെ അംഗങ്ങളുടെ പട്ടികയിൽ വനിതകളുടെയും എസ്.സി./എസ്.ടി. വിഭാഗത്തിൽ പെട്ടവരുടെയും അഭാവത്തിൽ പൊതുവിഭാഗത്തിൽപ്പെട്ടവരെ നിയമിക്കാമെന്ന് 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട പ്രൊഫസർമാർ ലഭ്യമല്ലെങ്കിൽ മറ്റ് വിഭാഗത്തിൽപ്പെട്ടവരെ നിയമിക്കാമെന്ന് പറയുന്നുണ്ട്. അങ്ങനെ മറ്റ് വിഭാഗത്തിൽപ്പെട്ടവരെ നിയമിക്കുമ്പോൾ സംവരണത്തിൽക്കൂടി വരേണ്ട എസ്.സി./എസ്.ടി. വിഭാഗത്തിന്റെ അവസരം നഷ്ടപ്പെടുകയാണ്. നിലവിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ പ്രൊഫസർമാരുടെ എണ്ണം വളരെ കുറവായിരിക്കും. അതുകൊണ്ട് എസ്.സി./എസ്.ടി. വിഭാഗത്തിന്റെയും വനിതകളുടെയും പ്രാതിനിധ്യം ഉറപ്പാക്കണമെങ്കിൽ പ്രൊഫസർ എന്നുള്ളത് അസോസിയേറ്റ് പ്രൊഫസർ എന്നാക്കി മാറ്റണം. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, പഠനത്തിന്റെ കാര്യത്തിലാണെങ്കിലും ഇത്തരം സമിതികളിലേയ്ക്കുള്ള പ്രതിനിധികളുടെ കാര്യത്തിലാണെങ്കിലും എസ്.സി./എസ്.ടി., പിന്നോക്ക വിഭാഗക്കാർക്ക് വേണ്ട പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. അതുകൊണ്ട് 2018-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ബിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കാനും മുൻരാഷ്ട്രപതിയുടെ നാമധേയം ആ സർവ്വകലാശാലയ്ക്ക് നൽകാനും കഴിഞ്ഞതിൽ അതിയായ അഭിമാനവും സന്തോഷവും എനിക്കുണ്ട്. പക്ഷെ, ആ ബിൽ കൊണ്ടുവന്ന് അധികം താമസിയാതെ തെരഞ്ഞെടുപ്പ് നടക്കുകയും ഗവൺമെന്റ് മാറുകയും ചെയ്തു. അന്ന് യൂണിവേഴ്സിറ്റിക്കുവേണ്ടി ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകൾ പുതിയ ഗവൺമെന്റ് വന്നതിനുശേഷം പരിഗണനയ്ക്ക് വന്നെങ്കിലും അത് പരിഗണിക്കാതെ, പുതിയ ഭേദഗതികൾ കൊണ്ടുവന്ന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കിയാൽ മതിയെന്നുള്ള തീരുമാനമാണ് എടുത്തത്. ഈ സർവ്വകലാശാല

നിലവിൽവന്ന് 4 വർഷം പിന്നിടുമ്പോഴും അതുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും സ്റ്റാറ്റ്യൂട്ടുകൾ ഇല്ലാത്തതുകൊണ്ട് നടപ്പിലാക്കാൻ സാധിക്കാതെ പോയി എന്നുള്ളത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ "എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വകലാശാലയിലെ നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത് 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) ചില ഭേദഗതികൾ കൊണ്ടുവരേണ്ടത് ഈ സർവ്വകലാശാല നേരിട്ടുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ആക്റ്റിലെ വ്യവസ്ഥകൾ ഒരു മാതൃകയാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ വേണ്ടിയാണ് ഈ ബിൽ" എന്നാണ് പറയുന്നത്. ഇത് മുഴുവൻ വായിച്ചാൽ കാര്യമായ ഒരു മാറ്റവും വന്നിട്ടില്ലെന്ന് മനസ്സിലാകും. മാറ്റങ്ങൾ വന്നത്, അവിടെ ഇൻക്ലൂഡ് ചെയ്യാൻ പോകുന്ന അക്കാദമിക് ബോഡികളിലെ ആളുകളുടെ എണ്ണത്തിന്റെ കാര്യത്തിലും അക്കാദമിക് ബോഡികളുടെ നാമം മാറ്റുന്ന കാര്യത്തിലുമൊക്കെയാണ്. അല്ലാതെ സർവ്വകലാശാലയെ സ്ട്രെംഗ്തൻ ചെയ്യാൻ വേണ്ടിയുള്ള ഒരു കാര്യവും ഈ ബില്ലിലില്ല. കഴിഞ്ഞ ഗവൺമെന്റ് ഇതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയ ഉടൻതന്നെ തെരഞ്ഞെടുപ്പ് വന്നു. പിന്നീട് 2 വർഷം പിന്നിട്ടിട്ടും സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ വിളപ്പിൽശാലയിൽ ആരംഭിക്കാൻ പോകുന്നുവെന്ന് പറയുന്നു. പക്ഷെ, അതിനാവശ്യമായ ഒരു നടപടിയും ഇതുവരെ ആയിട്ടില്ല. യൂണിവേഴ്സിറ്റിയെന്ന് പറയുന്നത് സ്വന്തമായ പഠന വകുപ്പുകളും ഗവേഷണവുമുള്ള സ്ഥാപനമാണ്. സംസ്ഥാനത്ത് ധാരാളം യൂണിവേഴ്സിറ്റികളുണ്ട്. ശാസ്ത്രസാങ്കേതികവുമായി ബന്ധപ്പെട്ട് വന്ന കുസാറ്റിന് ആദ്യം ഉണ്ടായിരുന്നതിൽ നിന്നും ഒരുപാട് ഭേദഗതികൾ വരുത്തി ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യമായ, വിദ്യാഭ്യാസരംഗത്തെ മുന്നേറ്റത്തിനനുസരിച്ചുള്ള ഭേദഗതികൾ കൊണ്ടു വരികയുണ്ടായി. പക്ഷെ, 10-20 വർഷങ്ങൾക്കുശേഷം 2014-ൽ കൊണ്ടുവന്ന ഒരു ബില്ലിനെ 1986-ലെ ബില്ലിന്റെ മാതൃകയാക്കണമെന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? ഇന്നത്തെ വിദ്യാഭ്യാസരംഗത്തെയും സാങ്കേതിക വിദ്യാഭ്യാസരംഗത്തെയും ട്രെന്റുകൾ എന്താണെന്നും ഇതുമായി

ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും നടക്കുന്ന കാര്യങ്ങൾ എന്താണെന്നും പഠന വകുപ്പുകളും ഗവേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഈ ബില്ലിൽ പരാമർശിക്കുന്നില്ല എന്നുള്ളതുമാണ് ഏറ്റവും വലിയ വസ്തുത. 5 പഠന വകുപ്പുകളെങ്കിലും ഉണ്ടായെങ്കിൽ മാത്രമേ യു.ജി.സി. അടക്കമുള്ള സ്ഥാപനങ്ങൾ സർവ്വകലാശാലയായി അംഗീകരിക്കുകയുള്ളൂ. ഈ പദ്ധതികളെ കേന്ദ്ര സർക്കാരിന്റെ യാതൊരുവിധ ധനസഹായത്തിനും റാങ്കിംഗിനും ഉൾപ്പെടുത്തിയിട്ടില്ല. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന യൂണിവേഴ്സിറ്റിയെ വേണ്ടത്ര സഹായങ്ങൾ നൽകാതെ തകർക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഇവിടത്തെ വിവിധ പ്രശ്നങ്ങൾ എന്ന് പറയുന്നത്, അവിടെയുള്ള അദ്ധ്യാപകരും ഉദ്യോഗസ്ഥരും ജീവനക്കാരുമൊക്കെ ഉണ്ടാക്കുന്ന പ്രശ്നങ്ങളല്ലാതെ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളിൽ യാതൊരു പ്രശ്നവും ഇല്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വലിയ തിരിച്ചടിക്ക് കാരണമാകും. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് സമൂലമാറ്റങ്ങൾ വരുത്തി കേരളത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കി മാറ്റുകയെന്ന ലക്ഷ്യമാണ് യു.ഡി.എഫ്. സർക്കാരിനുണ്ടായിരുന്നത്. ചില അദ്ധ്യാപക ജീവനക്കാരുടെ സംഘടനയെ ഉപയോഗിച്ച് അതിന്റെ നിഷ്പക്ഷമായ നിലനിൽപ്പ് ഇല്ലാതാക്കുന്ന സമീപനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയോടൊപ്പം നടക്കാനും ഗുണമേന്മയുള്ള യുവസമൂഹത്തെ സൃഷ്ടിക്കാനും ഉദ്ദേശിച്ചുകൊണ്ടുവന്ന ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കുകയാണ്. തുടക്കത്തിൽ വളരെ വിപുലമായ മാറ്റങ്ങൾ വരുത്തി കാലാനുസൃതമായ കോഴ്സുകൾ ഉൾപ്പെടുത്തി ചിട്ടയോടുകൂടി കൊണ്ടുവന്ന പാഠ്യപദ്ധതിയെ അഴിച്ചുപണിഞ്ഞ് വീണ്ടും പഴയ സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുപോകാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. വ്യക്തമായ അക്കാദമിക് കലണ്ടറും കൃത്യമായ പരീക്ഷാ സംവിധാനങ്ങളും ആദ്യ രണ്ട് വർഷത്തിൽ നടപ്പിലാക്കാൻ യൂണിവേഴ്സിറ്റിക്ക് സാധിച്ചിരുന്നു. അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ മേൽനോട്ടവും പിന്തുണയും കൊണ്ടായിരുന്നു അത് സാധ്യമായത്. പരീക്ഷകൾ നടത്തി രണ്ടാഴ്ച്ചയ്ക്കകം ഫലപ്രഖ്യാപനം നടത്താൻ സാധിച്ചു. ഇന്ന് എല്ലാം തകിടം മറിഞ്ഞ അവസ്ഥയാണ്. സർക്കാരിന്റെ ഇടപെടൽമൂലം ഒരു വി.സി.-യെ പ്രവർത്തിക്കാൻ അനുവദിക്കാതെ, രാജിവച്ച് ഓടിപ്പോകേണ്ട അവസ്ഥയാണുണ്ടാക്കിയത്. ഇപ്പോൾ അനാഥമായ സർവ്വകലാശാലകൊണ്ട് ഉദ്ദേശിച്ചത് സംസ്ഥാനത്തെ മുഴുവൻ സാങ്കേതിക സ്ഥാപനങ്ങളെയും

ഏകോപിപ്പിക്കണമെന്നായിരുന്നു. സംസ്ഥാനത്തുള്ള എല്ലാ സാങ്കേതിക സ്ഥാപനങ്ങളെയും എഞ്ചിനീയറിംഗ് കോളേജുകളെയും ഒന്നിപ്പിച്ചുകൊണ്ട് അതിന്റെ അപ്പെക്സ് ബോഡിയായി പ്രവർത്തിക്കുകയെന്നുള്ളതാണ്. അതിനുപകരം സാധാരണ രീതിയിലുള്ള ഒരു യൂണിവേഴ്സിറ്റിയായി ഇതിനെ കൊണ്ടുപോകാനും രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാനുമുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 6 മാസമായി അവിടെ വി.സി.യും പി.വി.സി.-യും ഇല്ല. അങ്ങനെ നാഥനില്ലാത്ത ഒരവസ്ഥയിലാണ് യൂണിവേഴ്സിറ്റി മുന്നോട്ടുപോകുന്നത്. ഇടത് സംഘടനകളുടെ കുത്തഴിഞ്ഞ ഭരണമാണ് നടക്കുന്നത്. എല്ലാ പ്രവർത്തനങ്ങളും ഇ-ഗവേണൻസിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പരിപാടികളെ കാളവണ്ടി യുഗത്തിലേയ്ക്ക് തിരിച്ചുകൊണ്ടുപോകുകയാണ്. പരീക്ഷാ സംവിധാനവും പ്രവേശനവും ഭരണവുമെല്ലാം ഓൺലൈനാക്കിയ ഇന്ത്യയിലെതന്നെ ഒരേയൊരു സർവ്വകലാശാലയായ ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ സ്വകാര്യ സോഫ്റ്റ്‌വെയർ എന്ന് പറഞ്ഞുകൊണ്ട് നിരന്തരം സമരം നടത്തി പിന്നോട്ടുവലിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ടു വർഷമായിട്ടും അവിടത്തെ സോഫ്റ്റ്‌വെയർ മാറ്റാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്തിനാണ് ഈ ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്? ക്രിയാത്മകമായി സർവ്വകലാശാല ഭരണത്തെ മുന്നോട്ട് കൊണ്ടുപോകാനല്ല; മറിച്ച് ഇടതുപക്ഷ സംഘടനകൾക്ക് ചേക്കേറാനുള്ള ഇടമാക്കാൻവേണ്ടി മാത്രമാണ്. സാങ്കേതിക മേഖലയിൽ വിദഗ്ദ്ധരായവരെ മാത്രം ഉൾക്കൊള്ളിച്ച് കൊണ്ടുവന്ന ഒരു ആക്ടിൽ ചില സംഘടനാ പ്രതിനിധികളെ മാത്രം കുത്തിനിറയ്ക്കാനുള്ള അവസരമാണ് ഉണ്ടാക്കിയിരിക്കുന്നത്. അമെന്റ്മെന്റുകൊണ്ട് ഉണ്ടായ നേട്ടമെന്താണ്? കെ.ടി.യു. നടത്തിയ പ്രഥമ എം.ടെക്. ബാച്ചിന്റെ ഡിഗ്രി സർട്ടിഫിക്കറ്റ് തടഞ്ഞുവച്ചതാണ് നേട്ടമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിമാനിക്കാം. ബോർഡ് ഓഫ് ഗവർണേഴ്സിൽ ഭേദഗതി കൊണ്ടുവന്നതോടെ കഴിഞ്ഞ ഡിസംബറിലെ convocation നടത്താൻ സർവ്വകലാശാലയ്ക്കായില്ല. 2017 ആഗസ്റ്റിൽ ഫലപ്രഖ്യാപനം നടത്തി ഡിസംബർ 2017-ന് നിശ്ചയിച്ചിരുന്ന എം.ടെക്. convocation ഈ ഓർഡിനൻസുകൊണ്ട് റദ്ദാക്കേണ്ടതായി വന്നു. ഫലത്തിൽ ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടാതെ വിദ്യാർത്ഥികൾ നെട്ടോട്ടമോടുന്ന അവസ്ഥയുണ്ടായി. ഈ ഭേദഗതിയിലൂടെ സർക്കാർ കാണിച്ച മഹാമണ്ടത്തരം എ.ഐ.സി.ടി.ഇ. (All India Council for Technical Education) പ്രതിനിധിയെ ബോർഡ് ഓഫ് ഗവർണേഴ്സിൽനിന്നും എടുത്തുകളഞ്ഞതാണ്. എ.ഐ.സി.ടി.ഇ. എന്ന് പറയുന്നത് സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അംഗീകാരം

കൊടുക്കുന്ന ഏറ്റവും ഉന്നതമായ ബോഡിയാണ്. അതിന്റെ പ്രതിനിധി ഉണ്ടാകുകയെന്നത് നമ്മുടെ സ്ഥാപനവും കേന്ദ്ര സർക്കാരും തമ്മിലുള്ള ലിങ്കായി പ്രവർത്തിക്കേണ്ടതിനാണ്. അതിനുപകരം ആ പ്രതിനിധിയെ ഇതിൽനിന്നും മാറ്റി. അത് എന്തിനാണ് ചെയ്തതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അപ്പെക്സ് ബോഡിയായ എ.ഐ.സി.ടി.ഇ. പ്രതിനിധികൾ എല്ലാ ടെക്നിക്കൽ യൂണിവേഴ്സിറ്റികളിലും അംഗങ്ങളാണ്. ഇത് സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള ഒരു പാലമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നതാണ്. ഈ പ്രതിനിധിയെ എടുത്തുമാറ്റി ഇല്ലാതാക്കുന്നതിലൂടെ എന്ത് നേടാനാണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്താനാവശ്യമായ പരിശ്രമങ്ങൾ ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ജനാധിപത്യ വൽക്കരണമെന്ന് മുറവിളി കൂട്ടുന്ന സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തില്ല. ബോർഡ് ഓഫ് ഗവർണേഴ്സിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്കുമുള്ള നിയമസഭാ സാമാജികരെയും വിദ്യാർത്ഥി പ്രതിനിധികളെയും ഇതുവരെയും തെരഞ്ഞെടുത്തിട്ടില്ല. സ്റ്റാറ്റ്യൂട്ട് നിലവിൽ വരാത്തതാണ് അതിനുകാരണം. കെ.ടി.യു.-വിന്റെ എല്ലാ പ്രവർത്തനങ്ങളെയും അത് ബാധിച്ചിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിനും കഴിവുള്ളവരെ വളർത്തിയെടുക്കുന്നതിനുമായി ആദ്യഘട്ടത്തിൽ കൊണ്ടുവന്ന അക്കാദമിക് പരിപാടികളെല്ലാം സർക്കാർ ഇല്ലാതാക്കി ക്കൊണ്ടിരിക്കുകയാണ്. സെമസ്റ്റർ സ്ഥാനക്കയറ്റത്തിനായി കൊണ്ടുവന്ന ഇയർഔട്ട് സമ്പ്രദായം വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലൂടെ വെള്ളം ചേർത്ത് എടുത്തു കളഞ്ഞത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് ചേർന്ന നടപടിയല്ല. കെ.ടി.യു. രൂപംകൊണ്ട ആദ്യ രണ്ട് വർഷം യു.ജി.സി.-യും എം.എച്ച്.ആർ.ഡി.-യും നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന പരിപാടികൾ നടത്തിയിരുന്നു. മൈനർ ഡിഗ്രി, ഓണേഴ്സ് ഡിഗ്രി, ഇന്റേൺഷിപ്പ്, സ്റ്റാർട്ടപ് പോളിസി എന്നിവയെല്ലാം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇല്ലാതാക്കിയിരിക്കുകയാണ്. ഒരു യൂണിവേഴ്സിറ്റി അതിന്റെ ഭേദഗതികൾ കൊണ്ടുവരുമ്പോൾ കൂടുതൽ പുരോഗതിയിലേയ്ക്കും മികവിലേയ്ക്കും കൊണ്ടുപോകും. പക്ഷേ അതിനെ വീണ്ടും അധോഗതിയിലേയ്ക്ക് കൊണ്ടുപോകുന്നതും അക്കാദമിക് രംഗത്തും ഗവേഷണ രംഗത്തും ഒരാവശ്യവുമില്ലാത്ത ഭേദഗതികൾ കൊണ്ടുവന്ന് പാർട്ടിക്കാരെയും രാഷ്ട്രീയക്കാരെയും കുത്തിത്തിരുകാനുള്ള ശ്രമത്തിന്റെ ഭാഗമായി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി നിരാകരിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബ് ഈ ബില്ലിലൂടെ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെ രാഷ്ട്രീയവൽക്കരിക്കുകയാണെന്ന് ആരോപിച്ചു. ഈ ബില്ലിലൂടെ വെറുതെ കടന്നുപോയാൽ ഇത് ജനാധിപത്യ-ജനകീയവൽക്കരണത്തിന്റെ ഒരു രൂപമാണെന്ന് മനസ്സിലാകും. ഇന്നത്തെ അന്തരീക്ഷത്തിൽ വിദ്യാഭ്യാസത്തിൽ ജനകീയവൽക്കരണവും ജനാധിപത്യവൽക്കരണവുമാണ് വേണ്ടത്. അതാണ് യഥാർത്ഥത്തിൽ വർത്തമാനകാലത്ത് വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾക്കുള്ള ബദൽ. അത്തരത്തിലുള്ള ജനാധിപത്യവൽക്കരണമാണ് ഈ ബില്ലിലൂടെ പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. ആ ജനാധിപത്യവൽക്കരണത്തെ ത്തുടർന്നുണ്ടാകുന്ന അക്കാദമിക് തലത്തിലുള്ള ഇടപെടലിലൂടെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ അക്കാദമികതലം അന്താരാഷ്ട്ര തലംവരെ ഉയർത്തുക എന്നതാണ് ലക്ഷ്യം. അത് സാധ്യമാകുമെന്ന കാര്യത്തിൽ സംശയമില്ല. അതിനുവേണ്ടിയുള്ള നിരവധി ഇടപെടലുകൾ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു സെമസ്റ്ററിന്റെ കാലം മാത്രം എടുത്തു നോക്കിയാൽ, ഇപ്പോൾ പരീക്ഷകൾ വളരെ കൃത്യമായി നടക്കുകയും റിസൽട്ട് ചുരുങ്ങിയ സമയത്തിനുള്ളിൽ വരികയും ചെയ്യുന്ന ഒരു സർവ്വകലാശാലയായി സാങ്കേതിക സർവ്വകലാശാല മാറിക്കഴിഞ്ഞു. അതിനുമുമ്പ് സാങ്കേതിക സർവ്വകലാശാലയുടെ പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നമുക്കെല്ലാമറിയാവുന്നതാണ്. അത് കഴിഞ്ഞ കുറച്ചുനാളത്തെ ചരിത്രം പരിശോധിച്ചാൽ തികച്ചും മാറിയിട്ടുണ്ടെന്ന് മനസ്സിലാകും. വിദ്യാർത്ഥികൾക്ക് ഈ സർവ്വകലാശാലയുടെ ഒരു തീരുമാനത്തിലും പങ്കാളിത്തമുണ്ടായിരുന്നില്ല. വിദ്യാർത്ഥികൾക്ക് ആ സർവ്വകലാശാലയുടെ ഏതെങ്കിലുമൊരു പ്രശ്നത്തിൽ അഭിപ്രായം പറയുന്നതിനോ ആരോടെങ്കിലും ഒരു കാര്യം പറയുന്നതിനോ ഉള്ള അവസരം ഉണ്ടായിരുന്നില്ല. അതുകൊണ്ട് തികച്ചും ജനാധിപത്യവിരുദ്ധമായ ഒരവസ്ഥയിലായിരുന്നു സാങ്കേതിക സർവ്വകലാശാല. ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നു എന്നുള്ളതാണ്. വിദ്യാർത്ഥികൾക്ക് അക്കാദമിക് രംഗത്ത് അവരുടേതായ അഭിപ്രായം പറയാനും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനും കഴിയുന്നു എന്നുള്ളതുതന്നെയാണ് ആധുനിക വിദ്യാഭ്യാസ രംഗത്തെ ഇടപെടൽ. ഇന്നലെയും മിനിഞ്ഞാന്നും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വളരെ വിശദമായി ഞാൻ സംസാരിച്ചതാണ്. ബില്ലിൽ 22-ാം വകുപ്പിന്റെ ഭേദഗതി മാത്രം പരിശോധിച്ചാൽ മതി. ബോർഡ് ഓഫ് ഗവർണേഴ്സും നിർവ്വാഹക സമിതിയും അക്കാഡമിക് സമിതിയും ഗവേഷണ കൗൺസിലും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ഈ

ബില്ലിലൂടെ ബോർഡ് ഓഫ് സ്റ്റഡീസും ധനകാര്യ സമിതിയും ആസൂത്രണ സമിതിയും വിദ്യാർത്ഥി കൗൺസിലും വരികയാണ്. കൂടുതൽ ജനകീയ സമിതികൾ സർവ്വകലാശാലയുടെ തലപ്പത്ത് വരികയാണ്. അതിലൂടെ വിദ്യാർത്ഥികളുടെ മാത്രമല്ല, വനിതാ പ്രാതിനിധ്യവും എസ്.സി/എസ്.ടി. പ്രാതിനിധ്യവും അനദ്ധ്യാപകരുടെ പ്രാതിനിധ്യവും വർദ്ധിപ്പിക്കുന്നു. വിദ്യാർത്ഥികളും അദ്ധ്യാപകരും, അനദ്ധ്യാപകരും ഇവർ മൂന്ന് പേരും സർവ്വകലാശാലയിലും അഫിലിയേറ്റഡ് കോളേജുകളിലും പ്രധാനപ്പെട്ടവരാണ്. അവരെല്ലാം സർവ്വകലാശാലയുടെ വിവിധ ചർച്ചകളിലും തീരുമാനങ്ങളിലും പങ്കാളികളാകുകയാണ്. അതാണ് യഥാർത്ഥ ജനാധിപത്യവൽക്കരണം.

മറ്റൊന്ന്, ബോർഡ് ഓഫ് സ്റ്റഡീസിലേക്കും സിൻഡിക്കേറ്റിലേക്കും വിദ്യാർത്ഥികളുടെയും അനദ്ധ്യാപകരുടെയും എണ്ണം വർദ്ധിപ്പിച്ചതോടു കൂടി എല്ലാ മേഖലയിലും ഇത്തരത്തിലുള്ള അക്കാദമിക് ഇടപെടലിന്റെ സാദ്ധ്യത വർദ്ധിക്കുകയാണ്. അങ്ങനെ കേരളത്തിലെ സാങ്കേതിക സർവ്വകലാശാല കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കുന്ന ഒരു തലത്തിലേയ്ക്ക് വരികയാണ്. അത്തരത്തിലുള്ള മാറ്റങ്ങൾ കേരളത്തിൽ നടക്കുമ്പോൾ സാങ്കേതിക സർവ്വകലാശാലയുടെ എല്ലാ തലങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട് എന്നതുകൂടി നമ്മൾ തിരിച്ചറിയണം. എ.ഐ.സി.ടി.ഇ-യെ പ്രതിനിധാനം ചെയ്തിരുന്ന ഒരംഗത്തെ ഒഴിവാക്കിയെന്ന് പറഞ്ഞു. കേരളത്തിലെ സർവ്വകലാശാലകളിലൊന്നും യു.ജി.സി.-യുടെ പ്രതിനിധികൾ ഇല്ല. അത്തരത്തിലുള്ള കേന്ദ്ര ഏജൻസികളുടെ പ്രതിനിധികൾ കേരളത്തിലെ ഒരു സർവ്വകലാശാലകളിലും മറ്റൊരു സ്ഥാപനങ്ങളിലും ഇല്ലാത്തതുകൊണ്ട് ഇവിടെയും ആവശ്യമില്ല. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിന്റെ പൊതു വിദ്യാഭ്യാസവും അഖിലേന്ത്യാ തലത്തിലുള്ള വിദ്യാഭ്യാസ നയവും തമ്മിലുള്ള വ്യത്യാസവുമെല്ലാം കണക്കിലെടുത്തുകൊണ്ടുതന്നെ മറ്റ് സർവ്വകലാശാലകളിൽ കേന്ദ്ര ഏജൻസികളുടെ പ്രാതിനിധ്യം ഇല്ലാത്തതുപോലെ കേരളത്തിന്റെ തനതായ അക്കാദമിക് പെർഫോമൻസ് ഉണ്ടാക്കുന്നതിനു വേണ്ടിയാണ് എ.ഐ.സി.ടി.ഇ. പ്രതിനിധികളെ ഒഴിവാക്കി കേരളത്തിലെ ഈ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെ ജനകീയവൽക്കരിക്കുന്നത്. ഈ സർവ്വകലാശാലയ്ക്ക് ഒരു ആസ്ഥാനമില്ലായിരുന്നു. എന്നാൽ ഇപ്പോൾ തിരുവനന്തപുരത്ത് വിളപ്പിൽശാലയിൽ ആസ്ഥാനം കണ്ടെത്തിക്കഴിഞ്ഞു. അതിന്റെ പേപ്പർ വർക്കുകൾ പൂർത്തിയാകുന്നതേയുള്ളൂ. അദ്ദേഹം നാഥനില്ലെന്ന് പറഞ്ഞു; നാഥൻ ഉണ്ടായിരുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേന്ദ്ര ഏജൻസിയായ എ.ഐ.സി.ടി.ഇ.-യും കേരളത്തിലെ സർവ്വകലാശാലകളുമായി ഒരു ബന്ധവും ഉണ്ടാകേണ്ടതില്ല, അതിന്റെ അഗ്രങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് അങ്ങ് പറഞ്ഞത്. RUSA-യുമായി ബന്ധപ്പെട്ട് ധാരാളം ഫണ്ട് കേന്ദ്രത്തിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് ചർച്ചയിൽ സൂചിപ്പിച്ചു. എ.ഐ.സി.ടി.ഇ.-യുടെ ഒരു പ്രതിനിധി ഈ സർവ്വകലാശാലയിൽ ഉണ്ടാകുമ്പോൾ സ്വാഭാവികമായും ആ ഫണ്ട് ലഭിക്കുന്നതിനും അവരുമായി നല്ല ബന്ധമുണ്ടാക്കുന്നതിനും ഗുണകരമാകില്ലേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. അഖിലേന്ത്യാ തലത്തിൽ കേന്ദ്ര ഏജൻസികളെടുക്കുന്ന വിദ്യാഭ്യാസ നയം കേരളത്തിന്റെ വിദ്യാഭ്യാസ നയവുമായി വ്യത്യാസമുണ്ട്. ഇത്രയും പറഞ്ഞപ്പോൾ അങ്ങേയ്ക്ക് മനസ്സിലാകുമല്ലോ? ആ വ്യത്യാസം കാരണം ആ പ്രതിനിധികൾ വരുമ്പോൾ അത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടായേക്കാം. അതുകൊണ്ടാണ് ഈ പ്രതിനിധികളെ ഒഴിവാക്കുന്നത്. ഇന്നത്തെ നയവ്യത്യാസം വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ശ്രീ. പി. കെ അബ്ദു റബ്ബ്: സർ, എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം വാങ്ങിക്കൊണ്ടാണ് സംസ്ഥാനത്തെ സാങ്കേതിക സ്ഥാപനങ്ങളും എഞ്ചിനീയറിംഗ് കോളേജുകളുമെല്ലാം പ്രവർത്തിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ രണ്ട് കൊല്ലത്തിനിടയിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അപ്പോൾ അംഗീകാരം വാങ്ങേണ്ട ഒരു ഏജൻസിയുടെ ഒരു പ്രതിനിധിയെ ബോർഡിൽ നിർബന്ധമായും ഉൾപ്പെടുത്താറുണ്ട്. അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയുമൊക്കെ ഉൾപ്പെടുത്തുമ്പോൾ ഏറ്റവും ഉന്നതമായ ബോഡിയിലുള്ള ഒരംഗത്തെ ഉൾപ്പെടുത്താൻ എന്തിനാണ് വൈമുഖ്യം കാണിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ചപ്പോൾ അതിനുള്ള മറുപടി വ്യക്തമാക്കിയിട്ടുള്ളതാണ്. ഇന്നത്തെ സാഹചര്യത്തിൽ എ.ഐ.സി.ടി.ഇ. പ്രതിനിധി കേരളത്തിൽ വന്നതിനു ശേഷമാണ് അനുമതി നൽകുന്നതെന്ന കാര്യം ശരിയാണ്. പക്ഷെ അനുമതി നൽകിയ ഒരു പ്രതിനിധി നമ്മുടെ സർവ്വകലാശാലകളുടെ അക്കാദമിക് തലത്തിൽ

ഇടപെടുന്നത് ആവശ്യമില്ലെന്ന തിരിച്ചറിവിലൂടെ തന്നെയാണ്—അങ്ങനെ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര പ്രതിനിധികളെ ഒഴിവാക്കിയിട്ടുള്ളത്. ജനകീയത വർദ്ധിപ്പിച്ചുകൊണ്ടുതന്നെ കേരളത്തിന്റെ തനതായ അക്കാദമിക് പെർഫോമൻസ് ഉണ്ടാക്കാൻ സർവ്വകലാശാലയെ ഉപയോഗിക്കുകയെന്നുള്ളതാണ് ഇതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ജനകീയവൽക്കരണമാണ്, ആധുനികതലത്തിലേയ്ക്ക് കേരളത്തിലെ സർവ്വകലാശാലയ്ക്ക് എഞ്ചിനീയറിംഗ് കോളേജുകളെ കൊണ്ടുപോകുന്നതിനുള്ള പൊട്ടൻഷ്യൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൽദോ എബ്രഹാം, അങ്ങ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോ എബ്രഹാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൽദോ എബ്രഹാം അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2(എ) ഒഴിവാക്കുക.

136. ഖണ്ഡം 2(ബി) ഒഴിവാക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

133. ഖണ്ഡം 2(എ)-ൽ "അക്കാദമിക കൗൺസിൽ" എന്നത് "അക്കാദമിക് കൗൺസിൽ" എന്നാക്കി മാറ്റുക.

139. ഖണ്ഡം 2(ബി)ൽ "സിൻഡിക്കേറ്റ്" എന്ന വാക്കിനു പകരം "ഭരണനികായം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

135. ഖണ്ഡം 2 (എ)-ൽ "അക്കാദമിക കൗൺസിൽ" എന്നതിന് പകരം "അക്കാഡമിക് കൗൺസിൽ" എന്ന് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 130, 136 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 133, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

144. ഖണ്ഡം 3-ൽ "തൊട്ടടുത്ത" എന്ന വാക്കിനു പകരം "അടുത്ത" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

149. ഖണ്ഡം 3-ൽ "അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്" എന്ന വാക്കുകൾക്ക് പകരം "സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

151. പ്രധാന ആക്ടിലെ വകുപ്പ് 14 (5) താഴെപ്പറയും പ്രകാരം മാറ്റുക.

"(5)സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തരാവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ബോധ്യം ഉണ്ടെങ്കിൽ ആവശ്യമാണെന്ന് കരുതുന്ന നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും കഴിയുന്നത്ര വേഗം അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാര സ്ഥാപനത്തിനോ നികായത്തിനോ രേഖാമൂലം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. അപ്രകാരം അടിയന്തരാവശ്യം നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും അധികാരസ്ഥാപനവും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ ആ വിഷയം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്"

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

159. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ " നാലുവർഷക്കാലം" എന്ന വാക്കിനു പകരം "മൂന്നുവർഷക്കാലം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3)-ൽ " നാലുവർഷക്കാലം" എന്ന വാക്കിനു പകരം "അഞ്ചു വർഷക്കാലം" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

164. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) പ്രോ-വൈസ്ചാൻസലറുടെ നിയമന കാലാവധി നാലു വർഷക്കാലം ആയിരിക്കുന്നതും, രണ്ടു തവണയിൽ കൂടുതൽ ആ തസ്തികയിൽ നിയമനം നൽകുവാൻ പാടില്ലാത്തതുമാണ്".

164-ൽ "പ്രോ വൈസ്ചാൻസലറുടെ നിയമന കാലാവധി നാലു വർഷക്കാലം ആയിരിക്കുന്നതും", അതിൽ എനിക്കൊരു നിർദ്ദേശമുള്ളത് ഒരു പി.വി.സി. രണ്ട് തവണയിൽക്കൂടുതൽ ആ തസ്തികയിൽ നിയമനം നൽകുവാൻ പാടില്ലാത്തതുമാകുന്ന എന്ന provided further എന്നുപറഞ്ഞ് ഞാനൊരു ക്ലാസ് വയ്ക്കുന്നുണ്ട്. ഒരു പി.വി.സി. രണ്ട് തവണ ഒരു സർവ്വകലാശാലയിൽ മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (v) ഒഴിവാക്കുക.

167. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (vi) ഒഴിവാക്കുക.

173. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (vii) ഒഴിവാക്കുക.

175. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (viii) ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

176. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22-ന്റെ ഇനം (viii)ൽ " വിദ്യാർത്ഥി കൗൺസിൽ" എന്ന വാക്കുകൾക്ക് പകരം " സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന വാക്കുകൾ ചേർക്കുക.

വിദ്യാർത്ഥി കൗൺസിൽ എന്നുപറയുമ്പോൾ അതിൽ മലയാളവും ഇംഗ്ലീഷുംകൂടി ചേർന്ന് മംഗ്ലീഷാകുകയാണ്. സ്റ്റുഡന്റ്സ് കൗൺസിൽ എന്നുപറയുന്നതാണ് അതിന്റെ ഭംഗി. അതുപോലെ നേരത്തെ പറഞ്ഞതിൽ 'അക്കാദമിക കൗൺസിൽ', അത് ഒന്നുകിൽ ഇംഗ്ലീഷാക്കുക. അല്ലെങ്കിൽ മലയാളമാക്കുക. ആ നിലയിൽ 'വിദ്യാർത്ഥി കൗൺസിൽ' എന്നതിനുപകരം 'സ്റ്റുഡന്റ്സ് കൗൺസിൽ' എന്ന് ഭേദഗതി ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി നിർദ്ദേശത്തിലെ "സ്റ്റുഡന്റ്സ്" എന്ന വാക്ക് സ്വീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 166, 167, 173, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 6 (എ)പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (xv)-ൽ "സർവ്വകലാശാലാ" എന്ന വാക്കിനു ശേഷം "വിദ്യാർത്ഥി" എന്നു ചേർക്കുക.

207. ഖണ്ഡം 6 (സി)(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ, “ വിചക്ഷണൻ” എന്നത് “ വിദഗ്ദ്ധർ” എന്ന് മാറ്റുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

182. ഖണ്ഡം 6 (എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (xv)-ൽ വകുപ്പിൽ "ചെയർമാൻ" എന്ന വാക്കിനു പകരം "ചെയർ പേഴ്സൺ" എന്ന വാക്ക് ചേർക്കുക.

195. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (ii)-ൽ "വനിതയും" എന്ന വാക്കിനു പകരം " വിദ്യാർത്ഥിനിയും" എന്ന വാക്ക് ചേർക്കുക.

199. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട" എന്ന വാക്കിനു പകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ട" എന്ന വാക്കുകൾ ചേർക്കുക.

201. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ, "ആളും" എന്ന വാക്കിനു പകരം "വിദ്യാർത്ഥിയും" എന്ന വാക്ക് ചേർക്കുക.

203. ഖണ്ഡം 6 (സി)(i) ഒഴിവാക്കുക.

211. ഖണ്ഡം 6 (സി)(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (v)-ൽ,"അല്ലെങ്കിൽ മാനേജർമാർ" എന്ന വാക്കുകൾ ഒഴിവാക്കുക.

214. ഖണ്ഡം 6 (സി)(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (v)-ൽ, "എയ്ഡഡ് " എന്ന വാക്കിനു ശേഷം "എഞ്ചിനീയറിംഗ്" എന്ന വാക്ക് ചേർക്കുക.

215. ഖണ്ഡം 6 (സി)(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (v)-ൽ, "നിയന്ത്രിത സ്വാശ്രയ" എന്ന വാക്കുകൾക്ക് ശേഷം "എഞ്ചിനീയറിംഗ്" എന്ന വാക്ക് ചേർക്കുക.

216. ഖണ്ഡം 6 (സി)(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (v)-ൽ, "സ്വകാര്യ സ്വാശ്രയ" എന്ന വാക്കുകൾക്ക് ശേഷം "എഞ്ചിനീയറിംഗ്" എന്ന വാക്ക് ചേർക്കുക.

225. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "അല്ലാത്ത" എന്ന വാക്കിനു പകരം "ഇതര" എന്ന വാക്ക് ചേർക്കുക.

236. ഖണ്ഡം 6 (ഡി) ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

183. ഖണ്ഡം 6 (എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (xv) താഴെ പറയും പ്രകാരം മാറ്റുക.

" (xv) സർവ്വകലാശാലാ യൂണിയൻ അദ്ധ്യക്ഷൻ."

218. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "പി. എച്ച്. ഡി.യും" എന്നതിനു പകരം "ഡോക്ടറേറ്റും" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 6 (എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (xv) താഴെ പറയും പ്രകാരം മാറ്റുക.

" (xv) സർവ്വകലാശാലാ യൂണിയൻ ചെയർമാൻ/ചെയർപേഴ്സൺ".

208. ഖണ്ഡം 6 (സി)(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ, താഴെപ്പറയുന്ന പ്രകാരം മാറ്റുക:- "(iv)പി.എച്ച്.ഡി. ഗവേഷണത്തിന് മേൽനോട്ടം വഹിച്ചിട്ടുള്ളതും പോസ്റ്റ് ഡോക്ടറൽ പബ്ലിക്കേഷൻസോടു കൂടിയതുമായ കേരളത്തിലെ സർവ്വകലാശാലകളിലെ ശാസ്ത്ര പഠന വകുപ്പുകളിൽ പ്രവർത്തിക്കുന്ന രണ്ട് ശാസ്ത്ര വിഭാഗം വിദ്യാഭ്യാസ വിചക്ഷണർ".

209. ഖണ്ഡം 6 (സി)(ii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (v)-ൽ, " മേധാവികൾ അല്ലെങ്കിൽ" എന്ന വാക്കുകൾ ഒഴിവാക്കുക.

232. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vii) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(vii) സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം".

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 6(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (ii) ൽ "തിരഞ്ഞെടുക്കുന്ന" എന്ന വാക്കിനു പകരം "തെരഞ്ഞെടുക്കുന്ന" എന്നവാക്ക്ചേർക്കുക.

200. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ, "പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട" എന്ന വാക്കുകൾക്കു പകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെടുന്ന" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (ii) ൽ "ആറ് വിദ്യാർത്ഥി പ്രതിനിധികൾ" എന്ന വാക്കുകൾക്ക് പകരം "ഏഴ് വിദ്യാർത്ഥി പ്രതിനിധികൾ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം(ii) -ൽ "ആറ് വിദ്യാർത്ഥി പ്രതിനിധികൾ" എന്ന വാക്കുകൾക്ക് പകരം "ഒൻപത് വിദ്യാർത്ഥി പ്രതിനിധികൾ" എന്ന വാക്കുകൾ ചേർക്കുക.

190. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (ii) ൽ "ആറ് വിദ്യാർത്ഥി പ്രതിനിധികൾ" എന്ന വാക്കുകൾക്ക് പകരം "പത്ത് വിദ്യാർത്ഥി പ്രതിനിധികൾ" എന്ന വാക്കുകൾ ചേർക്കുക.

194. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23 (1)-ന്റെ ഇനം (ii)-ൽ "ഒരാൾ വനിതയും" എന്നതിന് ശേഷം "ഒരാൾ ന്യൂനപക്ഷ വിഭാഗത്തിൽപെട്ട ആളും" എന്ന് ചേർക്കുക.

223. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "ഒരാൾ വനിതയും" എന്നതിന് ശേഷം "ഒരാൾ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളും " എന്ന് ചേർക്കുക.

231. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vii)-ൽ, "ഒരംഗം" എന്നത് "രണ്ടംഗങ്ങൾ" എന്ന് മാറ്റുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം(ii)-ൽ, " പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ട" എന്നതിനു പകരം "പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട" എന്നത് ചേർക്കുക.

204. ഖണ്ഡം 6 (സി)(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ, " പബ്ലിക്കേഷൻസോടുകൂടിയതുമായ" എന്നതിനുപകരം" പബ്ലിക്കേഷൻസ് നടത്തിയിട്ടുള്ളതുമായ" എന്നത് ചേർക്കുക.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 6 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (ii)-ൽ, "ആളും ആയിരിക്കേണ്ടതാണ്" എന്നതിന് ശേഷം "പ്രസ്തുത സംവരണം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും റോട്ടേഷൻ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്"എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

205. ഖണ്ഡം 6 (സി)(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (iv)-ൽ, " കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള" എന്ന വാക്കുകൾ ഒഴിവാക്കുക.

219. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "പത്ത് വർഷത്തെ" എന്നതിന് പകരം"പതിനഞ്ച് വർഷത്തെ" എന്ന വാക്കുകൾ ചേർക്കുക.

സർ, ഇതിലേയ്ക്ക് എടുക്കുന്ന അംഗങ്ങളുടെ ക്വാളിഫിക്കേഷൻ പറയുമ്പോൾ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള ഒരു ഡിഗ്രി ഹോൾഡർ എന്നാണ് പറയുന്നത്. കേരളത്തിന് പുറത്തുനിന്നുള്ള സർവ്വകലാശാലയിൽനിന്ന് എടുത്ത ആളെ അയോഗ്യനാക്കുന്നത് ശരിയല്ല. ഡൽഹി യൂണിവേഴ്സിറ്റിയിൽനിന്നോ അലിഗഢ് യൂണിവേഴ്സിറ്റിയിൽനിന്നോ ഡിഗ്രി എടുത്ത ഒരാളെ ഈ കൗൺസിലിലേയ്ക്ക് എടുക്കണമെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റിയിൽനിന്ന് ഡിഗ്രി എടുത്തതായിരിക്കണം എന്നുപറയുന്നത് ശരിയല്ല. അതുകൊണ്ട് ഡിഗ്രി ഹോൾഡറായാൽ മതി. " കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നുള്ള " എന്ന പദം ഒഴിവാക്കണം എന്നാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

220. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "പത്ത് വർഷത്തെ" എന്നതിന് പകരം "ഇരുപത് വർഷത്തെ" എന്ന് ചേർക്കുക.

227. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, താഴെപ്പറയും പ്രകാരം മാറ്റുക:

“ (vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പി. എച്ച്. ഡി. യും പത്തുവർഷത്തെ അദ്ധ്യാപന പരിചയവുമുള്ള അഞ്ച് അദ്ധ്യാപകർ, അവരിൽ രണ്ട് പേർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും, ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്. പ്രസ്തുത അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ ഉൾപ്പെട്ട ആളും ഒരാൾ എഞ്ചിനീയറിംഗ് അല്ലാത്ത ശാസ്ത്രവിഷയം അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്".

230. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vii)-ൽ, "അനദ്ധ്യാപക ജീവനക്കാരിൽ നിന്നും" എന്നതിനു മുൻപ് "സർക്കാർ, എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

217. ഖണ്ഡം 6 (സി)(iii) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ന്റെ ഇനം (vi)-ൽ, "അദ്ധ്യാപകരിൽ നിന്നും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 201, 225 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിക്കുന്നു. അതിൽ " പബ്ലിക്കേഷൻസ് നടത്തിയിട്ടുള്ളതുമായ" എന്ന ഭേദഗതിയാണ് അദ്ദേഹം തന്നിട്ടുള്ളത്. ആ ഭേദഗതി നിർദ്ദേശം " പബ്ലിക്കേഷൻസുള്ളതുമായ" എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 217-ാം നമ്പർ വാക്കാൽ ഭേദഗതിയും ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 201, 225 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 182, 195, 199, 203, 211, 214, 215, 216, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 183, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 184, 208, 209, 232 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 189, 190, 194, 223, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 219 നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 220, 227, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

239. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)ന്റെ ഇനം (xi)ൽ, "ബോർഡ് ഓഫ് ഗവർണേഴ്സിലെ വിദ്യാർത്ഥി പ്രതിനിധികളിൽ" എന്നതിനു പകരം "ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളിൽ" എന്ന് ചേർക്കുക.

252. ഖണ്ഡം 7(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)ന്റെ ഇനം (xiii)ൽ, "മാനേജർമാരിൽ അല്ലെങ്കിൽ മേധാവികളിൽ" എന്നതിനു പകരം "മേധാവികളിൽ അല്ലെങ്കിൽ മാനേജർമാരിൽ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

241. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1) ന്റെ ഇനം (xi)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "വിദ്യാർത്ഥി പ്രതിനിധികളുടെ തിരഞ്ഞെടുപ്പ്" എന്നതിന് ശേഷം "പ്രക്രിയ" എന്ന് ചേർക്കുക.

243. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "തിരഞ്ഞെടുപ്പ് പൂർത്തിയാകാത്ത സാഹചര്യത്തിൽ" എന്നത് ഒഴിവാക്കുക.

245. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1) ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ" എന്നതിനുശേഷം "അല്ലെങ്കിൽ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിലെ" എന്ന് ചേർക്കുക.

254. ഖണ്ഡം 7(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1)ന്റെ ഇനം (xiii)ൽ, "മാനേജർമാരിൽ അല്ലെങ്കിൽ" എന്നതിന് ശേഷം "കോളേജ്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദറിനു വേണ്ടി (ശ്രീ. പി. ഉബൈദുള്ള ) : സർ,ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

242. ഖണ്ഡം 7(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1) ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "തിരഞ്ഞെടുപ്പ്" എന്ന വാക്ക് പ്രയോഗിച്ചിട്ടുള്ളിടത്തെല്ലാം അതിനുപകരം "തെരഞ്ഞെടുപ്പ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

244. ഖണ്ഡം 7(എ)പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27(1) ന്റെ ഇനം (xi)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പൂർത്തിയാക്കുന്നതുവരെ" എന്നതിനുപകരം "പൂർത്തിയാകുന്നതുവരെ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. കെ. എൻ. എ. ഖാദറിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദറിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 239, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 241, 243, 245, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

256. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് എന്നീ"

എന്നതിനുപകരം "സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽമാർ, എയിഡഡ് എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽമാർ, സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽമാർ, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽമാർ എന്നീ" എന്നു ചേർക്കുക.

259. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "നൽകുന്ന" എന്നതിനു പകരം "നിർദ്ദേശിക്കുന്ന" എന്നത് ചേർക്കുക.

263. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "ഒരു പ്രിൻസിപ്പാൾ വീതം" എന്നതിനു പകരം "ഓരോ പ്രിൻസിപ്പാൾ വീതം" എന്നത് ചേർക്കുക.

278. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടവരായിരിക്കേണ്ടതാണ്" എന്നതിനു പകരം "പട്ടികഗോത്ര വർഗ്ഗങ്ങളിലോപെട്ട തായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

287. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടിക ജാതികളിലോ പട്ടികവർഗ്ഗങ്ങളിലോപെട്ടവരുടെയോ അഭാവത്തിൽ" എന്നതിനുപകരം"പട്ടികജാതികളിലോപട്ടികഗോത്രവർഗ്ഗങ്ങളിലോ പെട്ടവരുടെ അഭാവത്തിൽ" എന്ന് ചേർക്കുക.

294. ഖണ്ഡം 8 (സി)-ൽ "ഒരു പ്രഗത്ഭനായ വ്യവസായി" എന്നതിനുപകരം "എഞ്ചിനീയറിംഗ് ബിരുദധാരിയായ ഒരു പ്രഗത്ഭനായ വ്യവസായി" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

257. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "വിഭാഗത്തിൽ" എന്ന വാക്കിനുപകരം "വിഭാഗങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

258. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "നൽകുന്ന" എന്നതിനുപകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

274. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "നൽകുന്ന" എന്ന വാക്കിനുപകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

280. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടവരായിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ടവരായിരിക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

288. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികവർഗ്ഗങ്ങളിലോ പെട്ടവരുടെയോ" എന്ന വാക്കിനുപകരം "പട്ടികവർഗ്ഗങ്ങളിലോ ഉൾപ്പെട്ടവരുടെയോ" എന്ന വാക്കുകൾ ചേർക്കുക.

291. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "വിഭാഗത്തിലോ വിഭാഗങ്ങളിലോ പെട്ടവരെ" എന്ന വാക്കുകൾക്കു പകരം "വിഭാഗത്തിലോ, വിഭാഗങ്ങളിലോ ഉൾപെട്ടവരെ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

293. ഖണ്ഡം 8 (സി)-ൽ "ഒരു പ്രഗത്ഭനായ വ്യവസായി" എന്ന വാക്കുകൾക്കു പകരം "പ്രഗത്ഭനായ ഒരു വ്യവസായി" എന്ന വാക്കുകൾ ചേർക്കുക.

296. പ്രധാന ആക്ടിലെ വകുപ്പ് 31(2)-ന്റെ ഇനം (v)-ൽ, "ബിരുദധാരികളായ" എന്ന വാക്കിനുപകരം "ബിരുദധാരിയായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2) ന്റെ ഇനം (iv)-ൽ 'പെട്ടവരായിരിക്കേണ്ടതാണ്' എന്ന വാക്കിനുപകരം 'ഉൾപ്പെട്ടവരായിരിക്കേണ്ടതാണ്' എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "വീതം" എന്ന വാക്ക് ഒഴിവാക്കുക.

266. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെ അഭാവത്തിൽ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

270. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iv)-ൽ, "ശാഖകളെ" എന്ന വാക്കിനു മുൻപായി വരുന്ന "എഞ്ചിനീയറിംഗ്" എന്ന വാക്ക് ഒഴിവാക്കുക.

271. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iv)-ൽ, "പ്രൊഫസർമാരുടെ" എന്ന വാക്കിനു മുൻപ് "അസോസിയേറ്റ്" എന്ന വാക്ക് ചേർക്കുക.

275. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "വീതം" എന്ന വാക്ക് വരുന്നിടത്തുനിന്നെല്ലാം ഒഴിവാക്കുക.

276. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iv)-ൽ, "അടങ്ങുന്ന പട്ടികകളിൽ" എന്ന വാക്കുകൾക്ക് പകരം "ഉൾപ്പെടുന്ന പട്ടികയിൽ" എന്ന വാക്കുകൾ ചേർക്കുക.

284. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെയോ പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോ പെട്ടവരുടെയോ അഭാവത്തിൽ ആ വിഭാഗങ്ങൾക്കായി നീക്കിവച്ച സ്ഥാനങ്ങളിലേക്ക് മറ്റ് വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ടവരെ പരിഗണിക്കേണ്ടതാണ്" എന്ന ഭാഗം ഒഴിവാക്കുക.

302. ഖണ്ഡം 8(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2) ഇനം (x)-ൽ, " വനിത" എന്ന വാക്കിനു പകരം "വിദ്യാർത്ഥിനി" എന്ന വാക്ക് ചേർക്കുക.

ഇത് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുടെ സംവരണവുമായി ബന്ധപ്പെട്ടതാണ്. അതിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതകളുടേയോ, പട്ടികജാതിക്കാരുടേയോ അഭാവത്തിൽ മറ്റു വിഭാഗത്തിൽപ്പെട്ടവരെ എടുക്കാമെന്നു പറഞ്ഞാൽ ആ സംവരണം ഇല്ലാതാകുകയാണ്. അതുകൊണ്ട് എന്റെ 3 ഭേദഗതികളിൽ പറയുന്നത്, പ്രൊഫസറുടെ ക്വാളിഫിക്കേഷനിൽ ഇളവ് വരുത്തി അസോസിയേറ്റ് പ്രൊഫസർ എന്നാക്കുമ്പോൾ അങ്ങനെയുള്ള ആളെ ലഭ്യമാകുകയാണെങ്കിൽ പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോ വനിതയിലോ ഉള്ള ആളുകളെ ഉൾപ്പെടുത്താവുന്നതാണ്. അല്ലെങ്കിൽ ഈ സംവരണത്തിൽ പറയുന്നത് പേരിന് സംവരണമുണ്ടെന്നുള്ളതല്ലാതെ അവർക്ക് ഒരിക്കലും ലഭിക്കാതെ, മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കും. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

264. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "പ്രിൻസിപ്പാൾ" എന്നതിനുപകരം "പ്രിൻസിപ്പൽ" എന്നത് ചേർക്കുക.

272. ഖണ്ഡം 8(ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iv)-ൽ, "പ്രൊഫസർമാരുടെ" എന്നതിനു പകരം "പ്രൊഫസറുടെ" എന്നു ചേർക്കുക.

277. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ" എന്ന് വരുന്നിടത്തെല്ലാം "പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ" എന്നത് പകരം ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

265. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെ അഭാവത്തിൽ മറ്റ്" എന്നതിന് ശേഷം "അർഹതയുള്ള" എന്ന വാക്ക് കൂടി കൂട്ടിച്ചേർക്കുക.

290. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "നീക്കിവെച്ച സ്ഥാനങ്ങളിലേക്ക് മറ്റ്" എന്നതിനു ശേഷം "അർഹതപ്പെട്ട" എന്ന വാക്ക് കൂടി ചേർക്കുക.

295. ഖണ്ഡം 8 (സി)-ൽ "ഒരു പ്രഗൽഭനായ വ്യവസായി" എന്നതിനു പകരം "ഒരു പ്രഗൽഭനായ സംരംഭകൻ" എന്നാക്കി മാറ്റുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

268. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെ അഭാവത്തിൽ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്" എന്നതിന് പകരം "മേൽ പ്രസ്താവിച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ ഒരിടത്തും വനിതാ പ്രിൻസിപ്പാൾമാർ ഇല്ലാതെ വരുന്ന അവസരത്തിൽ മാത്രം ആ ഒഴിവിലേയ്ക്ക് മറ്റുള്ളവരെ പരിഗണിക്കേണ്ടതാണ്" എന്നു ചേർക്കുക.

299. ഖണ്ഡം 8 (ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (x) ഒഴിവാക്കുക.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

269. ഖണ്ഡം 8(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ, "മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരെ" എന്ന വാക്കുകൾക്ക് പകരം "പുരുഷന്മാരെ "എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികകളിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള വനിതയുടെയോ പട്ടികജാതികളിലോ പട്ടികവർഗ്ഗങ്ങളിലോ പെട്ടവരുടെയോ അഭാവത്തിൽ ആ വിഭാഗങ്ങൾക്കായി നീക്കിവച്ച സ്ഥാനങ്ങളിലേക്ക് മറ്റ് വിഭാഗത്തിലോ വിഭാഗങ്ങളിലോപെട്ടവരെ പരിഗണിക്കേണ്ടതാണ്" എന്നതിന് പകരം

"മേൽ പ്രസ്താവിച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ ഒരിടത്തും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടതോ വനിതയോ ആയ പ്രൊഫസർമാരുടെ പദവിയിൽ താഴെയല്ലാത്ത അദ്ധ്യാപകർ ഇല്ലാതെ വരുന്ന അവസരത്തിൽ മാത്രം അവർക്കായി നീക്കിവച്ച സ്ഥാനങ്ങളിലേക്ക് മറ്റുള്ളവരെ പരിഗണിക്കേണ്ടതാണ്" എന്നു ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

292. ഖണ്ഡം 8 (സി) ഒഴിവാക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

298. ഖണ്ഡം 8 (ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (ix)-ൽ, "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരു കൗൺസിൽ അംഗം" എന്നതിനു പകരം "അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി" എന്നു ചേർക്കുക.

എന്റെ 282-ാം നമ്പർ ഭേദഗതി ഉൾപ്പെടുത്താത്ത് എന്തുകൊണ്ടാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ : സമാനമായ ഭേദഗതി മൂവ് ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ : ശ്രീ. എം. ഉമ്മറിന്റെ ഭേദഗതിയുടെ അതേ സ്പിരിറ്റ് തന്നെയാണ് പ്രസ്തുത ഭേദഗതിക്കും. "ഒരാൾ പട്ടികജാതികളിലോ, പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടവരായിരിക്കേണ്ടതാണ്" എന്നതിനുശേഷം വരുന്ന വാക്കുകൾ ഒഴിവാക്കണം എന്നതാണ് എന്റെ ഭേദഗതി. എന്നാൽ ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് ആളില്ലെങ്കിൽ ജനറൽ വിഭാഗത്തിന് കൊടുക്കാമെന്നാണ് പറയുന്നത്, ജനറലിന് കൊടുക്കാമെന്ന ക്ലാസ് ഒഴിവാക്കിയാൽ അത് പട്ടികജാതിക്കാർക്ക് തന്നെ ലഭിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

300. ഖണ്ഡം 8 (ഡി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (x)-ൽ, "ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും" എന്നത് "ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയോ ഗവേഷണ വിദ്യാർത്ഥിയോ" എന്ന് മാറ്റുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

301. ഖണ്ഡം 8(ഡി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ഇനം (x)-ൽ

(i) "രണ്ട് വിദ്യാർത്ഥി" എന്നതിനുപകരം "മൂന്ന് വിദ്യാർത്ഥി" എന്ന് മാറ്റുക.

(ii)"ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും" എന്നതിനു പകരം "രണ്ട് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും" എന്നാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, "നിയന്ത്രണത്തിലുള്ള" എന്ന വാക്ക് വരുന്നിടത്തെല്ലാം "നിയന്ത്രിത" എന്ന വാക്ക് ചേർക്കണമെന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ കെ. എൻ.എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതിയും ഒരുപോലെയുള്ളതായതിനാൽ 258-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 262-ാം നമ്പർ ഭേദഗതിയും ശ്രീ മഞ്ഞളാംകുഴി അലിയുടെ 289-ാം നമ്പർ ഭേദഗതിയും ഓറൽ അമെന്റുമെന്റായി മൂവ് ചെയ്യുന്നു.

262 : ഖണ്ഡം 8 (എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31(2)ന്റെ ഇനം (iii)-ൽ,

"ഒരു " എന്നതിനു പകരം "ഓരോ " എന്നത് ചേർക്കുക.

289: ഖണ്ഡം 8 (ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 31 (2)-ന്റെ ഇനം (iv)-ൽ, "പട്ടികവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന വാക്കിനു പകരം "പട്ടികഗോത്രവർഗ്ഗങ്ങളിലോപെട്ടവരുടെയോ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 264, 272 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 274, 296 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതിയിൽ 'പ്രഗത്ഭനായ ഒരു വ്യവസായി' എന്നീ വാക്കുകൾക്ക് മുൻപ് 'ബിരുദധാരിയായ' എന്ന വാക്കുകൂടി ചേർക്കുന്നു. അപ്പോൾ 'ബിരുദധാരിയായ പ്രഗത്ഭനായ ഒരു വ്യവസായി' എന്നുവരും. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ: സർ, 266, 271, 284 എന്നീ നമ്പർ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 266, 271, 284 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
9. ശ്രീ. രമേശ് ചെന്നിത്തല
10. ശ്രീ. വി. പി. സജീന്ദ്രൻ
11. ശ്രീ. എൻ. ഷംസുദ്ദീൻ
12. ശ്രീ. പി. ടി. തോമസ്
13. ശ്രീ. പി. ഉബൈദുള്ള
14. ശ്രീ. എം. ഉമ്മർ
15. ശ്രീ. എം. വിൻസെന്റ്.

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. കെ. ബാബു
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. ഇ. ചന്ദ്രശേഖരൻ

6. ശ്രീ. കെ. ദാസൻ
7. ശ്രീ. ബി. ഡി. ദേവസ്സി
8. ശ്രീ. എൽദോ എബ്രഹാം
9. ശ്രീ. സി. കെ. ഹരീന്ദ്രൻ
10. ശ്രീ. ജെയിംസ് മാത്യു
11. ശ്രീ. ജി. എസ്. ജയലാൽ
12. ശ്രീ. ജോൺ ഫെർണാണ്ടസ്
13. ശ്രീ. ഒ. ആർ. കേളു
14. ശ്രീ. സി. കൃഷ്ണൻ
15. ശ്രീ. കെ. കൃഷ്ണൻകുട്ടി
16. ശ്രീ. എം. എം. മണി
17. ശ്രീ. മാത്യു ടി. തോമസ്
18. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
19. ശ്രീ. ഡി. കെ. മുരളി
20. ശ്രീ. എ. പ്രദീപ്കുമാർ
21. ശ്രീ. കെ. ഡി. പ്രസേനൻ
22. ശ്രീമതി യു. പ്രതിഭ ഹരി
23. ശ്രീ. പുരുഷൻ കടലുണ്ടി
24. ശ്രീ. പി. ടി. എ. റഹീം
25. ശ്രീ. എം. രാജഗോപാലൻ
26. ശ്രീ. എസ്. രാജേന്ദ്രൻ
27. ശ്രീ. ആർ. രാജേഷ്
28. ശ്രീ. റ്റി. വി. രാജേഷ്

29. ശ്രീ. ആർ. രാമചന്ദ്രൻ

30. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

31. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

32. പ്രൊഫ. സി. രവീന്ദ്രനാഥ്

33. ശ്രീ. കാരാട്ട് റസാഖ്

34. ശ്രീ. സി. കെ. ശശീന്ദ്രൻ

35. ശ്രീ. ഐ. ബി. സതീഷ്

36. ശ്രീ. എ. എൻ. ഷംസീർ

37. ശ്രീ. വി. എസ്. സുനിൽ കുമാർ

38. ശ്രീ. കെ. സുരേഷ് കുറുപ്പ്

39. ശ്രീ. എം. സ്വരാജ്

40. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

41. ശ്രീ. പി. തിലോത്തമൻ

42. ശ്രീ. പി. ഉണ്ണി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> :

അനുകൂലിക്കുന്നവർ - 15

പ്രതികൂലിക്കുന്നവർ - 42

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

266, 271, 284 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 261, 266,270, 271, 275, 276, 302, 284, 281 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 262, 289 എന്നീ നമ്പർ വാക്കാൽ ഭേദഗതികളും "നിയന്ത്രണത്തിലുള്ള" എന്ന വാക്ക് വരുന്നിടത്തെല്ലാം "നിയന്ത്രിത" എന്ന വാക്ക് ചേർക്കണമെന്ന വാക്കാൽ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 258, 274, 296 എന്നീ നമ്പർ ഭേദഗതികളും 293-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 264, 272 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 256, 259, 263, 278, 287, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 257, 280, 288, 291, 296 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 265, 290, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 268, 299 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 (1)-ൽ, "ഒരു ബോർഡ് ഓഫ് സ്റ്റഡീസ് വീതം" എന്നത് "ഓരോ ബോർഡ് ഓഫ് സ്റ്റഡീസ് വീതം" എന്ന് മാറ്റുക.

306. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 37(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1)സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന പ്രകാരം ഓരോ പഠന ശാഖയ്ക്കും ഓരോ ബോർഡ് ഓഫ് സ്റ്റഡീസ് വീതം ഉണ്ടായിരിക്കേണ്ടതാണ്" എന്നാക്കി മാറ്റുക.

309. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(2)-ൽ, "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനു പകരം "നിശ്ചയിക്കുന്ന" എന്നു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 (1)-ൽ, "വീതം" എന്ന വാക്ക് ഒഴിവാക്കുക.

318. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "ഒരാൾ ചെയർമാനായി ഒരു ധനകാര്യസമിതി ഉണ്ടായിരിക്കുന്നതാണ്" എന്നതിനു പകരം "ഒരാൾ ചെയർമാനായി മൂന്ന് അംഗങ്ങളാൽ അധികരിക്കാത്ത ഒരു ധനകാര്യ സമിതി ഉണ്ടായിരിക്കേണ്ടതാണ് " എന്നു ചേർക്കുക.

331. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(1)-ൽ, "ഒരു ആസൂത്രണ സമിതി, ഉണ്ടായിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം"5 അംഗങ്ങളിൽ അധികരിക്കാത്ത ആസൂത്രണ സമിതി ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

333. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(2)(i)-ൽ, "സംബന്ധിച്ച്" എന്ന വാക്കിനു ശേഷം " ഓരോ" എന്ന വാക്ക് ചേർക്കുക.

346. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(1)-ൽ, "വിദ്യാർത്ഥി കൗൺസിൽ" എന്നത് "സ്റ്റുഡന്റ്സ് കൗൺസിൽ" എന്നു മാറ്റുക.

347. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 സി(2)-ൽ, "വിദ്യാർത്ഥി കൗൺസിലിന്റെ" എന്നതിന് പകരം "സ്റ്റുഡന്റ്സ് കൗൺസിലിന്റെ" എന്ന് ചേർക്കുക.

സർ, 318-ാം നമ്പർ ഭേദഗതിയിൽ പറയുന്ന പ്രകാരം മാറ്റം വരുത്തിയാൽ മാത്രമേ അത് ഒരു സമിതി ആകുകയുള്ളൂ, ഏകാംഗമായാൽ അത് സമിതി എന്ന് പറയാൻ കഴിയില്ല.

331-ാം നമ്പർ ഭേദഗതിയിൽ ആസൂത്രണ സമിതിയെക്കുറിച്ചാണ് പറയുന്നത്. ഒരാസൂത്രണസമിതി ഉണ്ടായിരിക്കേണ്ടതാണ് എന്നതിന് പകരം 5 അംഗങ്ങളിൽ അധികരിക്കാത്ത ഒരു ആസൂത്രണ സമിതി എന്നാക്കണം എന്ന ഭേദഗതി കൂടി ഞാൻ പ്രത്യേകം എടുത്തു പറയുകയാണ്.

346, 347 എന്നീ ഭേദഗതികളിൽ 'വിദ്യാർത്ഥി കൗൺസിൽ' എന്നത് ബഹുമാനപ്പെട്ട മന്ത്രി നേരത്തേ അംഗീകരിച്ച് 'സ്റ്റുഡന്റ്സ് കൗൺസിൽ' എന്ന് ഭേദഗതി വരുത്തിയതിനാലും തത്തുല്യമായതിനാലും 346 and 347 may be accepted.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(2)-ൽ, "ബോർഡ് ഓഫ് സ്റ്റഡീസിന്റെ" എന്ന വാക്കുകൾക്ക് മുൻപായി "ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന വാക്കുകൾ ചേർക്കുക.

316. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "നിയോഗിക്കുന്ന" എന്ന വാക്കിനു പകരം "നിയമിക്കുന്ന" എന്ന വാക്ക് ചേർക്കുക.

317. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "നിശ്ചിത" എന്ന വാക്കിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

319. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "ചെയർമാനായി" എന്നതിനുപകരം "ചെയർ പേഴ്സണായി" എന്ന് ചേർക്കുക.

327. ഖണ്ഡം 9 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് വകുപ്പ് 37 ബി (1)-ൽ, " ആവശ്യമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ സിൻഡിക്കേറ്റിനെയും അക്കാദമിക കൗൺസിലിനെയും ഉപദേശിക്കുന്ന തിനായി "എന്ന വാക്കുകൾക്ക് പകരം സിൻഡിക്കേറ്റിനും അക്കാദമിക കൗൺസിലിനും ഉപദേശം നൽകുന്നതിനായി" എന്ന വാക്കുകൾ ചേർക്കുക.

335. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(2)(i)-ൽ, "അഞ്ച് വർഷത്തേയ്ക്കുള്ള " എന്ന വാക്കുകൾ ഒഴിവാക്കുക.

340. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(2)(iv) ഒഴിവാക്കുക.

343. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(3)-ൽ, "ചുമതലകളും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. എൻ. എ. ഖാദറിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

315. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 എ(1)-ൽ, "പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി" എന്ന വാക്കുകൾക്കു പകരം "കാര്യത്തിനും ഉപദേശം നൽകുന്നതിനും മേൽനോട്ട ചുമതല വഹിക്കുന്നതിനുമായി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് വകുപ്പ് 37 ബി (1)-ൽ, "സിൻഡിക്കേറ്റ് നിയോഗിക്കുന്ന ഒരാൾ ചെയർമാനായി ഒരു ആസൂത്രണ സമിതി ഉണ്ടായിരിക്കേണ്ടതാണ് "എന്നതിന് പകരം "അക്കാദമിക കൗൺസിൽ അംഗങ്ങൾ ഉൾപ്പെട്ട ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37(2)-ൽ, "അധികാരങ്ങളും" എന്ന വാക്കിനുശേഷം "ചുമതലകളും" എന്ന് ചേർക്കുക.

326. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(1)-ൽ, "ആവശ്യമെന്ന് കരുതുന്ന ഏതെങ്കിലും കാര്യങ്ങളിൽ" എന്ന വാക്കുകൾ ഒഴിവാക്കുക.

337. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 37 ബി(2)(ii)-ൽ, "അഭിലഷണീയമായ മാർഗ്ഗങ്ങളുടെ" എന്ന വാക്കുകൾ ഒഴിവാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 305, 347 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. കൂടാതെ, അദ്ദേഹം അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതിയിൽ പ്രസ്തുത വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലും "സ്റ്റുഡന്റ്സ് കൗൺസിൽ" എന്ന് ചേർക്കുക എന്ന വാക്കാൽ ഭേദഗതിയോടെ സ്വീകരിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദറിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 308, 326, 337 എന്നീ വാക്കാൽ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 305, 346, 347 എന്നീ ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദറിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 303, 306, 309 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 318, 331, 333 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 307, 316, 319, 327, 335, 340, 343 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല.)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്ന വാക്കുകൾക്കു പകരം "ഇനിപറയും പ്രകാരമുള്ള" എന്നു ചേർക്കുക.

114. പീഠികയിൽ "ആവശ്യങ്ങൾക്കായി " എന്നതിനുശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കുക.

118. തത്വപ്രഖ്യാപനവാക്യത്തിലെ "സംവത്സരത്തിൽ" എന്നത് "സംവൽസരത്തിൽ" എന്ന് ചേർക്കുക.

119. ഖണ്ഡം 1(1)-ൽ "സർവ്വകലാശാല (ഭേദഗതി) ആക്റ്റ് " എന്നതിന് പകരം "സർവ്വകലാശാല (ഭേദഗതി) നിയമം " എന്ന് ചേർക്കുക.

122. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിന് ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. പീഠികയിൽ "ഇതിനു ശേഷം കാണുന്ന" എന്ന വാക്കുകൾക്കു പകരം "ഇതിനുശേഷം പ്രതിപാദിക്കുന്ന" എന്നു ചേർക്കുക.

117. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിനു പകരം "ഉചിതമായതിനാൽ" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക :

"ഈ നിയമത്തിന് 2018- ലെ എ. പി. ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) നിയമം എന്ന് പേര് പറയാം".

124. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക :

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് ".

ശ്രീ. എം വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

128. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക :

"(2) ഇത് 2018 ജൂലൈ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്."

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 112, 114, 118, 119, 122 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 113, 117 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 120, 124 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 128-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഗവൺമെന്റ് സാങ്കേതിക രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാൻ വേണ്ടിയാണ് മഹാനായ എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിൽ ഒരു സാങ്കേതികശാസ്ത്ര യൂണിവേഴ്സിറ്റി 2015-ൽ കൊണ്ടുവന്നത്. ഇതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ കൂടുതൽ ഉന്നത നിലവാരം പുലർത്തുന്ന നിലയിലുള്ള കോഴ്സുകളുണ്ടാകണം. അതോടൊപ്പം എഞ്ചിനീയറിംഗ് കോളേജുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കണം. കേരളത്തിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റി ഇതാണ്. നൂറുകണക്കിന് എഞ്ചിനീയറിംഗ് കോളേജുകളടക്കം ഉള്ളവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ഒരു യൂണിവേഴ്സിറ്റിയാണിത്. ഇപ്പോൾ അതിന്റെ പ്രായോഗികമായ നടത്തിപ്പിലുണ്ടായിട്ടുള്ള ചില പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഇവിടെ ബോർഡ് ഓഫ് സ്റ്റഡീസും അതോടൊപ്പംതന്നെ ഫിനാൻഷ്യൽ കമ്മിറ്റിയും പ്ലാനിംഗ് കമ്മിറ്റിയും സ്റ്റുഡന്റ്സ് കൗൺസിലുമെല്ലാം അമെന്റ്മെന്റിലൂടെ കൊണ്ടുവന്നിരിക്കുന്നത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ചുവടുപിടിച്ചുകൊണ്ടുതന്നെയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ഏറ്റവും മികച്ച, സെന്റർ ഓഫ് എക്സലൻസായി ഇതിനെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങളാണ് വേണ്ടത്. ലോകത്തുതന്നെ ടെക്നോളജിക്കൽ റെവല്യൂഷൻ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. അത് നമ്മുടെ

കുട്ടികൾക്കുകൂടി എത്തിക്കാൻ വേണ്ടിയുള്ള സീരിയസായ എക്സർസൈസാണ് ഈ യൂണിവേഴ്സിറ്റിയിലൂടെ ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇതിൽ നിയമിക്കപ്പെടുന്ന ആളുകൾ ആരാണെങ്കിലും അവർക്ക് ഉന്നതമായ അക്കാദമിക് നിലവാരമുണ്ടാകണം. സർവ്വകലാശാല ഒരു സെന്റർ ഓഫ് എക്സലൻസ് ആയി മാറണം. ലോകത്തുള്ള സർവ്വകലാശാലകളുമായി കോംപീറ്റ് ചെയ്യാൻ കഴിയത്തക്ക നിലയിലുള്ള ദീർഘദൃഷ്ടിയോടുകൂടിയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണമെന്നാണ് പറയാനുള്ളത്. തീർച്ചയായും ഈ നിയമത്തെ എതിർക്കേണ്ടതായി യാതൊന്നുമില്ല. പ്രായോഗികമായ ചില വിഷമതകൾ മാറ്റാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണ്. ഈ നിയമത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.13-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2022